
# ആശ്രമപുഷ്പം



# ആശ്രമപുണ്യം

St. Antony's Monastery
Alwaye, Travancore,
S. India.

യോഹന്നാൻക്രൂസ് പുണ്യവാൻെറ
Holyness in the Cloister
എന്ന പ്രബന്ധത്തിൻെറ
വ്യാഖ്യാനം

DHARMARAM COLLEGE LIBRARY BANGALORE-29

പ്രസാധകൻ:
ഫാദർ മാത്യു വടക്കേൽ

ACHARYA PALACKAL JEEVASS KENDRAM LIBRARY
15623

(പകർപ്പവകാശം പ്രസാധകന്)

രണ്ടാം പതിപ്പ് കോപ്പി 1000.
1958

★

വില. 2 രൂ. 25 ന. പ.

Printed at the Mar Thoma Sleeha Press, Alwaye.

m/255.07
02

RE-IMPRIMATUR

✝ Sebastian Vayalil,
*Bishop of Palai.*

*Palai,*
8—5—'58.

# പ്രസ്താവന.

"ആശ്രമപുണ്യം" — ഇതിൻെറ കൈയെഴുത്തുപ്രതി 1948-ൽ എൻെറ പക്കൽ വന്നുചേൎന്നതാണു്. സുഭഗസ്മരണാർഹനും പ്രഗത്ഭമതിയും കേരളത്തിലേ ആരാധനസഭയുടെ പോഷകനുമായിരുന്ന കാളാശ്ശേരിൽ മാർ ജെയിംസ് മെത്രാൻ തിരുമനസ്സുകൊണ്ടു് "ഉടനെ അടിപ്പിക്കണം" എന്ന നിർദ്ദേശത്തോടെ "അശ്രമപുണ്യം'' എന്ന പേരും നല്കി ആരാധന സഭക്കാരെത്തന്നെ ഏല്പിച്ചതായിരുന്നു ആ പ്രതി. വി. യോഹന്നാൻക്രൂസിൻെറ Holyness in the Cloister എന്ന ചെറുപ്രബന്ധത്തിൻെറ ഒരു വ്യാഖ്യാനമാണു് ഇതിൻെറ മൂലം. ആരാധനസഭയിൽത്തന്നെ ഇതിനു് ഒന്നിലധികം തൎജ്ജിമകറം ഉണ്ടായിട്ടുണ്ടെന്നാണു് എൻെറ അറിവു്.

പുസ്തകം അടിച്ചു പ്രസിദ്ധംചെയ്യുന്നതിനുള്ള ചുമതല ഞാൻ ഏറെറടുത്തതിനുശേഷം മൂലവുമായി ഒത്തുനോക്കിയപ്പോറം ചിലേടങ്ങളിൽ അല്പസ്വല്പമായ ആശയക്കുഴപ്പങ്ങറം കണ്ടതിനാൽ ആദ്യന്തം ഒത്തുനോക്കേണ്ടതായി വന്നു. ഇതിനു വേണ്ടിവന്ന കാലദൈർഘ്യമാണു് പുസ്തകം പുറത്തുവരാൻ ഇത്രനാറം താമസിക്കേണ്ടിവന്നതിൻെറ പ്രധാന കാരണം. അവിടവിടെ ചില മിനുക്കുപണികളെല്ലാം കഴിഞ്ഞപ്പോറം മുഴുവനും മാറിയെഴുതേണ്ടതായി വന്നു. ഈ ജോലി സസന്തോഷം നിൎവ്വഹിച്ചതു വടകരമഠത്തിലേ കന്യാസ്ത്രീകളാണെന്നുള്ള വസ്തുത കൃതജ്ഞതാപൂൎവ്വം അനുസ്മരിച്ചുകൊള്ളുന്നു. അലകും പിടിയും പഴയപടി അഭംഗം ഇരിക്കുന്നതുകൊണ്ടു്, തൎജ്ജിമ എത്ര ഭംഗിയായിട്ടുണ്ടെന്നു് അനുവാചകന്മാൎക്കു സുതരാം മനസ്സിലാക്കാൻ കഴിയുമല്ലോ. വിവൎത്തകൎക്കു് എൻെറ അകമഴിഞ്ഞ അനുമോദനങ്ങറം.

എൻെറ അപേക്ഷപ്രകാരം പ്രൗഢമായ ഒരവതാരിക കൊണ്ടു് ഈ പുസ്തകത്തെ അലങ്കരിച്ചനുഗ്രഹിച്ച പ്രത്യുൽപന്ന മതി മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലേ നേക്കു് എനിക്കുള്ള കൃതജ്ഞതയെ സവിനയം ഇവിടെ രേഖപ്പെടുത്തി ക്കൊള്ളുന്നു. ശിശുവായ പാലാരൂപതയുടെ ഭരണസാരഥ്യം കൈയേററു് പരസഹസ്രം ജോലിത്തിരക്കിൽപ്പെട്ടിരിക്കുന്ന ആ തിരുമേനി ഇതിനൊരവതാരിക എഴുതുവാൻ സമയം കണ്ടതു് അദ്ദേഹത്തിൻെറ സൽകർമ്മസഹകരണ പ്രവണത കൊണ്ടു മാത്രമാണെന്നേ ഞാൻ വിചാരിക്കുന്നുള്ളു. അവിടുന്നു ദീർഘായുഷ്മാനായി പാലാരൂപതയെ മുന്നോട്ടു നയിക്കട്ടേ.

ഏതു സൽകാര്യത്തിനും താങ്ങും തണലുമായിനിന്നു് ഈ സെമ്മിനാരിവിദ്യാർത്ഥികളുടെ നാനാമുഖങ്ങളായ അഭിവൃ ദ്ധിയെ പുരോഗമിപ്പിക്കുന്ന പുണ്യചരിതനും എൻെറ അഭി വന്ദ്യഗുരുഭൂതനും, പണ്ഡിതവരേണ്യനുമായ ബ. സഖറിയാസ ച്ചൻ, പ്രോജ്ജ്വലമായ ഒരഭിപ്രായത്താൽ എനിക്കു പ്രോത്സാ ഹനം നല്കിയതിനു് അദ്ദേഹത്തോടു് എനിക്കുള്ള കടപ്പാടു് അവാച്യമാണു്. അദ്ദേഹത്തിനു് എൻെറ സ്നേഹമസൃണമായ കൂപ്പുകൈയ്.

ഏതാണ്ടു രണ്ടു വ്യാഴവട്ടക്കാലത്തെ രൂപതാഭരണം കൊണ്ടു ഭാരതപ്രശസ്തനും കേരളീയകത്തോലിക്കാസഭയുടെ അഭിമാനത്തിടമ്പുമായി വിരാജിച്ചശേഷം മൺമറഞ്ഞ പുണ്യ ശ്ലോകനും, എൻെറ സതീർത്ഥ്യനുമായ മാർ ജെയിംസ് കാളാ ശ്ശേരി തിരുമനസ്സിലേ സ്മരണയ്ക്കായി ഈ ഗ്രന്ഥത്തെ അദ്ദേഹ ത്തിൻെറ പാവനചേവടികളിൽ സാദരം സമർപ്പിച്ചുകൊ ള്ളുന്നു.

മംഗലപ്പുഴ സെമ്മിനാരി,
ആലുവാ, 12-7-'53.

പ്രസാധകൻ.

# അവതാരിക.

തിരുസ്സഭാമാതാവിൻെറ വത്സലതനയരുടെ ഗണത്തിൽ മുന്നണിയിൽ നില്ക്കുന്നവരാണു് ബനദിക്തോസ്, ബർണാർദ്, ഡോമിനിക്കു്, ഫ്രാൻസിസ് അസ്സീസ്സി, തോമസ് അക്വിനാസു്, അമ്മ ത്രേസ്യാ, ജോൺ ഓഫ് ദി ക്രോസ്സ്, ഇഗ്നേഷ്യസ് ലയോള, ഡോൺബോസ്കോ തുടങ്ങിയ മഹാസിദ്ധന്മാർ. ഇവർ പുണ്യപൂർണ്ണതയുടെ ഉത്തുംഗശൃംഗത്തെ കീഴടക്കിയതു സന്യാസജീവിതം കൈവരിച്ചുകൊണ്ടാണു്. ആശ്രമജീവിതം സ്വീകരിച്ചുകൊണ്ടു്, സുകൃത സുരഭിലമെങ്കിലും ക്ലേശാവഹമായ പാതയിലൂടെ ദൃഢവ്രതരായി അവർ യാത്ര ചെയ്തു. താഴ്ചകളും വീഴ്ചകളും അവക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. പ്രതിഷേധങ്ങളും വിഘ്നങ്ങളും ആക്രമണങ്ങളും അവരെ അഭിമുഖീകരിച്ചിട്ടുണ്ടു്. പരാജയങ്ങളും ദുരിതങ്ങളും അവരെ ഗ്രസിച്ചിട്ടുണ്ടു്. എങ്കിലും അവർ തങ്ങളുടെ ഉന്നതലക്ഷ്യത്തെ ഉപേക്ഷിച്ചില്ല; അപഥസഞ്ചാരം ചെയ്തില്ല; ഒടുവിൽ അവർ വിജയിക്കതന്നെ ചെയ്തു. വിസ്മയാവഹമായ ഒരു ചരിത്രമാണു് അവക്കുള്ളതു്. അവർ നടന്ന വഴിയിലേക്കു് പലരും ഇറങ്ങിയിട്ടുണ്ടു്, ഇറങ്ങുന്നുമുണ്ടു്; ആ മഹാരഥന്മാരുടെ ആശകളും ചിന്തകളും മാർഗ്ഗങ്ങളും അനുഭവങ്ങളും ഇന്നുള്ളവരും ഗ്രഹിക്കുന്നതു രസാവഹവും പ്രയോജനകരവുമായിരിക്കുമല്ലോ. "ആശ്രമപുണ്യം" എന്ന ഗ്രന്ഥംകൊണ്ടു് താദൃശമായ ഒരു പ്രയോജനമാണു് പ്രതീക്ഷിക്കുന്നതു്. കർമ്മലസഭയുടെ ഉജ്വലതാരങ്ങളായി പ്രശോഭിച്ചിരുന്നവരാണു് അമ്മ ത്രേസ്യാപുണ്യവതിയും യോഹന്നാൻക്രൂസ് പുണ്യവാനും. ഇവർ പുണ്യപൂർണ്ണതയാകുന്ന ഉന്നതകൊടുമുടിയിലേക്കു് ദുർഗ്ഗമമായ തൃഷ്ണയോടുകൂടി കയറിയവരാണു്. ഉദ്ദിഷ്ടസ്ഥാനം പ്രാപിച്ചു് അവർ വിരാജിക്കുന്നു. അവരുടെ ആദർശങ്ങളും മാർഗ്ഗങ്ങളും ഇന്നത്തെ തലമുറയ്ക്കും ആദ

രണീയങ്ങളാണെന്നുള്ളതിൽ സംശയമില്ല. പുണ്യപദകാംക്ഷി കളായ ഏവക്കും, സന്യാസസഭാംഗങ്ങൾക്ക് പ്രത്യേകിച്ചും, ഈ വിശുദ്ധരുടെ ആദശ്ങ്ങളും കമ്മപരിപാടികളും മാഗ്ഗനി ദ്ദേശങ്ങളും ബഹുധാ പ്രയോജനകരങ്ങളായിരിക്കും. ഇവ യെല്ലാം ഭംഗിയായി ക്രോഡീകരിച്ചു പ്രതിപാദിക്കുന്ന "ആശ്ര മപുണ്യം" അത്യന്തം അഭിനന്ദനീയമായ ഒരു കൃതിയാണെന്നു പ്രസ്താവിക്കുവാൻ ഞാൻ മടിക്കുന്നില്ല.

ഇതിൻെറ വിവത്തക ആരാധനമഠത്തിലെ ഒരു സന്യാ സിനിയാണ്. പ്രസാധകനാകട്ടെ അഭിവന്ദ്യനായ ഫാദർ മാത്യു വടക്കേൽ അവർകളും. അനേകശതം വൈദികരുടെ ഗുരുവരനായ അദ്ദേഹം വൈദികമണ്ഡലത്തിൽ സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. ഗൗരവാവഹമായ തൻെറ കൃത്യ നിവ്വഹണത്തിനിടയിൽ സംഗീതസാഹിത്യാദിസുകുമാരകല കളെ പോഷിപ്പിക്കുന്നതിനു് അദ്ദേഹം നിരന്തരമായ യത്നം ചെയ്തുകൊണ്ടിരിക്കയാണ്. ഏതന്നിമിത്തം സഹൃദയലോക ത്തിൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു് അദ്ദേഹം പാത്രീഭൂതന മായിട്ടുണ്ടു്. "ആശ്രമപുണ്യം'' എന്ന ഈ കൃതിമൂലം സന്യാസി നീസന്യാസികളുടേയും എന്നുവേണ്ട സുകൃതാഭ്യസനത്തിൽ ഉത്സുകരായ എല്ലാവരുടേയും കൃതജ്ഞതയ്ക്കു് അദ്ദേഹം അർഹ നായിത്തീന്നിരിക്കുന്നു. അക്ലിഷ്ടമനോഹരമായ ഭാഷയിൽ അത്യുൽകൃഷ്ടങ്ങളായ ആദ്ധ്യാത്മികതത്വങ്ങളെ പ്രപഞ്ചനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥംവഴി ഫാദർ മാത്യു വടക്കേൽ അവർകൾ ഭാഷാപോഷണവും സന്മാഗ്ഗപോഷണവും ഒരുമിച്ചു നിവ്വഹിച്ചിരിക്കുന്നു.

എൻെറ അഭിവന്ദ്യ ഗുരുഭൂതനെ അകമഴിഞ്ഞു് അഭിന ന്ദിക്കുന്നതിനോടൊപ്പം അദ്ദേഹത്തിൻെറ ബൃഹത്തും മഹത്തു മായ "ആശ്രമപുണ്യ"ത്തെ മഹാജനസമക്ഷം സസന്തോഷം അവതരിപ്പിക്കയും ചെയ്യുന്നു.

മെത്രാസനമന്ദിരം, പാലാ,
29—6—1953.

✝ Sebastian Vayalil,
Bishop of Palai.

# അഭിപ്രായം

"നല്ല ജനങ്ങളേയും നല്ല സന്യാസികളേയുംകൊണ്ടു തൃപ്തിപ്പെടുന്ന ഒരു കാലത്തല്ല നാം ജീവിക്കുന്നതു്. ഇന്നത്തെ ദുരവസ്ഥയിൽനിന്നു ലോകത്തെ ഉദ്ധരിക്കുവാൻ പര്യാപ്തരായ പുണ്യജനങ്ങളെയാണു ലോകം അത്യാകാംക്ഷയോടെ നോക്കിപ്പാർത്തിരിക്കുന്നതു്. ആകയാൽ, ഇന്നു് ഏററം ആവശ്യകമായ ശാസ്ത്രവും പ്രയോഗികമായ കലയും, പുണ്യവാന്മാരെ കരുപ്പിടിക്കുന്ന ശാസ്ത്രവും കലയുമാണു്" എന്നത്രേ അൻേറായിനൊ മാർട്ടെൽ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

"ആശ്രമപുണ്യം" എന്ന ഈ പുസ്തകത്തിൻെറ ഏകോദ്ദേശ്യവും ലക്ഷ്യവും പുണ്യവാന്മാരാകുവാൻ ജനാവലിയെ പൊതുവായും സന്യാസിനീസന്യാസികളെ പ്രത്യേകിച്ചും ഈ വിശിഷ്ടശാസ്ത്രം പഠിപ്പിക്കുക എന്നതാണു്. ആദ്ധ്യാത്മികജീവിതത്തിൻെറ ഉത്തമാധ്യാപകനായ വി. യോഹന്നാൻക്രൂസുതന്നെയാണു് ഇതിൻെറ മൂലകർത്താവു്. ലോകത്തെ ഏററം ഹ്രസ്വവും എന്നാൽ സുനിശ്ചിതവുമായവിധം പുണ്യമാർഗ്ഗത്തിൽ നയിക്കുന്നതിനു കാരുണ്യവാനായ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ഒരു മഹാവിശുദ്ധനായിട്ടാണു തിരുസ്സഭ ഇദ്ദേഹത്തെ പരിഗണിക്കുന്നതു്.

പുണ്യസമ്പാദനമാർഗ്ഗങ്ങൾ ആകർഷകവും സുസ്പഷ്ടവുമായ വിധത്തിൽ ഈ ദിവ്യശാസ്ത്രകോവിദൻ നമുക്കു കാണിച്ചുതരുന്നതു കാരണത്താൽ പുണ്യസോപാനത്തിൽ കയറുവാൻ ആഗ്രഹിക്കുന്ന ആരും ഫലപ്രദമായിത്തന്നെ ഇതു പാരായണം ചെയ്യുമെന്നതിൽ സംശയത്തിനു വഴിയില്ല. എന്തുകൊണ്ടെന്നാൽ, ആദർശത്തെ മുൻനിറുത്തിമാത്രം എഴുതിയിട്ടുള്ള ഒന്നല്ല ഇതു്; പിന്നെയോ ഇതിലെ പ്രതിപാദ്യതത്വങ്ങൾ സ്വജീവിത

ത്തിൽ വി. യോഹന്നാൻക്രൂസ് അനുഷ്ഠിച്ചുതന്നെ കാണിച്ചു തന്നിട്ടുള്ളവയാണ്.

വിശുദ്ധൻെറ താഴെപ്പറയുന്ന പ്രബോധനം നമ്മുടെ സ്വകാര്യജീവിതത്തിലും സാമൂഹികജീവിതത്തിലും പ്രായോഗികമാക്കുമെങ്കിൽ നമ്മൾ കൂടുതൽ പരിപൂൎണ്ണർ മാത്രമല്ല ഒരു തരത്തിൽ പുണ്യവാന്മാർതന്നെ ആയിത്തീരും. വിശുദ്ധൻ പറയുന്നു: "എൻെറ നല്ല സ്നേഹിതന്മാരേ, ദൈവസാന്നിദ്ധ്യസ്മരണ സജീവമായി നിങ്ങൾക്കുണ്ടാകട്ടെ; മിശിഹാതമ്പുരാൻ നിങ്ങളുടെ സ്ഥാനത്തായിരുന്നാൽ ചെയ്യുമായിരുന്നതുപോലെ എല്ലാക്കാര്യങ്ങളും നിവ്വഹിക്കുവിൻ.'' അനേകം പുണ്യവാന്മാരെ വാൎത്തെടുത്ത ഒരു മൂശയാണിതു്.

ആകയാൽ ഇംഗ്ലീഷുഭാഷാഭിജ്ഞരല്ലാത്തവരെ ഉദ്ദേശിച്ചു Holyness in the Cloister എന്ന പുസ്തകത്തെ മലയാളത്തിലേയ്ക്കു വിവൎത്തനം ചെയ്തു് "ആശ്രമപുണ്യം'' എന്ന നാമധേയത്തിൽ പ്രസിദ്ധീകരിക്കുവാൻ നിശ്ചയിച്ചതു് സമഞ്ജസമായിട്ടുണ്ടു്. പുണ്യപദം പ്രാപിക്കുന്നതിനു് ഉപയുക്തങ്ങളായ മാൎഗ്ഗങ്ങൾ പലതും ഭംഗിയായി പ്രതിപാദിക്കുന്ന ഈ പുസ്തകം ഇത്ര ലളിതമനോഹരമായ ഭാഷയിൽ കൈരളീഭക്തന്മാൎക്കു പ്രദാനംചെയ്ത വിവൎത്തകയും പ്രസാധകനും എല്ലാ മലയാളികളുടേയും അകമഴിഞ്ഞ അനുമോദനം അർഹിക്കുന്നു. ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്ന വിശിഷ്ടതത്വങ്ങൾ അനുസരിച്ചു ജീവിച്ചു പുണ്യപൂൎണ്ണത പ്രാപിക്കുക എന്നതായിരിക്കും അനുവാചകന്മാൎക്കു പ്രസ്പഷ്ടമാക്കാവുന്ന ഏററം വലിയ അഭിനന്ദനം. ഇതിനു ദൈവം വായനക്കാരേയും ഇതിൻെറ പ്രണേതാക്കളേയും അനുഗ്രഹിക്കട്ടേ.

LIBRARY 15623

Alwaye Seminary,
11—6—'53

Fr. Zacharias C. D.

St. Antony's Monastery.
Alwaye, Travancore
S. India.

# ആശ്രമപുണ്യം

## അദ്ധ്യായം 1

### കമ്മലസഭ.

സുപ്രസിദ്ധരായ മാതാപിതാക്കളുടെ മക്കൾ:-

രോഗബാധിതരുടെമേൽ ഈശോയുടെ തിരുനാമം ഉച്ച രിച്ചുകൊണ്ടുമാത്രം വിശുദ്ധ പൗലോസ് പല വലിയ അത്ഭുത ങ്ങളും പ്രവർത്തിച്ചതായി അപ്പസ്തോലനടപടികളിൽ നാം വായി ക്കുന്നു. പല യഹൂദന്മാരും ആ അത്ഭുതങ്ങളെ അഭിനന്ദിച്ചു. മാത്രമല്ല, പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ ഞാൻ നിന്നോടാജ്ഞാപിക്കുന്നു, എന്നു പറഞ്ഞുകൊണ്ടു ദുഷ്ടാ രൂപികളെ ഓടിച്ച് പിശാചുബാധിതരെ സുഖമാക്കുന്നതിനു കൂടി അവർ ഉദ്യമിച്ചു. ഇപ്രകാരം ഈശോയുടെ നാമത്തിലും വി. പൗലോസിൻെറ അധികാരത്തിലും രോഗികളെ സുഖമാ ക്കുന്നതിനു ശ്രമിച്ചവരിൽ പ്രമുഖർ പ്രധാന പുരോഹിതനായ സ്കേവായുടെ ഏഴു മക്കളായിരുന്നു. അവർ ഒരു പാവപ്പെട്ട മനു ഷ്യനിൽനിന്നു പിശാചിനെ ഓടിക്കുവാൻ ശ്രമിച്ചു. എന്നാൽ ദുഷ്ടാരൂപിയാകട്ടെ "ക്രിസ്തുവിനെ ഞാൻ അറിയുന്നു. പൗലോ സിനേയും ഞാനറിയുന്നു, എന്നാൽ നിങ്ങളാരാകുന്നു"? എന്നു് അലറിക്കൊണ്ടു് അവരുടെമേൽ ചാടിവീണു് അവരെ മറി ച്ചിട്ടു. അങ്ങനെ അവർ നഗ്നന്മാരും മുറിവേററവരുമായി ആ വീട്ടിൽനിന്നു് ഓടിപ്പോയി. (നടപടി 19, 13-16. )

വേദപുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത സംഭവത്തെ വി. യോഹന്നാൻക്രൂസ് താഴെപ്പറയുംപ്രകാരം വ്യാഖ്യാനിക്കുന്നു. സ്ലേവായുടെ മക്കാംക്കു ഈ തോൽവി പിണഞ്ഞതു് അത്ഭുതപ്രവത്തനത്തിനു് അവശ്യംവേണ്ട യോഗ്യത അവക്കില്ലായ്കയാലാണു്. എന്തുകൊണ്ടെന്നാൽ ദൈവപ്രമാണങ്ങളെ യഥാവിധി അനുസരിക്കാതെ അതു പ്രസംഗിക്കയും, നന്മ ചെയ്യുവാൻ പരിശ്രമിക്കാതെ അതു മററുള്ളവക്കു് ഉപദേശിക്കയും ചെയ്യുന്നവരെ ദൈവം വെറുക്കുന്നു. അതിനാൽ വിശുദ്ധ പൗലോസു് പറയുന്നു, മററുള്ളവരെ പഠിപ്പിക്കുന്ന നീ നിന്നെത്തന്നേ പഠിപ്പിക്കുന്നില്ല. (Rom. XII. 21.)

ദാവീദു ദീർഘദശി വഴിയായി പാപിയോടു ദൈവം അരുളിച്ചെയ്യുന്നു, "നിയമത്തെ വെറുക്കുകയും എൻെറ വാക്കുകളെ അവഗണിക്കുകയും ചെയ്ത നീ എൻെറ നീതിയെ പ്രഖ്യാപനം ചെയ്യുകയും എൻെറ ഉടമ്പടിയെ ഉച്ചരിക്കുകയും ചെയ്യുന്നതെന്തിനു്?" (സങ്കി. 49-16, 17) അതിനാൽ ഒരുവൻെറ ചൈതന്യം നമ്മിലേക്കു പകത്തുന്നതിനു കഴിവുള്ള എല്ലാ യത്നവും ചെയ്യാതെ അവൻെറ അധികാരം മാത്രം പ്രയോഗിക്കുവാൻ ശ്രമിക്കുന്നതു നിഷിദ്ധവും ഉപദ്രവകരവുമത്രേ.

കമ്മലീത്താക്കാരായ നമുക്കു ന്യായമായി അഭിമാനിക്കാവുന്ന മഹത്തായ പല ബാഹ്യചിഹ്നങ്ങളും ഉണ്ടു്. നാം വിഖ്യാതമായ ഒരു സഭയുടെ അംഗങ്ങളാണു്. നമ്മുടെ സഭാസ്ഥാപകരും നവീകരണക്കാരുമായ വിശുദ്ധർ അതുല്യരത്രേ. അവരുടെ മഹത്വം ഉന്നതവും ഗുണഗണങ്ങൾ അവണ്ണ്യവുമാണു്. നമ്മുടെ ബാഹ്യബഹുമതികൾക്കനുരൂപമായി നമ്മുടെ അരൂപിയെ നിയന്ത്രിക്കുന്നതിനു നിരന്തരശ്രമം ചെയ്തുകൊണ്ടിരിക്കുവാൻ നമ്മുടെ സ്ഥാനമഹിമയും നിത്യരക്ഷപോലും നമ്മോടാവശ്യപ്പെടുന്നു. സ്ലേവായുടെ ഭാഗ്യഹീനരായ മക്കളെപ്പററി പറഞ്ഞിരിക്കുന്നതു നമ്മെ സംബന്ധിച്ചിടത്തോളം യഥാത്ഥമായി ഭവിച്ചാൽ അതു വാസ്തവത്തിൽ ആക്ഷേപാർഹമത്രേ. "നിങ്ങൾ പഠിപ്പിക്കുന്ന സുവിശേഷവും നിങ്ങൾ

ഉൾപ്പെട്ടിരിക്കുന്ന സന്യാസസഭയും ഞങ്ങൾ അറിയുന്നു; നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രത്തെ ഞങ്ങൾ ആദരിക്കുന്നു; ആരുടെ മക്കളെന്നു നിങ്ങൾ സ്വയം അഭിമാനിക്കുന്നുവോ ആ വിശുദ്ധരെ ഞങ്ങൾ വണങ്ങുന്നു. എന്നാൽ നിങ്ങളുടെ വസ്ത്രത്തേയും നിങ്ങളുടെ പേരു നിങ്ങൾക്കു പ്രദാനം ചെയ്ത സഭയേയും, ആരുടെ സന്താനങ്ങളും അനന്തരവരും അനുയായികളുമെന്നു നിങ്ങൾ സ്വയം പ്രശംസിക്കുന്നുവോ, ആ വിശുദ്ധരേയും ഒഴിച്ചാൽ നിങ്ങൾ ആരാണെന്നു ഞങ്ങൾ അറിയുന്നില്ല; നിങ്ങൾ അനുകരിക്കാത്ത ആ വിശുദ്ധരുടെ നാമത്തിൽ ഞങ്ങളോടു സംസാരിക്കുന്നതിനു നിങ്ങൾക്കുള്ള അധികാരത്തെ ഞങ്ങൾ മനസ്സിലാക്കുന്നുമില്ല."

മനുഷ്യർ ഇപ്രകാരം നമ്മെപ്പററി സംസാരിക്കുന്നു എന്നതല്ല ഏററവും പരിതാപകരം; ചിലപ്പോഴെല്ലാം അവർ നമ്മെപ്പററി നന്മയായി വിധിക്കുന്നു എന്നതു് ആശ്വാസദായകവുമല്ല. കാരണം താൽക്കാലികമായിട്ടെങ്കിലും മനുഷ്യരുടെ മതിപ്പു സമ്പാദിക്കുക എന്നതു വലിയ വിഷമമുള്ള കാര്യമല്ല. ഉപരിതലത്തെ ഭേദിച്ചു് ആഴത്തിലേക്കു കടക്കുവാൻ അപ്രാപ്തരായ ആളുകൾ ഇന്നും പേരും വസ്ത്രവും വളരെ കാര്യമായി മതിക്കുന്നുണ്ടു്. നമ്മുടെ ബാഹ്യനടപടികളെ ആസ്പദമാക്കി അവർ നമ്മെപ്പററിയുള്ള അഭിപ്രായം രൂപവൽക്കരിക്കുന്നു; തദനുസരണം അവർ നമ്മെ വിധിക്കുന്നു, ആ വിധിക്കനുസരണമായി അവർ നമ്മെ നന്ദിക്കുകയോ നിന്ദിക്കയോ ചെയ്യുന്നു. എന്നാൽ ബാഹ്യരൂപവും ഉടുപ്പും വ്രതവാഗ്ദാനവും സ്വതേ ദൈവസന്നിധിയിൽ അത്ര യോഗ്യതാർഹമല്ല. ദൈവത്തിൻെറ അനന്തജ്ഞാനം, മനുഷ്യദൃഷ്ടികൾപോലെ, നമ്മുടെ ബാഹ്യരൂപം മാത്രമല്ല ദർശിക്കുന്നതു്. പ്രത്യുത അതു നമ്മുടെ ആത്മാവിൻെറ അത്യഗാധത്തിലേക്കു കടക്കുന്നു. ആരിൽനിന്നു് ഒഴിഞ്ഞുമാറുവാൻ നാം പലപ്പോഴും നിഷ്ഫലമായി ആഗ്രഹിക്കുന്നുവോ ആ ആന്തരികമനുഷ്യനിലേക്കു് അതു ചുഴിഞ്ഞുകയറുന്നു. കാരണം ആ ആന്തരികമനുഷ്യൻ—മനസ്സാക്ഷി—നമ്മുടെ

എല്ലാ പ്രവൃത്തികളുടേയും ഉദ്ദേശങ്ങളുടേയും ഉല്പത്തിസ്ഥാനവും വിശ്വസ്തപങ്കാളിയുമാണ്. നമ്മുടെ ആത്മാവിൻെറ യഥാൎത്ഥ സ്ഥിതി നമ്മെ ഗ്രഹിപ്പിക്കുവാൻ അതിനു കഴിയും. അതിൻെറ സ്വരം ശ്രവിക്കുവാൻ നാം ആത്മാൎത്ഥമായി ശ്രമിക്കുമ്പോൾ ഈ കൃത്യം അതു നിൎവ്വഹിക്കുകയും ചെയ്യുന്നു.

തെററാണെന്നു് ഒരുവൻെറ മനസ്സാക്ഷി ഉൽബോധിപ്പിക്കാത്ത യാതൊരു സംഗതിയെക്കുറിച്ചും ദൈവം ഒരുവനെ കുററം വിധിക്കുകയില്ല. അതുപോലെതന്നെ അവൻെറ മനസ്സാക്ഷി അംഗീകരിക്കാത്ത യാതൊരു സൽപ്രവൃത്തിയേയും ദൈവം പ്രതിസമ്മാനിക്കുകയില്ല. അതിനാൽ അവൻെറ മനസ്സാക്ഷി അവനെ അറിയിക്കുന്നതുപോലെയായിരിക്കും ദൈവതൃക്കണ്ണുകളിൽ അവൻെറ ആത്മീയാവസ്ഥ. അതിനാൽ നാം എന്താണെന്നും നമ്മുടെ ആത്മീയാവസ്ഥ എങ്ങനെയിരിക്കുന്നു എന്നും അറിയുവാൻ, മററുള്ളവൎക്കു നമ്മെപ്പററിയുള്ള അഭിപ്രായമോ നമ്മുടെ ഉടുപ്പും വ്രതവാഗ്ദാനവും നമുക്കു പ്രദാനം ചെയ്യുന്ന ബാഹ്യരൂപമോ പരിഗണിക്കേണ്ട ആവശ്യമില്ല. പ്രത്യുത നമ്മുടെ മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ചാൽ മാത്രം മതി. കഠിന തപഃക്രിയകളനുഷ്ഠിക്കുന്ന ഒരു സഭയുടെ വസ്ത്രവും വിഖ്യാതമായ ഒരു സഭയുടെ പേരും അഖിലലോകവന്ദ്യരായ വിശുദ്ധരോടുള്ള ആത്മീയബന്ധവും നമ്മെ പ്രത്യേക ദൈവാനുഗ്രഹത്തിനും പുണ്യവാന്മാരുടെ സംരക്ഷണത്തിനും അർഹരാക്കിയെന്നു വരാം. എങ്കിലും നാം എന്താകുന്നു അഥവാ എന്താകുന്നില്ല എന്നു് അവസാന തീരുമാനം ചെയ്യുന്നതു് നമ്മുടെ മനസ്സാക്ഷിയാണു്.

ലൗകിക മനുഷ്യരെ അപേക്ഷിച്ച് സന്യാസികളായ നമ്മിൽനിന്നു ദൈവവും മനുഷ്യരും വളരെയധികം പ്രതീക്ഷിക്കുന്നുണ്ടു്. സുകൃതാഭ്യസനത്തിൽ തീരെ ശ്രദ്ധയില്ലാത്ത ആളുകളാണു സുകൃതജീവിതം നയിക്കുന്നു എന്നഭിമാനിക്കുന്ന നമ്മോടു തീരെ നിൎദ്ദയമായി വൎത്തിക്കുന്നതു്. വിശുദ്ധയായ നമ്മുടെ അമ്മ ത്രേസ്യാ ഇതിനെപ്പററി നമുക്കു മുന്നറിവു നല്കുന്നുണ്ടു്.

പ്രത്യേക ദൈവാനുഗ്രഹത്തിനു പാത്രീഭവിച്ച ആത്മാക്കളെപ്പററി സംസാരിക്കുകയിൽ പുണ്യവതി പറയുന്നു: "ആ ആത്മാവിനെ ആയിരം കണ്ണുകൾ നിരീക്ഷിക്കുന്നു; അതേസമയംതന്നെ മററനേകായിരം ആത്മാക്കളെ ആരും നിരീക്ഷിക്കുന്നുമില്ല. ഇപ്രകാരം മററുള്ളവരുടെ നിരീക്ഷണവിഷയമായിത്തീരാൻ ദൈവം അനുവദിക്കുന്ന ആത്മാവു്, ലോകത്തിനു് ഒരു രക്തസാക്ഷിയായിത്തീരാൻ തയ്യാറായിക്കൊള്ളണം. കാരണം അതു സ്വയം മരണം കൈവരിക്കുകയില്ലെങ്കിൽ ലോകം അതിനെ കൊല്ലും." നല്ലവരുടെ ഒരു നിസ്സാരതെററുപോലും ക്ഷമിക്കാതെ സദാ അവരെപ്പററി ആവലാതിപ്പെട്ടുകൊണ്ടു്, പരിപൂർണ്ണത പ്രാപിക്കുവാൻ അവരെ സഹായിക്കുന്നു; എന്നതല്ലാതെ ലോകത്തിൽ നന്മയായി ഞാൻ ഒന്നും കാണുന്നില്ല. ക്ഷണമാത്രമായ ഒരു രക്തസാക്ഷിത്വത്തിനു് ആവശ്യമുള്ളതിൽ കൂടുതൽ ധൈര്യം, പരിപൂർണ്ണത പ്രാപിച്ചിട്ടില്ലാത്ത ഒരു ആത്മാവിനു പരിപൂർണ്ണതാപഥത്തിലൂടെ നടക്കുവാൻ ആവശ്യമുണ്ടെന്നാണു് എൻെറ വിവക്ഷ. എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ ലബ്ധമാകുന്നില്ലെങ്കിൽ ഒരു നിമിഷംകൊണ്ടു സമ്പാദിക്കാവുന്ന ഒന്നല്ല പരിപൂർണ്ണത. എങ്കിലും പരിപൂർണ്ണതയുടെ മാർഗ്ഗത്തിലൂടെ നടക്കുവാൻ ആരംഭിച്ചാൽ അക്ഷണത്തിൽ പൂർണ്ണതയിൽ ആരെങ്കിലും എത്തിച്ചേരുവാൻ ലോകം അവരെ നിർബ്ബന്ധിക്കുന്നു. മാത്രമല്ല, ഒരു യഥാർത്ഥ സുകൃതത്തെ ആയിരം ദണ്ഡു് ദൂരെവച്ചുതന്നെ ലോകം അവരിൽ ഒരു തെററായി കണ്ടെത്തുകയും ചെയ്യും. തിന്മ കണ്ടുപിടിക്കുന്നവൻ തിന്മതന്നെ പ്രവർത്തിക്കുന്നെങ്കിലും മററുള്ളവരിൽ അതു വലിയ കുററമായി അവൻ ആരോപിക്കുകയത്രേ ചെയ്യുന്നതു്. കർമ്മലീത്താക്കാരായ നാം നമ്മുടെ സഭാവസ്ത്രത്തിലും നാം ആരുടെ മക്കളും പിൻഗാമികളുമെന്നഭിമാനിക്കുന്നുവോ ആ മഹാ വിശുദ്ധരിലും ന്യായമായി നമ്മാം അഭിമാനം കൊള്ളുന്നു. എന്നാൽ നാം ആശ്ലേഷിച്ചിരിക്കുന്ന ഈ സന്യാസാന്തസ്സിൽ നമ്മുടെ ആത്മാവിൻെറ യഥാർത്ഥസ്ഥിതി എന്താ

ണെന്നു മനസ്സാക്ഷിയാണ് നാം ഓരോരുത്തരേയും ഉൽബോധിപ്പിക്കുന്നതു്.

ഒരു മനുഷ്യൻ എന്ന നിലയിലോ ഒരു സാധാരണ കത്തോലിക്കൻ എന്ന നിലയിലോ എൻെറ മനസ്സാക്ഷി എന്നെ കുററപ്പെടുത്താതിരിക്കുന്നതുകൊണ്ടു മാത്രം ഞാൻ നീതീകരിക്കപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ദൈവശുശ്രൂഷയ്ക്കായി ഞാൻ ആത്മാപ്പണം ചെയ്ത സന്യാസസഭയുടെ ഒരു അംഗമെന്ന നിലയിലാണ്, ദൈവം എന്നെ വിധിക്കാനിരിക്കുന്നതു്. ഒരു സാമാന്യ ക്രിസ്ത്യാനിക്കു മതിയായവ സന്യാസിയായ എനിക്കു തീത്തും അപൂണ്ണമത്രേ. മറെറാരു സന്യാസസഭാംഗത്തിനു വളരെ യോജിച്ചവ എൻെറ സന്യാസസഭയുടെ അരൂപിക്കൊത്തപോലെ പരിപൂണ്ണതയ്ക്കായി ശ്രമിക്കുവാൻ കടപ്പെട്ടിരിക്കുന്ന എനിക്കു തീരെ അനുയോജ്യമല്ലായിരിക്കാം. പരിപൂണ്ണതയുടെ അന്ത്യമൊന്നായിരിക്കുന്നതുപോലെ തന്നെ വിശുദ്ധി അഥവാ പരിപൂണ്ണത അതിൽത്തന്നെ എപ്പോഴും ഒന്നുതന്നെ ആണെന്നുള്ളതു വാസ്തവമാണ്. ഒരു അദ്ധ്യാപകൻ തന്നെയാണു പരിപൂണ്ണത പ്രാപിക്കുന്നതിനുള്ള വിവിധ മാഗ്ഗങ്ങരം പഠിപ്പിച്ചതു്. ആ മാഗ്ഗങ്ങളെല്ലാം ഏകാന്തങ്ങളാണ്. മനുഷ്യപരിപൂണ്ണതയുടെ ഉത്തമാദശമായി പിതാവായ ദൈവത്തെ തന്നെയാണ് ഈശോ നമുക്കു കാണിച്ചുതരുന്നതു്. "സ്വഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂണ്ണരായിരിക്കുവിൻ." തൻെറ പിതാവിൻെറ ഭവനത്തിൽ പല മന്ദിരങ്ങരം ഉണ്ടെന്നുകൂടി അവിടുന്നു പറഞ്ഞിട്ടുണ്ട്. നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്ന പ്രത്യേക ജീവിതാവസ്ഥയിൽ വിശ്വസ്തരായി വ്യാപരിച്ച് അതിൽ ദൈവം നമുക്കു പ്രദാനം ചെയ്യുന്ന വിശേഷ കൃപാവരങ്ങളോടു സഹകരിച്ച്, ഈ ലോകത്തിൽ വച്ചു നാം പ്രാപിക്കേണ്ട പരിപൂണ്ണതയുടെ വിവിധ പദവികളെ — പലതരത്തിലുള്ള പരിപൂണ്ണതയെ—ആണ് ഈ മന്ദിരങ്ങരം സൂചിപ്പിക്കുന്നതു്.

വി. പൗലോസ് പറയുന്നതുപോലെ, ദൈവം നമ്മെ ഓരോരുത്തരേയും വിശുദ്ധ പദവിയിലേക്കു ക്ഷണിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ജീവിതാവസ്ഥയുടേയും നാം തിരഞ്ഞെടുത്തിരിക്കുന്ന സന്യാസസഭയുടേയും അരൂപിക്കനുസരണമായി നാം അതു പ്രാപിക്കണമെന്നാണ് അവിടുന്നാവശ്യപ്പെടുന്നത്. ഓരോ സഭാസ്ഥാപകന്മാരേയും നവീകരണക്കാരേയും പ്രത്യേകവിധം കൃപാവരങ്ങളാൽ ദൈവം സമ്പൂർണ്ണരാക്കിയിട്ടുണ്ട്. പല ആത്മാക്കളേയും നയിക്കുവാൻ അവർ നിയുക്തരായതുകൊണ്ടാണ് ഈ വിശേഷവരങ്ങൾ ദൈവം അവർക്കു പ്രദാനം ചെയ്തിട്ടുള്ളത്. അതിനാൽ ഓരോ സഭയിലേയും അംഗങ്ങളെ സംബന്ധിച്ചിടത്തോളം അതതു സഭയുടെ സ്ഥാപകരും നവീകരണക്കാരുമാണ് അവർക്ക് ഏററം പററിയ ആദർശങ്ങൾ. "എൻെറ സഹോദരന്മാരേ, നിങ്ങൾ എന്നോടു സദൃശരാകുവിൻ. ഞങ്ങളിൽ നിങ്ങൾ കാണുന്ന മാതൃകയനുസരിച്ചു നടക്കുന്നവരെ നിങ്ങൾ പരിശോധിച്ചറിയുവിൻ'' (ഫിലിപ്പാ-iii-17). വി. പൗലോസിൻെറ ഈ ഉപദേശംതന്നെയാണ്, തങ്ങളുടെ ജ്ഞാനമക്കൾക്ക് അവർ പ്രദാനം ചെയ്യുന്നത്. അതിനാൽ വിശുദ്ധ അമ്മ ത്രേസ്യാ ഇപ്രകാരം പറഞ്ഞിരുന്നു; "നാം ആരുടെ പിൻഗാമികളാണോ, നമ്മുടെ സഭാസ്ഥാപകന്മാരായ ആ വിശുദ്ധ പിതാക്കന്മാരെ നമുക്ക് അനുസ്മരിക്കാം. എളിമയുടേയും ദാരിദ്ര്യത്തിൻേറയും പാതയിലൂടെ നടന്നാണ് അവർ ദൈവദർശനം പ്രാപിച്ചത്. നമ്മുടെ നാഥയും സംരക്ഷകയുമായ കന്യകാമാതാവിൻെറ നിയമങ്ങളുടെ ഒരു പുനരുദ്ധാരണമാണിതെന്ന് നാം ഏററുപറയുന്നെങ്കിൽ—അതു നാം ചെയ്യുന്നുമുണ്ട്—നമ്മുടെ ജീവിതത്തെ അവരുടേതിനോടനുരൂപപ്പെടുത്തുന്നതിൽ അശ്രദ്ധരായി വർത്തിക്കുന്നു എന്ന അപരാധം ആ അമ്മയ്ക്കും നമ്മുടെ സഭാപിതാക്കന്മാർക്കും എതിരായി നമുക്കു പ്രവർത്തിക്കാതിരിക്കാം." വേറൊരിടത്ത് വിശുദ്ധ ഇപ്രകാരം പറയുന്നു:- സഭാനിയമങ്ങൾ കഠിനമായി ആർക്കെങ്കിലും തോന്നുന്നു എങ്കിൽ അതു നിയമങ്ങളുടെ കുററമല്ല,

പ്രത്യുത അവക്കു ശരിയായ അഭിരുചിയില്ലാഞ്ഞിട്ടാണെന്നു കരുതട്ടെ. എന്തുകൊണ്ടെന്നാൽ നല്ല ആരോഗ്യമില്ലാത്തവരും ബലഹീനരുമായ ആളുകൾപോലും അവയെ സസന്തോഷം അനുസരിക്കുന്നു. നിയമങ്ങൾ കഠിനമായി തോന്നുന്നവർ തങ്ങളുടെ അഭിരുചിയ്ക്കനുസരണമായി ആത്മരക്ഷ നേടാൻ സാധിക്കുന്ന മററു സഭകളിൽ പോകട്ടെ."

ഈ ആശയം വിശുദ്ധയുടെ മനസ്സിലും ഹൃദയത്തിലും ആഴമായി പതിഞ്ഞിരുന്നതിനാൽ തന്റെ സഭയെ നവീകരിച്ചുകൊണ്ടു സ്വഗ്ഗരാജ്ഞിയെ അവൾ പ്രത്യേകവിധം ബഹുമാനിച്ചു. അതിനാൽ ഒന്നാമതായി നവീകരിച്ച ആവിലായിലെ വി. യൗസേപ്പിന്റെ ആശ്രമത്തെപ്പററി പ്രസ്താവിക്കയിൽ പുണ്യവതി ഇപ്രകാരം പറയുന്നു: "ദൈവത്തിന്റേയും കന്യകയായ ദൈവമാതാവിന്റേയും മഹത്വത്തിനായി എല്ലാം ഉപകരിക്കുന്നതിനു ദൈവം കൃപചെയ്യട്ടേ. ആമ്മേൻ." വേറൊരിടത്തു് "തന്റെ അമ്മയുടെ സ്തുതിക്കായി ഞാൻ പ്രയത്നിച്ചതിനു പകരം ഈശോ എന്നെ വളരെ സ്നേഹപൂർവ്വം സ്വീകരിച്ചു് എന്റെ ശിരസ്സിൽ ഒരു കിരീടം ധരിപ്പിച്ചു് എനിക്കു നന്ദിപറഞ്ഞതായി ഞാൻ കണ്ടു" എന്നും വിശുദ്ധ പറഞ്ഞിരിക്കുന്നു. വീണ്ടും നാമേവരും പ്രാത്ഥനാനിരതരായിരിക്കയിൽ, നമ്മുടെ നാഥ വെള്ളവസ്ത്രം ധരിച്ചു മഹിമപ്രതാപത്തോടുകൂടി പ്രത്യക്ഷപ്പെട്ടു്, അവളുടെ വസ്ത്രംകൊണ്ടു് നാം ഏവരേയും മൂടുന്നതായി ഞാൻ കണ്ടു" എന്നും വിശുദ്ധ എഴുതിയിരിക്കുന്നു. ഇതുകൊണ്ടും തൃപ്തയാകാതെ മാതാവിന്റെ സഭയെ നവീകരിക്കുന്നതിൽ വിശുദ്ധ സഹിച്ച ബുദ്ധിമുട്ടുകൾക്കു പ്രതിഫലമായി അവൾക്കു ലഭിക്കുവാനിരിക്കുന്ന സമ്മാനം അവളെ ഗ്രഹിപ്പിക്കുന്നതിനു കത്താവു് അവൾക്കു പ്രത്യക്ഷനായി താഴെ വരുന്ന ആശ്വാസവചനങ്ങൾ അരുളിച്ചെയ്യുകയുണ്ടായി: "അദ്ധ്വാനിക്കുക. ഞാൻ നിന്നെ എപ്രകാരം സഹായിക്കുന്നു എന്നു നീ കാണുന്നുവല്ലോ. ഈ മുടി നീ കരസ്ഥമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിന്റെ ജീവിതകാലത്തുതന്നെ എന്റെ മാതാ

വിൻെറ സഭ വളരെ അഭിവൃദ്ധി പ്രാപിക്കുന്നതു കാണുവാനുള്ള ഭാഗ്യം നിനക്കു സിദ്ധിക്കും.'' കർമ്മലസഭാംഗങ്ങളെല്ലാവരും മാതാവിൻെറ സഭയിൽ ഉൾപ്പെട്ടവരാണ് എന്നു് ഇതിൽ നിന്നു വിശദമാകുന്നുണ്ടല്ലോ. ആകയാൽ ആ അമ്മയുടെ മക്കൾക്കു യോജിച്ചവിധം നാം ജീവിക്കുകയും ചെയ്യണം.

ആരുടെ സഭയിൽ താൻ സ്വമനസ്സാലെ അംഗമായി ചേർന്നിരിക്കുന്നുവോ ആ വിശുദ്ധൻെറ അരൂപിക്കും പഠനത്തിനും അനുസൃതമായി തൻെറ വികാരങ്ങളേയും പ്രവൃത്തികളേയും നിയന്ത്രിക്കുവാൻ നിരന്തരയത്നം ചെയ്യുന്നതിലാണ്, ഒരു സന്യാസിയുടെ മഹത്വവും നിത്യരക്ഷയുടെ ഭദ്രതതന്നെയും, അടങ്ങിയിരിക്കുന്നതു്. ഒരുവനു തൻെറ സഭാസ്ഥാപകന്മാരുടെ പഠനങ്ങളോടു മതിപ്പും സ്നേഹവും ഇല്ലാതിരുന്നിട്ടും അയാളുടെ ദൈവവിളി നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ അതു നഷ്ടപ്പെടത്തക്ക അപകടത്തിലായിരിക്കുന്നു എന്നു ഗ്രഹിച്ചുകൊള്ളട്ടെ. സഭാസ്ഥാപകന്മാരുടെ അരൂപി താൻ ഇതുവരെ സമ്പാദിച്ചിട്ടില്ല, അഥവാ സമ്പാദിക്കാൻ ശ്രമിക്കുന്നില്ല എന്നു്, ആത്മപരിശോധനയിൽ കണ്ടെത്തുന്നവൻ പ്രയോജനകരമായ ഭയത്താൽ ഞെട്ടട്ടെ. സ്വന്തം ആത്മാവസ്ഥയെ സംബന്ധിച്ച് അവനവൻതന്നെ ചോദ്യം ചെയ്യുന്നതിനെക്കാൾ പ്രയോജനകരമായി മറെറാന്നുമില്ല. മിക്കവാറും ആത്മാവു് സമാധാനത്തിലിരിക്കുമ്പോൾ പ്രത്യേകിച്ചും, മനസ്സാക്ഷിയെ അവൻ ഇപ്രകാരം പരിശോധിക്കേണ്ടതാണ്. അല്ലെങ്കിൽ മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കാൻ ചുററുപാടുകളോ അവൻെറ അസ്വസ്ഥമായ ആത്മാവുതന്നെയോ അവനു പ്രതിബന്ധമായി ഭവിക്കും.

'ആകാശങ്ങളിരിക്കുന്ന' എന്ന നമസ്കാരത്തിലെ, "നിൻെറ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകണം" എന്ന വാക്കുകളെപ്പററി പ്രതിപാദിക്കുകയിൽ അമ്മത്രേസ്യാ പറയുന്നതു ശ്രദ്ധേയമാണ്. "നാം പ്രതിജ്ഞ ചെയ്താൽമാത്രം പോരാ, പ്രത്യുത, അവയെ നിറവേററണമെ

ന്നാണു ദൈവത്തിൻെറ ഇഷ്ടം. അതിനാൽ അന്യൂക്ക് സന്മാതൃക കാണിച്ചുകൊടുക്കുന്നതിൽ നാം ഉത്സുകരായിരിക്കണം. ഉതപ്പു കൊടുത്തുകൊണ്ടു നമ്മുടെ വാഗ്ദാനങ്ങളെ നാം ലംഘിക്കുന്നു; നാം ദാരിദ്ര്യവ്രതം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. വളച്ചുകെട്ടൊന്നുംകൂടാതെ അതിനെ നാം പാലിക്കുകയുംവേണം; ഇതാണു കർത്താവു് ആവശ്യപ്പെടുന്നതു്. നമുക്കു നമ്മുടെ മാതൃകയായി, ആദ്ധ്യാത്മിക ജീവിതപടുവായ ഈശോയുടെ വി. അമ്മത്രേസ്യാ മാത്രമല്ല ഉള്ളതു്; ആത്മാക്കളോടു ദൈവത്തിനുള്ള സ്നേഹത്തെക്കുറിച്ചും മനുഷ്യഹൃദയത്തിൻെറ നിഗൂഢമായ ചലനങ്ങളെ സംബന്ധിച്ചും കൂലംകഷമായി പ്രതിപാദിക്കുന്ന വി. യോഹന്നാൻക്രൂസും നമുക്കൊരാദർശമത്രേ. തൻെറ മനോധർമ്മസൃഷ്ടിയായ "കർമ്മലമലയുടെ ഉത്തുംഗശൃംഗ"ത്തിൽ നിന്നുകൊണ്ടു്, പരിപൂർണ്ണതയുടെ ഉന്നതാഗ്രത്തിലേക്കു് ആരോഹണം ചെയ്യുവാനഭിലഷിക്കുന്ന എല്ലാവരേയും അദ്ദേഹം പഠിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. കർമ്മലവസ്ത്രവും വ്രതവാഗ്ദാനവുംമൂലം പ്രത്യേകവിധം ബഹുമാനിതരായ നമ്മെ അദ്ദേഹം സവിശേഷം പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ വ്രതാനുഷ്ഠാനത്തിലൊ, പുണ്യജീവിതത്തിലൊ അദ്ദേഹത്തോടു യാതൊരു ബന്ധവുമില്ലാത്ത ഒരാളെപ്പോലെ മാത്രമാണു നമ്മൾ എന്നു്, നമ്മുടെ മനസ്സാക്ഷി നമ്മെ കുററപ്പെടുത്തുന്നുവെങ്കിൽ അദ്ദേഹത്തിൻേറയും നമ്മുടേയും വസ്ത്രത്തിലുള്ള ഐകരൂപ്യവും നാമമാത്രമായ ആത്മീയബന്ധവും നമ്മെ യഥാർത്ഥത്തിൽ മഹത്വപ്പെടുത്തുന്നില്ല. സഭാവസ്ത്രം ഒരുവനെ വിശുദ്ധീകരിക്കുകയോ രക്ഷിക്കുകയോ ചെയ്യുന്നില്ല. അതു് അവനെ അതിനു കടപ്പെടുത്തുന്നതേയുള്ളു. കർമ്മലസഭാവസ്ത്രം വളരെ അഭിമാനകരമായ ഒന്നുതന്നെ. എന്നാൽ അതു ഗൗരവമേറിയ കടമകളേയും സംവഹിക്കുന്നുണ്ടു്. വി. യോഹന്നാൻക്രൂസിനെ പിതാവും ഗുരുവുമെന്നു വിളിക്കുന്നതിനുള്ള അവകാശത്തിൽ അഭിമാനംകൊള്ളാത്ത ഒരു കർമ്മലീത്താസഭാംഗമെങ്കിലും ഉണ്ടെന്നു ഞാൻ വിശ്വസി

ക്കുന്നില്ല. താൻ അധഃപതിച്ചുപോയെന്നു തൻെറ സനസ്സാക്ഷി കുററപ്പെടുത്തുന്ന യാതൊരു കർമ്മലസഭാംഗത്തിനും മനഃസമാധാനം ഉണ്ടായിരിക്കുകയില്ല. "അവർ നമ്മോടുകൂടെ ആയിരുന്നെങ്കിലും — നമ്മിൽനിന്നു പിരിഞ്ഞുപോയതുകൊണ്ടു് — അവർ നമ്മുടേതായിരുന്നില്ല" എന്ന വി. യോഹന്നാൻെറ ഭയാനകമായ വാക്കുകൾ തങ്ങളുടെ സഭാപിതാക്കന്മാർ തങ്ങളെ സംബന്ധിച്ചും പറയുകയില്ലേ, എന്നു ഭയപ്പെടാതിരിപ്പാൻ അവക്കു കഴിയുന്നതെങ്ങനെ?

നമ്മുടെ ഇപ്പോഴത്തെ ആത്മീയാവസ്ഥയെ, നമ്മുടെ പിതാവായ വി. യോഹന്നാൻക്രൂസിൻെറ പഠനങ്ങളോടും ആത്മചൈതന്യത്തോടും തുലനം ചെയ്തു നോക്കുന്ന വിനാഴികകളാണു നമ്മുടെ ജീവിതത്തിൽ ഏററം ഫലപ്രദമായി ചെലവഴിച്ചവ എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. താഴെപ്പറയുന്ന സംഗതികളെപ്പററി ദിനംപ്രതി അഞ്ചു മിനിററുനേരം ആത്മശോധന ചെയ്തിരുന്നെങ്കിൽ നാം അതിവേഗം വിശുദ്ധരായിത്തീരുമായിരുന്നു. ഞാൻ ഒരു യഥാൎത്ഥ കർമ്മലീത്താസഭാംഗമാണോ? അപ്പസ്തോല പരിപൂർണ്ണതയ്ക്കും നമ്മുടെ സഭാപിതാവായ വി. യോഹന്നാൻക്രൂസിൻെറ അരൂപിക്കും തക്കവണ്ണം രഹസ്യമായും പരസ്യമായും ജീവിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ? എൻെറ ദൈവവിളിയേയും കഴിഞ്ഞ ജീവിതത്തേയും കുറിച്ചു കണക്കു ബോധിപ്പിക്കുവാൻ ദൈവന്യായാസനത്തിങ്കൽ ഇപ്പോൾ ഞാൻ നിറുത്തപ്പെട്ടാൽ ക്രൂസ് പുണ്യവാൻെറ സുകൃതങ്ങളെ അനുകരിക്കുകയും ഉപദേശങ്ങളെ അനുസരിക്കുകയും ചെയ്തതിനു പ്രതിഫലമായി അദ്ദേഹത്തിൻെറ സഹായം ആവശ്യപ്പെടുവാൻ ഞാൻ ധൈര്യപ്പെടുമോ"? ഈ ചോദ്യങ്ങൾ നമ്മെ അസ്വസ്ഥരാക്കുമെന്നതിനു സംശയമില്ല. എന്നാൽ അതു ഫലപ്രദമായ ഒന്നായിരിക്കും. വഞ്ചനാപരമായ ഒരു ജീവിതം നയിക്കുന്നതിനെക്കാൾ നല്ലതു് ഇപ്പോൾ കുറെ വിഷമങ്ങൾ സഹിക്കുകയാണു്. ദൈവതിരുമനസ്സിനനുസരണമായി പ്രവൎത്തിക്കാതെ സ്വാഭിലാഷങ്ങളെ

പിണ്ചെല്ലുന്നതു്, വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിനും നമ്മുടെ കടപ്പാടിനെ വദ്ധിപ്പിക്കുന്നതിനും നാം വഞ്ചിതരായെന്നു ഗ്രഹിച്ചു ദുഃഖിക്കുന്നതിനും മാത്രമേ ഇടവരുത്തുകയുള്ളു.

നമ്മുടെ വിശുദ്ധപിതാവു തൻെറ ഉപദേശങ്ങളിൽ ഒരിടത്തു് ഇപ്രകാരം പറയുന്നു. "നമ്മിൽനിന്നു ദൈവം ഒരു പ്രത്യേക സംഗതി ആവശ്യപ്പെടുമ്പോഠം അവിടുത്തേക്കു് മറെറാന്നു കൊടുക്കുന്നതുകൊണ്ടെന്തുഫലം? നീ എന്തുചെയ്യാൻ ദൈവം തിരുമനസ്സാകുന്നുവെന്നു ഗ്രഹിച്ചു് അതു നിറവേററുക. എന്നാൽ നിൻെറ ഇഷ്ടം നിറവേററുന്നതിനെക്കാഠം കൂടുതൽ സമാധാനം നിനക്കുണ്ടാകും." നാം പുണ്യവാന്മാരായിരിക്കണമെന്നു നിർബന്ധമല്ല. എന്തുകൊണ്ടെന്നാൽ ദൈവം (ആരിൽ പ്രസാദിച്ചുവോ അവക്കു) കൊടുക്കുന്ന ഒരസാധാരണ അനുഗ്രഹമാണതു്. എന്നാൽ നമ്മുടെ സവ്വപ്രധാനമായ ജീവിതോദ്ദേശ്യം പരിപൂണ്ണതാലബ്ധിക്കുള്ള ശ്രമമായി കരുതണമെന്നു സന്യാസവാഗ്ദാനം നമ്മെ ഉൽബോധിപ്പിക്കുന്നു; എങ്കിലും ഈ ശ്രമം നമ്മുടെ ഇച്ഛാനുസരണമാകാതെ, നമ്മുടെ അന്തസ്സിൻെറ അരൂപിക്കനുസരണമായിരിക്കണം; നമ്മുടെ സഭാപിതാക്കന്മാരുടെ പഠനങ്ങളിലാണു് ഈ അരൂപി നാം കണ്ടെത്തേണ്ടതു്.

നമ്മുടെ അന്തസ്സിൻെറ അരൂപി നമ്മെ പഠിപ്പിക്കുവാൻ ദൈവത്താൽ നിയുക്തനായ ഗുരുവാണു യോഹന്നാൻക്രൂസു്. കർമ്മലഗിരിയുടെ 'ഉന്നതശൃംഗ'ത്തിൽ നിന്നുകൊണ്ടു്, പരിപൂണ്ണതാഗ്രത്തിൽ എത്തുവാൻ നാം സ്വീകരിക്കേണ്ട മാഗ്ഗം അദ്ദേഹം നമുക്കു കാണിച്ചുതരുന്നു. വാഗ്ദാനത്തിൻെറ പേടകത്തെക്കുറിച്ചു മോശയോടു പറഞ്ഞതുതന്നെ അദ്ദേഹത്തെക്കുറിച്ചും ദൈവം നാമോരോരുത്തരോടും പറയുന്നു.

"മലയിൽവച്ചു നിനക്കു കാണിച്ചുതന്ന രീതിയിൽ അതു നിമ്മിക്കുക." എന്നാൽ അദ്ദേഹത്തെ അനുകരിക്കാമെന്നു വാഗ്ദാനം ചെയ്ത നമുക്കുപോലും അദ്ദേഹത്തിൻെറ ദശനം അസാദ്ധ്യമായിരിക്കുന്ന 'കർമ്മല മല'യുടെ അത്യുച്ചസ്ഥാനത്തു

നിന്നാണു്, നമ്മുടെ പിതാവു പലപ്പോഴും നമ്മോടു സംസാരിക്കുന്നതു്. ദൈവൈക്യം പ്രാപിച്ചവരെയോ അഥവാ ആ ദിവ്യാനുഗ്രഹലബ്ധി ആസന്നമായിരിക്കുന്നവരെയോ ഉദ്ദേശിച്ചാണു് അദ്ദേഹം തൻെറ ഗ്രന്ഥങ്ങൾ മിക്കതും രചിച്ചിട്ടുള്ളതു്. തിരഞ്ഞെടുക്കപ്പെട്ട ചില ആത്മാക്കൾക്കു സ്വയം വെളിപ്പെടുത്തുവാൻ, ദൈവം അക്ഷമനായി തീൻവോ എന്നു തോന്നുമാറു്, തൻെറ തിരഞ്ഞെടുക്കപ്പെട്ടവക്കായി ഒരുക്കിയിരിക്കുന്ന പ്രകാശത്തിൻേറയും സ്നേഹത്തിൻേറയും നിക്ഷേപത്തെ അവക്കു കാണിച്ചുകൊടുക്കുന്നതിനു്, അനന്തര ജീവിതംവരെ കാത്തിരിക്കുവാൻ അവിടുന്നാഗ്രഹിക്കുന്നില്ല. ഇപ്രകാരമുള്ള ആത്മാക്കൾ സദാ ദൈവത്തിൻെറ അനന്തനന്മ ആസ്വദിക്കുകയും അങ്ങേ പ്രഭാസമുദ്രത്തിൽ മുങ്ങുകയും ചെയ്യുന്നതിനാൽ ഇഹത്തിൽ വച്ചുതന്നെ സ്വർഗ്ഗാനന്ദം അനുഭവിച്ചുതുടങ്ങുന്നു.

സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ഈദൃശമായ ഒരു മൈത്രീബന്ധമുണ്ടെന്നു സാധാരണക്കാരായ ആത്മാക്കൾ സംശയിക്കുന്നുപോലുമില്ല. അനുചിന്തനത്തിൻെറ ഈ ഉന്നത പദവി പ്രാപിക്കുന്നവർ വളരെ ചുരുക്കവുമാണു്.

അഗാധമായ ഈ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിൽ വി. യോഹന്നാൻക്രൂസിനെ ജയിക്കുന്നതിനോ, അദ്ദേഹത്തോടു തുല്യരാകുന്നതിനോ ആരുമില്ല. ദൈവത്തിനു മനുഷ്യനോടും മനുഷ്യനു ദൈവത്തോടുമുള്ള സ്നേഹത്തെ പ്രഖ്യാപനം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്ന നിസ്തുലനായ ഒരദ്ധ്യാപകനാണദ്ദേഹം. ഈ ദിവൈ്യക്യത്തിനായി ആത്മാക്കളെ ഒരുക്കുകയും സൽപഥത്തിലൂടെ അവരെ നയിക്കുകയും ചെയ്യുക എന്നതാണു് അദ്ദേഹത്തിൻെറ കൃതികളുടെ ഉദ്ദേശ്യം. അതിനാൽ അദ്ദേഹത്തിൻെറ ആശയങ്ങളും രചനാരീതികളും വളരെ ഉൽകൃഷ്ടങ്ങളാണു്. ഇക്കാരണത്താൽ പുണ്യത്തിൽ പുരോഗമിച്ചവക്കു് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ വളരെ ഹൃദ്യങ്ങളാണെങ്കിലും സാധാരണക്കാർ അവയിൽ ഭഗ്നാശരായി അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഉപേക്ഷിച്ചേക്കാം.

എന്നാൽ ഈ തത്വങ്ങളുടെ കാഠിന്യംമൂലം നിരാശരായി നമ്മുടെ വിശുദ്ധപിതാവിൽനിന്നകലുന്നതു് ആത്മാക്കൾക്കു നാശഹേതുകമാണു്. ധ്യാനനിഷ്ഠയുടെ ജീവിതത്തിലേക്കു ദൈവം തന്നെ വിളിച്ചിട്ടില്ലെന്നു കരുതി കർമ്മലീത്താ സഭാംഗങ്ങളിൽ ആരെങ്കിലും ഇദ്ദേഹത്തിന്റെ പഠനങ്ങളെ പരിത്യജിച്ചു് തന്റെ സന്യാസ വാഗ്ദാനങ്ങളുടെ മാതൃക മററെവിടെയെങ്കിലും അന്വേഷിക്കുന്നെങ്കിൽ അതു് ആപൽക്കരമത്രേ. ധ്യാനനിലീനതയിൽ എത്തിച്ചേരുകയെന്ന മഹാഭാഗ്യം എല്ലാവർക്കും സിദ്ധിച്ചെന്നു വരികയില്ല. പുണ്യം സമ്പാദിക്കുന്നതിനോ ഒരു മഹാപുണ്യവാനായിത്തീരുന്നതിനോ ഇതാവശ്യവുമില്ല. ഈ ദാനം ദൈവം തനിക്കു് ഇഷ്ടമുള്ളവർക്കും ഇഷ്ടമുള്ളപ്പോഴും കൊടുക്കുകയും തിരിച്ചെടുക്കുകയും ചെയ്യുന്നു. എങ്കിലും സ്വർഗ്ഗത്തിനു പല വിശുദ്ധന്മാരേയും മനുഷ്യകുലത്തിനു പല യഥാർത്ഥ സ്നേഹിതന്മാരേയും പ്രദാനം ചെയ്തിട്ടുള്ള ഈ തപശ്ചര്യകളെ പഠിക്കുകയും പ്രായോഗികമാക്കുകയും ചെയ്യാനുള്ള കടമയിൽനിന്നു തങ്ങൾ വിമുക്തരാണെന്നു് ആരും വിചാരിക്കേണ്ടതല്ല. കഴുകനെപ്പോലെ ഉയൻ്നുപറക്കാൻ പ്രാപ്തിയുള്ള ആത്മാക്കൾക്കുമാത്രം പ്രാപ്യമായ "കർമ്മലപർവ്വതാ"ഗ്രത്തിലാണദ്ദേഹത്തെ സാധാരണ കണ്ടെത്തുകയെന്നതു വാസ്തവംതന്നെ. എന്നാൽ സന്യാസപരിപൂർണ്ണതയെ സംബന്ധിച്ചിടത്തോളം ആ ഉന്നതപർവ്വതത്തിന്റെ താഴ്വരയിൽമാത്രം സ്ഥിതിചെയ്യുന്ന ബലഹീനരായ ആത്മാക്കളേയും അദ്ദേഹം വിസ്മരിക്കുന്നില്ല. വളരെ നല്ലവരും യഥാർത്ഥ വിശുദ്ധരുമായിത്തീരാൻ അറിയുകയും അഭ്യസിക്കുകയും ചെയ്യേണ്ടവയെല്ലാം അദ്ദേഹം അവർക്കും ഉപദേശിക്കുന്നുണ്ടു്.

വി. യോഹന്നാൻക്രൂസ് വിഖ്യാതനായ ഒരു ഗ്രന്ഥനാഥനാണു്. "കർമ്മലപർവ്വതാരോഹണം" "അന്ധകാര രാത്രി" "ആത്മഗീത" തുടങ്ങിയ അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥങ്ങളെപ്പോലെതന്നെ 'മുൻകരുതലുകൾ' എന്ന ചെറുകൃതിയും ചിലരെ ആകർഷിക്കുന്നു. ഇദ്ദേഹം ഈ കൃതികളിൽ സ്വചരന്ദം

വിഹരിക്കട്ടെ. ആത്മീയ ജീവിതത്തിൻെറ ആദ്യപടിയിൽ മാത്രം സ്ഥിതിചെയ്യുന്ന നമുക്കു് ഇതു പഠിക്കുകയും ധ്യാനിക്കുകയും ചെയ്തുകൊണ്ടു് അതിൻെറ അത്യുച്ചസ്ഥാനത്തു് എത്തിച്ചേർന്നിരിക്കുന്ന ആത്മാക്കളെ, വിശുദ്ധവും ശ്രേഷ്ഠവുമായ വികാരത്തോടെ വീക്ഷിക്കുകമാത്രം ചെയ്യാം.

സ്വഭാവാതീതമായ ഈ പൎവ്വതത്തിലേക്കുള്ള ആരോഹണാരംഭത്തിൽ നമ്മുടെ ആത്മാവാകുന്ന മനോജ്ഞവാടിയിൽ പ്രഥമതഃ ദൃശ്യമാകുന്ന ചെടികളും പുഷ്പങ്ങളുമാണു് ഇവ. ഇവയുടെ ഉന്മേഷപ്രദമായ സുഗന്ധം ആസ്വദിക്കുകയും ഇവയെ പഠിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്നതിൽ കഴിയുന്നത്ര മററുള്ളവരെ സഹായിക്കുകയാണു് ഇതെഴുതുന്നതിൽ എനിക്കുള്ള ഏകോദ്ദേശ്യം. ഒരു പരിപൂൎണ്ണ സന്യാസിയായി വിശുദ്ധ സമാധാനം പ്രാപിക്കുന്നതിനു്, ഈ പഠനങ്ങറം പ്രായോഗികമാക്കിയാൽ മാത്രം മതി.

പുണ്യവാൻെറ കൃതിസഞ്ചയത്തിൽപ്പെട്ട ഈ ചെറുപുസ്തകം ആറുപേജിൽ കവിയുന്നില്ല. എങ്കിലും പരിപൂൎണ്ണതയുടെ അത്യുച്ചസ്ഥാനത്തു് എത്തിച്ചേരുവാൻ, സന്യാസത്തിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരാത്മാവു് അറിയേണ്ടതും അഭ്യസിക്കേണ്ടതുമായ എല്ലാസംഗതികളും—മുൻകരുതലുകറം—ഇതിൽ ഉണ്ടു്. ഈ 'മുൻകരുതലുകറം' അഭ്യസിക്കുന്നവരെല്ലാവരും വി. യോഹന്നാൻക്രൂസിൻെറ യഥാൎത്ഥമക്കളായിരിക്കും. ഇതിലടങ്ങിയിരിക്കുന്ന തത്വം അവഗണിക്കുകയോ അതഭ്യസിക്കുവാൻ ശ്രമിക്കാതിരിക്കുകയോ ചെയ്യുന്നവൻ ഒരു കൎമ്മലീത്താസഭാംഗമെന്നു പറയപ്പെടുന്നതു് എങ്ങനെയെന്നു് എനിക്കറിഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ ഇതിനെപ്പററി കൂടുതലായി പഠിക്കുമ്പോറം നമുക്കു ഗ്രഹിക്കാൻ കഴിയും കൎമ്മലീത്താസഭയുടെ യഥാൎത്ഥമായ അരൂപി ഇതിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നുവെന്നു്.

# അദ്ധ്യായം 2

## വി. യോഹന്നാൻക്രൂസും മുൻകരുതലുകളും

വി. യോഹന്നാൻക്രൂസിൻെറ മുൻകരുതലുകളെ വിശ്വസ്തതാപൂർവ്വം അനുഷ്ഠിക്കുന്ന സന്യാസികൾക്കു പ്രാപിക്കാവുന്ന അതിശ്രേഷ്ഠമായ പരിപൂർണ്ണതയും അതു പ്രാപിക്കുവാൻ അവക്കുള്ള എളുപ്പവും അതിന്നായി അവർ അനുസരിക്കേണ്ട നിയമങ്ങളും ഈ പരിപൂർണ്ണതയിലെത്തിച്ചേരുന്നവക്ക് അനുഭവപ്പെടുന്ന അത്യാനന്ദവും അവരുടെ സുരക്ഷിതാവസ്ഥയും 'മുൻകരുതലുകൾ' എന്ന തൻെറ ഈ കൃതിയുടെ സംക്ഷിപ്തമായ മുഖവുരയിൽ അദ്ദേഹം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലംകൊണ്ടു പരിശുദ്ധമായ ഏകാഗ്രതയും ബോധനിയന്ത്രണവും സൃഷ്ടികളിൽനിന്നുള്ള അകല്ച്ചയും ദൈവത്തോടുള്ള ഐക്യവും ശാന്തിയെ നല്കുന്ന ദാരിദ്ര്യാരൂപിയും പ്രാപിക്കുവാനാഗ്രഹിക്കുന്ന സന്യാസി താഴെപ്പറയുന്ന ഉപദേശങ്ങൾ കൃത്യമായി അനുസരിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ അവയുടെ അനുഷ്ഠാനം, സൃഷ്ടവസ്തുക്കളിൽനിന്നുണ്ടാകുന്ന പ്രതിബന്ധങ്ങളെ ഇല്ലാതാക്കുന്നതിനും പിശാചിൻെറ കണികളെ തകക്കുന്നതിനും മാംസേച്ഛകളെ ജയിക്കുന്നതിനും അവശ്യാവശ്യകമാണ്.

വേറൊരു സുകൃതവും അഭ്യസിച്ചില്ലെങ്കിലും ഒരുവൻ ഇവയെ ശ്രദ്ധാപൂർവ്വം പാലിക്കുകയും തൻെറ അന്തസ്സിൻെറ കടമകൾ നിറവേററുകയും ചെയ്യുമെങ്കിൽ അവൻ പരിപൂർണ്ണതയിൽ അതിശീഘ്രം പുരോഗമിക്കുകയും എല്ലാ സുകൃതങ്ങളും സമ്പാദിക്കുകയും പരിശുദ്ധമായ സമാധാനം പ്രാപിക്കുകയും ചെയ്യും. ആത്മാവിനു നേരിടുന്ന എല്ലാ തിന്മകളും മുൻപ്രസ്താവിച്ച ലോകം, പിശാച്, ശരീരം എന്ന ത്രിവിധ ശത്രുക്ക

ളിൽനിന്നാണുണ്ടാകുന്നതു്. ഇവയിൽനിന്നു് ഒഴിഞ്ഞിരിക്കു വാൻ നമുക്കു കഴിയുമെങ്കിൽ യുദ്ധം ചെയ്യേണ്ട ആവശ്യം നമുക്കുണ്ടാകുകയില്ല. ലോകത്തെ മനസ്സിലാക്കുവാനാണേററം എളുപ്പം. പിശാചിൻെറ കാര്യം കുറേക്കൂടി വിഷമവും; 'പഴയ മനുഷ്യ'നോടുകൂടിയ ശരീരത്തെ ജയിച്ചടക്കുന്നകാര്യം ഏററം ദുഷ്കരവുമാണു്. മൂന്നിനേയും കീഴടക്കാതെ ഒന്നിനെത്തന്നെ പൂർണ്ണമായി ജയിക്കാൻ നമുക്കു കഴിയുകയില്ല. ഒന്നിനെ നാം ജയിക്കുന്ന തോതനുസരിച്ച് മററു രണ്ടും കീഴടങ്ങിക്കൊള്ളും.

വി. യോഹന്നാൻക്രൂസിൻെറ ഈ മുൻകരുതലുകൾ ക്രിസ്തീയ പരിപൂർണ്ണതയേയും സന്യാസ പരിപൂർണ്ണതയേയും സമൃക്കായി പ്രതിപാദിക്കുന്ന ഒൻപതു് ഉപദേശങ്ങളിൽ അദ്ദേഹം സംഗ്രഹിച്ചിരിക്കുന്നു. മനുഷ്യൻെറ വിശുദ്ധീകരണത്തിനു തടസ്സം ചെയ്യുന്ന ശത്രുക്കളെക്കുറിച്ചു് ഇവ അവനു മുന്നറിവു നല്കുന്നു. ഈ ഉപദേശങ്ങൾ നിത്യരക്ഷ പ്രാപിക്കുവാൻ മാത്രമല്ല, ആന്തരിക പരിപൂർണ്ണതയുടെ അത്യുന്നതപദവിയിൽ എത്തിച്ചേരുന്നതിനുകൂടി സഹായകമാകയാൽ ഇവയെ കൃത്യമായി, വിശ്വസ്തതയോടെ, അനുസരിക്കുന്നവൻ അത്ഭുതങ്ങളും സുകൃതങ്ങളും പ്രായശ്ചിത്തങ്ങളും കൂടാതെതന്നെ ഒരു മഹാ വിശുദ്ധനായിത്തീരും. എന്തുകൊണ്ടെന്നാൽ നമ്മുടെ വിശുദ്ധ പിതാവു പറയുന്നതു്, "മററു പ്രയത്നങ്ങളോ സുകൃതാഭ്യാസങ്ങളോ കൂടാതെ സാമാന്യശ്രദ്ധയോടുകൂടി ഈ ഉപദേശങ്ങൾ പാലിക്കുകയും തൻെറ അന്തസ്സിൻെറ കടമകൾക്കു വീഴ്ചവരുത്താതിരിക്കുകയും ചെയ്യുന്നവൻ അതിവേഗം വലിയ പരിപൂർണ്ണത പ്രാപിക്കുകയും എല്ലാ സുകൃതങ്ങളും സമ്പാദിച്ചു വിശുദ്ധ സമാധാനത്തിൽ എത്തിച്ചേരുകയും ചെയ്യും" എന്നത്രേ.

ഈ ഒൻപതു മുൻകരുതലുകളെക്കുറിച്ചും പ്രത്യേകം പ്രത്യേകം പഠിക്കുന്നതിനുമുൻപു് അവയെപ്പററി പൊതുവായി ചുരുക്കത്തിൽ പ്രതിപാദിക്കുന്നതു പ്രയോജനകരമായിരിക്കും. അവയുടെ ക്രമീകരണവും പരസ്പരബന്ധവും, ആർക്കു് എതിരായി എഴുതപ്പെട്ടിരിക്കുന്നുവോ ആ ആത്മീയശത്രുക്കളോടു്

അവയ്ക്കുള്ള സ്പഷ്ടമായ വൈരുദ്ധ്യവും വേണ്ടവണ്ണം ഗ്രഹിക്കു വാൻ ഈ വിവരണം സഹായിക്കും. ചെറുപ്പത്തിൽ പഠിച്ച വേദപുസ്തകങ്ങളിൽനിന്നു ലോകം, പിശാച്, ശരീരം എന്നിവയാണു മനുഷ്യൻെറ വലിയ ശത്രുക്കളെന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. ഭക്തലോകം ഈ പദങ്ങൾ സർവ്വസാധാരണമായി ഉപയോഗിക്കുന്നുമുണ്ട്. എന്നാൽ നിരന്തരമായ ഉപയോഗംകൊണ്ടു് ആ വാക്കുകളുടെ സാക്ഷാത്തായ അർത്ഥം മിക്കവാറും നഷ്ടപ്പെട്ടിരിക്കയാണ്. അതിനാൽ നമ്മുടെ ആത്മാവസ്ഥയോടു് അവയ്ക്കുള്ള ബന്ധത്തെപ്പററി നമുക്കിപ്പോൾ വിചിന്തനം ചെയ്യാം.

വെള്ളത്തിൻെറ സ്വാഭാവിക ഗുണങ്ങളിൽ ഒന്നു മാലിന്യങ്ങളെ കഴുകി വെടിപ്പാക്കുക എന്നതാണ്. എന്നാൽ വെള്ളം സദാ ഒഴുകിക്കൊണ്ടിരിക്കുന്ന പാറപ്പുറത്തു മലിനസാധനങ്ങൾ പററിപ്പിടിക്കുന്നു. ഇതുപോലെതന്നെ നമ്മെ ശുദ്ധീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുവാൻ പര്യാപ്തമായവിധം അറിവും സത്യവും സ്നേഹവും വിതരണം ചെയ്യുവാൻ ഉപകരിക്കുന്ന വാക്കുകളുടെ ആവർത്തനം നമ്മുടെ ആത്മാവിനു പ്രയോജനപ്രദമാകാതെ കടന്നുപോകുന്നു. കൂടാതെ ആത്മീയനിയമങ്ങളുടെയും പരിപൂർണ്ണതയുടെയും ശത്രുവായ 'തഴക്ക'ത്താൽമാത്രം കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഒരു യാന്ത്രിക സ്വഭാവവും അവ നമ്മിൽ ഉളവാക്കുന്നു. ലോകം, പിശാച്, ശരീരം എന്ന പദങ്ങൾ നാം ഉച്ചരിക്കുന്നതു തൊണ്ണൂററൊമ്പതു ശതമാനവും വെറും 'തഴക്ക'ത്തെ പ്രതി മാത്രമായിരിക്കും. പലപ്പോഴും അവയുടെ ശരിയായ അർത്ഥത്തെപ്പററി നാം ചിന്തിക്കുന്നില്ല. ആകയാൽ ഈ പദങ്ങൾക്കു വിശുദ്ധ യോഹന്നാൻക്രൂസ് കല്പിക്കുന്ന അർത്ഥവ്യാപ്തിയും അദ്ദേഹം അവയെ നമ്മുടെ ഏററം ദുഷ്ടവും ബലഹീനവുമായ സ്വഭാവത്തോടു ഘടിപ്പിക്കുന്ന വിധവും ഇപ്പോൾ നമുക്കു പരിശോധിക്കാം.

ലോകം എന്ന വാക്കാൽ പ്രത്യക്ഷത്തിൽ ദോഷകരമോ സുകൃതാഭ്യസനത്തിനു വിഘാതപരമോ ആയ ആളുകളേയും വസ്തുക്കളേയും അല്ല വിശുദ്ധൻ വിവക്ഷിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾ ഇവയിൽനിന്നു പിന്മാറുവാൻ കരുതലുള്ളവരായിരിക്കുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. പിശാചനേയും നമ്മുടെ സ്വാത്ഥത്തേയും ഒഴിച്ചാൽ പരിപൂൎണ്ണതയ്ക്കു തടസ്സമായിരിക്കുന്ന എല്ലാ ആളുകളും വസ്തുക്കളുമാണു് ലോകം എന്ന വാക്കാൽ അദ്ദേഹം അൎത്ഥമാക്കുന്നതു്. പാപകരമല്ലെങ്കിലും—പാപകരമായ സംഗതികളെപ്പററിയല്ല ഇവിടെ പ്രതിപാദിക്കുന്നതു്—ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെക്കുറിച്ചു ദൈവത്തിനുള്ള പരമോദ്ദേശ്യം സാധിക്കുന്നതിനു പ്രതിബന്ധമാകത്തക്കവണ്ണം ചില ആളുകളോടൊ വസ്തുക്കളോടൊ പ്രത്യേക സ്നേഹം നമ്മിൽ ഉളവാക്കുകയോ പുഷ്ടിപ്പെടുകയോ ചെയ്യുന്നതിനു കാരണമായിത്തീരുന്ന സാഹചായ്യങ്ങളാണവ. കൂടാതെ ലൗകികവസ്തുക്കളെക്കുറിച്ചുള്ള അത്യാശയും നമ്മെ ചുമതലപ്പെടുത്തിയിട്ടില്ലാത്ത സംഗതികളിൽ വിശിഷ്യ, ഗൃഹസംബന്ധമായ കാര്യങ്ങളിൽ ഇടപെടുന്നതിലുള്ള അവിവേകമായ താല്പയ്യവും പരിപൂൎണ്ണത പ്രാപിക്കുവാൻ തടസ്സങ്ങളാണു്. അതിനാൽ ആളുകളോടുള്ള അമിത സ്നേഹത്തിനും ലോകവസ്തുക്കളിന്മേലുള്ള ക്രമാതീതമായ ആശയ്ക്കും, നമ്മെ ഏല്പിച്ചിട്ടില്ലാത്ത കാൎയ്യങ്ങളിലുള്ള അതിരുകടന്ന ശ്രദ്ധയ്ക്കും എതിരായിട്ടാണു് ഈ മൂന്നു മുൻകരുതലുകൾ, അഥവാ ഉപദേശങ്ങൾ എഴുതപ്പെട്ടിട്ടുള്ളതു്. വിശുദ്ധൻ അവയെ താഴെ കാണുന്ന പ്രകാരം സംക്ഷേപിച്ചെഴുതുന്നു.

ഒന്നാമത്തെ മുൻകരുതൽ:—

ഒരാളെക്കാൾ മററൊരുവനെ കൂടുതലായി സ്നേഹിക്കരുതു്. ആരോടെങ്കിലും പ്രത്യേക സ്നേഹം ഉണ്ടായാൽ നീ അപകടത്തിലുൾപ്പെടും. കാരണം, ആരാണു കൂടുതൽ സ്നേഹയോഗ്യ

നെന്നു നിനക്കറിഞ്ഞുകൂടാ. പ്രത്യുത വിശുദ്ധമായ ഏകാഗ്രത ആവശ്യപ്പെടുന്നതുപോലെ എല്ലാവരേയും ഒരുപോലെ വിസ്മരിക്കുന്നതിനു നീ ശ്രമിച്ചാൽ ചെറുതും വലുതുമായ എല്ലാ അപകടത്തിൽനിന്നും നീ സുരക്ഷിതനാകും.

രണ്ടാമത്തെ മുൻകരുതലുകൾ:—

എന്തു ഭക്ഷിക്കുമെന്നോ, എന്തു കുടിക്കുമെന്നോ എന്തുടുക്കുമെന്നോ ചുരുക്കത്തിൽ സൃഷ്ടിക്കപ്പെട്ട യാതൊരു വസ്തുവിനെക്കുറിച്ചും ഉൽക്കണ്ഠ കൂടാതിരുന്നാൽ നീ മൗനം സമ്പാദിക്കുകയും ഇന്ദ്രിയസമാധാനം അനുഭവിക്കുകയും ചെയ്യും.

മൂന്നാമത്തെ മുൻകരുതലുകൾ:—

ഏതെങ്കിലും ഒരു വ്യക്തിയെക്കുറിച്ചോ അഥവാ കൂട്ടത്തിൽ സംഭവിക്കുന്ന സംഗതികളെക്കുറിച്ചോ വിചാരിക്കുകയോ വിശിഷ്യാ സംസാരിക്കുകയോ ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ പല സംഗതികളും വേണ്ടവണ്ണം ഗ്രഹിക്കുന്നതിനു നിനക്കു സാധിക്കാത്തതിനാൽ മാലാഖാമാരുടെ മദ്ധ്യേ ജീവിച്ചാലും പലതും നല്ലതല്ലെന്നു നിനക്കു തോന്നാം.

നാം വളരെ സൂക്ഷ്മത്തോടുകൂടെ ഒഴിഞ്ഞുമാറേണ്ട വേറൊരു ശത്രുവാണു പിശാചൻ. അവൻ പുറമേയുള്ള ഒരു ശത്രുവാണെങ്കിലും നമ്മുടെ കാര്യങ്ങളിലും സ്വകാര്യവികാരങ്ങളിലും വളരെയധികം ഇടപെടുവാൻ അവനു കഴിയും; അതു് അവൻ ചെയ്യുന്നുമുണ്ടു്. ദൈവം നമ്മെ സ്വതന്ത്രരായി സൃഷ്ടിക്കുകയും നമ്മുടെ സ്വാതന്ത്ര്യം നമുക്കു സ്വന്തമായിരിക്കുകയും ചെയ്യുന്നതിനാൽ നാം അനുവദിക്കാതെ അവനു നമ്മുടെമേൽ യാതൊരു അധികാരവും ഉണ്ടാകുവാൻ പാടില്ലെന്നതു വാസ്തവംതന്നെ. നമ്മുടെ മനസ്സിനു വിരുദ്ധമായി നമ്മെ നിർബ്ബന്ധിക്കുവാൻ യാതൊരു സൃഷ്ടിക്കും സാദ്ധ്യമല്ല. എന്നാൽ ഓരോ വിചാരങ്ങൾ നമ്മുടെ മനസ്സിൽ വരുത്തി അവന്റെ ശക്തിക്കു നമ്മെ അധീനരാക്കാൻ അവൻ ശ്രമിക്കും. അതി

നാൽ നാം സദാ പ്രാർത്ഥിക്കുകയും ജാഗരൂകതയോടുകൂടെ വർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ മനസ്സിൻെറ ഏററം ഗൂഢമാർഗ്ഗങ്ങളിൽകൂടെ അവൻ നിഷ്പ്രയാസം അകത്തു പ്രവേശിച്ചു വളരെ നാശങ്ങൾ വരുത്തിക്കൂട്ടും.

ഏക ലക്ഷ്യത്തെ മുൻനിറുത്തി അംഗങ്ങളെല്ലാം ഒത്തൊരുരുമിച്ചു പ്രവർത്തിക്കുന്നതിലാണ് ഒരു സന്യാസസമൂഹത്തിൻെറ ജീവൻ അടങ്ങിയിരിക്കുന്നതു്. താനുൾപ്പെട്ടിരിക്കുന്ന സഭയുടെ അരൂപി ശരിയായി മനസ്സിലാക്കി സഭ അനുവദിക്കുന്നിടത്തോളം തൻെറ എല്ലാ കഴിവുകളും പൊതുനന്മയ്ക്കായി വിനിയോഗിക്കുകയാണു സുകൃതാഭിവൃദ്ധി പ്രാപിക്കുവാൻ ഒരു സന്യാസി മുഖ്യമായി ചെയ്യേണ്ടതു്. ഇപ്രകാരം പ്രവർത്തിക്കുന്നതിനാൽ അയാളുടെ സ്വാഭാവികഗുണങ്ങൾ പരദൃഷ്ടിയിൽപ്പെടുന്നതിനു് ഇടയായില്ലെന്നുവരാം. മാത്രമല്ല, മററുള്ളവരുടെ ഇടയിൽ അയാൾ തീരെ അഗണ്യനായി ഭവിച്ചെന്നും വന്നേക്കാം. ഒരു സൽപ്രവൃത്തിയുടെ നിർവ്വഹണത്തിൽ സിംഹഭാഗം വഹിച്ചതാരാണെന്നു പരസ്യമായില്ലെന്നും വരാം. ഇപ്രകാരം ഒരു സന്യാസിയുടെ പ്രവൃത്തികൾ പരദൃഷ്ടിയിൽ പെടാതിരിക്കുന്നതിനും അവയ്ക്കു പ്രത്യേകത ഒന്നും ഉണ്ടാകാതിരിക്കുന്നതിനും ഇടവരുന്നു. എങ്കിലും അവ കൂടുതൽ ഫലസിദ്ധിയുള്ളതും അവയുടെ കർത്താവിനേയും സന്യാസസമൂഹത്തേയും സംബന്ധിച്ചിടത്തോളം കൂടുതൽ ഫലപ്രദങ്ങളുമായി ഭവിക്കുന്നുണ്ടു്.

ആദിമാതാപിതാക്കന്മാരുടെ പാപഫലമായി ദുഷിച്ചുപോയ മനുഷ്യസ്വഭാവം നമ്മുടെ ഹൃദയത്തിൽ നിഗളത്തെ പോററിവളർത്തുന്നു. ഇതു നാം തന്നെ പലപ്പോഴും മനസ്സിലാക്കുന്നില്ല. ഈ ദുർഗ്ഗുണം നമുക്കുണ്ടെന്നു സമ്മതിക്കുക വളരെ വിഷമവുമാണു്. ഇപ്രകാരം നമ്മിലൊളിഞ്ഞുകിടക്കുന്ന നിഗളം, സാമൂഹിക പ്രവൃത്തികളോടു നമ്മുടേതിനെ സംയോജിപ്പിക്കാതെ വ്യക്തിപരമായി പ്രവർത്തിക്കുന്നതിനു നമ്മെ ശക്തിയായി പ്രേരിപ്പിക്കുന്നു. ഇതു പരിപൂർണ്ണതയുടേയും സാമൂഹിക ജീവിതത്തിൻേറയും മുഖ്യശത്രുക്കളിൽ ഒന്നായ 'വ്യക്തിത്വ'ത്തെ

നമ്മിൽ പോഷിപ്പിക്കുന്നു. നമ്മുടെ സ്വഭാവത്തിൻെറ ഈ ബലഹീനത പിശാചനു നല്ലവണ്ണം അറിയാം. അതിനാൽ നിഗളവിചാരങ്ങളെ നമ്മിൽ വദ്ധമാനമാക്കിക്കൊണ്ടും സുകൃതങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു് ഈ ജ്ഞാനം അവൻ ഉപയോഗപ്പെടുത്തുന്നു. എന്നാൽ അവൻെറ പ്രവൃത്തികളെപ്പററി നമുക്കു് അല്പസംശയംപോലും ഉണ്ടാകാത്തവിധത്തിൽ വളരെ കൗശലപൂവ്വമാണു് അവനതു ചെയ്യുന്നതു്. നിശ്ചിതമായ ഒരു പദ്ധതിയനുസരിച്ചോ, അധികാരികളുടെ കല്പനയനുസരിച്ചോ, പ്രവൃത്തിക്കുന്നതിനെക്കാൾ കൂടുതൽ നന്മ സ്വന്തം ഇഷ്ടവും അഭിരുചിയുമനുസരിച്ചു പ്രവത്തിച്ചാൽ ഉളവാകുമെന്നു് അവൻ ഉൽബോധിപ്പിക്കും. മാത്രമല്ല, ചില സംഗതികളിൽ ശ്രേഷ്ഠൻ വിവേകത്തോടെയല്ല പ്രവത്തിക്കുന്നതു്; ശ്രേഷ്ഠനു നമ്മെ മനസ്സിലാകുന്നില്ല; അഥവാ, നമ്മെ എളിമപ്പെടുത്തുന്നതിനു ശ്രേഷ്ഠൻ ബദ്ധശ്രദ്ധനാണു്; ചുരുങ്ങിയപക്ഷം, നമ്മുടെ ന്യായമായ ആശകളെ പോഷിപ്പിക്കുന്നതിനും നീതിപൂവ്വകമായ അഭിപ്രായങ്ങളെ സ്വീകരിക്കുന്നതിനും ഉദാസീനനാണദ്ദേഹം എന്നെല്ലാം പിശാചൻ നമുക്കു തോന്നിക്കുകയും അപ്രകാരം നമ്മെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

സ്വസ്നേഹത്തിൻെറ ഈ മാതിരി പ്രവർത്തനങ്ങളിൽ അന്തർലീനമായിരിക്കുന്ന പൈശാചികതന്ത്രം കണ്ടുപിടിക്കുക വളരെ വിഷമമാണു്. എന്തുകൊണ്ടെന്നാൽ ദുഷ്ടാരൂപി തൻെറ പ്രവൃത്തികളെ കൗശലപൂവ്വം ഗോപനം ചെയ്യുന്നു. അതിനാൽ പിശാചൻ അവൻെറ പ്രവൃത്തി ആരംഭിക്കുമ്പോൾതന്നെ അവയെ പ്രതിരോധിക്കുന്നതിനായി മൂന്നു കാൎയ്യങ്ങൾ, അഥവാ മുൻകരുതലുകൾ, വിശുദ്ധൻ നമുക്കു് ഉപദേശിച്ചുതരുന്നുണ്ടു്.

## പിശാചനെതിരായ മുൻകരുതലുകൾ.

1. എത്ര നല്ലതും പരസ്നേഹപരവുമായിരുന്നാലും, അനുസരണത്താലും നിയമങ്ങളാലും നിബ്ബന്ധിക്കപ്പെടാതെ യാതൊരു

പ്രവൃത്തിയും ആരംഭിക്കരുതു്. എന്തുകൊണ്ടെന്നാൽ ഒരു സന്യാസിയുടെ പ്രവൃത്തികൾ അവൻേറതല്ല, പ്രത്യുത കീഴ്വഴക്കത്തിൻേറതത്രേ. അനുസരണത്തിൽനിന്നു് അവയെ അവൻ വിമുക്തമാക്കുന്നുവെങ്കിൽ അവ നഷ്ടപ്പെട്ടതായി അവൻ കണക്കു കൊടുക്കേണ്ടിവരും.

2. നിൻേറ അധികാരി ആരുതന്നെ ആയിരുന്നാലും അദ്ദേഹത്തെ ദൈവത്തെപ്പോലെ കരുതുക. എന്തുകൊണ്ടെന്നാൽ അദ്ദേഹം ദൈവത്തിൻേറ സ്ഥാനപതിയാണു്. അധികാരികളെ വേണ്ടപോലെ ബഹുമാനിക്കായ്കയാൽ പരിപൂർണ്ണതയ്ക്കായുള്ള പരിശ്രമത്തിൽ പല സന്യാസികളും പരാജയമടഞ്ഞിട്ടുണ്ടു്.

3. നിന്നിലെന്നതിനെക്കാൾ മററുള്ളവരിൽ കൂടുതൽ സന്തോഷം തേടിക്കൊണ്ടും നിന്നെക്കാൾ കാൎയ്യമായി അവർ മതിക്കപ്പെടുന്നതിനു ഹൃദയപൂർവ്വം ആഗ്രഹിച്ചുകൊണ്ടും വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും എളിമ അഭ്യസിക്കുവാൻ ശ്രമിക്കുക.

ആളുകളും, സാധനങ്ങളും, പിശാചനും നമുക്കു വരുത്തുന്ന നാശത്തെക്കാൾ, നമ്മുടെ സ്വഭാവം നമുക്കു വരുത്തുന്ന നാശത്തെക്കുറിച്ചു നാം കൂടുതൽ സൂക്ഷ്മമുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ നിയന്ത്രിക്കപ്പെടേണ്ടതായ പല ഇഷ്ടാനിഷ്ടങ്ങളും നമുക്കുണ്ടു്. ആദിമാതാപിതാക്കന്മാരുടെ പാപത്താൽ ദുർബ്ബലവും ഓരോരുത്തരുടേയും ധൎമ്മവിരുദ്ധമായ പ്രവൃത്തികൾ മൂലം ദുഷ്ടവുമായിത്തീൎന്നിരിക്കുന്ന നമ്മുടെ സ്വഭാവത്തെ നാം നിരന്തരം പഠിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഒരു രോഗിയുടെ ചില ആഗ്രഹങ്ങൾ അവനു നാശഹേതുകമാകയാൽ, അവൻ അവയെ അത്യധികം ആഗ്രഹിച്ചാലും, അവൻ നമുക്കു് എത്ര പ്രിയപ്പെട്ടവനായാലും നാം അവയെ അവനു നിഷേധിക്കുന്നു. സാന്മാൎഗ്ഗികമായി നാം എല്ലാവരും ഏറെക്കുറെ രോഗബാധിതരാണു്. അതിനാൽ നാം അറിയാതെതന്നെ ശക്തിമത്തായ പല ധാരണകൾക്കും ഏറെക്കുറെ

നാം അധീനരായിത്തീരുന്നു. ഈ ധാരണകളെ രണ്ടായി തരം തിരിക്കാം. മററുള്ളവയെല്ലാം പുറപ്പെടുന്നതു് ഇവയിൽ നിന്നാണു്.

(1) മറെറല്ലാവരും പ്രത്യേകിച്ചു നമ്മോടു കൂടുതൽ അടുത്തു വത്തിക്കുന്നവരും, ആശ്രയിക്കേണ്ട കേന്ദ്രസ്ഥാനമായി നമ്മെ നാം ഗണിക്കുന്നു. ഈ സ്വാഭാവിക ചാച്ചിൽ വിവേകപൂർവ്വം, ശക്തിയായി പ്രതിരോധിക്കപ്പെട്ടില്ലെങ്കിൽ, ഇതു നിരവധി ന്യൂനതകളുടേയും സങ്കടങ്ങളുടേയും സഹനങ്ങളുടേയും ഉല്പത്തിസ്ഥാനമായി പരിണമിക്കും. സ്വയംഭരണം നമുക്കില്ലെങ്കിൽ തിന്മയിലേക്കുള്ള ഈ ചാച്ചിലിനു നാം അടിമപ്പെട്ടുപോകും.

(2) സ്വാത്ഥതല്പരരായ നമുക്കു്, വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും നമ്മോടു യോജിക്കാത്തവരോടു സ്വാഭാവികമായി വെറുപ്പുതോന്നുന്നു. അവർ നമ്മെപ്പോലെ വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നാണു നമ്മുടെ സ്വാത്ഥത അഭിലഷിക്കുന്നതു്. ഈ വെറുപ്പിനു് അസംഖ്യം പദവികളുണ്ടു്. നമ്മുടെ ഒരു ആപ്തമിത്രത്തിൻെറ അഭിപ്രായത്തോടുള്ള വിയോജ്യത തുടങ്ങി, പരമശത്രുവായ ഒരുവൻെറ അഭിപ്രായത്തോടുള്ള പ്രകടമായ വിദ്വേഷംവരെ ബഹുലവും വിവിധവുമായ ഈ വെറുപ്പു മനുഷ്യഹൃദയങ്ങളിൽ സ്ഥലം പിടിച്ചിരിക്കുന്നു. അതിനാൽ അവയുടെ എണ്ണം ക്ലിപ്തപ്പെടുത്തുകയോ അവയെ തരംതിരിക്കുകയോ ദുസ്സാധമത്രേ.

നാശകരമായ ഈ വഞ്ചകവിചാരത്തിനെതിനായി— നമ്മുടെ സമാധാനത്തിൻേറയും, ഹൃദയത്തിൻേറയും, ഉപവിയുടേയും നീതിയുടേയും ഈ പരമശത്രുവിനെതിരായി— മഹത്തായ ഒരു നിർദ്ദേശം വി. യോഹന്നാൻക്രൂസു് നമുക്കു നല്കുന്നുണ്ടു്. യഥാത്ഥവും അപകടരഹിതവുമായ വീക്ഷണകോണത്തിലൂടെ, ദൈവപരിപാലനയുടെ ഉദ്ദേശ്യത്തിനു് അനുസരണമായി നമ്മുടെ സഹവത്തികളുടെ പ്രവൃത്തികളെ നാം പരിഗണിക്കണമെന്നാണു വിശുദ്ധൻ ഉപദേശിക്കുന്നതു്.

ഏഴാമത്തെ മുൻകരുതലിൽ — ശരീരത്തിനെതിരായ ഒന്നാമത്തെ ഉപദേശത്തിൽ — അദ്ദേഹം ഇപ്രകാരം പറയുന്നു: "എല്ലാവരാലും പരിശോധിക്കപ്പെട്ട മിനുസമാക്കപ്പെടുന്നതിനായി മാത്രമാണു നീ ആശ്രമത്തിൽ പ്രവേശിച്ചിട്ടുള്ളതെന്നു മനസ്സിലാക്കണം. നിൻെറ അഭിരുചിക്കു വിരുദ്ധമായ വിചാരങ്ങളാലും, പ്രവൃത്തികളാലും, നിന്നെ പരിശോധിക്കുന്നതിനു നിയുക്തരായ ഉദ്യോഗസ്ഥന്മാർ അവിടെയുണ്ട്."

ഒരു പ്രവൃത്തിയുടെ നിവ്വഹണത്തിൽ നമുക്കുണ്ടാകുന്ന സന്തോഷത്തെ അതിൻെറ ഉദ്ദേശ്യമായി കരുതുക എന്നതു നമുക്കു പലപ്പോഴും പററുന്ന മറെറാരു വഞ്ചനയാണ്. ഇപ്രകാരം നാം സന്തോഷത്തെ കടമയായി തെററിദ്ധരിക്കുന്നു. ഈ സന്തോഷം നമ്മുടെ പ്രവൃത്തിയുടെ പരമലക്ഷ്യമല്ലായിരിക്കാം. എങ്കിലും പല കാൎയ്യങ്ങളും നാം ചെയ്യുന്നതിനും ഉപേക്ഷിക്കുന്നതിനുമുള്ള രഹസ്യകാരണം ഇതുതന്നെയാണ്. നമ്മുടെ അഭിരുചിക്ക് അനുസരണമായവയെ നാം ഉടനടി നിവ്വഹിക്കുന്നു. നമുക്കിഷ്ടമില്ലാത്തതും നിസ്സാരവുമായ നിരവധി കടമകളെ നാം ഉപേക്ഷിച്ചുകളയുന്നു. മാത്രമല്ല, അവ ചെയ്യുന്നതിനു നമുക്കു കടമയില്ലെന്നുപോലും വിചാരിക്കുന്നു. ഈ സ്വാഭാവികഗതിക്കെതിരായിട്ടാണു തൻെറ അവസാനത്തെ രണ്ടുപദേശങ്ങൾ വിശുദ്ധൻ നിർദ്ദേശിക്കുന്നതു്. ഇവയുടെ നിവ്വഹണം ത്യാഗപൂൎണ്ണമാണ്; തന്നിമിത്തം ഇവയുടെ പൂൎണ്ണമായ അനുഷ്ഠാനം മററു സുകൃതാഭ്യാസങ്ങൾ ഒന്നും കൂടാതെ തന്നെ നമ്മെ വിശുദ്ധരാക്കിത്തീക്കുവാൻ പൎയ്യാപ്തമാണ്. വിശുദ്ധൻ പറയുന്നു; ദൈവസ്തുതികരതകുന്നവയൊന്നും നമുക്ക് ഇഷ്ടകരമായതുകൊണ്ടു ചെയ്യുകയോ അനിഷ്ടകരമായതുകൊണ്ടു പരിത്യജിക്കുകയോ അരുതു്. ആദ്ധ്യാത്മിക മനുഷ്യൻ തൻെറ പ്രവൃത്തികളിൽ ഇഷ്ടവും സന്തോഷപ്രദവുമായവയെ അല്ല, പ്രത്യുത, അസന്തുഷ്ടവും ക്ലേശകരവുമായവയെയാണ് ആരായേണ്ടതു്. അല്ലാത്തപക്ഷം സ്വാത്മത്തെ നശിപ്പിക്കുന്നതിനോ ദൈവസ്നേഹം സമ്പാദിക്കുന്നതിനോ അവനു സാധിക്കയില്ല.

തൻെറ ആത്മീയപുത്രരെ എളുപ്പമാർഗ്ഗത്തിലൂടെ പരിപൂർണ്ണതാഗ്രത്തിൽ എത്തിക്കണമെന്നാണ തൻെറ 'മുൻകരുതലുകളിൽ' വിശുദ്ധൻ ഉദ്ദേശിക്കുന്നതു്. എല്ലാവൎക്കും സാദ്ധ്യമല്ലാത്തവയൊന്നും ഇതിലില്ല. എന്തുകൊണ്ടെന്നാൽ ആന്തരികമനുഷ്യനാണ വിശുദ്ധൻെറ ലക്ഷ്യം. സർവ്വോപരി ബുദ്ധിയുടെ തപസ്സും അരൂപിയുടെ നിയന്ത്രണവുമാണ പുണ്യവാൻ ആവശ്യപ്പെടുന്നതു്. ഇതിനു കഠിനമായ തപക്രിയകളൊ മഹത്തായ പ്രവൃത്തികളൊ ദീർഘപ്രാൎത്ഥനയൊ ധാരാളം വായനയൊ സുദീർഘധ്യാനമൊ ആവശ്യമില്ല. അതിനാൽ ഒരുവൻെറ സ്വഭാവവും പാണ്ഡിത്യവും ജോലിയും എന്തുതന്നെ ആയാലും ഈ മുൻകരുതലുകളെ പാലിക്കുവാൻ അവനു സാധിക്കും. ലോകം എന്ന വാക്കാൽ വിശുദ്ധൻ വിവക്ഷിക്കുന്ന, ആളുകളോടും സാധനങ്ങളോടും ഉള്ള പക്ഷത്തേയും ആഗ്രഹത്തേയും നിയന്ത്രിക്കുകയും പിശാചൻെറ പ്രേരണകൾക്കു വഴിപ്പെടാതെ സൂക്ഷിക്കുകയും ശരീരമെന്ന വാക്കാൽ അൎത്ഥമാക്കുന്ന സ്വസ്നേഹത്തിൻെറ പ്രലോഭനങ്ങളെ ജയിക്കുകയും ചെയ്യണമെന്നതാണ വിശുദ്ധൻെറ ഉപദേശങ്ങളുടെ സംഗ്രഹം.

ലോകം, പിശാചു്, ശരീരം എന്ന ശത്രുത്രയത്തെ കീഴടക്കിയാൽ പിന്നെ ആത്മാവു് എതിരിടേണ്ടതായ വേറൊരു ശത്രുവും നമുക്കില്ല. എന്തുകൊണ്ടെന്നാൽ സൃഷ്ടികളുടെ പിടിയിൽനിന്നു നാം അത്രയധികം ഉയൎത്തപ്പെട്ടിരിക്കുന്നു. പരിശുദ്ധാരൂപിയുടെ ദിവ്യാശ്വാസം ഇഹത്തിൽ വെച്ചുതന്നെ ആത്മാവു് അനുഭവിച്ചുതുടങ്ങുന്നു. ഇതിനെപ്പററി ഒരഭിപ്രായം പ്രകടിപ്പിക്കുന്നതിനു മുമ്പായി ഈ മുൻകരുതലുകൾ ഓരോന്നിനെപ്പററിയും സവിസ്തരം പ്രതിപാദിക്കുന്നതു യുക്തമെന്നു വിചാരിക്കുന്നു.

St. Antony's Monastery,
Alwaye, Travancore,
S. India.

# അദ്ധ്യായം 3.

## പ്രഥമ നിർദ്ദേശം

### ലോകത്തിനെതിരായ ഒന്നാമത്തെ മുൻകരുതൽ

### നമ്മുടെ അയൽക്കാരൻ.

ലോകം നമുക്കു വരുത്തിക്കൂട്ടുന്ന തിന്മകളിൽനിന്നു പരിപൂൎണ്ണമായി ഒഴിയുന്നതിനു നാം മൂന്നു കാൎയ്യങ്ങൾ ചെയ്യണം. ഒന്നാമതായി, നമ്മുടെ ബന്ധുക്കളായാലും അല്ലെങ്കിലും എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും ഒരുപോലെ വിസ്മരിക്കുകയും ചെയ്യുക. ഈ ഇരുകൂട്ടരിൽനിന്നു നമ്മുടെ അതിസ്നേഹത്തെ പിൻവലിക്കുക. എന്നാൽ മനുഷ്യൎക്ക് തങ്ങളുടെ സംബന്ധികളോടു സ്വാഭാവികസ്നേഹം എപ്പോഴും ഉള്ളതിനാൽ അവരിൽനിന്നു നമ്മുടെ അതിസ്നേഹത്തെ അകററുന്നതിനു കൂടുതൽ ശ്രമിക്കുക. പരിപൂൎണ്ണത പ്രാപിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ഈ സ്നേഹത്തെ നിഗ്രഹിക്കേണ്ടിയിരിക്കുന്നു. സംബന്ധികളെ അപരിചിതരെപ്പോലെ മാത്രം പരിഗണിക്കുക. ഇപ്രകാരം ചെയ്താൽ ന്യായമായി ദൈവത്തിനു് അൎപ്പിക്കേണ്ട സ്നേഹം അവൎക്കു സമൎപ്പിക്കുമ്പോൾ സാധിക്കുന്നതിനെക്കാൾ കൂടുതൽ നന്നായി, നിനക്കവരോടുള്ള കടമ നിൎവ്വഹിക്കുവാൻ സാധിക്കും.

"ഒരാളെക്കാൾ കൂടുതലായി മററൊരാളെ സ്നേഹിക്കരുതു്. അല്ലാത്തപക്ഷം നിശ്ചയമായും നാം തെററിലുൾപ്പെടും." ദൈവത്താൽ കൂടുതൽ സ്നേഹിക്കപ്പെടുന്നവനാണു നമ്മുടെ സ്നേഹത്തിനു കൂടുതലർഹൻ. അതാരാണെന്നു നമുക്കു നിശ്ചയമില്ല. എന്നാൽ പരിശുദ്ധമായ ഏകാഗ്രത നമ്മിൽനിന്നാവശ്യ

പ്പെടുന്നതുപോലെ എല്ലാവരേയും ഒരുപോലെ വിസ്മരിക്കുക. ഇങ്ങനെ ചെയ്താൽ അവരോടുള്ള സ്നേഹത്തിൽ കൂടുതലോ കുറവോ സംഭവിച്ചുവെന്ന കുററം നമ്മെ ബാധിക്കയില്ല. അവരെപ്പററി നന്മയായോ തിന്മയായോ ഒന്നും വിചാരിക്കാതിരിക്കുക. കഴിയുന്നിടത്തോളം അവരെ വിട്ടകലുക. ഇപ്രകാരം ചെയ്യാതിരുന്നാൽ നീ ഒരു യഥാൎത്ഥസന്യാസി ആകുകയൊ പരിശുദ്ധമായ ഏകാഗ്രത പ്രാപിക്കുകയൊ അപൂൎണ്ണതകളിൽ നിന്നു വിമുക്തമാകുകയൊ ചെയ്യുകയില്ല. ഈ സംഗതിയിൽ നീ ഉദാസീനത പ്രദൎശിപ്പിച്ചാൽ ഏതെങ്കിലും വിധത്തിൽ പിശാചൻ നിന്നെ ചതിക്കും. അഥവാ നന്മയുടെ നാട്യത്തിൽ നീ വഞ്ചനയിലുൾപ്പെടും. പ്രത്യുത ഈ ഉപദേശാനുസരണം ജീവിക്കുമെങ്കിൽ നീ സുരക്ഷിതനായിരിക്കും. എന്തുകൊണ്ടെന്നാൽ അപൂൎണ്ണതകളിൽ നിന്നൊഴിയുന്നതിനോ സൃഷ്ടികളുമായി ഇടപെടുമ്പോൾ ആത്മാവു് അഭിമുഖീകരിക്കേണ്ടിവരുന്ന വിഘ്നങ്ങളെ ജയിക്കുന്നതിനോ ഇതല്ലാതെ മററുമാൎഗ്ഗമൊന്നുമില്ല.

ലോകത്തിനെതിരായ ഈ മുൻകരുതലിൽ അടങ്ങിയിരിക്കുന്ന ഉപദേശം വളരെ കഠിനമെന്നു പലൎക്കും തോന്നിയേക്കാം. "എല്ലാ മനുഷ്യരിൽനിന്നും, വിശിഷ്യാ സംബന്ധികളിൽനിന്നും, നിന്റെ ഹൃദയത്തെ വിമുക്തമാക്കുക. അവരെ എല്ലാവരേയും അപരിചിതരെപ്പോലെ ഗണിക്കുക. ഒരാളെക്കാൾ കൂടുതലായി മറെറാരാളെ സ്നേഹിക്കരുതു്. എല്ലാവരേയും ഒരുപോലെ വിസ്മരിക്കുക. അവരെപ്പററി നന്മയായും തിന്മയായും ഒന്നും വിചാരിക്കാതിരിക്കുക. ഇവ നീ അനുഷ്ഠിക്കുന്നില്ലെങ്കിൽ നീ ഒരു യഥാൎത്ഥ സന്യാസി ആകുകയില്ല."

ഒരു വിശദീകരണം കൂടാതെ ഈ വാക്കുകളുടെ വാച്യാൎത്ഥം മാത്രം നോക്കുന്നതായാൽ ബലഹീനരായ ചില ആത്മാക്കൾ വിശുദ്ധനോടനുഭാവം ഇല്ലാത്തവരായി അദ്ദേഹത്തിന്റെ കൃതികൾ പാരായണം ചെയ്യുന്നതിൽനിന്നു വിരമിക്കുവാൻ ഇടവന്നേക്കാം. ഇതും ഇതുപോലുള്ളതുമായ വാക്യങ്ങൾ

മൂലം വിശുദ്ധനു പല സ്നേഹിതരും നഷ്ടപ്പെട്ടിട്ടുണ്ടെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ സംപൂജ്യനായ ഒരു സന്യാസിയോടു വിശുദ്ധൻെറ മേലുദ്ധരിച്ച വാക്കുകളുടെ അർത്ഥം എന്തെന്നു ചോദിക്കയുണ്ടായി. അദ്ദേഹം നിഷ്കപടമായി ഇപ്രകാരം പ്രത്യുത്തരിച്ചു. എനിക്കിതു ശരിയായി മനസ്സിലാകുന്നില്ല. ബഹുമാന്യരായ പലരും ഇതെപ്പററി പലപ്പോഴും എന്നോടു ചോദിച്ചിട്ടുണ്ട്. എന്നാൽ എന്തു സമാധാനമാണ് അവരോടു പറയേണ്ടതു് എന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. അദ്ദേഹം ഇതു നൊവിഷ്യേററുകാരെ ഉദ്ദേശിച്ച് എഴുതിയതാണെന്നാണ് എൻെറ അഭിപ്രായം. എന്തുകൊണ്ടെന്നാൽ നൊവിഷ്യേററിലും കോളേജിലും ഒഴിച്ചു മററു സ്ഥലങ്ങളിൽ ഈ ഉപദേശങ്ങൾ വിശ്വസ്തതാപൂർവ്വം അനുഷ്ഠിക്കുന്നതെങ്ങനെ എന്ന് എനിക്കറിഞ്ഞുകൂടാ.

വിലപനീയമായ ഒരു തെററിദ്ധാരണ ഇവിടെ നാം കാണുന്നു. പ്രഖ്യാതങ്ങളായ തൻെറ മുൻകരുതലുകൾ നവസന്യാസികളെ ഉദ്ദേശിച്ചാണ് വിശുദ്ധൻ എഴുതിയതു് എന്നതു വാസ്തവമാണെങ്കിലും അവരുടെ സന്യാസരൂപവല്ക്കരണഘട്ടത്തിൽ മാത്രമല്ല, ജീവിതകാലം മുഴുവനിലും ആദർശമായി സ്വീകരിക്കുന്നതിനു പര്യാപ്തമല്ലാത്ത താല്ക്കാലികമായ ഒരു ഉപദേശം അദ്ദേഹം അവർക്കു നല്കുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. മറെറല്ലാവരേയുംപോലെതന്നെ ഒരു സന്യാസിയും ജീവിക്കേണ്ടിവരുന്ന വിവിധ സാഹചര്യങ്ങൾക്ക് അനുസരണമായി മാറിക്കൊണ്ടിരിക്കുന്ന ഒരു തത്വോപദേശം മാത്രമല്ല ഇതിലടങ്ങിയിരിക്കുന്നതു്.

ഈ മുൻകരുതലുകളെ പ്രായോഗികമാക്കുന്ന ഒരുവനു സുഗ്രഹമാകുന്നതുപോലെ ഇവയുടെ ഉദ്ദേശ്യം ഒരു സന്യാസിയുടെ അന്തക്കരണത്തിൻെറ — ആന്തരികമനുഷ്യൻെറ — രൂപവല്ക്കരണമാണ് ഈ ആന്തരികരൂപവല്ക്കരണം — മനുഷ്യൻെറ സന്മാർഗ്ഗവ്യക്തിത്വം—മനുഷ്യജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളിലും സാഹചര്യങ്ങളിലും ഒന്നുതന്നെയായിരിക്കണം. ഓരോ

മനുഷ്യനും, അഭിമുഖീകരിക്കേണ്ടിവരുന്ന വിവിധ സാഹചര്യങ്ങൾക്കും, ഇടപെടുകയും സഹവസിക്കുകയും ചെയ്യേണ്ടിവരുന്ന പലതരം ആളുകളുടെ സ്വഭാവത്തിനും യോജിക്കത്തക്കവണ്ണം സ്വയം അനുരൂപപ്പെടുത്തണം. എന്നാൽ സ്വയം എളിമപ്പെടുത്താതെ ഒരുവന് അവൻെറ സന്മാർഗ്ഗവ്യക്തിത്വത്തെ പരിത്യജിക്കുക സാദ്ധ്യമല്ല. ഒരു സന്യാസിക്ക് എല്ലാവരെക്കാൾ കൂടുതലായി എല്ലാററിനോടും എല്ലാ ആളുകളോടും യോജിച്ചു കഴിഞ്ഞുകൂടാൻ കഴിയും. 'എല്ലാവരേയും പാട്ടിലാക്കുവാൻവേണ്ടി എല്ലാവരും ഒന്നിച്ചുജീവിക്കുന്നതിനു പഠിക്കുക' എന്നതായിരുന്നു വി. പൗലോസിൻെറ ആദർശം. "എല്ലാവരേയും രക്ഷിക്കുന്നതിനായി ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു. (I കൊറി. IX, 22.) എന്നാൽ ഇങ്ങനെ പ്രവർത്തിക്കുമ്പോൾ ആന്തരികമായും ബാഹ്യമായും ഒരു യഥാർത്ഥ സന്യാസിയായിരിക്കുന്നതിനുള്ള കടമയിൽനിന്നു നാം വിമുക്തരാകുന്നില്ല. ഈ കടമയെ അവഗണിക്കുമ്പോൾ മററുള്ളവർ തൻെറ സഭയേയും ജീവിതാന്തസ്സിനേയും ബഹുമാനിക്കത്തക്കവണ്ണം വർത്തിക്കുവാനുള്ള കടമയെ-ഗൗരവമേറിയ ചുമതലയെ-നിറവേററാതിരിക്കുകയാണ് ഒരു സന്യാസി ചെയ്യുന്നതു്.

ഈ ഉത്തമാദ്ധ്യാപകൻെറ ഉദ്ദേശ്യം തൻെറ ശിഷ്യരിൽ, സ്വപ്രവൃത്തികളെപ്പററി അറിയുന്ന ഈ ആന്തരിക മനുഷ്യനെ—മനസ്സാക്ഷിയെ—എല്ലാ സാഹചര്യങ്ങൾക്കും അനുരൂപമാക്കത്തക്കവണ്ണം വഴക്കമുള്ളതും എന്നാൽ യാതൊരു മനുഷ്യനും വസ്തുവിനും ബലഹീനമാക്കുവാൻ സാധിക്കാത്തവിധം ബലിഷ്ഠവുമായ സന്മാർഗ്ഗവ്യക്തിത്വത്തെ — രൂപവല്ക്കരിക്കുക എന്നതാണ്. പുരാതനവും സംപൂജ്യവുമായ കർമ്മലസഭയെ നവീകരിക്കുന്നതിനും അതിൻെറ ആദ്യജാതരെ പഠിപ്പിക്കുന്നതിനുമായി ദൈവത്താൽ നിയുക്തനായ വി. യോഹന്നാൻക്രൂസ് പ്രായോഗിക ജ്ഞാനത്താലും വിശുദ്ധിയാലും ഒരുത്തമാദ്ധ്യാപകന് ആവശ്യകമായ ഗുണങ്ങളാലും അലംകൃതനായിരുന്നു. തൻെറ ശിഷ്യരാകുവാൻ ഭാഗ്യം സിദ്ധിച്ചവരുടെ ഹൃദയങ്ങളെ

രൂപവല്ക്കരിക്കുന്നതിനു് ആവശ്യകമായ ഗുണങ്ങാംകൊണ്ടു ദൈവപരിപാലന അദ്ദേഹത്തെ സമ്പന്നനാക്കി എന്നതിൽ സംശയമില്ല. വിശുദ്ധൻ തൻെറ ശിഷ്യരെ അഭ്യസിപ്പിച്ചതു് അവരുടെ നൊവിഷ്യേററകാലത്തേയ്ക്കു മാത്രമല്ല, അവരുടെ സന്യാസജീവിതം മുഴുവനിലും ഉപകരിക്കത്തക്കവണ്ണമായിരുന്നു. തന്നെയുമല്ല, അവർ ആ സമ്പത്തു തങ്ങളുടെ പിൻഗാമികാംക്കു പ്രദാനംചെയ്യുകയും ചെയ്തു. ഇതു സാധിക്കുന്നതിനു സ്ഥലകാലാനുസൃതവും ബുദ്ധിപൂർവ്വകവുമായ നിയമങ്ങളെ അദ്ദേഹം ഏർപ്പെടുത്തി. അതിനാൽ നവീകരണത്തിനുശേഷമുള്ള ആദ്യനവസന്യാസികാംക്കായി ഈ മുൻകരുതലുകാം എഴുതിയെന്നു സമ്മതിക്കാമെങ്കിലും നൊവിഷ്യേററകാലത്തേയ്ക്കു മാത്രം ഉപകരിക്കുന്ന ഒരു തത്വത്തെ അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ദൃഢമൂലമാക്കിയെന്നു വിശ്വസിക്കാൻ തരമില്ല. മാത്രമല്ല, മുൻപ്രസ്താവിച്ച വാക്യങ്ങളുടെ വാച്യാൎത്ഥം വ്യക്തമാക്കുന്നതുപോലെ തൻെറ ജ്ഞാനമക്കളോടുള്ള അദ്ദേഹത്തിൻെറ ഉപദേശം കഠിനമാണെന്നു വിശ്വസിക്കാൻ നമുക്കു നിർവ്വാഹവുമില്ല.

ഒരു എഴുത്തുകാരൻെറ കൃതികളിൽ കുറെ ഭാഗം മാത്രം വായിച്ചതുകൊണ്ടു് അദ്ദേഹത്തെപ്പററി ഒരു വിധിപ്രസ്താവിക്കാൻ പാടില്ല. അദ്ദേഹത്തിൻെറ കൃതികളിൽ ദൃശ്യമാകുന്ന പ്രധാന തത്വങ്ങളെ പരിഗണിക്കേണ്ടതു് ആവശ്യമാണു്. ഗ്രന്ഥകാരൻ ഒരു വിശുദ്ധനും അദ്ദേഹത്തിൻെറ പ്രതിപാദ്യ വിഷയം ആദ്ധ്യാത്മികസംഗതികളും, ആയിരിക്കുമ്പോാം അദ്ദേഹത്തിൻെറ പ്രവൃത്തികളെക്കൂടി പരിഗണിക്കുന്നതു് ഉത്തമമാണു്. എന്തുകൊണ്ടെന്നാൽ പുണ്യവാന്മാരാണു് എല്ലാവരെയുംകാാം അഭിപ്രായസ്ഥിരതയുള്ളവർ. അതിനാൽ എല്ലാ പ്രായോഗികവശങ്ങളിലും അവരുടെ മനസ്സിൻെറ ഏററം പരിപൂർണ്ണമായ ബാഹ്യപ്രകടനമാണു് അവരുടെ പ്രവൃത്തികാം. ഈ ന്യായത്താൽ, തനിക്കു് ഇടപെടേണ്ടിവന്നവരെ വിശുദ്ധൻ വിസ്മരിക്കുന്നില്ല; പ്രത്യുത, അവൎക്കു് ഉപകാരപ്രദ

മായതെല്ലാം ചെയ്യുന്നതിനു് ഉൽസുകനായിരുന്നു എന്നും, അദ്ദേഹം നിർവ്വികാരനായിരുന്നില്ല, മറിച്ചു് വളരെ സ്നേഹമുള്ളവനായിരുന്നു എന്നും തെളിയിക്കാൻ സാധിക്കുമെങ്കിൽ, തൻെറ ഒന്നാമത്തെ മുൻകരുതലിൽ മററുള്ളവരെ പാടേ മറന്നുകളയണമെന്നോ അവരോടു സ്നേഹാദരങ്ങളോടെ വർത്തിക്കരുതെന്നോ അല്ല, അദ്ദേഹം തൻെറ ജ്ഞാനമക്കളെ ഉപദേശിക്കുന്നതെന്നു നമുക്കു മനസ്സിലാക്കാം.

നമ്മുടെ പിതാവു് വി. യോഹന്നാൻക്രൂസിൻെറ ജീവചരിത്രങ്ങാം സുലഭമാണെങ്കിലും അവ അദ്ദേഹത്തിൻെറ സന്മാർഗ്ഗതത്വങ്ങളെ സ്പഷ്ടമായി പ്രകാശിപ്പിക്കുന്നില്ല എന്നുള്ളതു വാസ്തവംതന്നെ. സാധാരണ എല്ലാ ജീവചരിത്രങ്ങാംക്കും പൊതുവായുള്ള ന്യൂനതയിൽനിന്നു് അവയും വിമുക്തമല്ല. നമുക്കും പുണ്യവാന്മാർക്കും പൊതുവായ സാമാന്യജീവിതത്തിൽനിന്നു പുണ്യവാന്മാരെ വളരെ വ്യത്യാസപ്പെടുത്തി കാണിക്കുന്നതിനു ചില കാലങ്ങളിലെ എഴുത്തുകാർ വളരെ ഉൽസുകരായി കാണപ്പെടുന്നതിൻെറ രഹസ്യം എന്താണെന്നറിഞ്ഞുകൂടാ. വിശുദ്ധന്മാരുടെ അസാധാരണവും അത്ഭുതജനകവുമായ പ്രവൃത്തികളെ വളരെ തന്മയത്വത്തോടുകൂടി അവർ വർണ്ണിക്കുന്നു. എന്നാൽ അവർ വിശുദ്ധിപ്രാപിച്ച ആ മാർഗ്ഗം — അവർ അവരുടെ സാധാരണ കൃത്യങ്ങളെ എപ്രകാരം നിർവ്വഹിച്ചു എന്നു് — അവർ പ്രസ്താവിക്കുന്നതേയില്ല. വിശുദ്ധന്മാരുടെ യഥാർത്ഥ ചിത്രം അവർ പ്രദർശിപ്പിക്കുന്നില്ല. അവരുടെ പ്രവൃത്തികളുടെ നിദാനവും, ആശ്ചര്യകരവും സാധാരണവുമായ അനുദിന കൃത്യങ്ങളെ യോഗ്യതാർഹമാക്കിത്തീർത്തതുമായ അവരുടെ ഹൃദയത്തിൻെറ യഥാർത്ഥ സ്വഭാവം ഗ്രഹിക്കുന്നതിനു് അവർ നമ്മെ അനുവദിക്കുന്നില്ല.

ഈദൃശമായ ജീവചരിത്രങ്ങാംവഴി അവർ നിർവ്വഹിച്ച പല മഹാകാര്യങ്ങളും അറിയാൻ നമുക്കിടവരുന്നു, എന്നല്ലാതെ അവരുടെ യഥാർത്ഥ സ്വഭാവം നാം ഗ്രഹിക്കുന്നില്ല. ഉൽകൃഷ്ടവും എന്നാൽ സാധാരണവും, (പാപഫലമായ എല്ലാ അത്ഭു

ദ്ധതയിൽനിന്നും അവരുടെ അശ്രാന്തപരിശ്രമവും വരപ്രസാദവും അവരെ ശുദ്ധീകരിച്ചതിനാൽ) ദൈവികത്വത്തോടു വളരെ അടുത്തതുമായ അവരുടെ സ്വഭാവം മനസ്സിലാക്കുന്നതിനു് ഈ ജീവചരിത്രങ്ങൾ ഒരുവിധത്തിലും സഹായിക്കുന്നില്ല. അതിനാൽ വിശുദ്ധൻെറ ജീവചരിത്രത്തിൽനിന്നു് അദ്ദേഹത്തിൻെറ യഥാൎത്ഥ സ്വഭാവം പഠിക്കുന്നതിനു നമുക്കു സാധിക്കുന്നില്ല. ഒന്നാമത്തെ മുൻകരുതലിൽ അദ്ദേഹം ഉപദേശിക്കുന്നതുപോലെ സഹവൎത്തികളെ അവർ അപരിചിതരെപ്പോലെ ഗണിച്ചിരുന്നോ എന്നും എല്ലാററിനേയും വിസ്മരിച്ചാലെന്നപോലെയാണോ അവർ ജീവിച്ചിരുന്നതെന്നും സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു് ഈ ജീവചരിത്രങ്ങൾ ഉപകരിക്കുന്നില്ല.

വിശുദ്ധ യോഹന്നാൻക്രൂസ് ഏകാന്തത്തെ അത്യധികം സ്നേഹിച്ചിരുന്നെങ്കിലും മനുഷ്യസഹവാസം ഉപേക്ഷിച്ചു് ആകാശത്തിലേ നക്ഷത്രങ്ങളെപ്പോലെയോ, വനത്തിലേ മൃഗങ്ങളെപ്പോലെയോ ജീവിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു സന്യാസസഭയുടെ നവീകരണകർത്താവും, സന്യാസീസന്യാസിനികൾക്കായുള്ള നിരവധി ആശ്രമങ്ങളുടെ സ്ഥാപകനും, പല ആത്മാക്കളുടേയും നിയന്താവും അനേകവത്സരത്തേക്കു് ഒരു സഭാദ്ധ്യക്ഷനും ആയിരുന്ന അദ്ദേഹം, സ്വമനസ്സിനു വിരുദ്ധമായിട്ടാണെങ്കിലും പുണ്യസമ്പന്നമായ തൻെറ ആത്മാവിനെപ്പററി അല്പജ്ഞാനം നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്. പുണ്യവാനായ ഈ കൎമ്മലിത്താക്കാരനോടു് ഏതെങ്കിലും വിധത്തിൽ ഇടപെടുവാൻ ഭാഗ്യമുണ്ടായ എല്ലാവരോടും ഇദ്ദേഹം വളരെ സ്നേഹമുള്ളവനും, അവരെപ്പററി പിതൃതുല്യമായ ഉൽക്കണ്ഠയുള്ളവനും ആയിരുന്നു എന്നു് അതുവഴിയായി നമുക്കു ഗ്രഹിക്കാം.

ഒരു ഗ്രന്ഥകാരൻെറ സ്വകാര്യകത്തുകൾ, അദ്ദേഹത്തിൻെറ മറെറല്ലാ കൃതികളും ഏകോപിച്ചു സാധിക്കുന്നതിനെക്കാൾ കൂടുതൽ നന്നായിട്ടു് അദ്ദേഹത്തിൻെറ സ്വഭാവത്തെ സ്പഷ്ടമാക്കുന്നു. അപരിചിതരുടെ സംശയാസ്പദമായ നിരീക്ഷ

ണങ്ങളിൽനിന്നും നാം സംസാരിക്കുന്ന ആ ആളിൻെറ ദൃഷ്ടി കളിൽനിന്നുതന്നെയും വിദൂരസ്ഥരാകുമ്പോഠം, പൊതുസ്ഥല ങ്ങളിലും രഹസ്യസംഭാഷണങ്ങളിലും അനുഷ്ഠിക്കേണ്ട ചില ആചാരങ്ങളിൽനിന്നു നാം സ്വതന്ത്രരാണെന്നു വിചാരിക്കുന്നു. രഹസ്യവും ആത്മാൎത്ഥവുമായ സംഭാഷണങ്ങളിലാണ നമ്മുടെ തനിനിറം പ്രത്യക്ഷപ്പെടുന്നതു്. ഈമാതിരി സംഭാഷണങ്ങ ളിൽ നമ്മുടെ ആത്മാവിനെ നമ്മുടെ സ്നേഹിതൻെറ ആത്മാ വിനോടു നാം ദൃഢമായി യോജിപ്പിക്കുന്നു. അതുകൊണ്ടാണ പുണ്യവാന്മാരുടെ എഴുത്തുകഠം അത്ര ഉപദേശസംപുഷ്ടവും ആകൎഷകവും മനോജ്ഞവുമായിത്തീരുന്നതു്. വിശുദ്ധൻ എഴു തിയിട്ടുള്ള എഴുത്തുകഠം നിരവധിയാണു്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു് ഇടപെടേണ്ടിവന്ന ആളുകഠം നിരവധിയത്രേ. എങ്കിലും നിർഭാഗ്യവശാൽ സാഹിത്യപരവും താത്വികവും ആയ ഈ വിശിഷ്ടകൃതികളെല്ലാം അദ്ദേഹത്തിനെതിരായി ഉണ്ടായ കൊടുങ്കാററിൽ നശിപ്പിക്കപ്പെട്ടുപോയി. എന്നാൽ എല്ലാം നശിച്ചുപോകുന്നതിനു ദൈവപരിപാലന അനുവദി ച്ചില്ല. ചില എഴുത്തുകളും മററു ചിലതിൻെറ അംശങ്ങളും അദ്ദേഹത്തിൻെറ ജ്ഞാനമക്കഠം വളരെ പൂജ്യമായി ശേഖരി ച്ചിട്ടുണ്ടു്. അവയാണ വിശുദ്ധൻെറ ഹൃദയശ്രേഷ്ഠതയെ ശരി യായി മനസ്സിലാക്കുന്നതിനും അദ്ദേഹത്തിൻെറ ചില വാക്യ ങ്ങളുടെ വിവക്ഷിതാർത്ഥം വേണ്ടവണ്ണം ഗ്രഹിക്കുന്നതിനും ഇപ്പോഠം നമുക്കുള്ള ഏകമാൎഗ്ഗം.

വി. യോഹന്നാൻക്രൂസ്സ് തൻെറ എഴുത്തുകളിൽ ഉദ്ദിഷ്ട കാൎയ്യംമാത്രം പ്രസ്താവിച്ചുകൊണ്ടു് മറെറല്ലാ സംഗതികളേയും ആ എഴുത്തു വായിക്കാനുള്ള ആളെത്തന്നെയും വിസ്മരിച്ചി രുന്നോ എന്നു സംശയം തോന്നിയേക്കാം. അദ്ദേഹത്തിൻെറ ഒന്നാമത്തെ മുൻകരുതലിൻെറ വാച്യാൎത്ഥം നാം പരിഗണി ക്കുന്നതായാൽ ഇതായിരിക്കും അനുഭവം. എന്നാൽ അദ്ദേഹ ത്തിൻെറ പ്രവൃത്തികഠം അതിൽനിന്നു വ്യത്യസ്തങ്ങളായിരുന്നു വെന്നു നിശ്ചയമായി പറയാം. അദ്ദേഹത്തിൻെറ ഒരെഴുത്തിൽ

താൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടതിൻെറശേഷം അമ്മത്രേസ്യായെയും തൻെറ സഹോദരിമാരെയും കാണ്മാൻ സാധിച്ചില്ലെന്നു ദൈവചിത്തത്തിനു കീഴ്വഴങ്ങിക്കൊണ്ടെങ്കിലും വിശുദ്ധൻ ആവലാതിപ്പെടുന്നുണ്ട്. അദ്ദേഹത്തിൻെറ സ്വന്തം വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം: "എൻെറ മകളേ! ഈശോ നമ്മുടെ ആത്മാക്കളിൽ സന്നിധിചെയ്യട്ടെ. നീ എവിടെയാണെന്ന് എനിക്കു നിശ്ചയമില്ലെങ്കിലും, നീ നമ്മുടെ അമ്മയോടുകൂടെയല്ലെങ്കിൽ, നമ്മുടെ അമ്മ ഇതു നിനക്ക് എത്തിച്ചുതരുമെന്ന പ്രതീക്ഷയോടെ നിനക്ക് ഈ എഴുത്തെഴുതാൻ ഞാൻ ആഗ്രഹിക്കുന്നു. നീ നമ്മുടെ അമ്മയോടുകൂടെയല്ലെങ്കിൽ നിന്നെക്കാൾ ഏകാകിയും നാടുകടത്തപ്പെട്ടവനുമായ എന്നോടൊരുമിച്ചു നീയും സമാശ്വസിച്ചാലും! എന്തുകൊണ്ടെന്നാൽ ഞാൻ ആ തിമിംഗലത്താൽ വിഴുങ്ങപ്പെട്ട് ഈ കരയിൽ ഛർദ്ദിക്കപ്പെട്ടതിനുശേഷം ആ ധന്യയെയോ മററു പുണ്യാത്മാക്കളെയോ കാണാൻ എനിക്കു സാധിച്ചിട്ടില്ല. നമ്മുടെ നന്മയ്ക്കായിട്ടാണ് ഇപ്രകാരം സംഭവിക്കാൻ ദൈവം തിരുമനസ്സായതു്. കാരണം മനുഷ്യബന്ധത്തെ ക്രമശഃ വിഛേദിക്കുന്ന ഒരു അരം ആണ് ഏകാന്തം. അന്ധകാരത്തെ സസന്തോഷം സഹിക്കുന്നതു വലിയ പ്രകാശത്തിലേക്കുള്ള മാർഗ്ഗവുമാകുന്നു."

തൻെറ അമ്മയും ഗുരുവും ശിഷ്യയുമായ വി. ത്രേസ്യായ്ക്ക് അദ്ദേഹം എഴുതിയ എഴുത്തുകൾ പലതും നശിപ്പിച്ചുകളഞ്ഞതിലുള്ള നഷ്ടം വളരെ വലുതുതന്നെ. എന്നാൽ കണ്ടുകിട്ടിയിട്ടുള്ള ചുരുക്കം ചില കത്തുകളിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നവയിൽനിന്നു മററുള്ളവരോട് ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ സ്നേഹവും പിതൃതുല്യമായ ആർദ്രതയും അദ്ദേഹത്തിന് അമ്മത്രേസ്യായോട് ഉണ്ടായിരുന്നെന്നു നമുക്കനുമാനിക്കാം. ഈ വിശുദ്ധയോടുള്ള തൻെറ സ്നേഹത്തിൽ അദ്ദേഹം നിഷ്പക്ഷത അവലംബിച്ചിരുന്നെന്നു വിശ്വസിക്കാൻ തരമില്ല.

ഒരു ഭക്തസ്ത്രീയ്ക്ക് അദ്ദേഹം ഇപ്രകാരം എഴുതി: "നിൻെറ എഴുത്തുകളെല്ലാം കിട്ടി. നിൻെറ എല്ലാ സങ്കടങ്ങളിലും പരീ

ക്ഷകളിലും ജ്ഞാനാന്ധകാരത്തിലും ഞാൻ പങ്കുകൊണ്ടു. അവ നിന്നോട്ട് അവാച്യമായ അനുകമ്പ എന്നിലുളവാക്കി. അവയെല്ലാം കൂടുതൽ സ്നേഹം എൻെറ ഹൃദയത്തിൽനിന്ന് ആവശ്യപ്പെടുന്നു. എൻെറ പ്രാത്ഥനയും നെടുവീപ്പുകളും ദൈവസന്നിധിയിലേക്കുയരുന്നതിന് അവ കാരണമാക്കിത്തീക്കുന്നു." തനിക്കു പലപ്പോഴും എഴുതണമെന്നും, അവളുടെ എഴുത്തുകൾ തീരെ ചുരുക്കമായിരിക്കരുതെന്നുംകൂടി ഈ മഹതിയോടു വിശുദ്ധൻ അഭ്യത്ഥിക്കുന്നുണ്ട്. ഈ സ്ത്രീക്കുതന്നെ വേറൊരവസരത്തിൽ വിശുദ്ധൻ എഴുതുന്നു: "നീ പറയുന്നതുപോലെ സാധുക്കളെ മറന്നുകളയാതിരിക്കുന്നതിനുള്ള വരം എനിക്കു നല്കിയതിനു ദൈവത്തിനു സ്തുതി ഉണ്ടായിരിക്കട്ടെ. നീ പറയുന്നതു നീ വിശ്വസിക്കുന്നുണ്ടെന്നു വിചാരിക്കുകപോലും എനിക്കു ദുഃഖഹേതുകമാണ്. പല സ്നേഹലക്ഷ്യങ്ങളും കാണിച്ചതിനുശേഷവും നീ ഇപ്രകാരം പറയുന്നതു സങ്കടമാകാതെ വരുമോ? നിന്നെ മറക്കുന്നതിന് ഇപ്പോൾ ഇതുമാത്രമേ എനിക്കു പോരായ്മയുള്ളു. എന്നാൽ നീ എൻെറ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരിക്കുകയാൽ ഇതു് എങ്ങനെയാണു സാധിക്കുക"?

ലോകത്തിനെതിരായ ഒന്നാമത്തെ മുൻകുറുതൽ എഴുതിയ ആളല്ല ഇതെഴുതിയതെന്നു തോന്നുന്നുണ്ടോ? എന്നാൽ ഇവ രണ്ടും എഴുതിയ ആളും ഇതെഴുതാൻ പ്രേരിപ്പിക്കുന്ന അരൂപിയും ഒന്നുതന്നെയാണ്. നമ്മുടെ വിശുദ്ധൻ, തൻെറ പഠനങ്ങൾക്കു വിരുദ്ധമായി പ്രവത്തിക്കുകയോ സ്വയം അഭ്യസിക്കാതിരുന്ന തത്വങ്ങൾ സ്വസന്താനങ്ങൾക്ക് ഉപദേശിക്കുകയോ ചെയ്തിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. എന്നാൽ കുരിശിൻെറ ഈ മഹാസ്നേഹിതൻെറ മാധുര്യം എല്ലായ്പോഴും പരിത്യാഗാരൂപിയാൽ ആച്ഛാദനം ചെയ്യപ്പെട്ടിരിക്കുന്നതാണു നാം ദശിക്കുന്നതു്. 'ബിയാസി'ലേ കന്യാസ്ത്രീകൾക്ക് അദ്ദേഹം എഴുതിയ എഴുത്തിൻെറ ഒരു ഭാഗമാണു താഴെ ഉദ്ധരിക്കുന്നതു്. "ക്രിസ്തുവിൽ എൻെറ വത്സലമക്കളേ! ഈശോ മറിയം നിങ്ങളുടെ

ആത്മാവുകളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളുടെ എഴുത്ത് എന്നെ വളരെ സമാശ്വസിപ്പിച്ചു. നമ്മുടെ കർത്താവു് അതിനു നിങ്ങൾക്കു പ്രതിഫലം നല്കട്ടേ. എൻെറ സന്മനസ്സിൻെറ അഭാവമല്ല ഈ എഴുത്തു് എഴുതുവാൻ താമസത്തിനു കാരണമായതു്. എന്തുകൊണ്ടെന്നാൽ നിങ്ങൾക്കെല്ലാവക്കും ഞാൻ നന്മ ആശംസിക്കുന്നു. പ്രസ്തുത ആവശ്യമുള്ളതെല്ലാം സാധിക്കുന്നതിനു വേണ്ടതെല്ലാം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നതിനാലാണു് ഈ കത്തു് ഇത്രയും താമസിച്ചതു്. നന്മയോ തിന്മയോ ആയ എന്തുതന്നെ നിങ്ങൾക്കു സംഭവിച്ചാലും സ്നേഹത്തിൻെറ ആർദ്രതയിൽ നിങ്ങളുടെ ഹൃദയങ്ങളെ സമാധാനമായി വെച്ചുകൊള്ളുവാൻ ഒരിക്കലും മറക്കരുതു്. തദ്വാരാ എല്ലാ സാഹചര്യങ്ങളിലും സഹനം നിങ്ങളുടെ ഓഹരിയായിരിക്കട്ടേ. എന്തുകൊണ്ടെന്നാൽ പരിപൂർണ്ണത മഹത്തായതാണു്. വിലതീരാത്ത ഒന്നാണു് ആത്മീയാശ്വാസം. ഇവകൊണ്ടു സംതൃപ്തരായിരിക്കുന്നതിനു ദൈവം നമ്മെ അനുഗ്രഹിക്കട്ടേ. മൗനമായി സഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടല്ലാതെ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുവാൻ നമുക്കു സാധിക്കുകയില്ല. എൻെറ മക്കളേ, മനുഷ്യരുമായി സംസാരിക്കാൻ ഇഷ്ടപ്പെടുന്ന ആത്മാക്കൾ ദൈവവുമായി സംഭാഷിക്കുന്നതിനു സന്നദ്ധരല്ലെന്നു് അനുഭവത്തിൽനിന്നു് എനിക്കറിയാം. കാരണം, ദൈവത്തോടു സംഭാഷിക്കുവാൻ ഒരുങ്ങിയിരുന്നെങ്കിൽ അവർ ഏകാന്തത്തിൽ പ്രവേശിച്ചു മൗനവ്രതത്തെ സ്നേഹിക്കുകയും എല്ലാവിധ മാനുഷിക സംസാരത്തേയും വെറുക്കുകയും ചെയ്യുമായിരുന്നു. ബാഹ്യവസ്തുക്കൾ എത്രതന്നെ നല്ലതും പ്രയോജനകരവും ആയിരുന്നാലും അവയിൽ സന്തോഷിക്കുന്നതിനെക്കാൾ കൂടുതലായി ആത്മാക്കൾ തന്നിൽ സന്തോഷിക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നതു്. നിങ്ങളുടെ വിശുദ്ധമായ പ്രാർത്ഥനയ്ക്കു് എന്നെ ഞാൻ കയ്യാളിക്കുന്നു. എൻെറ ഉപവി അപൂർണ്ണമാണെങ്കിലും അതു നിങ്ങളോടു് ഏകീഭവിച്ചിരിക്കുകയാൽ മിശിഹായിൽ ഞാൻ വള

രെയധികം കടപ്പെട്ടിരിക്കുന്നു. നിങ്ങളെ വിസ്മരിക്കാൻ ഒരി ക്കലും എനിക്കു സാധിക്കുകയില്ലെന്നു വിശ്വസിച്ചാലും."

ലോകത്തിനെതിരായ ഒന്നാമത്തെ മുൻകരുതലിന്റെ വിവക്ഷിതാർത്ഥം എന്താണെന്നു് അടുത്ത അദ്ധ്യായത്തിൽ നമുക്കു വിചിന്തനം ചെയ്യാം. എന്തുകൊണ്ടെന്നാൽ ആത്മാവിനെ നിരാശക്കുണ്ടിൽ നിപതിപ്പിക്കുന്ന അതിന്റെ വാച്യാർത്ഥത്തിനിടയിൽ വളരെയധികം മാധുര്യ്യവും സ്നേഹവും നിക്ഷിപ്തമായിട്ടുണ്ടു്. ഇവയെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പായി ഇവയെ കൂടുതൽ വ്യക്തമാക്കുന്ന അമ്മ ത്രേസ്യായുടെ രണ്ടു വാക്യങ്ങളെ നമുക്കു പരിശോധിക്കാം. വിശുദ്ധ പറയുന്നു: "എന്റെ സഹോദരന്മാർ വന്നപ്പോഠം — അവരിൽ ഒരാളോടു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു — അദ്ദേഹത്തോടുകൂടി ആയിരിക്കുന്നതിനോ അദ്ദേഹത്തിന്റെ ആത്മശരീരഗുണത്തിനു് ഉപകരിക്കുന്ന സംഗതികളെപ്പററി അദ്ദേഹത്തോടു സംസാരിക്കുന്നതിനോ ഞാൻ ഉപേക്ഷ വിചാരിച്ചില്ല. എന്നാൽ ഇതെല്ലാം എനിക്കു ക്ഷീണവും വേദനയും ഉണ്ടാക്കി. എങ്കിലും ഇതെല്ലാം ചെയ്യുന്നതിനു ഞാൻ കടപ്പെട്ടിരിക്കുന്നുവെന്നു സമാശ്വസിച്ചുകൊണ്ടു് എന്റെ ക്ഷീണവും വേദനയും ഞാൻ ദൈവത്തിനു സമപ്പിച്ചു. അപ്പോഠം സംബന്ധികളിൽനിന്നു് ഒഴിഞ്ഞുമാറണമെന്നു നിയമത്തിൽ പറഞ്ഞിരിക്കുന്ന സംഗതി ഞാൻ ഓമ്മിച്ചു. ആകയാൽ എന്റെ നിയമങ്ങഠംക്കു വിരുദ്ധമായിട്ടാണോ ഞാൻ പ്രവത്തിച്ചതെന്നു ഞാൻ സ്വയം ചോദിച്ചു. അതിനു് "അല്ല മകളേ, നിന്റെ സ്ഥാപനങ്ങഠം എന്റെ നിയമങ്ങഠംക്കനുസരണമായി മാത്രമേ അഭിവൃദ്ധിപ്പെടുകയുള്ളൂ" എന്നു കത്താവു മറുപടി നല്കി.

വിശുദ്ധ ത്രേസ്യായുടെ ഈ മനോജ്ഞമായ വാക്കുകളിൽ നിന്നു്, പുണ്യമൊ സഭാനിയമങ്ങളൊ നമ്മുടെ ബന്ധുക്കളോടും മററാളുകളോടുമുള്ള സ്നേഹത്തെ തടയുന്നില്ലെന്നു വിശദമാകുന്നു. സ്നേഹത്തെയല്ല നാം തടയേണ്ടതു്. പ്രത്യുത്, സ്നേഹത്തിൽ വന്നുകൂടിയേക്കാവുന്ന ക്രമക്കേടുകളെയത്രേ. എന്തുകൊ

ണ്ടെന്നാൽ സഹോദരസ്നേഹം അതിൽത്തന്നെ വിശുദ്ധവും സ്തുത്യർഹവുമാണ്. വിശുദ്ധ വീണ്ടും പറയുന്നു: "എൻെറ ആത്മപാലകന്മാരോടു വളരെ സ്നേഹം ഉണ്ടായിരിക്കുകയും അവരുടെ സഹവാസത്തിൽ സന്തോഷിക്കുകയും ദൈവത്തിൻെറ മഹാദാസന്മാരോടുകൂടി സ്വയം സമാശ്വസിക്കുകയും ചെയ്യുന്നതു സൃഷ്ടികളിൽനിന്നു ഞാൻ ഇനിയും സ്വതന്ത്രയായിട്ടില്ലെന്നുള്ളതിൻെറ ലക്ഷ്യമാണോ എന്നു ഞാൻ ഒരു ദിവസം വിചിന്തനം ചെയ്യുകയായിരുന്നു." അപ്പോൾ കർത്താവ് എന്നോടു പറഞ്ഞു. "മരണാപകടത്തിൽനിന്ന് ഒരു രോഗിയെ രക്ഷിച്ച് ആരോഗ്യം പുനഃസ്ഥാപിക്കുന്ന വൈദ്യനെ സ്നേഹിക്കാതെയും അദ്ദേഹത്തിന് ഉപകാരം പറയാതെയും ഇരിക്കുന്നത് ആ രോഗിയെ സംബന്ധിച്ചിടത്തോളം പുണ്യമല്ല." ഇവരെക്കൂടാതെ ഞാനെന്തുചെയ്യുമായിരുന്നു? നല്ല ആളുകളുടെ സംഭാഷണം ഒരിക്കലും ഉപദ്രവകരമായിരുന്നിട്ടില്ല; എൻെറ വാക്കുകൾ എപ്പോഴും വിശുദ്ധവും ആലോചനാപൂർവ്വകവുമായിരിക്കണം........ഇത് എനിക്കു വലിയ ആശ്വാസകാരണമായിരുന്നു. ചിലപ്പോഴെല്ലാം ആരോടും സംസാരിക്കാതിരിക്കുന്നതിനു ഞാൻ ആഗ്രഹിച്ചു. അവരോട് ഒരു പ്രത്യേകസ്നേഹം ഉണ്ടെന്ന് എനിക്കു തോന്നിയിരുന്നു."

സ്നേഹവിഷയത്തിൽ നാം തെററായ മാർഗ്ഗത്തിലൂടെ ചരിക്കാതിരിക്കണമെങ്കിൽ നമ്മുടെ ഹൃദയപക്ഷത്തെ നിയന്ത്രിക്കേണ്ടതെങ്ങനെയെന്നു മനസ്സിലാക്കുന്നതിനു വിശുദ്ധ യോഹന്നാൻക്രൂസിൻെറ നിർദ്ദേശങ്ങളുടെ വിവക്ഷിതാർത്ഥം എന്തെന്ന് ഇപ്പോൾ നമുക്കു പര്യാലോചിക്കാം.

# അദ്ധ്യായം 4.

## മുൻ അദ്ധ്യായത്തിൻെറ തുടച്ച്

വി. യോഹന്നാൻക്രൂസിൻെറ ഒന്നാമത്തെ മുൻകരുതൽ പ്രഥമദൃഷ്ടിയിൽ നമ്മിൽ ഉളവാക്കുന്ന അഭിപ്രായം എന്തുതന്നെയായാലും, അദ്ദേഹം പരിശുദ്ധവും ക്രമീകൃതവുമായ ഒരു സ്നേഹത്തെ പ്രതിഷേധിക്കുന്നില്ലെന്നുള്ളതു നിസ്തക്കമത്രേ. തന്നെ പരിചയപ്പെടുന്നതിനു ഭാഗ്യംസിദ്ധിച്ച എല്ലാവരേയും അദ്ദേഹം ഹാർദ്ദമായി സ്നേഹിച്ചു. വിശുദ്ധൻ ഈ നിർമ്മല സ്നേഹത്തെ അവഗണിച്ചില്ലെന്നു മാത്രമല്ല അദ്ദേഹത്തിൻെറ ഈ ആർദ്രസ്നേഹം സ്നേഹത്തിൻെറ അപ്പസ്തോലനായ ഡ്യൂറലോ (Duruelo) യിലെ താപസശ്രേഷ്ഠനിൽ കാണപ്പെടുന്നു എന്നും പറയാവുന്നതാണ്. വി. യോഹന്നാൻക്രൂസിനെപ്പോലെ മററാരും ഇത്ര വിശിഷ്ടമായ ഒരു ഗീതത്തെ തൻെറ മനോതന്ത്രികൾക്കു വിഷയീഭവിപ്പിക്കുകയോ ഇത്ര മനോഹരമായി സൃഷ്ടിജാലങ്ങൾക്കു പാടിക്കൊടുക്കുകയോ ചെയ്തിട്ടില്ല. കാവ്യാമൃതവും വിശുദ്ധിയും നിറഞ്ഞ അദ്ദേഹത്തിൻെറ ആത്മാവ് എല്ലാ സൃഷ്ടികളേയും ദൈവതൃക്കരങ്ങളിൽനിന്നും പൊഴിഞ്ഞ ദാനങ്ങളായി പരിഗണിക്കുന്നു. അദ്ദേഹം അവയെ ഉപയോഗിക്കുന്നുവെങ്കിൽ, സ്നേഹത്തെപ്പററി അവ തന്നോടു സംഭാഷിക്കുന്നതിനും കൂടുതൽ സ്നേഹിക്കുന്നതിനും തന്നെ പ്രേരിപ്പിക്കുന്നതിനുംവേണ്ടി മാത്രമാണ്.

"എൻസ്നേഹനാഥനെ നിങ്ങൾ കാണുന്നെങ്കിൽ
ചൊല്ലേണമങ്ങയോടെൻെറ ദൗത്യം
എൻ സ്നേഹമൂർത്തിയെ തേടി ഞാൻ ദാഹിച്ചു
മോഹിച്ചു, ക്ലേശിച്ചു, മൃത്യുവരെ

പർവ്വത പ്രാന്തങ്ങളും വൻമണൽകാടുകളും
ഉർവ്വിയിലിന്നുള്ള ദേശമെല്ലാം,
ഖേദമെന്യേ കടന്നോടി ഞാൻ നാഥനെ
ആരാഞ്ഞു, ജോലി വേറില്ലെനിക്ക്
എൻ സ്നേഹസമ്പത്തെ കണ്ടുപിടിച്ചങ്ങേ
സ്നേഹിക്കമാത്രമാണെൻെറ വേല."

സ്നേഹത്തെ പവിത്രീകരിക്കുകയും പരിപോഷിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുവാൻ സഹായിക്കുന്നിടത്തോളം മാത്രമേ ജീവിതത്തെ വിലമതിക്കേണ്ടതുള്ളൂ എന്നാണു വിശുദ്ധൻെറ അഭിമതം. 'ആത്മഗീത' എന്ന വിശിഷ്ട കൃതിയുടെ പ്രതിപാദ്യവിഷയം ഈ ആശയം മാത്രമാണ്. ആ ഗ്രന്ഥത്തിൻെറ മഹിമയെ കുറയ്ക്കുകയോ അതിനെപ്പററി ചിന്തിക്കുന്നതിലും ധ്യാനിക്കുന്നതിലും വായനക്കാർക്കുള്ള സന്തോഷം ലഘൂകരിക്കുകയോ ചെയ്യത്തക്ക യാതൊരഭിപ്രായവും ആ പുസ്തകത്തെപ്പററി ഒരിക്കലും എഴുതപ്പെട്ടിട്ടില്ല. ജീവിതാന്ത്യത്തിൽ സ്നേഹത്തെ ആസ്പദമാക്കിയാണു നമ്മെ പരിശോധിക്കുന്നതു്. മനുഷ്യരിൽനിന്നുള്ള അകല്ച്ചയെ വിശുദ്ധൻ ശക്തിയുക്തം ഉപദേശിക്കുന്നുണ്ട്. "ഹൃദയത്തിൻെറ അനുഗൃഹീതമായ ഏകാന്തം" എന്നാണു വിശുദ്ധൻ അതിനെ സംബോധനം ചെയ്യുന്നതും. എങ്കിലും നമ്മുടെ വികാരങ്ങളെ കീഴ്പെടുത്തി ഇല്ലാതാക്കണമെന്നല്ല വിശുദ്ധൻെറ ഉദ്ദേശ്യം. പ്രത്യുത, നമ്മുടെ വികാരങ്ങൾ മൗനത്തിലും ഏകാന്തതയിലും വിശുദ്ധീകൃതമാകുമ്പോൾ ദൈവസ്നേഹത്തിൽ അവ പൂർവ്വോപരി ഉജ്ജ്വലമായി പ്രകാശിക്കും എന്നത്രേ.

തണുത്തു മരവിച്ച ഹൃദയങ്ങളെയോ തണുത്ത ആത്മാക്കളെയോ അല്ല വി. യോഹന്നാൻക്രൂസ് അന്വേഷിക്കുന്നതു്. ഹൃദയത്തിൻെറ ആർദ്രതയും ആത്മാവിൻെറ ആനന്ദവും നമ്മിലുള്ള ദൈവസ്നേഹത്തിൻെറ ഫലമാണെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. പ്രത്യുത, ഹൃദയമാന്ദ്യവും കാർക്കശ്യവും നിഗളത്തിൻെറ ഫലമായി അദ്ദേഹം പരിഗണിക്കുന്നു.

സ്നേഹിക്കുന്ന ആത്മാവു് ശാന്തതയും സൗമ്യതയും എളിമയും ക്ഷമയും ഉള്ളതാണു്. സ്വസ്നേഹത്തിൽ ഉറച്ച ആത്മാവു കുറേക്കൂടി കട്ടപ്പമുള്ളതായിത്തീരുന്നു. ഓ! ഈശോ അങ്ങയുടെ സ്നേഹത്താൽ ആത്മാവിനെ മൃദുലമാക്കുന്നില്ലെങ്കിൽ അതിന്റെ സ്വാഭാവികമായ കാഠിന്യത്തിൽ അതെന്നും നില നില്ക്കും. ഇതും ഇതുപോലുള്ളതുമായ വാക്യങ്ങൾ വിശുദ്ധന്റെ ദൈവസ്നേഹത്തെ മാത്രമേ പ്രസ്പഷ്ടമാക്കുന്നുള്ള എന്നു് ആരെങ്കിലും വാദിക്കുന്നെങ്കിൽ 'സഹോദരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നെന്നു പറയുന്നവൻ കള്ളം പറയുന്നു' എന്ന സുവിദിതവും ശക്തിമത്തുമായ സുവിശേഷവാക്യമാണു് അതിനു മറുപടി. "ആരെങ്കിലും ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ കള്ളം പറയുന്നു. എന്തുകൊണ്ടെന്നാൽ കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നതെങ്ങനെ?" 'ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ അയൽക്കാരനേയും സ്നേഹിക്കണം' എന്ന പ്രമാണം ദൈവത്തിൽ നിന്നുള്ളതാണു്. ഈ സംഗതിയെ പരാമർശിക്കുന്നതും അനിഷേധ്യവുമായ ചില വാക്യങ്ങൾ വിശുദ്ധന്റെ ഗ്രന്ഥങ്ങളിൽ അവിടവിടെ കാണപ്പെടുന്നുണ്ടു്. അവ നാം വിശദീകരിക്കുന്നതിനു ശ്രമിക്കുന്ന മുൻകരുതലിനു വിരുദ്ധമാണെന്നു തോന്നിയേക്കാം. തന്റെ അയല്ക്കാരനെ സ്നേഹിക്കാത്തവൻ ദൈവത്തെ വെറുക്കുന്നു എന്നതു സത്യമത്രേ.

അയല്ക്കാരോടുള്ള നമ്മുടെ സ്നേഹം പരിശുദ്ധവും ക്രമീകൃതവുമാണെങ്കിൽ വിശുദ്ധൻ അതിനെ പ്രതിഷേധിക്കയില്ല. മാത്രമല്ല, വിദഗ്ദ്ധനായ ഒരു ദൈവശാസ്ത്രജ്ഞനും മനുഷ്യഹൃദയങ്ങളുടെ ഒരു സൂക്ഷ്മനിരീക്ഷകനും എന്ന നിലയിൽ, ദൈവസ്നേഹം അയല്ക്കാരോടുള്ള സ്നേഹത്തിൽ അടിയുറച്ചതായിരിക്കണമെന്നും ദൈവികവും മാനുഷികവുമായ ഈ രണ്ടു വിധ സ്നേഹവും പരസ്പരം സ്ഥിരീകരിക്കുകയും വർദ്ധിപ്പി

ക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു. മനുഷ്യ ഹൃദയങ്ങളുടെ ഉൽകൃഷ്ടമായ ആഗ്രഹങ്ങളിലും, അതുപോലെതന്നെ അതിൻെറ അപകടകരമായ ബലഹീനതകളിലും ഒന്നുപോലെ വിജ്ഞനായ ഈ ആദ്ധ്യാത്മിക ഗുരുവിൻെറ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം: "നാം സൃഷ്ടിയോടു കാണിക്കുന്ന സ്നേഹവാത്സല്യങ്ങൾ ആദ്ധ്യാത്മികവും ദൈവികവുമാകുന്ന അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കപ്പെട്ടതാണെങ്കിൽ അതോടുകൂടി ദൈവസ്നേഹവും വദ്ധിക്കും. എത്ര കൂടുതലായി നാം ആ സൃഷ്ടിയെ ഓമ്മിക്കുമോ, അത്ര കൂടുതലായി ദൈവസ്നേഹത്തേയും നാം സ്മരിക്കും. ഒന്നു മററതിനോടൊപ്പം അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യും."

വിശുദ്ധൻെറ ഈ ഉപദേശം വിവേചനാശക്തിയുള്ളതും, മൃദുലവും പരിശുദ്ധവുമായ യാതൊരാത്മാവിനേയും ഭയപ്പെടുത്തുകയില്ല. എങ്കിലും വിവേകിയായ ഈ ഗുരുവിൻെറ ഉൽബോധനത്തെ തെററിദ്ധരിക്കാതിരിക്കാൻ അദ്ദേഹത്തിൻെറ വേറൊരുപദേശംകൂടി ശ്രദ്ധിച്ചാലും! "സൃഷ്ടിയോടുള്ള സ്നേഹത്തിൻെറ ഉത്ഭവം ഇന്ദ്രിയേച്ഛയിൽനിന്നോ സ്വാഭാവിക ചാച്ചിലിൽനിന്നോ ആണെങ്കിൽ അതിൻെറ വദ്ധനവനുസരിച്ചു ദൈവസ്നേഹവും ദൈവസ്മരണയും നമ്മിൽ കുറഞ്ഞുപോകും. ആ സൃഷ്ടിയുടെ ഓമ്മ മനസ്സാക്ഷിയെ വ്യാകുലപ്പെടുത്തും." "മാംസത്തിൽനിന്നു ജനിക്കുന്നതു മാംസവും അരൂപിയിൽനിന്നു ജനിക്കുന്നതു് അരൂപിയും'' ആണെന്നു് ഈശോമിശിഹാ തൻെറ സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ ജഡികേച്ഛയിൽ നിന്നുളവാകുന്ന സ്നേഹം ജഡികേച്ഛയിൽത്തന്നെ അവസാനിക്കുന്നു. പ്രത്യുത, അരൂപിയിൽനിന്നു ജനിക്കുന്നതു ദൈവാരൂപിയായി പരിണമിക്കുകയും ദൈവസ്നേഹത്തെ വദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ ഇരുവിധ സ്നേഹത്തേയും തിരിച്ചറിയുന്നതിനുള്ള ഒരടയാളമാണിതു്.

നമ്മുടെ വിശുദ്ധ പിതാവിൻെറ ഈ പ്രബോധനങ്ങളെ സ്ഥിരീകരിക്കുന്ന ഒരു വാക്യശകലം — വിശുദ്ധ അമ്മ ത്രേസ്യായുടെ മനോജ്ഞമായ ഒരു വാക്യശകലം—കൂടി നമുക്കു പരിശോധിക്കാം: "ദൈവത്തോടു രണ്ടു സംഗതികഠം മാത്രം അപേക്ഷിക്കുക. ദൈവസ്നേഹവും പരസ്നേഹവും. എന്തുകൊണ്ടെന്നാൽ നാം ദൈവത്തെ സ്നേഹിക്കുന്നു എന്നു തെളിയിക്കുന്ന പല ലക്ഷ്യങ്ങളും ഉണ്ടെങ്കിലും യഥാൎത്ഥത്തിൽ നാം ദൈവത്തെ സ്നേഹിക്കുന്നുണ്ടോ എന്നു നമുക്കു നിശ്ചയമില്ല. പരസ്നേഹം നിഷ്പ്രയാസം മനസ്സിലാക്കാം. പരസ്നേഹത്തിൽ നാം അഭിവൃദ്ധിപ്പെടുന്നതനുസരിച്ചു ദൈവസ്നേഹത്തിലും നാം വളരെയധികം പുരോഗമിക്കും. ദൈവത്തിനു നമ്മോടുള്ള സ്നേഹം വളരെ അധികമാണു്. അതിനാൽ അയല്ക്കാരോടു നമുക്കുള്ള സ്നേഹത്തിനു പകരമായി തന്നോടുള്ള നമ്മുടെ സ്നേഹം ഒരായിരം വിധത്തിൽ അഭിവൃദ്ധിപ്രാപിക്കുവാൻ അവിടുന്നു് ഇടയാക്കും. ഇതിനെക്കുറിച്ചെനിക്കു യാതൊരു സംശയവുമില്ല."

അതിനാൽ നമ്മുടെ വി. പിതാവു് സ്നേഹത്തിൻെറ ശത്രുവല്ല. ഒരു വിശുദ്ധനാകയാൽ അദ്ദേഹം സ്നേഹത്തിൻെറ ഏററം തീക്ഷ്ണതയേറിയ സംവൎദ്ധകനും പരിരക്ഷകനുമാകുന്നു. അദ്ദേഹം ഒരു മഹാവിശുദ്ധനും അതേസമയംതന്നെ ഒരു മഹാകവിയുമാകയാൽ യാഥാൎത്ഥ്യം തുളുമ്പുന്ന ഹൃദ്യഗീതങ്ങളാൽ അദ്ദേഹം സ്നേഹത്തെ കീൎത്തിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏററം തീക്ഷ്ണമായ ആഗ്രഹം സ്വാഭാവികവും ദൈവത്താൽ നിയുക്തവുമായ ജോലി, മനുഷ്യഹൃദയത്തിൻെറ ഉൽകൃഷ്ടവും ന്യായപൂൎവ്വകവുമായ ആഗ്രഹങ്ങളെ തടയുക എന്നതല്ലായിരുന്നു. പ്രത്യുത, ആത്മാക്കളെ ദൈവത്തോടു് ഐക്യപ്പെടുത്തിക്കൊണ്ടു് ഏററം സുകരവും സുരക്ഷിതവുമായ മാൎഗ്ഗത്തിലൂടെ അവരെ പരിപൂൎണ്ണതാഗ്രത്തിലേക്കു നയിക്കുക എന്നതായിരുന്നു. ഇക്കാര്യസാദ്ധ്യത്തിനു് ഐന്ദ്രികവും പാപകരവുമായ സ്നേഹത്തിൽനിന്നു മാത്രമല്ല, ആദ്യന്തങ്ങഠം ദൈവമല്ലാതുള്ള എല്ലാ പക്ഷങ്ങളിലും സ്വാഭാ

വികചാച്ചില്യകളിലുംനിന്നുകൂടി അവരെ ശുദ്ധീകരിക്കുന്ന തിന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. എന്നാൽ എല്ലാററിനേയും വിസ്മരിച്ചു് സാമ്രാജ്ഞികമായ ഒരു ജീവിതം നയിച്ചുകൊണ്ടു ശുഷ്ക്കപ്രേതങ്ങളെപ്പോലെ യാതൊന്നിലും ശ്രദ്ധിക്കാതിരിക്കണമെന്നല്ല അദ്ദേഹത്തിൻെറ ആഗ്രഹം.

നിശ്ചയമായും ഇതല്ല വിശുദ്ധൻെറ ഉപദേശം. അദ്ദേഹത്തിൻെറ പ്രബോധനം ഇതിന്നു വിരുദ്ധമാണു്. ഇപ്രകാരം വിശുദ്ധീകൃതമായ ആത്മാക്കൾ, പൂർവ്വോപരി സ്വാതന്ത്ര്യത്തോടും നിഷ്ക്കളങ്കതയോടും, തീക്ഷ്ണതയോടുംകൂടി ദൈവത്തെ മാത്രമല്ല, സ്നേഹയോഗ്യവും പരിശുദ്ധവും നീതിപരവുമായ എല്ലാററിനേയും, ദൈവത്തിലും ദൈവത്തെപ്രതിയും സ്നേഹിക്കണമെന്നാണു് വിശുദ്ധൻ ആവശ്യപ്പെടുന്നതു്. നമ്മുടെ സൽപ്രവൃത്തികളെല്ലാം പരിശുദ്ധവും നിഷ്ക്കളങ്കവുമായിരിക്കണമെങ്കിൽ അവ ദൈവസ്നേഹത്താൽ പ്രേരിതങ്ങളായിരിക്കണം. വിശുദ്ധൻതന്നെ മറെറാരിടത്തു് ഇപ്രകാരം പറയുന്നു: "സ്നേഹിക്കുന്ന ആത്മാവു ക്ഷീണിച്ചിട്ടില്ല; ക്ഷീണമെന്തെന്നു് അറിയുന്നുമില്ല. എല്ലാററിനും മരിക്കാൻ കഴിയുന്നവൻ എല്ലാററിലും ജീവൻ കണ്ടെത്തും.''

ഗരുഡൻ ഭൂമിയിൽനിന്നു് എത്രമാത്രം ഉയരുമോ, പറക്കുന്നതിനുള്ള സ്വാതന്ത്ര്യവും തദനുസരണം കൂടുതലായിരിക്കും. അതിൻെറ കാഴ്ചയും വളരെ സൂക്ഷ്മതയുള്ളതായിരിക്കും. ഇതുതന്നെയാണു് ഒരു ആദ്ധ്യാത്മിക മനുഷ്യനും സംഭവിക്കുന്നതു്. സ്വാഭാവിക സന്തോഷത്താലോ, ഏതെങ്കിലും പ്രത്യേക കാരണത്താലുളവായ സഹതാപംമൂലമോ നാം ആരെയെങ്കിലും സ്നേഹിച്ചാൽ നമ്മുടെ സ്നേഹത്തിൻെറ ലാക്കു് ഏററം ഹീനവും സങ്കുചിതവും പരിമിതവുമായിരിക്കും. തദ്വാരാ നമ്മുടെ ഹൃദയത്തിൻെറ പ്രവൃത്തികൾ ഹീനവും ദരിദ്രവും സങ്കുചിതവുമായിത്തീരും. ഇങ്ങനെയുള്ള ഒരു മനുഷ്യൻെറ ഹൃദയം വളരെ വേഗത്തിൽ ചെറുതാകുന്നതിനാൽ ശ്രേഷ്ഠമായ സ്നേഹത്തിന്നു് അശക്തമായി ഭവിക്കുന്നു. എന്നാൽ മററുള്ളവരെ

സ്നേഹിക്കുന്നതിൽ നമുക്കുള്ള പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം, ദൈവസ്നേഹമാണെങ്കിൽ — മാനുഷീക ന്യായങ്ങളെല്ലാം ത്യജിച്ച് അവൻ ദൈവത്തിൻെറ പുത്രനാണ്; ദൈവം അവനെ സ്നേഹിക്കുന്നു; നാം നമ്മെത്തന്നെ സ്നേഹിക്കുന്നതുപോലെ അവനെയും സ്നേഹിക്കുവാൻ ദൈവം നമ്മോടു കല്പിക്കുന്നു; എന്നിക്കാരണങ്ങളാൽ നാം അവനെ ഗാഢമായി സ്നേഹിക്കുന്നെങ്കിൽ — നമ്മുടെ ആദ്ധ്യാത്മിക വീക്ഷണം വിസ്തൃതമാകുകയും കൂടുതൽ ഹൃദയസ്വാതന്ത്ര്യം ലഭിക്കുകയും തദ്വാരാ മനുഷ്യകുലത്തെ മുഴുവൻ സ്നേഹിക്കുന്നതിനു് ആവശ്യകമായ ശക്തിയും ധൈര്യവും നമുക്കുണ്ടാകുകയും ചെയ്യും. അതിനാൽ പരിപൂർണ്ണതയിൽ കുറെ പുരോഗമിച്ചിട്ടുള്ള ആത്മാക്കളെപ്പററി പ്രസ്താവിക്കയിൽ വിശുദ്ധ അമ്മ ത്രേസ്യാ പറയുന്നു: "ലോകസ്നേഹം അവളിൽനിന്നു നീക്കപ്പെട്ടിരിക്കുന്നു; സ്വസ്നേഹം ആത്മനിന്ദയായി രൂപാന്തരപ്പെട്ടിരിക്കുന്നു; ബന്ധുക്കളോടുണ്ടായിരുന്ന സ്നേഹം ദൈവസ്നേഹമായി പകർത്തപ്പെട്ടു; അതേസമയംതന്നെ അയൽക്കാരോടും ശത്രുക്കളോടും ഉണ്ടായിരുന്ന സ്നേഹം വളരെയധികം വദ്ധമാനമായിത്തീരുകയും ചെയ്തു."

ജീവിതവിശുദ്ധിയിൽ ഒരുവൻ എത്രയധികം ദൈവത്തോടു സമീപിക്കുമോ, അത്ര കൂടുതലായി അവൻ ദൈവത്തോടു് അനുരൂപപ്പെടുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ വിശുദ്ധ പിതാവു പറയുന്നു: "ദൈവസ്നേഹത്തെപ്രതി ദൈവമല്ലാത്ത എല്ലാററിലുംനിന്നു സ്വയം വിമുക്തയാകാൻ ശ്രമിക്കുന്ന ആത്മാവു വേഗത്തിൽ പ്രകാശിപ്പിക്കപ്പെടുകയും ദൈവത്തിൻെറ ഛായയും മറെറല്ലാ ഗുണങ്ങളും ഉണ്ടെന്നു തോന്നുമാറു് അതു ദൈവമായി രൂപസാമ്യം പ്രാപിക്കുകയും ചെയ്യുന്നു."

ദൈവം മനുഷ്യവംശം മുഴുവനേയും സ്നേഹിക്കുന്നു. അതേസമയംതന്നെ അവിടുത്തേ പൈതൃകസ്നേഹം ഓരോ ആത്മാവിലും — അതു സൃഷ്ടവസ്തുക്കൾ മുഴുവനേയും അടക്കിക്കൊണ്ടാലെന്നവിധം — അത്യധികം പ്രകടിതമാകുകയും

ചെയ്യുന്നു. ഇവ്വിധമാണു ദൈവത്തിൻെറ യഥാൎത്ഥ സ്നേഹിതന്മാരും സ്നേഹിക്കുന്നതു്. വിശ്വം മുഴുവനേയും ആശ്ലേഷിക്കത്തക്കവിധം അവരുടെ സ്നേഹം അത്ര വ്യാപകമാണു്. അതേസമയംതന്നെ ജീവിതയാത്രാമദ്ധ്യേ അവരെ കണ്ടുമുട്ടുന്നതിനു ഭാഗ്യം ലഭിക്കുന്ന ഓരോരുത്തനിലും അവരുടെ സ്നേഹം മുഴുവനും നിക്ഷിപ്തമായിരിക്കുന്നുവെന്നു തോന്നുമാറു് അതു പ്രത്യേകവും വ്യക്തിപരവുമാണു്. വിശുദ്ധന്മാർ ഇപ്രകാരമാണു സ്നേഹിച്ചതു്. ഒരുത്തരേയും വിടാതെ എല്ലാവരേയും അവർ സ്നേഹിച്ചു. എന്നാൽ എല്ലാവരേയും അവർ ഒരുപോലെയല്ല സ്നേഹിച്ചതു്. ദൈവപ്രീതിക്കു കൂടുതൽ പാത്രീഭവിച്ചിരുന്നവരെ അവർ കൂടുതൽ സ്നേഹിച്ചു. എന്നാൽ പൈതൃകവും സ്നേഹപൂൎണ്ണവുമായ അവരുടെ ഉൽക്കണ്ഠ, അതു കൂടുതൽ ആവശ്യമായിരുന്നവരോടു് അവർ വിശേഷവിധത്തിൽ കാണിച്ചിരുന്നു. ദൈവത്തിൽനിന്നു വളരെ അകന്നു ജീവിക്കുന്നവരെക്കാൾ ഈ ഉൽക്കണ്ഠ അർഹിക്കുന്നവർ മററാരും ഇല്ല. ഇങ്ങനെ വിശുദ്ധന്മാരുടെ സ്നേഹത്തിനു മൂന്നു ലക്ഷണങ്ങൾ ഉള്ളതായി കാണാം. ഈ ലക്ഷണങ്ങൾ, വലിയ പുണ്യവാന്മാരിലും ലോകത്തിൽ ദൃശ്യവും ശ്രേഷ്ഠവുമായ കൃത്യങ്ങൾ നിവ്വഹിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നവരിലും, കൂടുതൽ സ്പഷ്ടമായി പ്രകാശിക്കുന്നു. 1) കലൎപ്പില്ലാത്തതും യഥാർത്ഥവും പ്രായോഗികവുമായ സ്നേഹം എല്ലാവരോടും ഉണ്ടായിരിക്കുക. 2) നല്ലവരെ മാധുൎയ്യത്തോടുകൂടി സ്നേഹിക്കുക. 3) ദൈവത്തിൽനിന്നു് അകന്നുജീവിക്കുന്നവരെക്കുറിച്ചു സ്നേഹപൂൎണ്ണവും പൈതൃകവുമായ ഉൽക്കണ്ഠ പ്രദർശിപ്പിക്കുക. ഈ സ്വഭാവമാധുൎയ്യമാണു ദിവ്യരക്ഷകനിലേക്കു നമ്മെ ആകൎഷിക്കുന്നതു്. ഇതുതന്നെയാണു തൻെറ ഉത്തമ സ്നേഹിതൎക്കു് അവിടുന്നു പ്രദാനം ചെയ്യുന്നതും. ഈശോമിശിഹായുടേയും തൻെറ കുരിശിൻേറയും ഉത്തമ സ്നേഹിതനായ നമ്മുടെ വിശുദ്ധ പിതാവിൻെറ സ്വഭാവം ഈ ത്രിവിധ സ്നേഹത്താൽ പ്രത്യേകം മുദ്രിതമായിരിക്കുന്നു. എല്ലാവരേയും അപരിചിതരെ

പ്പോലെ ഗണിക്കണമെന്നും എല്ലാവരേയും ഒരുപോലെ മറക്കണമെന്നുമുള്ള വിശുദ്ധൻെറ ഉപദേശം, കഠിനമെന്ന പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും ഈ ഗുണങ്ങളാണു തൻെറ ജ്ഞാനമക്കളിൽ ദൃഢമൂലമാക്കുവാൻ വിശുദ്ധൻ ആഗ്രഹിക്കുന്നതു്.

പ്രായോഗികമെന്നതിനെക്കാൾ ആദൎശപരമായ ഈ കൎക്കശ നിൎദ്ദേശത്താൽ കൂടുതലായും നന്നായും മററുള്ളവരെ സ്നേഹിക്കുന്നതിനും, തദ്വാരാ നമ്മുടെ സ്നേഹത്തെ കൂടുതൽ ഫലപ്രദവും തീക്ഷ്ണതരവുമാക്കിത്തീൎക്കുവാനും വിശുദ്ധൻ ആഗ്രഹിക്കുന്നു. ഈ ഉപദേശങ്ങളെ വിശദമാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന ചില വാക്യങ്ങൾ താഴെ ഉദ്ധരിക്കാം. സ്വാഭാവിക നന്മകളിൽ സന്തോഷിക്കാതിരിക്കുന്നതിലുള്ള പ്രയോജനത്തെപ്പററി പ്രതിപാദിക്കുകയിൽ വിശുദ്ധൻ പറയുന്നു; ദൈവത്തേയും സുകൃതങ്ങളേയും സ്നേഹിക്കുവാൻ സ്വയം സജ്ജമാക്കുന്നതുകൂടാതെ ഇതു് ആത്മവിനയത്തിനും നമ്മുടെ അയൽക്കാരോടുള്ള സാൎവ്വത്രിക സ്നേഹത്തിനും വഴിതെളിക്കുന്നു. വഞ്ചനനിറഞ്ഞ ലൗകിക നന്മകളുടെ സ്വാധീനശക്തിയിൽനിന്നു വിമുക്തമായ നമ്മുടെ സ്നേഹം, യാതൊരു ബാഹ്യവസ്തുവിന്മേലും കയറി പടരാതിരിക്കുമ്പോൾ, എല്ലാമനുഷ്യരേയും, അവർ സ്നേഹിക്കപ്പെടണമെന്നു് ദൈവം ചിത്തമായിരിക്കുന്നവിധത്തിൽ ബുദ്ധിപൂൎവ്വകമായും അഭൗമികമായും സ്നേഹിക്കുന്നതിനു് ആത്മാവിനു സ്വാതന്ത്ര്യം ലഭിക്കുന്നു. ഓരോരുത്തനിലുമുള്ള നന്മയ്ക്കനുസരണമായി അവർ സ്നേഹിക്കപ്പെടണം. അങ്ങനെ നാം സ്നേഹിക്കുമ്പോൾ നമ്മുടെ സ്നേഹം ദൈവത്തിനു പ്രീതികരമാകും. അപ്പോൾ നാം സ്വതന്ത്രരുമാകും. ഇതിലെന്തെങ്കിലും പ്രത്യേകത ഉണ്ടെങ്കിൽ ദൈവത്തോടും വലിയ സ്നേഹം നമുക്കുണ്ടായിരിക്കണം. ഈ സ്നേഹം നമ്മിൽ അഭിവൃദ്ധമാകുന്നതിനു് അനുസരണമായി നമ്മിലുള്ള ദൈവസ്നേഹവും വൎദ്ധിക്കുന്നു. ദൈവത്തോടു നമുക്കുള്ള സ്നേഹാധിക്യം അനുസരിച്ചു് അയൽക്കാ

രെയും കൂടുതലായി സ്നേഹിക്കുവാൻ നമുക്കു സാധിക്കുന്നു. എന്തുകൊണ്ടെന്നാൽ രണ്ടിന്റേയും മൂലതത്വം ഒന്നുതന്നെ യാണു്. തത്വത്തിലും സ്വജീവിതരീതിയിലും വളരെ കക്കശ നെങ്കിലും ഏററം അനുകമ്പാപൂർണ്ണമായ ഒരു ഹൃദയത്തോടു കൂടിയ യോഹന്നാൻക്രൂസു് പുണ്യവാന്റെ സ്വയംകൃതചിത്ര മാണിതു്.

മനുഷ്യഹൃദയം എത്ര ദരിദ്രമാണെന്നും അതിന്റെ സ്നേഹം എത്ര സങ്കുചിതവും വ്യക്തിപരവുമാണെന്നും അദ്ദേഹം നല്ല വണ്ണം അറിഞ്ഞിരുന്നു. സുകൃതാഭ്യാസം നൈസർഗ്ഗികമായ ഹൃദയമൃദുലതയെ നശിപ്പിക്കുകയല്ല, പ്രത്യുത, അതിനെ ഉജ്ജീ വിപ്പിക്കുകയാണു ചെയ്യുന്നതെന്നു് അദ്ദേഹം മനസ്സിലാക്കി യിരുന്നു. ഒരു വിദഗ്ദ്ധനായ ഗുരുവിനെപ്പോലെ തന്റെ പരി ശീലനത്തിനു് ഏല്പിക്കപ്പെട്ടിരുന്ന സന്യാസാത്മാക്കൾ, ഭാവി യിൽ പരസ്പരപെരുമാററത്തിലും ഉദ്യോഗസംബന്ധമായ ജോലികളുടെ നിർവ്വഹണത്തിൽപ്പോലും ചിലരോടു പ്രത്യേക സ്നേഹബന്ധത്തിൽ ഏപ്പെടുകയും അതു് മററാളുകളോടും ജോലികളോടുമുള്ള കടമ നിർവ്വഹിക്കുവാൻ അവക്കു പ്രതിബ ന്ധമായിത്തീരുകയും ചെയ്യുമെന്നുള്ള യാഥാർത്ഥ്യം അദ്ദേഹ ത്തിനു് അജ്ഞാതമായിരുന്നില്ല.

ഈ ന്യൂനതകൾ മുൻകൂട്ടി ദർശിച്ചു്, അതിനെ തടയുവാ നുള്ള അദ്ദേഹത്തിന്റെ പരിശ്രമത്തിൽ, പാവപ്പെട്ട മനുഷ്യ ഹൃദയങ്ങളെ താൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു എന്നു് അദ്ദേഹം വിശദമാക്കി. നാം ആരെയെങ്കിലും സ്നേഹിക്കു മ്പോൾ, സ്നേഹയോഗ്യമെന്നു നമുക്കു തോന്നിയേക്കാവുന്ന സ്വാഭാവിക ഗുണങ്ങളെ അവഗണിക്കണമെന്നു വിശുദ്ധൻ ആഗ്രഹിക്കുന്നു. ഒരു സംഗതിമാത്രം — ദൈവത്തിനു് അവരോ ടുള്ള സ്നേഹത്തെ മാത്രം — പരിഗണിക്കണമെന്നാണു് അദ്ദേ ഹത്തിന്റെ അഭിമതം. ഐന്ദ്രികേച്ഛയുടെ ദുസ്തഴക്കങ്ങളിൽ നിന്നും സ്വാത്ഥത്തിൽനിന്നും വിമുക്തമായ ഒരാത്മാവിന്റെ

സ്നേഹത്തിനു് ഒരുവനെ അർഹനാക്കുന്ന ഏകസംഗതി ഇതുമാത്രമാണു്.

സ്നേഹത്തിനു കാരണഭൂതമായ ഈ സംഗതി എല്ലാവരിലുമുണ്ടു്. എന്തുകൊണ്ടെന്നാൽ ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. അതിനാൽ നല്ലവണ്ണം ശുദ്ധീകൃതരായവരുടെ ഹൃദയ സ്നേഹം സാർവ്വത്രികമായിരിക്കും. മാത്രമല്ല, പൊതുവായ ഒരു ഉദ്ദേശ്യമാണു സ്നേഹിക്കുന്നതിൽ അവർക്കുള്ളതെങ്കിൽ അവരുടെ ഹൃദയം വലിയ സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ വ്യക്തിപരമായ യാതൊരു കാരണവും അതിൻെറ വ്യാപ്തിക്കു് അതിരുവയ്ക്കുന്നില്ല. എന്നാൽ ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം സാർവ്വത്രികമാണെങ്കിലും അതിനു പല തോതുകളുമുണ്ടു്. അതായതു്, ദൈവം ചിലരെ മററുള്ളവരെക്കാരം കൂടുതൽ സ്നേഹിക്കുന്നു. അതുപോലെതന്നെ, വിശുദ്ധന്മാരും എല്ലാവരേയും സ്നേഹിക്കുന്നുണ്ടെങ്കിലും ചിലരോടു് അവർക്കുള്ള സ്നേഹം ഒന്നു പ്രത്യേകമാണു്.

ഇതുപോലെതന്നെയാണു് വിശുദ്ധ യോഹന്നാൻക്രൂസും സ്നേഹിച്ചിരുന്നതു്. ഇതദ്ദേഹത്തിൻെറ എഴുത്തുകളിൽനിന്നു വിശദമാകുന്നുമുണ്ടു്. സ്വാഭാവിക സഹതാപത്തിൽനിന്നു് ഉത്ഭൂതമാകുന്നതും ജഢികവുമായ സ്നേഹത്തെ പരിത്യജിക്കുക വളരെ വിഷമമാണെന്നു വിശുദ്ധൻ നന്നായി അറിഞ്ഞിരുന്നു. ദൈവം മനുഷ്യരെ വീക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുപോലെ അവരെ കാണുകയും സ്നേഹിക്കുകയും ചെയ്യുന്നതിനു നമ്മെ പ്രാപ്തരാക്കുന്ന ഔന്നത്യത്തിലേക്കു പറന്നെത്തുന്നതിനുള്ള ബുദ്ധിമുട്ടും അദ്ദേഹത്തിനു് അജ്ഞാതമായിരുന്നില്ല. അതിനാലാണു് ഇത്ര കയ്പുനിറഞ്ഞ ഔഷധം നമുക്കു് അദ്ദേഹം നിർദ്ദേശിച്ചതു്. "എല്ലാവരേയും അപരിചിതരെപ്പോലെ ഗണിക്കുക. എന്തുകൊണ്ടെന്നാൽ നമ്മുടെ ലാഭമോ, അവരുടെ സ്വാഭാവിക ഗുണങ്ങളോ അല്ല, നമുക്കവരോടുള്ള സ്നേഹത്തിൻെറ മാനദണ്ഡമായിരിക്കേണ്ടതു്. ആകയാൽ

ഒരാളെ മററൊരാളെക്കാൾ കൂടുതലായി സ്നേഹിക്കരുതു്. കാരണം, ആരാണു കൂടുതൽ സ്നേഹയോഗ്യനെന്നും, ദൈവത്താൽ കൂടുതൽ സ്നേഹിക്കപ്പെടുന്നവനെന്നും നമുക്കറിഞ്ഞുകൂടാ. അതിനാൽ അവരെപ്പററി ചിന്തിക്കാതെ കഴിയുന്നിടത്തോളം അവരെ വിട്ടകലുക" എന്നദ്ദേഹം ഉപദേശിക്കുന്നു.

ഇവിടെ മനുഷ്യഹൃദയത്തിൻെറ സ്വാഭാവികന്യൂനതകൾക്കും, ബലഹീനതയ്ക്കും പററിയ പ്രത്യൗഷധം നാം കാണുന്നു. ഇതു വിശുദ്ധ യോഹന്നാൻക്രൂസിൻെറ അദ്ധ്യയനരീതിയുടെ ഒരു പ്രത്യേകതയാണു്. ആദ്ധ്യാത്മിക ഗുരുക്കന്മാരെല്ലാം — ക്രിസ്തീയ സുകൃതാഭ്യസനം മാത്രം ലക്ഷ്യമാക്കുന്നവരും ആത്മാക്കളെ പരിപൂർണ്ണതാഗ്രത്തിലേക്കും ദൈവൈക്യത്തിലേക്കും നയിക്കുവാൻ ആഗ്രഹിക്കുന്നവരും — തങ്ങളുടെ ആദ്ധ്യാത്മിക ശിഷ്യരുടെ ഹൃദയപക്ഷങ്ങളെ നിയന്ത്രിക്കേണ്ടതു തങ്ങളുടെ കടമയാണെന്നു വിചാരിക്കുന്നു. അതു് ഏററം ശരിയുമാണു്. എന്തുകൊണ്ടെന്നാൽ ഹൃദയത്തെ ആദ്ധ്യാത്മികമായും സാന്മാർഗ്ഗികമായും പ്രഥമതഃ ക്രമീകരിക്കുന്നില്ലെങ്കിൽ എത്രയും ശോചനീയമായവിധം നാം സമയദുർവ്യയം ചെയ്യും.

ഹൃദയത്തെ നിയന്ത്രിക്കാത്തവൻ ഒരിക്കലും വിശുദ്ധനോ ഒരു ഉത്തമ മനുഷ്യൻപോലുമോ ആകുകയില്ല. തൻെറ വികാരങ്ങളെ നിയന്ത്രിക്കായ്കയാൽ അനേകവഷംകൊണ്ടു സമ്പാദിച്ചതെല്ലാം ഒരു നിമിഷംകൊണ്ടവനു നഷ്ടപ്പെടുന്നു. വിശിഷ്ടഗുണങ്ങളോടുകൂടിയ പലരേയും നമുക്കു ലോകത്തിൽ കാണാം. പക്ഷെ, അവർ കൊച്ചുകുട്ടികളെപ്പോലെയാണു്. ചിലർ ഒരു പ്രത്യേക വേഴ്ചകൊണ്ടു നശിക്കുന്നു; മററുചിലർ മൈത്രീബന്ധത്തിലേപ്പെടുന്നു. ശ്രേഷ്ഠഗുണങ്ങളോടും മഹത്തായ ദാനങ്ങളോടുംകൂടിയ അനേകംപേർ തങ്ങളുടെ അല്പാല്പമായ നിരവധി ചാപല്യങ്ങളെ ജയിക്കായ്കയാൽ സ്വയം നിന്ദാർഹരാക്കിത്തീക്കുന്നു. ഈദൃശമായ മനുഷ്യബലഹീനതകൾക്കു പരിഹാരം കണ്ടെത്തുവാൻ ചില നിയമങ്ങൾ വിശുദ്ധന്മാർ നിർദ്ദേശിക്കുന്നുണ്ടു്. ചിലർ വലിയ ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ടു്.

"കർമ്മല പർവ്വതാരോഹണം" എന്ന തൻെറ കൃതിയിൽ മനുഷ്യ ഹൃദയത്തിൻെറ ഈ ബലഹീനതയെ സൂക്ഷ്മമായി പ്രതിപാദിച്ചിരിക്കുന്ന വി. യോഹന്നാൻക്രൂസ്, അതിനെ എപ്രകാരം നിർമ്മലമാക്കാമെന്നു കാണിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ ഈ ന്യൂനതയുടെ മൂലത്തിലേക്കുതന്നെ അദ്ദേഹം പ്രവേശിക്കുന്നു.

ഹൃദയത്തിൻെറ ക്രമരഹിതമായ എല്ലാ ചലനങ്ങളേയും – അവ ഏററം അല്പമായിട്ടു മാത്രമേ തെററായ മാർഗ്ഗത്തിലേക്കു വ്യതിചലിക്കുന്നുള്ളവെങ്കിലും, മനസ്സാക്ഷിയെ തീരെ ലഘുവായിട്ടു മാത്രമേ കുററപ്പെടുത്തുന്നുള്ളവെങ്കിലും, പരിപൂർണ്ണതാമാർഗ്ഗത്തിൽ അവ അല്പം തടസ്സം മാത്രമേ ഉണ്ടാക്കുന്നുള്ളവെങ്കിലും – അദ്ദേഹം വിരോധിക്കുന്നു. അതിനാൽ വിശുദ്ധൻ ഉപദേശിക്കുന്നതായതു്: "ഒരുത്തരോടും ഇടപെടേണ്ട; അത്യുന്നതങ്ങളിൽനിന്നു്, അതേ, ദൈവത്തിൽനിന്നു മാത്രം അവരെ വീക്ഷിക്കുക: ദൈവം അവരെ വീക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുപോലെ മാത്രമല്ലാതെ നാം ആരെപ്പററിയും ചിന്തിക്കുകയോ, അവരെ സ്നേഹിക്കുകയോ അരുതു്." ശക്തിമത്തായ ഈ വാക്കുകളെത്തുടർന്നു് അദ്ദേഹം പറയുന്നു: "ഇതു നിങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ നിങ്ങളൊരിക്കലും ഉത്തമസന്യാസികളാകുകയില്ല.... മാത്രമല്ല, ഏതെങ്കിലും വിധത്തിൽ പിശാചൻ നിങ്ങളെ വഞ്ചിക്കും; അഥവാ നന്മയുടെയോ തിന്മയുടെയോ നാട്യത്തിൽ നിങ്ങൾ സ്വയം വഞ്ചിതരാകും.'' വിശുദ്ധൻെറ മക്കളെന്നു വിളിക്കപ്പെടുന്നതിൽ അഭിമാനിക്കുന്ന നമുക്കു്, "ഇതിൽ നിങ്ങൾ ഉപേക്ഷ വിചാരിക്കുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും ഉത്തമ സന്യാസികളാകുകയില്ല'' എന്ന ഭത്സനം ധാരാളം മതിയായിരിക്കുന്നു. ഈ ഉപദേശം വിശ്വസ്തതയോടുകൂടെ അനുസരിക്കാത്തവരെ വിശുദ്ധൻ ഒരിക്കലും തൻെറ സ്വന്തമായി അംഗീകരിക്കുകയില്ല. മനുഷ്യഹൃദയത്തെ സങ്കചിതമാക്കുന്നതിനോ ഇല്ലായ്മ ചെയ്യുന്നതിനോ വിശുദ്ധൻ ഒട്ടും അഭിലഷിക്കുന്നില്ല എന്നു നമുക്കറിയാം. എന്നാൽ നമ്മുടെ എല്ലാ പക്ഷങ്ങളും മായാസ്ക്തിയിൽനിന്നും അശുദ്ധതയിൽനിന്നും മാത്രമല്ല,

ദൈവത്തിന്റെ പരിശുദ്ധ നേത്രങ്ങൾക്ക് അതിനെ അല്പമായിട്ടെങ്കിലും വിരൂപമാക്കുന്ന എല്ലാററിൽനിന്നും ചില ആളുകളുടേയും വസ്തുക്കളുടേയും നാശകാരണമായിത്തീരുമാറ്, ചിലരോടു മാത്രമുള്ള പക്ഷത്തിൽനിന്നുകൂടെ വിമുക്തമായിരിക്കണമെന്നു വിശുദ്ധൻ ആഗ്രഹിക്കുന്നു.

ഈ വിശുദ്ധൻ വലിയ കക്ശനൊണെന്നു നാം ആവലാതിപ്പെടേണ്ട. ഇതുതന്നെയാണു നമ്മുടെ വിശുദ്ധപിതാക്കന്മാരും പഠിപ്പിക്കുന്നതു്; ഇതാണു നമ്മുടെ സഭയുടെ അരൂപി; നമ്മുടെ ദൈവവിളിയിൽ ഇതു് അന്തർലീനമായിരിക്കുകയും ചെയ്യുന്നു. സാധാരണവും പ്രയാസരഹിതവുമായ സുകൃതാഭ്യസനത്തിനു ദൈവം എല്ലാ ക്രിസ്ത്യാനികളേയും പൊതുവിൽ കടപ്പെടുത്തുന്നുണ്ടു്. എന്നാൽ നമുക്കു കൂടുതൽ തന്നിരിക്കുന്നതിനാൽ നമ്മിൽനിന്നു കൂടുതലാവശ്യപ്പെടും. നമ്മെ വളരെ ബഹുമാനാർഹരാക്കിത്തീക്കുന്ന ഒരു ദാനമാണു നമ്മുടെ ദൈവവിളി. ദൈവം ഇതിനോടു് അനുബന്ധിച്ചിട്ടുള്ളതും നമുക്കു നല്കിയിരിക്കുന്നതുമായ കൃപാവരങ്ങൾ നിരവധിയുമാണു്. അധികം കൊടുത്തവനിൽനിന്നു് അധികം ചോദിക്കുക എന്നതു് അലംഘനീയമായ ദൈവനിയമമത്രേ. അതിനാൽ അനുവാചകരേ, നിങ്ങൾ—സന്യാസിയോ സന്യാസിനിയോ, വൈദികനോ, തുണസഹോദരനോ, സഹോദരിയോ—ആരുതന്നെ ആയിരുന്നാലും വിശുദ്ധ യോഹന്നാൻക്ലൃസിനെ അനുഗമിച്ചു പരിപൂൎണ്ണതാപഥത്തിലൂടെ ചരിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ നമുക്കു നമ്മെത്തന്നെ വഞ്ചിക്കാതിരിക്കാം. അദ്ദേഹത്തിന്റെ പഠനം എതിരില്ലാത്തതാണു്; ഭത്സനം ഭയങ്കരവുമാണു്. ഇതിലേതെങ്കിലും സംഗതിയിൽ വീഴ്ചവരുത്തിയാൽ നീ ഒരിക്കലും ഒരു നല്ല സന്യാസിയാകുകയില്ല. അതിനാൽ മനുഷ്യരോടു നിനക്കുള്ള മൈത്രീബന്ധത്തേയും സ്നേഹത്തേയും സംബന്ധിച്ചു നിന്റെ മനസ്സാക്ഷിയെ സൂക്ഷ്മമായി പരിശോധിക്കണമെന്നു ഞാൻ അഭ്യൎത്ഥിക്കുന്നു.

നിങ്ങളുടെ മൈത്രീബന്ധങ്ങളൊന്നുംതന്നെ പരസ്യമായ തിന്മയല്ലെന്നുള്ളതു നിശ്ചയമാണ്. അതുപോലെതന്നെ, ദൈവത്തിനനിഷ്ടകരമെന്നു നിങ്ങറം വിശ്വസിക്കുന്ന യാതൊരു സ്നേഹത്തിനും നിങ്ങളുടെ ഹൃദയത്തിൽ നിങ്ങറം സ്ഥാനമനുവദിക്കുന്നില്ലെന്നുള്ളതും അവിതക്കിതമത്രേ. ഇത്യാദി ദുരുദ്ദേശങ്ങളൊന്നും നിങ്ങളുടെ ഭാഗത്തില്ലെന്നിരുന്നാൽത്തന്നെയും നിങ്ങളുടെ ജീവിതത്തിൻെറ ഒരു കണക്കു ദൈവത്തെ കേറംപ്പിക്കണമെന്ന വിചാരത്തോടുകൂടെ ഈ ആത്മപരിശോധന നടത്തുക. നല്ലതുപോലെ ചിന്തിക്കുക. നിൻെറ സ്നേഹബന്ധങ്ങറം പലവിചാരത്തിനും ഉൽക്കണ്ഠയ്ക്കും കാരണമാകുന്നുണ്ടോ? ആ സ്നേഹത്തിനു നീ അധീനനായശേഷം മററുള്ളവരുടെ കാര്യത്തിൽ നീ ശ്രദ്ധക്കുറവു കാണിക്കുന്നുണ്ടോ? നിൻെറ ഇഷ്ടത്തിനിണങ്ങാത്തവരോടു നീ സ്വല്പം കഠിനമായും അനീതിപരമായുമല്ലേ വത്തിക്കുന്നതു്? ഇതരന്മാക്കും നിൻെറ പഠനത്തിനും നീനക്കേല്പിക്കപ്പെട്ടിരിക്കുന്ന മററു ജോലികറംക്കുമായി ചിലവിടേണ്ട സമയത്തിൽ ഒരു വലിയ പങ്കു് ഇതുമൂലം നിനക്കു നഷ്ടമാകുന്നില്ലേ? നിയമം കല്പിക്കുന്നതുപോലെ കൂട്ടക്രമങ്ങറംക്കു ഹാജരാകുന്നതിനു് ഈ വേഴ്ച നിനക്കു പ്രതിബന്ധമായി നില്ക്കുന്നില്ലേ? നിൻെറ അധികാരികളോടും നിന്നോടുതന്നെയും പരമാത്ഥതയോടെ വത്തിക്കുന്നതിനു് ആ ആളുകളോടുള്ള സ്നേഹം തടസ്സമാകുന്നില്ലേ? സന്യാസാന്തസ്സിൻെറ ചെറുതോ വലുതോ ആയ ഏതെങ്കിലും കടമകളെ ലംഘിക്കുന്നതിനു് അതിടയാക്കുന്നുണ്ടോ? ഇക്കാര്യം സംബന്ധിച്ചിടത്തോളം നിൻെറ അഭിപ്രായത്തോടു യോജിക്കാത്തവരോടുള്ള വത്തനത്തിൽ നീ കഥയില്ലാത്തവനായി പരിണമിക്കുന്നുണ്ടോ? നീ സ്വയം നല്ലവണ്ണം പരിശോധിക്കുക. എന്നാൽ, വളരെ നീതിപരവും നിഷ്കളങ്കവുമെന്നു നിനക്കു തോന്നിയിരുന്ന ആ സ്നേഹബന്ധങ്ങറം ദൈവത്തോടു നിന്നെ കൂടുതലടുപ്പിക്കുകയോ, ആശ്രമത്തോടുള്ള പ്രതിപത്തി നിന്നിൽ ഉല്പാദിപ്പിക്കുകയോ നിൻെറ കടമകറം കൂടുതൽ ജാഗ്രതയോടെ

നിർവ്വഹിക്കുന്നതിനു നിന്നെ സഹായിക്കുകയോ ചെയ്യുന്നി ല്ലെന്നു കാണുവാൻ പക്ഷെ നിനക്കു സാധിച്ചേക്കും. മാത്രമല്ല, ഈ സ്നേഹത്തെ പുലർത്തുകയാൽ നീ സന്യാസജീവിതത്തിൽ മന്ദോത്സുകനും ദൈവചിന്തതത്തിനു കീഴ്വഴക്കമില്ലാത്തവനും, നിൻെറ ന്യൂനതകളെ തിരുത്തുന്നവരോട് സഹിഷ്ണുത ഇല്ലാത്ത വനും, സഹോദരങ്ങളുടെ സ്നേഹത്തിന് അപാത്രവാനുമാ യെന്നും, അനുദിന ജീവിതത്തിലേ നിരവധിയായ ചെറിയ ചെറിയ അനുഷ്ഠാനങ്ങൾ നിനക്കു വലിയ ഭാരമായി ഭവിച്ചി രിക്കുന്നുവെന്നും സമ്മതിക്കുന്നതിനു നീ നിർബന്ധനായി തീർന്നെന്നും വന്നേക്കാം.

ഈ ചോദ്യങ്ങൾക്കെല്ലാം ആശ്വാസപ്രദമായ സമാ ധാനം നല്കുവാൻ നിൻെറ മനസ്സാക്ഷിക്കു സാധിക്കുന്നില്ലെ ങ്കിൽ ആ മൈത്രീബന്ധങ്ങൾ നിനക്കു യോജിക്കുന്നവയല്ല. എന്നാൽ അവരോടുള്ള സ്നേഹത്തെ പുലർത്തിക്കൊണ്ടുപോകു ന്നതിനു തക്ക ന്യായങ്ങളുണ്ടെങ്കിൽ അവരെ പരിഛേദം ഉപേക്ഷിച്ചുകളയണമെന്നു ഞാനാവശ്യപ്പെടുന്നില്ല. വളരെ വിവേകത്തോടുകൂടി വർത്തിക്കുകയും നിൻെറ ഹൃദയചലന ങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുകയും വേണമെന്നു മാത്രമേ ഞാനുപദേശിക്കുന്നുള്ളു. ഈ വിശുദ്ധൻതന്നെ പറയുന്നു: "ഒരുവൻ എത്രതന്നെ വിശുദ്ധനായിരുന്നാലും മനുഷ്യരോടുള്ള ആവശ്യത്തിലധികമായ ഇടപാട് അവന് ഒരിക്കലും നന്മയ്ക്കു് കാരണമായിട്ടില്ല." 'ആവശ്യത്തിലധികമായ' എന്ന വാക്കുകൾ ചിന്തനീയങ്ങളത്രേ. എങ്കിലും വിവേകവും ഉപവിയും ചില രോടു കൂടുതൽ സ്വാതന്ത്ര്യമായി വർത്തിക്കുന്നതിനു നമ്മെ നിർബ്ബ ന്ധിച്ചെന്നു വരാം. അതിനാൽ വിശുദ്ധൻ നമ്മോടാവശ്യപ്പെടു ന്നതു നമ്മുടെ സ്നേഹവും മനുഷ്യരോടുള്ള നമ്മുടെ വർത്തനാ രീതിയും ബുദ്ധിപൂർവ്വകവും, വിവേകത്താലും ഉപവിയാലും നിയന്ത്രിക്കപ്പെട്ടതും ആയിരിക്കണമെന്നും, ഇതിൻെറ മാന ദണ്ഡം നമ്മുടെ ഹൃദയപക്ഷവും, സ്വാഭാവികചാച്ചിലുമായി രിക്കരുതെന്നുമാണ്. ഇപ്രകാരം പ്രവർത്തിക്കുമെങ്കിൽ വിശു

ഢന്റെ ഭയജനകമായ മുന്നറിയിപ്പുകളും ഭത്സനങ്ങളും നമ്മെ ഭയവിഹ്വലരാക്കുകയുമില്ല.

എന്നാൽ ഒരുത്തരോടും സ്നേഹമില്ലാതെ വത്തിച്ചാൽ ഈ മുൻകരുതലിനെ നാം വിശ്വസ്തതയോടെ പാലിക്കുന്നു എന്നു വിചാരിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ സ്നേഹം നമുക്കാവശ്യമാണ്. മാത്രമല്ല, അതു്, എത്ര സജീവമായിരിക്കുമോ അത്രയ്ക്കു് ഉത്തമവുമാണ്. ദൈവത്തോടു മാത്രമല്ല നമുക്കു സ്നേഹമുണ്ടായിരിക്കേണ്ടതു്. ദൈവസുതരും നമ്മുടെ അയല്ക്കാരുമായ എല്ലാവരോടും വിശിഷ്യാ പുണ്യവദ്ധനവിനും യോഗ്യതാസമ്പാദനത്തിനുമായി നമ്മോടടുത്തു പെരുമാറുന്നതിനു ദൈവം നിശ്ചയിച്ചിരിക്കുന്നവരോടും നമുക്കു സജീവമായ സ്നേഹമുണ്ടായിരിക്കണം. നമ്മുടെ അയല്ക്കാരോടു സ്നേഹമില്ലാതിരിക്കുക എന്നതു ക്രിസ്തീയപുണ്യത്തിന്റെയോ, സന്യാസപരിപൂണ്ണതയുടെയോ ലക്ഷണമായിരുന്നിട്ടില്ല; ഒരിക്കലും ആയിരിക്കയുമില്ല. അലക്ഷ്യത, അഥവാ സ്നേഹമില്ലായ്മ ഹൃദയകാഠിന്യത്തിന്റെ അഥവാ ഹൃദയകാഠിന്യത്തിലേക്കു നാം വ്യതിചലിക്കുന്നു എന്നതിന്റെ അടയാളമാണ്. ഹൃദയകാഠിന്യമാകട്ടെ, ഉപവിയുടെ പുത്രിയല്ല; പ്രത്യുത, സ്വാത്ഥതയുടേതത്രെ. നമ്മുടെ അയല്ക്കാരോടുള്ള വത്തനത്തിൽ അവശ്യം അഭിമുഖീകരിക്കേണ്ടിവരുന്ന വ്യതിയാനങ്ങളേയും, അഭിപ്രായഭിന്നതകളേയും അവഗണിച്ചു നമ്മുടെ സ്നേഹത്തെ സദാ സജീവമായി പരിരക്ഷിക്കുമാറു ദൈവതിരുച്ചിത്തത്തിനനുസൃതമായി നമ്മുടെ സ്നേഹവിചാരങ്ങളെ നിയന്ത്രിക്കുക എന്നതു് അത്ര ദുഷ്ക്കരമല്ലെന്നു നാം സദാ സ്മരിക്കണം.

ഹൃദയം അതിന്റെ സ്നേഹവികാരങ്ങാംമൂലം വിവേകത്തിന്റെയും ഉപവിയുടെയും പ്രമാണങ്ങളിൽനിന്നു വ്യതിചലിച്ചെന്നു വരാം. എന്നാൽ ഇതിനെക്കാാം അപകടകരമായതു സ്നേഹത്തിന്റെ അഭാവത്താൽ നമ്മുടെ ഹൃദയം മൃതപ്രായമായിത്തീരുന്നതാണ്. പതിതമതത്തിന്റെ ആക്രമണംമൂലം

അധഃപതിച്ചുപോയ മനുഷ്യസ്വഭാവത്തിൽ വി. പൗലോസ് ദർശിച്ച ഏററം വലിയ തിന്മ മനുഷ്യരുടെ ഇടയിൽ കടന്നുകൂടിയ സ്നേഹമില്ലായ്മയാണ്. സ്നേഹവും വിശ്വാസവും കരുണയും ഇല്ലാത്ത ഭോഷന്മാർ എന്നാണ വി. പൗലോസ് ഇവരെപ്പററി പറയുന്നതു്. 'ദൈവം സ്നേഹമാകുന്നു.' ജീവിതവിശുദ്ധിയാൽ അവിടുത്തോടേററം സമീപിക്കുന്നവർ തന്റെ അനന്തമായ സ്നേഹമധുരിമയിൽ തന്നോടു ഭാഗഭാക്കുകളാകുകയും ചെയ്യുന്നു. സ്നേഹസമ്പന്നമായ ഒരു ഹൃദയം ഉള്ളവന് ഒരു വലിയ നിധിയാണ ലഭിച്ചിരിക്കുന്നതു്. ഒരു വിശുദ്ധനാകുന്നതിനു്, അവനു തന്റെ ഹൃദയപക്ഷങ്ങളെ എങ്ങനെ നിയന്ത്രിക്കണമെന്നു് അറിഞ്ഞാൽ മതി.

ചിലരോടു പ്രത്യേകസ്നേഹം കാണിക്കുകയും അവൎക്കു സ്വയം അധീനപ്പെടുത്തുകയും ചെയ്യുന്നതു ബാലിശസ്വഭാവത്തിന്റെ അഥവാ ദുൎബ്ബലമനസ്സിന്റെ ലക്ഷണമാണ്. ഈ സ്നേഹത്തെ എങ്ങനെ ബുദ്ധിക്കു കീഴ്പ്പെടുത്തണമെന്നറിയുന്നതു ബുദ്ധിമാന്മാൎക്കും കാൎയ്യഗൗരവമുള്ളവൎക്കും യോജിക്കുന്നതാണ്. ഒരുത്തരേയും സ്നേഹിക്കാതിരിക്കുന്നതിനു് അഹങ്കാരിയായിരുന്നാൽ മതിയാകും. എന്നാൽ എല്ലാവരേയും സ്നേഹിക്കണമെങ്കിൽ നാം വളരെ നല്ലവരായിരിക്കേണ്ടതു് അത്യാവശ്യമാണ്.

സ്വാഭീഷ്ടത്തിനും അഭിരുചിക്കും അനുസരിച്ചു പ്രവൎത്തിക്കുന്നവരോടു് അനുഭാവം പ്രദൎശിപ്പിച്ചുകൊണ്ടു് അവരോടു മാത്രം സ്നേഹവും ദയയും കാണിക്കുന്നതിനു്, ഒരുവൻ അഹങ്കാരിയും സ്വാൎത്ഥതല്പരനും എല്ലാററിലും സ്വന്തം സുഖസൗകൎയ്യാദികളെ ലാക്കാക്കി പ്രവൎത്തിക്കുന്നവനും ആയിരുന്നാൽ മതി. എന്നാൽ നമ്മുടെ ചുററുമുള്ള എല്ലാവരോടും, അവരുടെ സ്വഭാവവും സ്വാഭാവികഗുണങ്ങളും, സാമുദായികനിലയും പരിഗണിക്കാതെ സദാ സ്നേഹത്തോടും ദയയോടുംകൂടെ വൎത്തിക്കണമെങ്കിൽ വലിയ ശ്രമവും അല്പമാത്രമായ ചാപല്യങ്ങളുടെയും തീക്ഷ്ണമായ ആഗ്രഹങ്ങളുടെയും നിരന്തരമായ നിഗ്രഹവും

ആവശ്യമാകുന്നു. വലിയ പുണ്യവും ധാരാളമായ ദൈവാനുഗ്രഹവും കൂടാതെ ഇതൊരിക്കലും സാദ്ധ്യമല്ല.

അതുകൊണ്ടു രാഗഹീനനായി ഒരുത്തനേയും സ്നേഹിക്കാതെ, എല്ലാവരെയും വിസ്മരിക്കേണ്ടതിനു നിൻെറ ഹൃദയത്തെ 'ഐസ്' നിറച്ച ഒരു പെട്ടിയിൽ അടച്ചു സൂക്ഷിക്കണമെന്നു മനസ്സിലാക്കേണ്ടതില്ല. ഹൃദയപക്ഷങ്ങളുടെ പ്രകടനത്തിൽ, ഹൃദയത്തെ വഴിപിഴപ്പിച്ചേക്കാവുന്നവയിൽനിന്നു മാത്രമല്ല, പ്രത്യുത, അതിൻെറ ജീവനും ശക്തിയും നഷ്ടപ്പെടുത്തിയേക്കാവുന്ന എല്ലാററിൽനിന്നും, ഹൃദയത്തെ കാത്തുസൂക്ഷിക്കുന്നതിലാണ് ഈ ആദശം അടങ്ങിയിരിക്കുന്നതു്. നിരവധി ജീവിതക്ലേശങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും മദ്ധ്യേ ഹൃദയത്തെ എല്ലായ്പോഴും കൗമാരാവസ്ഥയിൽ സൂക്ഷിക്കുക എന്നതു വിശുദ്ധന്മാരുടെ ലക്ഷണമാണ്. ക്രിസ്തീയപുണ്യവും സന്യാസപരിപൂർണ്ണതയും മററുള്ളവരെ മറക്കുന്നതിലും അവരോടു സ്നേഹം പ്രദശിപ്പിക്കാതിരിക്കുന്നതിലും അല്ല അടങ്ങിയിരിക്കുന്നതു്. പ്രത്യുത, സ്വയം വിസ്മരിക്കുന്നതിലും വെറുക്കുന്നതിലുമത്രേ. സ്വാത്ഥത്തെ പൂർണ്ണമായി മറക്കണം; നമ്മുടെ അയല്ക്കാരെ ഗാഢമായി സ്നേഹിക്കണം; നിരന്തരം ആത്മപരിത്യാഗം ചെയ്തുകൊണ്ടും ദൈവത്തിൽനിന്നല്ലാതെ മററാരിൽനിന്നും യാതൊരു പ്രതിഫലം ഇച്ഛിക്കാതെയും എല്ലായ്പോഴും മററുള്ളവരെ സഹായിക്കുകയും സ്നേഹിക്കുകയും വേണം.

ഇതു ഹൃദയത്തെ പരിപൂർണ്ണമായി ശുദ്ധീകരിക്കുന്നു; ദൈവത്തെ പ്രസാദിപ്പിക്കുന്നു; കഠിന പ്രായശ്ചിത്തങ്ങളാലും വീരകൃത്യങ്ങളുടെ നിർവ്വഹണത്താലും സമ്പാദിക്കാമെന്നതിനെക്കാൾ കൂടുതൽ യോഗ്യത ഇതുവഴി നമുക്കു ലഭിക്കുകയും ചെയ്യുന്നു. വി. യോഹന്നാൻക്രൂസിൻെറ ശ്രേഷ്ഠമായ ഉപദേശം ഇതല്ലെന്നു ശങ്കിക്കേണ്ട. താഴെ പറയുന്ന വാക്കുകൾ അദ്ദേഹത്തിൻേറതു തന്നെയാണ്: "നമ്മുടെ ദിവ്യരക്ഷകൻ ഹൃദയശുദ്ധിയുള്ളവരെ ഭാഗ്യവാന്മാർ എന്നാണ് അഭിസംബോധനം ചെയ്തിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ യഥാത്ഥസ്നേഹത്തി

നല്ലാതെ മററു യാതൊന്നിനും സൗഭാഗ്യം നല്കപ്പെട്ടന്നില്ല." "ദൈവത്തിൽ മാത്രം തൻെറ വിചാരങ്ങളെ കേന്ദ്രീഭവിപ്പിച്ചിരിക്കുന്ന സ്നേഹമുള്ള ഒരു ഹൃദയം സന്തോഷമുള്ളതാകുന്നു" എന്നു പറഞ്ഞിരിക്കുന്ന സുപ്രസിദ്ധയായ ഒരു വിശുദ്ധയുടേയും, "സുവിശേഷ പരിപൂർണ്ണതയ്ക്കനുസരണമായി ദൈവത്തിനു ശുശ്രൂഷചെയ്യുന്നതല്ലാതെ, മററു യാതൊന്നും മനുഷ്യനു വിലയുള്ളതോ, ഉപയോഗമുള്ളതോ, ദൈവമഹത്വം വർദ്ധിപ്പിക്കുന്നതോ അല്ല" എന്നു പറഞ്ഞിരിക്കുന്ന ഒരു വിശുദ്ധൻെറയും സന്താനങ്ങളാണു നാം എന്നു സദാ ഓർമ്മിക്കണം. സുവിശേഷ പഠനങ്ങളെല്ലാം ഉൾക്കൊള്ളുന്നതും ലോകത്തിനജ്ഞാതമാകയാൽ 'പുതിയതു'' എന്നു ദൈവം സംബോധനം ചെയ്തതുമായ ദൈവകല്പനകളുടെ പരിപൂർണ്ണമായ അനുഷ്ഠാനത്തിനു് അവരുടെ ഹൃദയത്തെ സന്നദ്ധമാക്കുകയെന്നതാണു വിശുദ്ധൻെറ ഉപദേശങ്ങളുടെയെല്ലാം അന്ത്യവും, അവയിൽനിന്നു തൻെറ ജ്ഞാനമക്കൾ പ്രാപിക്കണമെന്നു് അദ്ദേഹം ഉദ്ദേശിക്കുന്ന ഫലവും. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ (യോഹ. xiii, 34).

ഇതാണു തൻെറ അനുയായികളുടെ പ്രത്യേകലക്ഷണമായി അവിടുന്നു നിർദ്ദേശിച്ചതു്. "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ ഇതുവഴി നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നുവെന്നു് എല്ലാവരും അറിയും" (യോഹ. xiii, 35). ഈ വാക്കുകളാൽ തൻെറ ഈ കല്പനയെ ശരിയായി മനസ്സിലാക്കി തദനുസരണം പ്രവർത്തിച്ചാൽ മാത്രം മതിയെന്നും ഇതുകൂടാതെയുള്ള മററു യാതൊന്നും പ്രയോജനമുള്ളതല്ലെന്നും അവിടുന്നു നമ്മെ ഉൽബോധിപ്പിക്കുന്നു. വി. പൗലോസു് ഇതു മനസ്സിലാക്കിക്കൊണ്ടു് "യാതൊരുവനും ഒന്നിലും നീ കീഴ്പ്പെട്ടവനായിരിക്കരുതു്; എന്നാൽ പരസ്പരം സ്നേഹിക്കുവിൻ; എന്തുകൊണ്ടെന്നാൽ, അയൽക്കാരനെ സ്നേഹിക്കുന്നവൻ പ്രമാണങ്ങളെ

നിറവേററിയിരിക്കുന്നു........അയൽക്കാരോടുള്ള സ്നേഹം തിന്മ പ്രവത്തിക്കുന്നില്ല. അതിനാൽ സ്നേഹമാകുന്നു പ്രമാണങ്ങളുടെ പൂത്തീകരണം" എന്നു പഠിപ്പിച്ചു. ഇക്കാരണത്താൽ നമ്മുടെ വിശുദ്ധ പിതാവു തൻെറ മുൻകരുതലുകളിലും അതുപോലെ തന്നെ മററെല്ലാ ലേഖനങ്ങളിലും അവയുടെ വാച്യാർത്ഥം ഏതുവിധമായാലും ദൈവത്തെയോ മനുഷ്യരെയോ സ്നേഹിക്കുന്നതിൽ, തൻെറ മക്കളുടേയും ശിഷ്യരുടേയും ഹൃദയങ്ങളെ സങ്കുചിതമാക്കിത്തീക്കണമെന്നു് ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല എന്നു നമുക്കനുമിക്കാം. തൻെറ വേറൊരു ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതുപോലെ വിശുദ്ധൻെറ ഉദ്ദേശ്യം നമ്മുടെ വികാരങ്ങളിലും പ്രവൃത്തികളിലും നമ്മുടെ സ്നേഹത്തിൻേറയും ആഗ്രഹങ്ങളുടേയും പ്രകടനത്തിലും നാം കുട്ടികളെപ്പോലെ ആയിരിക്കരുതെന്നാണു്. ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കുന്നതിനു നാമും പ്രാപ്തരായിരിക്കേണ്ടതിനു നമ്മുടെ ഹൃദയത്തെ ബലിഷ്ഠവും വിശുദ്ധവും ന്യായാന്യായവിവേചനമുള്ളതുമാക്കി, നാം പരിപൂണ്ണമായി സ്വയം വിസ്മരിച്ചു ദൈവസ്നേഹത്താലും പരസ്നേഹത്താലും നമ്മെ നിറയ്ക്കണമെന്നതാണു വിശുദ്ധൻെറ പരമമായ ലാക്കു്.

# അദ്ധ്യായം 5.

## ലോകത്തിന്നെതിരായ രണ്ടാമത്തെ മുൻകരുതൽ

### ലൗകിക സമ്പത്തു്.

ലോകസമ്പത്തിനെ സംബന്ധിച്ചാണ ലോകത്തിന്നെതിരായ രണ്ടാമത്തെ നിർദ്ദേശം. ലോകസമ്പത്തിൽനിന്നു് ഉളവാകുന്ന നാശത്തിൽ നിന്നൊഴിയുന്നതിനും, അമിതാഗ്രഹങ്ങളെ നിയന്ത്രിക്കുവാനും തീക്ഷ്ണമായി ആഗ്രഹിക്കുന്നെങ്കിൽ സ്വകാര്യസമ്പാദ്യങ്ങളെ നീ വെറുക്കണം. "നീ എന്തു ഭക്ഷിക്കും എന്തു കുടിക്കും എന്തു് ഉടുക്കുമെന്നുള്ളതിനെക്കുറിച്ചു മാത്രമല്ല, സൃഷ്ടിക്കപ്പെട്ട യാതൊന്നിനെക്കുറിച്ചും നീ ഉൽകണ്ഠയുള്ളവനാകേണ്ട; ഭാവിയെപ്പററി ചിന്തിച്ചു കലങ്ങുകയും വേണ്ട; പ്രത്യുത, ഉന്നതമായ കാര്യങ്ങളെ – ദൈവരാജ്യത്തെ – അന്വേഷിക്കുക. എന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കുന്നതുപോലെ ഇവയെല്ലാം നിങ്ങൾക്കു കൂട്ടി നല്കപ്പെടും. മൃഗങ്ങളെ സംരക്ഷിക്കുന്നവൻ നിൻെറ കാര്യം വിസ്മരിക്കുകയില്ല. നീ ഇതു ചെയ്യുമെങ്കിൽ മൗനം നിനക്കു ക്ഷിപ്രസാദ്ധ്യമാകുകയും നിൻെറ ഇന്ദ്രിയങ്ങളിൽ സമാധാനം അധിവസിക്കുകയും ചെയ്യും.

പരിപൂർണ്ണമായ ഉപവി സമ്പാദിക്കുവാനായി നമുക്കു നേരിടുന്ന എല്ലാ പ്രതിബന്ധങ്ങളിൽനിന്നും നമ്മെ വിമുക്തരാക്കണമെന്നതാണ സന്യാസജീവിതത്തിൻെറ മുഖ്യോദ്ദേശ്യം എന്നു വി. തോമസ് അക്വിനാസു് പഠിപ്പിക്കുന്നു. നമ്മുടെ ഹൃദയസ്നേഹം ഏതുവിധമായിരിക്കണമെന്നു ദൈവം ആഗ്ര

ഹിക്കുന്നുവോ ആ വിധത്തിൽ സ്നേഹിക്കുന്നതിനു തടസ്സമാകാവുന്ന എല്ലാററിൽനിന്നും ഹൃദയത്തെ സ്വതന്ത്രമാക്കുക എന്നതാണു സന്യാസജീവിതത്തിൻെറയും ക്രിസ്തീയ സന്മാർഗ്ഗത്തിൻെറയും അന്തും. നമ്മുടെ അയല്ക്കാർ മാത്രമല്ല, ലോകസമ്പത്തും, നമ്മുടെ ഹൃദയചലനങ്ങളെ ബലഹീനമാക്കുകയും തടയുകയും ചെയ്യുന്നതിനു കാരണമായിത്തീരുന്നു. അതിനാൽ തൻെറ ഒന്നാമത്തെ മുൻകരുതലിൽ നമ്മുടെ അയല്ക്കാരോടു നമുക്കുണ്ടായിരിക്കേണ്ട സ്നേഹത്തെക്കുറിച്ചു നമ്മെ ഉപദേശിച്ചതിനുശേഷം, ലോകസമ്പത്തിന്മേൽ നമുക്കുള്ള സ്നേഹത്തെ നിയന്ത്രിക്കേണ്ടതു് എങ്ങനെയെന്നു രണ്ടാമത്തെ മുൻകരുതലിൽ നമ്മെ പഠിപ്പിക്കുന്നു. ഇവിടെയും അദ്ദേഹം വളരെ തീക്ഷ്ണതയും കാഠിന്യവും ഉള്ളവനായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. "ലോകസമ്പത്തുമൂലം നിനക്കു നേരിട്ടേക്കാവുന്ന തിന്മകളിൽനിന്നു് ഒഴിയുവാനും നിൻെറ അമിതാഗ്രഹങ്ങളെയെല്ലാം നിയന്ത്രിക്കുവാനും തീക്ഷ്ണതാപൂർവ്വം ആഗ്രഹിക്കുന്നെങ്കിൽ സ്വന്തമായിട്ടുള്ള സമ്പാദ്യങ്ങളെല്ലാം നീ വെറുത്തുപേക്ഷിക്കണം" എന്നത്രേ അദ്ദേഹം ഉപദേശിക്കുന്നതു്. മനോജ്ഞമായ തൻെറ ചിന്താശകലങ്ങളിലൊന്നിൽ ഈ വെറുപ്പിനുള്ള കാരണം അദ്ദേഹം വിശദമാക്കുന്നുണ്ടു്. 'ദൈവത്തിൻെറ അനന്തമായ സമ്പാദ്യം ഉള്ളടക്കുന്നതിനു യാതൊന്നുമില്ലാത്തതും ഏകാന്തവുമായ ഒരു ഹൃദയത്തിനു മാത്രമേ സാധിക്കുകയുള്ളൂ' എന്നത്രേ അദ്ദേഹം പറയുന്നതു്. ഈ തത്വത്തിൻെറ അർത്ഥം നല്ലതുപോലെ മനസ്സിലാക്കേണ്ടതാവശ്യമാണു്. എന്തുകൊണ്ടെന്നാൽ നല്ലവണ്ണം മനസ്സിലാക്കിയാൽ മാത്രമേ അതിനെ വേണ്ടവണ്ണം വിലമതിക്കുവാനും എളുപ്പത്തിൽ പ്രായോഗികമാക്കുവാനും നമുക്കു കഴിയുകയുള്ളൂ.

നീതിപരവും ബുദ്ധിപൂർവ്വകവുമായ കാര്യങ്ങൾ സാധിക്കുവാനുള്ള സ്വാഭാവിക മാർഗ്ഗം ധനമാകയാൽ അതിന്മേൽ കുറെ പക്ഷം വയ്ക്കുന്നതു തെററല്ല. ആ സ്വാഭാവിക സ്നേഹം അപലപനീയവുമല്ല. മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം ദൈവം

അവനു ലോകസമ്പത്തും പ്രകൃതിസൗന്ദര്യവും കാണിച്ചുകൊടുക്കുകയും അവയുടെമേൽ നാഥനായി അവനെ നിയമിക്കുകയും ചെയ്തു. "വർദ്ധിച്ചുപെരുകി, ലോകത്തിൽ എങ്ങും വ്യാപിച്ച്, അതിനെ കീഴടക്കുക; കടലിലേ മത്സ്യത്തിന്മേലും, ആകാശത്തിലേ പറവകളുടെമേലും, ഭൂമിയിൽ ചരിക്കുന്ന എല്ലാ സൃഷ്ടികളുടെമേലും, അധികാരം നടത്തുക" എന്നു പറഞ്ഞുകൊണ്ടു ദൈവം അവനെ അനുഗ്രഹിച്ചു. ഇപ്രകാരമാണു നമ്മുടെ ആദിമാതാപിതാക്കന്മാരോടു ദൈവം അരുളിച്ചെയ്തതു്. ദൈവം അവരെ രാജാക്കന്മാരും നാഥന്മാരുമായി നിയമിച്ചു. പാപത്താൽ നിർദ്ധനരെങ്കിലും അവരുടെ മക്കളും പിൻഗാമികളുമായ നമുക്കു്, സകല സൃഷ്ടികളുടെമേലും ഭരണം നടത്തുന്നതിനുള്ള അധികാരം അവരിൽനിന്നു ലഭിച്ചിട്ടുണ്ടു്. അതിനാൽ സമ്പാദിക്കുന്നതിനുള്ള അഭിലാഷം മനുഷ്യഹൃദയങ്ങൾക്കു സ്വാഭാവികമാണു്. അക്കാരണത്താൽ തന്നെ 'എൻേറതു്' എന്ന വാക്കിനു് ഒരു പ്രത്യേകതയുണ്ടു്. അതിൻെറ ധ്വനി നമ്മുടെ കണ്ണുകൾക്കു വളരെ ഇമ്പമുള്ളതാണു്. തങ്ങളുടെ കളിക്കോപ്പുകൾ നമ്മെ കാണിക്കുമ്പോൾ, നിഷ്കളങ്കമായ നിഗളത്തോടുകൂടി കുട്ടികൾ ഈ വാക്കു് ഉച്ചരിക്കുന്നു. രാജാക്കന്മാരും ധനാഢ്യന്മാരും അവരുടെ കൊട്ടാരങ്ങളേയും വ്യവസായശാലകളേയും തോട്ടങ്ങളേയും കുറിച്ചു സംസാരിക്കുമ്പോൾ അഹങ്കാരപൂർവ്വം ഇതുപയോഗിക്കുന്നു.

മനുഷ്യാത്മാവിൽ ഇതു വളരെ മധുരമായി ധ്വനിക്കുന്നുവെങ്കിൽ അതിൻെറ കാരണം, മനുഷ്യസ്വഭാവത്തിൻെറ അഭിവാഞ്ഛകളോടു് അതിനുള്ള അനുരൂപ്യമാണു്. അതിനാൽ പരീക്ഷണത്തിനുശേഷമല്ലാതെ ഇതിനെ നാം ഒരിക്കലും വിധിക്കരുതു്. ഗഹനചിന്തനത്തിൻെറ (Mysticism) നാമത്തിലായാലും അപ്രകാരം ചെയ്യരുതു്. കാരണം, നാം ശരിയായി ഗ്രഹിക്കാത്തപ്പോൾ ഒരു സത്യം വേറൊന്നിനു വിരുദ്ധമാണെന്നു നമുക്കു തോന്നിയേക്കാം. മനുഷ്യഹൃദയം സദാ ഏതെങ്കിലും കാംക്ഷിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു്, തനിക്കാനന്ദി

ക്കവാനായി അനന്തമായ ആശാകുംഭത്തോടെയല്ല, ദൈവം അതിനെ സൃഷ്ടിച്ചിരിക്കുന്നതു്. നമ്മാം വെറുത്തു പുറംതള്ളുന്നതിനായിട്ടല്ല, അവിടുന്നു് അത്ര സുന്ദരമായ സൃഷ്ടികളെക്കൊണ്ടു ലോകത്തെ അലങ്കരിച്ചതു്. അവയിൽനിന്നു പിന്നീടു പ്രതിനിവർത്തിക്കുന്നതിനുവേണ്ടി മാത്രമല്ല, അവയെ അധീനപ്പെടുത്തുന്നതിനും അവയുടെമേൽ ഭരണം നടത്തുന്നതിനും വേണ്ടിയുമാണു ദൈവം നമുക്കു് അധികാരം നല്കിയിട്ടുള്ളതു്. ലോകസമ്പത്തിനെ സംബന്ധിച്ചിടത്തോളം നമ്മുടെ പക്ഷങ്ങളെ ശരിയായി നിയന്ത്രിക്കണമെന്നതാണു ദൈവം നമ്മിൽനിന്നു് ആവശ്യപ്പെടുന്നതു്.

ദൈവത്തിൽ സകലതും നമ്മുടെ സ്വന്തമായിരിക്കേണ്ടതിനാണു സൃഷ്ടികളിൽനിന്നുള്ള അകൽച്ചയെപ്പററി വിശുദ്ധൻ ഇത്ര ശക്തിമത്തായി ഉപദേശിക്കുന്നതു്. ഇക്കാരണത്താൽ കീഴെ ഉദ്ധരിക്കുന്ന വാക്യങ്ങളിൽ 'എൻേറതു്'' എന്ന വാക്കു് പലപ്പോഴും ആവർത്തിക്കുന്നതിൽ വിശുദ്ധൻ താല്പര്യം പ്രദർശിപ്പിക്കുന്നു. "അങ്ങു് ആഗ്രഹിച്ചവയെല്ലാം അങ്ങയുടെ ഏകജാതനായ ഈശോമിശിഹാ വഴിയായി അങ്ങു് എനിക്കു പ്രദാനം ചെയ്തിട്ടുണ്ടു്. എൻെറ ദൈവമേ, അവ എന്നിൽനിന്നു് എടുത്തുകളരുയതേ....ആകാശം എൻേറതാണു്; ഭൂമി എൻേറതാണു്; നീതിമാന്മാർ എൻേറതാണു്; പാപികളും എൻേറതാണു്; വാനദൂതന്മാരും ദേവമാതാവും എൻേറതാണു്; സകല സൃഷ്ടികളും എൻേറതാണു്. ദൈവം തന്നെയും എൻേറതും എനിക്കുള്ളതുമാണു്; ക്രിസ്തു എൻേറതാകയാൽ സകലതും എനിക്കുവേണ്ടിയാണു്. എൻെറ ആത്മാവേ! പിന്നെ എന്താണു നിനക്കാവശ്യമുള്ളതു്? എന്താണു നീ ആരായുന്നതു്? ഇതെല്ലാം നിൻേറതാണു്. എല്ലാം നിനക്കുവേണ്ടിയുമാണു്. കുറച്ചുമാത്രം എടുക്കുകയോ, നിൻെറ പിതാവിൻെറ മേശയിൽനിന്നു വീഴുന്ന അപ്പക്കഷ്ണങ്ങാംകൊണ്ടു തൃപ്തിപ്പെടുകയോ ചെയ്യരുതു്. മുമ്പോട്ടുടുത്തു നിൻെറ മഹത്വത്തിൽ അഭിമാനി

ക്കക. നിന്നെ അതിൽ ഗോപനം ചെയ്തു സന്തോഷിക്കുക. അപ്പോൾ ഹൃദയാഭിലാഷങ്ങളെല്ലാം കരഗതമാകും."

ദൈവം വളരെ സുലഭമായി നിനക്കു പ്രദാനം ചെയ്യുന്ന ലോകസമ്പത്തു് സ്വായത്തമാക്കി ഭരിക്കുന്നതിനുള്ള അഭിലാഷം ഒരിക്കലും നിഷിദ്ധമല്ല. പ്രത്യുത, "ലോകത്തിൽ വ്യാപിച്ചു് അതിനെ കീഴടക്കി ഭരണം നടത്തുക" എന്നു് ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാൎക്കു കൊടുത്ത കല്പനയുടെ പൂൎത്തീകരണം മാത്രമാണു് ഇതു്. ഇതാ ദൈവം മനുഷ്യരോടു സംസാരിക്കുന്നു. ദൈവത്തിൻെറ വാക്കു വായുവിൽ ലയിച്ചുപോകുന്നുമില്ല. ഈ കല്പന കൊടുക്കുന്നതിനുമുമ്പു് അതിനെ സ്വീകരിക്കുന്നതിനു വേണ്ട മനസ്ഥിതി മനുഷ്യനു ദൈവം നല്കി. മനുഷ്യസ്വഭാവംപോലെതന്നെ നശിപ്പിക്കാൻ പാടില്ലാത്തതും തീക്ഷ്ണതരവുമായ ആഗ്രഹങ്ങളെ അവയുടെ പൂൎത്തീകരണത്തിന്നായി അവിടുന്നു് അവിടെ ഉല്പാദിപ്പിക്കുകയും ചെയ്തു.

സ്വയം നശിപ്പിക്കാതെ തനിക്കു സ്വാഭാവികമായുള്ള യാതൊന്നിനേയും ശൂന്യമാക്കാൻ മനുഷ്യനു സാദ്ധ്യമല്ലെങ്കിലും അവനു് അവയെ എല്ലാം ദൂഷിപ്പിക്കുകയൊ ബലഹീനമാക്കുകയൊ ചെയ്യാം. അരൂപിയുടെ ഏററം ശ്രേഷ്ഠമായ പക്ഷങ്ങളെ അവയുടെ ശരിയായ ലക്ഷ്യത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ മനുഷ്യനു കഴിയും. സമ്പാദിക്കുന്നതിനുള്ള അവൻെറ സ്വാഭാവികാഭിലാഷങ്ങളെയും അവൻ ഇപ്രകാരം ദുരുപയോഗിച്ചു. നിർഭാഗ്യവശാൽ ക്രമക്കേടിൻെറ അനാശാസ്യമായ മാൎഗ്ഗത്തിലേയ്ക്കാണു് അവൻ അവയെ തിരിച്ചുവിട്ടതു്. അതു മനുഷ്യകുലത്തിനു നിരവധി തിന്മകൾക്കു കാരണമാകുകയും ചെയ്തു. ദൈവം അവനു നല്കിയിരിക്കുന്ന നല്ലവസ്തുക്കളോടുള്ള അമിതസ്നേഹം, അവയുടെ ഓഹരിയിന്മേൽ അവൻെറ സഹോദരനുള്ള ന്യായമായ അവകാശത്തെ അവഗണിക്കുന്നതിനും, തദ്വാരാ ഉഗ്രതരമായ അനീതി പ്രവൎത്തിക്കുന്നതിനും പലപ്പോഴും മനുഷ്യനു കാരണമായിത്തീൎന്നിട്ടുണ്ടു്. സ്രഷ്ടാവി

നമാത്രം നൽകേണ്ടതായ സ്നേഹം സൃഷ്ടികൾക്കു നല്കി ക്കൊണ്ടു ദൈവത്തോട്ട് അവൻ കൃതഘ്നനായി വർത്തിച്ചിട്ടുണ്ട്. ഈ ദാനങ്ങളെ ദൈവത്തിൻേറയും അയല്ക്കാരുടേയും സേവന ത്തിനായി ഉപയോഗിക്കുന്നതിനു പകരം, അവയെ, ദൈവ ത്തെ നിന്ദിക്കുകയും സഹോദരങ്ങളെ ഞെരുക്കുകയും ചെയ്യുന്ന തിനുള്ള ഒരുപകരണമായി അവൻ വിനിയോഗിച്ചു.

മനുഷ്യാത്മാവിൻെറ ഓരോ അഭിലാഷങ്ങളും, പരോക്ഷ മായി അതിൻെറ സ്രഷ്ടാവായ ദൈവത്തിൽനിന്നും, പ്രത്യക്ഷ മായി മനുഷ്യസ്വഭാവത്തിൽനിന്നുമാണു നിർഗ്ഗമിക്കുന്നതു്. ഏതൽക്കാരണത്താൽ അവയെ നിർമ്മൂലമാക്കുക ഒരിക്കലും സാദ്ധ്യമല്ല. അതിനാൽ അവയെ നശിപ്പിച്ചുകളയാം എന്നു നാം ഭാവിക്കരുതു്. പ്രത്യുത, അവയെ നാം നിയന്ത്രിക്കുകയും സൂക്ഷിക്കുകയും ചെയ്യണം. ഈ ആഗ്രഹങ്ങൾ നമുക്കു സ്വാഭാ വികമായിരിക്കുമ്പോൾ ഈ സൂക്ഷ്മവും ശ്രദ്ധയും വളരെ അധി കമായിരിക്കണം. എന്തുകൊണ്ടെന്നാൽ മനുഷ്യദുഷ്ടത ഈവിധ മുള്ള ആഗ്രഹങ്ങളെ ദുഷിപ്പിക്കുമെങ്കിൽ ആ ദുഷിപ്പിക്കൽ ഏററം പൂർണ്ണവും അതിൻെറ ഫലങ്ങളിൽ ഏററം നാശകരവു മായിരിക്കും. ലോകവസ്തുക്കളോടുള്ള സ്നേഹം ദുഷിക്കു മ്പോൾ ഇപ്രകാരമാണു സംഭവിക്കുന്നതു്. സമ്പാദിക്കണമെ ന്നുള്ള ആഗ്രഹം അതിൽതന്നെ നല്ലതും ഉചിതവും വിശുദ്ധവു മാണു്. ദൈവംതന്നെയാണു് ഈ ആഗ്രഹം നമ്മുടെ ആത്മാ വിൽ ഉല്പാദിപ്പിച്ചിരിക്കുന്നതും. എന്നാൽ മനുഷ്യനാകട്ടെ, അതിനെ തിന്മകളുടെയും കലഹങ്ങളുടെയും ഒരു വററാത്ത ഉറവയായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. അതിനാലാണു ദൈവശാസ്ത്രജ്ഞന്മാർ ലുബ്ധിനെ (ലോഭത്തെ) തലപ്പെട്ട ദോഷ ങ്ങളിൽ ഒന്നായി പരിഗണിച്ചിരിക്കുന്നതു്. കാരണം നിര വധി ക്രമക്കേടുകളുടേയും വലിയ തിന്മകളുടേയും ജനനി യാണു ലോഭം. അതുപോലെതന്നെ നിരന്തരമായ ദൈവചി ന്തയിൽ നല്ലവണ്ണം ശുദ്ധീകരിക്കപ്പെട്ടിട്ടുള്ള ആത്മാക്കൾക്കു മാത്രം മനസ്സിലാക്കാൻ സാധിക്കുന്ന അനവധി നിസ്സാര

തെറവകളുടേയും സന്താനസമൃദ്ധയായ മാതാവാണു ലുബ്ധ്. അനുദിനവ്യാപാരങ്ങളിൽ ഒരു കാശെങ്കിലും കയ്യടക്കുന്ന സാധുസ്ത്രീയും തൻെറ കക്ഷിയെ വഞ്ചിക്കുന്ന കച്ചവടക്കാരനും തൻെറ കയ്യിൽ അകപ്പെടുന്ന അധമന്നെ ആശിപ്പിക്കുന്ന ഉത്തമന്നും തൻെറ നിസ്സീമമായ ധനത്തോട് ഏതാനും ലക്ഷംകൂടി ചേക്കുന്നതിനുവേണ്ടി അനേകരെ വഴിയാധാരമാക്കുന്ന ലക്ഷപ്രഭുവും തൻെറ അധികാരി എടുക്കാതിരിക്കാൻ വേണ്ടി കൈവശമുള്ള ഒരു പടം ഒളിച്ചുവയ്ക്കുന്ന ഭീരുവായ ഒരു കന്യാസ്ത്രീയും ജനങ്ങഠം പള്ളിക്കു കൊടുക്കേണ്ട പണം അവരിൽനിന്നും ഈടാക്കുന്ന രീതിയിൽ ജനങ്ങഠംക്കു ഉതപ്പുകൊടുക്കുന്ന വൈദികനും ഇതരകാൎയ്യനിൎവ്വഹണത്തിൽ തൻെറ സന്യാസവ്രതങ്ങളിൽ ഒന്നിനെ ലംഘിക്കുന്ന സന്യാസിയും ഒരോതരത്തിൽ ലുബ്ധ് എന്ന പാപത്തിനു് അധീനരാണു്. സമ്പാദിക്കണമെന്നുള്ള അമിതാഗ്രഹം ഇല്ലായിരുന്നുവെങ്കിൽ പലേ വലിയ തിന്മകളും ലോകത്തിൽ തടയപ്പെടാമായിരുന്നു. അതുപോലെതന്നെ വിശുദ്ധ സ്ഥലത്തുണ്ടാകുന്ന പല ഉതപ്പുകളും സന്യാസജീവിതത്തിലെ അനേകം അസ്വസ്ഥതകളും ഒരിക്കലും സംഭവിക്കുകയില്ലായിരുന്നു.

മനുഷ്യ ഹൃദയത്തെ ബാധിച്ചിരിക്കുന്ന ആപല്ക്കരമായ ഈ മഹാവ്യാധി സുഖപ്പെടുത്തുന്നതിനാണു ദിവ്യരക്ഷകൻ അവതാരം ചെയ്തതു്. മനുഷ്യകുലത്തിൽനിന്നു് അവിടുന്നു് ഇതിനെ പാടേ ഉന്മൂലനം ചെയ്തില്ലെങ്കിൽ വളരെ ആത്മാക്കളെ ഇതിൻെറ ബാധയിൽനിന്നു് അവിടുന്നു വിമുക്തമാക്കുകയും സാമൂഹ്യജീവിതത്തിൽ ഇതിൻെറ ശക്തി കുറയ്ക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു ദിവ്യരക്ഷകൻ, തൻെറ ഉദ്ദേശ്യം മനസ്സിലാക്കുവാൻ സാധിക്കാത്തവരെ അത്ഭുതപരതന്ത്രരാക്കുമാറു് ഹൃദയദാരിദ്യത്തെ അമിതമായി സ്നേഹിക്കുകയും തൻെറ ദൃഷ്ടാന്തത്താലും ഉപദേശങ്ങളാലും അതിനെ മഹത്വപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവിടുന്നു ദരിദ്രനായി ജനിച്ചു; ദരി

ദ്രനായി ജീവിച്ചു; ദരിദ്രരായിരുന്നു എപ്പോഴും തൻെറ സഖാക്കൾ; അവസാനം ദാരിദ്ര്യത്തിൻെറ പരമകാഷ്ഠയിൽ മരണം വരിക്കുകയും ചെയ്തു.

തൻെറ ദൃഷ്ടാന്തം പോരെന്നു തോന്നുമാറു്, തൻെറ പ്രസംഗങ്ങളിൽ അധികഭാഗവും ദാരിദ്ര്യത്തെപ്പററി പ്രബോധിപ്പിക്കുന്നതിനു് അവിടുന്നു വിനിയോഗിച്ചു; തൻെറ ശത്രുക്കളെ അവിടുന്നു ഭയപ്പെടുത്തി. ചുരുക്കിപ്പറഞ്ഞാൽ, സമ്പത്തിനെ അമിതമായി സ്നേഹിക്കുന്നവരെ ശപിക്കുന്നതിൽ അവിടുന്നു നിർദാക്ഷിണ്യനായിരുന്നു. "ധനവാന്മാർ സ്വർഗ്ഗത്തിൽ പ്രവേശിക്കുക വളരെ വിഷമമാണു്." വീണ്ടും "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു് എളുപ്പമാണു്" (മത്തായി XIX - 24) എന്ന ഭയങ്കരവാക്യങ്ങളെ ഉച്ചരിക്കുകയും ദൈവഭവനത്തിൽ ലൗകികലാഭം തേടിയവരെ അഭൂതപൂർവ്വമായ കോപത്തോടെ അവിടെനിന്നു് അടിച്ചോടിക്കുകയും ചെയ്തു. പ്രത്യുത, ദരിദ്രരേയും, എളിയവരേയും സ്തുതിച്ചുകൊണ്ടാണു് അവിടുന്നു തൻെറ 'മലയിലെ പ്രസംഗം' ആരംഭിച്ചതു്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" (മത്തായി V 3. 5). ദരിദ്രർക്കു ചെയ്തുകൊടുക്കുന്ന ഒരു സാഹായ്യം തനിക്കുതന്നെ ചെയ്തതായി പരിഗണിച്ചു് അതിനു പ്രതിസമ്മാനം നല്കുമെന്നു പറഞ്ഞുകൊണ്ടു് അവിടുന്നു തന്നെത്തന്നെ ദരിദ്രരോടു തുല്യനാക്കി.

ലോകവസ്തുക്കളോടുള്ള അമിതപക്ഷം മനുഷ്യഹൃദയങ്ങളിൽനിന്നും നീക്കിക്കളയുന്നതിനായി ലോകത്തെ നവീകരിക്കുവാൻ അവിടുന്നു തിരഞ്ഞെടുത്ത ദരിദ്രരായ തൻെറ ശ്ലീഹന്മാരോടു് അവിടുന്നു് അരുൾചെയ്ത സുപരിചിതവും മനോഹരവുമായ ഉപദേശം ശ്രവിച്ചാലും: "ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; കളപ്പുരകളിൽ ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ

പിതാവു് അവയെ പോററുന്നു. ഹാ! അവയെക്കാറം നിങ്ങറം ശ്രേഷ്ഠതയുള്ളവരല്ലയോ? വയലിലേ ലില്ലികറം എങ്ങനെ വളരുന്നു എന്നു കാണുവിൻ. അവ അദ്ധ്വാനിക്കുന്നില്ല നൂലുനൂല്ക്കുന്നുമില്ല. എങ്കിലും ശ്ലേമ്മോൻപോലും അവൻെറ സവ്വപ്രതാപത്തിലും അവയിൽ ഒന്നുപോലെ അലങ്കരിക്കപ്പെട്ടിരുന്നില്ല, എന്നു ഞാൻ നിങ്ങളോടു പറയുന്നു. ആകയാൽ ഇന്നുണ്ടായിരിക്കുന്നതും നാളെ അഗ്നിയിൽ ഇടപ്പെടുന്നതുമായ വയലിലേ പുല്ലിനെ ദൈവം ഇപ്രകാരം അണിയിക്കുന്നെങ്കിൽ അല്പ വിശ്വാസികളേ! നിങ്ങളെ അതിലും വളരെ അധികമായി അണിയിക്കുകയില്ലയോ? അതിനാൽ നാം എന്തു ഭക്ഷിക്കും, എന്തു കുടിക്കും, എന്തുടുക്കും എന്നു വിചാരിച്ചു് ഉല്ക്കണ്ഠാഭരിതരാകേണ്ട. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് ഇവയെല്ലാം നിങ്ങറംക്കു ആവശ്യമാകുന്നു എന്നു് അറിയുന്നുണ്ടു്. നിങ്ങളോ ദൈവത്തിൻെറ രാജ്യവും അവിടുത്തെ നീതിയും ആദ്യമേ അന്വേഷിക്കുവിൻ. അപ്പോറം ഇവയെല്ലാംകൂട്ടി നിങ്ങറംക്കു നല്കപ്പെടും" (മത്താ. VI, 26-33).

പാവപ്പെട്ട മനുഷ്യഹൃദയത്തെ സ്വതന്ത്രമാക്കുന്നതിനു് ഇതും പോരാഞ്ഞിട്ടു് തന്നെപ്രതി ലോകവസ്തുക്കളെ ത്യജിക്കുന്നവക്കു മോഹനമായ സമ്മാനം വാഗ്ദാനം ചെയ്തുകൊണ്ടും തൻെറ പഠനങ്ങളെ അവിടുന്നു ഹൃദ്യമാക്കി. "നിങ്ങറം എൻെറ പിന്നാലെ വന്നിരിക്കകൊണ്ടു മനുഷ്യപുത്രൻ പുതിയ ലോകത്തിൽ തൻെറ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കുമ്പോറം നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും. എൻെറ നാമം നിമിത്തം, ഭവനത്തെയോ, സഹോദരന്മാരെയോ സഹോദരിമാരെയോ, അപ്പനെയോ, അമ്മയെയോ, ഭായ്യയെയോ, മക്കളെയോ, നിലങ്ങളെയോ ഉപേക്ഷിക്കുന്ന ഏവനും നൂറിരട്ടി ലഭിക്കും. നിത്യജീവനെ അവൻ അവകാശപ്പെടുത്തുകയും ചെയ്യും" (മത്തായി xix, 28-29). അതുകൊണ്ടു്, ഈ വാഗ്ദാനങ്ങളേയും ഭത്സനങ്ങളേയും അടിസ്ഥാനമാക്കി, ജീവിക്കുന്നവ

രുടേയും മരിച്ചവരുടേയും വിധിയാളനായ ക്രിസ്തുവിൽ, ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടു മനുഷ്യരിൽ ഒരു വലിയ ഗണം സന്തോഷപൂർവ്വം ലോകവസ്തുക്കളെല്ലാം ത്യജിച്ചതിൽ അത്ഭുതത്തിനു് അവകാശമില്ല. സന്യാസപരിപൂർണ്ണതയ്ക്കായുള്ള കടമ സ്വയം വഹിച്ചിരിക്കുന്ന നാം ക്രിസ്തുവിനെ പരിപൂർണ്ണമായി അനുകരിക്കുന്നതിനു ധനത്തെ ഉപേക്ഷിക്കാമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ സന്യാസജീവിതത്തിൻെറ ഒരു അവശ്യഘടകമാണു ദാരിദ്ര്യവ്രതം. ഇതു് ഏററം പരമാർത്ഥമാകയാൽ ദാരിദ്ര്യാരൂപി ഇല്ലാത്ത അംഗങ്ങൾ അടങ്ങിയ ഒരു സന്യാസസമൂഹം ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല.

എന്നാൽ സന്യാസസമൂഹങ്ങൾ മാലാഖാമാരുടെ കൂട്ടമല്ല. പ്രത്യുത, മനുഷ്യരാണു് അവയിലേ അംഗങ്ങൾ. അവക്കു ഭക്ഷണം, വസ്ത്രം, വാസസ്ഥലം മുതലായ ശാരീരികാവശ്യങ്ങളും ഉണ്ടു്. ഇവയെല്ലാം അത്ഭുതകരമായി നമുക്കു പ്രദാനം ചെയ്യണമെന്നു ദൈവത്തോടു് അപേക്ഷിക്കുന്നതു യുക്തവുമല്ല. അതിനാൽ പൊതുവായ സമ്പാദ്യങ്ങൾ ഉണ്ടായിരിക്കുന്നതിൽ നിന്നു സന്യാസസമൂഹങ്ങൾ തടയപ്പെട്ടിട്ടില്ല. അതുപോലെ തന്നെ അവരുടെ അരൂപിക്കും ജീവിതാന്തസ്സിൻെറ പരമാന്ത്യപ്രാപ്തിക്കും വിഘാതമല്ലാത്ത വിധത്തിൽ അവയെ സൂക്ഷിക്കുന്നതിനു് അവയിലേ അംഗങ്ങളും മുടക്കപ്പെട്ടിട്ടില്ല. നികൃഷ്ട ദാരിദ്ര്യത്തെയല്ല, വിശുദ്ധ ദാരിദ്ര്യത്തെയാണു ദൈവം ആശീർവ്വദിക്കുന്നതു്. സുകൃതാഭ്യസനത്തിനു ധനം ഒരു തടസ്സമാണു്. എന്നാൽ വെറും ആവശ്യത്തിനു മാത്രമുള്ള സാധനങ്ങൾപോലും ഇല്ലാതിരിക്കുന്ന ഒരു സമൂഹത്തിനു സമാധാനം പാലിക്കുക വളരെ വിഷമമാണു്. വി. യോഹന്നാൻക്രൂസിൻെറ ആത്മചൈതന്യത്തിനനുസരണമായി ദാരിദ്ര്യപുണ്യത്തിനു്, ഏററം പ്രധാനപ്പെട്ടതും ആവശ്യകവുമായ സംഗതി, യാതൊരു സാധനവും ഇല്ലാതിരിക്കുക എന്നതല്ല; പ്രത്യുത, സമൂഹത്തിൻെറ അരൂപിക്കു ഹാനിവരാത്ത വിധത്തിലും തങ്ങളുടെ പരമാന്ത്യത്തെ — ദൈവരാജ്യത്തെ — കരസ്ഥമാക്കുന്നതിനു് അതിൻെറ

അംഗങ്ങൾക്കു ബാധകമാകാത്ത വിധത്തിലും, അതായതു്, യാതൊരു സന്യാസിയുടേയും ഹൃദയം ഈ വസ്തുക്കളോടു പററിപ്പിടിക്കാത്ത വിധത്തിൽ, സന്യാസസമൂഹത്തിൻെറ വസ്തുക്കളെ ഭരിച്ചുപയോഗിക്കുക എന്നതാണു്. ഇക്കാൎയ്യസാദ്ധ്യത്തിനു സാഹായ്യമാകുവാൻവേണ്ടിയാണു നമുക്കു ദാരിദ്ര്യമെന്ന പുണ്യവും വ്രതവും ഉള്ളതു്. വ്രതം ഒരു ത്യാഗവും പുണ്യം സ്ഥിരീകരണവുമാകുന്നു. സന്യാസജീവിതത്തെ നശിപ്പിക്കുന്ന ലൗകിക വസ്തുക്കളെ നാം ഉപേക്ഷിക്കണമെന്നു വ്രതം പഠിപ്പിക്കുന്നു. ഈശോമിശിഹായുടെ അരൂപിക്കനുസരണമായി ലോകവസ്തുക്കൾ നാം എങ്ങനെ ഉപയോഗിക്കണമെന്നു പുണ്യം ഉപദേശിക്കുന്നു. സന്യാസാത്മാക്കൾ ദാരിദ്ര്യവ്രതത്തെ ഗൗരവമായ കാൎയ്യങ്ങളിൽ ലംഘിക്കുക സാധാരണമല്ല. എങ്കിലും ചിലപ്പോളെല്ലാം നമ്മുടെ മനസ്സാക്ഷിയെ മാത്രമല്ല, സന്മാൎഗ്ഗശാസ്ത്രത്തെയും പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കും. എന്തുകൊണ്ടെന്നാൽ ദാരിദ്ര്യവ്രതത്തിനെതിരായി ഘനമായ സംഗതികളിൽപോലും പിഴയ്ക്കുക എന്നതു സാധാരണ നാം വിചാരിക്കുന്നതിലും, വളരെ എളുപ്പമാണു്. മാത്രമല്ല, വസ്തുക്കൾ സമ്പാദിക്കണമെന്നുള്ള ആഗ്രഹം മനസ്സാക്ഷിയെ അന്ധമാക്കുകയും ചെയ്യുന്നു.

ദാരിദ്ര്യവ്രതലംഘനം തടയണമെന്നതല്ല ഈ മുൻകരുതലിനാൽ വി. യോഹന്നാൻക്രൂസ് ഉദ്ദേശിക്കുന്നതു്. ഈ വിഷയത്തിൽ തൻെറ ജ്ഞാനമക്കൾ വേണ്ടത്ര ഉപദിഷ്ടരാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. ഏതൊന്നിൻെറ സുകരമായ അഭ്യസനത്തിനു ദാരിദ്ര്യവ്രതം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ, ആ പുണ്യത്തിൻെറ അഭ്യസനത്തിൽ നമ്മെ ഉപദേശിക്കണമെന്നാണു വിശുദ്ധൻെറ ലക്ഷ്യം. വ്രതം ഒരു മാൎഗ്ഗം മാത്രമാണു്; പുണ്യമാണു് അന്ത്യം. അന്ത്യപ്രാപ്തിക്കു് ഉപകരിക്കാത്തപ്പോൾ മാൎഗ്ഗങ്ങൾ ഉപയോഗശൂന്യങ്ങളാണല്ലോ. ദാരിദ്ര്യം എന്ന പുണ്യം ഈശോമിശിഹാ പഠിപ്പിച്ചതും, വിശുദ്ധന്മാർ ഉപദേശിക്കുന്നതുമായ യഥാൎത്ഥ ദാരിദ്ര്യാരൂപി സമ്പാദിക്കുന്നതിനു

നമ്മെ സഹായിക്കാത്തപ്പോഠം ദാരിദ്ര്യവ്രതവും നിരുപയോഗമായി ഭവിക്കുന്നു. വി. ആഗുസ്തീനോസിൻെറയും വി. ജെറാനിമ്മോസിൻെറയും, പഠനങ്ങളെ ആദരിച്ചുകൊണ്ടു വി. തോമ്മസ് അകപിനാസു് പറയുന്നു: "പരിശുദ്ധാരൂപിയുടെ പ്രേരണയാൽ മാനസികമായി ലോകവസ്തുക്കളെ പരിത്യജിക്കുക എന്നതാണു് ആത്മപിക ദാരിദ്ര്യം." ഇതു നിഗളത്തിൻെറ ഉന്മൂലനമാണു്. അതിനാൽ, ദാരിദ്ര്യം അരൂപിയുടേതാണു്. അതു് ഒരു സഞ്ചിയിലോ ഇരുമ്പുപെട്ടിയിലോ സ്ഥിതിചെയ്യുകയില്ല; പ്രത്യുത, അതു നമ്മുടെ ആത്മാവിലേ സ്ഥിതിചെയ്യുകയുള്ളു.

പരിശുദ്ധാരൂപിയുടെ പ്രേരണയാൽ ഉത്ഭൂതമാകുന്നതുകൊണ്ടു് അതു് ഒരു ദൈവികദാനമാണു്. ധനത്തോടുള്ള അമിതപക്ഷംമൂലം ഉളവായ അഹങ്കാരം ഇല്ലാതാക്കുകയാണു് ഇതിൻെറ അന്ത്യം. തൻെറ മനസ്സു ധനത്തോടു് ഒട്ടിപ്പിടിക്കാതെ ഒരുവനു് ലൗകികവസ്തുക്കളെ കൈകാര്യം ചെയ്യുകയും ന്യായപൂർവ്വം സമ്പാദിക്കുകയും ചെയ്യാം. വിശുദ്ധന്മാരായ ഫെർഡിനാണ്ടു്, ലൂയിസു്, ദാവീദു്, മുതലായവർ സമ്പന്നരായിരുന്നുവെങ്കിലും ആത്മനാ ദരിദ്രരായിരുന്നു. അല്ലെങ്കിൽ അവർ വിശുദ്ധരാകുകയില്ലായിരുന്നു. തൻെറ ഗീതകളിൽ ദാവീദു് പറയുന്നു; ഞാൻ ദരിദ്രനും യൗവ്വനം മുതൽ ബുദ്ധിമുട്ടുള്ളവനും ആകുന്നു. സ്വനാമത്തിൽ എന്തെങ്കിലും സമ്പാദിക്കുന്നതിനു് ഒരു സന്യാസിയെ അപ്രാപ്തനാക്കിത്തീർക്കുന്ന ദാരിദ്ര്യവ്രതം, മാനസിക ദാരിദ്ര്യം കരസ്ഥമാക്കുന്നതിനു് ഏററം നല്ലതും, പ്രയോജനകരവുമായ ഒരു മാർഗ്ഗമാണു്. ഒരിക്കലും ദാരിദ്ര്യവ്രതം, ലംഘിക്കാത്ത ഒരുവൻ ദരിദ്രനായാലും, അവനു് ആവശ്യമുള്ളവതന്നെ ഇല്ലാതിരുന്നാലും, അവൻെറ ഹൃദയത്തിൽ ലോകവസ്തുക്കളോടു് അമിതപക്ഷം ഉണ്ടെങ്കിൽ അവൻ യഥാർത്ഥത്തിൽ ദാരിദ്ര്യാരൂപി ഉള്ളവനല്ല. ഇതും നമ്മുടെ വിശുദ്ധപിതാവിൻെറ ഉപദേശമാണു്; ഇതു മറിച്ചാകാൻ പാടില്ല. കാരണം ഇതു മാത്രമാണു യഥാർത്ഥമായ ഏകതത്വം. സ്വന്തമായി വസ്തുക്കളില്ലാതിരിക്കുന്നതിനെപ്പററി ഇവിടെ ചോദ്യമില്ല.

എന്തുകൊണ്ടെന്നാൽ സ്വന്തമായി സാധനങ്ങൾ ഇല്ലാതിരിക്കുന്ന സ്ഥിതി അവയോടുള്ള ഹൃദയപക്ഷം ഇല്ലാതാക്കുന്നില്ല. പ്രത്യുത, സാധനങ്ങളോടുള്ള പക്ഷവും ആഗ്രഹവും ഇല്ലാതിരിക്കുന്നതാണു കാര്യമായിട്ടുള്ളതു്. ബാഹ്യവസ്തുക്കൾക്കു് ആത്മാവിനെ സംതൃപ്തമാക്കുവാൻ സാധിക്കയില്ല; അവയോടുള്ള നിഷ്പക്ഷത ആത്മാവിനെ സ്വതന്ത്രമായി പാലിക്കുന്നു. സാധനങ്ങളുടെ അഭാവത്തെക്കുറിച്ചല്ല ഇവിടെ പ്രതിപാദിക്കുന്നതു്. എന്തുകൊണ്ടെന്നാൽ സാധനങ്ങൾ ഇല്ലെങ്കിലും അവയോടുള്ള പക്ഷം ഉണ്ടാകുന്നുവെങ്കിൽ അതു് അവയോടുള്ള നിഷ്പക്ഷതയെ അല്ല പ്രദ്യോതിപ്പിക്കുന്നതു്. സാധനങ്ങളോടുള്ള ആഗ്രഹത്തെയും അവയിലുള്ള സന്തോഷത്തെയും പരിത്യജിക്കുന്ന നിഷ്പക്ഷതയെപ്പററിയാണു് ഇവിടെ പറയുന്നതു്. ലോകവസ്തുക്കൾ ആത്മാവിനെ അസ്വതന്ത്രമാക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ അവ ആത്മാവിൽ പ്രവേശിക്കുന്നില്ല. മറിച്ചു് അവ കിട്ടണമെന്നുള്ള ആഗ്രഹവും അവയോടുള്ള പക്ഷവുമാണു് ആത്മാവിനു നാശകരമായിട്ടുള്ളതു്.

ആകയാൽ ദീർഘപരിചയമുള്ള ഒരദ്ധ്യാപകനെന്ന നിലയിൽ, ഈ വിഷയത്തിൽ വളരെ സൂക്ഷിക്കണമെന്നു വിശുദ്ധൻ ഉപദേശിക്കുന്നു. ഇതു തക്ക കാരണത്തോടുകൂടിയുമാണു്. എന്തുകൊണ്ടെന്നാൽ നാം എളുപ്പത്തിൽ സ്വയം വഞ്ചിതരാകുന്നു. വിശുദ്ധവും ഉൽകൃഷ്ടവുമായ ഉദ്ദേശ്യസാദ്ധ്യത്തിനു് ആവശ്യകമായ സാധനങ്ങൾ കൈവശം ഉണ്ടായിരിക്കണമെന്ന സ്വാഭാവികവും ന്യായപൂർവ്വകവും ആയ ആഗ്രഹത്തോടു നിഗളവും സ്വാർത്ഥതയും എളുപ്പത്തിൽ കലരുന്നു. നിർഭാഗ്യവശാൽ ഏററം വിശുദ്ധമായ സംഗതികളിൽപോലും പലപ്പോഴും അവ കടന്നുകൂടാറുണ്ടു്. ലൗകികകാര്യാന്വേഷണത്തിൽ തിരിച്ചറിയാൻ ഏററം വിഷമമായ വിധത്തിൽ സ്വാർത്ഥത കടന്നുകൂടുന്നു. എളിമയോടുകൂടിയ പ്രാർത്ഥനകളാലും നിഷ്കൃഷ്ടവും നിരന്തരവുമായ ആത്മശോധനയാലും മാത്രമേ നമ്മെ പ്രേരിപ്പിക്കുന്ന അരൂപി

ഏതെന്നു കണ്ടുപിടിക്കാൻ നമുക്കു സാധിക്കുകയുള്ളു. അഹങ്കാരവും സ്വാൎത്ഥതയും നമ്മുടെ ആത്മാവിൽനിന്നു ബഹിഷ്കൃതമായിട്ടുണ്ടോ എന്നു് ഇപ്രകാരം നമുക്കറിയാം. ഈ ദുൎഗ്ഗുണങ്ങളുടെ ഉന്മൂലനം മാനസിക ദാരിദ്ര്യത്തിൻെറ ഫലമാണു്. നമ്മുടെ നിലയ്ക്കനുസരണമായ സൂക്ഷ്മതയോടും ജാഗ്രതയോടുംകൂടെ സഭാവസ്ത്രങ്ങളെ സൂക്ഷിക്കുക. സമാധാനപൂൎവ്വം ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കത്തോടെ ഏതെങ്കിലും സാധനങ്ങൾ — നമ്മുടെ സ്വന്തമായവയുടെ — നമ്മിൽനിന്നു് എടുക്കപ്പെടുന്നതിനു സമ്മതിക്കുക. സന്യാസജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന അനേകായിരം ബുദ്ധിമുട്ടുകളേയും എതിൎപ്പുകളേയും പ്രശാന്തതയോടും ഹൃദയാനന്ദത്തോടുംകൂടെ ആശ്ലേഷിക്കുക. ഇങ്ങനെ അരൂപിയുടെ ദാരിദ്ര്യം നമുക്കു സമ്പാദിക്കാം.

അനേകവൎഷം ദാരിദ്ര്യജീവിതം നയിച്ചതിനുശേഷവും, ഈശോമിശിഹായുടെ ദാരിദ്ര്യാരൂപിയിൽനിന്നു നാം വളരെ പിന്നിലാണെങ്കിൽ അതു തീൎത്തും ലജ്ജാകരമത്രേ. ദാരിദ്ര്യാരൂപിയിൽ തൻെറ യഥാൎത്ഥാനുയായികൾ എന്ന നിലയിൽ സന്യാസികൾ, മനുഷ്യസ്വഭാവത്തിൽ രൂഢമൂലമായിരിക്കുന്ന ധനാസക്തിയെ നിരന്തരം എതിരിടണമെന്നാണു സന്യാസജീവിതത്തിനു് അടിസ്ഥാനമിട്ടപ്പോൾ മിശിഹാ അഭിലഷിച്ചതു്. അതിനാൽ ലൗകികരിൽ കാണപ്പെടുന്ന ധനാസക്തി സന്യാസികളിലും കാണപ്പെടുന്നെങ്കിൽ അതു സുവിശേഷത്തിനു് ഒരു അപഹാസവും ലോകത്തിനു് ഉതപ്പുമായിരിക്കും. താൻ ഏററം സ്നേഹിക്കുന്ന ദരിദ്രരിൽ കാണുവാൻ ഈശോ അഭിലഷിക്കുന്ന ആത്മീയസ്വാതന്ത്ര്യവും വിശുദ്ധിയും നഷ്ടപ്പെടുന്നെങ്കിൽ, അതിനു കാരണമായ വസ്തുക്കൾക്കു സ്വമേ നിസ്സാര വിലയേയുള്ളുവെങ്കിൽത്തന്നെയും എന്തു വിശേഷം? അതിനാൽ നമ്മുടെ പിതാവായ വിശുദ്ധ യോഹന്നാൻക്രൂസു് പറയുന്നു: “ഒരു പക്ഷി, ഒരു വലിയ കയറുകൊണ്ടോ, നേരിയതും മൃദുലവുമായ ഒരു നൂലുകൊണ്ടോ ബന്ധിക്കപ്പെട്ടിരു

ന്നാലും, ആ പക്ഷികൾ പറക്കുന്നതിനു് അവ രണ്ടും ഒരുപോലെ പ്രതിബന്ധമാണു്. എന്തുകൊണ്ടെന്നാൽ അവ ഛേദിക്കപ്പെടു ന്നതുവരെ പക്ഷികൾ പറക്കുവാൻ സാധിക്കയില്ല. അതുപോലെ തന്നെ എത്ര അല്പമായ മാനുഷികപക്ഷങ്ങൾതന്നെ ആയാലും, അവയ്ക്കധീനമായിരിക്കുന്ന ആത്മാവിനു് അവ നിലനില്ക്കു ന്നിടത്തോളംകാലം ദൈവത്തിൻപക്കലേക്കു് ഉയരുന്നതിനു സാധിക്കയില്ല."

ഈ ഉപദേശത്തെ അവഗണിച്ചു പ്രവൎത്തിച്ച പല ആത്മാ ക്കൾക്കു വലിയ നാശം സംഭവിച്ചിട്ടുണ്ടു്. ദാരിദ്ര്യവ്രതം ലംഘിച്ചു എന്നു് അവരുടെ മനസ്സാക്ഷി അവരെ കുററപ്പെടു ത്താത്തതിനാൽ ദൈവത്തോടുള്ള തങ്ങളുടെ കടമ നിറവേററി യിരിക്കുന്നു എന്നും ഈശോമിശിഹാ വളരെ സ്നേഹിക്കുന്ന ദരിദ്രരുടെ ഗണത്തിൽ എണ്ണപ്പെടുന്നതിനു തങ്ങൾ അർഹരാ ണെന്നും അവർ വിശ്വസിക്കുന്നു. ഇതു ഭീമമായ ഒരബദ്ധമാണു്. എന്തുകൊണ്ടെന്നാൽ ഒരു പുസ്തകത്തോടൊ, വസ്ത്രത്തോടൊ, ഒരു മുറിയോടൊ, ഒരാശ്രമത്തോടൊ അവൎക്കുള്ള പ്രത്യേക പക്ഷത്തെ നിൎമ്മൂലമാക്കുന്നില്ലെങ്കിൽ അവർ അരൂപിയിൽ ദരി ദ്രരല്ല. തന്മൂലം, ദൈവാനുഗ്രഹത്തിനു പകരം, ദൈവകോപ ത്തിനു് അവർ തങ്ങളെത്തന്നെയും സഭയെയും ഇരയാക്കിത്തീ ൎക്കുന്നു. അതിനാൽ നമ്മുടെ പിതാവു തുടൎന്നു പറയുന്നു: "ദൈവ ത്തിൻെറ ശക്തങ്ങളായ കരങ്ങൾ, ലോകത്തിൽനിന്നും, ഘന മേറിയ പാപത്തിൽ ഉൾപ്പെടാനുള്ള സാഹചൎയ്യങ്ങളിൽനിന്നും രക്ഷിച്ചു എങ്കിലും തങ്ങളുടെ ചില അപൂൎണ്ണതകളെ ജയിച്ചട ക്കുന്നതിൽ അലസരും അശ്രദ്ധരുമായ ആത്മാക്കളോടു ദൈവം ന്യായമായി കോപാകുലനായിത്തീരുന്നു. അതിനാൽ തങ്ങളുടെ ആഗ്രഹങ്ങളെ പിഞ്ചെന്നുകൊണ്ടു് ഒന്നിനൊന്നു കൂടുതൽ മോ ശമായിത്തീരുന്നതിനു് അവിടുന്നു് അവരെ അനുവദിക്കുന്നു." മുകളിൽ വിവരിച്ചിരിക്കുന്ന ഹൃദയസ്വാതന്ത്ര്യത്തേയും നിഷ്പ ക്ഷതയേയും പരിരക്ഷിക്കുന്നതിനു വിഘാതമായ എല്ലാവിധ സമ്പാദ്യങ്ങളേയും വെറുക്കണമെന്നു വിശുദ്ധൻ വീണ്ടും ഉപ

ദേശിക്കുന്നു. എല്ലാ അംഗങ്ങളും യഥാത്ഥമായ മാനസിക ദാരിദ്ര്യം അഭ്യസിക്കുന്നെങ്കിൽ ആവശ്യമുള്ള സാധനങ്ങളുടെ അഭാവം ഒരിക്കലും ഒരു സമൂഹത്തിനും സഹിക്കേണ്ടിവരിക യില്ല എന്നുള്ളതു് എത്രയും വാസ്തവമാണു്. എന്തുകൊണ്ടെ ന്നാൽ വിശുദ്ധൻെറ അഭിപ്രായാനുസരണം "മൃഗങ്ങളെ പരിപാ ലിക്കുന്നവൻ നിന്നെ മറന്നുകളയുകയില്ല. ദൈവം ഇതു വാഗ്ദാ നം ചെയ്തിട്ടുണ്ടു്. എന്നാൽ അവിടുന്നു നമ്മുടെ ഭാഗത്തുനിന്നും വിശ്വസ്തത ആവശ്യപ്പെടുന്നു."

പല പിശാചുക്കൾക്കു ചെയ്യുവാൻ കഴിയുന്നതിനെക്കാൾ കൂടുതൽ നാശം ഒരു സമൂഹത്തിനു വരുത്തുവാൻ, സമാധാന രഹിതവും ആത്മനിഗ്രഹം പരിശീലിച്ചിട്ടില്ലാത്തതുമായ ഒരാ ത്മാവിനു കഴിയും. വിശ്വസ്തരായ പലരുടെ ഗണത്തിൽ ഒരാൾ മാത്രമേ ദൈവകല്പന ലംഘിച്ചുള്ളുവെങ്കിലും, കുററക്കാരനെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതുവരെ എല്ലാവരിലുംനിന്നു ദൈവം തൻെറ കണ്ണുകളെ തിരിച്ചുകളയുകയും തൻെറ സംരക്ഷണം പിൻവലിക്കുകയും ചെയ്തു എന്നു യോശ്വായുടെ പുസ്തകത്തിൽ നാം കാണുന്നു. ഒടുക്കത്തേ അത്താഴസമയത്തു തൻെറ ശിഷ്യ ന്മാരോടു സ്വതന്ത്രമായി വത്തിക്കുന്നതിനു്, അത്യാഗ്രഹി യായ യൂദാസിൻെറ സാന്നിദ്ധ്യം ഈശോയ്ക്കു് ഒരു തടസ്സമായി ഭവിച്ചു. യൂദാസു് അവിടെനിന്നു പോയപ്പോൾ മിശിഹാ തൻെറ സ്നേഹിതരുടെകൂടെ ആയി. അപ്പോഴാണു വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ള അവർണ്ണ്യങ്ങളായ ഉപദേ ശങ്ങൾ അവിടുന്നു് അവക്കു് നല്കിയതു്. സമാധാനരഹിത യായ ഒരു ആത്മാവു് കൂട്ടത്തിലുള്ള എല്ലാവരുടേയും സമാ ധാനം നശിപ്പിക്കുകയും തൻെറ സ്നേഹിതരോടുകൂടി സഹ വസിക്കുന്നതിനു മിശിഹായെ തടയുകയും ചെയ്യുന്നു.

ഒരു സന്യാസഭവനത്തിൽ ഈ ഉപദേശങ്ങൾ വിശ്വസ്ത തയോടുകൂടി പാലിക്കപ്പെടുമെങ്കിൽ അതു് ആത്മാക്കൾക്കു

സമാധാനത്തിന്റെ ഉറവയും, ആത്മികവും ലൗകികവുമായ അനുഗ്രഹങ്ങളുടെ വററാത്ത അരുവിയുമായി പരിണമിക്കും. നമ്മുടെ വിശുദ്ധപിതാവിന്റെ ഒരു വാക്യശകലംകൂടി ഉദ്ധരിച്ചുകൊണ്ടു് ഈ അദ്ധ്യായം ഉപസംഹരിക്കാം. "ദാരിദ്ര്യാരൂപിയേയും ലോകവസ്തുക്കളോടുള്ള വെറുപ്പിനേയും പരിരക്ഷിക്കുന്നതിനു പരിശ്രമിക്കുക. അല്ലെങ്കിൽ ആത്മികവും ലൗകികവുമായ ആയിരം ആവശ്യങ്ങൾ നിങ്ങൾക്കുണ്ടാകുമെന്നു് ഉറച്ചുകൊള്ളുക. എന്നാൽ, ദൈവം നിനക്കു മതിയാകുമെങ്കിൽ നിനക്കു യാതൊന്നിലും പോരായ്മ വരികയില്ല. എന്തുകൊണ്ടെന്നാൽ ഇല്ലായ്മയെ തന്റെ സർവ്വസ്വമാക്കിയിരിക്കുന്നതിനാൽ, യഥാർത്ഥ ദാരിദ്ര്യാരൂപിയുള്ളവൻ, എന്തെങ്കിലും ഇല്ലാതെവരുമ്പോൾ കൂടുതൽ സന്തോഷവും സംതൃപ്തിയും ഉള്ളവനായിത്തീരുന്നു. അതിൽ എല്ലാം കണ്ടെത്തുന്നതിനാൽ അവൻ ഹൃദയസ്വാതന്ത്ര്യം അനുഭവിക്കുന്നു. അനുഗൃഹീതമായ ഇല്ലായ്മ! എല്ലാററിനെയും ആത്മാവിനു കീഴ്പ്പെടുത്തുന്നതും എന്നാൽ ഒന്നിനും അധീനപ്പെടാതിരിക്കുന്നതും വാഴ്ത്തപ്പെട്ടതുമായ ഹൃദയനിഗൂഢത! ഹാ! ഇവ എത്ര അഭികാമ്യങ്ങളല്ല!

# അദ്ധ്യായം 6.

## മൂന്നാമത്തെ മുൻകരുതൽ

### അന്യരുടെ കാര്യങ്ങളിൽ ഇടപെടാതിരിക്കുക.

സന്യാസസമൂഹത്തിലേ അംഗങ്ങളോടുള്ള പെരുമാററത്തിൽ നേരിട്ടേക്കാവുന്ന തിന്മകളെ നിവാരണം ചെയ്യുന്നതിനു മൂന്നാമത്തെ മുൻകരുതൽ ഏററം ആവശ്യകമാണ്. ഇതിനെ അവഗണിക്കുകയാൽ പലരും തങ്ങളുടെ ഹൃദയസമാധാനം നഷ്ടപ്പെടുക മാത്രമല്ല, പല തിന്മകളിലും പാപങ്ങളിലും നിപതിക്കുന്നതിനു് ഇടയാകുന്നുമുണ്ടു്. ഒരു പ്രത്യേക വ്യക്തിയുടെ സ്ഥിതി, സംസാരം, പ്രവൃത്തി മുതലായവയെപ്പററി—അതു ശുഷ്കാന്തിയാൽ പ്രേരിതമായിട്ടോ തിന്മയെ തടയുന്നതിനായിട്ടോ ആയാലും—നീ ഒരിക്കലും വിചാരിക്കുകയോ ന്യായമായിട്ടു് അറിയിക്കേണ്ട ആളോടും തക്കസമയത്തും അല്ലാതെ അവയെപ്പററി ഒരിക്കലും സംസാരിക്കുകയോ ചെയ്യരുതു്. നീ കാണുകയോ കേൾക്കുകയോ ചെയ്യുന്നവയെക്കുറിച്ചു് അത്ഭുതപ്പെടുകയോ ഉത്കണ്ഠപ്പെട്ടു വിചാരിക്കുകയോ ചെയ്യേണ്ട. എല്ലാററിനെയും ഒന്നുപോലെ വിസ്മരിക്കുക.

മാലാഖാമാരുടെ കൂടെത്തന്നെ വസിച്ചുകൊണ്ടു് അവിടെ നടക്കുന്നവ പരിശോധിച്ചാൽ നിനക്കു മനസ്സിലാകായ്കനിമിത്തം പല സംഗതികളും തെററായി നിനക്കു തോന്നും. അതിനാൽ ലോത്തിൻെറ ഭാര്യയുടെ അനുഭവത്തിൽനിന്നു് ഒരു പാഠം പഠിക്കുക. സോദോം നഗരത്തിൻെറ നാശത്തിൽ അവൾ ചഞ്ചലപ്പെടുകയും സംഭവിച്ചതെന്താണെന്നു് അറിയുവാനായി തിരിഞ്ഞുനോക്കുകയും ചെയ്തു. ഇതിനാൽ ദൈവം

അവളെ ശിക്ഷിച്ചു. അവഠം ഒരു ഉപ്പുതൂണായിത്തീൎന്നു. നീ പിശാചങ്ങളുടെ കൂടെ വസിച്ചാലും അവർ ചെയ്യുന്നവയെ പരിഗണിക്കാതെ അവയെല്ലാം വിസ്മരിച്ചുകൊണ്ടു് ജീവിക്കണമെന്നാണു ദൈവചിത്തം എന്നു് ഈ സംഭവം പഠിപ്പിക്കുന്നു. നിൻെറ ഹൃദയം നിശ്ശേഷം ദൈവത്തിൻേറതായി സൂക്ഷിക്കുന്നതിനു പരിശ്രമിക്കുക. അന്യചിന്തകഠം നിന്നെ അസ്വസ്ഥമാക്കുവാൻ ഒരിക്കലും അനുവദിക്കരുതു്. സന്യാസഭവനങ്ങളിലും വീഴ്ചയ്ക്കുള്ള അവസരങ്ങഠം കുറവല്ലെന്നു് ഉറച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ പുണ്യവാന്മാരെ നശിപ്പിക്കുന്നതിൽ ദത്തശ്രദ്ധരായ പിശാചങ്ങഠം അവിടെ ധാരാളമുണ്ടു്. അവരെ പരിശോധിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനുമാണു ദൈവം ഇതു് അനുവദിക്കുന്നതു്. അതിനാൽ സദാ ജാഗ്രതയോടുകൂടി വൎത്തിച്ചില്ലെങ്കിൽ എന്തുതന്നെ ചെയ്താലും നീ ഒരിക്കലും ഒരുത്തമസന്യാസി ആകുകയോ വിശുദ്ധമായ ഏകാന്തതയും നിഷ്പക്ഷതയും സമ്പാദിക്കുകയോ ഇല്ല. മാത്രമല്ല, നിനക്കു വലിയ ആത്മീയനഷ്ടം നേരിടുകയും ചെയ്യും. ഈ മുൻകരുതലിനു് അനുസരണമായി നീ ജീവിക്കുന്നില്ലെങ്കിൽ, നിനക്കു് എത്ര നല്ല ശുദ്ധനിയോഗവും ശുഷ്കാന്തിയും ഉണ്ടായിരുന്നാലും, ഏതെങ്കിലും വിധത്തിൽ പിശാചൻ നിന്നെ കുടുക്കിലാക്കും. അല്ല, ഇപ്രകാരമുള്ള ബലഹീനതകഠംക്കു് അധീനപ്പെടുമ്പോഠം നീ മിക്കവാറും പിശാചനു് അധീനനായി കഴിയുന്നു. അപ്പസ്തോലനായ വിശുദ്ധ യാക്കോബു് പറയുന്നതു ശ്രവിച്ചാലും: "തൻെറ നാവിനു കടിഞ്ഞാണിടാതെ, താൻ സന്യാസിയാണെന്നു് ഒരുവൻ വിചാരിക്കുന്നെങ്കിൽ അവൻെറ സന്യാസം നിഷ്പ്രയോജനമത്രേ". ബാഹ്യമായ നാവിനെ എന്നതുപോലെ ആന്തരികമായ നാവിനേയും ഇതു ബാധിക്കുന്നുണ്ടു്.

സന്യാസപരിപൂൎണ്ണതയ്ക്കു ലോകം വരുത്തിവയ്ക്കുന്ന മൂന്നാമത്തെ വിഘ്നം, സന്യാസസഹോദരങ്ങളിൽ കാണുന്ന യഥാൎത്ഥമോ സങ്കല്പിതമോ ആയ ദുൎമ്മാതൃകയാണു്. ഒന്നാമത്തെ പ്രതിബന്ധം, ആളുകളോടുള്ള അനാശാസ്യപക്ഷമാണെന്നു നാം

കണ്ടുകഴിഞ്ഞു; രണ്ടാമത്തേതു് ലൗകികവസ്തുക്കളിലുള്ള അമിതമായ ആഗ്രഹമാണ്. മൂന്നാമത്തേതാകട്ടെ, നമ്മോടുകൂടെ വസിക്കുകയും നാം അനുസരിക്കുന്ന നിയമങ്ങൾതന്നെ അനുസരിക്കുകയും ചെയ്യുന്ന സന്യാസസഹോദരങ്ങളിൽ കാണുന്ന എന്നു ചിലപ്പോൾ നാം വിചാരിക്കുന്ന തണ്ണുദൃഷ്ടാന്തമാണ്. ഈ മൂന്നാമത്തെ ആപത്തിൽനിന്നു നമ്മെ രക്ഷിക്കുന്നതിനാണു വിശുദ്ധ യോഹന്നാൻക്രൂസ് തന്റെ മൂന്നാമത്തെ മുൻകരുതൽ എഴുതിയിരിക്കുന്നതു്. ഇതിനെ സംബന്ധിക്കുന്ന ഉപദേശം സുദീർഘവും പ്രൗഢഭാഷയിൽ വിരചിതവുമാകയാൽ മററു രണ്ടിനെക്കാൾ ആപല്ക്കരമായി ഇതിനെ വിശുദ്ധൻ പരിഗണിക്കുന്നു എന്നതു നിസ്തർക്കമത്രേ. മാത്രമല്ല, "ഒരു സന്യാസിക്കു നാലു ഗുണദോഷങ്ങൾ" എന്ന സുപ്രസിദ്ധ ഉപദേശങ്ങളിൽ ഒന്നാമത്തേതായി വിശുദ്ധൻ പ്രതിപാദിച്ചിരിക്കുന്നതു് ഇതു തന്നെയാണ്. പ്രതിപാദ്യരീതിയും മിക്കവാറും ഒന്നുതന്നെ. ഇക്കാരണങ്ങളാൽ അദ്ദേഹത്തിന്റെ മുഖ്യ ചിന്താവിഷയം ഇതായിരുന്നു എന്നു സ്പഷ്ടമാണ്. സന്യാസജീവിതത്തിൽ ദുർമ്മാതൃക ഏററം ആപല്ക്കരമാണെന്നു വിശുദ്ധനു ബോദ്ധ്യമായിരുന്നതിനാൽ അതിനെ അഭിമുഖീകരിക്കാൻ തന്റെ ജ്ഞാനമക്കളെ തയ്യാറാക്കണമെന്നു് അദ്ദേഹം അഭിലഷിച്ചു. അതിനാൽ വിവേകവും ഉൾക്കണ്ഠയും നിറഞ്ഞ ഒരുരൂപിയെ പ്രത്യക്ഷമാക്കുന്ന ഗംഭീരവുംപരമാത്ഥവുമായ ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നതു്. സാധാരണയായി വിശുദ്ധൻ വെറും മാതൃകായോഗ്യമായ സംഗതികളെപ്പററിയാണു പ്രതിപാദിക്കാറുള്ളതെങ്കിലും, അദ്ദേഹം ഒരു പ്രായോഗിക മനുഷ്യനാണെന്നതിനു് ഒരു ഉത്തമദൃഷ്ടാന്തമാണ് ഇവിടെ ദൃശ്യമാകുന്നതു്. നമ്മുടെ വിശുദ്ധ പിതാവു സദാപി ദൈവൈകൃത്തിൽ ജീവിച്ചിരുന്നു. എങ്കിലും തന്റെ സൂക്ഷ്മത്തിനു ഭരമേല്പിക്കപ്പെട്ടിരുന്ന ആളുകളേയും വസ്തുക്കളേയും നിരീക്ഷിക്കുന്നതിനു് ഇതു് അദ്ദേഹത്തിനൊരു പ്രതിബന്ധമായിരുന്നില്ല. വിശുദ്ധൻ പരിപൂർണ്ണനായ ഒരു ഗുരുവാണെന്നും, മനുഷ്യജീവിതത്തിലേ ഏററം

നിസ്സാര സംഗതികരംപോലും അദ്ദേഹം നല്ലവണ്ണം ഗ്രഹിച്ചിരുന്നു എന്നും ഈ മുൻകരുതലിൽനിന്നു വിശദമാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ന്യൂനതകളും അപകടങ്ങളും അത്ഭുതകരമായ നിശ്ചയത്തോടെ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതിനാൽ അദ്ദേഹത്തിൻെറ പ്രതിപാദ്യരീതി, ഭീരുക്കളും, തീക്ഷ്ണതയില്ലാത്തവരുമായ ആത്മാക്കളെ ഭഗ്നാശരാക്കുന്നുണ്ട്.

വി. യോഹന്നാൻക്രൂസിനെപ്പോലുള്ള ഒരു വിശുദ്ധനാൽ എഴുതപ്പെട്ടതല്ലായിരുന്നു ഈ മുൻകരുതലുകളെങ്കിൽ, ചിലർ ഇതിനെ ഉപവിക്കു വിരുദ്ധമായും, സന്യാസസമൂഹങ്ങരംക്കു ഒരു പ്രതിഷേധ വിഷയമായും പരിഗണിക്കുമായിരുന്നു. എന്നാൽ വിശുദ്ധന്മാർ എല്ലാററിലുമുപരിയായി സത്യത്തിൻെറ സ്നേഹിതരും തദ്വാരാ പരമാത്ഥികളുമാണ്. യഥാത്ഥ പുണ്യത്തിനു എന്തെങ്കിലും ഗോപനം ചെയ്യേണ്ട ആവശ്യമുണ്ടെന്നു അവർ വിശ്വസിക്കുന്നില്ല. അതിനാൽ അവർ സത്യത്തെ പ്രഖ്യാപനം ചെയ്യുന്നവരാണ്. അവർ ആളുകളേയും വസ്തുക്കളേയും അവയുടെ യാഥാത്ഥ്യത്തിൽ ദശിക്കുന്നു; അവർ കാണുന്നതുപോലെ പറയുന്നു. ആളുകളെ ഉപദേശിക്കുന്നതിനോ, മതിക്കുന്നതിനോ അവരുടെ തനിനിറത്തിൽ അവർ അവരെ സ്വീകരിക്കുന്നു. അതിനാൽ വിശുദ്ധൻ നേരെ കാര്യത്തിലേക്കു പ്രവേശിക്കുന്നു; സത്യം മുഴുവൻ സ്വീകരിക്കുന്നതിനു ശീലിച്ചിട്ടില്ലാത്തവരും പുണ്യം എന്താണെന്നു ശരിയായി ഗ്രഹിച്ചിട്ടില്ലാത്തവരുമായ ആളുകരംക്കു അസുഖപ്രദമായ ഭാഷയിൽ സംസാരിക്കുന്നു. "സന്യാസഭവനങ്ങളിൽ വീഴ്ചയ്ക്കുള്ള അവസരങ്ങരം അപൂവ്വമല്ലെന്നു ഉറച്ചുകൊള്ളുക; എന്തുകൊണ്ടെന്നാൽ വിശുദ്ധന്മാരെ നശിപ്പിക്കുന്നതിനു പരിശ്രമിക്കുന്ന പിശാചുക്കരം അവിടെ കുറവല്ല" എന്നത്രേ അദ്ദേഹം പ്രബോധിപ്പിക്കുന്നതു്.

എപ്പോഴും വലിയ സൂക്ഷ്മത്തോടുകൂടി വ്യാപരിക്കാത്തവർ തങ്ങളുടെ സഹോദരങ്ങളുടെ സന്യാസജീവിതത്തിൽ ഉതപ്പി

നട്ടത്തവ എന്തെങ്കിലും കാണണമെന്നാണ് ഇവിടെ അദ്ദേഹം വിവക്ഷിക്കുന്നതു്. ലോകത്തിൽ കാണപ്പെടുന്ന ഉതപ്പിനുള്ള കാരണങ്ങൾ അഥവാ ഉദ്ദേശ്യങ്ങൾ രണ്ടാണു്. നമ്മുടെ സ്വന്തം തെററുകൾക്കു് ഇരയായിത്തീരാതിരിക്കേണ്ടതിനു് അവ രണ്ടും തിരിച്ചറിയേണ്ടതു് ആവശ്യകമാണു്. ഉതപ്പിനുള്ള കാരണം, ചിലപ്പോൾ ഉതപ്പുണ്ടാകുന്ന ആളെ മാത്രം സംബന്ധിക്കുന്നതാണു്: അഥവാ, അവ അവൻെറ അജ്ഞതയുടെ ഫലമാണു്. എന്തുകൊണ്ടെന്നാൽ അപ്രകാരം പ്രവർത്തിക്കുവാൻ അപരനുള്ള കാരണങ്ങൾ അവൻ ഗ്രഹിക്കുന്നില്ല. ചിലപ്പോൾ അതു് അവൻെറ ദുർവികാരങ്ങളുടെ ഫലമാകാനും മതി. കാരണം, അന്യരുടെ പ്രവൃത്തികളെ ദുർവ്യാഖ്യാനം ചെയ്യുക എന്നതാണു് അവൻെറ ഹൃദയവാസന. സന്യാസഭവനങ്ങളിൽ ഉണ്ടാകുന്ന ഉതപ്പിൽ തൊണ്ണൂറെറാമ്പതു ശതമാനത്തിൻെറയും കാരണം അജ്ഞതയോ ഉതപ്പുണ്ടാകുന്നവരിലുള്ള പരമാർത്ഥതക്കുറവോ ആണു്: അഥവാ, ഇവ രണ്ടുംകൂടെ ആകാം.

സ്വബലഹീനതയുടെ സൂക്ഷ്മജ്ഞാനത്താൽ അരൂപി നല്ലവണ്ണം ശുദ്ധീകരിക്കപ്പെട്ടതും, ഹൃദയം ഉപവിയാലും ഉൽകൃഷ്ട ചിന്തകളാലും പൂരിതവുമല്ലെങ്കിൽ, ഒരുവൻ മററുള്ളവരുടെ കീർത്തിയിൽ എപ്പോഴും എന്തെങ്കിലും കളങ്കം കണ്ടെത്തും. സദാചാരസംബന്ധമായ കാര്യങ്ങളിൽ മററുള്ളവരുടെ പ്രവൃത്തികളെപ്പററിയുള്ള നമ്മുടെ വിധി എപ്പോഴും സ്വമനോസങ്കല്പമായിരിക്കും. മററുള്ളവർ യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ അല്ല, പ്രത്യുത, നാം ആയിരിക്കുന്നതുപോലെ നമുക്കു പ്രത്യക്ഷപ്പെടുന്നു. ബലഹീനരായ ആത്മാക്കൾക്കു കളങ്കിതമെന്നു തോന്നാത്തവിധം അത്ര പരിശുദ്ധമായ യാതൊരു പുണ്യവുമില്ല. അതിനാൽ "നിങ്ങൾ മാലാഖാമാരുടെകൂടെ വസിച്ചാലും അവർ എന്തുചെയ്യുന്നു എന്നു നിങ്ങൾ സാകൂതം ആരായുമ്പോൾ നിങ്ങൾക്കു മനസ്സിലാകാത്ത പലതും തെററായി നിങ്ങൾക്കു തോന്നും" എന്നു നമ്മുടെ പുണ്യതാതൻ പറയുന്നു.

മററുചിലപ്പോഠം, ഉതപ്പിനുള്ള കാരണങ്ങഠം ബാഹ്യമാണ്. മററുള്ളവർ യഥാൎത്ഥത്തിൽ അവരുടെ കൃത്യങ്ങഠംക്കു വിലോപം വരുത്തുന്നു എന്നു നമുക്കു തോന്നുന്നതു് ഇതിനു് ഉദാഹരണമാണു്. ഇപ്രകാരമുള്ള ഉതപ്പും സന്യാസഭവനങ്ങളിൽ ഉണ്ടാകാം; ഉണ്ടാകുന്നുമുണ്ടു്. എന്തുകൊണ്ടെന്നാൽ സാന്മാൎഗ്ഗികകാര്യങ്ങളിൽ നാമും നമ്മുടെ സഹോദരങ്ങളും തെററുവരുത്തുന്നതു നാം കാണുന്നു. നാം മാലാഖാമാരല്ല; മനുഷ്യരാണു്. നാം ആഗ്രഹിക്കുന്ന സമാധാനസൗധത്തിൽ ഇനിയും നാം എത്തിച്ചേൎന്നിട്ടില്ല. ഇപ്പോഴും നാം മുള്ളുകളാൽ നിറഞ്ഞതും, ചെളിപുരണ്ടതും, ആപൽസമ്പൂൎണ്ണവുമായ മാൎഗ്ഗത്തിലൂടെയാണു യാത്ര ചെയ്യുന്നതു്. അതിനാൽ നമ്മുടെ സഹോദരങ്ങളുടെ വസ്ത്രം ചിലപ്പോഠം ചെളിപുരണ്ടും കീറിയും ഇരിക്കുന്നതു നാം കണ്ടേക്കാം. അല്ല, അവർ ഏററിരിക്കുന്ന മുറിവുകളിൽനിന്നു രക്തം ഒഴുകുന്നതും നാം കണ്ടെന്നുവരാം; ചിലപ്പോഠം അവർ ഏററം ഭയങ്കരമാംവണ്ണം അധഃപതിച്ചെന്നും വരാം; ഈലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം ഈവിധ ആപത്തുകളിൽനിന്നു നാം പൂൎണ്ണവിമുക്തരായിരിക്കയില്ല." ഇതാണു വിവേകവും സ്നേഹവും തുളുമ്പുന്ന വാക്കുകളിൽ ഒരു പിതാവിനെപ്പോലെ ഈ മുൻകരുതലിൽ വിശുദ്ധൻ നമ്മെ ഉപദേശിക്കുന്നതു്. "നീ കാണുകയോ കേഠംക്കുകയോ ചെയ്യുന്നവയെക്കുറിച്ചു് ഉതപ്പുവിചാരിക്കുകയോ അത്ഭുതപ്പെടുകയോ അരുതു്. എന്തുകൊണ്ടെന്നാൽ വിശുദ്ധന്മാരെ നശിപ്പിക്കുന്നതിനു പരിശ്രമിക്കുന്ന പിശാചുങ്ങഠം അവിടെ കുറവല്ല. വിശുദ്ധന്മാരെ പരീക്ഷിച്ചു പരിശോധിക്കുന്നതിനാണു ദൈവം ഇതു് അനുവദിക്കുന്നതു്."

ബലഹീനമായ മനുഷ്യസ്വഭാവത്തിനു സ്വതസിദ്ധമായ നിരവധി അപൂൎണ്ണതകഠംക്കും പുറമേ, ദുഷ്ടാരൂപിയുടെ നിരന്തരമായ പ്രചോദനങ്ങളും അതിനെ ഉപദ്രവിക്കുന്നുണ്ടു്. പിശാചിൻെറ ഈ പ്രലോഭനങ്ങളിൽ അകപ്പെടാതെ സസൂക്ഷ്മം

വർത്തിക്കുന്നതിനു പരിശുദ്ധാത്മാവു നിരന്തരം നമ്മെ ഗുണദോഷിക്കുന്നു. "ജാഗ്രതയും സൂക്ഷ്മവുമുള്ളവനായിരിക്കുക. എന്തുകൊണ്ടെന്നാൽ നിൻെറ ശത്രുവായ പിശാചൻ ആരെ വിഴുങ്ങേണ്ടു എന്നു വിചാരിച്ചു സിംഹത്തെപ്പോലെ അലറിക്കൊണ്ടു ചുററി നടക്കുന്നു." ദൈവവചനം വഴിയായി ആത്മാവിൽ വിതയ്ക്കുന്ന സച്ചിന്തകളാകുന്ന നല്ല വിത്തുകരം പിശാചൻ മോഷ്ടിക്കുന്നു എന്നു ദിവ്യരക്ഷകനും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടല്ലോ. കൃഷിക്കാരൻ ഗോതമ്പു കൊഴിക്കുന്നതുപോലെ അപ്പസ്തോലന്മാരെ കൊഴിക്കുവാൻ — അവരെ തൻെറ അധീനതയിലാക്കുവാൻ — പിശാചൻ ആഗ്രഹിക്കുന്നതായി ഈശോമിശിഹാ വി. പത്രോസിനോടു പറയുകയുണ്ടായി. അവിടുന്നു പറയുന്നു: "ശെമ്ഓനേ, ഇതാ! സാത്താൻ നിങ്ങളെ ഗോതമ്പിനെ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ എന്നാൽ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും ഒരിക്കൽ മനസ്സുതിരിഞ്ഞു നിൻെറ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക." തൻെറ അപ്പസ്തോലന്മാക്കും വിശ്വാസികരം എല്ലാവക്കും നേരിടാനിരിക്കുന്ന പരീക്ഷകളെ മുൻകൂട്ടി കണ്ടുകൊണ്ടു് ഈശോ അവക്കെല്ലാവക്കും വേണ്ടി പ്രാർത്ഥിച്ചു എന്നതും പ്രസ്താവ്യമാണു്. എന്നാൽ തൻെറ മഹനീയ പ്രാർത്ഥനയിൽ, പിശാചൻ അവരെ പരീക്ഷിക്കരുതെന്നോ, അവൻ അവക്കു യാതൊരു ഉപദ്രവവും ചെയ്യരുതെന്നോ, അവിടുന്നു പ്രാർത്ഥിച്ചില്ല. അപ്പസ്തോലപ്രമാണിയും അദ്ദേഹത്തിൻെറ അനുഗാമികളും വിശ്വാസത്തിൽനിന്നു വ്യതിചലിക്കരുതെന്നു മാത്രമേ അവിടുന്നു പ്രാർത്ഥിച്ചുള്ളു. എന്നാൽ ഒന്നാമത്തെ അപ്പസ്തോലൻ പരീക്ഷിക്കപ്പെടുകയും തൻെറ ഗുരുവിനെ ഉപേക്ഷിച്ചുകൊണ്ടു് ഏററം ലജ്ജാകരമായവിധം അധഃപതിക്കുകയും ചെയ്തു.

ഈ പരീക്ഷയും അധഃപതനവും ദൈവനിശ്ചയമനുസരിച്ചാണു സംഭവിച്ചതു്. വി. പത്രോസ് അധഃപതിക്കുവാൻ

ദൈവം അനുവദിച്ചതു്, തന്റെ ദയനീയമായ വീഴ്ചയിൽ നിന്നു് എഴുന്നേററശേഷം സ്വാനുഭവത്താൽ, "നീയും ഒരിക്കൽ പിന്തിരിഞ്ഞു നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്ന ദിവ്യഗുരുവിന്റെ കല്പന നിവ്വഹിക്കേണ്ടതിനായിരുന്നു. യോബിന്റെ ചരിത്രത്തിലും, ദൈവം പിശാചനു യോബിന്റെമേൽ അധികാരം കൊടുക്കുന്ന ഭാഗത്തു് ഇതുതന്നെയാണു് കാണുന്നതു്. "കണ്ടാലും ഇതാ അവൻ നിന്റെ അധീനത്തിലായിരിക്കുന്നു. എന്നാൽ അവന്റെ ജീവനെ നശിപ്പിക്കരുതു്." ജീവാപായം നേരിടാത്തവിധത്തിൽ അവനോടു നീ എന്തും പ്രവൎത്തിച്ചുകൊള്ളുക എന്നാണു് ഇതിന്റെ സാരം. ഈ വ്യവസ്ഥയിലാണു നമ്മെ പരീക്ഷിക്കുവാൻ ദൈവം പിശാചനെ അനുവദിക്കുന്നതു്. ദൈവവരത്തിന്റെ സഹായത്തോടുകൂടിയുള്ള നമ്മുടെ പ്രയത്നത്തിൽ നമുക്കു ചെറുക്കുവാൻ സാധിക്കുന്നതിൽ കൂടുതലായി നാം പരീക്ഷിക്കപ്പെടുവാൻ അവിടുന്നു് ഒരിക്കലും അനുവദിക്കുകയില്ല എന്നു വിശുദ്ധ പൗലോസ് സാക്ഷിക്കുന്നു. സന്യാസികളും പട്ടക്കാരും അനുദിനം മുട്ടിന്മേൽനിന്നുകൊണ്ടു വായിക്കേണ്ടതും, തന്റെ ശിഷ്യന്മാരോടു മിശിഹാ അരുളിച്ചെയ്തതും മഹനീയവും സ്നേഹാർദ്രവുമായ ആ അന്ത്യപ്രഭാഷണത്തിൽ അവിടുന്നു് അപ്പസ്തോലന്മാൎക്കുവേണ്ടിയും, അവരുടെ പ്രസംഗംമൂലം തന്നിൽ വിശ്വസിക്കാനിരുന്ന എല്ലാവൎക്കും വേണ്ടിയും പ്രാൎത്ഥിച്ചു. അതിനാൽ, അപ്പോഠം താൻ ആത്മനാ ദൎശിച്ചു സ്നേഹിച്ചിരുന്ന നാം ഓരോരുത്തൎക്കുവേണ്ടിയും അവിടുന്നു പ്രാൎത്ഥിച്ചു. സ്നേഹനിധിയായ ആ ഗുരു പറയുന്നു, "നീ എനിക്കു തന്നവരെ ഞാൻ കാത്തു. നിന്റെ നാമത്തിൽ അവരെ ഞാൻ കാത്തുകൊണ്ടിരുന്നു;.... ഞാൻ ലോകത്തിൽനിന്നു് അല്ലാത്തതുപോലെ അവരും ലോകത്തിൽനിന്നു് അല്ലാത്തതുകൊണ്ടു ലോകം അവരെ ദ്വേഷിച്ചു. അവരെ ദുഷ്ടരിൽനിന്നു കാത്തുകൊള്ളണമെന്നല്ലാതെ, ലോകത്തിൽനിന്നു് അവരെ നീ എടുക്കണമെന്നു ഞാൻ പ്രാൎത്ഥിക്കുന്നില്ല" (യോഹ. xvii-12, 14, 15.) തന്റെ ഉത്തമസ്നേഹിത

ന്മാർപോലും ഈലോകത്തിലൂടെ-കണ്ണുനീരിന്റെ ഈ താഴ്വര യിലൂടെ-കടന്നുപോകുന്നതിനു നമ്മുടെ ദിവ്യരക്ഷകൻ തിരു മനസ്സായിരിക്കുന്നു. ഇതു് എന്തിനായിരിക്കാം? പരീക്ഷിക്ക പ്പെടുന്നതിനും പരിശോധിക്കപ്പെടുന്നതിനും മാത്രമാണോ? ഈ ലോകത്തിൽ നാം ജീവിക്കുന്നിടത്തോളംകാലം എവിടേയ്ക്കു തിരിഞ്ഞാലും ആപത്തുകളും അപൂർണ്ണതകളും ന്യൂനതകളും നാം കാണുന്നു. അവയിൽനിന്നു നാമും വിമുക്തരായിരിക്കയില്ല. ദയനീയമായ വിശ്വാസഭംഗംതന്നെയും ചിലപ്പോൾ നമുക്കു ദൃശ്യമായേക്കാം.

ചെറുതും വലുതുമായ ഈ ന്യൂനതകളെല്ലാം ഉണ്ടാകുവാൻ ദൈവത്തിന്റെ അനന്തപരിപാലന അനുവദിക്കുന്നതു്, അവ ചെയ്യുന്ന ആളിന്റെ നന്മയ്ക്കായിട്ടാണു്. അതിനാൽ തന്റെ പാപത്തെക്കുറിച്ചു് വി. ദാവീദു് കഠിനമായി മനസ്തപിച്ച ശേഷം പറയുന്നു: "നിന്റെ നീതിയെ ഞാൻ പഠിക്കേണ്ടതിനു നീ എന്നെ എളിമപ്പെടുത്തിയതു് എനിക്കു നന്നായിരിക്കുന്നു." വീണ്ടും, "പരീക്ഷിക്കപ്പെടാത്തവനു് എന്തറിയാം? ധാരാളം പരിചയമുള്ള ഒരുവനു വളരെ സംഗതികളെക്കുറിച്ചു ചിന്തി ക്കാൻ കഴിയും" എന്നു് എക്ലസിയാസ്റ്റിക്സ് എന്ന പുസ്തക ത്തിൽ നാം വായിക്കുന്നു. നമ്മുടെ സഹോദരന്റെ വീഴ്ചകണ്ടു്, അവയിലോ, അവയെക്കാൾ ഗുരുതരമായ തെററുകളിലോ വീഴാതെ സൂക്ഷിക്കുവാൻ നമുക്കു് ഒരു പാഠമാകുന്നതിനും ചില പ്പോഴെല്ലാം ഈദൃശന്യൂനതകൾ ഉണ്ടാകുവാൻ ദൈവം അനുവ ദിക്കുന്നു. "നില്ക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതിരിക്കു വാൻ സൂക്ഷിക്കട്ടെ" എന്നു വി. പൗലോസ്ശ്ലീഹായും നമ്മെ ഉപദേശിക്കുന്നു.

അതിനാൽ, തന്റെ സഹോദരന്റെ വീഴ്ചകളിൽ എളുപ്പ ത്തിൽ ഉതപ്പുണ്ടാകുകയും തന്നിമിത്തം അവനെ വേണ്ടവിധം മതിക്കാതിരിക്കയും ചെയ്യുന്നവൻ, ആത്മാക്കളുടെ വിശുദ്ധീ

കരണത്തിനായുള്ള ദൈവപരിപാലനയുടെ നിയമങ്ങളെക്കു റിച്ച തനിക്കുള്ള അജ്ഞതയും, മനുഷ്യഹൃദയത്തിൻെറ ബലഹീനതയെക്കുറിച്ച തനിക്കുള്ള അല്പജ്ഞാനവുമാണ് പ്രത്യക്ഷമാകുന്നതു്. ഇപ്രകാരമുള്ള ഉതപ്പ്, മിക്കവാറും, ഉതപ്പുണ്ടാകുന്നവരിലുള്ള പരമാൎത്ഥതക്കുറവിനെയാണു സൂചിപ്പിക്കുന്നതു്. തൻെറ സഹോദരനെ വിമൎശിക്കുന്നതിനും, അവനെക്കുറിച്ച തനിക്കുള്ള സ്നേഹബഹുമാനരാഹിത്യത്തെ മറയ്ക്കുന്നതിനുമുള്ള ഒരു നാട്യം മാത്രമാണിതു്. ഉൽകൃഷ്ടാത്മാക്കൾക്കു് ഒന്നും ഉതപ്പിനു കാരണമാകുന്നില്ല. തങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും യാതൊരു ന്യൂനതയും അവൎക്കു പ്രതിബന്ധമാകുന്നില്ല. തെററുകൾ, പ്രത്യേകിച്ച സന്യാസികളുടെ ഇടയിലുണ്ടാകുന്ന തെററുകൾ, അവ ചെയ്യുന്നവൎക്കെന്നതിനെക്കാൾ അവയെ കാണുന്നവൎക്കു് കൂടുതൽ നാശം വരുത്തുന്നു. അതിനാൽ "നീ പതിയിരിക്കരുതു്; നീതിമാന്മാരുടെ ഭവനത്തിൽ അധൎമ്മം അന്വേഷിക്കുകയോ അവരുടെ വിശ്രമത്തെ നശിപ്പിക്കുകയോ അരുതു്. എന്തുകൊണ്ടെന്നാൽ നീതിമാൻ ഏഴുപ്രാവശ്യം വീഴുകയും വീണ്ടും എഴുന്നേല്ക്കുകയും ചെയ്യും" എന്നു് പരിശുദ്ധാത്മപി നമ്മെ ഉൽബോധിപ്പിക്കുന്നു. ഇതിൻെറ വ്യാഖ്യാനം, നിനക്കറിയാവുന്നതുപോലെ, മറെറല്ലാം സംഗതിയിലും നീതിമാനും നല്ലവനുമായ നിൻെറ സഹോദരനിൽ ഒരു തെററ നീ കണ്ടാൽ അതിനെ നീ പൎവ്വതീകരിക്കരുതു്. നിൻെറ ദൃഷ്ടതയിലും ഭാവനയിലും മാത്രം സ്ഥിതി ചെയ്യുന്ന തെററുകളെ ആരായുകയോ പൎവ്വതീകരിക്കുകയോ ചെയ്തുകൊണ്ടു വഞ്ചകനോ വികടനോ ആകാതിരിക്കുക; അവൻെറ ധനത്തെ — സൽകീൎത്തിയെ — നശിപ്പിക്കാതിരിക്കുക; എന്തുകൊണ്ടെന്നാൽ അവൻ വീഴുകയും, അതേ, ഏഴുപ്രാവശ്യം വീഴുകയും എന്നാൽ അപ്പോഴെല്ലാം വീണ്ടും എഴുന്നേല്ക്കുകയും ചെയ്യും. എന്നാൽ അവനെ നിരീക്ഷിക്കുകയും വിമൎശിക്കുകയും ചെയ്യുന്ന നീയാകട്ടെ ഉപവിയില്ലായ്മയെന്ന നിൻെറ ദോഷത്തിൽ നിലനില്ക്കും എന്നാണു്.

ഈ തിന്മകളെയെല്ലാം വിട്ടകലുന്നവൻ, പുണ്യവർദ്ധനവിനു് ഉപകരിക്കാത്തവയായി തൻെറ സഹോദരങ്ങളിൽ കാണുന്ന യാതൊരു സംഗതിയെപ്പററിയും ചിന്തിക്കരുതെന്നു വി. യോഹന്നാൻക്രൂസ്സ് നമ്മെ ഉപദേശിക്കുന്നു; അല്ല കല്പിക്കുന്നു. ലോകത്തിൽ നാം മാത്രം ഉണ്ടായിരുന്നാലെന്നപോലെ സന്യാസഭവനത്തിൽ ജീവിക്കണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. "കൂട്ടത്തിൻെറ ഇപ്പോഴത്തേതൊ കഴിഞ്ഞതൊ ആയ സ്ഥിതിയെന്തെന്നോ, അവിടെ എന്തെല്ലാം നടക്കുന്നുവെന്നോ ചിന്തിക്കാതിരിക്കുന്നതിനും തദ്ദ്വാരി സംസാരിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കണം. ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചു നീ സംസാരിക്കരുതു്; അവൻെറ സ്വഭാവത്തെയോ, സംസാരത്തെയോ, പ്രവൃത്തികളെയോ കുറിച്ചു പ്രതിപാദിക്കുകയും വേണ്ട" എന്നു് അദ്ദേഹം പറയുന്നു. നമ്മെ സംബന്ധിക്കാത്ത കാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിയില്ലെങ്കിൽ മുമ്പു പറഞ്ഞതുപോലെ, നാം മാലാഖാമാരോടുകൂടെ വസിച്ചാലും, നമുക്കു സമാധാനം ഉണ്ടായിരിക്കയില്ലെന്നു് വിശുദ്ധൻ ശക്തിയുക്തം ഉൽബോധിപ്പിക്കുന്നു. അദ്ദേഹം തുടരുന്നു. "നീ പിശാചുങ്ങളോടുകൂടി ജീവിച്ചാലും, അവരുടെ പ്രവൃത്തികളെപ്പററി ശ്രദ്ധിക്കാതെയും, അവരെ ഗണ്യമാക്കാതെയും, നിൻെറ ആത്മാവിനെ പരിശുദ്ധമായും മുഴുവനായും ദൈവത്തിനു സമർപ്പിച്ചുകൊണ്ടു ജീവിക്കണമെന്നാണു ദൈവം നമ്മോടു് ആവശ്യപ്പെടുന്നതെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു." ഈ വാക്കുകൾക്കു് ഇതിനെക്കാൾ കൂടുതൽ ശക്തി നല്കുക സാദ്ധ്യമല്ല. അതിനാൽ ഇത്ര ഗൗരവതരമായ ഭാഷയിൽ ഉപദേശിക്കപ്പെട്ടിരിക്കുന്ന തത്വം ഏററം പ്രാധാന്യമുള്ളതായിരിക്കണം.

എന്നാൽ ഇതിനെ കൂടുതൽ വ്യാഖ്യാനിക്കുന്നതിനു മുമ്പു് ഇതിനെതിരായി പുറപ്പെടുവിച്ചേക്കാവുന്ന ഒരാക്ഷേപത്തിനു സമാധാനം പറയേണ്ടിയിരിക്കുന്നു. സന്യാസജീവിതത്തിൽ ഒരുവനു ദുർമ്മാതൃകകൾ അനുഭവപ്പെട്ടാലും അതുകൊണ്ടു

നമുക്കു് ഉതപ്പുണ്ടാകരുതെന്നു നമ്മെ ഉപദേശിക്കണമെന്നു വി. യോഹന്നാൻക്രൂസിനു തോന്നിയല്ലോ. "ഒരു സന്യാസിക്കു വീഴ്ചകരം ഉണ്ടാകാമെങ്കിൽ, സന്യാസഭവനംപോലും സുകൃതത്തിനു മതിയായ അഭയസ്ഥാനമല്ലെന്നല്ലേ ഇതിൽനിന്നുള്ള അനുമാനം. ആകയാൽ, എൻെറ ദൈവവിളി അത്ര പ്രാധാന്യമുള്ളതല്ല. ലോകത്തിൽ ജീവിച്ചുകൊണ്ടു സന്യാസഭവനത്തിൽ എന്നപോലെ എന്നെ വിശുദ്ധീകരിക്കുവാൻ ശ്രമിക്കാമായിരുന്നു." ഇതാണു് ഈ ആക്ഷേപം. ഈ യുക്തിവാദങ്ങളെല്ലാം കഴമ്പില്ലാത്തവയും തദ്വാരാ അഗണ്യവുമത്രേ. ഓരോരുത്തരുടേയും മനോരാജ്യഫലമല്ല ദൈവവിളി എന്നു പ്രഥമതഃ നാം മനസ്സിലാക്കണം. "നിങ്ങളല്ല എന്നെ തിരഞ്ഞെടുത്തതു്; മറിച്ചു്, ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്" എന്നു ദിവ്യരക്ഷകൻ തൻെറ ശിഷ്യന്മാരോടു് അരുളിച്ചെയ്തു. "നിങ്ങളും പോയി ഫലങ്ങരം പുറപ്പെടുവിക്കുവാനും നിങ്ങളുടെ ഫലങ്ങരം നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു" (യോഹ. XV-16). ദൈവവിളി ഒരു മഹാദാനമാണു്. ഓരോരുത്തൻെറയും, വിശുദ്ധീകരണത്തിനാവശ്യകമായ വരപ്രസാദങ്ങരം ഇതിനോടനുബന്ധിച്ചിരിക്കുന്നു. ഇതിനെ അനുഗമിക്കാത്തവനും രക്ഷപെടാം; പക്ഷെ അതു വളരെ വിഷമമാണു്. അതിനാൽ സന്യാസജീവിതത്തിനു വിളിക്കപ്പെട്ടിട്ടില്ലാത്ത ഒരുവനെ സന്യാസിയാകുവാൻ നിർബ്ബന്ധിക്കുന്നതുപോലെതന്നെ മൗഢ്യമാണു്, സന്യാസത്തിലേക്കു വിളിയുള്ള ഒരുവൻ ലോകജീവിതം കഴിക്കാമെന്നു വിചാരിക്കുന്നതു്. സന്യാസത്തിനുള്ള ദൈവവിളി, നമ്മെയോ നമ്മുടെ സഹോദരങ്ങളെയോ പാപരഹിതരാക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതല്ല ദൈവപരിപാലനയുടെ നിശ്ചയം. പ്രത്യുത, ലോകത്തിൽ ജീവിക്കുന്നവരെ അപേക്ഷിച്ചു് അപൂർവ്വമായി മാത്രം വീഴുന്നതിനും, വീഴ്ചയിൽനിന്നു് എളുപ്പത്തിൽ എഴുന്നേല്ക്കുന്നതിനും സന്യാസജീവിതം നമ്മെ സഹായിക്കുന്നു.

സന്യാസവിളിക്കെതിരായ പരീക്ഷകളാൽ നാം പീഡി

പ്പിക്കപ്പെട്ടമ്പോൾ, സന്യാസജീവിതത്തോട്ട് അനുബന്ധി ച്ചുള്ളതായി വി. ബെണ്ണാർഡ പറയുന്ന ഒമ്പതു് ആനുകൂല്യങ്ങളെ പ്പററി ശ്രദ്ധാപൂർവ്വം ധ്യാനിക്കുന്നതു വളരെ പ്രയോജനകര മായിരിക്കും.

താഴെ പറയുന്നവയാണ് ഈ ആനുകൂല്യങ്ങൾ.

1) ഈ വിശുദ്ധാന്തസ്സിൽ ഒരുവൻ കൂടുതൽ പരി ശുദ്ധമായി ജീവിക്കുന്നു.
2) അപൂർവ്വമായി മാത്രം വീഴുന്നു.
3) വേഗം എഴുന്നേല്ക്കുന്നു.
4) കൂടുതൽ ശ്രദ്ധയോടുകൂടി വ്യാപരിക്കുന്നു.
5) ദൈവികാശ്വാസങ്ങളാൽ കൂടെക്കൂടെ ആശ്വാ സിപ്പിക്കപ്പെടുന്നു.
6) നിർഭയമായി വിശ്രമിക്കുന്നു.
7) മനോശരണത്തോടുകൂടി മരിക്കുന്നു.
8) വേഗത്തിൽ ശുദ്ധീകരിക്കപ്പെടുന്നു.
9) ധാരാളമായി പ്രതിസമ്മാനിക്കപ്പെടുന്നു.

ഏതൽഫലമായി, നിഷ്കളങ്കനായ ഒരുവൻ സന്യാസ ജീവിതത്തിൽ ചില അപൂർണ്ണതകളും ദുഷ്ടാന്തങ്ങളും കണ്ടാൽതന്നെയും ആ വിശുദ്ധാന്തസ്സിനെക്കുറിച്ച് തനിക്കുള്ള മതിപ്പിനു കുറവു വരുത്തുകയില്ല. സന്യാസാന്തസ്സിലും പരീക്ഷ കൾ ഉണ്ടാകാം; ഉണ്ടാകുന്നുമുണ്ട്. എന്നാൽ, അവയെ ജയി ക്കുന്നതിനു വേറൊരിടത്തും ഇത്ര എളുപ്പമല്ല; വേറൊരിടത്തും വീഴ്ച ഇത്ര അസാധാരണമല്ല; വേറൊരിടത്തും എഴുന്നേല്ക്കുവാൻ ഇത്ര എളുപ്പമല്ല. സന്യാസഭവനത്തിൽ ജീവിച്ചതിനെക്കുറിച്ച് ഒരിക്കലും ഒരുത്തനും ദുഃഖിക്കയില്ല. എന്നാൽ സന്യാസിക ളല്ലാത്തവർ എല്ലാവരുംതന്നെ മരണസമയത്ത്, ഏററം കഠിന തപോനിഷ്ഠയുള്ള സന്യാസസഭയിൽ ജീവിച്ചിരുന്നെങ്കിൽ നന്നായിരുന്നെന്നു് അഭിലഷിച്ചേക്കാം. മരണസമയത്തു നമ്മെ

പീഡിപ്പിക്കുമെന്ന യാതൊന്നും ജീവിതകാലത്തു നമുക്കു് ആഗ്രഹിക്കാതിരിക്കാം. മനസ്സാക്ഷിക്കടിക്കുടാതെ സ്മരിക്കാൻ സാധിക്കാത്ത യാതൊന്നിനെയും ഒരു നിമിഷനേരത്തേയ്ക്കുപോലും സ്നേഹിക്കാതിരിക്കാം. അതിനാൽ നമ്മുടെ ദൈവവിളിക്കു് എതിരായ എല്ലാ പരീക്ഷകളേയും തള്ളിക്കളഞ്ഞു്, വിശുദ്ധ യോഹന്നാൻക്രൂസിൻെറ മുൻകരുതലിനെ നമുക്കു ശരിയായി പാലിക്കാം. ഈ ഉപദേശം നാം പ്രായോഗികമാക്കുന്നില്ലെങ്കിൽ സന്യാസവിളിയുടെ ഫലങ്ങളെ നാം നഷ്ടമാക്കുമെന്നു് അദ്ദേഹം ഉറപ്പുപറയുന്നു. പ്രത്യുത, ഇതിനെ നാം കൃത്യമായി പാലിക്കുമെങ്കിൽ നമ്മുടെ ആത്മാവിൻെറ ഏററം വലിയ ശത്രുക്കളിൽനിന്നു നാം വിമുക്തരാകും.

# അദ്ധ്യായം 7.

## അവിവേകപൂൎവ്വകമായ വിധിയും അതിഭാഷണവും.

ഈ മൂന്നാമത്തെ മുൻകരുതലിനെക്കുറിച്ചു വേണ്ടത്ര ശ്രദ്ധിക്കായ്കയാൽ "പലക്കും ഹൃദയസമാധാനവും ആത്മഗുണവും നഷ്ടപ്പെട്ടതിനു പുറമെ അവർ പല തിന്മകളിലും പാപങ്ങളിലും നിപതിക്കുകയും ചെയ്തിട്ടുണ്ടു്; ഇപ്പോഴും നിപതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു" എന്നു നമ്മുടെ പുണ്യതാതൻ പറയുന്നു. ഒരു സന്യാസി അനുവൎത്തിക്കേണ്ട നാലു തത്വങ്ങളിൽ ഒന്നാമത്തേതിൽ ഈ വിഷയംതന്നെ വിശുദ്ധൻ പ്രതിപാദിക്കുന്നു. "ഇതു കൃത്യമായി അനുഷ്ഠിക്കുക. ഇതു വളരെ പ്രാധാന്യമുള്ളതാണു്. ഇതിനെ കൃത്യമായി അനുസരിക്കായ്ക നിമിത്തം പല സന്യാസികൾക്കും അവരുടെ മററു സുകൃതങ്ങൾകൊണ്ടോ സന്യാസജീവിതത്തെ സംബന്ധിക്കുന്ന മററു ക്രിയകൾകൊണ്ടോ യാതൊരു ഫലവും ഉണ്ടാകയില്ലെന്നു മാത്രമല്ല, അവർ ഒന്നിനൊന്നിനു മോശമായിത്തീരുകയും ചെയ്യും." വിശുദ്ധൻെറ ഈ വാക്കുകൾ വളരെ ഗൗരവമുള്ളവയാണു്. അതിനാൽ തൻെറ ജ്ഞാനമക്കളിൽ ആൎക്കും അവരുടെ ശ്രദ്ധ മുഴുവൻ ഇതിൽ പതിക്കാതിരിക്കുക സാദ്ധ്യമല്ല. പൈതൃകമായ ഈ ഉപദേശം അനുസരിച്ചു പ്രവൎത്തിക്കായ്കയാൽ പല സന്യാസികളും പലേ വഷങ്ങൾ സന്യാസത്തിൽ ജീവിച്ചശേഷവും, പരിത്യാഗവും സഹനപൂൎണ്ണവുമായ ആ വത്സരങ്ങൾ നഷ്ടപ്പെടുത്തി. വിശുദ്ധൻ പറയുന്നതുപോലെ അവർ വളരെ അപകടകരമായ നിലയിൽ എത്തിച്ചേരുകയും ചെയ്തു. നിരവധി ന്യൂന

തകൾക്കും പാപങ്ങൾക്കും അവർ അധീനരായിത്തീരുകയാണ് ഉണ്ടായതു്. ഇതു വളരെ പരിതാപകരംതന്നെ. ഇപ്രകാരം താനേ അപകടത്തിൽ ചാടിയവരുടെ സംഖ്യ വളരെ വിപുലമാണെന്നു നമ്മുടെ പുണ്യപിതാവു് ഉറപ്പു പറയുന്നു.

ഈ തത്വം വിസ്മരിച്ചു പ്രവർത്തിച്ചാൽ നേരിടാവുന്ന അനേകം ന്യൂനതകളിൽ ചിലതിനെപ്പററി ഇനി നമുക്കു വിചിന്തനം ചെയ്യാം. മററുള്ളവരുടെ പ്രവൃത്തികളെ നിരീക്ഷിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നവനു നേരിടാവുന്ന ഒന്നാമത്തെ ദോഷം, തൻെറ സഹോദരന്നെതിരായി വിധി കല്പിക്കുവാൻ അവൻ പ്രേരിതനാകുന്നു എന്നതാണു്. വേദസിദ്ധാന്തത്തിൽ ഇതിനെ ദുർവിധിയെന്നു വ്യവഹരിക്കുന്നു. നമ്മുടെ വിശുദ്ധ പിതാവു് ഇതിനെ ആന്തരികമായ അഥവാ മാനസികമായ വിമർശനം അല്ലെങ്കിൽ "പിറുപിറുപ്പു്" എന്നാണു നാമകരണം ചെയ്യുന്നതു്. ഈ മുൻകരുതലിൽതന്നെ വി. ഗ്രന്ഥത്തിലേ സുജ്ഞാതമായ ഒരു വാക്യഭാഗം വ്യാഖ്യാനിക്കുമ്പോൾ അദ്ദേഹം പറയുന്നു: "ബാഹ്യനാവിനെക്കാൾ ഒട്ടും കുറവല്ലാത്തവിധത്തിൽ ആന്തരികനാവിനെയും ഇതു ബാധിക്കുന്നുണ്ടു്. തങ്ങളുടെ അയൽക്കാരെ നിരീക്ഷിക്കുകയും വിമർശിക്കുകയും ചെയ്യുന്നവർ ഈ ഒന്നാമത്തെ അപകടത്തിൽ നിശ്ചയമായും നിപതിക്കും".

എത്ര തലയും എത്ര ഹൃദയവും ഉണ്ടോ അത്രയും വിധത്തിലാണു സംഗതികൾ ഗ്രഹിക്കപ്പെടുന്നതു്. ഓരോ സമൂഹത്തിലും – അതു സന്യാസസമൂഹമോ പൊതുജനസംഘടനയോ സന്മാർഗ്ഗസഖ്യമോ ആയിരുന്നാലും – ചില പ്രമാണങ്ങളും തത്വങ്ങളും ഉണ്ടു്. ഇവയെ Dogmatic truth വൈശ്വാസികസത്യങ്ങൾ എന്നു നാമകരണം ചെയ്യാം. എന്തുകൊണ്ടെന്നാൽ പൊതുവായിട്ടെങ്കിലും നാം എല്ലാവരും അവയെ അനുസരിക്കുന്നു. എന്നാൽ രണ്ടാംതരത്തിൽപ്പെട്ട പ്രമാണങ്ങളേയും തത്വങ്ങളേയും വിശിഷ്യ ചില പ്രവൃത്തികളേയും ഓരോരുത്തരും അവരവരുടെ സ്വഭാവഗതിക്കനുസാരമായി വീക്ഷിക്കുന്നു.

മാത്രമല്ല, നമ്മുടെ സഹോദരങ്ങളുടെ പ്രവൃത്തികളുടെ ബാഹ്യരൂപം മാത്രമേ നാം കാണുന്നുള്ളു. ശരിയായി വിധിക്കണമെങ്കിൽ നാം അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികഠം ഉണ്ട്. ഒരുവനെ, സ്തുതിക്കോ നിന്ദയ്ക്കോ അർഹനാക്കിത്തീക്കുന്ന ആ വസ്തുത, അതായതു് ആ പ്രവൃത്തി ചെയ്യുന്നതിൽ അവനുണ്ടായിരുന്ന ഉദ്ദേശ്യങ്ങളും ന്യായവും നാം അറിഞ്ഞിരിക്കണം. മററുള്ളവരുടെ പ്രവൃത്തികളുടെ ശരിയായ ഉദ്ദേശ്യം നമുക്കു് അജ്ഞാതമായിരിക്കുന്നതിനാലും നമ്മുടെ സ്വാഭാവിക ചാച്ചിലിനു് അനുസരിച്ചു മററുള്ളവരെ വിധിക്കുക നമുക്കു സഹജമാകയാലും അന്യരുടെ പ്രവൃത്തികളെ നിരീക്ഷിക്കുകയും വിമശിക്കുകയും ചെയ്യുന്നവൻ പലപ്പോഴും തെററിൽ ഉഠംപ്പെടുമെന്നതു് അവിതക്കിതമത്രേ.

എല്ലായിടത്തും എല്ലാ ജീവിതാവസ്ഥയിലും എല്ലാ സമുദായങ്ങളിലും തങ്ങളുടെ സഹോദരങ്ങളുടെ രഹസ്യവും പരസ്യവുമായ ജീവിതത്തെ നീതീകരിക്കാത്ത വീക്ഷണത്തോടുകൂടിയ സങ്കുചിതാത്മാക്കഠം ഉണ്ടെന്നുള്ളതു നിസ്തക്കമത്രേ. ഇതു യഥാത്ഥത്തിൽ ഏററം ലജ്ജാകരമാണു്. ഒരു ആത്മീയരോഗമെന്നു് ഇതിനെ സകാരണം പരിഗണിക്കുകയും ചെയ്യാം. എന്നാൽ, രോഗിയുടെ സ്ഥിതി നല്ലവണ്ണം പഠിച്ചാൽ ദൈവവരത്തിൻെറ സഹായത്തോടുകൂടി ഈ രോഗം സുഖമാക്കാം; ഇപ്രകാരമുള്ള ആത്മീയരോഗബാധിതർ, വി. തോമസു് അക്വിനാസിൻെറ പഠനത്തെ സദാ അനുസ്മരിച്ചു് അതിന്മേൽ ധ്യാനിക്കട്ടെ! ഈ ദൈവികശാസ്ത്രജ്ഞൻെറ അഭിമതമനുസരിച്ചു തൻെറ സഹോദരനെ വിധിക്കുന്നതിനു് അഥവാ അവൻെറ പ്രവൃത്തികളുടെ ഉദ്ദേശ്യത്തെപ്പററി ശങ്കിക്കുന്നതിനുള്ള പ്രലോഭനം താഴെപ്പറയുന്ന കാരണങ്ങളിൽനിന്നാണു് ഉത്ഭൂതമാകുന്നതു്. ഒന്നുകിൽ, വിധിക്കുന്ന ആഠം ദുഷ്ടനാകയാൽ മററുള്ളവരേയും അവൻെറ തോതുവെച്ചു വിധിക്കുന്നു. അല്ലെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അതൃപ്തി, പക, വൈരാഗ്യം, നിന്ദ എന്നിത്യാദി അധമവികാരങ്ങഠംക്കു് അവൻ അധീന

നാണു്. ഇക്കാരണങ്ങളാൽ അവരെപ്പററി മോശമായി വിചാരിക്കുന്നതിൽ രഹസ്യമായ ഒരു തൃപ്തി അവനു് അനുഭവപ്പെടുകയും അവനു സന്തോഷവും ആനന്ദവും ഉളവാക്കുന്നവയെല്ലാം വേഗത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു.

മാലാഖാസ്സുടത്ത മല്ലാൻെറ ഈ ഉപദേശം, നാം വളരെ വിലമതിക്കുന്ന സ്വസ്നേഹത്തേയും അഭിമാനത്തേയുംപ്രതിയെങ്കിലും നമ്മുടെ സഹോദരങ്ങളെ സത്വരം ദുർവ്വിധിചെയ്യാതിരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുവാൻ പര്യാപ്തമാണു്. എന്തുകൊണ്ടെന്നാൽ വി. തോമ്മാമല്ലാൻെറ അഗാധമായ അഭിപ്രായമനുസരിച്ചു നമ്മുടെ സഹോദരങ്ങളെക്കുറിച്ചു നമുക്കു തോന്നുന്ന സംശയങ്ങളും നാം ചെയ്യുന്ന ദുർവ്വിധികളും അവരുടെ സ്വഭാവത്തെയല്ല പ്രത്യുത, നമ്മുടെ സ്വഭാവത്തെയാണു പ്രത്യക്ഷമാക്കുന്നതു്. ഫോട്ടോ എടുത്ത ചില്ലിൽ പതിയുന്ന ഛായ, ചില പ്രത്യേക മരുന്നുകളിൽ കഴുകുന്നതുവരെ നമുക്കു് അദൃശ്യമായിരിക്കുന്നു. ഇപ്രകാരംതന്നെ നമ്മുടെ സഹോദരങ്ങളെ സംബന്ധിക്കുന്ന നിരന്തരമായ ദുർവ്വിധികളും സംശയങ്ങളും നമ്മുടെ ഹൃദയസ്ഥിതിയേയും, അതിനു പ്രേരകമായ രൂപങ്ങളേയും വികാരങ്ങളേയും വെളിപ്പെടുത്തുന്നു. നമ്മുടെ സഹോദരങ്ങളെപ്പററി നാം ചെയ്തിരിക്കുന്ന നിർദ്ദയമായ വിധികൾ ഒരു നല്ല നിരീക്ഷകൻെറ ദൃഷ്ടിയിൽപ്പെടുവാൻ ഇടയാകുന്നെന്നു വിചാരിക്കുക. രഹസ്യമായി കാക്കുന്നതിനു് ഔചിത്യബോധമെങ്കിലും നമ്മെ പ്രേരിപ്പിക്കേണ്ടിയിരുന്ന ആ സംഗതികളെ പരസ്യമാക്കിയതിൽ, അപ്പോൾ നാം ലജ്ജിതരാകും. ഉപവിക്കു വിരുദ്ധമായ വിചാരങ്ങളിൽ സന്തോഷിക്കത്തക്ക ബലഹീനമായ ഒരവസ്ഥയിൽ നാം എത്തിച്ചേരുമ്പോൾ നമ്മുടെ ഹൃദയത്തോടു നമുക്കു ന്യായമായി ഇപ്രകാരം പറയാം:— എൻെറ പാവപ്പെട്ട ഹൃദയമേ, നിൻെറ സഹോദരനെക്കുറിച്ചു നിനക്കുള്ള നിർദ്ദയ വിചാരങ്ങൾ നീ യഥാർത്ഥത്തിൽ എന്താണെന്നു കൂടുതൽ വിശദമായി എന്നെ മനസ്സിലാക്കുന്നു.

മര്യാദയെ സംബന്ധിക്കുന്ന ഈ ന്യായങ്ങൾ നമ്മുടെ സഹോദരങ്ങളെ ദുർവ്വിധി ചെയ്യുന്നതിൽനിന്നു നമ്മെ പ്രതിരോധിക്കുന്നതിനു പര്യാപ്തമല്ലെങ്കിൽ, മനസ്സാക്ഷിയെ സംബന്ധിക്കുന്ന ന്യായങ്ങൾ തികച്ചും പര്യാപ്തമായിരിക്കും. മുൻപ്രസ്താവിച്ച വിചിന്തനങ്ങൾക്കുശേഷം വി. തോമ്മസ് ഇതിൻെറ സദാചാരവശത്തെപ്പററി താഴെപ്പറയുന്നപ്രകാരം അഭിപ്രായപ്പെടുന്നു. "നിസ്സാരമായ സൂചനങ്ങളെ അടിസ്ഥാനമാക്കി ആരെങ്കിലും തൻെറ സഹോദരൻെറ നന്മയെപ്പററി സംശയിക്കുമ്പോൾ അവൻ ലഘുവായി പിഴയ്ക്കുന്നു. എന്നാൽ ഈ നിസ്സാര കാരണങ്ങളാൽത്തന്നെ, ഗൗരവമായ വിഷയങ്ങളിൽ തൻെറ സഹോദരൻ തെററുകാരനാണെന്നു ദൃഢമായി വിശ്വസിക്കുന്നവൻ ഘനമായി പിഴയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടെ സഹോദര നിന്ദനം ഇല്ലാതിരിക്കയില്ല." വിശുദ്ധ പൗലോസ്ശ്ലീഹാ ഇതിനെപ്പററി പറയുന്നതു് കുറേക്കൂടി ഗൗരവതരമാണു്. അദ്ദേഹം പറയുന്നു: "ആകയാൽ സ്വസഹോദരനെ വിധിക്കുന്ന മനുഷ്യാ, നിനക്കു് ഒഴിവുകഴിവില്ല. എന്തുകൊണ്ടെന്നാൽ നിൻെറ കൂട്ടുകാരനെ വിധിക്കുന്നതിൽ നിന്നെത്തന്നെ നീ കുററം വിധിക്കുന്നു" (Rom-II-1). വീണ്ടും അദ്ദേഹം കൊറീന്ത്യക്കു് എഴുതുന്നു: "ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെ പ്രകാശിപ്പിക്കുകയും, ഹൃദയവിചാരങ്ങളെ വെളിവാക്കുകയും ചെയ്യുന്ന കർത്താവു വരുന്നതുവരെ, സമയത്തിനുമുമ്പു് നിങ്ങൾ വിധിക്കരുതു്" (കൊറീന്ത്യ: VI-5). എന്നാൽ സ്വസഹോദരനെ വിധിക്കുന്നവനെതിരായി, സുനിശ്ചിതവും പരമവുമായ വാക്കുകൾ നിത്യസത്യമായ നമ്മുടെ കർത്താവിശോമിശിഹായുടെ അധരങ്ങളിൽനിന്നുതന്നെ പുറപ്പെടുന്നവയാണു്.

"നിങ്ങൾ വിധിക്കരുതു്; എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല; നിങ്ങൾ കുററം ചുമത്തരുതു്; എന്നാൽ നിങ്ങളിലും കുററം ചുമത്തപ്പെടുകയില്ല; ക്ഷമിക്കുവിൻ, എന്നാൽ നിങ്ങളോടും ക്ഷമിക്കപ്പെടും.......എന്തുകൊണ്ടെന്നാൽ നിങ്ങൾ

അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങളും അളക്കപ്പെട്ടും" (ലൂക്കാ. VI-37, 38). നമ്മുടെ കർത്താവിൻെറ വാക്കുകഠം മാററമില്ലാത്തവയാണു്. നമ്മുടെ വിധിദിവസത്തിൽ, നാം നമ്മുടെ സഹോദരങ്ങളെ വിധിച്ച ന്യായങ്ങഠംതന്നെ നമ്മെ വിധിക്കുന്നതിനു് അവിടുന്നു സ്വീകരിക്കും. തങ്ങളുടെ സഹോദരങ്ങളെ വിധിക്കുക എന്ന ആത്മീയരോഗത്താൽ പീഡിതരായ പാവപ്പെട്ട ആത്മാക്കളും, അതുപോലെതന്നെ നല്ലതെന്നു തങ്ങഠംക്കു തോന്നാത്ത അല്പകാരണത്താൽ അന്യരെ ദുർവിധി ചെയ്യുന്നതിനു ചാച്ചിലുള്ളവരും, ഭയാനകമായ ഈ സുവിശേഷവാക്യത്തെക്കുറിച്ചു് അനുദിനം ധ്യാനിക്കട്ടെ! എത്ര അവിശ്വസനീയമായി തോന്നിയാലും, വിശുദ്ധിയും സുകൃതവുംതന്നെ ആയിരിക്കുന്ന ദൈവം, നമ്മുടെ സഹോദരങ്ങളെ നാം വിധിക്കുന്നതിനെക്കാഠം കൂടുതൽ ദയയോടെ നമ്മെ വിധിക്കുകയും പൈതൃകമായ ശ്രദ്ധയോടുകൂടി നമ്മെ പരിപാലിക്കുകയും ചെയ്യുന്നു. നമ്മുടെ ന്യൂനതകളിൽ അവിടുന്നു് അത്ഭുതപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിൻെറ പുസ്തകത്തിൽ ഇപ്രകാരം നാം വായിക്കുന്നു: "അങ്ങു ശക്തിയുടെ നാഥനായിരിക്കയാൽ പ്രശാന്തമായി വിധിക്കുന്നു; വളരെ ദയാപൂർവ്വം ഞങ്ങളോടു വർത്തിക്കുകയും ചെയ്യുന്നു." വിധിക്കുന്നതിനുള്ള അധികാരം തനിക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നു് അവിടുന്നു നമ്മെ ഉപദേശിക്കുന്നതിനാലും വിധിക്കുന്നതിനു് അവിടുത്തേക്കു തിടുക്കം ഒന്നും ഇല്ലാത്തതിനാലും, മറിച്ചു് നമ്മുടെ ന്യൂനതകളെ അവഗണിച്ചു ദയാപൂർവ്വം നമ്മെ കടാക്ഷിച്ചു നമ്മുടെ കാര്യങ്ങളെല്ലാം കരുണാപൂർവ്വം നടത്തുന്നതിനാലും നമ്മുടെ സഹോദരങ്ങളെ വിധിച്ചുകൊണ്ടു് അവിടുത്തെ വിധിയെ നാം മുൻകൂട്ടി ശ്രവിക്കരുതു്. എന്തുകൊണ്ടെന്നാൽ ഇപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ടു്, നമ്മുടെ ജീവിതത്തിൻെറ കണക്കു കേഠംപ്പിക്കാൻ നാം ദൈവസന്നിധിയിൽ ഹാജരാകുമ്പോഠം, നീതിമാനായ ദൈവം നമുക്കെതിരായി

13 പ്രസ്താവിക്കാനിരിക്കുന്ന വിധിവാചകം നാം കാലേക്കൂട്ടി തയ്യാ

റാക്കുകയാണു ചെയ്യുന്നതു്.

നാം ഒരിക്കലും ദ്രോഹബുദ്ധിയോടുകൂടെ വിധിക്കുന്നില്ല എന്നതു വാസ്തവമാണു്. അജ്ഞതയും അസ്ഥിരതയുമാണു് ഈ വിധിക്കു കാരണം; എങ്കിലും ഇപ്രകാരമുള്ള സമാധാനങ്ങളെ ആശ്രയിക്കാതിരിക്കയാണു് ഉത്തമം. അജ്ഞത നമ്മുടെ പ്രവൃത്തികളുടെ അപരാധം, സാരമായി കുറയ്ക്കുന്നുണ്ടെങ്കിലും – ഇതു് ഇപ്രകാരമല്ലെങ്കിൽ നമുക്കു ദുരിതം – നമ്മുടെ സഹോദരങ്ങളോടുള്ള ഉപവിയേയും നീതിയേയും നിർണ്ണയിക്കുന്ന നിയമങ്ങളെ നാം അറിഞ്ഞിരിക്കേണ്ടതാണു്. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരുവൻെറ നേക്കുള്ള വൈരാഗ്യമോ ദ്വേഷമോ ദീർഘനാരം മറച്ചുവെയ്ക്കുക സാദ്ധ്യമല്ലെന്നുള്ളതു് ഒരു യാഥാർത്ഥ്യം മാത്രമാണു്. എന്നാൽ ഒരുവൻ ദുർവിധി ചെയ്യുന്ന ആളുകളോടു് അവനു് ഏതെങ്കിലും നിന്ദയോ വെറുപ്പോ അനിഷ്ടമോ പകയോ ഇല്ലാതെ തൻെറ സഹോദരനെപ്പററി തിന്മയായ വിചാരങ്ങരം ഉണ്ടാകയില്ലെന്നുള്ളതും പരമാർത്ഥമാണു്. എന്തുകൊണ്ടെന്നാൽ നാം വളരെ സ്നേഹിക്കുകയും മതിക്കുകയും ചെയ്യുന്നവരെ ദുർവിധി ചെയ്യുക നമുക്കു സാദ്ധ്യമല്ല. അതിനാൽ നമ്മുടെ ഹൃദയനികൃഷ്ടത ദുർവിധിയുടെ പിമ്പിൽ ഒളിഞ്ഞുകിടക്കുന്നു. മാത്രമല്ല, ഉപവിക്കും നീതിക്കും എതിരായി ഘനമായ പാപം ചെയ്യുന്നതിനു് അതു നമുക്കു് ഇടയാക്കുകയും ചെയ്യും. കൂടാതെ, സദാചാരത്തെ മന്ദീഭവിപ്പിക്കുകയാണു ദുർവിധിമൂലം ചെയ്യുന്നതെന്നു സ്വാനുഭവത്തിൽനിന്നു് ഓരോരുത്തരും മനസ്സിലാക്കണം. ഇതരന്മാരുടെ ജീവിതത്തെപ്പററി ആരായുന്നതിൽ നമ്മുടെ ഭാവനാശക്തി വ്യാപൃതമായിരിക്കുമ്പോരം അവരോടു നമുക്കു ദ്വേഷം തോന്നുന്നു; നമ്മുടെ സൗമ്യത നഷ്ടപ്പെടുന്നു; അവരോടു സ്നേഹമായും സൗഹാർദ്ദമായും വർത്തിക്കുവാൻ വളരെ വിഷമം അനുഭവപ്പെടുകയും ചെയ്യുന്നു. മററുള്ളവരെപ്പററി വിചാരിക്കുന്നവൻ വിഷം കുടിക്കുന്നു. ആന്തരികമൗനത്തിൻെറ അഭാവം മറെറാരു തിന്മയ്ക്കും കൂടി കാരണമാകുന്നുണ്ടു്. അതു് സംസാരത്തിൽ കടന്നുകൂടുന്ന

നിരവധി തെററുകളല്ലാതെ മറെറാന്നുമല്ല. നമ്മുടെ വാക്കുകൾ നമ്മുടെ ആശയങ്ങളേയും വികാരങ്ങളേയുമാണു പ്രത്യക്ഷമാക്കുന്നതു്. ഓരോരുത്തനും അവനവനു തോന്നുന്നവ പറയുന്നു. എന്നാൽ ചിലപ്പോൾ നമ്മുടെ വാക്കുകൾ ഉള്ളിലെ ആശയങ്ങൾക്കു വിരുദ്ധമായി വരാം. എങ്കിലും എല്ലായ്പോഴും ഇപ്രകാരം അഭിനയിക്കുക സാദ്ധ്യമല്ല. അതിനാൽ സദാ തിന്മ വിചാരിക്കുന്ന ഒരുവനു് എല്ലായ്പോഴും നന്മ സംസാരിക്കുക അസാദ്ധ്യമാണു്. മനസ്സാക്ഷിയും വിദ്യാഭ്യാസവും വിവേകവും സൂക്ഷ്മത്തോടുകൂടി സംസാരിക്കുവാൻ ഒരുവനെ സഹായിച്ചേക്കാം. എന്നാൽ തൻെറ സഹോദരനെതിരായ വിചാരങ്ങൾ തഴക്കമായി അവനു് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിൽ ഉപവിക്കും നീതിക്കും എതിരായി പലപ്പോഴും സംസാരിക്കുന്നതിനും ഇടയാകും. എന്തുകൊണ്ടെന്നാൽ "ഹൃദയപരിപൂർണ്ണതയിൽനിന്നു് അധരങ്ങൾ സംസാരിക്കുന്നു" എന്നതു് എല്ലായ്പോഴും സത്യമാണു്. ഹൃദയമൗനം ഇല്ലായ്മയാലാണു ദുർവികാരങ്ങൾ ഉണ്ടാകുന്നതെങ്കിൽ ഇതിൽനിന്നുതന്നെയാണു സഹോദരങ്ങളെ വിമർശിക്കുന്ന സ്വഭാവവും നമുക്കുണ്ടാകുന്നതു്. നാവാലുണ്ടാകുന്ന നിരവധി നികൃഷ്ടതിന്മകളുടെ മാതാവാണു മററുള്ളവരെപ്പററി ചീത്തയായി വിചാരിക്കുന്ന സ്വഭാവം. അവയുടെ എണ്ണം അസംഖ്യവുമാണു്. അവ ലോകത്തിലും സന്യാസഭവനങ്ങളിലും വരുത്തിക്കൂട്ടുന്ന നാശം ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ.

പർവ്വതോപരിഭാഗത്തുനിന്നു് അടന്നുവീഴുന്ന ഒരു പാറ നിലംപതിക്കുന്നതുവരെ വരുത്തിക്കൂട്ടുന്ന വമ്പിച്ച നാശം എത്രയെന്നു കണക്കാക്കുക നമുക്കു സാദ്ധ്യമല്ല. യഥാർത്ഥസ്ഥാനത്തുനിന്നു് അടർത്തെടുത്തു് അത്യുന്നതമായ ഒരു ഗിരിശൃംഗത്തിൽനിന്നും കീഴോട്ടിടുന്ന ഘനമേറിയ ഒരു കല്ലിനു തുല്യമാണു് ഒരു ദൂഷിവാക്കു്. സാധാരണയായി വളരെയധികം കയ്പും, അല്പം വിദ്വേഷവും, കോപവും കുറെ പകയും അസൂയയും, എല്ലായ്പോഴും വളരെ സ്വാർത്ഥതയും കലർന്നതായിരിക്കും ഈ

വാക്ക്. മുറിവേററ ഒരു ഹൃദയത്താൽ എയ്യപ്പെടുന്നതും, ഒരു ഹൃദയത്തിൽനിന്നു മറെറാരു ഹൃദയത്തിലേയ്ക്കു കടക്കുന്നതുമായ ഒരസ്ത്രമാണു് ദുഷിവാക്ക്. അതിൻെറ വിഷത്തിലും കയ്പിലും ഒരംശം അതിനോടടുക്കുന്ന എല്ലാവരിലും അതു കലരും. മുമ്പേതന്നെ അതിൻെറ സ്പർശനമേററിരിക്കുന്നവരിലുള്ള വിഷത്തിനനുസരണമായി അതു വർദ്ധമാനമാകുകയും ചെയ്യും. മനോഹരമായ പുഷ്പങ്ങളിൽ ഏററം വെറുക്കത്തക്ക പ്രാണികൾ കയറുന്നതിനാലുണ്ടാകുന്നതിൽ കൂടുതൽ നാശമാണു ദുർവിധി ആത്മാക്കളിൽ ഉളവാക്കുന്നതു്. ചിലപ്പോൾ പരിശുദ്ധവും നിഷ്കളങ്കവുമായ ആഗ്രഹങ്ങളെ അതു വ്യതിചലിപ്പിക്കുന്നു. മററുചിലപ്പോൾ പരസ്പരവിശ്വാസത്തോടും സന്തോഷത്തോടുംകൂടി ജീവിച്ചിരുന്ന ആത്മാക്കളിൽ അതിൻെറ വിഷാംശം അതു കലരുന്നു. ഇപ്രകാരം സന്തോഷചിത്തരായിരുന്നവർക്ക് അതിൻെറ മനസ്ഥിതിയിൽ ഒരു പങ്കു് അതു ദാനംചെയ്യുന്നു. പരസ്പരം അവിശ്വസിച്ചിരുന്നവരെയാകട്ടെ, വൈരാഗ്യമാകുന്ന വലിയ പർവ്വതങ്ങൾകൊണ്ടല്ലെങ്കിൽ, മഞ്ഞുകട്ടകൾകൊണ്ടെങ്കിലും പൂർണ്ണമായി വേർതിരിക്കുന്നു. അവിവേകപൂർവ്വകമായ ധാരണകൾ ഉളവാക്കുന്ന വിനാഴികകളിൽ, തണുത്തതും സമാധാനരഹിതവുമായ ഒരാത്മാവു ചാഞ്ചാടുന്ന, ഈ തണുത്ത തിരമാലകൾക്കു് എന്നു് അവസാനമുണ്ടാകും! ഇവ ഉളവാക്കുന്ന നാശം ദൈവത്തിനുമാത്രം അറിയാവുന്നതുപോലെ ഇതു് എന്നു് അവസാനിക്കുമെന്നും അനന്തജ്ഞാനത്തിനു മാത്രമേ അറിഞ്ഞുകൂടൂ.

നാവാലുണ്ടാകുന്ന വിവിധ പാപങ്ങളെപ്പററി ഇവിടെ പ്രതിപാദിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. ഈ വിഷയത്തെക്കുറിച്ചു പല ഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുണ്ടു്. ദുർവിധിമൂലം ഉളവാകുന്ന എല്ലാ നാശങ്ങളും ഇതരന്മാരുടെ കുററങ്ങളെ കണ്ടുപിടിക്കുകയും അപവാദം പറയുകയും ചെയ്യുന്നതിൽനിന്നും ഉത്ഭൂതമാകുന്നുണ്ടെന്നു മാത്രമേ ഇവിടെ പറയേണ്ടതുള്ളൂ. പക്ഷേ, ഇവമൂലം ഉണ്ടാകുന്ന നാശം വളരെ കൂടുതലായിരിക്കു

മെന്നു മാത്രം. എന്തുകൊണ്ടെന്നാൽ ഇവയുടെ പ്രവൎത്തനം ബാഹ്യമാകയാൽ പ്രവൎത്തനരംഗവും വളരെ വിപുലമാണു്. എന്നാൽ ദുർവ്വിധിയെ സംബന്ധിച്ചിടത്തോളം യാഥാൎത്ഥ്യം ഇങ്ങനെയല്ല. കാരണം, വിധിക്കുന്നവൎക്കു മാത്രമേ അവ ദോഷം ചെയ്യുന്നുള്ളു. ഒരുവനെ ബോധരഹിതനാക്കുകയാണു ദുർവ്വിധി ചെയ്യുന്നതെന്നു നാം പറഞ്ഞു; എന്നാൽ ദോഷാരോപണം, അതു കേൾക്കാനിടയാകുന്ന എല്ലാ ആത്മാക്കളിലും അതിൻെറ വിഷം കലൎത്തുന്നു. രക്തത്തിൽ കടന്നുകൂടുന്ന ഒരുതുള്ളി വിഷം എല്ലാ ഞരമ്പുകളിൽകൂടിയും അതിശീഘ്രം പാഞ്ഞു ജീവനെ നശിപ്പിക്കുന്നു. ഒരു പാവപ്പെട്ട ആത്മാവു ശ്രവിക്കാനിടയാകുന്ന അവിവേകപരമായ ഒരു ദൂഷിവാക്കു് ഈ വിഷത്തെക്കാറം കൂടുതൽ നാശം ചെയ്യാതിരിക്കയില്ല. അതു് ഉപവിയെ വളരെ എളുപ്പത്തിൽ മന്ദീഭവിപ്പിക്കുന്നു. അതിമൃദുലമായ അനുകമ്പയെ അതു നശിപ്പിക്കുന്നു; ഏററം മനോജ്ഞമായ വികാരങ്ങളെ വിഷസങ്കലിതമാക്കുന്നു. സന്തോഷത്തോടുകൂടി, നീതിപരവും നിഷ്കളങ്കവും പരിശുദ്ധവുമായ സ്നേഹം പ്രദാനം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്ന ഒരുവനോടു ദൂഷിവാക്കു ചെയ്യുന്ന ഒരു മഹാപരാധമാണിതു്.

തനിക്കു് ഏററം നല്ല അഭിപ്രായമുള്ള ഒരുവനെപ്പററി ചെയ്യുന്ന ദോഷാരോപണം കേൾക്കാനിടയാകുന്ന ഓരോരുത്തനും ഈ ആരോപണം വരുത്തിക്കൂട്ടുന്ന നാശം എറെക്കുറെ മനസ്സിലാക്കാം. ആരംഭത്തിൽ ഇതു നമ്മിൽ ഉളവാക്കുന്നതു് അല്പസംശയം മാത്രമാണു്. പിന്നീടതു് ഒരു ശങ്കയും, അവിശ്വാസവും ജനിപ്പിക്കുന്നു. തൽഫലമായി ദോഷാരോപണം ചെയ്യപ്പെട്ട ആളെ നിരീക്ഷിക്കുന്നതിനു് ആരംഭിക്കുന്നു. ഈ ദോഷാരോപണം എല്ലാവരേയും സ്പൎശിക്കുന്നതായിരുന്നാൽ നാം എല്ലാവരേയും നിരീക്ഷണം ചെയ്യും. സൂക്ഷ്മവും അവിശ്വാസപൂൎവ്വകവുമായ നിരീക്ഷണങ്ങളെ സന്തോഷപൂൎവ്വം സഹിക്കാൻ ഒരു പുണ്യവാനു മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ ഈദൃശനിരീക്ഷകന്മാരോടു സ്നേഹത്തോടും വിശ്വാ

സത്തോട്ടുംകൂടി വർത്തിക്കാൻ നമുക്കു വളരെ വിഷമമാണു്. അന്യരെക്കുറിച്ചുള്ള ദൂഷിവാക്കുകൾ കേൾക്കുമ്പോൾ നമുക്കുണ്ടാകുന്ന അനുഭവംതന്നെയാണു് നമ്മുടെ അപവാദം മററുള്ളവരിലും ഉളവാക്കുന്നതു്.

ഉപവിയുടെ പരമശത്രുവാണു് സംസാരത്തിലുണ്ടാകുന്ന കുററങ്ങൾ. അതിനാൽ പരിശുദ്ധാത്മപി അരുളിച്ചെയ്യുന്നു: നാലുതരം ഫലങ്ങൾ—നന്മയും തിന്മയും, ജീവനും മരണവും—ഉത്ഭൂതമാക്കുന്ന ഹൃദയത്തെ വ്യതിചലിപ്പിക്കുന്നതിനു് ഒരു ദൂഷിവാക്കു ശക്തമാണു്. നാവാണു് ഇവയുടെ ഭരണകർത്താവു്. അതിനാൽ നാവാലുണ്ടാകുന്ന കുററങ്ങളെ സുവിശേഷം വളരെ ഗൗരവതരമായി ഗണിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. നമ്മുടെ സഹോദരങ്ങളെ വിധിക്കുന്നതിനു നാം ഉപയോഗിക്കുന്ന വിധിവാചകംതന്നെ നമ്മെ വിധിക്കുന്നതിനും ഉപയോഗിക്കുമെന്നു് ഉൽബോധിപ്പിക്കുന്ന പരിശുദ്ധാത്മപിതന്നെ തുടർന്നു പറയുന്നു: "നിൻെറ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിൻെറ വാക്കുകളാൽ നീ കുററം വിധിക്കപ്പെടുകയും ചെയ്യും". വിശുദ്ധ പത്രോസു് പറയുന്നതുപോലെ, "നാവിനെ സൂക്ഷിച്ചു കാക്കുന്നതു സമാധാനമായി ജീവിക്കുന്നതിനു് അത്യന്താപേക്ഷിതമാണു്. അതിനാൽ, ജീവനെ ആഗ്രഹിക്കുകയും നല്ല ദിവസങ്ങൾ കാണുവാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദുഷ്ടതയിൽ നിന്നു തൻെറ നാവിനേയും വഞ്ചനാപരമായ സംസാരത്തിൽ നിന്നു ചുണ്ടുകളേയും കാത്തുകൊള്ളട്ടെ" (പത്രോ. iii-10). ബോധജ്ഞാനിയായ ശ്ലേമോൻ കുറേക്കൂടി കടന്നു് ഇപ്രകാരം പറയുന്നു: "തൻെറ നാവു് തൻെറ അധഃപതനത്തിനു കാരണമാകാത്ത മനുഷ്യൻ ഭാഗ്യവാനും അനുഗൃഹീതനും ആകുന്നു." എന്നാൽ "തൻെറ നാവിനെ നിയന്ത്രിക്കാത്ത ഒരുവൻ ഭക്തനെന്നു് സ്വയം അഭിമാനിക്കുന്നു എങ്കിൽ....അവൻെറ ഭക്തി വെറും ശൂന്യമത്രേ" എന്ന ഭയാനകമായ വാക്യംകൂടി ശ്ലേമോൻ തുടർന്നു പറഞ്ഞിട്ടുണ്ടു്. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ സദ്കർമ്മങ്ങളെ അനിയന്ത്രിത

മായ നാവു ഫലശൂന്യമാക്കിക്കളയുന്നു എന്നതു് ഈ വാക്യത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. പരിപൂർണ്ണതയെ ആഗ്രഹിക്കുന്നവരും എന്നാൽ ആന്തരികവും ബാഹ്യവുമായ മൗനത്തിൽ അശ്രദ്ധരുമായ ആത്മാക്കൾക്കു നേരിടുന്ന വിവിധവും ഭയങ്കരവുമായ തിന്മകളെക്കുറിച്ചുള്ള ചിന്ത, ഈ മുൻകരുതൽ പാലിക്കുന്നതിൽ വിശുദ്ധ യോഹന്നാൻക്രൂസിൻെറ മക്കൾക്കും അനുയായികൾക്കും ഒരു പ്രേരകമായിരിക്കണം.

വി. യോഹന്നാൻക്രൂസിൻെറ അഭിമതമനുസരിച്ചു് അന്യരുടെ പ്രവൃത്തികളെ നിരീക്ഷണം ചെയ്യുന്നവർക്കു മററൊരു തിന്മ കൂടി ഭവിക്കുന്നുണ്ടു്. നാം പ്രതിപാദിച്ചുകൊണ്ടിരുന്ന രണ്ടു തിന്മകളുടേയും ഫലമാണിതു്. ലോത്തിൻെറ ഭാര്യയുടെ ദൃഷ്ടാന്തത്തിൽനിന്നു് ഒരു നല്ല പാഠം പഠിക്കുന്നതിനു് അദ്ദേഹം പറയുന്നു. "സോദോം പട്ടണത്തിൻെറ നാശം കാരണത്താൽ മനം കലങ്ങി ആ പട്ടണത്തെ അവൾ ഒന്നു തിരിഞ്ഞുനോക്കി.... അതിനു ദൈവം അവളെ ശിക്ഷിച്ചു; അവൾ ഒരു ഉപ്പുതൂണായിത്തീരുകയും ചെയ്തു." വിവേകപൂർവ്വകമായ ഉപവിയാലോ, ഉദ്യോഗത്തിൻെറ ചുമതലയാലോ എന്നതിനെക്കാൾ വാസനയാൽ പ്രേരിതരായി മററുള്ളവരുടെ കാര്യത്തിൽ ഇടപെടുന്നവർ ലോത്തിൻെറ ഭാര്യയോടു സാമ്യമുള്ളതിനാൽ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്ന രണ്ടവസരങ്ങളിലും വിശുദ്ധൻ ഈ ദൃഷ്ടാന്തം എടുത്തുപറയുന്നുണ്ടു്. ആവശ്യമില്ലാതെ അന്യരുടെ കാര്യത്തിൽ ഏർപ്പെടുന്ന ആത്മാക്കൾ ഉപ്പുതൂണായി രൂപാന്തരപ്പെടുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ അതിൻെറ ചില ഗുണങ്ങളെല്ലാം അവരിലും ഉളവാകുന്നു. ഉപ്പുകല്ലു് കാഠിന്യമുള്ളതാണു്; മററുള്ളവരുടെ പ്രവൃത്തികളിൽ ഇടപെടുന്നതിൽ സന്തോഷിക്കുന്നവരുടെ ഹൃദയവും കാഠിന്യമുള്ളതാകുന്നു. ഇതരന്മാരുടെ പ്രവൃത്തികളെ വിമർശിക്കുന്ന ഒരുവനു തൻെറ ഹൃദയത്തെ ആർദ്രവും സ്വസഹോദരൻെറ നേരെ നന്മയും ദയയും ഉള്ളതുമാക്കിത്തീർക്കുക അസാദ്ധ്യമാണു്. ഉപ്പു് ഫലശൂന്യതയുടെ അടയാളമാണു്. ഉപ്പളത്തിനു സമീപം യാതൊരു

സസ്യവും വളരുന്നില്ല. കർഡോണായിലേ പ്രസിദ്ധമായ ലവണഖനിയുടെ അവസ്ഥ ഇതാണ്. ചിലപ്പോൾ അവ വളരെ മനോഹരമായി പ്രത്യക്ഷപ്പെടുന്നു. എങ്കിലും അവ സങ്കടകാരണമാകാതിരിക്കുന്നില്ല. സ്ഫടികാകൃതിയിൽ വിളയുന്ന വിവിധ വർണ്ണത്തിലുള്ള അവയുടെ മുഖം സൂര്യരശ്മി തട്ടി തിളങ്ങു മ്പോൾ അവ നയനമനോഹരമായി ഭവിക്കുന്നു. എന്നാൽ നിഷ്കളങ്കരായ ചെറുപക്ഷികൾ അവയിന്മേൽ ഇരുന്നു പാടു ന്നില്ല; സ്പെയിനിലേ ഇതരപർവ്വതങ്ങളെ സുരഭിലമാക്കിത്തീ ക്കുന്ന ഭംഗിയേറിയ വിവിധ പുഷ്പങ്ങൾ അവിടെ വളരുക സദ്ധ്യവുമല്ല.

ഉപവിയും കടമയും പ്രേരിപ്പിക്കുമ്പോഴല്ലാതെ വെറും നേരംപോക്കിനുവേണ്ടി മാത്രം സ്വസഹോദരങ്ങളുടെ പ്രവൃ ത്തികളെ വിമർശിക്കുന്നവരുടെ മദ്ധ്യേ നാം പലപ്പോഴും അക പ്പെടുന്നു. അല്പസമയത്തേയ്ക്കു് ഇക്കൂട്ടർ നമ്മെ സന്തോഷിപ്പി ച്ചേക്കാം. എന്നാൽ വേഗം അവരുടെ സഹവാസം നമുക്കു് അനിഷ്ടകരമായി ഭവിക്കാതിരിക്കയില്ല. നല്ലതുപോലെ ആലോചിച്ചു വളരെ ഭംഗിയായി സംസാരിക്കുന്നവരുണ്ടു് ചിലർ. മനുഷ്യാന്തർഭാഗത്തു് ഒളിഞ്ഞുകിടക്കുന്ന ബലഹീന തകളെ വളരെ തന്മയത്വത്തോടുകൂടി വരച്ചുകാണിക്കുന്ന സമ ർത്ഥന്മാരായ ശില്പകലാവിദഗ്ദ്ധന്മാരാണു് ഇവർ. ഈ വിമർശകർ എല്ലാവരുംതന്നെ – തങ്ങളുടെ സഹോദരങ്ങളുടെ ബാഹ്യപ്രവൃ ത്തികളെ നിരീക്ഷണം ചെയ്യുന്ന ഇക്കൂട്ടരിൽ ഭൂരിപക്ഷവും – സ്വാഭാവിക ചാച്ചിലിനു് അധീനരായോ ദുർവാസനയാൽ പ്രേരിതരായോ തങ്ങളുടെ ചുററുമുള്ള എല്ലാററിനെയും നിർജ്ജീ വമാക്കിത്തീർക്കുന്നു. എന്തുകൊണ്ടെന്നാൽ ആത്മാവിൻെറ ജീവ നെ അവർ നശിപ്പിക്കുകയോ, കുറഞ്ഞപക്ഷം അതിനെ പ്രതി രോധിക്കുകയോ ചെയ്യുന്നു. അവരുടെ ആ നല്ല നിരീക്ഷണ ങ്ങളും, ന്യൂനതകൾ കണ്ടുപിടിക്കുന്നതിൽ അവക്കുള്ള സാമ ർത്ഥ്യവും, കഠിനവും നിഷ്ഠുരണവുമായ അവരുടെ വിമർശന ങ്ങളും ഉദാരമനസ്കരെപ്പോലും അസ്വസ്ഥരാക്കിത്തീർക്കാറുണ്ടു്.

ഇപ്രകാരമുള്ള ആത്മാക്കൾ ഒരു സമൂഹത്തിൽ ഉണ്ടായിരിക്കുക എന്നതു വലിയ നിർഭാഗ്യമാണു്. ഉപ്പുപാറകൾക്കു സമീപം യാതൊരു സസ്യവും വളരാത്തതുപോലെ ഇക്കൂട്ടരുടെ ചുററും ചൈതന്യരാഹിത്യമാണു കാണപ്പെടുന്നതു്.

സ്നേഹശാഖിയെ സകലവിധ ശുശ്രൂഷകളും ചെയ്തു വളരെ ഓമനിച്ചു വളർത്തുന്ന ഒരു മനോഹരോദ്യാനമായിരിക്കണം സന്യാസഭവനം എന്നാണു ദൈവനിശ്ചയം. ഈ വൃക്ഷത്തെ മനുഷ്യഹൃദയങ്ങളിലും മനസ്സാക്ഷിയിലും ബീജാവാപം ചെയ്യുന്നതിനാണു ക്രിസ്തുനാഥൻ ഈ ലോകത്തിൽ അവതാരം ചെയ്തതു്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന ക്രിസ്തുവിൻെറ കല്പന അതിൻെറ നവീനതചത്തോടുകൂടി അനുസരിക്കപ്പെടേണ്ടതു് ഇവിടെയാണു്. ഒരു സന്യാസഭവനത്തിലെ അന്തരീക്ഷം സമാധാനത്താലും പരസ്പരവിശ്വാസത്താലും പൂരിതമായിരിക്കണം. ക്രിസ്തീയ പുണ്യത്തിൻേറയും സന്യാസസുകൃതങ്ങളുടേയും സംയുക്ത സൗരഭ്യംപോലെയാണു് പരസ്പരവിശ്വാസവും സമാധാനവും. സഹോദരങ്ങളുടെ പ്രവൃത്തികളെ വിമർശിക്കുന്നതിൽ ഉണ്ടാകുന്ന സന്തോഷം അനുഭവിക്കുന്നതിനുവേണ്ടി അന്യരുടെ പ്രവൃത്തികളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന അതൃപ്തരും സമാധാനരഹിതരുമായ ആത്മാക്കൾ ധാരാളമുള്ള സ്ഥലങ്ങളിൽ പരമാർത്ഥമായ മനോവിശ്വാസം ഉണ്ടായിരിക്കുക സാദ്ധ്യമല്ല. മററുള്ളവരുടെ ബലഹീനവശങ്ങളെ മാത്രം പരിഗണിക്കുക എന്ന പോരായ്മ – ഇതു വാസ്തവത്തിൽ ഒരു വലിയ പോരായ്മ തന്നെയാണു് – ഇക്കൂട്ടർക്കുണ്ടു്. ഇക്കാരണത്താൽതന്നെ കഠിനവും നിർദ്ദയവുമായ വിമർശനങ്ങളിൽ ഇവർ സദാ സന്തോഷിക്കുന്നു. ഇത്തരക്കാർ ഉള്ള സ്ഥലങ്ങളിൽ പരസ്പരവിശ്വാസം നഷ്ടീഭവിക്കാതെ തരമില്ല. ഇതു വേഗത്തിൽ ദുഷിച്ചു് അവസാനം സംശയവും അസൂയയും ആയി പരിണമിക്കുന്നു. തൽഫലമായി സന്യാസജീവിതത്തിൻെറ മധുരിമ മുഴുവൻ നഷ്ടപ്പെടുന്നു. സന്യാസാശ്രമങ്ങളെ, ധാരാളം അംഗങ്ങളുള്ള ഒരു ഭവനമാക്കി

ത്തീക്കന്നതിനു പകരം ഹൃദയത്തെ ഉണക്കുകയും ആത്മാവിനെ കാഠിന്യമുള്ളതാക്കിത്തീക്കുകയും ചെയ്യുന്ന ആചാരോപചാരങ്ങൾ അവിടെ സ്ഥലം പിടിക്കുന്നു. സന്യാസനിയമങ്ങൾക്കു സ്വതസിദ്ധമായിരിക്കുന്ന സ്നേഹത്തിൻേറയും പരസ്പരവിശ്വാസത്തിൻേറയും ഉപവിയുടേയും അരൂപി നഷ്ടപ്പെടുന്നു.

ഏതെങ്കിലും ഒരു സന്യാസസമൂഹത്തിൽ ഇപ്രകാരമുള്ള ദൂഷണക്കാർ സുലഭമായിത്തീരുന്ന കാലം, അവിടം സമാധാനത്തിൻേറയും സുകൃതങ്ങളുടേയും ഒരു സങ്കേതമായി തീരേണ്ടതിനു പകരം, ജീവിതം അസാദ്ധ്യമാക്കിത്തീക്കുന്ന ഒരു ഉപ്പളമായി പരിണമിക്കും. അതിനാൽ തൻെറ ആത്മീയമക്കളിൽ ആരും ഉപ്പുതൂണായി തീരാതിരിക്കേണ്ടതിനു സന്യാസഭവനങ്ങളിൽ ആരും തങ്ങളെ സംബന്ധിക്കാത്ത യാതൊന്നിലും ഇടപെടരുതെന്നു നമ്മുടെ വിശുദ്ധ പിതാവു് ഉപദേശിക്കുന്നു. മനുഷ്യരോടുകൂടി ഈലോകത്തിൽ നാം ജീവിക്കുന്നിടത്തോളം കാലം നമുക്കു പരസ്പരം ന്യൂനതകൾ സഹിക്കേണ്ടിവരുമെന്നുള്ളതു നിസ്തക്കമാണു്. ആകയാൽ അന്യരുടെ ന്യൂനതകളെ നാം കാണാത്തവിധം അവരൊന്നിച്ചു വസിക്കണം. നാം അവ കാണുകയോ അവയെപ്പററി വിചാരിക്കുകയോ സവ്വോപരി അവയെക്കുറിച്ചു സംസാരിക്കുകയോ ചെയ്യരുതെന്നു നമ്മുടെ പിതാവു നമ്മോടു് ആവശ്യപ്പെടുന്നു.

തെററു ചെയ്യുന്ന ആളോടു് അതിനെപ്പററി ഉപവിയോടുകൂടി നാം സംസാരിക്കണം. എന്നാൽ അയാളെപ്പററി അധികാരികളോടല്ലാതെ — അതും ഉപവിയോടുകൂടിയും അപൂവ്വമായിട്ടുമാത്രം—മററാരോടും ഒരിക്കലും സംസാരിക്കരുതു്. വിശുദ്ധൻ പറയുന്നു: "അറിയേണ്ട ആളോടും തക്ക സമയത്തും അല്ലാതെ തീക്ഷ്ണതയുടെ നാട്യത്തിലോ തെററുതിരുത്താനെന്ന ഭാവത്തിലോ മററാരോടും ഒന്നും നാം ഒരിക്കലും പറയരുതു്." അധികാരികൾക്കു് ആ തെററിനെപ്പററി അറിയാമെന്നു നിനക്കു നിശ്ചയമുണ്ടെങ്കിൽ നീ അതു് അറിയിക്കേണ്ട ആവശ്യമേയില്ല. നീ പറഞ്ഞതിനുശേഷവും സംഗതികൾ മുമ്പിലെ

ത്തെപ്പോലെ നടക്കുന്നു എങ്കിൽ നീ അസ്വസ്ഥനാകുകയോ അതിനെപ്പററി കൂടുതൽ ആരായുകയോ വേണ്ട. ഒന്നും കണ്ടില്ലെന്ന മട്ടിലും ആശ്രമത്തിൽ നീ മാത്രം ഉണ്ടായിരുന്നാലെന്ന പോലെയും ജീവിക്കുക. മററുള്ളവരിൽ കാണുന്ന ന്യൂനതകൾക്കെതിരായ പുണ്യം സമ്പാദിക്കുന്നതിനായിരിക്കണം നിൻെറ സർവ്വശ്രമവും. അവിവേകപൂർവ്വകമായ ശുഷ്കാന്തിയാൽ പ്രേരിതനായി, ഒരു നിയമലംഘനം ഏറെക്കുറെ ഗൗരവമാണെന്നു് അഭിപ്രായപ്പെട്ട ഒരു സന്യാസിക്കു് ഈ പ്രതിവിധി വിശുദ്ധനും വിവേകിയുമായ ഒരധികാരി ഉപദേശിച്ചതായി പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം, കുററം ആരോപിച്ച ആളെ ദയാപൂർവ്വം സ്വീകരിച്ചു് ഇപ്രകാരം പറഞ്ഞു: “എൻെറ വത്സല കുഞ്ഞേ, ദൈവമഹത്വത്തിലും നിയമാനുസരണത്തിലുമുള്ള നിൻെറ ശുഷ്കാന്തിക്കായി ഞാൻ നിന്നോടു വളരെ കൃതജ്ഞനായിരിക്കുന്നു. അയാൾ ദൈവത്തെ ഉപദ്രവിക്കുകയും നിയമങ്ങളെ ലംഘിക്കുകയും ചെയ്തിരിക്കുന്നു എന്നു നീ വിചാരിക്കുന്നതിനാൽ, ഇന്നു് ഉപവസിക്കുന്നതിനു ഞാൻ നിന്നെ അനുവദിക്കുന്നു. ഇങ്ങനെ ഈ പാപത്തിനു നീ ചെയ്യുന്ന ഈ പരിഹാരത്തിനായി ഞാൻ നിന്നോടു് അതീവം കൃതജ്ഞനായിരിക്കുകയും ചെയ്യുന്നു.”

ഇതരന്മാരുടെ തെററുകൾമൂലം അസ്വസ്ഥരായിത്തീരുന്ന എല്ലാവരും ഈ പ്രതിവിധിതന്നെ സ്വീകരിക്കുകയും നമ്മുടെ സഹോദരങ്ങളിൽ കാണുന്ന തെററുകളെ പരിഹരിക്കുന്നതിനും അവയ്ക്കു പരിഹാരം ചെയ്യുന്നതിനുമുള്ള കടമ — ഒരുവിധത്തിൽ ഇതു നമ്മുടെ കടമയാണു് — സ്വയം വഹിക്കുകയും, ആ തെററുകൾക്കെതിരായ സുകൃതങ്ങൾ ഏററം ശുഷ്കാന്തിയോടുകൂടെ അഭ്യസിക്കുകയും ചെയ്തിരുന്നുവെങ്കിൽ, നമ്മുടെ ചുററും സംഭവിക്കുന്ന സംഗതികളെക്കുറിച്ചു നമുക്കു ജിജ്ഞാസ കുറയുകയും, നമ്മുടെ വിശുദ്ധീകരണത്തിനായുള്ള ജാഗ്രത വളരെ വർദ്ധിക്കുകയും ചെയ്യുമായിരുന്നു. നമ്മുടെ പുണ്യതാതൻെറ ഈ ഉപദേശം നാം കൂടുതൽ ശ്രദ്ധാപൂർവ്വം അനുസരിക്കണം. മററുള്ളവ

രെക്കുറിച്ചു നാം കുറച്ചുമാത്രമേ വിചാരിക്കുകയും പറയുകയും ചെയ്യാവൂ. അപ്പോൾ സന്യാസഭവനങ്ങൾ അവാച്യമായ സമാധാനത്തിന്റെ നികേതനങ്ങളും സ്വർഗ്ഗത്തിന്റെ പ്രതിഛായകളുമായി പരിണമിക്കും.

ഈ മൂന്നു മുൻകരുതലുകളുടെയും പരിപൂർണ്ണമായ അനുഷ്ഠാനംവഴി, മററുള്ളവരുടെ കാര്യങ്ങളിൽനിന്നു പരിപൂർണ്ണമായി ഒഴിഞ്ഞുമാറുന്നതിനും, ലൗകികവസ്തുക്കളോടുള്ള സ്നേഹം നിർമ്മൂലമാക്കുന്നതിനും, തദ്വാരാ നമ്മുടെ സ്നേഹം ശരിയായി നിയന്ത്രിച്ചുകൊണ്ടു്, നമ്മുടെ ഏററം വലിയ ശത്രുക്കളിൽ ഒന്നിനെ — ലോകത്തെ — നിശ്ശേഷം കീഴടക്കുന്നതിനും നമുക്കു സാധിക്കും.

# അദ്ധ്യായം 8.

## പിശാചന്നെതിരായ മുൻകരുതലുകൾ.
## മുഖവുര — പിശാചൻെറ ശക്തി.

"സന്യാസപരിപൂർണ്ണതയെ ആഗ്രഹിക്കുന്നവർ, തങ്ങളുടെ രണ്ടാമത്തെ ശത്രുവായ പിശാചൻെറ കണികളിൽനിന്നു വിമുക്തരാകുന്നതിന്നു മൂന്നു മുൻകരുതലുകൾ അവശ്യം ചെയ്യേണ്ടതുണ്ടു്. പുണ്യവഴിയിൽ വ്യാപരിക്കുന്നവരെ ചതിക്കുവാൻ പിശാചൻ ഉപയോഗിക്കുന്ന മുഖ്യതന്ത്രം, നന്മയുടെ ഛായ കൊണ്ടു് അവരെ വഞ്ചിക്കുക എന്നതാണെന്നു നാം സദാ അനുസ്മരിക്കണം. പ്രത്യക്ഷത്തിൽ തിന്മയായവകൊണ്ടു പിശാചൻ അവരെ പരീക്ഷിക്കുന്നില്ല. തിന്മയാണെന്നു് അവൎക്കു ബോദ്ധ്യമുള്ളവയിൽ അവർ ഉൾപ്പെടുകയില്ലെന്നു് അവന്നു നിശ്ചയമുണ്ടു്. അതിനാൽ നന്മയെന്നു നാം സങ്കല്പിക്കുന്നവയെ എപ്പോഴും, പ്രത്യേകിച്ചു് അനുസരണത്തെപ്രതി അവയ്ക്കു നാം കടപ്പെട്ടിട്ടില്ലാത്തപ്പോഴും നാം അവിശ്വസിക്കണം. നിങ്ങൾ ആലോചന ചോദിക്കേണ്ട ഒരാളുടെ നിർദ്ദേശം സ്വീകരിച്ചാൽ സുരക്ഷിതനായി. അവിവേകമായ ഭക്തിയുടെയോ അന്ധമായ മതഭ്രാന്തിൻെറയോ ഫലമല്ല മനുഷ്യരുടെമേൽ ദുഷ്പ്രാരൂപിക്കുള്ള പ്രേരണാശക്തി. ഇതു മനുഷ്യകുലത്തോളം തന്നെ പഴക്കമുള്ള ഒരു വിശ്വാസവിഷയമാണു്. എല്ലാ രാജ്യങ്ങളിലും എല്ലാ മതങ്ങളിലും ഇതിന്നു പ്രചാരമുണ്ടു്. ഇതു മനുഷ്യവൎഗ്ഗത്തിൻെറ തന്നെ ഒരു വിശ്വാസസത്യവും ആണു്. നമ്മുടെ വിശുദ്ധസഭയുടെ പല ആചാരങ്ങളുടേയും അടിസ്ഥാനം ഈ വിശ്വാസമാണു്. അതിൻെറ എല്ലാ മൂലപ്രമാണ

ങ്ങളും ഈ സത്യത്തിൽനിന്ന് അഭേദ്യവുമാണ്. ഈ വിശ്വാസത്തെ നാം നിഷേധിക്കുകയാണെങ്കിൽ ഭക്തിജനകമായ പുസ്തകങ്ങളെ പിൻവലിക്കുന്നതിനും ദൈവശാസ്ത്രത്തേയും കത്തോലിക്കാ പ്രാത്ഥനക്രമത്തേയും തിരുത്തുന്നതിനും സർവ്വോപരി പിശാചനേയും അവൻെറ തന്ത്രങ്ങളിൽ വീഴാതിരിക്കാനുള്ള മാർഗ്ഗങ്ങളേയും കുറിച്ച് പലപ്പോഴും പ്രതിപാദിക്കുന്ന സുവിശേഷം മുഴുവനും മാററി എഴുതുന്നതിനും നാം നിർബന്ധിതരാകും. ആ നല്ല ഗൃഹനായകൻെറ വയലിൽ കളകൾ വിതച്ച ശത്രു പിശാചനല്ലാതെ മററാരുമല്ലെന്നു ദിവ്യരക്ഷകൻതന്നെ ഉൽബോധിപ്പിക്കുന്നു (മത്താ: XIII-39). മാത്രമല്ല, "പിശാചനോട്ട് എതിർത്തുനില്ക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിനു ദൈവത്തിൻെറ ആയുധം നിങ്ങൾ ധരിക്കുകയും ചെയ്യുവിൻ." എന്നു പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നു. സുവിശേഷത്തിൽ വേറൊരിടത്ത് സ്പഷ്ടവും സുനിശ്ചിതവും, പിശാചനെതിരായി വിശുദ്ധ യോഹന്നാൻശ്ലീഹാ നിർദ്ദേശിക്കുന്ന മൂന്നു മുൻകരുതലുകളുടേയും സാരാംശം അടക്കിക്കൊള്ളുന്നതുമായ ഭയങ്കര വാക്യങ്ങൾ നാം കാണുന്നു. "ലോകത്തെ മുഴുവൻ വഴിതെററിക്കുന്ന ഏഷണിക്കാരനെന്നു വിളിക്കപ്പെടുന്ന പഴയ സർപ്പം തള്ളിയിടപ്പെട്ടു. അവൻ ഭൂമിയിലേയ്ക്കു തള്ളിയിടപ്പെട്ടു. അവൻെറ ദൂതന്മാരും അവനോടുകൂടി തള്ളിയിടപ്പെട്ടു". അനന്തരം സ്വർഗ്ഗത്തിൽ ഒരു വലിയ സ്വരം ഇങ്ങനെ പറയുന്നതു കേട്ടു. 'എന്നാൽ ഭൂമിക്കും സമുദ്രത്തിനും ഹാ കഷ്ടം. എന്തുകൊണ്ടെന്നാൽ തനിക്ക് അല്പസമയമേയുള്ളൂ എന്നറിഞ്ഞ് ഏററവും ക്രോധമുള്ള ഏഷണിക്കാരൻപിശാചൻ നിങ്ങളുടെ അടുക്കലേക്കു ഇറങ്ങിവരുന്നു. പിശാചനു സ്ത്രീയോടു വളരെ കോപമുണ്ടായിരുന്നു. ആകയാൽ സർപ്പം സ്ത്രീയോടു കോപിച്ച്, ദൈവത്തിൻെറ കല്പന അനുസരിക്കുന്നവരും ഈശോമിശിഹായുടെ സാക്ഷ്യം തങ്ങൾക്കുള്ളവരുമായി അവളുടെ സന്തതിയിൽ അവശേഷിച്ചവരോടു യുദ്ധം ചെയ്യുവാൻ പോയി' (വെളി—12—9) പിശാചനു വിരോധമുണ്ടായിരുന്ന ആ സ്ത്രീ

തിരുസ്സഭയാണ്. മിശിഹായുടെ സാക്ഷ്യമുള്ളവരും ദൈവകല്പനകളെ അനുസരിക്കുന്നവരുമായ അവളുടെ സന്തതികാം, എല്ലാമനുഷ്യരും വിശിഷ്യാ സത്യവിശ്വാസികളുമാകുന്നു. അതിനാൽ പിശാചനു മനുഷ്യരുടെമേൽ യാതൊരു ശക്തിയും ഇല്ലെന്നു പറയുന്നതു്, സുവിശേഷപാഠങ്ങാംക്കും മിശിഹായുടെ ഉപദേശങ്ങാംക്കും വിരുദ്ധമത്രേ. അതു നിഷേധിക്കുന്നതു ദൈവദൂഷണവും സത്യത്തിനു് വിരുദ്ധവുമാണ്. മനുഷ്യരുടെമേൽ പിശാചനുള്ള പ്രേരണാശക്തിയെ താത്വികമായി അംഗീകരിക്കുകയും എന്നാൽ പ്രവൃത്തിയിൽ അവഗണിക്കുകയും, ഇതരന്മാരെ കളിയാക്കുന്നതിനും അജ്ഞരായ മനുഷ്യരെ ഭയപ്പെടുത്തുന്നതിനും മാത്രം ഉപകരിക്കുന്ന ഒന്നായി അതിനെ പരിഗണിക്കുകയും ചെയ്യുന്നവർ തങ്ങളുടെ അജ്ഞതയെ അഥവാ ഉപരിപ്ലവബുദ്ധിയെയത്രേ പ്രത്യക്ഷമാക്കുന്നതു്.

പ്രയോജനമററ കാര്യങ്ങളിൽ അശേഷം ഭ്രമമില്ലാതിരുന്ന മഹാവിശുദ്ധന്മാരും ശാസ്ത്രപണ്ഡിതന്മാരും ഈ വിഷയത്തിൽ ദത്തശ്രദ്ധരായിരുന്നു. പിശാചനു് ഈ ലോകത്തിന്മേലുള്ള പ്രേരണാശക്തിയെ നിഷേധിക്കുന്നതു ദൈവദൂഷണവും മതവിരുദ്ധതയുമാണെങ്കിൽ, മനുഷ്യജീവിതത്തിലെ ഓരോ സംഭവങ്ങളിലും പൈശാചിക പ്രവൃത്തിയുണ്ടെന്നു വിശ്വസിക്കുന്നതു് അതുപോലെതന്നെ അന്തസ്സാരവിഹീനവും നാശഹേതുകവുമാണ്. ഈ വിഷയത്തിൽ അവിശ്വാസത്തിനോ വിഭ്രാന്തിക്കോ സ്ഥാനമില്ല. ഇതിൽ അന്തർലീനമായിരിക്കുന്ന സത്യം പ്രസ്പഷ്ടമാണ്. പിശാചനു ദൈവത്തോടുള്ള പകയും, മനുഷ്യനു ലഭിക്കാനിരിക്കുന്ന സ്വർഗ്ഗഭാഗ്യം ഹേതുവാൽ അവനോടുള്ള അസൂയയും നിമിത്തം, നമ്മെ വഴിതെററിച്ചു നശിപ്പിക്കുന്നതിനു് അവൻ അതീവം ആഗ്രഹിക്കുന്നു. അവൻെറ പ്രേരണയാൽ നാം ചെയ്യുന്ന ഓരോ പാപംമൂലവും, ദൈവത്തെ വീണ്ടുംവീണ്ടും അവൻ അതൃപ്തിപ്പെടുത്തുകയും അങ്ങനെ നിത്യസൗഭാഗ്യത്തിൽനിന്നു് അവൻ ഉപര്യുപരി അകലുകയും ചെയ്യുന്നു. ഒരു ആത്മാവിനെ നിശ്ശേഷം നശിപ്പിക്കുന്നതിനു്

അവനു സാധിക്കുന്നില്ലെങ്കിൽ, കഴിവുള്ള എല്ലാ ഉപദ്രവങ്ങളും അതിനു വരുത്തിക്കൊണ്ടു് അവൻ സംതൃപ്തനാകുന്നു. ദൈവമഹത്വത്തേയും മനുഷ്യരുടെ സൗഭാഗ്യത്തേയും ഇല്ലാതാക്കുന്ന എല്ലാററിലും അവൻ സന്തോഷിക്കുകയും വളരെ ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതു് അവൻെറ നിഗളത്തിനും അസൂയയ്ക്കും യോജിച്ചതുതന്നെ. നികൃഷ്ടമായ ഈ ഉദ്ദേശ്യസാദ്ധ്യത്തിനു്, പിശാചൻ തൻെറ വിപുലമായ സാമർത്ഥ്യവും മനുഷ്യസ്വഭാവത്തിൻെറ അതിരില്ലാത്ത ബലഹീനതയും ഉപയോഗപ്പെടുത്തുന്നു. "പിശാചൻ തിന്മയിലേയ്ക്കു നമ്മെ ആകർഷിക്കുന്നു. ഇതിനു്, ലോകവും ശരീരവും അവൻെറ ഉപകരണങ്ങളാണു്" എന്നു വിശുദ്ധ തോമ്മസ് അക്വിനാസ് പറയുന്നു.

എന്നാൽ നമ്മുടെ ശക്തിക്കപരിയായി നമ്മെ പരീക്ഷിക്കുന്നതിനു ദൈവം പിശാചനെ അനുവദിക്കുന്നില്ല. അതിനാൽ ദൈവസഹായത്താലും നമ്മുടെ ജാഗ്രതയാലും നമുക്കു് അവനെ ജയിക്കാം. സ്വർഗ്ഗഭാഗ്യം നിശ്ചയമായും ദൈവത്തിൻെറ അനന്തകരുണയുടെ ഒരു ദാനമാകുന്നു. എന്നാൽ നമ്മുടെ പ്രയത്നം കൂടാതെ അവിടുന്നു് അതു നമുക്കു തരുകയില്ല. അതിനാൽ, ഒരർത്ഥത്തിൽ, നമ്മുടെ പ്രയത്നഫലമായി നാം അതു് അർഹിക്കേണ്ടിയിരിക്കുന്നു. വിവേചനാശക്തിയുള്ളവരിലാർക്കും നിത്യജീവൻ ഒരു വെറും ദാനമായി കൊടുക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നില്ല. നമ്മയ്ക്കു സമ്മാനമായി ഇതു കൊടുക്കണമെന്നാണു് അവിടുത്തെ ആഗ്രഹം. "വിശിഷ്യാ, സന്തോഷത്താൽ പൂരിതമായ നീതിയുടെ ഒരു കിരീടം എനിക്കായി ഒരുക്കിയിരിക്കുന്നു" എന്നു വിശുദ്ധ പൗലോസ് പറയുന്നു. "നിൻെറ കിരീടം ഒരുവനും കൈവശപ്പെടുത്താതിരിക്കത്തക്കവണ്ണം നിനക്കുള്ളതു നീ മുറുകെപ്പിടിച്ചുകൊള്ളുക. വിജയിക്കുന്നവനെ ഞാൻ എന്നോടുകൂടെ സിംഹാസനത്തിന്മേൽ ഇരുത്തും" എന്നു ഫിലാഡെൽഫിയായുടെ മെത്രാനോടു കർത്താവു് അരുളിച്ചെയ്തയുണ്ടായി. അതു നീതിയുടെ ഒരു കിരീടമാണു്. അല്ലാതെ

വെറും ദാനമല്ല. അതിനു സമ്മാനത്തിൻെറ ചില ലക്ഷണങ്ങറം എല്ലാമുണ്ടു്. നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന ഈ കിരീടം മററുള്ളവർ കൈക്കലാക്കാതെ സൂക്ഷിക്കേണ്ടതു് ആവശ്യമെങ്കിൽ – വിഘ്നങ്ങളെ തരണം ചെയ്യുന്നതിനു് ഇതു സമ്മാനമായി നല്കപ്പെട്ടമെങ്കിൽ – യുദ്ധംചെയ്യേണ്ട ആവശ്യമുണ്ടെന്നു തെളിയുന്നു. യുദ്ധം ചെയ്യുന്നതിനാകട്ടെ സ്വന്ത പരിശ്രമവും ആവശ്യകമാകുന്നു. നമ്മെപ്പോലെ ബലഹീനരായ ആളുകളുടെ ഈ പരിശ്രമവും യുദ്ധവുമെല്ലാം ദൈവസഹായവും നമ്മുടെ നിരന്തരമായ സഹകരണവും ഇല്ലെങ്കിൽ നിഷ്ഫലമാകുമെന്നതു് അവിതക്കിതമത്രേ. അതിനാൽ നിത്യജീവൻ പ്രാപിക്കുന്നതിനും സുകൃതങ്ങറം അഭ്യസിക്കുന്നതിനും ദൈവവരവും ജീവിതാന്ത്യംവരെയുള്ള നമ്മുടെ നിരന്തരമായ സഹകരണവും ആവശ്യകമാണു്. പിശാചനു് ഇതു നല്ലവണ്ണം അറിയാം. എന്നാൽ ദൈവത്തോടു പിശാചനു നേരിട്ടൊന്നും ചെയ്യുവാൻ സാധിക്കാത്തതുകൊണ്ടു ദൈവവരത്തോടുള്ള നമ്മുടെ സഹകരണം നിശ്ശേഷം തടയുന്നതിനു് അഥവാ അതിനു കുറെയെങ്കിലും വിഘ്നം വരുത്തുന്നതിനു ദുഷ്ടാരൂപി അവൻെറ സവ്വശക്തിയും സൂത്രവും പ്രയോഗിക്കുന്നു.

പാപങ്ങളിലും ദുർഗ്ഗുണങ്ങളിലും കിടന്നുഴലുന്നവരെ വേറെ തിന്മചെയ്വാൻ പ്രേരിപ്പിക്കുന്നതിനെക്കാറം അവരിലുള്ള നന്മ തടയുന്നതിനാണു മനുഷ്യകുലത്തിൻെറ ശത്രുവായ പിശാചൻ ഉത്സുകനായിരിക്കുന്നതു്. ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം അവനു് അല്പം മാത്രമേ പ്രവൎത്തിക്കേണ്ടതുള്ളൂ. അവൻെറ പ്രതിനിധികളും ഉപകരണങ്ങളുമായി ലോകത്തേയും ജഡത്തേയും അവൻ ഉപയോഗിക്കുന്നു. ഇവയുടെ പ്രേരണമൂലം അവർ സ്വയം നാശത്തിൽ ഉറംപ്പെടുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഒരു പാപം മറെറാരു പാപത്തെ വലിച്ചുകൊണ്ടുവരും; അഗാധം അഗാധത്തെ വിളിക്കുന്നു (Ps. XII - 8). എന്നാൽ സുകൃതികളോടും സുകൃതവഴിയിൽ വ്യാപരിക്കാൻ
5 കടപ്പെട്ടിരിക്കുന്നവരോടും ഇപ്രകാരമല്ല അവൻ വൎത്തിക്കുന്നതു്.

ആത്മാക്കളെ അവനറിയാം. അവനെ ഉപദ്രവിക്കുന്നതിനു് അവർക്കെന്തു ചെയ്യാൻ കഴിയുമെന്നും അവനറിയാം. പരിപൂർണ്ണനായ ഒരു സന്യാസിയും പുണ്യവതിയായ ഒരു കന്യാസ്ത്രീയും സുകൃതസമ്പന്നനായ ഒരു അൽമായനും വിലതീരാത്ത നിക്ഷേപങ്ങളാണ്. അവരുടെ ശരിയായ വില ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. സാമാന്യരീതിയിൽ സുകൃതാഭ്യസനം ചെയ്യുന്ന പരസഹസ്രം ആത്മാക്കളെക്കാൾ വിലകൂടിയതാണു പരിപൂർണ്ണയായ ഒരാത്മാവു്. ഒരു സമൂഹത്തിൻെറ അഥവാ ഒരു രാജ്യത്തിൻെറതന്നെയും പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ ഇപ്രകാരമുള്ള ഒരാത്മാവിനു സാധിക്കും. "അവിടുന്നു നന്മ ചെയ്തുകൊണ്ടു ചുററിനടന്നിരുന്നു" എന്നു നമ്മുടെ കർത്താവിനെക്കുറിച്ചു പറഞ്ഞിരുന്നതു് ഈ ആത്മാവിനെക്കുറിച്ചും പറയാം.

ഈ ആത്മാക്കൾ സാധാരണയായി വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കുന്നില്ല. പ്രത്യുത, വി. അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ ക്രിസ്തുവിൻെറ പരിമളത്തെ അവർ മൗനമായി തങ്ങളുടെ ചുററും പ്രസരിപ്പിക്കുന്നു. പുഷ്പങ്ങൾ അവയുടെ സൗരഭ്യം വായുവിൽ പ്രസരിപ്പിച്ചു് ആ വഴിയെ കടന്നുപോകുന്ന യാത്രക്കാരെ ആനന്ദിപ്പിക്കുന്നതുപോലെ ഈ ആത്മാക്കൾ യാതൊരു പ്രകടനവും കൂടാതെ, ആരും അറിയാതെതന്നെ, അവരെ സമീപിക്കുന്ന എല്ലാവർക്കും നന്മ ചെയ്യുന്നു. ഇപ്രകാരമുള്ള ഒരാത്മാവു് അധിവസിക്കുന്ന സന്യാസഭവനം അനുഗ്രഹീതമാകുന്നു. എല്ലാ സന്യാസഭവനങ്ങളിലും ഇപ്രകാരമുള്ള ചില ആത്മാക്കളെങ്കിലും ഉണ്ടു്. ആശ്രമത്തിലുള്ള മററു് അംഗങ്ങളുടേയും തങ്ങളുടെതന്നേയും ദൃഷ്ടിയിൽ മറഞ്ഞിരിക്കേണ്ടതിനു മനോജ്ഞമായ അവരുടെ സുകൃതങ്ങളെ ആവരണം ചെയ്യുന്ന ചില സ്വഭാവദൂഷ്യങ്ങൾ അവരിൽ ഉണ്ടാകുവാൻ ദൈവം അനുവദിക്കുന്നു. എങ്കിലും അവരുടെ പരിമളം ആശ്രമം മുഴുവനേയും ഏറെക്കുറെ സുരഭിലമാക്കുന്നുണ്ടു്. എത്ര കുറച്ചുമാത്രം ഇവർ ആശ്രമത്തിൽ ജീവിച്ചാലും ഇവരുടെ സാന്നിദ്ധ്യം അനുഭവപ്പെടാത്തവരായി ആരും ഉണ്ടാകുകയില്ല.

ഇവരേയും, ഈ പാതയിലൂടെ ചരിക്കുന്നതിനു ദൃഢനിശ്ചയം ചെയ്തിരിക്കുന്നവരേയും നശിപ്പിക്കുക പിശാചനു് അത്ര എളുപ്പമല്ല. സന്യാസവ്രതവാഗ്ദാനം ചെയ്തിരിക്കുന്ന നാമെല്ലാവരും ഈ രണ്ടാമത്തെ ഗണത്തിൽപ്പെട്ടവരാണു്. നമ്മെ നശിപ്പിക്കുവാൻ പിശാചനു വളരെ വിഷമമാണെങ്കിലും അതു് അസാദ്ധ്യമല്ല. നമ്മെ അസ്വസ്ഥരാക്കുന്നതിനും തദ്വാരാ നമുക്കു വളരെ ഉപദ്രവം വരുത്തുന്നതിനും അവനു നിഷ്പ്രയാസം കഴിയും. സാധാരണമായി പാപദോഷം ചെയ്യുന്നതിനു് അവൻ ഒരു സന്യാസിയെ പ്രേരിപ്പിക്കുകയില്ല. എന്നാൽ ഉത്തമങ്ങളായ അനവധി സുകൃതങ്ങൾ അഭ്യസിക്കുന്നതിനുള്ള അവസരങ്ങൾ അവൻ തടയും. പരിപൂർണ്ണത പ്രാപിക്കുന്നതിൽനിന്നു് ഒരു സന്യാസിയെ തടയുവാൻ പിശാചനു കഴിയുമെങ്കിൽ — അപൂർണ്ണതകളാലും പാപദോഷങ്ങളാലും നിബിഡവും, മടിയും അജാഗ്രതയുംകൊണ്ടു തഴമ്പിച്ചതുമായ ഒരു ജീവിതം നയിച്ചുകൊണ്ടു് എന്നും മന്ദോത്സാവസ്ഥയിൽ അവനെ വെച്ചുകൊണ്ടിരിപ്പാൻ ദുഷ്ടാത്മപിക്കു സാധിക്കുമെങ്കിൽ — പാപദോഷങ്ങളിൽ ഉൾപ്പെട്ടു ജീവിക്കുന്ന ആത്മാക്കളുടെ നാശത്തിൻെറ ചങ്ങലയിൽ ഒരായിരം കണ്ണികൂടി ചേർക്കുന്നതിനെക്കാൾ അവനു കൂടുതൽ ആദായകരമായിരിക്കും അതു്. ഇക്കാരണത്താൽത്തന്നെ, അവൻെറ വിശ്വസ്തഭൃത്യന്മാരിലും, നിർഭാഗ്യരായ അനുയായികളിലും പാപദോഷത്തിൻെറ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കാൾ ഒരു സന്യാസിയെ പരിപൂർണ്ണതാലബ്ധിയിൽനിന്നു തടയുവാൻ അവൻ കൂടുതൽ ജാഗ്രതയോടുകൂടി പ്രയത്നിക്കുന്നു.

വിശുദ്ധന്മാരും ആത്മനിയന്താക്കളും പാപികളെ മാനസാന്തരപ്പെടുത്തുന്നതിനെക്കാൾ കൂടുതലായി, പുണ്യവഴിയിൽ വ്യാപരിക്കുന്ന ആത്മാക്കളെ അതിൽ പുരോഗമിപ്പിക്കുന്നതിനും അവരെ പിശാചൻെറ തന്ത്രങ്ങളിൽനിന്നു കാത്തുസൂക്ഷിക്കുന്നതിനും പരിശ്രമിക്കുന്നതിൻെറ കാരണം ഇതുതന്നെയാണു്. പിശാചനെതിരായ തൻെറ മൂന്നു മുൻകരുതലുകളെ

നമുക്ക് ഉപദേശിക്കുന്നതിനു മുമ്പായി അതിപ്രധാനമായ വേറൊരു ഉപദേശം വി. യോഹന്നാൻക്രൂസ് നമുക്കു പ്രദാനം ചെയ്യുന്നുണ്ട്. നന്മയുടെ മറവിൽനിന്നാണു പിശാചൻ സന്യാസികളെ പരീക്ഷിക്കുന്നതു് എന്നു് അദ്ദേഹം പറയുന്നു. എന്തു കൊണ്ടെന്നാൽ തിന്മയാണെന്നു് അവർക്കു ബോദ്ധ്യമുള്ളതു് അവർ ഒരിക്കലും ചെയ്യുകയില്ലെന്നു് അവനറിയാം. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരുവൻ, അവൻെറ ദൈവവിളി നഷ്ടമാക്കാത്തിടത്തോളം കാലം തിന്മയായ ഒരു പ്രവർത്തനപദ്ധതി ഒരിക്കലും സ്വീകരിക്കുകയില്ല. ഏറെക്കുറെ പരദൃഷ്ടിയിൽപ്പെടുന്ന അല്ലാല്ല തെററുകളെ മനഃപൂർവ്വം അവൻ ചെയ്തു എന്നു വന്നേക്കാമെങ്കിലും തൻെറ സന്യാസവൃത്തിക്കു് എതിരായ ഒരു നില ദീർഘനാളത്തേക്കു് അവൻ സ്വീകരിച്ചു എന്നു വരുന്നതല്ല. ഇപ്രകാരം ചെയ്യണമെങ്കിൽ മററുള്ളവരുടേതിനെ അപേക്ഷിച്ചു തൻെറ വിചാരഗതികൾ കൂടുതൽ ആദരണീയങ്ങളാണെന്നും തൻെറ നില സുരക്ഷിതമാണെന്നും അവനു തോന്നത്തക്കവണ്ണം തഴക്കവും പഴക്കവുംകൊണ്ടു തെററിൻെറ അരൂപി അവനിൽ അത്യന്തം രൂഢമൂലമായിരിക്കണം. ഇങ്ങനെ തന്നെക്കുറിച്ചുതന്നെയുള്ള ഒരു മതിപ്പു് ആ ആത്മാവിൽ അഭിവൃദ്ധമാകുന്നു. മനസ്സാക്ഷിക്കടി പിന്നീടൊരിക്കലും അതിനെ അലട്ടുന്നുമില്ല. നിഗളം അവനിൽ പ്രബലപ്പെടുന്നു; സഹോദരങ്ങളെക്കുറിച്ചുള്ള നിന്ദ ക്രമപ്രവൃദ്ധമാകുന്നു. അരൂപിയുടെ അന്ധതയും ദുശ്ശാഠ്യവും പ്രതിദിനം വളർന്നുവരുകയും ചെയ്യുന്നു. അതിനാൽ നന്മയുടെ ഛായകൊണ്ടാണു പിശാചൻ ആത്മീയ മനുഷ്യരെ പരീക്ഷിക്കുന്നതെന്നു വിശുദ്ധ യോഹന്നാൻക്രൂസ് തൻെറ വിശിഷ്ട ഗ്രന്ഥങ്ങളിൽ പലയിടത്തും പ്രസ്താവിക്കുന്നുണ്ട്. "ആത്മാവിനുതന്നെ അജ്ഞാതവും എന്നാൽ ചിലപ്പോഴെല്ലാം സുജ്ഞാതവുമായ ഒരു ആത്മസംതൃപ്തി അതിനുള്ളിൽ നുഴച്ചുകയററുവാൻ പിശാചനറിയാം. ഇക്കാര്യസാദ്ധ്യത്തിനായി കാമ്യമായ പ്രകാശവും വിശുദ്ധന്മാരുടെ രൂപങ്ങളും അവൻ ആത്മാവിനു കാണിച്ചുകൊടുക്കുന്നു. സുഖസാദൃശ്യമുള്ള

സ്വരങ്ങറം ശ്രവിക്കുന്നതിനും സുഗന്ധം ഘ്രാണിക്കുന്നതിനും അവൻ ഇടവരുത്തുന്നു; വായിൽ അവൻ മധുരിമ ഉളവാക്കുന്നു. സ്പർശനേന്ദ്രിയമാകട്ടെ അവനെ സന്തോഷത്താൽ കോറംമയിർ കൊള്ളിക്കുന്നു. പിന്നീടു നമ്മെ വഴിതെററിച്ചു വലിയ തിന്മയിൽ വീഴിക്കേണ്ടതിനു് ഇവയെ നാം ആഗ്രഹിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു."

ആത്മാക്കളെ നിഷ്പ്രയാസം വഞ്ചിക്കുവാനായി, അവക്കുണ്ടാകുന്ന ദിവ്യസന്ദേശങ്ങറംക്കുപോലും അനുകരണം സൃഷ്ടിക്കുവാൻ പിശാചൻ ഏപ്രകാരം ശ്രമിക്കുന്നു എന്നു വേറൊരിടത്തു വിശുദ്ധൻ വിശദമാക്കുന്നുണ്ടു്. പിശാചൻ സാധാരണമായി ദൈവം ചെയ്യുന്ന രീതിയിലും വിധത്തിലുമത്രേ ആത്മാക്കളെ സമീപിക്കുന്നതു്. ആട്ടിൻരോമം ധരിച്ചുകൊണ്ടു് അജഗണങ്ങളുടെ ഇടയിൽ കടന്നുകൂടുന്ന ചെന്നായെപ്പോലെ അവൻ പ്രവർത്തിക്കുന്നു. തൻെറ തനിനിറം വെളിവാക്കാതെയിരിക്കുവാനായി ദൈവപ്രേരണകളെന്നു തോന്നത്തക്ക സദ്വിചാരങ്ങളെ അവരിൽ ഉല്പാദിപ്പിച്ചുകൊണ്ടു് അവൻ ആത്മാക്കളിൽ നുഴഞ്ഞുകയറുന്നു. യഥാർത്ഥവും സുബുദ്ധിക്കു ചേരുന്നതുമായ പല സംഗതികളും അവൻ ഉൽബോധിപ്പിക്കുന്നതിനാലും അവൻെറ പ്രവചനം നിറവേറിയതിനാലും അവയുടെ കർത്താവു ദൈവംതന്നെയാണെന്നു വിചാരിച്ചു പലരും വഞ്ചിക്കപ്പെട്ടുപോകുവാൻ ഇടയുണ്ടു്. എന്നാൽ സ്വാഭാവികവെളിച്ചത്താൽ മാത്രം പ്രകാശിപ്പിക്കപ്പെടുന്ന ഒരാറംക്കു്, സംഭവിച്ചതോ സംഭവിച്ചേക്കാവുന്നതോ ആയ സംഗതികറം അനുകൂലസാഹചര്യങ്ങളിൽ നിഷ്പ്രയാസം മനസ്സിലാക്കാമെന്ന സംഗതിയെപ്പററി അവൻ ചിന്തിക്കുന്നില്ല. ഇപ്രകാരമുള്ള ഒരാറം വരുവാനിരിക്കുന്ന പല സംഗതികളും വളരെ സൂക്ഷ്മമായി ഊഹിച്ചറിയും. ഈ സ്വാഭാവികബുദ്ധി പിശാചനു സ്വതസിദ്ധമായിരിക്കയാൽ ഇന്നയിന്ന കാര്യങ്ങളിൽനിന്നു് ഇന്നയിന്ന ഫലങ്ങറം (എല്ലാം ദൈവത്തെ ആശ്രയിച്ചിരിക്കയാൽ അവൻ വിചാരിക്കുന്നതുപോലെയുള്ള

ഫലങ്ങരം അല്ലായിരിക്കാം അവ) ഉളവാകുമെന്നു ഗ്രഹിക്കു വാൻ അവനു നിഷ്പ്രയാസം കഴിയും. അജാഗ്രതയോടുകൂടി വൎത്തിക്കുന്നവൎക്കു പിശാചൻ വരുത്തുന്നതും മേൽ വിവരിച്ചതു പോലെയുമുള്ള നാശം വളരെ വലുതാണ്. എല്ലാം വഞ്ചന ആയിരുന്നെങ്കിൽ അതു വരുത്തുന്ന നാശം വളരെ തുഛമേ ആകുമായിരുന്നുള്ളു. എന്നാൽ ഒന്നു വാസ്തവമാണെന്നു തെളി യിച്ചുകഴിയുമ്പോരം ഒരു നൂറു കളവുകരം വിശ്വസിക്കുന്നതിനു നാം നിർബദ്ധരായിത്തീരുന്നു. നാം ഏതെങ്കിലും തെററിന് വിശിഷ്യ സദാചാരങ്ങരംക്കെതിരായ തെററുകരംക്ക് അധീന രായിരിക്കയും അവയിൽനിന്നു പിന്മാററാതെ നാം അവയോടു പററിപ്പിടിച്ചിരിക്കുകയും ചെയ്യുന്നതു സത്യത്തിൻേറയും സന്മാ ൎഗ്ഗത്തിൻേറയും പരമശത്രുവായ പിശാചനു വളരെ കൗതുക കരമാണ്. തെററു ലഘുവായിരുന്നാൽത്തന്നെയും അതിന് അധീനനായിരിക്കുന്ന ഒരുവൻ ഒരിക്കലും പരിപൂൎണ്ണതയിൽ ഒരടിപോലും പുരോഗമിക്കുകയില്ല. അവനെ സംബന്ധിച്ചിട ത്തോളം അവൻ തെററിൽ ജീവിക്കുന്നു എന്നുള്ളതാണ് ഇവിടെ കാര്യമായിട്ടുള്ളതു്.

സന്യാസഭവനങ്ങളിലോ ലോകത്തിലുള്ള മററു സന്യാസ ഗണങ്ങളിലോ, സുവിശേഷപ്രബോധനങ്ങളിൽനിന്നു വിഭിന്ന മായ ഒരു പ്രവൃത്തിപദ്ധതിയോടുകൂടിയ പലരേയും കാണുക അസാധാരണമല്ല. എന്നിട്ടും തങ്ങരം വളരെ നല്ലവരാണെന്നോ അഥവാ തങ്ങളുടെ ചുററും ജീവിക്കുന്ന പലരേയുംകാരം തങ്ങരം ഉത്തമന്മാരാണെന്നോ ആണ് അവരുടെ വിശ്വാസം. തങ്ങ ളുടെ ചിന്താഗതികരം ഏററം നിൎദ്ദോഷപരമാണെന്ന് അവർ വിചാരിക്കുന്നു. എല്ലാ പുണ്യപ്രവൃത്തികരംക്കും പ്രചോദനം നല്കുന്നതിനു പര്യാപ്തമാണു തങ്ങളുടെ പ്രവൃത്തി എന്നാണ് അവരുടെ ധാരണ; എന്നാൽ ഈ സുമനസ്സുകളുടെ ഹൃദയം സദു ദ്ദേശ്യങ്ങളാൽ എത്രമാത്രം പൂരിതമാകുന്നുവോ അത്രമാത്രം ദുര ഭിമാനവും അഹങ്കാരവും സാധാരണമായി അതിൽ പ്രവേശി ച്ചിട്ടുണ്ടായിരിക്കും. തങ്ങളുടെ അഭിപ്രായങ്ങളെ മതിക്കുന്നതി

നനുസരണമായി അവസ്ഥ്യ കാരണമായ ന്യൂനതകളോട്ട് അവർ പററിപ്പിടിച്ചിരിക്കുകയും തങ്ങാം കാണുന്നതുപോലെ സംഗതികാം വീക്ഷിക്കാൻ സാധിക്കാത്തവരോട്ട് അവർ നിർദ്ദയം വത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരം ഉദ്ദേശങ്ങാം ആശ്രമങ്ങാംക്കു നാശകാരണമാണെന്നതാണു വസ്തുത. ഇവയാണു ദൈവത്തിൻെറ സ്നേഹിതന്മാക്കെതിരായി പിശാചൻ പ്രയോഗിക്കുന്ന ഏററം ശക്തിയേറിയ ആയുധങ്ങാം. ഇങ്ങനെ സമാധാനത്തിൻേറയും ഉപവിയുടേയും സങ്കേതസ്ഥാനങ്ങളെ അവൻ കലക്കുന്നതും അപൂവ്വമല്ല.

തങ്ങളുടെ പുണ്യം, സംസ്കൃതമായ സ്വാതന്ത്ര്യ അഥവാ അഹങ്കാരമല്ലാതെ മറെറാന്നുമല്ലെന്നു് ഇക്കൂട്ടരെ ബോദ്ധ്യപ്പെടുത്തിയാൽ ഇവർ ഭയചകിതരായിത്തീരും. എങ്കിലും പരിവർജ്യമായ ഈ സ്വാതന്ത്ര്യയാണു പലരുടേയും പ്രവൃത്തികാംക്കു പ്രേരണയും ഉത്തേജനവും നല്കുന്നതു്. ഏതാദൃശ പ്രവൃത്തികാംക്കു തങ്ങളെ പ്രേരിപ്പിക്കുന്നതു പിശാചനല്ലെങ്കിലും അവയിൽ അവൻ വളരെ സംതൃപ്തനായിരിക്കുന്നു എന്നു് അവർ അറിഞ്ഞിരുന്നെങ്കിൽ പല ദീർഘസംവത്സരങ്ങളായി അവർ നയിച്ചുവന്ന ആ ജീവിതം ഒരു ദിവസമെങ്കിലും ദീർഘിപ്പിക്കുവാൻ അവർ സമ്മതിക്കുമായിരുന്നില്ല. തങ്ങളുടെ പ്രവൃത്തികളുടെ നിവ്വഹണത്തിൽ ദൈവത്തെ വളരെ കുറച്ചു മാത്രമേ അവർ പരിഗണിച്ചിട്ടുള്ളു. അവരുടെ വാക്കുകളിൽ മിക്കവാറും എല്ലായ്പോഴും ദൈവമഹത്വം മുന്നിട്ടുനിന്നിരുന്നു. പക്ഷെ അവരുടെ ഏദയാന്തർഭാഗത്തു് അതിനു് അവസാനസ്ഥാനം മാത്രമേ നല്കപ്പെട്ടിരുന്നുള്ളു. ഈ സങ്കല്പമാത്രമായ പുണ്യകമ്മങ്ങാംക്കായി ചിലവഴിച്ച പല വഷങ്ങളും അവരുടെ പുണ്യവദ്ധനവിനു സഹായകങ്ങളായിരുന്നില്ല. നിത്യജീവിതത്തിനു് ഉതകുന്നയാതൊന്നും അവർ സമ്പാദിച്ചുമില്ല. “പല ക്രിസ്ത്യാനികാംക്കും കുറെ പുണ്യമെല്ലാമുണ്ടു്; അവർ വലിയ കാര്യങ്ങളെല്ലാം നിവ്വഹിക്കുകയും ചെയ്യുന്നു. എന്നാൽ അതു് അവക്കു നിത്യജീവിതത്തിനു് ഉപകരിക്കയില്ല. കാരണം അവയിൽ അവർ ദൈവ

മഹത്വവും സ്തുതിയും അന്വേഷിക്കാതെ ആത്മസംതൃപ്തിയാണു ലക്ഷ്യമാക്കിയതു്."

ആത്മീയ വെളിവിനായി ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു് അഞ്ചു മിനിററു നേരത്തേക്കു് ഇവർ ആത്മപരിശോധന നടത്തട്ടെ. അപ്പോൾ കാണാം തങ്ങളുടെ അരൂപി സുവിശേഷ പഠനങ്ങൾക്കനുസരണമല്ലെന്നും, തങ്ങളുടെ ശാന്തതയും എളിമയും സ്വാർത്ഥത്യാഗവും ഉപവിയും, ദിവ്യരക്ഷകൻ നമുക്കു കാണിച്ചുതന്ന മാതൃക അനുസരിച്ചുകൊള്ളാമെന്നു നാം നേർന്ന വാഗ്ദാനത്തിനും അനുയോജ്യമല്ലെന്നു്. ദൈവത്തിൻെറ വത്സല സ്നേഹിതന്മാരിലുള്ള ശ്രേഷ്ഠസുകൃതങ്ങളെ നശിപ്പിക്കുന്നതിനെക്കാൾ കൂടുതലായി എന്താണു പിശാചനു് ആഗ്രഹിക്കാവുന്നതു്? സന്യാസപരിപൂർണ്ണതയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കാതെ ചാവുദോഷങ്ങളിൽനിന്നു മാത്രം ഒഴിഞ്ഞുജീവിക്കുന്നതു ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരാത്മാവിനെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരം മാത്രമാണു്. ഇത്രയും സാധിച്ചാൽ പിശാചൻ വളരെ സംതൃപ്തനായിത്തീരും.

നന്മയുടെ വേഷത്തിൽ പിശാചൻ സ്വയം മറയ്ക്കുന്നു എന്നു നമുക്കു മുന്നറിവു തന്നതിനുശേഷം അവൻെറ വലയിൽ അകപ്പെടാതെ രക്ഷപെടുന്നതിനുവേണ്ടി മൂന്നു മുൻകരുതലുകൾ നമ്മുടെ വിശുദ്ധ പിതാവു് ഉപദേശിക്കുന്നു. ഇതിൽ ഓരോന്നിനേയുംപററി പ്രത്യേകംപ്രത്യേകം ഇതിനുപരി പ്രതിപാദിക്കാം.

St. Antony's Monastery,
Alwaye, Travancore,
S. India.

# അദ്ധ്യായം 9.

## നാലാമത്തേ നിർദ്ദേശം.

### പിശാചനെതിരായ ഒന്നാമത്തേ മുൻകരുതൽ.

### എല്ലായ്പോഴും അനുസരണത്തിൻകീഴ് ജീവിക്കുക.

"നിൻെറ സഭാനിയമം നിന്നെ കടപ്പെടുത്തുന്നില്ലെങ്കിൽ, അനുസരണത്തെപ്രതിയല്ലാതെ ആശ്രമത്തിനുള്ളിലോ, വെളിക്കോ യാതൊന്നും — അതു നിനക്കുതന്നെയോ വേറെ ആൾക്കെങ്കിലുമോ എത്രതന്നെ ഉപകാരപ്രദവും പരസ്നേഹപരവും ആണെന്നു തോന്നിയാലും — നീ ചെയ്യരുതു്." ഇതാണു് ഒന്നാമത്തേ മുൻകരുതൽ. ഇതു നീ അനുവർത്തിക്കുമെങ്കിൽ നീ യോഗ്യത സമ്പാദിക്കുകയും സുരക്ഷിതനായിത്തീരുകയും ചെയ്യും. സ്വാർത്ഥത്തിൽനിന്നു് ഓടി ഒളിക്കുക. എന്നാൽ നീ പിശാചൻെറ കണികളിൽനിന്നു രക്ഷപെടും. മാത്രമല്ല, നിനക്കു് അജ്ഞാതവും എന്നാൽ ദൈവം നിന്നോടു കണക്കു ചോദിക്കുന്നതുമായ തിന്മകളിൽനിന്നും ഒഴിഞ്ഞിരിക്കും. അല്പകാര്യങ്ങളിലും വലിയ കാര്യങ്ങളിലും നീ ഇതു് അനുസരിക്കുന്നില്ലെങ്കിൽ പുണ്യത്തിൽ നീ പുരോഗമിക്കുന്നുണ്ടെന്നു തോന്നിയാലും പിശാചൻ നിന്നെ വഞ്ചിക്കാതിരിക്കയില്ല. എല്ലാ സംഗതികളിലും അനുസരണത്താൽ നയിക്കപ്പെടുന്നില്ല എന്നതു മാത്രമാണു നിൻെറ ഏക പോരായ്മ എന്നുവരികിലും നീ വാസ്തവത്തിൽ അപരാധിയാണു്. എന്തുകൊണ്ടെന്നാൽ ബലിയെക്കാൾ ദൈവം ഇഷ്ടപ്പെടുന്നതു് അനുസരണമാണു്. ഒരു സന്യാസിയുടെ പ്രവൃത്തികളൊന്നും അവൻെറ സ്വന്തമല്ല; പ്രത്യുത, അനുസരണത്തിൻേറതാണു്. അതിനാൽ അവയെ അനുസരണത്തിൽനിന്നും വേർപെടുത്തുന്നെങ്കിൽ അവ നഷ്ടപ്പെട്ടതായി കണക്കാക്കിയാൽ മതി.

പിശാചന്റെ തന്ത്രങ്ങൾക്കെതിരായി വിശുദ്ധ യോഹന്നാൻക്രൂസ് നമുക്കുപദേശിക്കുന്ന ഒന്നാമത്തേ മുൻകരുതൽ പരമാർത്ഥവും പരിപൂർണ്ണവുമായ അനുസരണമാണ്. അനുസരണത്തിനെതിരായി പ്രവർത്തിക്കുവാൻ അദ്ദേഹം ഒരിക്കലും നമ്മോടാവശ്യപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, അതുപ്രകൃത്യാ തിന്മയാണ്; പ്രത്യുത, നമ്മുടെ എല്ലാ പ്രവൃത്തികളും അനുസരണത്താൽ നയിക്കപ്പെടണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നതു്. അതിനാൽ സ്വതേ നല്ലതും വിശുദ്ധവുമായ സംഗതികൾപോലും അനുസരണത്താൽ കല്പിക്കപ്പെട്ടവയല്ലെങ്കിൽ അവ നാം ചെയ്യണമെന്നു് അദ്ദേഹം അഭിലഷിക്കുന്നില്ല. പ്രഥമവും പ്രധാനവുമായി അദ്ദേഹം അനുസരണം ആവശ്യപ്പെടുന്നു. അതു വളരെ വിവേകപൂർവ്വകവുമാണ്. കാരണം, സ്രഷ്ടാവും നിയമദാതാവുമായ ദൈവത്തിനു നാം കൊടുക്കേണ്ട കപ്പമാണ് അനുസരണം. ദൈവത്തെ അനുസരിക്കുക എന്നുള്ളതു വെറും നീതിമാത്രവും അവിടുത്തെ അനന്തശക്തിയുടേയും പ്രതാപത്തിന്റേയും അംഗീകരണവുമാണ്. പുണ്യാത്മാക്കൾ എല്ലാവരും നീതിമാന്മാരാകയാൽ അവർ അനുസരണമുള്ളവരുമാണ്. അതിനാൽ പരിശുദ്ധാത്മാവ് പറയുന്നു: "നീതിമാന്മാരുടെ മനസ്സ് അനുസരണം അഭ്യസിക്കുന്നു." അനുസരണം വഴിയായി നമുക്കുള്ള വസ്തുക്കളെയല്ല പ്രത്യുത, നമ്മുടെ ബുദ്ധിയെത്തന്നെ ബലികഴിക്കുന്നതിനാൽ അതു ദൈവത്തിനു വളരെ പ്രീതികരമാണ്. അതുല്യമായ തന്റെ ഭാഷയിൽ വിശുദ്ധ യോഹന്നാൻക്രൂസ് പറയുന്നു: "മനുഷ്യന്റെ ഒരേക വിചാരം ലോകം മുഴുവനെയുംകാൾ വിലയേറിയതാകുന്നു. ഇക്കാരണത്താൽ ദൈവം മാത്രമാണ് അതർഹിക്കുന്നതു്. അവിടുത്തേയ്ക്കു മാത്രമാണ് അതു ചെല്ലേണ്ടതും. അതിനാൽ മനുഷ്യൻ ദൈവത്തിനു സമർപ്പിക്കാത്ത ഓരോ വിചാരവും അപഹൃതമാണ്." എന്തുകൊണ്ടെന്നാൽ അനുസരണം എന്ന പുണ്യം വഴിയായി അവയെ സുകൃതങ്ങളാക്കുന്ന ഉദ്ദേശ്യങ്ങളെ മാത്രമല്ല, നമ്മുടെ വിചാരങ്ങളുടെ ഉല്പത്തിസ്ഥാനമായ ബുദ്ധി

യേയും ദൈവത്തിനു നാം അധീനപ്പെടുത്തുകയും സമപ്പിക്കു കയും ചെയ്തിരിക്കുന്നു. അതിനാൽ മനുഷ്യനു തൻെറ സ്രഷ്ടാ വിനു കൊടുക്കുവാൻ കഴിയുന്ന ഏററം വലിയ കപ്പമാണ് അനുസരണം. എന്തുകൊണ്ടെന്നാൽ ഇതുവഴിയായി നമ്മുടെ ബുദ്ധിയെത്തന്നെയാണു നാം ദൈവത്തിനു കീഴ്പ്പെടുത്തു ന്നതു്. മനുഷ്യരുടെ എല്ലാ പ്രവൃത്തികളേയും നിയന്ത്രിക്കുന്ന ഒന്നായിരിക്കണമെന്നു് പരിശുദ്ധാത്മപി അഭിലഷിക്കുന്ന നീതിനിഷ്ഠമായ ദാസ്യവൃത്തിയുടെ അരൂപിയാണിതു്.

ഇക്കാരണത്താൽ പരിപൂർണ്ണമായ അനുസരണമുള്ളവരുടെ മേൽ ദൈവം തൻെറ വിശിഷ്ടദാനങ്ങൾ വർഷിക്കുന്നു. അബ്രാഹം വഴിയായി എല്ലാ ജാതികളേയും ദൈവം അനുഗ്ര ഹിച്ചു എങ്കിൽ അതു് ആ വിശുദ്ധ പിതാവിൻെറ നിഷ്കളങ്കവും നിസ്വാർത്ഥവുമായ അനുസരണത്തെ പ്രതിസമ്മാനിക്കുവാനാ യിരുന്നു. വിശ്വാസികളുടെ പിതാവു വിനയവും അനുസരണ വുമുള്ള എല്ലാ ആത്മാക്കളുടെയും പിതാവാണു്. അനുസരണ ത്തിൻകീഴ് ജീവിക്കാതെതന്നെ ഒരുവനു് പരിപൂർണ്ണത പ്രാപി ക്കാമെങ്കിലും അവനു യാതൊരു പുണ്യയോഗ്യതയും ഉണ്ടായി രിക്കയില്ല. പരമപിതാവിനെ ഈശോ പൂർണ്ണമായി അനുസരി ച്ചതിനാലത്രേ നമ്മുടെ ഉദ്ധാരണം സാധിച്ചതു്. എന്തുകൊ ണ്ടെന്നാൽ തൻെറ ശത്രുക്കൾക്കു സ്വയം ഏല്പിച്ചുകൊടുക്കുന്ന തിനു മുമ്പു് അവിടുന്നു് ഇപ്രകാരം പറഞ്ഞു: "ഞാൻ ഇനി നിങ്ങളോടു് അധികം സംസാരിക്കയില്ല; എന്തുകൊണ്ടെ ന്നാൽ, ലോകത്തിൻെറ പ്രമാണി വരുന്നു. എങ്കിലും അവനു് എന്നിൽ ഒന്നുമില്ല. എന്നാൽ ഞാൻ എൻെറ പിതാവിനെ സ്നേഹിക്കുന്നു എന്നും എൻെറ പിതാവു് എന്നോടു കല്പിച്ചതു പോലെതന്നെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതി നായി എഴുന്നേല്ക്കുവിൻ; നമുക്കു് ഇവിടെനിന്നും പോകാം." സ്നേഹത്തിൻേറയും, അനുസരണത്തിൻേറയും ചൈതന്യത്താൽ പ്രേരിതനായി ഈശോ തൻെറ ശത്രുക്കൾക്കെതിരേ ചെല്ലു കയും സ്വയം ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഈശോയുടെ

അനുസരണം നമുക്കും പ്രയോജകീഭവിക്കേണ്ടതിനു്, വി. പത്രോസ് താഴെപ്പറയുന്നപ്രകാരം നമ്മെ ഉൽബോധിപ്പിക്കുന്നു. "അശുദ്ധിയും ദുഷ്ടതയും ത്യജിച്ചു് എളിമയോടുകൂടി നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ പര്യാപ്തമായ ദൈവവചനം ശ്രവിക്കുവിൻ. സ്വയം വഞ്ചിതരായി, വചനത്തെ കേൾക്കുന്നവർ മാത്രമാകാതെ അതനുസരിച്ചു പ്രവർത്തിക്കുന്നവർ ആയിരിക്കുവിൻ." അതിനാൽ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും ആത്മസമാധാനം പാലിക്കുന്നതിനും പരിപൂർണ്ണമായ അനുസരണം ആവശ്യകമാണെന്നു നമ്മുടെ വിശുദ്ധപിതാവു പറയുന്നു. ദൈവൈക്യം പ്രാപിക്കുന്നതിനു് നീ വളരെ ഉദ്യമിക്കുകയും വളരെ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ നിൻെറ ഇഷ്ടാനുസരണം പ്രവർത്തിച്ചുകൊണ്ടോ അത്യുന്നതമായ ധ്യാനംകൊണ്ടോ നീ അതു പ്രാപിക്കയില്ല. പ്രത്യുത, നിൻെറ ഹൃദയത്തിൻെറ അനുസരണവും വിനയവുംകൊണ്ടു മാത്രമേ അതു ലഭിക്കയുള്ളൂ.

നിഷ്കളങ്കമായ അനുസരണത്തിൻെറ അരൂപി പൈശാചികാരൂപിക്കു വളരെ വിരുദ്ധമാകയാൽ പിശാചനോടുള്ള യുദ്ധത്തിൽ നമുക്കു് ഏററം ആവശ്യകവും, നശിപ്പിക്കപ്പെടുവാൻ പാടില്ലാത്തതുമായ ഒരു കവചമായി ഈ അനുസരണത്തെ മഹാവിശുദ്ധനായ ഈ ആദ്ധ്യാത്മികഗുരു ഉന്നയിക്കുന്നതിൽ അത്ഭുതത്തിനു തെല്ലും അവകാശമില്ല. പിശാചൻെറയും അവൻെറ ദൂതന്മാരുടെയും മുദ്രാവാക്യം "ഞാൻ ഒരിക്കലും ശുശ്രൂഷിക്കയില്ല'' എന്നതാണു്. പ്രത്യുത, ലോകത്തെ കീഴടക്കിയവൻെറ – ആരു വഴിയായി നാം ലോകത്തെ കീഴടക്കുന്നുവോ ആ ദിവ്യരക്ഷകൻെറ – മുദ്രാവാക്യം "പിതാവേ, എൻെറ മനസ്സല്ല നിൻെറ തിരുമനസ്സു നിറവേറട്ടെ" എന്നതായിരുന്നു. തൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നതിനല്ലാതെ മറെറാന്നിനുമല്ല താൻ വന്നിരിക്കുന്നതെന്നും അവിടുന്നു പറഞ്ഞിരിക്കുന്നു. പിശാചൻെറ ശത്രുതയാലുണ്ടായ അനുസരണരാഹിത്യവും സ്വാതന്ത്ര്യവും എല്ലാ തിന്മകൾക്കും നിദാനമാ

യിരിക്കയാൽ എല്ലാ നന്മകളുടെയും ഉറവയായ അനുസര ണവും എളിമയും വഴിയായി നമ്മുടെ ഉദ്ധാരണം സാധിക്ക ണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. "ഒരു മനുഷ്യൻെറ അനുസരണമില്ലായ്മ അനേകരെ പാപികളാക്കിത്തീൎക്കുന്നതു പോലെതന്നെ ഒരുവൻെറ അനുസരണം വളരെപ്പേരെ നീതി മാന്മാരാക്കിത്തീൎക്കുന്നു" Rom. V. 19. ശാന്തശീലനായ ദിവ്യ രക്ഷകൻ തൻെറ പഠനങ്ങളെ അവഗണിച്ചവരോട് ഇപ്ര കാരം അരുളിച്ചെയ്തിരിക്കുന്നു: "നിങ്ങഠം എൻെറ വചനം ഗ്രഹിക്കാത്തതെന്തുകൊണ്ട്? നിങ്ങഠംക്ക് എൻെറ വചനം കേഠംക്കുവാൻ വഹിയാത്തതുകൊണ്ടുതന്നെ നിങ്ങഠം നിങ്ങളുടെ പിതാവായ പിശാചനിൽ നിന്നുള്ളവരാകുന്നു. നിങ്ങളുടെ പിതാവിൻെറ ഇഷ്ടം ചെയ്യുവാൻ നിങ്ങഠം ഇഛിക്കുകയും ചെയ്യുന്നു. അവൻ ആദിമുതൽ കുലപാതകൻ ആകുന്നു. അവ നിൽ സത്യം ഇല്ലാത്തതുകൊണ്ട് അവൻ സത്യത്തിൽ നില്ക്കു ന്നില്ല. അവൻ നുണ പറയുമ്പോഠം സ്വന്തത്തിൽനിന്നാകുന്നു അവൻ പറയുന്നതു്. അവൻ നുണയനും അതിൻെറ പിതാവു മാണല്ലോ" (John viii; 43-44). സൃഷ്ടിക്കപ്പെടാത്ത സത്യ ത്തിൻെറ തെററുവരാത്ത സാക്ഷ്യമനുസരിച്ച്, പിശാചൻ എല്ലാ അസത്യത്തിൻേറയും ആദ്യപിതാവായിരിക്കുന്നതു പോലെതന്നെ അനുസരണമില്ലായ്മയുടേയും പിതാവാകുന്നു. സ്വേച്ഛാനുസാരികളായ ആത്മാക്കഠം അവനുമായി ഉടമ്പടി ചെയ്യുന്നു.

ഒരിക്കൽ ദിവ്യരക്ഷകൻ പഠിപ്പിച്ചുകൊണ്ടിരിക്കയിൽ തൻെറ അമ്മ തന്നെ കാണുന്നതിനു പുറത്തു കാത്തുനില്ക്കുന്നു എന്നറിയിച്ചവരോട് അവിടുന്ന് ഇപ്രകാരം മറുപടി പറഞ്ഞു: 'എൻെറ അമ്മ ആരാകുന്നു. എൻെറ സഹോദരന്മാരും ആരാ കുന്നു." പിന്നെ തൻെറ ശിഷ്യന്മാരുടെനേരെ കൈനീട്ടി അരു ളിച്ചെയ്തു. "ഇതാ! എൻെറ അമ്മ: ഇതാ! എൻെറ സഹോദര ന്മാർ: എന്തുകൊണ്ടെന്നാൽ, സ്വൎഗ്ഗത്തിലുള്ള എൻെറ പിതാ വിൻെറ ഇഷ്ടം ചെയ്യുന്നവൻ ആരോ അവനാകുന്നു എൻെറ

സഹോദരനും സഹോദരിയും അമ്മയും.'' മനുഷ്യൻ അനുസരണത്തിനു നല്കുന്ന ഏററം വലുതും പൂർണ്ണവുമായ പ്രശംസയാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നതു്. അതുപോലെതന്നെ അനുസരണമില്ലായ്മയ്ക്കും സ്വാതന്ത്ര്യത്തിനും എതിരായി ഒരു ഭയങ്കര ശാപവും ഇതിൽ അന്തർലീനമായിരിക്കുന്നു. അനന്തനീതിയും സത്യവും ആയിരിക്കയാൽ സ്തുതിക്കുമ്പോഴൊ കുററപ്പെടുത്തുമ്പോഴൊ അതിവർണ്ണനം ചെയ്യുവാൻ പാടില്ലാത്തവനായ ക്രിസ്തുവാണ് ഇപ്രകാരം പറയുന്നതെന്നു നാം അനുസ്മരിക്കണം. അനുസരണമില്ലാത്തവരേയും സ്വാതന്ത്ര്യലോലുപരേയും സാത്താൻെറ സന്തതികളായി അവിടുന്ന് ഉപേക്ഷിക്കുന്നെങ്കിൽ നിഷ്കളങ്കമായ അനുസരണമുള്ളവരെ അവിടുന്നു തൻെറ സ്നേഹിതന്മാരെന്നല്ല സ്നേഹിതന്മാരെക്കാൾ തനിക്കേററം ഇഷ്ടപ്പെട്ട ബന്ധുക്കളടങ്ങിയ തിരഞ്ഞെടുക്കപ്പെട്ട കുടുംബം എന്ന് അവിടുന്നു സംബോധനം ചെയ്യുന്നു. ഇപ്രകാരമുള്ള ഓരോ ആത്മാവും ഈശോയ്ക്കു സഹോദരനും സഹോദരിയും അമ്മയുമാണ്. പരിശുദ്ധ കന്യക തൻെറ അമ്മയാകുന്നു എന്നതിനെക്കാൾ ദൈവേഷ്ടത്തെ ഏററം എളിമയോടും വിശുദ്ധിയോടും സത്വരതയോടും നിറവേററിയ സൃഷ്ടിയാകുന്നു എന്ന ന്യായത്താലാണ് ഈശോയ്ക്ക് അവൾ പ്രിയംകരയായിരിക്കുന്നതു്. അനുസരണം എന്ന പുണ്യത്തിനു് ഈശോ നല്കിയിരിക്കുന്നെ പ്രശംസ എത്രയും വിസ്മയകരമാണു്. അനുസരണത്തെ സ്നേഹിക്കുവാൻ ഒരു സന്യാസിക്ക് ഇക്കാരണം വേണ്ടുവോളം മതി. മക്കടമുഷ്ടിയോടുകൂടിയ അനുസരണമില്ലായ്മ മനുഷ്യരെ പിശാചൻെറ സന്തതികളാക്കിത്തീർക്കുന്നു എന്നാണു സുവിശേഷം പ്രഖ്യാപിക്കുന്നതു്. പ്രത്യുത, നിഷ്കളങ്കമായ അനുസരണം അവരെ മിശിഹായുടെ ഭവനത്തിലേ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാക്കിത്തീർക്കുന്നു.

എല്ലാ പുണ്യവാന്മാരും മഹാത്മാക്കളും അനുസരണമെന്ന പുണ്യത്തെ വളരെ സ്നേഹിച്ചിരുന്നു. അവർ ഇതിനെ താല്പര്യത്തോടുകൂടി അഭ്യസിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ

സന്യാസജീവിതത്തിൻെറയും സാമൂഹികജീവിതത്തിൻെറയും അടിസ്ഥാനമാണിതു്. ഇതിൻെറ സ്ഥാനത്തു മററൊന്നു പ്രതിഷ്ഠിക്കുക സാദ്ധ്യമല്ല. നിയമത്തിനും നിയമത്തെ പ്രതിനിധിവല്ക്കരിക്കുന്ന അധികാരത്തിനും കീഴ്വഴങ്ങാതെ സമുദായൈക്യമോ സന്യാസപൂർണ്ണതയോ ഉണ്ടാകയില്ല. സന്യാസസഭയുടെ സദാചാരവശത്തെ മുഴുവൻ രൂപവൽക്കരിക്കുന്നതു് ഉപവിയും അനുസരണവുമാകുന്നു. ഉപവി സർവ്വതുമാണു്. കാരണം, വേദാനുഷ്ഠാനകിരീടമാകുന്ന ഇതിനോടു മററെല്ലാ സുകൃതങ്ങളും അനുബന്ധിച്ചിരിക്കുന്നു. അതുപോലെതന്നെ അനുസരണമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെടാതെ സുസ്ഥിരതയുള്ളതായ യാതൊന്നും സന്യാസത്തിലോ മറേറതെങ്കിലും സംഘടനകളിലോ ഇല്ല. അനുസരണത്തിനു തൻെറ തല ചായിക്കുന്ന സമയത്തെന്നതിനെക്കാൾ മനുഷ്യൻ മററൊരവസരത്തിലും അത്ര ഉൽകൃഷ്ടനായി പ്രത്യക്ഷപ്പെടുന്നില്ല. "ജ്ഞാനത്തിൻെറ പുത്രന്മാർ നീതിമാന്മാരുടെ ഒരു സമൂഹമാകുന്നു; സ്നേഹവും അനുസരണവുമാണു് അവരുടെ അനന്തരവർ" എന്നു പരിശുദ്ധാരൂപി അരുളിച്ചെയ്യുന്നു. അനുസരണമുള്ളവരെ ദൈവം എല്ലാപ്പോഴും അനുഗ്രഹിക്കുകയും അവരുടെ പ്രവൃത്തികളെ ഫലസമൃദ്ധമാക്കുകയും ചെയ്യുന്നു. അതിനാലാണു് "അനുസരണമുള്ളവൻ വിജയങ്ങളെ പ്രകീർത്തിക്കും" എന്നു വിശുദ്ധ ഗ്രന്ഥം നമ്മെ ഉൽബോധിപ്പിക്കുന്നതു്. എല്ലാ ഉദ്യമങ്ങളിലും വിജയിക്കുവാൻ എങ്ങനെ സാധിക്കും എന്നറിയുന്നതു് ഒരു പ്രത്യേക ദാനമാണു്. ഇതു് അനുസരണത്തിനുള്ള സമ്മാനമാണെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ "ആജ്ഞാനുസരണത്തെപ്രതി ഭരമേല്ക്കുന്ന ഏതു ജോലിയേയും ദൈവം അനുഗ്രഹിക്കുന്നു" എന്നു പുണ്യവാനായ ഒരു ആംഗ്ലേയ മെത്രാൻ പറഞ്ഞിരിക്കുന്നു.

നമ്മുടെ സൽപ്രവൃത്തികൾക്കു മാഹാത്മ്യവും യോഗ്യതയും പ്രദാനം ചെയ്യുന്നതു മുഖ്യമായി അനുസരണമാണു്. അവ ആരംഭിക്കുന്നതിനും തുടൎന്നുകൊണ്ടുപോകുന്നതിനും നിദാനമായ അനുസരണത്തിലാണു് അവയുടെ ശക്തി സ്ഥിതി

ചെയ്യുന്നതു്. അവയുടെ ധാർമ്മികയോഗ്യതയാകട്ടേ, ആരുടെ മഹത്വത്തിനായി അവ ചെയ്യപ്പെടുന്നുവോ ആ ദൈവത്തോടുള്ള ആന്തരികകീഴ്‌വഴക്കത്തിലും സ്ഥിതിചെയ്യുന്നു. അനുസരണത്തെപ്രതി ചെയ്യുന്ന ഒരു നിസ്സാരജോലിപോലും തത്തൽകർത്താവിനു് അനന്തയോഗ്യതയെ പ്രദാനം ചെയ്യുക മാത്രമല്ല അതു് ആശ്ചര്യകരമായ മററനേകം പ്രവൃത്തികളുടെ നാന്ദിയായി പരിണമിക്കുകയും ചെയ്യുന്നു. പരാജയത്തിൽ അവസാനിക്കുന്ന ബുദ്ധിസാമർത്ഥ്യം എവിടെയും ദൃശ്യമാകുന്നുണ്ടു്. പ്രത്യുത, സന്യാസസമൂഹങ്ങളും വിശുദ്ധ പള്ളിതന്നെയും നിഷ്കളങ്കരും വിനീതരുമായ ആത്മാക്കളുടെ അനുസരണസംയുക്തമായ മഹാകൃത്യങ്ങളാൽ നിബിഡമാണു്. പഴയനിയമത്തിലെ പൂജകളും ബലികളും അത്യുത്തമങ്ങളായിരുന്നു. ഉപവാസം ഇന്നും ഏററം സ്തുത്യർഹമായ ഒന്നുതന്നെയാണു്. ഇസ്രായെൽക്കാർ ഇവയെല്ലാം ദൈവത്തിനു സമർപ്പിച്ചു. എങ്കിലും ഇവയൊന്നും അവിടുത്തെ ശാന്തതപ്പെടുത്തിയില്ല. ഇസയാസിൻെറ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ "ഞങ്ങൾ ഉപവസിച്ചു; എന്നാൽ നീ അതു പരിഗണിച്ചില്ല. ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളെ എളിമപ്പെടുത്തി; എന്നാൽ നീ അതു വകവച്ചുമില്ല" എന്നു് അവർ ദൈവത്തോടു് ആവലാതിപ്പെട്ടു. അതിനു് "നിങ്ങളുടെ ഉപവാസദിനത്തിൽ നിങ്ങളുടെ സ്വന്തം ഇഷ്ടമാണു നിങ്ങൾ നിറവേററിയതു്" എന്ന സംക്ഷിപ്ത മറുപടിയാണു് അവർക്കു ലഭിച്ചതു്. ഈ മറുപടിയിൽ അന്തർലീനമായിരിക്കുന്ന ആശയം താഴെ കാണുംപ്രകാരമായിരുന്നെന്നു നമുക്കു വിശ്വസിക്കാം. "നിങ്ങൾ ഉപവസിച്ചു എന്നും എനിക്കു പൂജകൾ അർപ്പിച്ചു എന്നും എനിക്കറിയാം. എന്നാൽ നല്ലതും നിയമത്താൽ കല്പിക്കപ്പെട്ടതുമായ ഇവയെല്ലാം എൻെറ ഇഷ്ടത്തോടുള്ള കീഴ്‌വഴക്കത്തിൻെറ അരൂപിയോടുകൂടിയല്ല, പിന്നെയോ നിങ്ങൾക്കു സന്തോഷകരമായിരുന്നതുകൊണ്ടു മാത്രമാണു് അവ നിങ്ങൾ ചെയ്തതു്." അനുവാദംകൂടാതെ കഠിനപ്രായശ്ചിത്തങ്ങൾ ചെയ്യുന്നവരെക്കുറിച്ചു്

എഴുതുകയിൽ താഴെപ്പറയുന്ന ഭയങ്കര വാക്യം വി. യോഹന്നാൻക്രൂസിന്റെ തൂലികാഗ്രത്തിൽ നിന്നു പുറപ്പെടുന്നു എങ്കിൽ അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. "അനുസരണം മനസ്സിന്റെയും ബുദ്ധിയുടെയും പൂജയാകയാൽ അതു് എല്ലാ ശാരീരിക തപഃക്രിയകളെയുംകാൾ ദൈവത്തിനു സ്വീകാര്യവും സന്തോഷകരവുമാണു്. ഇതിനെ വിലമതിക്കാത്തവർ വിവേകമില്ലാത്തവരും അപൂർണ്ണതകളിൽ നിമഗ്നരുമാണു്. ഇതിനെ തിരസ്കരിച്ചുകൊണ്ടുള്ള ശാരീരികതപസ്സ് വെറും മൃഗീയമാണു്. അതിനവർ പ്രേരിപ്പിക്കപ്പെടുന്നതു് അവയുടെ നിർവ്വഹണത്തിൽ അവക്കനുഭവപ്പെടുന്ന സന്തോഷവും അഭിരുചിയും ഹേതുവാലത്രേ".

അനുസരണത്തിനു് ഇതിനെക്കാൾ മഹത്തായ ഒരു സ്തുതിയോ, കഠിനപ്രായശ്ചിത്തം അനുഷ്ഠിക്കുന്നതിനായിട്ടുപോലും അതിനെ അവഗണിക്കുന്നവക്കു് ഇതിനെക്കാൾ കഠിനമായ ഒരു ശകാരമോ ഒരു വിശുദ്ധന്റെയും—വി. യോഹന്നാൻക്രൂസിനെപ്പോലുള്ള ഒരു മഹാവിശുദ്ധന്റെപോലും—തൂലികാഗ്രത്തിൽ നിന്നു് ഒരിക്കലും ബഹിർഗ്ഗമിച്ചിട്ടില്ല. കർമ്മലസഭയുടെ തപോനിഷ്ഠനായ നവീകരണകർത്താവും മിശിഹായുടെ കുരിശിന്റെ ഉത്തമസ്നേഹിതനും ആധുനിക കാലത്തു താപസികജീവിതത്തിന്റെ ഏററം വലിയ അത്ഭുതവുമായ ഈ വിശുദ്ധൻ, അനുസരണമെന്ന പുണ്യത്തെ അവഗണിച്ചു് സ്വമനസ്സാലേ തപോവൃത്തികൾ അനുഷ്ഠിക്കുന്നവരോടു കോപിഷ്ഠനാകുകതന്നെ ചെയ്യുന്നു. അദ്ദേഹം അവരെ ഏററം അപൂർണ്ണരെന്നും ബുദ്ധിഹീനരെന്നുമാണു വിളിക്കുന്നതു്. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളോടാണു് അദ്ദേഹം അവരെ തുലനം ചെയ്യുന്നതു്; അപ്പോൾ അനുസരണത്തെ അവഗണിക്കുക മാത്രമല്ല, അതിനെ പ്രകടമായി എതിക്കുകകൂടി ചെയ്യുന്നവരെപ്പററി അദ്ദേഹം എന്തുപറയും? എന്നാൽ, അവർ ഇപ്രകാരം പ്രവത്തിക്കുന്നതു്—കഠിനതപഃക്രിയകൾ അനുഷ്ഠിക്കുന്നതു്—നിയമങ്ങളോ അധികാരിയോ ഏറെക്കുറെ മുടക്കിയിരിക്കുന്ന സംഗതികൾ ചെയ്തുകൊണ്ടാണെങ്കിൽ

അദ്ദേഹം എന്തായിരിക്കും പറയുന്നതു്? ഏതു വാക്കുകളിൽ ആയിരിക്കും അദ്ദേഹം അവരുടെ വർത്തനാരീതിയെ കുററപ്പെടുത്തുക?

ഇത്ര കഠിനമായ വാക്കുകൾ ഉപയോഗിക്കുന്നില്ലെങ്കിലും, വി. അമ്മ ത്രേസ്യാക്കും ഈ അഭിപ്രായം തന്നെയാണു് ഉണ്ടായിരുന്നതു്. "അനുസരണത്തെപ്പററി പ്രതിപാദിക്കുമ്പോൾ ഞാൻ കുറെക്കൂടി വ്യക്തമായി സംസാരിക്കേണ്ടതു പക്ഷെ അത്യാവശ്യകമായിരിക്കാം. എന്നാൽ ഞാൻ കന്യാസ്ത്രീകളോടു്—എൻെറ അഭിപ്രായത്തിൽ നല്ല കന്യാസ്ത്രീകളോടു് അഥവാ നല്ലവരായിരിക്കുവാൻ ആഗ്രഹിക്കുന്നവരോടു് — സംസാരിക്കുന്നതിനാലും അനുസരണമില്ലാത്ത ഒരുവൾ ഒരു കന്യാസ്ത്രീ എന്ന പേരിനു് അർഹയല്ലാത്തതിനാലും ഞാൻ ഇതിനെപ്പററി ഒന്നും തന്നെ പറയുന്നില്ല. അതിനാൽ ഇത്ര സുവിദിതവും പ്രധാനവുമായ ഒരു വിഷയത്തെ സംബന്ധിച്ചു്, അതിനെ മറക്കാതിരിക്കാൻമാത്രം ഒരു വാക്കു് വേണ്ടുവോളം മതിയായിരിക്കുന്നു. അനുസരണം വാഗ്ദാനം ചെയ്തിരിക്കുകയും ഏററം പരിപൂർണ്ണതയോടുകൂടി അനുസരിക്കുവാൻ കഴിവുള്ള എല്ലാ യത്നവും ചെയ്യാതിരിക്കുകയും ചെയ്യുന്ന ഒരുവൾ ആശ്രമത്തിൽ ജീവിക്കുന്നതെന്തിനാണെന്നു് എനിക്കറിഞ്ഞുകൂടാ. ഈ വിഷയത്തിൽ പരാജയമടയുന്നപക്ഷം അവൾ ധ്യാനനിഷ്ഠയുള്ളവളോ, പ്രവൃത്തിനിരതയോ ആയ ഒരു നല്ല സന്യാസിനിയായിത്തീരുകപോലുമില്ലെന്നു ഞാൻ ഉറപ്പു നല്കുന്നു. ഇതു് എൻെറ ദൃഢമായ വിശ്വാസമാണു്".

വിശുദ്ധന്മാരെല്ലാവരും കീഴ്‌വഴക്കത്തെ ക്രിസ്തീയ പുണ്യത്തിൻെറ ആരംഭവും സന്യാസഭവനങ്ങളിലെ സാമൂഹിക ജീവിതത്തിൻെറ അടിസ്ഥാനവും ഓരോ വ്യക്തിയുടേയും വിശുദ്ധീകരണത്തിനുള്ള അവശ്യഘടകവുമായി പരിഗണിക്കുന്നു. ചില വിഷയങ്ങളിൽ മാത്രമായാലും ഈ അടിസ്ഥാനത്തെ നാം നശിപ്പിക്കുന്നു എങ്കിൽ കെട്ടിടം മുഴുവനും നിലംപതിക്കും. യഥാർത്ഥമായ അനുസരണമില്ലാത്ത ഒരു സന്യാസി ഒരിക്കലും

പരിപൂണ്ണത പ്രാപിക്കയില്ല; അനുസരണാത്മപി മന്ദീഭവിച്ചിരിക്കുന്ന ഒരു സന്യാസസമൂഹമാകട്ടെ, സുശക്തമായ പ്രതിവിധികറം ഉടൻ ചെയ്യപ്പെടുന്നില്ലെങ്കിൽ നാശത്തിനു വിധിക്കപ്പെട്ടിരിക്കുന്നു എന്നു താമസംവിനാ ദൃശ്യമാകും. അതിനാൽ ഈ മുൻകരുതലിൽ വി. യോഹന്നാൻക്രൂസ് നമ്മെ ഇപ്രകാരം ഉപദേശിക്കുന്നു. "ആശ്രമത്തിനുള്ളിലോ പുറത്തോ നിനക്കുതന്നെയോ മററാക്കെങ്കിലുമോ എത്രതന്നെ നല്ലതും പരസ്നേഹപരവുമാണെന്നു തോന്നിയാലും അനുസരണത്തെപ്രതിയല്ലാതെ യാതൊന്നും നീ ചെയ്യരുതു്". "അനുസരണത്തിൻെറ വഴിയെക്കാറം പരിപൂണ്ണതാഗ്രത്തിലേക്കു വേഗം നയിക്കുന്ന ഒരു പാത വേറൊന്നുമില്ലെന്നു പിശാചൻ കാണുമ്പോറം ഇതിനെ അനിഷ്ടകരമാക്കിത്തീക്കുവാൻ നന്മയുടെ വേഷത്തിൽ പല വിഷമങ്ങളും അവൻ ചൂണ്ടിക്കാണിക്കും. ഇതു നല്ലവണ്ണം പരീക്ഷിച്ചുനോക്കട്ടെ. അപ്പോറം ഞാൻ പറയുന്നതു സത്യമാണെന്നു തെളിയും" എന്നു വി. അമ്മത്രേസ്യാ പറയുന്നു.

സന്യാസപരിപൂണ്ണത ഒരുവൻെറ സ്വേച്ഛാപരിത്യാഗത്തിൽ, അതായതു്, പരിപൂണ്ണമായ അനുസരണത്തിലാണു് അടങ്ങിയിരിക്കുന്നതെന്നു് ഉൽഘോഷിക്കുവാൻ വി. ബൊനവഞ്ചുരാ മടിക്കുന്നില്ല. ഇക്കാരണങ്ങളാൽ സന്യാസവ്രതങ്ങളിൽ ഒന്നാമത്തേതു് കീഴ്വഴക്കമാണു്. ഇതുവഴിയായി മാത്രമാണു് ഒരുവൻ പൂണ്ണമായി ദൈവത്തിനു സ്വയം സമപ്പിക്കുന്നതു്. ദാരിദ്ര്യവ്രതംവഴി നമ്മുടെ വസ്തുക്കളെയും കന്യാവ്രതത്താൽ ശാരീരികസന്തോഷങ്ങളെയും നാം ത്യജിക്കുന്നു. എന്നാൽ കീഴ്വഴക്കം എന്ന വ്രതത്താൽ നമ്മുടെ സ്വാതന്ത്ര്യത്തെയാണു നാം ബലികഴിക്കുന്നതു്. നമ്മുടെ ബുദ്ധിയേയും സ്വാതന്ത്ര്യത്തേയും ത്യജിക്കുക എന്നതു നമ്മെ ദൈവത്തിനു കയ്യാളിക്കുക എന്നതുതന്നെയാണു്. അതിനാൽ മനുഷ്യൻ ദൈവത്തിനു സമപ്പിക്കുന്ന പരിപൂണ്ണപൂജയാണു് കീഴ്വഴക്കം. വി. യോഹന്നാൻക്രൂസ് പഠിപ്പിക്കുതുപോലെ ഒരിക്കൽ നാം ദൈവത്തിനു സമപ്പിച്ചതു വീണ്ടും അവകാശപ്പെടുന്നതു് ന്യായ

മല്ല. "ഒരു സന്യാസിയുടെ പ്രവൃത്തികൾ അവന്റെ സ്വന്ത മല്ല; പിന്നെയോ അവ അനുസരണത്തിന്റേതത്രേ. അവയെ അവൻ അനുസരണത്തിൽനിന്നു വേർപെടുത്തുന്നെങ്കിൽ അവ നഷ്ടപ്പെട്ടതായി കണക്കാക്കേണ്ടിവരും." വേറൊരിടത്തു വിശുദ്ധൻ പറയുന്നു: "കളിയായിട്ടു പറയുന്ന ഒരു വാക്കിനെക്കുറിച്ചുപോലും വിധിദിവസത്തിൽ ദൈവം സാധാരണ മനുഷ്യരോടു കണക്കു ചോദിക്കുമെങ്കിൽ ജീവിതവും പ്രവൃത്തികളും സാകല്യേന ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സന്യാസികളോട് എത്ര കണിശമായ കണക്കായിരിക്കും അവിടുന്നു ചോദിക്കുന്നത്?"

"മറുതലിക്കുക എന്നതു മന്ത്രവാദംപോലെയും അനുസരിക്കാതിരിക്കുക എന്നതു വിഗ്രഹാരാധനപോലെയും ഉള്ള അപരാധമാകുന്നു." (King XV-23) എന്നു പറഞ്ഞിരിക്കുന്നതു സന്യാസികളെ സംബന്ധിച്ചിടത്തോളമാണു സാർത്ഥകമായിരിക്കുന്നത്. കീഴ്‌വഴക്കം എന്ന വ്രതത്താൽ ഒരു സന്യാസി സ്വന്ത മനസ്സിനെയും സ്വാതന്ത്ര്യത്തെയും തദ്വാരാ തന്നെ മുഴുവനും ദൈവത്തിനു സമർപ്പിക്കുന്നു എന്നതാണ് ഇതിനു കാരണം. അതിനാൽ കീഴ്‌വഴക്കത്തിനെതിരായോ അനുസരണത്തെ പ്രതിയല്ലാതെയോ ഒരുവൻ പ്രവർത്തിക്കുമ്പോൾ അവൻ തന്റെ പ്രവൃത്തികളെ കീഴ്‌വഴക്കത്തിന്റെ വിശുദ്ധ പീഠത്തിൽനിന്നു മാററി സ്വന്തം മനസ്സിനു് അർപ്പിക്കുന്നു. ദൈവത്തെ നിന്ദിക്കാതെയോ അവിടുത്തേയ്ക്കു ചെല്ലേണ്ടുന്ന ബഹുമാനത്തെ നിഷേധിക്കാതെയോ ഇപ്രകാരം പ്രവർത്തിക്കുക സാദ്ധ്യമല്ല. പൂജയ്ക്കായി ദൈവാലയത്തിൽ അർപ്പിച്ച മാംസത്തിൽ കുറെ അപഹരിച്ചതിനാൽ ഹേലിയുടെ പുത്രന്മാരോടു ദൈവം കുപിതനായിഭവിച്ചു എങ്കിൽ തന്റെ മനസ്സുമുഴുവൻ ദൈവത്തിനു് അർപ്പിച്ചശേഷം ആജ്ഞാനുസരണം പ്രവർത്തിക്കാതെ സ്വന്തം ഇഷ്ടം നിറവേററുന്നതിന്നായി അതു തിരിച്ചെടുക്കുന്ന സന്യാസികളോടു ദൈവത്തിനുണ്ടാകുന്ന അനിഷ്ടം എത്ര അധികമായിരിക്കും?

കീഴ്‌വഴക്കമെന്ന വ്രതത്തെ ലംഘിക്കാതിരുന്നാൽമാത്രം പോരെന്നും കീഴ്‌വഴക്കമെന്ന പുണ്യം അഭ്യസിക്കേണ്ടതു് ആവശ്യകമാണെന്നും അനുസ്മരിക്കുന്നതു പ്രയോജനകരമാകുന്നു. പുണ്യമാണു് നമ്മുടെ ലക്ഷ്യം. വ്രതം അതിനുള്ള മാർഗ്ഗം മാത്രമാണു്. അന്ത്യത്തിലേക്കു നയിക്കാത്ത മാർഗ്ഗം ഉപയോഗശൂന്യമായിരിക്കുന്നതുപോലെ ന്യായമുള്ള അധികാരികളാലോ നിയമത്താലോ പ്രത്യക്ഷമാക്കപ്പെടുന്ന ദൈവതിരുമനസ്സു് സർവ്വദാ നിറവേററുന്നതിനു മനസ്സിനെ സന്നദ്ധമാക്കുന്നില്ലെങ്കിൽ കീഴ്‌വഴക്കം എന്ന വ്രതത്തിനു് ദൈവസന്നിധിയിൽ യാതൊരു വിലയുമില്ല. സാമുദായികവും സാംസ്കാരികവുമായ വിദ്യാഭ്യാസവും ജീവിതാവശ്യങ്ങളും ഏറെക്കുറെ നീതിപരമായ നിയമങ്ങൾ ഏർപ്പെടുത്തുന്നു. ആത്മാഭിമാനമുള്ള ഏവരും അവയെ കൃത്യമായി അനുസരിക്കുകയും ചെയ്യുന്നു. ഈദൃശമായ നിയമാനുസരണം അഭിമാനത്തെ സംബന്ധിക്കുന്ന ഒരു പ്രശ്നമാണു്; എന്നാൽ ഇതു സന്യാസകീഴ്‌വഴക്കമല്ല. സന്യാസകീഴ്‌വഴക്കം ബാഹ്യപ്രവൃത്തികളിലെന്നതിനെക്കാൾ അരൂപിയിലത്രേ കൂടുതൽ ദൃശ്യമാകേണ്ടതു്.

പ്രവർത്തനരീതിയെന്നോ ഒരുവൻെറ പ്രവൃത്തികൾക്കു നിദാനമായ ആന്തരികപ്രേരണയെന്നോ അനുസരണത്തെ വിവക്ഷിക്കാം. ഘടികാരമുഖത്തിനു ചുററും കറങ്ങുന്ന സൂചികളോടൊ അല്ലെങ്കിൽ അദൃശ്യമായി സ്ഥിതിചെയ്യുന്ന അതിൻെറ സ്പ്രിംഗിനോടൊ ഇതിനെ ഉപമിക്കാം. ഈ രണ്ടു വിധത്തിലും ഇതു നല്ലവണ്ണം പഠിക്കണം. ആദ്യമായി രണ്ടാമത്തെ വിധത്തെത്തന്നെ പരിശോധിക്കാം. കീഴ്‌വഴക്കമുള്ള ജീവിതത്തിൽ അനുസരണാരൂപിയാണു മുഖ്യമായതു്. സ്വാഭാവികമായോ ഒരു തഴക്കമെന്നവണ്ണമോ ദാസ്യമനസ്ഥിതിയാൽ പ്രേരിതനായോ സ്വസ്ഥമായി ജീവിക്കുന്നതിനുവേണ്ടിയോ ഒരു സന്യാസി അനുസരണം പരിശീലിച്ചെന്നു വരാം. ഇയാൾ പരദൃഷ്ടിയിൽ അനുസരണമുള്ളവനാണു്. എന്നാൽ അവൻ യഥാർത്ഥത്തിൽ അനുസരണമുള്ളവനല്ല. അതുപോലെതന്നെ

ബാഹ്യമായി അനുസരിക്കുന്നു എങ്കിലും ആന്തരികമായി മറു തലിക്കുന്നവരും അനുസരണമെന്ന പുണ്യത്തിൽ വളരെ പിന്നോക്കമാണു് (Bishop Hedley Retreat XIX).

ന്യൂപോർട്ടിലെ (New Port) അഭിവന്ദ്യനായ ഈ മെത്രാൻെറ മേല്പദ്ധരിച്ച വാക്യം നമ്മുടെ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിക്കേണ്ടതാണു്. നിയമങ്ങൾ വഴിയോ അധികാരി കൾ മുഖേനയോ വെളിപ്പെടുത്തപ്പെടുന്ന ദൈവചിത്തം അനു സരിക്കാതെ ബാഹ്യമായിമാത്രം അനുസരിക്കുന്ന ഒരു സന്യാ സിയെ അനുസരണാരൂപി ഉള്ളവനായി അദ്ദേഹം പരിഗണി ക്കുന്നില്ല. അവൻെറ ബാഹ്യചേഷ്ടകൾമാത്രം കല്പനാനുസ രണം. ഘടികാരമുഖത്തു് അതിൻെറ സൂചികൾ എത്ര കൃത്യ മായി ചരിക്കുന്നു. ഇതുപോലെ അവനനുവദിക്കപ്പെട്ടിരിക്കുന്ന പരിധിക്കുള്ളിൽ ആയിരിക്കുക എന്നതു് അത്ര വലിയ കാര്യ മല്ല. സാമുദായിക പുണ്യത്തെ സംബന്ധിച്ചിടത്തോളം ഇതു മതി. എന്നാൽ സന്യാസപുണ്യത്തിനു് ഇതൊട്ടും മതിയാക യില്ല. ഈദൃശമായ അനുസരണം ഒരു ഗുണവാനായ ഭൃത്യനും ഒരു ഉത്തമ ശുശ്രൂഷിക്കും ഒരു ധീരയോദ്ധാവിനും ആദർശയോ ഗ്യനായ ഒരു പൗരനും ഏററം യോജിച്ചതാണു്. എന്നാൽ ഇതു് ഒരു ഉത്തമസന്യാസിക്കു് — ഒരു സാമാന്യസന്യാസിക്കു പോലും — യോജിച്ചതല്ല. കാരണം നമ്മുടെ പ്രതിപാദ്യവിഷ യമായ അനുസരണം സാമുദായികപുണ്യമല്ല. പ്രത്യുത സന്യാ സപുണ്യമത്രേ. കീഴ്‌വഴക്കം എന്ന വ്രതംവഴി നമ്മുടെ ശരീര ത്തേയും മനസ്സിനേയും നാം ദൈവത്തിനു പൂജിച്ചിരിക്കുന്നു. എന്നാൽ "സാബത്തിൻെറ നാഥനായ അവിടുന്നു നീതിപൂർവ്വം വിധിക്കുകയും ഹൃദയത്തേയും മനസ്സിനേയും പരിശോധിക്കു കയും ചെയ്യുന്നു" എന്നു ദീർഘദർശിവഴിയായി അവിടുന്നരുളി ച്ചെയ്തിരിക്കുന്നതിൽനിന്നു വിശദമാകുന്നതുപോലെ അവിടുന്നു ബാഹ്യവേഷംകൊണ്ടു സംതൃപ്തനാകുന്നില്ല.

# അദ്ധ്യായം 10.

## കീഴ്‌വഴക്കം എന്ന വ്രതവും പുണ്യവും

കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടതുപോലെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നവയെല്ലാം ബാഹ്യമായിട്ടു നിറവേററുകയും എന്നാൽ മനസ്സിനെ വിനീതമാക്കാതിരിക്കുകയും ചെയ്യുന്ന ഒരുവൻ യഥാൎത്ഥത്തിൽ അനുസരണമുള്ളവനെന്നു ഗണിക്കപ്പെടാവുന്നതല്ല. അനുസരണത്തിൽനിന്നു് ഒഴിയുവാൻ സ്വതേ പ്രതിഷേധ്യങ്ങളായ ഒരായിരം ഉപായങ്ങൾ പ്രയോഗിക്കുകയും തനിക്കു് അനിഷ്ടമായ കല്പനകളിൽനിന്നു പിൻവാങ്ങുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവൻെറ അനുസരണത്തിനു യാതൊരു സമ്മാനവും ആശിക്കാനില്ല. ഈ പ്രകാരം പ്രവൎത്തിക്കുമ്പോൾ അവൻ കീഴ്‌വഴക്കം എന്ന വ്രതത്തിനു് എതിരായി പ്രവൎത്തിക്കുന്നില്ല. എങ്കിലും അവൻെറ സ്വാതന്ത്ര്യം മിക്കവാറും നിയന്ത്രിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവൻെറ മനസ്സു ദൈവത്തിനധീനമാണെന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ തൻെറ ഇഷ്ടാനുസരണം പ്രവൎത്തിക്കുവാൻ അവനറിയാം. അതുപോലെതന്നെ സന്ന്യാസ ജീവിതത്തെ രൂപവൽക്കരിക്കുന്നതും നിരവധിയുമായ ചെറിയ ചെറിയ നിയമങ്ങൾ അനുസരിക്കുന്നതിൽ അശ്രദ്ധനും എന്നാൽ കല്പിക്കപ്പെട്ടിരിക്കുന്നവ മാത്രം നിറവേററുകയും ആജ്ഞാനുസരണത്തിൻകീഴ് കടപ്പെടുത്തി ചാവുദോഷത്തിൻ കീഴ് മുടക്കപ്പെട്ടിരിക്കുന്നവയെ മാത്രം വൎജ്ജിക്കുകയും ചെയ്യുന്നതിൽ ദത്തശ്രദ്ധനുമായ ഒരുവനു്, അനുസരണമുള്ളവൎക്കു വാഗ്ദാനം ചെയ്തിരിക്കുന്ന സമ്മാനം ന്യായമായി പ്രതീക്ഷിക്കാവുന്നതല്ല.

പരിപൂൎണ്ണമായ അനുസരണവും, കീഴ്‌വഴക്കം എന്ന വ്രതത്തിൻെറ യഥാൎത്ഥപ്രമാണങ്ങളെ ലംഘിക്കാതെ എതിരു പ്രവൎത്തിക്കാൻ പാടില്ലാത്ത നിയമങ്ങളും തമ്മിൽ വ്യത്യാസ

മുണ്ട്. ഒരുവശത്തു കാററും കടലും ദുഷ്ടാരൂപികളും അനുസരി ക്കുകയും മാലാഖമാർ ശുശ്രൂഷിക്കുകയും ചെയ്യുന്ന ഈശോമിശി ഹായെ നാം കാണുന്നു. എങ്കിലും "അവിടുന്നു മരണത്തോളം— അതേ, കുരിശുമരണത്തോളം—കീഴ്വഴങ്ങി." എന്നാൽ നീ ഇതി നെ ലംഘിച്ചു പ്രവർത്തിക്കുകയാണെങ്കിൽ സന്ന്യാസവ്രതങ്ങളിൽ മുഖ്യമായതിനെ ലംഘിക്കും; ചാവുദോഷത്താൽ നിൻെറ ആ ത്മാവിനെ നീ ഭാരപ്പെടുത്തും; നീ അനുഷ്ഠിക്കുന്നു എന്ന നിയമ ത്തിൻെറ കഠിനവിധിക്കു് അധീനനായിത്തീരുകയും ചെയ്യും എന്നു പറഞ്ഞുകൊണ്ടു കീഴ്വഴക്കം എന്ന വ്രതത്തിൻെറ ഖണ്ഡിതമായ നിയമങ്ങളെ സന്ന്യാസികൾക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്ന സഭാനിയമങ്ങളും സാന്മാർഗ്ഗികാചാരങ്ങളും ഉണ്ടു്.

ഭാഗ്യവശാൽ മററു രണ്ടു സന്ന്യാസവ്രതങ്ങളും വളരെ അപൂർവ്വമായി മാത്രമേ സന്ന്യാസഭവനങ്ങളിൽ ലംഘിക്കപ്പെടു ന്നുള്ളു. യാതൊന്നിലും സ്വാഭീഷ്ടമില്ലെന്നും എല്ലാററിലും തങ്ങ ളുടെ ഇഷ്ടം ദൈവേഷ്ടമാണെന്നും യഥാർത്ഥമായി പറയത്തക്ക വണ്ണം പരിപൂർണ്ണമായ അനുസരണം വളരെ ചുരുക്കമാണെ ങ്കിൽ, അധികാരികൾമൂലമോ നിയമങ്ങൾ വഴിയോ പ്രസ്പഷ്ട മായി ആജ്ഞാപിക്കപ്പെടുന്നവയെ മനഃപൂർവ്വം ധിക്കരിച്ചു കൊണ്ടു കീഴ്വഴക്കം എന്ന വ്രതം ലംഘിക്കുന്നവർ അതിലും വള രെ കുറവാണു്. എന്നാൽ കേവലം വിപരീതമായ ഇവ രണ്ടി നും മദ്ധ്യേ — പരിപൂർണ്ണതയ്ക്കും ആത്മനാശത്തിനും മദ്ധ്യേ— സ്ഥിതിചെയ്യുന്നതും അസംഖ്യം സന്ന്യാസാത്മാക്കൾ പ്രയാണം ചെയ്യുന്നതും അതിവിശാലവുമായ ഒരു മണ്ഡലമുണ്ടു്. ചിലർ അനുസരണത്തിൻെറ പരിപൂർണ്ണമായ ആദർശത്തോടു വളരെ സമീപിച്ചാണു നില്ക്കുന്നതു്; മററുചിലർ കുറേക്കൂടി ദൂരത്തിലും. വേറെ ചിലർ ആദ്യപടികൾപോലും കയറാൻ ആരംഭിച്ചിട്ടി ല്ലാത്ത വിധത്തിൽ അതിവിദൂരത്തിലുമത്രേ. ഇനിയും വേറൊരു കൂട്ടർ ഈ മാർഗ്ഗത്തിലൂടെ യാത്രചെയ്യുന്നതിനു യാതൊരു യത്നവും ചെയ്തിട്ടില്ല. ഇവർ ആരംഭസ്ഥാനത്തുതന്നെ ബഹു വിധ ജോലികളിൽ വ്യാപൃതരായിരിക്കയാണു്. ഈ പാതയി

ലൂടെ പുരോഗമിക്കുവാനായി യാതൊരു യത്നവും ചെയ്യുന്നതിന്നു് അവർ ആഗ്രഹിക്കുന്നില്ല. എന്നാൽ അതിൽനിന്നു പിന്മാറുന്നതിനും അവർക്കറിഞ്ഞുകൂടാ. മുള്ളുവേലിക്കെട്ടുത്തുകൂടി നടക്കുന്നവനെപ്പോലെ തങ്ങളുടെ വ്രതങ്ങളെ ലംഘിക്കാതിരിക്കുന്നതിന്നു് ഇക്കൂട്ടർ വളരെ സൂക്ഷ്മതയോടുകൂടി വ്യാപരിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ മനസ്സാക്ഷിയെ സദാ പരിശോധിച്ചുകൊണ്ടിരുന്നാൽ മാത്രമേ ഇവർക്കു സമാധാനത്തിന്റെ നിഴൽ എങ്കിലും അനുഭവിക്കുവാൻ കഴിയുകയുള്ളു.

വളരെ ജാഗ്രതയോടുകൂടി വർത്തിക്കുന്ന ചില സന്യാസികളെ ആശ്രമങ്ങളിൽ ചിലപ്പോൾ കാണുക അസാധാരണമല്ല. എന്നാൽ അവരുടെ ഈ ജാഗ്രത അപൂർണ്ണതകളിൽനിന്നു തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിലോ ദൈവത്തെ കൂടുതൽ നന്നായി ശുശ്രൂഷിക്കാൻ കഴിയുന്നതെങ്ങനെയെന്നു പഠിക്കുന്നതിലോ അല്ല; പ്രത്യുത, അധികാരികളുടെ അനിഷ്ടം സമ്പാദിക്കാതെ സ്വമനസ്സിന്റെ ചാച്ചിലിനനുസരണമായി പ്രവർത്തിക്കത്തക്ക സ്വാതന്ത്ര്യം അനുഭവിക്കുക എന്ന വിഷമമേറിയ പ്രശ്നത്തിന്നു് ഒരു പരിഹാരം കണ്ടെത്തേണ്ടതെങ്ങനെ എന്ന വിചാരങ്ങളിലാണു് അവർ വ്യാപൃതരായിരിക്കുന്നതു്.

ഇക്കൂട്ടരെ ദൈവം എങ്ങനെ പരിഗണിക്കുന്നെന്നു് അവിടുന്നുതന്നെ വെളിപാടിന്റെ പുസ്തകത്തിൽ നമ്മോടു പറയുന്നുണ്ടു്. “നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു. നീ ശീതമുള്ളവനല്ല; ഉഷ്ണമുള്ളവനുമല്ല; നീ ശീതമുള്ളവനോ ഉഷ്ണമുള്ളവനോ ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു! ഇങ്ങനെ നീ ശീതമുള്ളവനാകാതെയും ഉഷ്ണമുള്ളവനാകാതെയും ശീതോഷ്ണമുള്ളവനായിരിക്കുന്നതിനാൽ ഞാൻ എന്റെ വായിൽനിന്നു നിന്നെ വമിച്ചുകളയും” (Apcc. iii 15–16.) ഈ വാക്കുകൾ തന്നെപ്പറ്റി പറഞ്ഞുകേൾക്കുവാൻ ഏതു സന്യാസിയാണു് ഇഷ്ടപ്പെടുക. എങ്കിലും ചാവുദോഷത്താൽ മലിനമല്ലെങ്കിലും ശുഷ്കാന്തിയോടുകൂടി പുണ്യം അഭ്യസിക്കാത്ത ഒരാത്മാവിനെപ്പറ്റിയാണു് ഇതു പറഞ്ഞിരിക്കുന്നതെന്നുള്ളതു സുവ്യക്തമാണു്.

ചാവുദോഷത്തോടുകൂടിയ ആത്മാക്കളെ ദൈവം ഉപേക്ഷിച്ചു കളയുന്നു. ശീതോഷ്ണമുള്ളവരെ അവിടുന്നു പൂൎണ്ണമായി ത്യജിക്കുന്നില്ല. അവരെ താൻ സദാ ദൎശിച്ചുകൊണ്ടിരിക്കുന്നു; അവർ ഇനിയും പ്രസാദവരത്തിലാണു്; എന്നാൽ തങ്ങളുടെ മന്ദോഷ്ണജീവിതത്താൽ അവർ സ്വയം വിരൂപരാക്കിത്തീൎക്കുകയാൽ ദൈവേഷ്ടത്തിനു് അനൎഹരായിത്തീരുകയും തന്നിമിത്തം അവിടുന്നു് അവരെ ഉപേക്ഷിച്ചുകളയുകയും ചെയ്യും. ഈ സുവിശേഷവാക്യം നമ്മെ ഭയാധീനരാക്കുന്നു. എന്നാൽ കീഴ്വഴക്കം എന്ന വ്രതംവഴി തങ്ങളുടെ മനസ്സു ദൈവത്തിനു പൂജിച്ചെങ്കിലും അതു് അവിടുത്തേയ്ക്കു പൂൎണ്ണമായി അധീനപ്പെടുത്താത്തവരെക്കാൾ മന്ദോഷ്ണമുള്ളവർ മററാരാണു്? "ദാരിദ്ര്യവ്രതംവഴി നാം ദൈവത്തിനു സമൎപ്പിക്കുന്ന ലൗകികവസ്തുക്കളോ കന്യാവ്രതത്താൽ നാം അവിടുത്തേയ്ക്കു പൂജിക്കുന്ന നമ്മുടെ ശരീരമോ നമുക്കു സമൎപ്പിക്കാൻ കഴിയുന്ന മററെന്തെങ്കിലുമോ അവിടുന്നു വളരെ കാൎയ്യമായി മതിക്കുന്നില്ല. ഇവയെല്ലാം, യഥാൎത്ഥപൂജാവസ്തുവായ നമ്മുടെ മനസ്സിനെ ബലികഴിക്കുന്നതിനു നമ്മെ സഹായിക്കുന്ന മാൎഗ്ഗങ്ങൾ മാത്രമാണു്. ഇതു നാം അവിടുത്തേയ്ക്കു സമൎപ്പിക്കാതിരിക്കുന്നെങ്കിൽ സന്യാസജീവിതത്തിൽ വിലയുള്ളതായി മററെന്താണുള്ളതു്?"

ഈ സാധുസന്യാസികൾ തങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലം സംബന്ധിച്ചു കണക്കു കേൾപ്പിക്കുന്നതിനായി നിത്യന്യായാധിപസന്നിധിയിൽ ഹാജരാകുമ്പോൾ ബാഹ്യദൃഷ്ടിക്കു നിസ്സാരമെന്നു തോന്നാവുന്ന താഴെപ്പറയുന്ന വാക്കുകൾ ഉച്ചരിക്കാനേ കഴിയൂ. "കൎത്താവേ! എന്റെ സന്യാസജീവിതകാലം മുഴുവനും എന്റെ ഇഷ്ടം നിറവേററുവാൻ ഞാൻ പരിശ്രമിക്കുകയും അതു് ഏറെക്കുറെ സാധിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതേ സമയംതന്നെ എന്റെ സന്യാസവ്രതങ്ങൾക്കു പ്രത്യക്ഷത്തിൽ എതിരാണെന്നു് അറിഞ്ഞിരുന്നവ ചെയ്യുന്നതിനു ഞാൻ ഒരിക്കലും ശ്രമിച്ചിട്ടുമില്ല." ഇപ്രകാരമുള്ള ഒരു

നീതീകരണം ആശ്വാസപ്രദമോ ധൈര്യപ്രദമോ അല്ല. നമ്മുടെ കർത്താവീശോമിശിഹാ സന്യാസജീവിതത്തെ അനുസരണമെന്ന അടിസ്ഥാനത്തിന്മേൽ പണിയുകയും നിരവധി അനുഗ്രഹങ്ങൾ അതിനു പറഞ്ഞൊക്കുകയും ചെയ്തിരിക്കുന്നതു് അതിനെ താങ്ങിനിർത്താനുള്ള തൂണുകൾ നശിക്കാതിരിക്കേണ്ടതിനായിട്ടു മാത്രമല്ല. സന്യാസജീവിതത്തിൻെറ തൂണുകളാണു സന്യാസവ്രതങ്ങൾ. അതിനാൽ അവയിൽ ഏതിനെങ്കിലും ഒന്നിനു് എതിരായി പിഴയ്ക്കുന്നതു സന്യാസജീവിതത്തിൻെറ തൂണുകളെ നശിപ്പിക്കുന്നതുപോലെതന്നെയാണു്.

ഒരു സന്യാസിയുടെ പ്രഥമവും പ്രധാനവുമായ കടമ തൻെറ വ്രതങ്ങളെ പാലിക്കുക എന്നതാണു്. എന്നാൽ ഇതു മാത്രമല്ല അവൻെറ കടമ. പ്രത്യുത, വ്രതങ്ങളുടെ പരിപൂർണ്ണമായ അനുഷ്ഠാനംവഴി അവയോടനുബന്ധിച്ച പുണ്യങ്ങളും അവൻ സമ്പാദിക്കേണ്ടിയിരിക്കുന്നു. അധികാരികളോടും നിയമങ്ങളോടും എതിർക്കുകയും യാതൊരു സാധനവും സ്വന്തമായി ഉപയോഗിക്കുകയും ചെയ്തിട്ടില്ലെങ്കിൽ, അവൻ കീഴ്വഴക്കം, ദാരിദ്ര്യം എന്ന വ്രതങ്ങളെ ലംഘിച്ചിട്ടില്ലെന്നു പറയാം. എന്നാൽ എപ്പോഴും സ്വേച്ഛാനുസാരമാണു വർത്തിച്ചിട്ടുള്ളതെങ്കിൽ അവൻ കീഴ്വഴക്കമുള്ള ഒരു സന്യാസിയാണെന്നു പറയാമോ? അവൻെറ സന്യാസജീവിതത്തിനു് എന്തെങ്കിലും പ്രതിസമ്മാനം ലഭിക്കുമോ? ജോലി ചെയ്യുന്നതിനു പ്രഭാതത്തിൽ തോട്ടത്തിലേയ്ക്കു പോവുകയും, സന്ധ്യവരെ യാതൊന്നും പ്രവർത്തിക്കാതെ ചെടികളെ നശിപ്പിക്കാതിരിപ്പാൻ മാത്രം ശ്രദ്ധിക്കുകയും ചെയ്ത കൂലിക്കാരനു ലഭിച്ച സമ്മാനമായിരിക്കും ഈദൃശ സന്യാസികൾക്കു ലഭിക്കുന്നതു്.

"നിങ്ങളും പോയി ഫലങ്ങൾ പുറപ്പെടുവിക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തിരിക്കുന്നു" എന്നു നമ്മുടെ കർത്താവീശോമിശിഹാ തൻെറ ശിഷ്യന്മാരോടു് അരുളിച്ചെയ്കയുണ്ടായി. തന്നെ ഏല്പിച്ചിരുന്ന നിധി നഷ്ടപ്പെട്ട

ത്താതെ സൂക്ഷിച്ചതിൽ വളരെ സംതൃപ്തനായി ഒരുവൻ മടങ്ങി വന്നു. എന്നാൽ അവൻ ആ പണം വ്യാപാരം ചെയ്യായ്കയാൽ അവനെപ്പററി കർത്താവു് ഇപ്രകാരം പറഞ്ഞു: "ആകയാൽ നിങ്ങൾ ആ താലന്തു് അവനിൽ നിന്നെടുത്തു്, പത്തു താലന്തു് ഉള്ളവനു കൊടുക്കുവിൻ. എന്തുകൊണ്ടെന്നാൽ ഉള്ളവനു കൊടുക്കപ്പെടും. അവനു സമൃദ്ധിയുണ്ടാകുകയും ചെയ്യും. ഇല്ലാത്തവനിൽനിന്നു് അവനുള്ളതുകൂടെയും എടുക്കപ്പെടും. മടിയനായ ആ ഭൃത്യനെ പുറത്തെ ഇരുട്ടിലേയ്ക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" (മത്താ: XXV 28, 29, 30). തനിക്കു കിട്ടിയ താലന്തു നിലത്തു കുഴിച്ചിടുകയും തദ്വാരാ അതുകൊണ്ടു യാതൊരു ആദായവും ഉണ്ടാക്കാതിരിക്കുകയും ചെയ്തതായി സുവിശേഷത്തിൽ പറയുന്ന ഉപയോഗശൂന്യനായ ഭൃത്യനെപ്പോലെയാണു്, അനുസരണവ്രതം ഒരിക്കലും ലംഘിക്കാതിരിക്കുകയും എന്നാൽ അനുസരണമെന്ന പുണ്യം അഭ്യസിക്കുന്നതിനു പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്ന സന്യാസി. ആ ഭൃത്യനു് ഉണ്ടായിരുന്നതുകൂടി നഷ്ടപ്പെടുകയും അവൻ ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. മണ്ണിനടിയിൽ ആഴത്തിൽ സ്ഥിതിചെയ്യുന്നതും കാലാനുസൃതം മഴയാൽ പോഷിപ്പിക്കപ്പെടുന്നതുമായ വേരിൽനിന്നു തടിയും തടിയിൽനിന്നു ശിഖരങ്ങളും, ശിഖരങ്ങളിൽനിന്നു പുഷ്പഫലാദികളും പുറപ്പെടുന്നു. ആഴത്തിലിരിക്കുന്നതും കയ്പുള്ളതുമായ ഒരു വേരാണു് അനുസരണം എന്ന വ്രതം. നാം ദൈവത്തിനു് അപ്പിക്കുന്ന നമ്മുടെ സ്വന്തം മനസ്സിൻെറ പൂജയാണിതു്. വേണ്ടവിധം സംരക്ഷിക്കപ്പെടുമ്പോൾ, സ്വാഭാവികമായിത്തന്നെ, മനോജ്ഞമായ കീഴ്വഴക്കമെന്ന പുണ്യത്തെ ഇതു പുറപ്പെടുവിക്കുന്നു. മനോഹരമായ പുഷ്പങ്ങളും രുചികരമായ ഫലങ്ങളും പുറപ്പെടുവിക്കുന്ന വിവിധ ശാഖകൾ മുളച്ചുവരുന്ന ഒരു നല്ല തായിത്തണ്ടിനോടു് ഇതിനെ സാദൃശ്യപ്പെടുത്താം. പരിപൂർണ്ണമായ അനുസരണത്തിൽ മററെല്ലാ പുണ്യങ്ങളും അന്തർഭവിച്ചിരിക്കുന്നു. അനുസരണമുള്ള സന്യാസിയെ ദൈവം അനുഗ്രഹിക്കുന്നതിനാൽ അവൻ

എപ്പോഴും തനിക്കുതന്നെയും തൻെറ സഭയ്ക്കും വളരെ പ്രയോജനമുള്ള ഒരംഗമായിരിക്കും. അനുസരണമുള്ളവനാണ് സദാ ദൈവത്തെ പ്രസാദിപ്പിക്കുകയും തൻെറ സഹോദരനെ സഹായിക്കുകയും ചെയ്യുന്നതു്. അവനാണ് ആദർശയോഗ്യനായ സന്യാസി.

അനുസരണാരൂപിയുടെ ഗുണങ്ങൾ വിവിധങ്ങളും അതിപ്രധാനങ്ങളുമാണ്:– 1. അനുസരിക്കുമ്പോൾ താൻ ദൈവത്തിനു് ഏററം ഇഷ്ടമുള്ളതു നിർവ്വഹിക്കുകയാണു ചെയ്യുന്നതെന്നു് ഒരു സന്യാസി അറിയുന്നു. ഏററം പരിപൂർണ്ണമായതു് എപ്പോഴും ചെയ്തുകൊള്ളാം എന്ന ആ വ്രതം എടുക്കുവാൻ അധികാരികളിൽനിന്നു് അനുവാദം ലഭിച്ചതു് ഒരു മഹാഭാഗ്യമായി വി. അമ്മത്രേസ്യാ പരിഗണിച്ചു. തങ്ങളുടെ ജീവിതത്തിലേ ഏററം നിസ്സാരമായ കാര്യങ്ങളിൽപോലും അധികാരികളുടെ ഇഷ്ടത്തിനധീനരായിരിക്കുവാനുള്ള അതുല്യഭാഗ്യം ലഭിച്ചിരിക്കുന്ന സന്യാസികൾക്കു് അറിയാം തങ്ങളോടു് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നതു നിവ്വഹിക്കുകയാണു തങ്ങൾക്കു് ഏററം പററിയതും ദൈവത്തിനു് ഏററം പ്രീതികരവുമെന്നു്. തൻെറ വിചാരങ്ങളെയും പ്രവൃത്തികളെയും സംബന്ധിച്ചുള്ള ഉത്തരവാദിത്വത്താൽ പീഡിപ്പിക്കപ്പെടാത്ത മനുഷ്യൻ ഭാഗ്യവാൻ തന്നെ.

2. അനുസരണമുള്ളവൻെറ എല്ലാ പ്രവൃത്തികൾക്കും വലുതോ ചെറുതോ എന്ന വ്യത്യാസം കൂടാതെ തുല്യയോഗ്യത ലഭിക്കുന്നു. എന്തുകൊണ്ടെന്നാൽ എന്തു പ്രവത്തിക്കുന്നു എന്നതിലല്ല, എങ്ങനെ പ്രവത്തിക്കുന്നു എന്നതിലാണ് അവൻെറ യോഗ്യത അടങ്ങിയിരിക്കുന്നതു്. അനുസരണാരൂപി തുല്യമാണെങ്കിൽ ലോകദൃഷ്ട്യാ മഹത്തമമായ കാര്യം നിവ്വഹിക്കുന്നവനോടൊപ്പം, ഏതു നിസ്സാര കാൎയ്യവും ദൈവേഷ്ടം നിറവേററണമെന്നുള്ള ഉദ്ദേശ്യത്തോടെ ചെയ്യുന്നവനും പുണ്യയോഗ്യത ലഭിക്കുന്നതാണ്. വിജയത്തെക്കുറിച്ചുള്ള ഉൽക്കണ്ഠാകുലതകളിൽനിന്നും പരാജയഫലമായ നിരാശയിൽനിന്നും അവൻ വിമുക്തനാകുന്നു.

3. അനുസരണത്തിൻകീഴ് പ്രവൎത്തിക്കുന്നവൻ ഒരിക്കലും പരാജയം അടയുന്നില്ല. എന്തുകൊണ്ടെന്നാൽ അപ്രാപ്യമായ വിജയം കരസ്ഥമാക്കണമെന്ന് അവൻ കല്പിക്കപ്പെടുന്നില്ല. പ്രത്യുത, ഉദ്ദേശസാദ്ധ്യത്തിനായി തൻെറ കഴിവിൽപ്പെട്ട തെല്ലാം പ്രവൎത്തിക്കണമെന്നു മാത്രമേ അവനോടാവശ്യപ്പെടുന്നുള്ളു. ഇത്രയും ചെയ്തുകഴിഞ്ഞാൽ അനുസരണത്താൽ ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യം അവൻ പ്രാപിച്ചു കഴിഞ്ഞു. ബാക്കിയെല്ലാം അപ്രധാനങ്ങളത്രേ.

4. ദൈവസഹായത്തിന് അവൻ അർഹനായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ അനുസരണമുള്ളവൻ തൻെറ നാമത്തിലല്ല പ്രത്യുത, ദൈവനാമത്തിലത്രേ പ്രവൎത്തിക്കുന്നതു്. അതിനാൽ ശക്തിയിൽ പെട്ടിടത്തോളം ചെയ്തുകഴിഞ്ഞാൽ "കൎത്താവേ! എൻെറ ഭാഗം ഞാൻ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളതു നിൻേറതാണ്" എന്ന് അവനു ന്യായമായി പറയാം. സർവ്വശക്തനോട്ട് ഇപ്രകാരം പറയുവാൻ കഴിയുക എത്ര ആശാസ്യം.

5. അനുസരണമുള്ള സന്യാസിക്ക് ഒരുവിധത്തിൽ പറഞ്ഞാൽ ഒരിക്കലും തെററുവരാൻ പാടില്ല. കാരണം, വിശുദ്ധ യോഹന്നാൻക്രൂസ് പറയുന്നതുപോലെ, അവൻ സ്വേച്ഛാനുസാരമോ, ദൈവത്തിൽനിന്ന്, അഥവാ സൃഷ്ടികളിൽനിന്ന് ഉളവാകുന്ന സന്തോഷത്തിൻെറ മാർഗ്ഗത്തിലൂടെയോ, അല്ല ചരിക്കുന്നതു്. അവൻ ഒരിക്കലും സ്വന്തം ഇഷ്ടം നിറവേററുന്നുമില്ല. അതിനാൽ അവൻ ഒരിക്കലും അധഃപതിക്കുകയില്ല. അനുസരണമുള്ള സന്യാസിയുടെമേൽ പിശാചനു യാതൊരു ശക്തിയുമില്ല. എന്നാൽ നമ്മുടെ വിശുദ്ധ പിതാവിൻെറ മുൻകരുതലുകറം അനുസരിക്കുന്നതിൽ ഏററം ശ്രദ്ധപതിക്കുന്നില്ലെങ്കിൽ ഈ ആനുകൂല്യങ്ങറം നാം പ്രാപിക്കയില്ലെന്നുള്ളതു നിസ്തൎക്കമത്രേ. അതിനാൽ, "ചെറുതും വലുതുമായ എല്ലാ സംഗതികളിലും ഇതു നീ അനുസരിക്കുന്നില്ലെങ്കിൽ നിനക്കു വിജയം

കൈവരുന്നുണ്ടെന്നു് എത്രതന്നെ തോന്നിയാലും, പിശാചൻെറ കണികളിൽ വീഴാതിരിക്കുവാൻ നിനക്കു സാധിക്കയില്ല. എല്ലാ സംഗതികളിലും അനുസരണത്താൽ നയിക്കപ്പെട്ടില്ല എന്നതു മാത്രമാണു നിൻെറ ഏകന്യൂനത എന്നുവരികിലും, പ്രത്യക്ഷത്തിൽ നീ തെററുകാരൻതന്നെയാകുന്നു'' എന്നു വിശുദ്ധൻ തെളിവായി നമ്മോടു പറയുന്നു.

വിശുദ്ധൻെറ ഈ വാക്കുകൾ നമ്മുടെ ഗാഢമായ ചിന്തയെ അർഹിക്കുന്നുണ്ടു്. അനുസരിക്കുക വിഷമകരവും, നമ്മുടെ വിചാരഗതികൾ ന്യായപൂർവ്വകങ്ങളുമായി നമുക്കു തോന്നുമ്പോൾ, ഇവ പ്രത്യേകിച്ചും ചിന്തനീയങ്ങളാണു്. നമ്മെ അധഃപതിപ്പിക്കുവാൻ, അഥവാ, അനുസരണത്തിൻെറ യോഗ്യത നഷ്ടപ്പെടുത്താനെങ്കിലും, നമ്മുടെ ശത്രു ശ്രമിക്കുന്നു എന്നതു് അപ്പോൾസ്പഷ്ടമാണു്. പ്രത്യക്ഷത്തിൽ തിന്മയായിട്ടുള്ളതിലേയ്ക്കു് അവൻ നമ്മെ പരീക്ഷിക്കയില്ലെന്നു നമുക്കറിയാം. എന്നാൽ പഞ്ചസാര പൊതിഞ്ഞു്, അവൻ നമുക്കു വിഷം തരുന്നു. വി. യോഹന്നാൻക്രൂസിൻെറ ഈ ഉപദേശം സദാ സ്മരിക്കുന്ന ഒരുവൻ ഒരിക്കലും വഞ്ചിതനാകുകയില്ല.

അമ്മ ത്രേസ്യായുടെ ചില വാക്യങ്ങൾകൂടി ഉദ്ധരിച്ചുകൊണ്ടു് ഈ അദ്ധ്യായം ഉപസംഹരിക്കാം. "സഹോദരികളേ, പിശാചൻ നമ്മെ മറന്നിട്ടില്ലെന്നു് അനുസ്മരിക്കുവിൻ. ആശ്രമങ്ങളിൽപോലും അവർ സ്ഥാനബഹുമാനങ്ങൾ സൃഷ്ടിക്കുന്നു. ലോകത്തിലേതുപോലെ മേന്മ കൂട്ടുകയും കുറയുകയും ചെയ്യുന്ന നിയമങ്ങളെ അവിടെ അവൻ നടപ്പാക്കുന്നു. അനുസരണം ആജ്ഞാപിക്കപ്പെട്ടന്നെങ്കിൽത്തന്നെ ചിലക്കു് അതു് ഇഷ്ടപ്പെടുകയില്ല. അതു തങ്ങൾക്കെതിരാണെന്നു പറഞ്ഞു മററുചിലർ അതിനെ എതിർക്കുകയും ചെയ്യും." വേറൊരിടത്തു വിശുദ്ധ പറയുന്നു: ''ആന്തരിക വികാരങ്ങളെക്കുറിച്ചു നാം ഏററം ജാഗ്രതയുള്ളവരായിരിക്കണം. അവ അധികാരത്തെ സംബന്ധിക്കുന്ന

വയാണെങ്കിൽ നാം പ്രത്യേകമായും ഏററം വലിയ സൂക്ഷ്മമുള്ള വരായിരിക്കണം. 'എനിക്കു പ്രായക്കൂടുതലുണ്ടു്; ആശ്രമത്തിൽ ഞാൻ അധികകൊല്ലം ജീവിച്ചിട്ടുണ്ടു്; ഞാൻ കൂടുതൽ ബുദ്ധിമുട്ടി യിട്ടുണ്ടു്; എങ്കിലും മററെ ആളെ അവൻ കൂടുതൽ കാര്യമായി മതിക്കുന്നു.' എന്നും മററും വിചാരിക്കുകയും പറയുകയും ചെയ്യാതിരിക്കാൻ കർത്താവുതന്നെ, തൻെറ പീഡാനുഭവത്തെക്കു റിച്ചു നമ്മെ കാക്കട്ടെ. ഈവിധ ചിന്തകൾ നമ്മിലുണ്ടായാലു ടനെ അവയെ നിഗ്രഹിക്കേണ്ടതു് ആവശ്യകമാണു്. അവയ്ക്കു സ്വാഗതമരുളുകയോ അവയെപ്പററി സംസാരിക്കുകയോ ചെയ്താൽ അവ വലിയ തിന്മകൾക്കു കാരണമായി ബ്ഭവിക്കും. ഇപ്രകാരമുള്ള നടപടികൾ ശ്രേഷ്ഠാധിപ അനുവദിക്കുന്നുവെ ങ്കിൽ, അവ എത്ര നിസ്സാരങ്ങളായിരുന്നാലും നാശത്തിൻെറ ആരംഭമാണു് അവയെന്നും, തങ്ങളുടെ പാപാധിക്യം നിമിത്ത മാണു തങ്ങളുടെ ശ്രേഷ്ഠയായി ദൈവം അവളെ നിശ്ചയിച്ച തെന്നും അവർ വിശ്വസിക്കട്ടേ. അവർ വലിയ അപകടത്തി ലാകയാൽ അതു പരിഹരിക്കപ്പെടുന്നതിനായി അവർ വളരെ പ്രാർത്ഥിക്കട്ടേ. നാം ആരുടെ വസ്ത്രം ധരിക്കുന്നുവോ ആ പരി ശുദ്ധ ജനനിയുടെ അത്യധികമായ എളിമ നമുക്കു കുറെയങ്കിലും അനുകരിക്കാം. ഈ അമ്മയുടെ നാമത്താൽ നാം അലങ്കരിക്ക പ്പെടുന്നതു് എത്രയോ അത്ഭുതകരമാണു്. കാരണം, നാം സ്വയം എത്രതന്നെ എളിമപ്പെടുത്തിയാലും ഇപ്രകാരമുള്ള ഒരമ്മയുടെ മക്കളും ഈവിധമുള്ള ഒരു മണവാളൻെറ മണവാട്ടി കളുമായി തീരുവാൻ നാം ഇനിയും വളരെ പുരോഗമിക്കേണ്ടി യിരിക്കുന്നു. എളിമയിൽ ഈ പറഞ്ഞ സംഗതികൾക്കു നിവാ രണമുണ്ടാക്കാൻ നാം ജാഗ്രതയുള്ളവരല്ലെങ്കിൽ ഒന്നും ഇല്ലെന്നു് ഇപ്പോൾ തോന്നുന്നവ നാളെ പാപദോഷങ്ങളായിത്തീരും. ഇതു് ഒരു വലിയ തിന്മയാകയാൽ, ഇതിൽ നാം അജാഗ്രത പ്രദർശിപ്പിക്കുന്നെങ്കിൽ അവിടെയെങ്ങും ഇതു് അവസാനിക്ക യില്ല. എല്ലാ സന്യാസസമൂഹങ്ങളെ സംബന്ധിച്ചും ഇതു വളരെ ഗൗരവാവഹമായ ഒരു കാര്യമാണു്."

വിശുദ്ധ ത്രേസ്യായുടെ വിവേകപൂർണ്ണമായ ഈ ഉപദേശങ്ങൾ സൂക്ഷ്മമായി അനുസരിക്കുമെങ്കിൽ സന്യാസസമൂഹങ്ങളിൽ അനുസരണാരൂപി ഭദ്രമായിത്തീരും. അനുസരണം ഭദ്രമാണെങ്കിൽ, ദൈവമക്കളുടെ സമാധാനത്തെ ഭഞ്ജിക്കുക പിശാചനു സുകരമായിരിക്കയില്ല.

# അദ്ധ്യായം 11.

## അഞ്ചാമത്തെ നിർദ്ദേശം.

### പിശാചനെതിരായ രണ്ടാമത്തേ മുൻകരുതൽ.

### നമ്മുടെ അധികാരികളെ നാം എങ്ങനെ ബഹുമാനിക്കണം.

### അവരുടെ കടമകൾ:-

നമ്മുടെ ആശ്രമശ്രേഷ്ഠൻ ദൈവത്തിൻെറ സ്ഥാനപതിയാകയാൽ അദ്ദേഹം ആരുതന്നെയായാലും ദൈവത്തോടു നമുക്കുള്ള ബഹുമാനത്തെക്കാൾ ഒട്ടും കുറവല്ലാത്ത ബഹുമാനം നാം അദ്ദേഹത്തോടു കാണിക്കണം. അതായതു്, അധികാരികളെ നാം ദൈവത്തെപ്പോലെ ബഹുമാനിച്ചേ മതിയാവൂ. എളിമയുടെ ശത്രുവായ പിശാചു് ഈ സംഗതിയിൽ വളരെയധികം ഇടപെടുമെന്നു നാം സ്മരിക്കണം. "നിൻെറ അധികാരിയെ ഇപ്രകാരം മതിക്കുന്നതിൽനിന്നു് ഉണ്ടാകുന്ന നന്മകൾ നിരവധിയാണു്. മറിച്ചു്, ഇതിനെ നീ അവഗണിക്കുന്നെങ്കിൽ പല തിന്മകൾക്കും വലിയ നഷ്ടത്തിനും ഇതു കാരണമായിത്തീരും. നിന്നെത്തന്നെ ജാഗ്രതയോടെ സൂക്ഷിക്കുക.

അധികാരിയുടെ യോഗ്യതകരം, ശീലഗുണങ്ങരം, സ്വഭാവ രീതികരം, ആകാരസൂഷ്മ ഇവയൊന്നും പരിഗണിക്കേണ്ട. ഇവയെ നീ പരിഗണിച്ചാൽ നീ നിനക്കുതന്നെ നാശം വരുത്തും. കാരണം, അപ്പോരം നിൻെറ അനുസരണം ദൈവികമല്ല; പ്രത്യുത മാനുഷികമാണു്. നിൻെറ അധികാരിയിൽ നീ ആരെ അനുസരിക്കണമോ ആ അദൃശ്യനായ ദൈവമല്ല പ്രത്യുത, അധികാരിയിൽ കാണുന്ന ഗുണഗണങ്ങളാണു് അപ്പോരം നിൻെറ അനുസരണത്തിനു പ്രേരകമായിരിക്കുന്നതു്. അധികാരിയുടെ സ്വഭാവഗുണങ്ങളിൽ സന്തോഷിക്കുകയോ അദ്ദേഹത്തിൻെറ സ്വഭാവദൃഷ്യത്തിൽ മനം കലങ്ങുകയോ ചെയ്താൽ നിൻെറ അനുസരണം നിഷ്പ്രയോജനമോ അഥവാ അല്പമാത്രയോഗ്യതാർഹമോ ആയിത്തീരും. അധികാരികളെ വേണ്ടവിധത്തിൽ ബഹുമാനിക്കായ്കയാൽ പരിപൂർണ്ണതയ്ക്കായുള്ള പരിശ്രമത്തിൽ പല സന്യാസികളും പരാജയമടഞ്ഞിട്ടുണ്ടെന്നു ഞാൻ ഉറപ്പു പറയുന്നു. മാനുഷികന്യായങ്ങളാൽ പ്രേരിതമായ അവരുടെ അനുസരണം ദൈവദൃഷ്ടിയിൽ യോഗ്യതാർഹമല്ല. ഈ സംഗതികളിൽ നീ നിന്നെത്തന്നെ ജയിച്ചു നിൻെറ അധികാരിയുടെ വ്യക്തിമാഹാത്മ്യത്തെ നിഷ്പക്ഷമായി വീക്ഷിച്ചു ജീവിക്കുന്നില്ലെങ്കിൽ നീ ഒരിക്കലും ഒരാദ്ധ്യാത്മികമനുഷ്യനായിത്തീരുകയോ നിൻെറ വ്രതങ്ങളെ വിശ്വസ്തതയോടുകൂടി പാലിക്കുകയോ ചെയ്യുകയില്ല.”

ഈ ഉപദേശങ്ങളിൽ വിശുദ്ധൻ ഉപയോഗിക്കുന്ന വാക്കുകരം വളരെ സാരമുള്ളവയാകയാൽ, അവ വിശുദ്ധൻെറ മക്കളെന്നു് അഭിമാനിക്കുന്ന ഏവരുടേയും നിരന്തരശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. നമ്മുടെ അധികാരി ആരുതന്നെയായാലും ദൈവത്തോടുള്ള ബഹുമാനംപോലെ ഒരു ബഹുമാനം നമുക്കു് അദ്ദേഹത്തോടും ഉണ്ടായിരിക്കണമെന്നു വിശുദ്ധൻ നമ്മോടു് ആജ്ഞാപിക്കുന്നു. ഇതു് അനുസരിക്കായ്കയാൽ പരിപൂർണ്ണതാപഥത്തിൽനിന്നു പിശാചൻ പലരേയും വ്യതിചലിപ്പിച്ചിട്ടുണ്ടെന്നു് അദ്ദേഹം ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.

മാത്രമല്ല, ഇതു നാം വിശ്വസ്തതാപൂർവ്വം അനുസരിക്കുന്നില്ലെങ്കിൽ നാം ആദ്ധ്യാത്മികമനുഷ്യരാകുകയോ പരിപൂർണ്ണതപ്രാപിക്കുകയോ ചെയ്യുകയില്ലെന്നു തന്നെയല്ല, നമ്മുടെ വ്രതങ്ങളെ പാലിക്കുന്നതിനുകൂടി നാം അപ്രാപ്തരായി ഭവിക്കുമെന്നും വിശുദ്ധൻ നമ്മെ ഉപദേശിക്കുന്നു. ഇതു വെറും ഉപദേശം മാത്രമല്ലെന്നു സ്പഷ്ടമാണ്. നമ്മുടെ ഭക്തിതീക്ഷ്ണതയുടെ കൂടുതൽ കുറവനുസരിച്ച് ഇതു സ്വീകരിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ നമുക്കു സ്വാതന്ത്ര്യമുണ്ടെന്നുള്ളതിനു തക്കമില്ല. എന്നാൽ പ്രസ്തുതോപദേശം സന്യാസജീവിതത്തിന്, അനുപേക്ഷണീയമാണ്; കാരണം, തൻെറ വാഗ്ദാനങ്ങളെ പാലിക്കാത്തവൻ ഒരു നല്ല സന്യാസിയല്ല; ഈ ഉപദേശത്തെ വിശ്വസ്തതാപൂർവ്വം അനുസരിക്കാത്തവൻ തൻെറ വ്രതങ്ങളെ പാലിക്കുകയില്ലെന്നു വിശുദ്ധൻ ഉറപ്പുപറയുകയും ചെയ്യുന്നു. അതിനാൽ ഈ സംഗതി നമ്മുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കേണ്ടതാണ്.

അധികാരികളുടെ വ്യക്തിപരമായ ഗുണങ്ങളെ തീരെ അവഗണിച്ചും അവർ ആരെ പ്രതിനിധാനം ചെയ്യുന്നുവോ ആ ദൈവത്തെ മാത്രം ലക്ഷ്യമാക്കിയും പ്രവർത്തിക്കേണ്ട ചുമതല സന്യാസികൾക്കുണ്ടെന്ന് ഈ മുൻകുറുതലിൽനിന്നു വിശദമാകുന്നു. ഓരോ സന്യാസിയുടേയും വിശുദ്ധീകരണത്തിനും സന്യാസസമൂഹത്തിൻെറ അഭിവൃദ്ധിക്കും ഈ ഉപദേശം ഏററം പററിയതും അത്യാവശ്യകവുമാകുന്നു. ഇതു് അഭ്യസിക്കുന്നതിനു നാം എത്രതന്നെ ഉത്സാഹിച്ചാലും മററുള്ളവരിൽ ഇതു് ഉല്പാദിപ്പിക്കുന്നതിനു നാം എത്രതന്നെ പരിശ്രമിച്ചാലും അതു് ഒരിക്കലും മതിയായെന്നു വരുന്നതല്ല.

കീഴുള്ളവരുടെ കടമകൾ അധികാരികൾ അവരെ അനുസ്മരിപ്പിക്കുമ്പോൾ ഗൗരവമേറിയ സ്വന്തം ചുമതലകൾ സ്മരിക്കേണ്ടതു് അവശ്യാവശ്യകമാണ്. അധീനരുടെ അല്പപുണ്യം അധികാരിയുടെ ന്യൂനത എന്നു് അധീനർക്കു തോന്നുന്ന ചേഷ്ടകളാൽ, പലപ്പോഴും നശിപ്പിക്കപ്പെടുന്നതു വളരെ ദയനീയ

മത്രേ. ദൈവം ഭരമേല്പിച്ചിരിക്കുന്ന ബലഹീനരായ ആത്മാക്കൾക്കു് – അവർ ബലഹീനരും തദ്വാരാ പൈതൃകമായ ശ്രദ്ധ അർഹിക്കുന്നവരും ആണു് എന്ന കാരണത്താൽ – ഉതപ്പിനും ഇടച്ചിലും കാരണമായിത്തീരുന്നതിനു് ഒരധികാരിയും ഇഷ്ടപ്പെടുകയില്ല. അതിനാൽ "ദൈവത്തോടുള്ളതിനെക്കാൾ കുറവായ മതിപ്പോടുകൂടി അധികാരിയെ ഒരിക്കലും വീക്ഷിക്കരുതു്" എന്നു് ഉപദേശിക്കുന്ന ഈ മുൻകരുതലിനെപ്പററി നിരൂപണം ചെയ്യുന്നതിനു മുൻപായി, തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ കടന്നുകൂടുന്ന പോരായ്മകൾ തങ്ങളുടെ കീഴുള്ളവരെ കഴിയുന്നതും കുറച്ചുമാത്രം ബാധിക്കുന്നതിനു സദാ ശ്രദ്ധയുള്ളവരായിരിക്കണമെന്നു് അധികാരികളെ അനുസ്മരിപ്പിക്കുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നു. കാരണം, അധികാരികളും മനുഷ്യരാകയാൽ അവരും ബലഹീനതകൾക്കധീനരാണു്.

പകുതി സത്യം പറയുന്നതു്, അതായതു് സത്യാവസ്ഥ മുഴുവൻ വെളിപ്പെടുത്താതെ സംസാരിക്കുന്നതു് ഉപയോഗശൂന്യമെന്നുമാത്രമല്ല, ആപല്ക്കരവുമാണെന്നു പലരും സമ്മതിക്കുന്നുണ്ടു്. സത്യം ഒട്ടും മറയ്ക്കാതെ പറയാം. മുഴുവനായും ഉപവിയോടുകൂടിയും പറഞ്ഞാൽ അതു പ്രയോജനകരമായിരിക്കുകയും ചെയ്യും. ഭരണീയർ തങ്ങളുടെ അധികാരികളുടെ വ്യക്തിപരമായ ന്യൂനതകളെ ഒരിക്കലും പരിഗണിക്കരുതു്. എന്നാൽ തങ്ങളുടെ ന്യൂനതകളെ ആസ്പദിച്ചു കീഴുള്ളവരുടെ പുണ്യം അളക്കാതിരിക്കാൻ അധികാരികൾക്കു് ഗൗരവമേറിയ കടമയും ഉണ്ടു്. ഇവയിൽ ഒന്നിനെ സ്വീകരിക്കുകയും മററുള്ളതിനെ പൂർണ്ണമായി ത്യജിക്കുകയും ചെയ്യുക സാദ്ധ്യമല്ല. അതിനാൽ ഭരണീയർ തങ്ങളുടെ അധികാരികളോടു കാണിക്കേണ്ട പൂർണ്ണമായ അനുസരണത്തെപ്പററി പറയുന്നതിനുമുമ്പു് അധികാരികളെപ്പററി ചിലതെല്ലാം ചിന്തിക്കാം. ഇവ അധികാരത്തെ വിമർശിച്ചുകൊണ്ടോ അധികാരത്തിനെതിരായോ ആകുന്നുവെന്നു് ആരും ധരിക്കേണ്ടതില്ല.

അധികാരം ആൎക്ക് നല്കപ്പെട്ടുന്നുവോ ആ ആരം വലിയ ബഹുമാനത്തിനു് അർഹനായിത്തീരുന്നു. നിയമാനുസാരം അധിപനായിരിക്കുന്ന ആൾക്കും നിയമനിഷ്ഠമായ അധികാരമുണ്ടു്. എല്ലാ അധികാരവും ദൈവത്തിൽനിന്നാണെന്നു വിശുദ്ധ പൗലോസ് പറയുന്നു. അതിനാൽ ഓരോ അധികാരിയും ദൈവത്തിൻെറ സ്ഥാനപതിയാണു്. സ്വകൃത്യനിൎവ്വഹണത്തിൽ ഭരണീയരെ സംബന്ധിച്ചിടത്തോളം അധികാരി ദൈവത്തിൻെറ സ്ഥാനം വഹിക്കുന്നു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെയാകുന്നു നിരസിക്കുന്നതു്. എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു" (Luke X — 16) എന്ന സുവിശേഷവാക്യം ന്യായമായ എല്ലാ അധികാരികളെയും സംബന്ധിച്ചുപയോഗിക്കാവുന്നതാണു്. ആത്മാക്കളുടെ പരിപാലനം കയ്യേററിരിക്കുന്നവരെ ലോകത്തിലേ ഏററം മഹത്തായ ജോലിയാണു ദൈവം ഭരമേല്പിച്ചിരിക്കുന്നതു്. അതിനാലത്രേ ഞങ്ങൾ ദൈവത്തോടുകൂടി വേല ചെയ്യുന്നു എന്നു വിശുദ്ധ പൗലോസ് തൻെറ ജോലിയെക്കുറിച്ചു പറയുന്നതു്. ഏററം വലിയ ബഹുമാനവും ഏററം ഉന്നതമായ സ്ഥാനവും ആകുന്നു ദൈവത്തെ സഹായിക്കുക — ആത്മാക്കളെ വിശുദ്ധീകരിക്കുകയും ഭരിക്കുകയും ചെയ്യുന്നതിൽ അവിടുത്തോടു സഹകരിച്ചു പ്രവൎത്തിക്കുക—എന്നതു്. ഇതാണു് അധീനരോടു് അധികാരികൾക്കുള്ള ബന്ധം. ഇക്കാരണത്താൽ അധീനരുടെ ഇടയിൽ അധികാരികൾക്കു് ഒരു മഹത്തായ സ്ഥാനമുണ്ടു്. "അവർ ഇരട്ടി ബഹുമാനത്തിനു യോഗ്യരാണു്" (I Tim. V–17.)

എന്നാൽ ബഹുമാനത്തിനും പ്രഥമസ്ഥാനത്തിനും തനിക്കുള്ള അവകാശം മാത്രം പരിഗണിക്കുന്നതു് ഒരധികാരിക്കു് ആക്ഷേപകരമാകുന്നു. എന്തുകൊണ്ടെന്നാൽ അധികാരം ബഹുമാനമാണെങ്കിൽ അതു് അപകടകരവുമാണു്. അധികാരിയുടെ പുണ്യവും വ്യക്തിപരമായ അവസ്ഥയുമനുസരിച്ചിരിക്കും ഈ അപകടത്തിൻെറ ആസന്നത. അധികാരം ഒരുവനെ

ഉയത്തുന്നു. ഒരുവൻ എത്രമാത്രം ഉയത്തപ്പെടുന്നുവോ അത്രയും അവൻ പരദൃഷ്ടിക്കു വിഷയീഭവിക്കുന്നു. ഒരു വലിയ സമൂഹത്തിൽ സമ്മേളിക്കുമ്പോഠം ഒരുവൻെറ അപൂൎണ്ണതകളെ മറയ്ക്കുവാൻ വിഷമമില്ല. എന്നാൽ അവൻ അല്പമെങ്കിലും ഉയത്തപ്പെട്ടാൽ അതുല്പമായ അപൂൎണ്ണതകഠംപോലും അന്യദൃഷ്ടികളിൽ പെടാതിരിക്കയില്ല. അപൂൎണ്ണതകഠംമൂലം തങ്ങളുടെ സ്ഥാനത്തെ അനാദരിക്കുന്നവരെ ബഹുമാനിക്കാൻ മനുഷ്യർ വിമുഖരാണു്. താഴ്ന്ന പടിയിലുള്ള ഒരു വ്യക്തി എന്ന നിലയിൽ എല്ലാവരും സ്നേഹിക്കുകയും മതിക്കുകയും ചെയ്യുന്ന ഒരുവൻ, അധികാരസ്ഥാനത്തേയ്ക്കു് ഉയത്തപ്പെടുമ്പോഠം പരനിന്ദയ്ക്കും അവഹേളനത്തിനും വിഷയീഭവിക്കുന്നതു നാം പലപ്പോഴും കണ്ടിട്ടുണ്ടല്ലോ. അല്പമായ ഉയരത്തിൽനിന്നുകൂടെയും 'തലക്കറക്കം' കൂടാതെ കീഴ്പ്പോട്ടു നോക്കുവാൻ പാടില്ലാത്തവണ്ണം ബലഹീനരായ ചിലരുണ്ടു്.

അധികാരം ഒരു ഉന്നതിയാണു്. അവിടെനിന്നുകൊണ്ടു തങ്ങഠംക്കുതന്നെ അപകടം കൂടാതെ തങ്ങളുടെ അധീനരെ വീക്ഷിക്കുവാൻ ചിലക്കു സാധിക്കയില്ല. എത്ര കഥയില്ലാത്ത മായാമോഹങ്ങളാണു് അവരുടെ ബലഹീനമായ തലയെ തിരിക്കുകയും കണ്ണുകളെ മൂടുകയും ചെയ്യുന്നതു്. ഒരു മനുഷ്യൻെറ സാക്ഷാത്തായ വില അറിയുന്നതിനു് അധികാരം പോലെ ഒരു നല്ല ഉരകല്ലു വേറെയില്ല.

നിയമങ്ങഠം അനുസരിക്കുവാൻ അധികാരികളെ നിർബന്ധിക്കുന്നതിനു് ആരും ഇല്ല. അനുദിനജീവിതത്തിലെ നിരവധി കൃത്യങ്ങളുടെ നിൎവ്വഹണത്തിൽ അധികാരിയെ നിയന്ത്രിക്കുന്നതിനുള്ള ഏക നിയമം അവൻെറ മനസ്സാക്ഷി മാത്രമാകുന്നു. അതിനാൽ അധികാരി കൂടുതൽ സ്വതന്ത്രനാണു്. സ്വാതന്ത്ര്യമാണു് ഒരുവൻെറ സ്വഭാവത്തിൻെറ ഉരകല്ലു്. കുട്ടികളുടെ സ്വഭാവം അറിയുന്നതിനുള്ള ഉത്തമമാൎഗ്ഗം കളിസ്ഥലത്തു് അവക്കു സ്വാതന്ത്ര്യം അനുവദിക്കുകയാണെന്നു വിദ്യാഭ്യാസപ്രവത്തകന്മാർ പറയുന്നു. അതുപോലെ ഒരുവൻെറ സാക്ഷാ

ത്തായ വില അറിയുന്നതിനുള്ള ഉത്തമപോംവഴി അധികാര സ്ഥാനമാണ്. വളരെനാരം അധികാരിയായിരിക്കുന്ന ഒരാരം നിഷ്പ്രയോജനമായ ഒരു ജീവിതം നയിക്കാതിരിക്കണമെങ്കിൽ വലിയ പുണ്യവും അടിയുറച്ച ആദ്ധ്യാത്മിക ചൈതന്യവും അവശ്യാവശ്യകമാണ്. സ്വാഭിലാഷങ്ങരം സാധിക്കുന്നതിനുള്ള ഒരു ഉപാധിയായിമാത്രം അധികാരത്തെ ഉപയോഗിക്കുന്നവൻ സഹതാപത്തിനർഹനാണ്. ഇങ്ങനെയുള്ളവനെ, ഭരണീയർ നിശ്ചയമായും ബഹുമാനിക്കയില്ല.

എല്ലായിടത്തും, വിശിഷ്യാ സന്യാസാശ്രമങ്ങളിലും നല്ല അധികാരികരം, അധികാരസ്ഥാനം തങ്ങരംക്കു ചില സ്വാതന്ത്ര്യങ്ങളെല്ലാം അനുവദിക്കുന്നുണ്ടെന്നു ഭാവിക്കാതെ, ഭരണീയരെക്കാരം തങ്ങരംക്കു സ്വാതന്ത്ര്യം കുറവാണെന്നു വിശ്വസിച്ച്, തദനുസരണം വത്തിക്കുന്നു. ഭരണീയർ അധികാരിയുടെ അനുവാദം ചോദിച്ചുകൊണ്ട്, സംശയാസ്പദവും നിർദ്ദോഷപരവുമായ പ്രവൃത്തികളെ നീതിയുക്തവും യോഗ്യതാർഹവുമാക്കിത്തീക്കുന്നു. എന്നാൽ അധികാരിയെ സംബന്ധിച്ചാകട്ടെ തൻെറ പ്രവൃത്തികരം ന്യായപൂവ്വകങ്ങളായിരുന്നാൽ മാത്രം പോരാ; ഭരണീയരുടെ പരിപൂണ്ണവും സംപ്രീതവുമായ അനുമതികൂടെയും ആവശ്യമാണ്. അതു ലഭിക്കുക അത്ര എളുപ്പവുമല്ല. അതുകൊണ്ട് അധികാരികളെല്ലാവരും, തങ്ങളുടെ ആദശപുരുഷനായ വി. പൗലോസിൻെറ "എല്ലാം എനിക്കു പാടുണ്ട്; എന്നാൽ എല്ലാം എനിക്കു നന്നല്ല" (I Cor. VI. 12). എന്ന വാക്കുകരം സദാ സ്മരിക്കേണ്ടതാണ്.

നമ്മുടെ കത്താവീശോമിശിഹാതന്നെ വിശുദ്ധ പത്രോസിനെ തിരുസ്സഭയുടെ ഒന്നാമത്തേ തലവനായി നിയമിച്ചു. എന്നാൽ അതിനു മുമ്പായി അദ്ദേഹത്തിൻെറ സ്നേഹത്തെ മൂന്നു പ്രാവശ്യം അവിടുന്നു പരീക്ഷിച്ചു. "നീ എന്നെ സ്നേഹിക്കുന്നുവോ? ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" (John XI, 17) എന്ന് അവിടുന്നു മൂന്നു പ്രാവശ്യം വി. പത്രോസിനോടു ചോദിച്ചു. രക്ഷകൻ മനുഷ്യനോടു

ചെയ്ത ഈ ചോദ്യം ആരാധനീയമത്രേ. എന്തുകൊണ്ടെന്നാൽ സുവിശേഷത്തിൽ ഈ ഭാഗം വായിക്കുന്നവൻ, സൃഷ്ടികളിൽ ഇത്ര സ്നേഹാർദ്രനായ ദൈവത്തെ മുട്ടുകുത്തി ആരാധിക്കുന്നു. ആരോട്ട് ഇതു ചോദിക്കപ്പെട്ടുവോ അവന്ന് ഇതു ഭീതിജനകമാണ്. ഈ ചോദ്യം നല്ലവണ്ണം മനസ്സിലാക്കിയാൽ വാഗ്രൂപേണ ഇതിന്നു മറുപടി പറയുക ശക്യമല്ല. ദീർഘശ്വാസങ്ങളും കണ്ണുനീരും മുഖേന മാത്രം വ്യക്തമാക്കാവുന്ന വികാരങ്ങളത്രേ ഹൃദയത്തിൽ ഇതു് അങ്കുരിപ്പിക്കുന്നതു്. 'ഉവ്വ്' എന്നു രണ്ടുപ്രാവശ്യം വി. പത്രോസ് മറുപടി പറഞ്ഞു. എന്നാൽ ആ ചോദ്യത്തിൻെറ അർത്ഥം അപ്പോഠം അദ്ദേഹം പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല. ദൈവമായ കർത്താവിൻെറ അപ്പോഴത്തെ നോട്ടവും വാക്കുകളും അവിടുന്നു് ആശിച്ചതു് ഉത്ഭൂതമാക്കി. മൂന്നാമതും ആ ചോദ്യംതന്നെ ആവർത്തിക്കപ്പെട്ടപ്പോഠം വി. പത്രോസ്സ് രൂപാന്തരപ്പെട്ടുകഴിഞ്ഞിരുന്നു. കർത്താവു് ഉദ്ദേശിച്ച കാര്യം നിർവ്വഹിക്കപ്പെടുകയും ചെയ്തു. ഈശോയുടെ ഒന്നാമത്തേ അപ്പസ്തോലനു്–തിരുസ്സഭയുടെ ഒന്നാമത്തേ അധികാരിയും മററെല്ലാ അധികാരികഠംക്കും മാതൃകയുമായ അദ്ദേഹത്തിന്നു്–സ്നേഹത്തിൻെറ ഭാഷയിൽ മാത്രമേ സംസാരിക്കാൻ സാധിച്ചുള്ളു. അദ്ദേഹം കരഞ്ഞുകൊണ്ടു പറഞ്ഞു: "കർത്താവേ, അവിടുന്നു് എല്ലാം അറിയുന്നുവല്ലോ; ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്നു് അങ്ങറിയുന്നു." മനോജ്ഞമായ ആ ചോദ്യം ഈ വിധത്തിൽ പ്രത്യുത്തരിക്കപ്പെടുന്നതുവരെ, "എൻെറ ആടുകളെ മേയ്ക്കുക" എന്ന മഹനീയോദ്യോഗം പത്രോസിന്നു നല്കപ്പെട്ടില്ല.

അധികാരികഠം മഹാമനസ്കരായിരിക്കണമെന്നത്രേ ഇതു നമ്മെ ഗ്രഹിപ്പിക്കുന്നതു്. സാഹചര്യങ്ങളും സൗകര്യവും അനുകൂലമായിരിക്കുമ്പോഠം എല്ലാവരോടും ഉദാരമായ സ്നേഹം പ്രദർശിപ്പിക്കുന്നതിനു് ഈവിധത്തിലുള്ള അധികാരികഠംക്കേ സാധിക്കു. നിയമം സ്വതേ കാഠിന്യമുള്ളതാണ്. അതിനെ അനുസ്മരിപ്പിക്കേണ്ട ആഠം, തൻെറ സ്നേഹവും നന്മയും

വഴിയായി അതിനെ ലഘൂകരിക്കുന്നില്ലെങ്കിൽ, അയാൾ, തൻെറ അധികാരത്തെ അപകടത്തിലാക്കുകയും അധീനരുടെ അഭിവൃദ്ധിയിൽ, പ്രതിബന്ധങ്ങൾ ഉണ്ടാക്കിവയ്ക്കുകയുംചെയ്യും. ദയാപൂർണ്ണവും സ്നേഹമസൃണവുമായ പെരുമാററം സന്യാസാത്മാക്കൾക്കു പ്രത്യേകിച്ചും ആവശ്യകമാണ്. ഇതു ബാലിശമാണെന്നു ചിലക്കു തോന്നിയേക്കാം. എന്നാൽ സന്യാസസമൂഹങ്ങളിൽ സമാധാനം പാലിക്കുന്നതിനു നാം ആഗ്രഹിക്കുന്നെങ്കിൽ ഇതനുസരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സ്നേഹത്തിനു നാം അനർഹരാണെന്നു നമുക്കു ബോദ്ധ്യമുള്ളപ്പോൾപോലും സ്നേഹിക്കപ്പെടുവാൻ നാം ആഗ്രഹിക്കുന്നു എന്ന് ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. ഒരുവൻ ആധ്യാത്മികജീവിതത്തിൽ എത്രതന്നെ പുരോഗമിച്ചെന്നു തോന്നിയാലും അയാൾ സ്നേഹിക്കുകയും ബഹുമാനിക്കുകയുംചെയ്യുന്ന ആളിൽനിന്നു യഥാർത്ഥ സ്നേഹത്തിൻെറ ലക്ഷ്യം അവനു ലഭിക്കുമ്പോൾ ബാലിശമായ വികാരങ്ങൾക്ക് അവൻ അധീനനാകുന്നു എന്നതു പരമാർത്ഥമത്രേ.

ഈ പുസ്തകം സ്പാനിഷ്ഭാഷയിൽനിന്നു് ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്ത ആ വന്ദ്യവൈദികൻ, സന്യാസജീവിതത്തിൻെറ ആദ്യവർഷത്തിൽത്തന്നെ ഒരു യുവവൈദികൻെറ സഖ്യം സമ്പാദിക്കുന്നതിനിടയായി. ആ വൈദികനാകട്ടെ, ഈ സംഗതി അറിയാതെ ഒരു നിരീക്ഷണപാത്രമായിത്തീൎന്നു. സാഹിത്യലോകത്തിൽ ഒരു മാന്യസ്ഥാനം അദ്ദേഹം കരസ്ഥമാക്കിയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ദൈവവിളി തീരെ അസ്ഥിരമായിരുന്നു. അദ്ദേഹത്തോടു ഗ്രന്ഥകാരൻ ആദ്യമായി സംസാരിച്ചപ്പോൾ, സഭ ഉപേക്ഷിച്ചുപോകുന്നതിനു് അദ്ദേഹം ഒരുങ്ങിയിരിക്കുകയായിരുന്നു. പിന്നീടു് അദ്ദേഹം ഈ നിശ്ചയാനുസരണം പ്രവൃത്തിക്കുകയും താമസംവിനാ മരിക്കുകയും ചെയ്തു. ഒരു ദിവസം ഭക്ഷണസമയത്തു പ്രസ്തുത വൈദികൻ ഊട്ടുമുറിയിൽ ഹാജരായില്ല. ഉടനെ പുണ്യവാനായ അവിടത്തെ ശ്രേഷ്ഠൻ ആ വൈദികൻെറ അസാന്നിദ്ധ്യത്തി

നുള്ള കാരണം അന്വേഷിച്ചറിഞ്ഞു്, അദ്ദേഹത്തിനു് ആവശ്യ മുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതിനു് ഈ ഗ്രന്ഥകാ രനെത്തന്നെ നിയോഗിച്ചു. അദ്ദേഹം വലിയ വ്യഥ അനുഭവി ക്കുന്നുണ്ടെന്നു് ഒററനോട്ടത്തിനു ഗ്രന്ഥകാരനു മനസ്സിലാക്കാ മായിരുന്നു. എങ്കിലും അധികാരിയിൽനിന്നു വന്ന സന്ദേശം അദ്ദേഹത്തെ ധൈര്യപ്പെടുത്തി. അതു് അദ്ദേഹം പല പ്രാവശ്യം ആവത്തിച്ചു പറയിച്ചു. അവ അധികാരിയുടെ വാക്കുകഠം തന്നെയാണെന്നു ബോദ്ധ്യമായപ്പോഠം അദ്ദേഹ ത്തിൻെറ മുഖം സന്തോഷത്താൽ തിളങ്ങി. ഉടൻ അദ്ദേഹം എഴുന്നേററു് ഊട്ടുമുറിയിൽചെന്നു് സന്തോഷപൂർവ്വം ഭക്ഷിച്ചു.

മരണത്തിനു വിധിക്കപ്പെട്ട ഒരു സാധുമനുഷ്യൻ ആ അവസാനസമയത്തു്, തന്നെ ശുശ്രൂഷിച്ചിരുന്നവരോടു് — ഈ ഗ്രന്ഥത്തിൻെറ ഇംഗ്ലീഷു് വിവത്തകനോടുതന്നെ — പറഞ്ഞതു് ഇപ്രകാരമാണു്: "എന്നെ ഏററം പീഡിപ്പിക്കുന്നതു് യാതൊ രുത്തരുടേയും സ്നേഹപാത്രമല്ലാതെ ഞാൻ മരിക്കുന്നല്ലോ എന്ന താണു്. ഞാൻ മരിക്കുമ്പോഠം ഒരുതുള്ളി കണ്ണീർ പൊഴിക്കുന്ന തിനോ എൻെറ ശവകുടീരത്തിൽ ഒരു കുരിശു സ്ഥാപിക്കുന്ന തിനോ ഒരുത്തരും ഉണ്ടായിരിക്കയില്ല." എന്നാൽ തൻെറ ശ്രോതാവു കരയുന്നതു കാണുകയും, തൻെറ ശവകുടീരത്തിൽ ഒരു കുരിശു് സ്ഥാപിക്കാമെന്നു് അദ്ദേഹം പ്രതിജ്ഞചെയ്തു കേഠംക്കുകയും ചെയ്തപ്പോഠം, ദൈവതിരുച്ചിത്തത്തിനു കീഴ്വഴ ങ്ങിക്കൊണ്ടു മാത്രമല്ല, സന്തോഷത്താൽ പൂരിതനായും ആ നിർഭാഗ്യൻ കഴുമരത്തിൽ കയറുകയാണുണ്ടായതു്. കണ്ടാലും ഇതാണു് മനുഷ്യസ്വഭാവമെന്നു് അതിനെ നല്ലവണ്ണം മനസ്സി ലാക്കുമ്പോഠം നമുക്കു ബോദ്ധ്യമാകും. എത്രതന്നെ സ്വഭാവ ദൂഷ്യമുള്ളവനായിരുന്നാലും, അമ്മയുടെ മടിയിൽ ഇരുന്നു കളിച്ച ആ നാളുകളിൽ, തനിക്കു ലഭിച്ചതുപോലുള്ള സുമധു രവും പരിശുദ്ധവുമായ സ്നേഹം സ്വീകരിക്കുന്നതിനും കൊടു ക്കുന്നതിനും, താൻ ഇനിയും പ്രാപ്തനാണെന്നു ബോദ്ധ്യമായാൽ,

നല്ലവനാകുന്നതിനു്, അല്ല, ഒരു പുണ്യവാനാകുന്നതിനുപോലും ശ്രമിക്കുവാൻ, വിമുഖനായി ആരുംതന്നെ ഉണ്ടായിരിക്കുകയില്ല.

സന്യാസികൾ തങ്ങളുടെ അധികാരിയെ 'പിതാവു്' എന്നു സംബോധനം ചെയ്യുന്നു. അതിനാൽ അദ്ദേഹത്തിനു് ഒരു പിതൃഹൃദയംതന്നെ ഉണ്ടായിരിക്കണം. സന്യാസജീവിതത്തിലുള്ള വശീകരണശക്തികളിൽ പ്രമുഖമാണു് ഇതു്. ഇപ്രകാരമുള്ള പരിശുദ്ധ സ്നേഹത്താൽ സ്നേഹിക്കുന്നതും സ്നേഹിക്കപ്പെടുന്നതും മഹാ സന്തോഷകാരണമാണു്. അതേസമയം തന്നെ ഇതു വളരെ സമാധാനസംദായകവുമാണു്. കാരണം, ബന്ധുത്വത്തിൻെറ സ്വാഭാവിക ചാപല്യങ്ങളാൽ അതു പ്രക്ഷുബ്ധമാകുന്നില്ല. എങ്കിലും അതു മാധുര്യത്തിലും തീക്ഷ്ണതയിലും ഒട്ടും പിന്നോക്കമല്ല. സന്യാസജീവിതത്തിനു സ്വന്തമായ ഒരു നിധിയാണിതു്. ഹൃദയവും ഭാവനാശക്തിയും നവ്യജീവനോടുകൂടിയിരിക്കുകയും, എല്ലാം സന്തോഷസന്ദായകവും ആനന്ദപ്രദായകവുമായിരിക്കുകയും ചെയ്യുന്ന യൗവ്വനകാലത്തു പരിശുദ്ധവും യഥാൎത്ഥവുമായ സ്നേഹത്തിൻെറ പരിധിയെ ലംഘിക്കുന്ന സഖിത്വം സമ്പാദിക്കുവാനും ആ സ്നേഹം യഥാൎത്ഥവും സ്വാഭാവികവുമാണെന്നു വിശ്വസിക്കുവാനും വളരെ എളുപ്പമാണു്. എന്നാൽ കഠിനാദ്ധ്വാനത്താൽ നമ്മുടെ ചൈതന്യവും ഹൃദയവും ക്ഷീണിച്ചുവശായി സന്തോഷിക്കുന്നതിനു നമുക്കു് അവകാശമില്ലെന്നും, സ്വൎഗ്ഗത്തിലേയ്ക്കു ദൃഷ്ടികളെ ഉയൎത്തുക മാത്രമാണു കരണീയമെന്നു തോന്നുന്ന പിൽക്കാലമുണ്ടാകും. അന്നു്—ജീവിതത്തിൻെറ സായാഹ്നവേളയിൽ—നമ്മെ തിരസ്കരിക്കുവാൻ മനസ്സുവരാത്തവനും, 'ഒരു പിതാവു് തൻെറ പുത്രന്മാരെ എന്നപോലെ, നമ്മെ സ്വീകരിക്കുന്നതിൽ സന്തോഷിക്കുന്നു' എന്നു നമുക്കു ബോദ്ധ്യമുള്ളവനുമായ ഒരുവനെ, ശിശുസഹജമായ വിശ്വാസത്തോടുകൂടി ആശ്രയിക്കാൻ കഴിയുന്നതു്, ഒരു മഹാഭാഗ്യമാണു്.

അധികാരി നമ്മുടെ പിതാവാകയാൽ മുട്ടിന്മേൽനിന്നു കൊണ്ടു നാം അദ്ദേഹത്തിൻെറ കരമോ ഉത്തരീയമോ ചുംബി ക്കുന്നു. രാത്രിയിൽ നിദ്രയ്ക്കുപോകുന്നതിനു മുൻപും, ആശ്രമ ത്തിനു പുറത്തുപോകുമ്പോഴും, തിരിച്ചുവരുമ്പോഴും അദ്ദേഹ ത്തിൻെറ അനുഗ്രഹം യാചിക്കുകയും ചെയ്യുന്നു. സർവ്വോപരി, ഏതു സന്യാസിയാണു തൻെറ അധികാരിയുടെ അനുഗ്രഹം സ്വീകരിക്കാതെ മരിക്കാൻ ആഗ്രഹിക്കുക? ഇവ, മനോജ്ഞവും ആകർഷകവുമല്ലെങ്കിൽ നിന്ദ്യമായ ഒരു നാട്യം മാത്രമാണ്. നമ്മുടെ അധികാരി പൈതൃകമായി നമ്മെ സ്നേഹിക്കുന്നു ണ്ടെന്നു നമുക്കു നിശ്ചയമില്ലാതിരുന്നെങ്കിൽ ഇതും ഇതുപോ ലുള്ള മററു സന്യാസാചാരങ്ങളും അനുഷ്ഠിക്കുക വളരെ പ്രയാ സമാകുമായിരുന്നു. ഏററം ധീരനായ സേനാനിപോലും, മുട്ടി ന്മേൽ നിന്നുകൊണ്ടു സ്നേഹനിധിയായ ഒരു മാതാവിൻെറ ആലിംഗനസുഖം ആസ്വദിക്കുമ്പോഠം, സന്തോഷപുളകിതനാ യിത്തീരുന്നില്ലയോ? ഇതുപോലെതന്നെ, എല്ലാം മനോജ്ഞ മായി കാണുന്ന യുവസന്യാസിയും, പ്രായാധിക്യത്താലും ദുഃഖാരിഷ്ടതകളാലും, കഠിനാദ്ധ്വാനത്താലും ക്ലേശിതനായ വൃദ്ധസന്യാസിയും തങ്ങളുടെ അധികാരിയാൽ സ്നേഹിക്കപ്പെ ടുമ്പോഠം സന്തോഷചിത്തരായിത്തീരുന്നു. തങ്ങഠം അദ്ദേഹത്തെ സംബോധനം ചെയ്യുന്ന 'പിതാവ്' എന്ന പേരിനെ തൻെറ പ്രവൃത്തികളാൽ അദ്ദേഹം സാർത്ഥകമാക്കുന്നു എന്നു കാണു മ്പോഠം ഭരണീയർ സംതൃപ്തരായിത്തീരും.

എന്നാൽ ഭരണീയക്കു മധുരതരമായ ഈ സംഗതിക ളെല്ലാം അധികാരിക്കു വളരെ വിഷമകരമാണ്. ഏററം വില കൂടിയതു ലഭിക്കുക ഏററം ദുഷ്കരമാണല്ലോ. മനുഷ്യൻെറ ഏററം വലിയ സാന്മാർഗ്ഗികശക്തി അവൻെറ ഹൃദയത്തി ലാണു സ്ഥിതിചെയ്യുന്നതു്. എല്ലാം സഹിക്കുകയും സ്വയം വിസ്മരിക്കുകയും പൂർണ്ണമായി പരിത്യജിക്കുകയും ചെയ്യുന്നതിന് ഒരുവനെ നിർബന്ധിക്കുന്ന യഥാർത്ഥമായ പിതൃസ്നേഹമാണ്, ഒരുപക്ഷെ, സാന്മാർഗ്ഗികമായ ഏററം വലിയ അത്ഭുതം. മനു

ഷ്യസമുദായത്തിൻെറ നിലനില്പിനു് അത്യന്താപേക്ഷിതമായ ഈ സ്നേഹം, മാതാപിതാക്കളുടെ വിശിഷ്യ, മാതാക്കളുടെ ഹൃദയങ്ങളിൽ ദൈവംതന്നെ അങ്കരിപ്പിച്ചിട്ടുണ്ടു്. സന്യാസസമൂഹങ്ങളുടെ നിലനില്പിനും ഈ സ്നേഹം ആവശ്യകമാകയാൽ എല്ലാ അധികാരികൾക്കും ദൈവം ഇതു പ്രദാനം ചെയ്യുന്നുണ്ടു്. എന്നാൽ അവർ ഇതു തന്നോടു് അപേക്ഷിക്കണമെന്നു്—ഇതിനു് അവർ അർഹരായിത്തീരണമെന്നു്—അവിടുന്നു് ആഗ്രഹിക്കുന്നു. അതിനാൽ തിരുസ്സഭയുടെ ഒന്നാമത്തെ അദ്ധ്യക്ഷൻ തൻെറ സ്നേഹത്തെ സംബന്ധിച്ചിടത്തോളം കഠിനപരീക്ഷണത്തിനു വിധേയനാകേണ്ടിവന്നു.

ഒരു സന്യാസാശ്രമത്തിലെ അധിപനെന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള വിഷമം ഇതിലത്രേ സ്ഥിതിചെയ്യുന്നതു്. തങ്ങളുടെ ഹൃദയങ്ങളെ എപ്പോഴും നിയന്ത്രിക്കുന്നതിനു് അധികാരികൾക്കു സാധിക്കുമെങ്കിൽ—വിശുദ്ധന്മാർക്കുള്ള സുശക്തസ്നേഹവും എല്ലാ വിഷമതകളേയും ലഘൂകരിക്കുന്ന സ്നേഹസമന്വിതമായ നന്മയും അവർക്കുണ്ടായിരുന്നെങ്കിൽ—അധികാരിയുടെ ചുമതല വിഷമരഹിതമായിത്തീരുമായിരുന്നു. ശാരീരികയുവത്വം പോലെതന്നെ ആത്മീയയുവത്വവും നിലനിർത്തുക വളരെ വിഷമമാണു്. പ്രത്യേക ദൈവാനുഗ്രഹം കൂടാതെ ഇതു സാദ്ധ്യവുമല്ല. "അസംഖ്യം ദുരിതങ്ങൾ എന്നെ വളഞ്ഞു. എൻെറ പാപങ്ങൾ എന്നെ അടിപ്പെടുത്തി. എന്നാൽ എനിക്കു കാണുവാൻ സാധിച്ചുമില്ല. എൻെറ തലമുടികളെക്കാൾ അധികമായി അവ വർദ്ധിച്ചു. എൻെറ ഹൃദയം എന്നെ ഉപേക്ഷിക്കുകയും ചെയ്തു" എന്നു രാജദീർഘദർശിയോടുകൂടെ എല്ലാവരും ഏറെക്കുറെ വിലപിക്കേണ്ടിയിരിക്കുന്നു. നിരന്തരമായ ത്യാഗങ്ങൾ സഹിച്ചുകൊണ്ടുപോലും എല്ലായ്പോഴും വാത്സല്യപൂർവ്വം സ്നേഹിക്കുക എന്നതു മാതാക്കളുടേയും ദൈവത്തിൻെറ ഉത്തമമിത്രങ്ങളുടേയും ഹൃദയങ്ങൾക്കുള്ള ഒരു നൈസർഗ്ഗികഗുണമാണു്.

വാസ്തവികമായ ആവശ്യത്തിൽ, തന്നെ സമീപിക്കുന്ന ഭരണീയരെ പിതൃതുല്യമായ ജാഗ്രതയോടുകൂടി ശ്രദ്ധിക്കാത്ത ഒരധികാരിയും ഇല്ല. എന്നാൽ ഇതുകൊണ്ടു മാത്രമായില്ല. "പിതാവു്" എന്ന പേരു് ഇതിലും കൂടുതൽ പ്രവത്തിക്കുന്നതിനു് അദ്ദേഹത്തെ കടപ്പെടുത്തുന്നുണ്ടു്. തന്നെ സമീപിക്കാത്തവരേയും തന്നിൽനിന്നു് ഒഴിഞ്ഞുമാറുന്നവരെപ്പോലും അന്വേഷിച്ചുപോകേണ്ടതു് ആവശ്യകമാണു്. യഥാത്ഥമായോ അല്ലാതെയോ ഗൗരവമുള്ളവരെന്നു നടിക്കുന്ന ആളുകളെ ഭിന്നിപ്പിക്കുന്നതിനുമാത്രം പയ്യാപ്തവും വെറും ബാലിശവുമായ വിനോദത്തിനുവേണ്ടിയല്ല ഇപ്രകാരം ചെയ്യേണ്ടതു്. അവരെക്കുറിച്ചു തനിക്കുള്ള പൈതൃകമായ ഉൽക്കണ്ഠയും സ്നേഹവും അവരെ ഗ്രഹിപ്പിക്കുവാൻ ന്യായ്യമായ എല്ലാ മാർഗ്ഗങ്ങളും അദ്ദേഹം ഉപയോഗപ്പെടുത്തണം. ചിലപ്പോഠം, വിശിഷ്യ അധികാരിയെ സ്വാഭാവികമായ വെറുപ്പോടുകൂടി വീക്ഷിക്കുന്നവരുടേയും ഇതേ മനോഭാവത്തോടെ അദ്ദേഹം വീക്ഷിക്കുന്നവരുടേയും കാര്യത്തിൽ, വളരെ പ്രയാസമുള്ളതാണിതു്. ഇപ്രകാരമുള്ള ഭരണീയർ അധികാരിയെ സമീപിക്കുമ്പോഠം അവരുടെ വത്തനാരീതികളാലും സംസ്കാരരാഹിത്യത്താലും സ്വഭാവവൈപരീത്യത്താലും പ്രത്യേകമായി ചിന്താഗതികളാലും സ്വാഭാവികമായിത്തന്നെ അദ്ദേഹത്തെ വെറുപ്പിച്ചേക്കാം. തൻെറ ദാസന്മാരെ പരിശീലിപ്പിക്കുന്നതിനായിട്ടാണു് ഇപ്രകാരമുള്ള ആളുകഠം സമൂഹങ്ങളിൽ ജീവിക്കുന്നതിനു ദൈവം അനുവദിക്കുന്നതു്. തങ്ങഠംക്കുതന്നെ അജ്ഞാതമായിരിക്കുന്ന കാരണങ്ങളാൽ നിരന്തരം പീഡിപ്പിക്കപ്പെട്ടു ജീവിക്കുന്നതിനു ചില ആത്മാക്കഠം നിയോഗിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. സാധാരണമായിട്ടും എന്നാൽ മനഃപൂർവ്വമല്ലാതെയും അവർ മററുള്ളവക്കു ത്യാഗത്തിനു കാരണമായിത്തീരാറുണ്ടു്. എല്ലാം അവക്കു് അനിഷ്ടകരംതന്നെ. അവരുടെ അസംതൃപ്തിമൂലം അവർ മററുള്ളവരേയും വിഷമിപ്പിക്കുന്നു. സ്വാത്ഥമൂത്തികഠംക്കു വളരെ അനുയോജ്യവും എന്നാൽ സുവിശേഷാരൂപിക്കു കടക

വിരുദ്ധവും, സന്യാസഭവനങ്ങൾക്ക നാശകരവും മുതലമനസ്സാക്ഷിയോടുകൂടിയവക്ക് അസമാധാനഹേതുകവുമായ ഒരു നില തങ്ങളുടെ അധികാരിയുടെ സന്നിധിയിൽ ഇത്തരക്കാർ സ്വീകരിക്കുമെന്നുള്ളതു നിശ്ചയമാണു്. ബാഹ്യമായ സന്യാസമുറകളെല്ലാം അവർ കണിശമായി അനുഷ്ഠിക്കുകയും മററുള്ളവരും അവ പാലിക്കണമെന്നു നിഷ്കർഷിക്കുകയും ചെയ്യുന്നു. തങ്ങളുടേതിൽനിന്നു വിഭിന്നമായ അഭിപ്രായത്തോടുകൂടിയവരോടു് അവർ യോജിക്കാതെ എല്ലാററിൻെറയും എല്ലാവരുടെയും വിധിയാളന്മാരായി അവർ സ്വയം പ്രതിഷ്ഠിക്കുന്നു. അവരുടെ വിധിക്കു പ്രഥമതഃ വിഷയീഭവിക്കുന്നതു് അധികാരിയായിരിക്കും. അവർ അദ്ദേഹത്തിൻെറ യഥാർത്ഥ ന്യൂനതകളെ സൂക്ഷിച്ചു വീക്ഷിച്ചു പർവ്വതീകരിക്കുകയും അദ്ദേഹത്തിൻെറ സദുദ്ദേശ്യങ്ങളെ ദുർവ്യാഖ്യാനിക്കുകയും ചെയ്യും. അദ്ദേഹത്തിൻെറ സ്വസ്നേഹത്തെ അവർ പരീക്ഷിക്കുകയും ഹൃദയത്തെ മുറിപ്പെടുത്തുകയും ചെയ്യാതിരിക്കയില്ല.

ഇവയാണു് അധികാരിയുടെ പരീക്ഷാവസരങ്ങൾ. ഇവയാൽ അദ്ദേഹം വിശുദ്ധീകരിക്കപ്പെടുന്നു. അധികാരം നിന്ദിക്കപ്പെടുകയും സ്വസ്നേഹം മുറിവേല്പിക്കപ്പെടുകയുംചെയ്ത അദ്ദേഹം, തങ്ങളുടെ അപരാധത്തിൽനിന്നും അവർ വിമുക്തരാകുന്നതുവരെ, നന്ദിഹീനരായ അവരെ പരിത്യജിക്കുന്നതിനു പ്രേരിപ്പിക്കപ്പെടുന്നു; തങ്ങളുടെ മദ്ധ്യേ ഉത്ഭൂതമായിരിക്കുന്ന സ്നേഹക്കുറവു ക്രമശ്ശഃ വദ്ധിച്ചു് അവരെ അതു പരിപൂർണ്ണമായി ഭിന്നിപ്പിച്ചെന്നും വരാം. ചിലപ്പോൾ പകരംവീഴ്ച ചെയ്യുന്നതിനുപോലും അദ്ദേഹം പ്രേരിതനായേക്കാം. അപ്പോൾ അദ്ദേഹത്തിൻെറ മനസ്സാക്ഷി പറയുന്നതു കേട്ടാലും:– "നീ അവക്ക് ഒരു പിതാവാണു്; അല്ല, പിതാവിനെക്കാൾ ഉപരിയായ സ്ഥാനമാണു നിനക്കുള്ളതെന്നു് ഓമ്മിച്ചാലും. അവരുടെ അമ്മമാർ സമീപത്തുണ്ടായിരുന്നെങ്കിൽ അവരോടു് എപ്രകാരം വത്തിക്കുമോ അപ്രകാരം നീ അവരോടു പെരുമാറണം. ഒരമ്മ തൻെറ കുഞ്ഞുങ്ങളെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല; പകരം

വീഴ്ച ചെയ്യുവാൻ ഒരിക്കലും ഇച്ഛിക്കുകയുമില്ല." നാം അവരെ സമീപിക്കുന്നതിനു ശ്രമിക്കുന്ന ഓരോ അവസരത്തിലും വീണ്ടും വീണ്ടും നമ്മെ മുറിപ്പെടുത്തുന്നതിൽ അവർ പ്രത്യേകസന്തോഷം പ്രദർശിപ്പിക്കുമെന്നു ക്ഷതമേററ സ്വസ്നേഹത്തോടു മനുഷ്യസ്വഭാവം മന്ത്രിക്കുന്നു.

എന്നാൽ ഈശോകർത്താവിൻെറ സ്നേഹവും ക്രിസ്തീയ വിവേകവും പ്രബോധിപ്പിക്കുന്നതു കേൾക്കുക: "നിർഭാഗ്യരായ ഈ ആത്മാക്കൾ ഒരു വിഷമസന്ധി തരണം ചെയ്യുകയാണു്; അവർ പരീക്ഷയ്ക്കു വിധേയരായിത്തീർന്നിരിക്കുന്നു; ഈ സംഗതി അവർക്കു സുജ്ഞാതമത്രേ; അവർ മുൻവിധിക്കധീനരും ഹൃദയത്തിൽ കയ്പുനിറഞ്ഞവരുമാകുന്നു. അവരെ നീ ഉപേക്ഷിക്കരുതു്; പ്രത്യുത, അവരുടെ മനസ്സിനെ പ്രകാശിപ്പിക്കുന്നതിനും ഹൃദയത്തെ സന്തോഷിപ്പിക്കുന്നതിനും ലഭിക്കുന്ന എല്ലാ അവസരങ്ങളേയും ഫലപ്രദമാക്കുക. അല്പം സ്നേഹവും വിശ്വാസവും അവരിൽ ഉളവാക്കുവാൻ നിനക്കു സാധിക്കുമെങ്കിൽ അവർ നല്ലവരാകും. മാത്രമല്ല, മററു പലരേയുംകാൾ അവർ ഉത്തമന്മാരാകും. ഈ സൽഫലത്തെ പ്രതീക്ഷിച്ചുകൊണ്ടു്, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹിക്കുകയും അവരുടെ പ്രത്യാഗമനത്തെ പാർത്തിരിക്കുകയും ചെയ്യുക".

എത്ര വലിയ ത്യാഗങ്ങളാണു് അധികാരിയിൽനിന്നു് ഇതാവശ്യപ്പെടുന്നതു്. അധികാരസ്ഥാനം ഒരു വലിയ ഭാരമാണെന്നു് ഇതു സ്പഷ്ടമാക്കുന്നു. അധികാരം ഒരുവൻെറമേൽ ഏററുന്ന ചുമതലകളെ അവഗണിക്കുവാൻ മനുഷ്യർ സന്നദ്ധരും ബുദ്ധിഹീനരുമായിരുന്നില്ലെങ്കിൽ മനസ്സാക്ഷിക്കടുത്ത കൃത്യബോധത്താൽ പ്രേരിതനായിട്ടല്ലാതെ അധികാരസ്ഥാനം കയ്യേൽക്കുന്നതിനു് ആരും തുനിയുകയില്ലായിരുന്നു. എല്ലായ്പോഴും എല്ലാവരേയും സുമനസ്സോടെ സ്നേഹിക്കുകയും തന്നെ സ്വല്പംമാത്രം സ്നേഹിക്കുകയോ അഥവാ തന്നെ പീഡിപ്പിക്കുന്നതിൽ സന്തോഷിക്കുകയോ ചെയ്യുന്ന ഒരുവനു

വേണ്ടി സ്വാഭിലാഷത്തെ ത്യജിക്കുകയും ചെയ്യുക എന്നതു മനുഷ്യശക്തിക്കതീതമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോഴാണ് അധികാരികൾ ക്രൂശിതരൂപത്തിൻെറയോ സക്രാരിയുടെയോ സന്നിധിയിൽ മുട്ടിന്മേൽനിന്നുകൊണ്ടു് "കർത്താവേ! എൻെറമേൽ കൃപയുണ്ടാകണമേ. . . . ദൈവമേ! ശുദ്ധിയുള്ള ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. എൻെറ അന്തർഭാഗത്തു നീതിയുടെ ചൈതന്യത്തെ നീ നവീകരിക്കണമേ. നിൻെറ സംരക്ഷണത്തിൻെറ സന്തോഷത്തെ എനിക്കു തിരിച്ചുതരണമേ. പരിപൂർണ്ണതയുടെ ചൈതന്യംകൊണ്ടു് എന്നെ ബലപ്പെടുത്തണമേ" (Ps. L-12-14) എന്നു് ദാവീദിനോടു കൂടി പ്രാർത്ഥിക്കേണ്ടതു്.

എളിമയോടും തീക്ഷ്ണതയോടുംകൂടിയ പ്രാർത്ഥനയിലല്ലാതെ മറെറാന്നിലും യാതൊരാശ്വാസവും കണ്ടെത്താത്ത മണിക്കൂറുകൾ എല്ലാ അധികാരികളുടേയും ജീവിതത്തിൽ സുലഭമാണു്. ഇസ്രായേൽജനങ്ങളുടെ കാര്യത്തിൽ വളരെ ശ്രദ്ധിച്ചു എങ്കിലും അവർ ദൈവത്തിനും തനിക്കും എതിരായി പിറുപിറുക്കുന്നതു കണ്ടപ്പോൾ, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ ഒന്നാമത്തെ അധികാരിയായ മൂശ നിർവ്വ പുറപ്പെടുവിച്ച വിലാപത്തിൻെറയും, ആർത്തനാദത്തിൻെറയും അർത്ഥം അധികാരികൾ അപ്പോൾ മാത്രമേ പൂർണ്ണമായി ഗ്രഹിക്കുകയുള്ളു. "അങ്ങേ ഭൃത്യനെ അങ്ങെന്തുകൊണ്ടു് പീഡിപ്പിക്കുന്നു? എന്തുകൊണ്ടെന്നാൽ അങ്ങിൽ ഞാൻ കരുണ കണ്ടെത്തുന്നില്ല. ഈ ജനങ്ങളുടെ എല്ലാ ഭാരവും അങ്ങെന്തുകൊണ്ടു് എൻെറമേൽ ചുമത്തിയിരിക്കുന്നു? 'ധാത്രിമാർ പിഞ്ചുകുഞ്ഞുങ്ങളെ എന്നപോലെ അവരെ നിൻെറ മാറിൽ നീ സംവഹിച്ചു് അവരുടെ പിതാക്കളോടു വാഗ്ദാനം ചെയ്യപ്പെട്ട ദേശത്തേയ്ക്കു് അവരെ കൊണ്ടുപോകുക' എന്നു് അവിടുന്നു് എന്നോടു കല്പിക്കുവാൻ ഇവരുടെയെല്ലാം ജനയിതാവു് ഞാനാണോ?" (Nym. XI - 11) എന്നു മോശ നിലവിളിച്ചു ചോദിച്ചു.

ഭരണീയർ നന്ദിഹീനരാണെന്നു പറഞ്ഞ് അധികാരി ഒഴിഞ്ഞുമാറാൻ പാടില്ല. എന്തുകൊണ്ടെന്നാൽ പ്രതിഫലം ദൈവത്തിൽനിന്നു മാത്രം പ്രതീക്ഷിക്കേണ്ടതാകുന്നു. അവർ സ്നേഹയോഗ്യരല്ലെന്നും അധികാരികൾക്കു സമാധാനം പറയുവാൻ പാടില്ല. കാരണം, അവരുടെ സൽഗ്ഗുണങ്ങൾമൂലമല്ല, പ്രത്യുത, ദൈവസ്നേഹത്തെപ്രതിയാണ് അവർ സ്നേഹിക്കപ്പെടേണ്ടതു്. അവർ നിരവധി അപൂർണ്ണതകൾക്കു് അധീനരാണെന്ന സമാധാനവും സ്വീകാര്യമല്ല. അവരുടെ ന്യൂനതകളെ ഉപവിയോടുകൂടി തിരുത്തുവാനും അവർ കൂടുതൽ ചീത്തയാകാതെ സൂക്ഷിക്കുവാനും ചുരുങ്ങിയപക്ഷം അവരുടെ ന്യൂനതകൾ മററുള്ളവക്കു ബാധകമാകാതിരിക്കുവാനും വേണ്ടിയാണ് അധികാരികൾ നിയമിതരായിരിക്കുന്നതു്.

എസക്കിയേൽ പ്രവാചകൻെറ, താഴെ വരുന്ന വാക്കുകളെപ്പററി ഭരണാധികാരികൾ കൂടെക്കൂടെ ധ്യാനിക്കേണ്ടതാണ്. "ദൈവവചനം എന്നെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: മനുഷ്യപുത്രാ, ദൈവമായ കർത്താവു് ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നു ദീർഘദർശനമായി ആട്ടിടയന്മാരെ അറിയിക്കുക. തങ്ങളെത്തന്നെ തീററിയ ഇസ്രായേലിലെ ഇടയന്മാക്കു നാശം. എൻെറ ആട്ടിൻകൂട്ടത്തെ നിങ്ങൾ തീററിയില്ല; ബലഹീനരെ നിങ്ങൾ ശക്തിപ്പെടുത്തിയില്ല; രോഗബാധിതരെ നിങ്ങൾ ശുശ്രൂഷിച്ചില്ല; മുറിവേററവരെ നിങ്ങൾ സുഖമാക്കിയില്ല; വഴിതെററിയവരെ നിങ്ങൾ പ്രത്യാഗമിപ്പിച്ചില്ല. പ്രത്യുത, ഭുജബലംകൊണ്ടു് നിഷ്ഠുരണമായി നിങ്ങൾ അവരെ ഭരിച്ചു. അതിനാൽ ഇടയന്മാരേ! നിങ്ങൾ കർത്താവിൻെറ വചനങ്ങളെ ശ്രവിച്ചാലും. ഞാൻതന്നെ നിങ്ങളുടെ പക്കൽനിന്നു് എൻെറ അജക്കൂട്ടത്തെ ആവശ്യപ്പെടും" (Ezech. XXXVI – 1).

സന്യാസസമൂഹങ്ങളുടെ ഭരണത്തോടു് അനുബന്ധിച്ചുള്ള വിഷമതകൾ സഹിക്കേണ്ടിവരുന്നതിനും പുറമെ, സന്മാതൃക കാണിച്ചുകൊടുക്കേണ്ട ചുമതലയും അധികാരികൾക്കുണ്ടു്.

കാരണം, അധികാരികളുടെ മാതൃകയ്ക്കു് ഭരണീയരുടെമേൽ കൂടുതൽ സ്വാധീനശക്തിയുണ്ടു്. ഒരു നഗരാധിപൻ എപ്ര കാരമോ അപ്രകാരമായിരിക്കും അതിലേ നിവാസികളുമെന്നു് എക്ലസിയാസ്റ്റിക്സിൽ നാം വായിക്കുന്നു. ഒരുപക്ഷെ അധി കാരിയുടെ സൽഗുണങ്ങളിൽ ഒന്നുംതന്നെ ഭരണീയർ അനു കരിച്ചില്ലെന്നു വന്നേക്കാം. എന്നാലും അദ്ദേഹത്തിൻെറ ദുർമ്മാ തൃകയെ അനുകരിക്കാൻ ആളില്ലാതിരിക്കയില്ല. ഒരു നല്ല അധിപൻ ദൈവത്തിൻെറ ഒരു മഹാദാനമാണു്. പ്രായമാ കാത്ത പ്രഭുക്കന്മാരാൽ ഭരിക്കപ്പെടുക എന്നതു് ഒരു ജാതിയുടെ ആസന്നനാശത്തിൻെറ അടയാളമായി വേദപുസ്തകം ചൂണ്ടി ക്കാണിക്കുന്നു. "അവരുടെ ഭരണാധികാരികളായി ശിശുക്കളെ നിയമിക്കും" (Is. III – 4).

അതുപോലെതന്നെ പ്രാപ്തിയില്ലാത്ത അധികാരികളാൽ ഭരിക്കപ്പെടുമ്പോൾ ഒരു സന്യാസി അഥവാ ഒരു സന്യാസ സമൂഹം നാശത്തിനിരയായിത്തീരുമെന്നതു് നിസ്തർക്കമത്രേ. ദൈവതിരുമുമ്പിൽ അധികാരികൾക്കു് ഏററം ഗൗരവതരമായ ഒരു കടമയുണ്ടു്. വി. പൗലോസു് പറയുന്നു: "നിങ്ങളുടെ ഭരണ കത്താക്കന്മാർ നിങ്ങളെപ്പററി കണക്കു കേൾപ്പിക്കേണ്ടവരാക യാൽ, നിങ്ങളുടെ ആത്മാക്കളെക്കുറിച്ചു് ഉണർവോടുകൂടിയി രിക്കുന്ന അവർ, അതു് നെടുവീപ്പുകളോടുകൂടിയല്ലാതെ സന്തോ ഷത്തോടുകൂടി നിവ്വഹിക്കുവാൻവേണ്ടി നിങ്ങൾ അവരെ കീഴ്വ ഴങ്ങുകയും അനുസരിക്കുകയും ചെയ്യുവിൻ" (Heb. XIII – 17). "ഭരണഭാരം വഹിക്കുന്നവർക്കു് അതികഠിനമായ വിധിയു ണ്ടാകും" (Wisd. VI – 6) എന്നു പരിശുദ്ധാത്മാവ് ഉൽബോ ധിപ്പിക്കുന്നു. ഇക്കാരണത്താലത്രേ തൻെറയും ഇതരന്മാരുടെയും പാപങ്ങൾ ക്ഷമിക്കണമേ എന്നു് ദാവീദു രാജാവു് സതീക്ഷ്ണം പ്രാത്ഥിച്ചിരുന്നതു്.

തനിക്കു പല ഉപകാരങ്ങളും ചെയ്തിട്ടുള്ള ഒരു സന്യാസി യുടെ മരണത്തെപ്പററി സംസാരിക്കയിൽ വി. അമ്മത്രേസ്യാ പറയുന്നു: "അദ്ദേഹം വളരെ പുണ്യമുള്ള ഒരാളായിരുന്നു.

ദൈവം അദ്ദേഹത്തിനു നല്കിയ മരണം ഏവക്കും ഉത്തേജകമായിരുന്നതിനാൽ അദ്ദേഹത്തിൻെറ എളിമയും തപോനിഷ്ഠയും ഏവരേയും ആനന്ദിപ്പിച്ചു." വളരെ പുണ്യമുള്ളവനും തിരുസ്സഭയിലേ കൂദാശകളും സഭയിലേ ആനുകൂല്യങ്ങളും കൈക്കൊണ്ടു മരണത്തിനൊരുങ്ങുവാൻ സമയം ലഭിച്ചവനും മരണക്കിടക്കയിൽ തൻെറ സന്യാസസഹോദരങ്ങളുടെ പ്രാത്ഥനകളാൽ സഹായിക്കപ്പെട്ടവനുമായ ഒരാളിനെപ്പററിയാണു് ഇവിടെ പ്രസ്താവിച്ചതു്. ഇപ്രകാരം പുണ്യമായി ജീവിച്ചു മരിച്ച ഒരു സന്യാസി നേരേ സ്വഗ്ഗത്തിലേക്കു പോയെന്നു നിങ്ങാം വിചാരിച്ചേക്കാം. എന്നാൽ നമ്മുടെ അമ്മ ത്രേസ്യാ ഇപ്രകാരം വിചാരിച്ചില്ല. അദ്ദേഹത്തിൻെറ മരണത്തെപ്പററി ശ്രവിച്ചപ്പോഠം പുണ്യവതി വളരെ പരിഭ്രമിക്കുകയും അദ്ദേഹത്തിൻെറ രക്ഷയെപ്പററി ആശങ്കിക്കുകയുമത്രേ ചെയ്തതു്. വിശുദ്ധ പറയുന്നു: "അദ്ദേഹത്തിൻെറ മരണവിവരം അറിഞ്ഞപ്പോഠം ഞാൻ വളരെ അധികം പരിഭ്രമിച്ചു. കാരണം, അദ്ദേഹം ഇരുപതുകൊല്ലക്കാലം ഒരു ആശ്രമാധിപനായിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ ആത്മരക്ഷയുടെ കായ്യത്തിൽ ഞാൻ വളരെ അധികം ഭയാകുലയായി. അധികാരസ്ഥാനം ഞാൻ അത്യധികം ഭയപ്പെടുന്നതു് ആത്മപരിപാലനം അപകടപൂണ്ണമായി എനിക്കു തോന്നുന്നതുകൊണ്ടാണു്."

ഏതൊരധികാരിക്കാണു ഭയവിഹ്വലനാകാതെ ഈ വാക്കുകഠം വായിക്കുവാൻ സാധിക്കുക? തൻെറ ഈ പൂവ്വസുഹൃത്തിനുവേണ്ടി നമ്മുടെ അമ്മ ചെയ്തതെന്താണെന്നു നമുക്കു നോക്കാം: "വലിയ മനോവേദനയോടെ ഞാൻ ഒരു പ്രാത്ഥനാലയത്തിൽ പ്രവേശിച്ചു്, എൻെറ ജീവിതകാലത്തിൽ ഞാൻ ചെയ്തിട്ടുണ്ടായിരുന്ന സകല സദ്പ്രവൃത്തികളും—അതു തീരെ നിസ്സാരമാണു്—ഞാൻ അദ്ദേഹത്തിനുവേണ്ടി സമപ്പിച്ചുകൊണ്ടു്, ഈ ആത്മാവിനെ ശുദ്ധീകരണസ്ഥലത്തുനിന്നു മോചിക്കുവാൻ ഇതിൽ പോരായ്മയുള്ളതു്, അവിടുത്തേ യോഗ്യതകളാൽ പൂരിപ്പിക്കുന്നതിനു നമ്മുടെ കത്താവിനോടു ഞാൻ

പ്രാത്ഥിക്കുകയും ചെയ്തു." പിന്നീട്, പതിനഞ്ചു ദിവസങ്ങൾക്കു ശേഷം അദ്ദേഹം ശുദ്ധീകരണസ്ഥലത്തുനിന്നു വിമുക്തനായി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു താൻ കണ്ടെന്നും വിശുദ്ധ പ്രസ്താവിക്കുന്നു.

വിശുദ്ധ അമ്മ ത്രേസ്യാ തന്റെ ദീർഘവും വിശുദ്ധവുമായ ജീവിതകാലത്തിലെ സകല സൽകൃത്യങ്ങളും നമ്മുടെ കത്താവിന്റെ അനന്തയോഗ്യതകളോടു ചേത്തു സമപ്പിച്ചുകൊണ്ടു ചെയ്ത പ്രാത്ഥനവഴിയാണു ആ വിശുദ്ധ സന്യാസി – മാതൃകായോഗ്യനായ ആ സഭാശ്രേഷ്ഠൻ – ശുദ്ധീകരണസ്ഥലത്തുനിന്നു വിമുക്തനായതു്. ഭാഗ്യശാലിയായ ആ അധികാരിയുടെ ആത്മരക്ഷതന്നെ സാധിച്ചതു്, മുഖ്യമായി, അദ്ദേഹത്തിന്റെ ആത്മീയപുത്രിയായ ഈ ധന്യയുടെ പ്രാത്ഥനകളാലാണെന്നു വിശ്വസിക്കുന്നതിൽ അബദ്ധമില്ല. ഈ പുണ്യാത്മാവിന്റെ ആത്മരക്ഷയുടെ കാൎയ്യത്തിൽ വി. ത്രേസ്യാക്കു് ആശങ്കയുണ്ടായി എങ്കിൽ ഈ പുണ്യവതിയുടെ പ്രശംസക്കു് അർഹമായ പുണ്യങ്ങളൊന്നുമില്ലാത്ത നമ്മുടെ രക്ഷയെപ്പററി എന്തുറപ്പാണുള്ളതു്. ഇത്ര വലിയ പുണ്യയോഗ്യതകളോടുകൂടിയ ആ സന്യാസി പതിനഞ്ചു ദിവസം ശുദ്ധീകരണസ്ഥലത്തിൽ പീഡകൾ സഹിക്കേണ്ടിവന്നു എങ്കിൽ, സ്വജീവിതകാലത്തിലെ സകല യോഗ്യതകളും ഈശോയുടെ അനന്തയോഗ്യതകളോടുകൂടി നമുക്കുവേണ്ടി സമപ്പിക്കുവാൻ പക്ഷേ ഒരു വി. ത്രേസ്യാ ഇല്ലാത്ത നാം എത്ര ദിവസം അവിടെ ഭയങ്കരപീഡകൾ സഹിക്കേണ്ടിവരും!

അധികാരസ്ഥാനം അപകടപൂണ്ണമാണു്. വലിയതും നിരന്തരവുമായ ത്യാഗങ്ങൾ അതു് ആവശ്യപ്പെടുന്നു. ഇതിനും പുറമെ വലിയ ഒരു ചുമതല അതു നമ്മുടെമേൽ ഏററുകയും ചെയ്യുന്നു. അതിനാൽ അധികാരസ്ഥാനം അനുസരണത്തെപ്രതിയല്ലാതെ ആരും സ്വീകരിക്കേണ്ടതില്ല. കാരണം, ഈ വ്യവസ്ഥയിന്മേൽ മാത്രമെ ദൈവസഹായം ലഭിക്കുവാൻ നമുക്കു് അവകാശമോ ന്യായമോ ഉള്ളു. അപ്പോൾ നമ്മുടെ അധികാ

രികൾ വഴിയായി ദൈവംതന്നെയാണ് നമ്മുടെ സഹോദര ങ്ങളെ ഭരിക്കുവാൻ നമ്മോടാവശ്യപ്പെടുന്നതു്. ഇക്കാരണ ത്താൽ, തൻെറ കല്പനകളെ അനുസരിക്കുന്നവരെക്കാൾ ഒട്ടും കുറവല്ലാത്ത അനുസരണമാണ് ഈ അധികാരിയും അഭ്യസി ക്കുന്നതു്. അധികാരസ്ഥാനം സ്വീകരിക്കുന്നതിൽ അനുസരണ ത്തിൻെറ ഒരു പ്രമാണമാണു നിവർത്തിക്കപ്പെടുന്നതെന്നു് അനു സ്മരിക്കുന്നില്ലെങ്കിൽ ബഹുമാനാർഹമെന്നു ലോകം ഗണിക്കുന്ന ആ സ്ഥാനം അലങ്കരിക്കുന്നതിൽ ബുദ്ധിഹീനനായ ഒരുവൻ മാത്രമേ സന്തോഷിക്കയുള്ളു.

ഭരിക്കുന്നതിനുള്ള വിഷമതകൾ മനസ്സിലാക്കുവാൻ പ്രാപ്തി യില്ലാത്ത ചിലരുണ്ടു്. ദൈവത്തിനു സമർപ്പിക്കുവാൻ അധികാ രികൾക്കുള്ള ഏററം വലിയ ബലിവസ്തു ഇവരാണ്. നാം ആർക്കു വേണ്ടി ത്യാഗം ചെയ്യുന്നുവോ അവർ അതു മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്യുന്നില്ലെന്നുവരുമ്പോളാണ് അതു വിഷമ തമമായിത്തീരുന്നതു്. എന്നാൽ ഇക്കാരണത്താൽത്തന്നെ, ദൈവ തിരുമനസ്സിനു കീഴ്വഴങ്ങി ശുദ്ധനിയോഗത്തോടുകൂടെ അവയെ നാം ദൈവത്തിനു സമർപ്പിക്കുന്നെങ്കിൽ അവ ദൈവത്തിനു കൂടു തൽ പ്രസാദകരമായിത്തീരും. ഇതു നാം സദാ അനുസ്മരിച്ചാൽ അടുത്ത അദ്ധ്യായത്തിലെ മുൻകരുതലുകളുടെ അനുഷ്ഠാനം നമുക്കു കൂടുതൽ എളുപ്പമുള്ളതായിത്തീരുകയും ചെയ്യും.

# അദ്ധ്യായം 12.

## ഭരണീയരുടെ കടമകൾ.

നമ്മുടെ ശത്രുവായ പിശാചന്റെ കണിയിൽനിന്നും നമ്മുടെ ബലഹീനതയിൽനിന്നും വിമുക്തിപ്രാപിക്കുന്നതിനുള്ള ഉത്തമവും സുകരവുമായ മാർഗ്ഗം ഒന്നുമാത്രമേയുള്ളു. നിയമങ്ങൾ മാർഗ്ഗേണയും, ആ നിയമാനുസരണം നമ്മെ ഭരിക്കുന്നതിൽ കടപ്പെട്ടിരിക്കുന്ന അധികാരികൾ മുഖേനയും വെളിപ്പെടുത്തപ്പെടുന്ന ദൈവേഷ്ടത്തെ ന്യായാന്യായവിവേചനം കൂടാതെ ഉടനടി അനുസരിക്കുക എന്നതാണ് ഈ മാർഗ്ഗം എന്നു മുൻപ്രസ്താവിച്ചതിൽനിന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു. ഭരണീയരുടെ വിശുദ്ധീകരണത്തെ സംബന്ധിച്ച ദൈവതിരുച്ചിത്തമെന്താണെന്നു് അവൎക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ തന്റെ ഉദ്യോഗത്തിന്റെ കടമയാൽ നിർബദ്ധനായിരിക്കുന്ന അധികാരി, നിയമത്തിന്റേയും ഭരണീയരുടേയും ഒരു ശുശ്രൂഷകൻ മാത്രമാണ്. അതിനാൽ ഓരോ സന്യാസിയുടെ പക്കലേയ്ക്കും ദൈവത്താൽ നിയുക്തനായിരിക്കുന്ന സന്ദേശവാഹകൻ മാത്രമാണ് അദ്ദേഹം. ദൂതൻ മുഖേന ഒരു സന്ദേശം ലഭിക്കുന്ന യാവനും ആ സന്ദേശവാഹകനെ അത്ര പരിഗണിക്കുന്നില്ല. പ്രത്യുത, സന്ദേശത്തേയും അതയച്ച ആളെയുമത്രേ വിലമതിക്കുന്നതു്. അതുപോലെതന്നെ, സന്യാസികളായ നാം നമ്മുടെ അധികാരി ആരെന്നു നോക്കേണ്ട ആവശ്യമില്ല. പ്രത്യുത, അദ്ദേഹത്തിന്റെ കല്പനകളെ മാത്രം പരിഗണിച്ചാൽ മതി. എന്തുകൊണ്ടെന്നാൽ നിയമവിരുദ്ധമായി യാതൊന്നും ആജ്ഞാപിക്കാത്ത കാലത്തോളം അദ്ദേഹത്തിന്റെ കല്പനകൾ, ആരുടെ നാമത്തിൽ അദ്ദേഹം ആജ്ഞാപിക്കുന്നുവോ ആ ദൈവത്തിൽനിന്നുള്ളതാകുന്നു. അതിനാൽ വി. യോഹന്നാൻക്ലൂസും 'നിയമനിഷ്ഠമായ ജീവിത'ത്തെ സംബന്ധിച്ച ലേഖനത്തിനു് ഒപ്പുവച്ച മററു മഹാ

ന്മാരും പറയുന്നു; "അനുസരണത്തെപ്രതി ഒരു സന്യാസി ചെയ്യുന്ന നിസ്സാര കൃത്യങ്ങൾ, അനുസരണത്തിന്റെ അനുമതി കൂടാതെ അവൻ നിർവ്വഹിക്കുന്ന മഹാ കാര്യങ്ങളെക്കാളും വലിയ പുണ്യകൃത്യങ്ങളെക്കാളും ദൈവത്തിനു കൂടുതൽ പ്രീതി കരമത്രേ."

എന്നാൽ പരിപൂർണ്ണതയുടെ മനോജ്ഞമായ ഈ ആദർശത്തിൽച്ചെന്നു ചേരുക വളരെ വിഷമമാണ്. പരിപൂർണ്ണമായ ഈ അനുസരണം സമ്പാദിക്കുന്നുവെങ്കിൽ ലോകനന്മകളാലും ദൈവദാനങ്ങളാലും സുലഭമായി അനുഗ്രഹീതമായ മനുഷ്യജീവിതം നന്നായി നയിച്ചു എന്നു നമുക്കു സമാധാനിക്കാം. സന്യാസികളായ നാം നമ്മുടെ പരമലക്ഷ്യമായി സ്വീകരിക്കുന്നതു് പരിപൂർണ്ണമായ ഈ അനുസരണവും അതോടൊന്നിച്ചു ദാരിദ്ര്യം, കന്യാവ്രതം എന്ന മററു രണ്ടു സുവിശേഷപുണ്യങ്ങളുമാകുന്നു. അതിനാൽ നമ്മുടെ മനസ്സിനെ പൂർണ്ണമായി കീഴ്പ്പെടുത്തുന്നതുവരെ അനുസരണത്തിൽ നാം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കണമെന്നു നമ്മുടെ അഭിമാനവും മനസ്സാക്ഷിയും നമ്മോടാവശ്യപ്പെടുന്നു. എന്നാൽ ഈ ഉത്തമാദർശത്തെ അനുകരിക്കുന്നതിൽനിന്നു നാം വിരമിച്ചാൽ നമുക്കു വലിയ പ്രതിബന്ധങ്ങൾ നേരിടുകയോ ചിലപ്പോൾ നാം വീണുപോകുകതന്നെയോ ചെയ്തേക്കാം.

ഈ പുണ്യത്തിനെതിരായ ചാവുദോഷത്തെപ്പററി ഇവിടെ പ്രതിപാദിക്കുന്നില്ല. അതിനാൽ സ്പഷ്ടമേ നിയമവിരുദ്ധവും മാത്സര്യത്തോടുകൂടിയതും ദൈവസന്നിധിയിൽ കുററാർഹവുമായ പ്രവൃത്തികളെപ്പററി പര്യാലോചിക്കേണ്ട ആവശ്യമില്ല. കാരണം, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ ഇടയിൽ ഭാഗ്യവശാൽ ഇത്തരക്കാർ വളരെ വിരളമത്രേ. സ്പഷ്ടമായ മത്സരവും വലിയ കാര്യങ്ങളിൽ അനുസരണത്തിനെതിരായ തെററുകളും വളരെ അപൂർവ്വമാണ്. എന്തുകൊണ്ടെന്നാൽ ഏററം ഗൗരവമുള്ള സംഗതികൾ മാത്രമേ ആജ്ഞാനുസരണത്തിൻകീഴ് കല്പിക്കപ്പെടുകയുള്ളൂ. അതിനാൽ യാതൊരു

സന്യാസസമൂഹത്തിനും ഈവിധമുള്ള കല്പനകൾ നല്കപ്പെട്ടിട്ടില്ല. തന്നിമിത്തം നിയമത്താലോ അധികാരികൾ മുഖേനയോ സന്യാസികൾ ഈ വിധത്തിൽ ആജ്ഞാപിക്കപ്പെടുക വളരെ അപൂർവ്വമത്രേ. തൽഫലമായി ഇപ്രകാരമുള്ള കല്പനകൾക്കെതിരായ മാത്സര്യവും സന്യാസഭവനങ്ങളിൽ അജ്ഞാതമായിരിക്കും.

ഇതിനെക്കാൾ അപകടകരമായ വേറൊരു മത്സരമുണ്ട്. അതു വഞ്ചന നിറഞ്ഞതും തിരിച്ചറിയുവാൻ വിഷമമുള്ളതുമാകുന്നു. ഇതു കാര്യമായ അനുസരണക്കേടല്ല. പ്രത്യുത, മനസ്സറിവോടെ പ്രവേശനം അനുവദിക്കപ്പെടുന്നതും അനുസരണാരൂപിക്ക് എതിരുമായ ഒരു വെറുപ്പാകുന്നു. ഇതു ഗൗരവമേറിയ സംഗതികളിൽ അധികാരത്തെയോ നിയമത്തെയോ പ്രത്യക്ഷമായി ശക്തിപൂർവ്വം എതിർക്കുന്നില്ല. ഇതുതന്നെയാണ് ഇതിനെ വഞ്ചനയുള്ളതും അസ്പഷ്ടവുമാക്കിത്തീർക്കുന്നത്. ഇതിൻെറ പ്രവർത്തനരംഗവും വളരെ വിസ്തൃതമാണ്. എന്തുകൊണ്ടെന്നാൽ നിയമത്തിൻെറ ഓരോ വശവും അധികാരിയുടെ ഓരോ പ്രവൃത്തിയും ഇതിനു വിഷയമായിത്തീരാം. ഇതിനെ അവ കൂടുതൽ അപകടകരമാക്കിത്തീർക്കുന്നു. സർവ്വോപരി വഞ്ചനാപൂർണ്ണമായ ഈ മാത്സര്യം സ്വതേ നിസ്സാരങ്ങളായ പ്രവൃത്തികളെ ഗൗരവമായ പാപങ്ങൾക്ക് അവസരങ്ങളാക്കിത്തീർക്കുന്നു.

ഇത്ര മുഴുലവും പ്രാധാന്യമർഹിക്കുന്നതുമായ ഈ വിഷയത്തെപ്പററി മാലാഖായ്ക്കടുത്ത മല്പാൻ പഠിപ്പിക്കുന്ന അഭിപ്രായം അതിനു സ്വതേയുള്ള ഗൗരവത്തെ വളരെ വർദ്ധിപ്പിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "ആരെങ്കിലും നിയമങ്ങളിലൊന്നു ലംഘിച്ചുകൊണ്ട് അധികാരത്തെ നിഷേധിക്കുകയോ നിയമങ്ങളുടെ പരമാന്ത്യപ്രാപ്തിയെ അസാദ്ധ്യമാക്കിത്തീർക്കുകയോ ചെയ്താൽ അവൻ ചാവുദോഷം പിഴക്കുന്നു."

സന്യാസജീവിതത്തിൽ വളരെ അപൂർവ്വമായി മാത്രമേ നിയമങ്ങൾക്കും അധികാരികളുടെ പ്രകടമായ കല്പനകൾക്കും എതിരായി പരസ്യമായ മത്സരമുണ്ടാകാറുള്ളൂ. അതിനാൽ

തജ്ജന്യമായ പാപങ്ങളും വിരളമായിരിക്കും. എന്നാൽ തങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്ന അനുസരണത്തിനെതിരായി രണ്ടു വിധത്തിൽ ചാവുദോഷം പിഴക്കാൻ സന്യാസികൾക്കിടയുണ്ട്. ഒന്ന്:- നിയമത്തോടോ അധികാരിയോടോ ഉള്ള അവജ്ഞമൂലം നിയമത്തെ ലംഘിക്കുമ്പോൾ, രണ്ട്:- നിയമലംഘനം നിയമദാതാവിൻെറ ഉദ്ദേശ്യസാദ്ധ്യത്തിനു തടസ്സമായിത്തീരുമ്പോൾ.

ഒരു സന്യാസസമൂഹം സ്ഥാപിക്കുന്നതിൽ അത്യുന്നതനായ നിയമദാതാവിനുള്ള ഏക ഉദ്ദേശ്യം പരിപൂർണ്ണമായ ഉപവിയല്ലാതെ മററൊന്നുമല്ല. അതായതു് എല്ലാററിലും ഉപരിയായി ദൈവത്തേയും പിന്നീട്ട നമ്മുടെ അയൽക്കാരേയും സ്നേഹിക്കുക. അവജ്ഞയും അനാദരവും ഈ രണ്ടു കല്പനകൾക്കും വിരുദ്ധമാകയാൽ അതു് എല്ലായ്പ്പോഴും ചാവുദോഷമാകുന്നു.

എന്നാൽ അനുസരണത്തിനെതിരായ ഒരു കുററത്തിൽ പരനിന്ദ ഉൾക്കൊണ്ടിട്ടുണ്ടോ ഇല്ലയോ എന്നു് അറിയുന്നതിനു് ഈ വിഷയത്തെക്കുറിച്ച പരിപൂർണ്ണജ്ഞാനം ആവശ്യമാണു്. കാരണം, സ്വതേ നിസ്സാരമായ ഒരു തെററു് ധിക്കാരപൂർവ്വം ചെയ്യപ്പെട്ടുമ്പോൾ അതു ചാവുദോഷമായി പരിണമിക്കുന്നു.

മാലാഖായ്ക്കൊത്ത ഈ മല്പാൻ തനിക്കു സ്വതസിദ്ധമായ സുസ്പഷ്ടതയോടുകൂടി ഈ വിഷയം വിശദീകരിക്കുന്നുണ്ട്. അനുസരിക്കാതിരിക്കാൻ ബലഹീനതയോ അശ്രദ്ധയോ കാരണമാകാതിരിക്കെ, കോപത്തിൻെറയോ സ്നേഹത്തിൻെറയോ വികാരങ്ങളാൽ മനസ്സു ചഞ്ചലിതമാകാതിരിക്കെ, അനുസരണം മനസ്സിനു വെറുപ്പുള്ളതാകയാൽമാത്രം അനുസരിക്കാതിരിക്കുന്നുവെങ്കിൽ അതിൽ നിയമത്തോടോ അധികാരത്തോടോ ഉള്ള ധിക്കാരം അന്തർലീനമായിരിക്കുന്നു. അനുസരണത്തിനടുത്ത നിസ്സാരകാര്യങ്ങളിൽ സാധാരണമായുണ്ടാകുന്ന വീഴ്ചകൾ നിയമത്തോടോ അധികാരത്തോടോ ഉള്ള ധിക്കാരത്തെ സൂചി

പ്പിക്കുന്നില്ല. അതിനാൽ ലഘുവായ കാര്യങ്ങളിൽ അനുസരണത്തിനെതിരായി പിഴയ്ക്കുന്നവൻ ചാവുദോഷത്തോടുകൂടി ഇരിക്കുന്നു എന്നു് അനുമിക്കുന്നതു തെററാണു്. പക്ഷേ, വി. തോമ്മാമല്ലാൻതന്നെ പഠിപ്പിക്കുന്നതുപോലെ, ഒരു പുണ്യത്തിനെതിരായി സാധാരണ പിഴയ്ക്കുന്നവനു് അതിനോടുള്ള മതിപ്പു നഷ്ടപ്പെടുന്നു. അതിനാൽ നിരന്തരമായ അനുസരണമില്ലായ്കമൂലം ഇങ്ങനെയുള്ളവർ അധികാരനിന്ദനം എന്ന പാപത്തിൽ വീഴുവാൻ തക്ക അപകടത്തിലാണു സ്ഥിതിചെയ്യുന്നതു്.

പ്രമേയം ലക്ഷണയുക്തമാണെങ്കിൽ അതിൽനിന്നുള്ള അനുമാനം വളരെ എളുപ്പമാണു്. അവയെ ഓരോത്തരും അവനവനെ സംബന്ധിച്ചിടത്തോളം പ്രായോഗികമാക്കുകയുംവേണം. തീരെ അവിശ്വാസ്യരും വക്രമനസ്സാക്ഷിയുള്ളവരുമായ ചിലരുണ്ടു്. ഇവരെ സംബന്ധിച്ചിടത്തോളം ഇന്നതു ചെയ്യരുതു് എന്നുള്ള മുടക്കുതന്നെ അതു ചെയ്യുന്നതിനു് അവക്കു് ഏററം വലിയ പ്രേരകമാണു്; അതുപോലെതന്നെ ഇന്നതു ചെയ്യുക എന്നുള്ള കല്പന അതിൻെറ നിർവ്വഹണം ഏററം ദുഷ്കരമാക്കിത്തീക്കുകയും ചെയ്യുന്നു. ആദിമാതാപിതാക്കന്മാരുടെ മത്സരംമൂലം നമ്മുടെ സ്വഭാവം വഷളായിത്തീന്നിട്ടുണ്ടു് എന്നതിനു സുസ്പഷ്ടമായ തെളിവാണിതു്. മനസ്സു കീഴ്പ്പെഴക്കത്തെ വെറുക്കുന്നു. കല്പനയ്ക്കെതിരായി പ്രവൎത്തിക്കുന്നതിൽ എന്തെങ്കിലും നന്മയുണ്ടെന്നുള്ള വിചാരമല്ല ഇതിനു കാരണം. പ്രത്യുത, അതു് ഏതുതരം കീഴ്പ്പെഴക്കത്തേയും വെറുക്കുന്നതുകൊണ്ടാണു്. ഈ രോഗത്തിനു് "അധീനത്വം" ഒരു കൈകണ്ട പ്രതിവിധിയായിത്തീരണമെന്നുദ്ദേശിച്ചാണു നമ്മുടെ കൎത്താവീശോമിശിഹാ സന്യാസജീവിതസ്ഥിതി ഏൎപ്പെടുത്തിയതു്. അനുസരിക്കാൻ നിർബ്ബന്ധിതരായതുകൊണ്ടോ മററുള്ളവരുടെ ശ്രദ്ധയെ ആകൎഷിക്കാൻവേണ്ടിയോ, കല്പന ന്യായാനുസൃതമാണെന്നു തോന്നുന്നതുകൊണ്ടോ ആണു സന്യസ്തരല്ലാത്തവർ അനുസരിക്കുന്നതു്. എന്നാൻ കല്പന വിവേകപൂൎവ്വകമാണെന്നോ അല്ലെന്നോ പറയു

വാൻ സന്യാസികളായ നമുക്ക് അവകാശമില്ല. നാം അനുസരണം വാഗ്ദാനം ചെയ്തിരിക്കുന്നതുകൊണ്ടും നമ്മുടെ മനസ്സിനെ ദൈവത്തിനു സമർപ്പിച്ചിരിക്കുന്നതുകൊണ്ടും, നമ്മുടെ ജീവിതം അനുസ്യൂതമായ ഒരു പൂജയും മനസ്സിൻെറ എതിർപ്പിനെതിരായുള്ള ഒരു നിരന്തരവെല്ലുവിളിയുമായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നതുകൊണ്ടുമാണു നാം അനുസരിക്കേണ്ടതു്. മനസ്സിൻെറ ഈ എതിർപ്പു വളരെ പഴകിയ ഒരു രോഗമാണു്. മനുഷ്യസ്വഭാവത്തിൽ അതു ദൃഢമൂലമായിരിക്കയും ചെയ്യുന്നു. അതിനാൽ, ഉത്തമമായിട്ടുള്ളതിനെയല്ല, പ്രത്യുത, തൻെറ ഇഷ്ടത്തിനു കൂടുതൽ അനുയോജ്യമായതിനെയാണു മനുഷ്യർ ആഗ്രഹിക്കുന്നതു്.

"കല്പന ന്യായാനുസൃതമാണെന്നു തോന്നുന്നതിനാൽമാത്രം അനുസരിക്കുന്നവർക്കു യാതൊരു പുണ്യയോഗ്യതയുമില്ല" എന്നു വി. ചെറുപുഷ്പം പറഞ്ഞിരിക്കുന്നു. "സ്വന്തം ഇഷ്ടത്തിനെതിരായവ ദൈവസ്നേഹത്തെപ്രതി ചെയ്തുകൊള്ളാമെന്നു് അനുസരണം എന്ന വ്രതവാഗ്ദാനം വഴിയായി നാം ഭരമേല്പിക്കുന്നു. അതിനാൽ സ്വതേ വലിയ വിലയുള്ളവയല്ലെങ്കിലും വ്രതവാഗ്ദാനം ചെയ്തിരിക്കുന്നവൻെറ പ്രവൃത്തികൾ, ദൈവത്തിനു കൂടുതൽ പ്രീതികരങ്ങളായിബ്ഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ "ദൈവസ്നേഹത്തെപ്രതി സ്വന്തം മനസ്സിനെ മററൊരുവനു് അധീനമാക്കുന്നതിനെക്കാൾ വലിയ പൂജ ദൈവത്തിനു സമർപ്പിക്കുവാൻ മനുഷ്യനില്ല" എന്നു തോമ്മാമല്പാനും പഠിപ്പിക്കുന്നു. സന്യാസജീവിതത്തിൻെറ സർവ്വപ്രധാനമായ ഭാഗവും, സുവിശേഷപുണ്യമെന്നു വിളിക്കപ്പെടുന്ന ശിശുതുല്യമായ അനുസരണത്തിൻെറ ലക്ഷ്യവും ഇതുതന്നെയാണു്. സുവിശേഷത്തിൽ ഇതിനെപ്പററി വളരെ കാര്യമായി പ്രതിപാദിച്ചിട്ടുമുണ്ടു്. ഇതിൻെറ ഉത്തമദൃഷ്ടാന്തം ക്രിസ്തുനാഥൻെറ ജീവിതത്തിൽ ദൃശ്യവുമാണു്. അരൂപിയെ പൂർണ്ണമായി ശുദ്ധീകരിക്കാതെയും, പൂർണ്ണമായ ഉപവി സമ്പാദിക്കാതെയും ഈ സുകൃതം കരസ്ഥമാക്കാൻ സാദ്ധ്യമല്ലാത്തതിനാൽ ഇതു ദൈവത്തിനു് ഏററം

പ്രിയംകരമാണ്. അനുസരണമില്ലെങ്കിൽ സന്യാസജീവിതത്തിലേ വിവിധാനുഷ്ഠാനങ്ങൾക്ക യാതൊരു വിലയുമില്ല. അതിനാൽ, നമ്മുടെ മനസ്സിനേയും ഹൃദയത്തേയും ദൈവത്തിനു പൂണ്ണമായി അധീനപ്പെടുത്തുക എന്നതാണ സന്യാസജീവിതത്തിൻെറ മുഖ്യോദ്ദേശ്യം.

മനുഷ്യഹൃദയത്തിൻെറ ഈ എതിർപ്പിൽനിന്നു പൂണ്ണവിമുക്തി പ്രാപിച്ചിട്ടില്ലാത്തവരെ സന്യാസഭവനങ്ങളിൽ കണ്ടെത്തുക അസാധാരണമല്ല. അനേകവഷത്തേ സന്യാസജീവിതം അവരുടെ മനസ്സിനെ മൃദുലമാക്കുന്നതിനു പകരം കൂടുതൽ കാഠിന്യമുള്ളതാക്കിത്തീത്തു എന്നു പറയാവുന്നതാണ്. പാപത്തോടോ പാപമെന്നു തോന്നുന്നവയോടോ അവക്കു വേഴ്ചയില്ലായിരിക്കാം. എന്നാൽ നിർബന്ധശീലത്തോടെ സ്വന്തം ഇഷ്ടത്തെ അവർ പിഞ്ചെല്ലുന്നു. തങ്ങൾ അധമ്മികളാണെന്നു അവക്കു യാതൊരു വിചാരവുമില്ല. യാതൊന്നിനുവേണ്ടിയും ആജ്ഞാനുസരണത്തിൻെറ ഒരു കല്പന അവർ ലംഘിക്കയുമില്ല. എന്നാൽ തങ്ങൾക്ക സ്വാഭാവികമായിത്തീന്നിരിക്കുന്ന ചില നിസ്സാര നിയമലംഘനങ്ങളിൽ അവർ പ്രത്യേകം സന്തോഷിക്കുന്നു എന്നു തോന്നിപ്പോകുന്നു. മാത്രമല്ല, നിയമത്തെ പ്രതിനിധിവൽക്കരിക്കുന്നവർ ഞെരുക്കപ്പെടുന്നതിലും എതിർക്കപ്പെടുന്നതിലും അവർ രഹസ്യമായി സന്തോഷിക്കുകയും ചെയ്യുന്നു. അനുസരണത്തോട് അവക്കുള്ള വെറുപ്പും തങ്ങളുടെ കായ്യങ്ങളിൽ മററുള്ളവർ ഇടപെടുന്നതിൽ അവക്കുള്ള അനിഷ്ടവുമാണ് ഇതിനു കാരണം. തങ്ങളുടെ പ്രവത്തനരീതി അധികാരിക്കു വളരെ അതൃപ്തികരമാണെന്നു അവക്കു നല്ലവണ്ണം അറിയാം. സമൂഹത്തിൽ സമാധാനക്കുറവിനും തിന്മയ്ക്കും തങ്ങൾ കാരണക്കാരാണെന്നും അവക്കറിയാം. അധികാരികളോടുള്ള പെരുമാററത്തിൽ സന്യാസികളുടെ പ്രവൃത്തികളെ നിയന്ത്രിക്കേണ്ടതും, സന്യാസികളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ടതുമായ, പരസ്പരവിശ്വാസം, സമാധാനം, ഐകമത്യം ഇവയുടെ പരിരക്ഷണം തങ്ങൾ അസാദ്ധ്യമാ

ക്കിത്തീക്കുന്നില്ലെങ്കിലും, വളരെ ശ്രമസാദ്ധ്യമാക്കിത്തീക്കുന്നുണ്ടെന്ന സംഗതിയും അവർക്ക് അജ്ഞാതമല്ല. പൂൎണ്ണമായ ഉപവി, പരിപൂൎണ്ണമായ അനുസരണം എന്നി ദ്വിവിധ സംഗതികളാണ് സന്യസ്തജീവിതസ്ഥാപനത്തിൽ അത്യുന്നതനായ നിയമദാതാവിനുണ്ടായിരുന്ന ലക്ഷ്യം. വഴക്കമില്ലാത്ത തങ്ങളുടെ അതൃപ്തിയാൽ, ശ്രേഷ്ഠമായ ഈ ഉദ്ദേശ്യസാദ്ധ്യത്തിനു വിഘ്നംവരുത്തുകയോ അതു ദുഷ്ക്കരമാക്കിത്തീക്കുകയോ ചെയ്യുന്നവൎക്ക് എങ്ങനെ മനസ്സാക്ഷിയുടെ സമാധാനം അനുഭവിക്കുവാൻ കഴിയും? നിയമത്തേയും അധികാരത്തേയും ധിക്കരിക്കുക എന്ന ഗുരുതരമായ പാപത്തിൽ അവരെ നിപതിപ്പിക്കുന്ന മാത്സര്യത്തിൻെറ മുട്ടലമായ അതൃപ്തി അവരുടെ ഹൃദയാന്തർഭാഗത്തു സ്ഥലം പിടിച്ചിട്ടുണ്ടാവണം.

ഇപ്രകാരം നിയമങ്ങളേയും, അധികാരികളുടെ കല്പനകളേയും നിഷ്പ്രയാസം ലംഘിക്കുന്നതിനുള്ള വാസന, അനുസരണത്തോട് ഒരു വെറുപ്പ് അവരിൽ ഉളവാക്കുന്നതിനു കാരണമായിട്ടില്ലേ? നിയമങ്ങളെയോ ശ്രേഷ്ഠന്മാരുടെ അധികാരത്തെയോ നിന്ദിക്കുകയോ, സന്യാസജീവിതത്തിൻെറ ഉദ്ദേശ്യസിദ്ധിയെ ദുഷ്ക്കരമാക്കിത്തീക്കുകയോ ചെയ്യുന്നവൻ ചാവുദോഷം പിഴയ്ക്കുന്നുവെന്നു വി. തോമ്മസ് പറയുന്നു. എന്നാൽ തഴക്കത്താലെന്നപോലെ നിഷ്പ്രയാസം അനുസരണത്തിനെതിരായി പ്രവൎത്തിക്കുന്നവർ ചാവുദോഷത്തിൽ ഉൾപ്പെടുന്നതിനുള്ള ഏററം ഗുരുതരമായ ആപത്തിലാണു സ്ഥിതിചെയ്യുന്നതെന്നു പ്രസ്പഷ്ടമത്രേ.

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ, ദൈവത്തെ വളരെയധികം അതൃപ്തിപ്പെടുത്തത്തക്ക വലിയ അപകടത്തിലാണ് അധികാരികൾ സ്ഥിതി ചെയ്യുന്നത്. എന്നാൽ അധീനരും ഈ ആപത്തിൽനിന്നു വിമുക്തരല്ല. തങ്ങളുടെ സന്യാസസഭയുടെ നിയമങ്ങളെ എളിമയോടും കൃത്യമായും അനുസരിക്കുന്നതത്രേ അവരുടെ ഏകരക്ഷാമാൎഗ്ഗം. ഇതു സാദ്ധ്യമാണ്; വളരെ സുകരവുമാണ്. നിയമത്തിൻെറ പ്രാമാണ്യ

ത്തെ നിന്ദിക്കുന്നവർ വളരെ ഇല്ല. അധികാരിയുടെ കല്പനകളെ ലംഘിക്കുന്നവരുടെ ഇടയിൽപോലും ഈദൃശർ കുറവാണ്. താഴെ പറയുന്നതാണ് അതിനു കാരണം. അനുസരണത്തിനെതിരായ പാപങ്ങളുടെ മുഖ്യഹേതു നിഗളമാകുന്നു. എങ്കിലും നമ്മുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വത്തെ ലഘൂകരിക്കുന്ന വേറെ ചില കാരണങ്ങൾകൂടി മിക്കവാറും ഉണ്ടായിരിക്കും.

ഇപ്രകാരമുള്ള കാരണങ്ങളിൽ ഒന്ന് അധികാരിയുടെ വ്യക്തിപരമായ ശീലവിശേഷങ്ങളാണ്. അധികാരിയിൽ ദൃശ്യമാകുന്ന ന്യൂനതകൾ പലപ്പോഴും അധീനരുടെ സ്വാതന്ത്ര്യ തയെ ഉജ്ജീവിപ്പിക്കുന്നു. സ്വാതന്ത്ര്യത്തിൽനിന്നോ തൊട്ടാവാടി സ്വഭാവത്തിൽനിന്നോ പൂർണ്ണവിമുക്തി നേടിയവർ ആരും തന്നെ ഇല്ലതാനും. അധികാരിയിൽ ആരോപിതമായിരിക്കുന്ന ന്യൂനതകൾ, അദ്ദേഹത്തിൻെറ ഏററം നിസ്സാരമായ നിർദ്ദേശങ്ങൾപോലും ഉടനടിയും ഹൃദയപൂർവ്വവും നിറവേററാതിരിക്കുവാൻ മതിയായ കാരണമായി മനുഷ്യബലഹീനത പരിഗണിക്കുന്നു. പ്രത്യക്ഷമായ അവജ്ഞയില്ലെങ്കിൽ, ഈദൃശമായ അനുസരണയില്ലായ്മ അധികാരനിന്ദനമാകുകയില്ല. പ്രത്യുത, അധികാരം നിക്ഷിപ്തമായിരിക്കുന്ന ആളിനോടുള്ള വെറുപ്പു മാത്രമെ ആകുകയുള്ളൂ.

"എൻെറ അധികാരികൾ, ആയിരിക്കേണ്ടതരത്തിൽ ആയിരുന്നുവെങ്കിൽ, ഞാൻ വളരെ അനുസരണമുള്ളവൻ ആകുമായിരുന്നു. ധൈര്യവും, വിവേകവുമുള്ള ഒരുരൂപിയാലാണ് അവർ ഉപദേശിക്കപ്പെട്ടുന്നതു് എന്ന് എനിക്കുറപ്പുണ്ടായിരുന്നു എങ്കിൽ അനുസരിക്കുന്നതിൽ ഞാൻ അല്പംപോലും വിസമ്മതിക്കുകയില്ലായിരുന്നു. എന്നാൽ, തങ്ങൾ വഹിക്കുന്ന സ്ഥാനത്തിനു് ആവശ്യകമായ പുണ്യവും യോഗ്യതകളും ഇല്ലാത്ത ഇവരെ ഉടനടി കണ്ണടച്ചനുസരിക്കാൻ എനിക്കു സാധിക്കുകയില്ല" എന്നതാണ് അനുസരണത്തെ സാധാരണമായി ലംഘിക്കുന്ന മിക്കവരുടേയും മനസ്ഥിതി. അധികാരികളെ അനുസരിക്കുന്നതിനു് അവർ വിമുഖരായിരിക്കുന്നതിനുള്ള

കാരണം, അധികാരിയുടെ കല്പനകളോടുള്ള അവജ്ഞയാണെന്നു് അവർ ഒരിക്കലും അനുസ്മരിക്കുന്നില്ല. അവരുടെ മനസ്സു് അനുസരിക്കാൻ വിസമ്മതിക്കുന്നുവെന്നു് അവർ ചിന്തിക്കുന്നില്ല. കാരണം, അപ്പോൾ അതു് അധികാരനിന്ദനമായി പരിഗണിക്കപ്പെടുമെന്നും, തദ്വാരാ സന്യാസജീവിതത്തിലേ മുഖ്യപുണ്യമായ അനുസരണത്തിനെതിരായ ഒരു ചാവുദോഷമായി പരിണമിക്കുമെന്നും, അവക്കറിയാം. എന്നാൽ ഈ സമാധാനം അവരുടെ പുണ്യത്തിനു് ഒരിക്കലും ഒരു പ്രശംസയായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഇതു് അവരുടെ മനസ്സാക്ഷിയുടെ ശോചനീയ സ്ഥിതിയേയും, അവരുടെ ദൈവവിളിയെത്തന്നെ നഷ്ടപ്പെടുത്തത്തക്ക അപകടത്തേയുമാണു സൂചിപ്പിക്കുന്നതു്.

ഏവൻഗേലിക്കടുത്ത വിശേഷോപദേശങ്ങളുടെ അടിസ്ഥാനമായിരിക്കുന്നതിനാണു ദിവ്യരക്ഷകൻ സന്യാസാന്തസ്സു് ഏർപ്പെടുത്തിയതു്. തൻെറ ഒന്നാമത്തേ പ്രസംഗത്തിൽ ഇവയെ ജനങ്ങൾക്കു് ഉപദേശിക്കയിൽ ദിവ്യഗുരു പറയുന്നു: "നിങ്ങളുടെ നീതി നിയമജ്ഞന്മാരുടേയും, പ്രീശന്മാരുടേയും നീതിയെ അതിലംഘിക്കയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" (Math. V, 20). "എന്തുകൊണ്ടെന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കു് എന്തു പ്രതിഫലമാണുള്ളതു്? ഇതാ! ചുങ്കക്കാരും ഇതുതന്നെ ചെയ്യുന്നില്ലേ? അതുകൊണ്ടു സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ." (Math. V. 46, 47). "സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനല്ലാതെ, എൻെറ കർത്താവേ, എൻെറ കർത്താവേ, എന്നു് എന്നെ വിളിക്കുന്ന ഏവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല" (Math VII, 21).

കത്താവിൻെറ ഈ വാക്കുകൾ നമ്മുടെ ഗാഢമായ പരിചിന്തനത്തിനു പ്രേരകമായിത്തീരണം. എന്തുകൊണ്ടെന്നാൽ

ഈ സദുപദേശങ്ങളെ അന്യൂനമായി അനുസരിക്കണം എന്ന ഏക ഉദ്ദേശ്യത്തോടുകൂടിയാണു നാം ലോകത്തെ ഉപേക്ഷിച്ചു സന്യാസത്തിൽ പ്രവേശിച്ചിരിക്കുന്നതു്. ദൈവവും തിരുസ്സഭയും അനേകം അനുഗ്രഹങ്ങളാലും ആനുകൂല്യങ്ങളാലും സന്യാസജീവിതത്തെ സമൃദ്ധമാക്കിയിട്ടുണ്ടു്. ദൈവചിത്തം നിറവേററുന്നവർ മാത്രമേ രക്ഷപെടുകയുള്ളു.

ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം, സാമാന്യ കത്തോലിക്കരിലും, വൈദികരിൽത്തന്നെയും, ദൃശ്യമാകുന്നതിനെക്കാൾ വളരെ കൂടുതലായിരിക്കണം സന്യാസികളിൽ. മനസ്സിനെ കീഴ്പ്പെടുത്താതെ ബാഹ്യമായിട്ടു മാത്രം നാം അനുസരിച്ചാൽ സമ്മാനത്തിനു നമ്മൾ ഒരിക്കലും അർഹരാകയില്ല. കാരണം, ബാഹ്യപ്രവൃത്തികളല്ല, നമ്മുടെ മനസ്സിനെയത്രേ ദൈവം ആവശ്യപ്പെടുന്നതു്. അടിമകൾ പുറമെ വളരെ അനുസരണമുള്ളവരാണു്; പിശാചങ്ങളും ദൈവത്തെ അനുസരിക്കുന്നുണ്ടു്. കല്പനയോ, കല്പിക്കുന്ന ആളോ നമുക്കു പ്രീതികരമായിരിക്കുമ്പോൾ മാത്രം നമ്മുടെ മനസ്സിനെ അധീനപ്പെടുത്തി അനുസരിക്കുന്നതുകൊണ്ടും നാം സമ്മാനാർഹരാകുന്നില്ല. എന്തുകൊണ്ടെന്നാൽ, അക്രൈസ്തവരും ഇതു ചെയ്യുന്നുണ്ടു്. നമ്മുടെ നീതി, അഥവാ അനുസരണാത്രപി മററുള്ളവരുടേതിനെ അതിശയിക്കുന്നില്ലെങ്കിൽ അവസാനവിധിദിവസം നാം ദുഃഖിക്കേണ്ടിവരും.

"സഹിക്കുന്നതിനു ഞാൻ സന്നദ്ധയല്ലെങ്കിൽ അനുസരണമുള്ളവളുമല്ല എന്നു ദിവ്യരക്ഷകൻ ഒരിക്കൽ എന്നോടു് അരുളിച്ചെയ്തു" എന്നു വി. അമ്മ ത്രേസ്യാ പറയുന്നു. അതിനാൽ ത്യാഗത്തോടുകൂടിയല്ലാത്ത അനുസരണം വിലയില്ലാത്തതത്രേ. അധികാരിയോടു നമുക്കിഷ്ടമില്ലാത്തതിനാൽ അനുസരിക്കാതിരിക്കുന്നു എന്ന ന്യായം തീരെ അസാധുവാണു്. ഇപ്രകാരം തങ്ങളുടെ പ്രവൃത്തിയെ നീതീകരിക്കാൻ ശ്രമിക്കുന്നവർക്കു തീർത്തും എതിരാണു നമ്മുടെ പിതാവു്, വി. യോഹന്നാൻ ക്രൂസിന്റെ ഈ മുൻകരുതൽ. അധികാരികളുടെ വ്യക്തിപര

മായ ഗുണങ്ങളെ പരിഗണിച്ചു മാത്രം അനുസരിക്കുന്നവക്കു സന്യാസപരിപൂർണ്ണത അപ്രാപ്യമാണെന്നു വിശുദ്ധൻ ഉൽബോധിപ്പിക്കുന്നു. "അധികാരിയുടെ വിശിഷ്ട ഗുണങ്ങളിൽ അതിയായി സന്തോഷിക്കുകയോ, അദ്ദേഹത്തിൻെറ ദുർഗ്ഗുണങ്ങളിൽ അതിയായി ദുഃഖിക്കുകയോ ചെയ്യുന്നതിന്നനുസരണമായി നിങ്ങളുടെ അനുസരണം നിഷ്പ്രയോജനവും അപൂർണ്ണവുമായിരിക്കും."

ഈ പ്രസ്താവന അതികഠിനമാണ്; അതിലും കഷ്ടമായിട്ടുള്ളതു നാം വളരെ അനുസരണമുള്ളവരാണെന്നു വിചാരിക്കുമ്പോഠംകൂടി, അനുസരണത്തിൻെറ യോഗ്യതയെല്ലാം നഷ്ടപ്പെടുത്തുക അപകടത്തിൽ നാം നമ്മെത്തന്നെ ആക്കുന്നുവെന്നതാണ്. കാരണം, സൽപ്രവൃത്തികളുടെ യോഗ്യത, അവയുടെ സ്വഭാവത്തെയല്ല പ്രത്യുത, അവയുടെ നിർവ്വഹണത്തിലുള്ള ഉദ്ദേശ്യത്തെയത്രേ ആശ്രയിച്ചിരിക്കുന്നതു്. വിശുദ്ധൻ തുടന്നു പറയുന്നു: "ഈ സംഗതിയിൽ നീ നിന്നെത്തന്നെ ജയിച്ചു്, നിൻെറ രഹസ്യവിചാരങ്ങളെ സംബന്ധിച്ചിടത്തോളം നിൻെറ അധികാരി ആരാണെന്നു പരിഗണിക്കുന്നെങ്കിൽ, നീ ഒരു ആദ്ധ്യാത്മികമനുഷ്യനായിത്തീരുകയോ, നിൻെറ വ്രതങ്ങളെ വിശ്വസ്തതയോടെ പാലിക്കുകയോ ചെയ്യുകയില്ല."

വിശുദ്ധ യോഹന്നാൻക്രൂസിൻെറ ഉപദേശം എങ്ങനെ പ്രായോഗികമാക്കാമെന്നു് അടുത്ത അദ്ധ്യായത്തിൽ നമുക്കു വിചിന്തനം ചെയ്യാം.

# അദ്ധ്യായം 13.

## സന്ന്യാസത്തിലേ കീഴ്വഴക്കം.

നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതിനുവേണ്ടി അധികാരികളുടെ ഗുണങ്ങളെ പഠിക്കുന്നതിനാൽ അനുസരണത്തിൻെറ യോഗ്യത നിശ്ശേഷം നഷ്ടപ്പെടത്തക്ക അപകടത്തിൽ നമ്മെത്തന്നെ ആക്കുകയാണു നാം ചെയ്യുന്നതു്. കഠിനതപശ്ചര്യകളെക്കുറിച്ചു് അല്പമെങ്കിലും വായിച്ചിട്ടുള്ളവർക്കെല്ലാം സുജ്ഞാതമായിരിക്കുന്ന ആ തത്വം – ദൈവം നമ്മുടെ പ്രവൃത്തികളെ അവയുടെ സ്വാഭാവികയോഗ്യതയ്ക്കനുസരണമായല്ല, പ്രത്യുത, അവയുടെ നിർവഹണത്തിൽ നമുക്കുള്ള മനസ്ഥിതിയേയും, ഉദ്ദേശ്യത്തേയും പരിഗണിച്ചാണു സമ്മാനിക്കുന്നതെന്ന തത്വം – നാം പ്രസ്താവിച്ചു കഴിഞ്ഞു. ദിവ്യരക്ഷകൻ പറയുന്നു: "മനുഷ്യരാൽ കാണപ്പെടുവാൻവേണ്ടി അവരുടെ മുൻപിൽ നിങ്ങൾ ദാനധർമ്മം ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറപക്കൽ നിങ്ങൾക്കു പ്രതിസമ്മാനമില്ല........ നീ ഭിക്ഷകൊടുക്കുമ്പോൾ നിൻെറ വലതുകൈ എന്തു ചെയ്യുന്നുവെന്നു നിൻെറ ഇടതുകൈ അറിയരുതു്. അപ്പോൾ രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവു പരസ്യത്തിൽ നിനക്കു പ്രതിഫലം തരും.......... നിങ്ങൾ ഉപവസിക്കുമ്പോൾ കപടഭക്തന്മാരെപ്പോലെ ദുഃഖഭാവമുള്ളവരായിരിക്കരുതു്. അവർ ഉപവസിക്കുന്നവരായി മനുഷ്യർക്കു കാണപ്പെടേണ്ടതിനു്, തങ്ങളുടെ മുഖങ്ങൾ വിരൂപമാക്കുന്നല്ലോ. അവരുടെ പ്രതിഫലം അവർക്കു കിട്ടിക്കഴിഞ്ഞു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ നീ ഉപസിക്കുമ്പോൾ നിൻെറ മുഖം കഴുകുകയും നിൻെറ തലയിൽ തൈലം പൂശുകയും ചെയ്യുക. നീ ഉപവസിക്കുന്നു എന്നു രഹസ്യത്തി

ലുള്ള നിന്റെ പിതാവിനല്ലാതെ മനുഷ്യർക്ക് കാണപ്പെടാതിരി ക്കുവാൻവേണ്ടിയത്രേ ഇതു്. അപ്പോൾ രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിന്നെ പ്രതിസമ്മാനിക്കും"(Math. VI, 1-18).

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവനോ എന്നെ അയച്ചവനെ സ്വീകരി ക്കുന്നു. പ്രവാചകന്റെ നാമത്തിൽ ഒരു പ്രവാചകനെ സ്വീക ക്കുന്നവൻ പ്രവാചകന്റെ പ്രതിഫലം സ്വീകരിക്കുന്നു; നീതി മാന്റെ നാമത്തിൽ ഒരു നീതിമാനെ സ്വീകരിക്കുന്നവനു നീതി മാന്റെ പ്രതിഫലം ലഭിക്കുകയും ചെയ്യുന്നു. എന്റെ ഒരു ശിഷ്യന്റെ നാമത്തിൽ ഈ ചെറിയവരിൽ ഒരുവനു് ഒരു പാത്രം പച്ചവെള്ളം കുടിക്കാൻ കൊടുക്കുന്ന ഒരുവനും തന്റെ പ്രതിഫലം നഷ്ടമായിപ്പോകയില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (Math. X. 40—42).

അതിനാൽ, അധികാരിയുടെ സൽഗുണങ്ങളാൽ മാത്രം പ്രേരിതനായി അനുസരിക്കുന്നവൻ, അവന്റെ അനുസരണം നിഷ്ഫലമാക്കിത്തീർക്കുന്നു എന്നു നമ്മുടെ വിശുദ്ധ പിതാവു പറ യുന്നു. കാരണം അവൻ തന്റെ അനുസരണത്തെ ദൈവികമാ യതിൽനിന്നു മാററി മാനുഷികമാക്കിത്തീർക്കുന്നു. ഒരു മനു ഷ്യനെ പ്രീതിപ്പെടുത്തുന്നതിൽ അവനുണ്ടായിരുന്ന സന്തോഷം മാത്രമായിരിക്കും അവന്റെ പ്രതിഫലം. ക്ലേശഭൂയിഷ്ഠമായ ഒരു ജീവിതത്തിന്റെ അന്ത്യസമ്മാനം സ്വീകരിക്കുവാൻ അവൻ ഹാജരാകുമ്പോൾ "നിനക്കു നിന്റെ പ്രതിഫലം ലഭിച്ചുകഴി ഞ്ഞിരിക്കുന്നു; അധികാരിയുടെ സൽഗുണങ്ങളെപ്രതിയാണു നീ അവനെ അനുസരിച്ചതു്. അല്ലാതെ, അവനിൽ ദൈവത്തെ അനുസരിക്കുന്നതിനു നീ ശ്രദ്ധിച്ചിട്ടില്ല. അതിനാൽ നിന്റെ പ്രതിഫലം ദൈവമല്ല, മനുഷ്യനാണു തരേണ്ടതു്; അതു നിനക്കു ലഭിച്ചുകഴിഞ്ഞു" എന്ന ഭീകരവചസ്സുകൾ അവൻ കേൾക്കേണ്ടിവരും.

അധികാരിയുടെ സൽഗുണങ്ങളെപ്രതി അദ്ദേഹത്തെ അനുസരിച്ചുകൊണ്ടു്, അനുസരണത്തിന്റെ യോഗ്യത നഷ്ട

പ്പെടുത്തുന്നതു് ആപല്ക്കരമാണു്. എന്നാൽ നമുക്കു് അതൃപ്തികരമായ ഗുണങ്ങൾ അധികാരിയിൽ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതു് ഇതിലും വളരെ മോശമാണു്. അധികാരിയുടെ പ്രവൎത്തനരീതിയെ ഏറെക്കുറെ ജിജ്ഞാസയോടെ വീക്ഷിച്ചാൽ നാം നിശ്ചയമായി അവ കാണുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, സഹവാസികളായ ആളുകളുടെ മുമ്പാകെ പരിപൂൎണ്ണനായി കാണപ്പെടുക വളരെ വിഷമമാണു്. അപ്പോൾ ലോകത്തിനെതിരായ മൂന്നാമത്തേ മുൻകരുതലിനെപ്പററി പ്രതിപാദിക്കയിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ അയൽക്കാരനെതിരായ അവിവേകവിധികളോടൊരുമിച്ചു് അധികാരിക്കെതിരായ ദുൎവ്വിധികളും ഉത്ഭവിക്കുന്നു. എന്നാൽ ഇവയുടെ അനന്തരഫലങ്ങൾ വളരെ വ്യാപകമാണു്. കാരണം, ഈ ദുൎവ്വിധികൾ നമ്മെ സംബന്ധിച്ചിടത്തോളം ദൈവസ്ഥാനം വഹിക്കുന്ന ഒരാൾക്കെതിരായിട്ടാണു്. സൎവ്വോപരി, ഈ സംഗതിയിൽ നാവാലുണ്ടാകുന്ന പാപങ്ങൾ വളരെ നാശകരങ്ങളാണു്. സംസാരിക്കാതിരിക്കുക വളരെ വിഷമം. വിശിഷ്യ, ദുൎവ്വിധിക്കിരയായ ഒരധികാരിയെപ്പററി തിന്മയായിട്ടു സംസാരിക്കാതിരിക്കുക അസാദ്ധ്യമാണു്. കൂടാതെയും, ഉപവിക്കു വിരുദ്ധവും വിവേകശൂന്യവുമായ നമ്മുടെ സംഭാഷണം ശ്രവിക്കുന്നവൎക്കു നാം ഉതപ്പിനു കാരണമാകുന്നു എന്ന ഗുരുതരവും അപ്രതിഹതവുമായ തിന്മയും ഇവിടെ സംഗതിയാകുന്നു.

കേവലം ആശ്ചൎയ്യാവഹവും, വളരെ ലജ്ജാകരവുമാണെങ്കിലും, സൎവ്വസാധാരണവും, ഓരോരുത്തനും തന്നിൽത്തന്നെ കാണാൻ സാധിക്കുന്നതുമായ ഒരു സംഗതിയെപ്പററി ഇവിടെ അല്പം പൎയ്യാലോചിക്കാം. സ്വസമ്മതത്തോടെയോ, അല്ലാതെയോ ആയാലും തൻെറ ആത്മാവിൽ ഇതു് അനുഭവപ്പെടാത്തവരായി ആരുംതന്നെ ഉണ്ടായിരിക്കയില്ല. നമ്മുടെമേൽ അധികാരം ലഭിച്ചതുകൊണ്ടോ, നമ്മുടേതിനെക്കാൾ ശ്രേഷ്ഠമായ ഒരു സാമുദായികനില ഉള്ളതുകൊണ്ടോ നമ്മെക്കാൾ സുകൃതവാന്മാരും, ബുദ്ധിമാന്മാരും ആയതിനാലോ മററുള്ളവ

രാൽ കൂടുതൽ ബഹുമാനിക്കപ്പെടുന്നതുകൊണ്ടോ, മറേറതെങ്കിലും വിധത്തിലോ, നമ്മെക്കാറം ഔന്നത്യം പ്രാപിച്ചിരിക്കുന്നവരുണ്ട്. ഇവരെക്കുറിച്ചു ദുർവ്വിധി ചെയ്യുന്നതിൽനിന്നും ഇവരെക്കുറിച്ച് അതൃപ്തി പ്രകടിപ്പിക്കുന്നതിൽനിന്നുതന്നെയും ഉളവാകുന്ന ഒരു പ്രത്യേകസന്തോഷത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നതു്. ഉന്നതസ്ഥാനത്തിലിരിക്കുന്നവരുടെ ന്യൂനതകളെപ്പററി ചിന്തിക്കുന്നതിലും, അവരെ അപഹസിക്കുന്നതിലുമാണ് അപകപബുദ്ധികളുടെ സന്തോഷം. ഈ വിഷയത്തിൽ ആരാണു ചിലപ്പോഴെങ്കിലും അപരാധികളായിട്ടില്ലാത്തതു്? ഇതിനു കാരണം, നമ്മെക്കാറം ഉന്നതസ്ഥാനത്തിലിരിക്കുന്നവരുടെ മുമ്പിൽ നമ്മുടെ നിഗളം തലചായിച്ചുപോകുന്നു എന്നതാണ്. അതിനാലത്രേ, അവക്കുള്ളതും നമ്മുടെ നിഗളത്തെ ക്ഷതപ്പെടുത്തുന്നതുമായ അവരുടെ സൽഗുണങ്ങളുടെ മാററു കുറയ്ക്കുന്നതിനു പര്യാപ്തമായ ചില ന്യൂനതകറം അവരിൽ കണ്ടെത്തുമ്പോറം, ദുർബലമായ മനുഷ്യഹൃദയം ഉന്മേഷപൂർവ്വം രഹസ്യസന്തോഷം അനുഭവിക്കുന്നതു്.

അവരോടു നമുക്ക് വലിയ സ്നേഹവും ബഹുമാനവും ഉള്ളപ്പോറം, അവരുടെ ന്യൂനതകറം നമ്മുടേതായിരുന്നാൽ എന്നതുപോലെയോ, അഥവാ അതിൽ കൂടുതലായോ അവറയെക്കുറിച്ചു നാം വ്യസനിക്കുന്നു. എന്നാൽ ഈ സ്നേഹബഹുമാനങ്ങളുടെ അഭാവത്തിൽ, വിശിഷ്യാ, അവരുടെ സൽഗുണങ്ങളിൽ ഏതെങ്കിലും നമ്മുടെ സ്വസ്നേഹത്തെ മുറിപ്പെടുത്തുന്നുവെങ്കിൽ, അവരുടെ ന്യൂനതകളെ പരസ്യമാക്കുന്നതും അവയെപ്പററി ചിന്തിക്കുന്നതും നമുക്കു സന്തോഷകാരണമായി ഭവിക്കുന്നു. ഇതു യഥാൎത്ഥത്തിൽ പരിതാപകരമാണ്; എന്നാൽ, ഇതാണു മനുഷ്യഹൃദയത്തിൻെറ അവസ്ഥ. ഇതിനെ പരിഹരിക്കുന്നതിനുള്ള ഉത്തമമാൎഗ്ഗം നമ്മുടെ ഹൃദയദൌർബ്ബല്യം ഏററുപറയുകയത്രേ. സന്യാസജീവിതവും ഈ ബലഹീനതയിൽനിന്നു പൂർണ്ണവിമുക്തി പ്രാപിച്ചിട്ടില്ല. അധികാരിയെക്കുറിച്ചുള്ള അതൃപ്തികരമായ വികാര

ങ്ങളിൽനിന്നു തൻെറ ഹൃദയത്തെ വിമോചിപ്പിക്കുവാൻ ഒരുവൻ ഏററം ശ്രദ്ധാപൂർവ്വം സൂക്ഷിക്കുന്നില്ലെങ്കിൽ, അറിയാതെ തന്നെ അവൻ വിലപനീയമായ ക്രമക്കേടുകൾക്ക് അധീനനായിത്തീരും.

നിയമങ്ങൾവഴിയായോ അധികാരികൾ മുഖേനയോ നമുക്കു വെളിപ്പെടുത്തപ്പെടുന്ന ദൈവചിത്തത്തിനു്, ഉടനടി ന്യായാന്യായവിവേചനം കൂടാതെ കീഴ്വഴങ്ങുന്നതിനുള്ള മനസ്ഥിതി പ്രാപിക്കുക എന്നതാണു സന്യാസജീവിതത്തിൻെറ അന്ത്യം എന്നു നാം കണ്ടുകഴിഞ്ഞു. എന്തുകൊണ്ടെന്നാൽ, ഉപവിയുടെ അതിമൃദുലകുസുമവും, മനുഷ്യാത്മാവിൽ സന്തോഷം തേടുന്നതിനു ദൈവത്തെ നിർബന്ധിക്കുന്നതുമായ പുണ്യമാണിതു്. ദൈവചിത്തത്തെ എല്ലായ്പ്പോഴും നമുക്കു നിർദ്ദേശിച്ചു തരുന്ന അധികാരിക്കെതിരായ ഒരൊററ പിറുപിറുപ്പുകൊണ്ടു് ഇതു നശിക്കുകയും ചെയ്യും. നമ്മുടെ രക്തത്തിൽ വ്യാപിക്കുന്ന യാതൊരു വിഷത്തിനും, അധികാരിക്കെതിരായ പിറുപിറുപ്പു് എന്ന വിഷത്തെക്കാൾ വേഗത്തിലും, സ്പഷ്ടമായും, അതിൻെറ ദുഷ്ഫലം പ്രത്യക്ഷപ്പെടുത്തുക സാദ്ധ്യമല്ല. പിറുപിറുപ്പു നിഗളത്തേയും നാമേവരുടേയും ഹൃദയത്തിൽ ഒളിച്ചുകിടക്കുന്ന രഹസ്യമായ മത്സരബുദ്ധിയേയും ഉജ്ജീവിപ്പിക്കുന്നു. ഇപ്രകാരമാണു പിശാചൻ ഹവ്വായെ കുടുക്കിയതു്. ന്യായാന്യായവിവേചനം കൂടാതെ ദൈവത്തെ അനുസരിച്ചിരുന്നപ്പോൾ, നമ്മുടെ ആദിമാതാപിതാക്കന്മാർ സൗഭാഗ്യത്തിൻെറ പരമകോടിയിൽ എത്തിയിരുന്നു. ദൈവം തൻെറ കല്പന അവർക്കു കൊടുത്തതു്, അവർ നന്മതിന്മകൾ തിരിച്ചറിഞ്ഞു തന്നെപ്പോലെ ആകരുതെന്ന അസൂയാപരമായ വിചാരത്താൽ പ്രേരിതമായിട്ടാണെന്നു പിശാചൻ അവരെ ധരിപ്പിച്ചു. ദൈവത്തിനു് എതിരായി അല്പം പിറുപിറുക്കേണ്ട ആവശ്യമേ പിശാചനുണ്ടായിരുന്നുള്ളു അവരെ നശിപ്പിക്കാൻ. "നിങ്ങൾ ഇതു ഭക്ഷിക്കുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുമെന്നും, നന്മതിന്മകൾ തിരിച്ചറിഞ്ഞു നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും

ദൈവം അറിയുന്നതുകൊണ്ടാണ് ഇതു ഭക്ഷിക്കരുതെന്നു ദൈവം നിങ്ങളെ മുടക്കിയിരിക്കുന്നതു്" എന്നു സൂത്രശാലിയായ പിശാചൻ പറഞ്ഞു.

ഇപ്രകാരം ദൈവത്തിനെതിരും മരണഹേതുകവും ദൂഷണ പരവുമായ പിറുപിറുപ്പുമൂലം ഒന്നാമത്തേതും ഏററം നാശ കരവുമായ അനുസരണമില്ലായ്മ ലോകത്തിലുണ്ടായി. അതിനെ ത്തുടൎന്നു് ഇതുവരെ ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഇനി ലോകാ വസാനംവരെ ഉണ്ടാകുവാനിരിക്കുന്നതുമായ എല്ലാ പാപങ്ങ ളുടേയും ആസന്നഹേതു അധികാരത്തിനെതിരായ ആന്തരി കമോ ബാഹ്യമോ ആയ പിറുപിറുപ്പാണെന്നതിനു സംശയ മില്ല. പരസ്യമായ അധികാരനിന്ദനം, നല്ല ആളുകളുടെ ഇട യിൽ സാധാരണമല്ല. അപൂൎവ്വമായി ഇങ്ങനെ സംഭവിക്കുന്നെ ങ്കിൽ അതിനു കാരണം അധികാരത്തെ പ്രതിനിധീകരിക്കുന്ന ആറം പ്രാപ്തിയും നീതിയും ഇല്ലാത്തവനായി പരിഗണിക്കപ്പെ ടുന്നതാണ്. അതിനാൽ അധികാരിയിൽ സൽഗുണങ്ങളുടെ അഭാവം കണ്ടുപിടിക്കുകയും അതിലേയ്ക്കു മററുള്ളവരുടെ ശ്രദ്ധ യെ ആകൎഷിക്കുകയും ചെയ്യുന്നതുകൊണ്ടു നാം ആത്മാക്കളിൽ വിഷം കലൎത്തുകയും സന്യാസജീവിതത്തിൻെറ മുഖ്യോദ്ദേശ്യ ത്തെ അസാദ്ധ്യം അഥവാ ദുഷ്പ്രാപമാക്കിത്തീൎക്കുകയുമാണു ചെയ്യുന്നതു്. നമ്മുടെ കൎത്താവു് അതികഠിനമായി അപലപി ക്കുന്ന ഉതപ്പു് എന്ന പാപമാണു് ഇതിനാൽ നാം വരുത്തി വെയ്ക്കുന്നതു്. ഇടൎച്ചകൾ ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയി ല്ലെന്നു് അവിടുന്നു് അരുളിച്ചെയ്യുന്നു. എങ്കിലും അവിടുന്നു തുടൎന്നു പറയുന്നു: "എന്നാൽ ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ഹാ! കഷ്ടം! ഈ ചെറിയവരിൽ ഒരുത്തനു് ഇടൎച്ചവരു ത്തുന്നതിനെക്കാൾ അവൻെറ കഴുത്തിൽ തിരികല്ലു കെട്ടി ത്തൂക്കി സമുദ്രത്തിൽ എറിയപ്പെട്ടാൽ അവനു നന്നായിരുന്നു." പിറുപിറുപ്പു് ആശ്രമങ്ങളിൽ സന്യാസപരിപൂൎണ്ണതയ്ക്കു വരു ത്തുന്ന നാശംതന്നെ സദാചാരത്തെ ദൂഷിപ്പിച്ചുകൊണ്ടു് അതു സമുദായങ്ങളിലും വരുത്തുന്നുണ്ടു്. സന്യാസസമൂഹങ്ങളിൽ

ഉതപ്പിനു കാരണമാകുന്നവനു് എത്ര വലിയ ഉത്തരിപ്പുകടമാണുള്ളതു്. ഉപവിയിൽ അധിഷ്ഠിതമായ ന്യായാന്യായ വിവേചനം കൂടാതെയുള്ള അനുസരണാരൂപിയാണു സന്യാസജീവിതത്തിന്റെ അന്ത്യം. ഈ നന്മ, ആത്മാക്കാംക്കു നഷ്ടീഭവിക്കുക എന്നതു് ഒരു വലിയ തിന്മയാണു്. ഈ പാപത്തിന്റെ കാഠിന്യം, അതു വരുത്തിക്കൂട്ടുന്ന നാശത്തിന്നനുസരണമായിരിക്കും. അധികാരികളുടെ ന്യൂനതകളെ നിരീക്ഷിക്കുന്നവർ ഈവിധത്തിലുള്ള ഉതപ്പിനു കാരണക്കാരായിത്തീരുമെന്നതിൽ സംശയമില്ല. ഇക്കൂട്ടർ സന്യാസപരിപൂർണ്ണതയെ മുഴുവനായി നഷ്ടപ്പെടുത്തുകയും മററുള്ളവർ അവരുടെ വ്രതങ്ങളെ പാലിക്കാതിരിക്കുന്നതിനു കാരണമായിത്തീരുകയും ചെയ്യും. പ്രത്യുത, ആരു കല്പിക്കുന്നു എന്നു നോക്കാതെ, എന്തു കല്പിക്കുന്നു എന്നു മാത്രം പരിഗണിക്കുന്നവൻ ഈ തിന്മയിൽനിന്നു് ഒഴിഞ്ഞിരിക്കും. എന്തുകൊണ്ടെന്നാൽ, അധികാരി ദൈവത്തിന്റെ സ്ഥാനം വഹിക്കുന്നുവെന്നു് അവനറിയാം. അതു ധാരാളം മതിയായിരിക്കുന്നു.

ഒരാക്ഷേപത്തിനിവിടെ അവകാശമുണ്ടു്. വിഷയഗൗരവം അതിനു സമാധാനം പറയുവാൻ നിബ്ബന്ധിക്കുകയും ചെയ്യുന്നു. "അധികാരികാം മനുഷ്യരാകാതെ ദൈവദൂതന്മാരായിരുന്നാൽ എല്ലാം നന്നായിരുന്നു. അപ്പോഠം ശരിയായിട്ടുള്ളവ മാത്രമേ അവർ കല്പിക്കുകയുള്ളൂ എന്നു ഞങ്ങാംക്കു നിശ്ചയമുള്ളതുകൊണ്ടു കണ്ണുമടച്ചു് അവരുടെ കല്പനകാം ഞങ്ങാം അനുസരിക്കുമായിരുന്നു. ഞങ്ങളുടെ അധികാരികാംക്കു തെററിപ്പോകുവാൻ ഇടയുണ്ടു്. അബദ്ധകല്പനകാം അനുസരിക്കുന്നതിനു ഞങ്ങളെ കടപ്പെടുത്തുവാൻ അനുസരണത്തിനു ശക്തിയില്ല." ഇതിനെപ്പററി നമുക്കു വിചിന്തനം ചെയ്യാം.

ന്യായാന്യായവിവേചനം കൂടാതെയുള്ള അനുസരണമാണു് ഈ മുൻകരുതലിൽ വിശുദ്ധൻ നമ്മോടാവശ്യപ്പെടുന്നതു്. എന്നാൽ നാം അനുസരിക്കുമ്പോഠം വിവേചനാശക്തിയെ പരിത്യജിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു

ന്നില്ല. അദ്ദേഹത്തിൻെറ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം: "നിൻെറ ബുദ്ധി ഉപയോഗിച്ച് ദൈവത്തിൻെറ വഴികളെപ്പററി അതു് എന്തുപറയുന്നുവെന്നു ശ്രദ്ധിക്കുക. ഇപ്രകാരം പ്രവൎത്തിക്കുന്നതു്, ഈ ശ്രദ്ധകൂടാതെ ചെയ്യപ്പെടുന്ന മറെറല്ലാ പ്രവൃത്തികളെക്കാളും, നീ ആഗ്രഹിക്കുന്ന എല്ലാ ആത്മീയാശ്വാസങ്ങളെക്കാളും ദൈവസന്നിധിയിൽ നിനക്കു കൂടുതൽ ആദായകരമായിരിക്കും. സ്വന്തം ഇഷ്ടവും വാസനകളും ത്യജിച്ച്, ബുദ്ധിക്കും നീതിക്കും അനുസരണമായി സംഗതികളെ വീക്ഷിക്കുകയും, തദനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു." അധികാരിയുടെ കല്പന നീതിക്കു വിരുദ്ധമായ ഗൗരവമേറിയ ഒരു സംഗതിയാണെന്നു നമുക്കു നിശ്ചയമില്ലാത്തപ്പോൾ അധികാരിയെ നാം അനുസരിക്കണമെന്നു് ഈ ബുദ്ധിതന്നെ നമ്മെ ഉൽബോധിപ്പിക്കുന്നു. അധികാരി എപ്പോഴെങ്കിലും ഗൗരവമേറിയ സംഗതിയിൽ പ്രകൃതിനിയമങ്ങൾക്കോ, ദൈവപ്രമാണങ്ങൾക്കോ, തിരുസ്സഭയുടെ കല്പനകൾക്കോ, എതിരായി കല്പിക്കുന്നുവെങ്കിൽ, അതു് അനുസരിക്കുന്നതു ബുദ്ധിപൂൎവ്വകമല്ലെന്നുള്ളതു സുവ്യക്തമത്രേ. എന്നാൽ, അധികാരിയുടെ കല്പന തെററാണെന്നും, വിഷയം ഗൗരവമുള്ളതാണെന്നും ഉള്ളതിനു തക്ക തെളിവുണ്ടായിരിക്കണം. അധികാരിയുടെ കല്പന വിവേകപൂൎവ്വകമല്ലെന്നും, അതു മററുവിധത്തിൽ നിവൃത്തിച്ചാൽ കൂടുതൽ നന്നായിരിക്കുമെന്നുമുള്ള നമ്മുടെ വിചാരം, അധികാരിയുടെ കല്പനയെ ഹൃദയപൂൎവ്വം സ്വീകരിക്കുന്നതിനുള്ള കടമയിൽനിന്നു നമ്മെ വിമുക്തരാക്കുന്നില്ല. ഇതിനു വിരുദ്ധമായി പ്രവൎത്തിച്ചാൽ സന്യാസജീവിതവും സാമുദായികജീവിതവും അസാദ്ധ്യമായിത്തീരും; അധികാരം ഒരു നിന്ദാവിഷയവും ആയി പരിണമിക്കും.

വളരെ ഉയരത്തിൽനിന്നുകൊണ്ടാണു് അധികാരികൾ സംഗതികൾ വീക്ഷിക്കേണ്ടതു്. കാരണം, എല്ലാവരുടെ ക്ഷേമത്തേയും നിയമാനുഷ്ഠാനത്തേയും പരിഗണിക്കേണ്ട കടമ അവൎക്കുണ്ടു്. അധികാരി ഒരുവിധത്തിൽ പ്രവൎത്തിക്കാതെ, മറെറാരു

വിധത്തിൽ പ്രവൎത്തിച്ചതിനുള്ള കാരണം ഭരണിയക്ക് അജ്ഞാതമായിരിക്കാം. അതുപോലെതന്നെ ഇതരന്മാൎക്ക മനസ്സിലാകാത്ത സാഹചൎയ്യങ്ങളെ പരിഗണിക്കേണ്ട ചുമതലയും അദ്ദേഹത്തിനുണ്ട്. ഒരാശയം മനസ്സിൽ കരുപ്പിടിക്കുന്നതിനും, അതു വിശദീകരിക്കുന്നതിനും, അതിനുവേണ്ടി പ്രയത്നിക്കുന്നതിനും, മററുള്ളവരും അതു മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്യുന്നുണ്ടോ എന്നു ശ്രദ്ധിക്കുന്നതിനും, ഒരു ക്ലാസ്സിലോ, ഒരു ക്ലബ്ബിലോ, താരതമ്യേന എളുപ്പമാണ്. എന്നാൽ അതു പ്രായോഗികവും, സുകരവും, ഉപയോഗപ്രദവുമാക്കിത്തീൎക്കുക അത്ര എളുപ്പമല്ല. മാതൃകാപരമായ നന്മ എന്താണെന്നോ, അഥവാ, പരിപൂൎണ്ണവും മനോജ്ഞവുമായവ എന്താണെന്നോ ഗ്രഹിച്ചതുകൊണ്ടു മാത്രമായില്ല. സാഹചൎയ്യങ്ങളെല്ലാം പരിഗണിച്ചതിനുശേഷം ശ്രേഷ്ഠവും ഉപയോഗപ്രദവുമായതു് എന്താണെന്നറിയേണ്ടതു് ആവശ്യകമാണ്. താത്വികമായി ഏററം പരിപൂൎണ്ണമായതിനെ എപ്പോഴും ചെയ്യുന്നുവെന്നു് നടിക്കുന്നവർ പ്രായോഗികമായി ഒന്നുംതന്നെ ചെയ്യുന്നില്ല; ഇതാണു് "ഉൽകൃഷ്ടതമമായുള്ളതുൽകൃഷ്ടത്തിന്നു ശത്രുവാം" എന്ന ചൊല്ലിൻെറ അൎത്ഥം. "മാലാഖാമാരെപ്പോലെ ജീവിക്കുന്നതിനുള്ള ശ്രമത്തിൽ മനുഷ്യരെപ്പോലെ വൎത്തിക്കാൻ വിസ്മരിച്ചുപോകുന്ന മനുഷ്യരുണ്ടു്," എന്നു വി. ഫ്രാൻസിസു് സാലെസു് പറഞ്ഞിരിക്കുന്നതു വളരെ ഫലിതപൂൎവ്വവും പുണ്യവാന്മാൎക്കുടെത്ത പകയോടുകൂടിയുമാണു്.

മനുഷ്യർ വിഭിന്നസ്വഭാവക്കാരാണു്. അതിനാൽ അവരെ ഭരിക്കുന്നതിനു ചുമതലയുള്ളവർ മററുള്ളവൎക്കു തീരെ അജ്ഞാതമായ പല സംഗതികളേയും പരിഗണിക്കേണ്ടിയിരിക്കുന്നു. നിഷ്പ്രയോജനവും ആപല്ക്കരവുമായ ദുസ്തൎക്കത്തിൽ നാം അകപ്പെടാതിരിക്കണമെങ്കിൽ ഏതൊരധികാരിയുടേയും എല്ലാ കല്പനകളും, അവ തിരുസ്സഭയുടേയും ദൈവത്തിൻേറയും കല്പനകൾക്കു വിരുദ്ധമല്ലാത്തപ്പോൾ, സന്തോഷത്തോടെ

സ്വീകരിക്കണമെന്നു വിവേകവും മനസ്സാക്ഷിയും നമ്മെ ഉൽബോധിപ്പിക്കുന്നു.

കൂടാതെയും, സന്ന്യാസാരൂപിക്കു് യാതൊരു ഹാനിയും ഭവിക്കാതെ ഒരായിരംവിധത്തിൽ നമുക്കു് ഒഴിഞ്ഞുമാറാവുന്നതും സ്വതേ അഗണ്യവുമായ നിരവധി സംഭവങ്ങറം ഒരു സന്ന്യാസിയുടെ അനുദിനജീവിതത്തിൽ ഉണ്ടു്. അനുദിനജീവിതത്തിലേ ഈ നിസ്സാരസംഭവങ്ങറം ചില ആളുകളെയും അവരോടു് ഇടപെടേണ്ടിവരുന്നവരെയും കുടുക്കി ചതിക്കുന്ന കരുക്കളാണു്. ഇവയിൽ അകപ്പെട്ടു നശിക്കാതെ തൻെറ ഭരണീയരെ കാത്തുസൂക്ഷിക്കുന്നതിലാണു് ഒരു അധികാരിയുടെ സാമത്ഥ്യം അടങ്ങിയിരിക്കുന്നതു്. എന്നാൽ, തൻെറ ഭരണീയരുടെ ഇടയിൽ സംഭവിച്ചേക്കാവുന്ന അപകടകരങ്ങളായ എല്ലാ അവസരങ്ങളേയും മുൻകൂട്ടി കാണുക ഒരധികാരിക്കു സാദ്ധ്യമല്ല. ചുരുക്കത്തിൽ, അസുഖകരങ്ങളായ ഈ നിസ്സാര സംഗതികളുടെ ഹേതു ചിലരുടെ ജീവിതരീതിയും മററുചിലരുടെ അതിമാത്സവമായ തൊട്ടാവാടിസ്വഭാവവുമാണു്. നിയമത്തെ അതിലംഘിക്കാതെ സംതൃപ്തരാക്കാമെന്നുള്ളവരെ, അതൃപ്തരാക്കുന്നതിൽ യാതൊരധികാരിയും പ്രത്യേകതാല്പര്യം പ്രദശിപ്പിക്കയില്ലെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. ചിലരെ കൂടുതൽ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ചിലപ്പോഠം ഒന്നു പരീക്ഷിക്കുന്നതു നല്ലതാണു്. എന്നാൽ ഇതൊരു സാധാരണ നിയമമാക്കിത്തീക്കുന്നതു് ഏററം വലിയ ഭ്രാന്താണു്.

ഒരു അധികാരി എത്ര വലിയ വിവേകത്തോടെ വത്തിച്ചാലും, അദ്ദേഹത്തിൻെറ ചില പ്രവൃത്തികറം, അവയുടെ ശരിയായ അത്ഥത്തിൽ മററുള്ളവർ ഗ്രഹിച്ചില്ലെന്നു വരാം. ആരുടെയെങ്കിലും സഹതാപത്തെ ഉത്തേജിപ്പിക്കുന്ന അല്പസാഹചയ്യങ്ങറം അദ്ദേഹം വിസ്മരിച്ചുപോയതു മാത്രമാണു് ഇതിനുള്ള കാരണം. വികാരങ്ങളെ കീഴ്പ്പെടുത്തണമെന്ന ദൃഢനിശ്ചയത്തോടെ, ന്യായാന്യായ വിവേചനം കൂടാതെ അനുസരിക്കുകയാണു് ഈ സന്ദഭത്തിൽ ആക്കും ഉത്തമമായി

ട്ടുള്ളതു്. എന്നാൽ അധികാരിയിൽ കടന്നുകൂടുന്ന ഈവിധ ന്യൂനതകഠം, അവ ആരെ സംബന്ധിക്കുന്നവയാണോ ആ ആഠം തന്നെയോ, അഥവാ ബഹുമാനാർഹനും സദുദ്ദേശ്യത്തോടു കൂടിയവനുമായ മററാരെങ്കിലുമോ സന്ദർഭോചിതമായി അധി കാരിയെ അറിയിക്കുന്നതു ത്യാഗസമന്വിതമായ അനുസരണ ത്തെക്കാഠം ദൈവത്തിനു കൂടുതൽ പ്രീതികരവും സന്യാസസമൂ ഹത്തിനു കൂടുതൽ പ്രയോജനകരവുമാണ്. ഇതു ശരിയായി പ്രായോഗികമാക്കണമെങ്കിൽ വളരെ ത്യാഗവും ഉപവിയും ആവശ്യകമത്രേ.

ആശ്രമത്തിൽ നടക്കുന്നവയെല്ലാം അധികാരിയോടു പറ യുന്ന സ്വഭാവം, നീചവും വെറുക്കത്തക്കതുമാണ്. അധികാ രികഠം മാലാഖാമാരല്ല. അവർ അറിയാതെ ചിലപ്പോഠം ഭര ണീയക്കു സഹനകാരണമായെന്നു വന്നേക്കാം. സർവ്വോപരി അതു് എന്തുകൊണ്ടാണെന്നും അവർ അറിയുന്നില്ല. അത്യല്പ മായ വിദ്വേഷംപോലും ഉണ്ടായിരിക്കുകയും അതു് സംസാരം മൂലം മററുള്ളവരെ അറിയിക്കുകയും ചെയ്യുന്നതു നീചവും ആപ ല്ക്കരവുമാകുന്നു. ആരിലെങ്കിലും വിദ്വേഷം കടന്നുകൂടുന്നെങ്കിൽ പരിപൂർണ്ണമായ അനുസരണത്തിൻേറയും ദൈവസ്നേഹപ്രകര ണങ്ങളുടേയും അഭ്യാസംമൂലം അതിനെ ജയിക്കാൻ ശ്രമിക്കേ ണ്ടതാണ്. ഈവിധ സാഹചര്യങ്ങളിൽ അധികാരിയെ സമീ പിച്ചു്, അദ്ദേഹത്തിൻെറ ന്യൂനതയെ എളിമയോടും വിവേക ത്തോടുംകൂടി അവസരോചിതം അദ്ദേഹത്തെ അറിയിക്കുന്ന ഒരുവൻ വളരെ നന്മ ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നവൻ, സന്യാസിയോ, ലൗകികനോ, ആരുതന്നെയായിരുന്നാലും, ദൈവം അധികാരിക്കു നല്കിയിരിക്കുന്ന ഒരു മാലാഖായുടെ സദൃ ശനാണ്. എന്നാൽ, ഈദൃശരായ നല്ല മാലാഖാമാർ വളരെ യില്ല. ഇങ്ങനെ, തെററുകളെ അറിയിച്ചുകൊടുക്കുന്നതു പല തെററിദ്ധാരണകഠം നീക്കുന്നതിനും, പല ആത്മാക്കളിലും സമാ ധാനം പുനഃസ്ഥാപിക്കുന്നതിനും, വലിയ തിന്മകളെ തടയു യുന്നതിനും പര്യാപ്തമാണ്.

എന്നാൽ ഇപ്രകാരം ഉപവിയോടുകൂടി തെററുകളെ അറിയിച്ചുകൊടുക്കുന്നതു്, ഒരു ദോഷാരോപണമോ ശാസനപോലുമോ അല്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതു യഥാവിധി നിവ്വഹിക്കുന്ന ഒരുവനു്, തൻെറ കടമ നിവ്വഹിച്ചു എന്ന കൃതാത്ഥതയ്ക്കു് അവകാശമുണ്ടു്. എന്നാൽ പരസ്നേഹപരമായ തൻെറ ഉൽബോധനം കാര്യമായി മതിക്കപ്പെടണമെന്നു് അവൻ ആഗ്രഹിക്കരുതു്. അധികാരിയുടെ പ്രവത്തനത്തിനുള്ള ഒരു നിർദ്ദേശം മാത്രമാണു് ഈ പ്രബോധനം. എന്നാൽ ഇതു് അവഗണിക്കുന്നതിനു് അദ്ദേഹത്തിനു വേറെ കാരണങ്ങൾ ഉണ്ടായിരിക്കാം. മറിച്ചു വിചാരിക്കുന്നെങ്കിൽ, ഭരണീയർ തങ്ങളുടെ പ്രമാണത്തെ അധികാരിയുടെമേൽ ചുമത്തുന്നു എന്നാണു് അതു വ്യക്തമാക്കുന്നതു്. അധികാരിയുടെ നിശ്ചയത്തിനു പകരം സ്വന്തം അഭിപ്രായം അവർ നടപ്പാക്കുന്നു എന്നാണു് ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു്. ഇതു് എല്ലായ്പോഴും അധികാരത്തിനു ഹാനികരവുമാണു്. തൻെറ അഭിപ്രായമനുസരിച്ചു പ്രവത്തിക്കുന്നതിനു നമുക്കു് അജ്ഞാതമായിരിക്കുന്ന പലേ കാരണങ്ങളും അധികാരിക്കു് ഉണ്ടെന്നു നാം സ്മരിക്കണം. അവയെല്ലാം വെളിപ്പെടുത്തുന്നതു ശരിയായിരുന്നു എങ്കിൽ തൻെറ ഭരണീയരിൽ ഏററം ദുശ്ശാഠ്യക്കാരെപ്പോലും തൃപ്തിപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു നിശ്ചയമായും സാധിക്കുമായിരുന്നു. അധികാരിയെ അറിയിക്കേണ്ട സംഗതികൾ എല്ലാം അദ്ദേഹത്തെ അറിയിച്ചിട്ടുണ്ടെന്നു ബോധ്യമാകയാൽ, അദ്ദേഹം നല്കുന്ന കല്പനകളെ അനുസരിക്കുകയല്ലാതെ ഭരണീയർക്കു മറെറാന്നും ചെയ്യേണ്ടതില്ല.

പ്രത്യക്ഷത്തിൽ പാപകരമായ എന്തെങ്കിലും കല്പിക്കപ്പെടുന്ന അവസരങ്ങളിലും (ഇങ്ങനെ ഉണ്ടാകയില്ല) അധികാരിക്കു് ഒരു ഉൽബോധനം നല്കുന്നതു് ഉപയോഗപ്രദമായിരിക്കുമെന്നു നാം വിവേകപൂവ്വം തീരുമാനിക്കുന്ന അവസരങ്ങളിലുമല്ലാതെ, അധികാരിയുടെ കല്പന വിഹിതമാണോ അല്ലയോ എന്നു നാം ചിന്തിക്കപോലും ചെയ്യരുതു്. മാത്രമല്ല നമ്മെ

സംബന്ധിച്ചിടത്തോളം ദൈവസ്ഥാനം വഹിക്കുന്ന അധികാരിയുടെ കാര്യശേഷിയേയും നീതിനിഷ്ഠയേയുംപററി പിശാചൻ നമുക്കു തോന്നിക്കുന്ന എല്ലാ വിചാരങ്ങളും തൽക്ഷണം തന്നെ നീക്കിക്കളയണം. ഇതാണു യഥാൎത്ഥമായ സന്യാസാരൂപി. "നിന്ദ്യനായി നീ വിധിക്കപ്പെടുവാൻ ഇടയാകാതെ, നിൻെറ അനുസരണത്തിനു പ്രതിസമ്മാനമായി നിത്യജീവൻ നീ അർഹിക്കട്ടെ" എന്നു് ഉപദേശിക്കുന്ന നമ്മുടെ നിയമത്തിൻെറ ഉദ്ദേശ്യവും വാച്യാൎത്ഥവും ഇതുതന്നെയാണു്. ഇതുതന്നെ തൻെറ മുൻകരുതലിൽ നമ്മുടെ വന്ദ്യപിതാവും നമുക്കു് ഉപദേശിക്കുന്നു. "ഇപ്രകാരം നിൻെറ അധികാരിയെ നീ പരിഗണിച്ചാൽ അതു നിനക്കു വലിയ ആദായവും ലാഭവും ഉളവാക്കും. ഇതിനെ അവഗണിച്ചാൽ വലിയ നഷ്ടവും നാശവും നേരിടുകയും ചെയ്യും."

ഇനിയും വളരെയധികം പറയുവാനുണ്ടെങ്കിലും ഈ നാശങ്ങളെന്തെല്ലാമാണെന്നു നാം സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞു. അവസാനമായി, ഇവയെല്ലാം നമുക്കു സംക്ഷേപമായി അനുസ്മരിക്കാം. അധികാരികളുടെ ഗുണങ്ങളെ നാം പരിഗണിക്കുന്നെങ്കിൽ, അതിനാൽത്തന്നെ നമ്മുടെ അനുസരണത്തെ നാം നിയന്ത്രിക്കുകയും, നമ്മുടെ ശത്രുവായ പിശാചനെ നാം സമീപിക്കുകയും, അവൻെറ ഇഷ്ടാനുസരണം നമ്മെ ഉപദ്രവിക്കത്തക്ക ഒരു നിലയിൽ നമ്മെത്തന്നെ നാം ആക്കിത്തീൎക്കുകയും ചെയ്യുന്നു. അനുസരണത്തിൻെറ യോഗ്യത നമുക്കു നഷ്ടപ്പെടുന്നു; നമുക്കും മററുള്ളവൎക്കും നാശഹേതുകമായ അപകടങ്ങൾക്കു നാം സ്വയം വിധേയരാകുന്നു; നമ്മുടെ നിയമങ്ങളുടേയും വിശുദ്ധ പിതാക്കന്മാരുടേയും ഖണ്ഡിതമായ അനുശാസനങ്ങളിൽ നിന്നും അവരുടെ അരൂപിയിൽ നിന്നും നാം വ്യതിചലിക്കുകയും ചെയ്യുന്നു.

വിശുദ്ധന്മാരുടെ ജീവിതവും ദൃഷ്ടാന്തവും നമുക്കു പ്രേരകങ്ങളായിത്തീരണം; കാരണം, അനുസരണമില്ലാത്തവനായി അവരിൽ ഒരുവൻപോലുമില്ല. സൎവ്വോപരി വിശുദ്ധരിൽ

പരിശുദ്ധനായ നമ്മുടെ ദിവ്യരക്ഷകൻെറ ഇഹലോക ജീവിതം അനുസരണത്തിൻെറ പരിപൂർണ്ണാദർശമായിരുന്നു. തൻെറ പിതാവിൻെറ ഇഷ്ടം നിറവേററുകയാണു തൻെറ കർത്ത വ്യമെന്നു് അവിടുന്നു നമ്മെ ഉൽബോധിപ്പിക്കുന്നു. തൻെറ പിതാവിനെ മാത്രമല്ല, തൻെറ സൃഷ്ടികളെക്കൂടെ അവിടുന്നു് അനുസരിച്ചു. ഒരുകരംകൊണ്ടു ലോകം മുഴുവനേയും താങ്ങു കയും, സകല സൃഷ്ടികൾക്കും ആലംബമായിരിക്കുകയും ചെയ്യുന്ന അവിടുന്നു്, ഒരു മനുഷ്യനെന്ന നിലയിൽ തൻെറ എല്ലാ ആവശ്യങ്ങളിലും അബലയായ ഒരു കന്യകയേയും ഒരു പാവപ്പെട്ട തച്ചനേയും ആശ്രയിക്കാൻ തിരുമനസ്സായി. ആരാധ്യമായ തൻെറ ബാല്യദശയിലും യൗവ്വനകാലത്തും അവിടുന്നു പ്രവർത്തിച്ചവയെല്ലാം വിശുദ്ധഗ്രന്ഥം വളരെ ചുരു ങ്ങിയ വാക്കുകളിൽ സംഗ്രഹിക്കുന്നു: "അവിടുന്നു് അവൎക്കു കീഴ്പ്പെട്ടിരുന്നു" (Luke IX-57) ദൈവസുതനെക്കുറിച്ചാണു് ഇതു പറയപ്പെട്ടിരിക്കുന്നതെന്നു നാം അനുസ്മരിക്കണം. അവി ടുന്നു മറിയത്തിനും യൗസേപ്പിനും കീഴ്പ്പെട്ടിരുന്നു! അവരെ അനുസരിച്ചുകൊണ്ടു് അവിടുന്നു പതിനെട്ടു വർഷം ജീവിച്ചു! പിന്നീടു്, ശത്രുക്കൾക്കു് അവിടുന്നു സ്വയം ഏല്പിച്ചുകൊടുത്ത പ്പോൾ സ്വർഗ്ഗസ്ഥനായ തൻെറ പിതാവിൻെറ ഇഷ്ടം നിറവേ റുന്നതിനാണു് അങ്ങനെ ചെയ്തതെന്നു് അവിടുന്നു പ്രസ്താ വിച്ചു. ഗദസേമ്മാൻ തോട്ടത്തിൽവച്ചു കൈപ്പേറിയ മരണവും പീഡകളും സ്വീകരിക്കയിൽ, "എൻെറ ഇഷ്ടമല്ല, പ്രത്യുത, നിൻെറ ഇഷ്ടം നിറവേറട്ടെ" എന്നു് അവിടുന്നു നിത്യപിതാ വിനോടു പറഞ്ഞു.

എന്നാൽ നമ്മുടെ കർത്താവു നമുക്കു കാണിച്ചുതരുന്ന അനുസരണത്തിൻെറ ഏററം മഹനീയമായ ദൃഷ്ടാന്തം തൻെറ ദിവ്യകാരുണ്യജീവിതത്തിലാണു് ദൃശ്യമാകുന്നതു്. ദിവ്യ പൂജയും ദിവ്യകാരുണ്യവുംവഴി ഒരു സന്യാസി ദിവസേന ഈശോയുടെ ആരാധ്യമായ ഹൃദയവുമായി ഏകീഭവിക്കുന്നു. സക്രാരിയിലും ദിവ്യകാരുണ്യസ്വീകരണാനന്തരം നമ്മുടെ

ഹൃദയങ്ങളിലും ഈശോയുടെ സാദൃശ്യമല്ല പ്രത്യുത, മറിയ ത്തിനും യൗസേപ്പിനും കീഴ്‌വഴങ്ങിയ ഈശോ തന്നെയാണ്; യൂദയാരാജ്യത്തുവച്ചു ശിശുക്കളെ ആശ്ലേഷിച്ചവനും രോഗി കൾക്കു സൗഖ്യവും മരിച്ചവർക്കു പുനർജ്ജീവനും പ്രദാനംചെയ്ത വനുമായ ഈശോതന്നെയാണ്, "എൻെറ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ച് എല്ലാ ദിവസവും തൻെറ കുരിശെടുത്തുകൊണ്ട് എൻെറ പിന്നാലെ വരട്ടെ" (Luke IX-22) എന്ന് എല്ലാവരോടും അരുളിച്ചെയ്യുന്ന ഈശോതന്നെയാണ് അവിടെ അധിവസിക്കുന്നത്. നമ്മുടെ സന്യാസവ്രതവാഗ്ദാനദിവസം, തന്നെ അനുഗമിക്കാമെന്നു നാം വാഗ്ദാനം ചെയ്തു. നിരന്തരമായ അനുസരണമാണു നമ്മുടെ പ്രധാന കുരിശ്. "ഞാൻ നിങ്ങളോടു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഈ ദൃഷ്ടാന്തം നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു" (John XIII-15) എന്ന് അവിടുന്നു നമ്മോടരുളിച്ചെയ്യുന്നു. ഈശോ എല്ലായ്പോഴും അനുസരിച്ചു. അവിടുന്നു ദൈവപുത്രനാണെങ്കിലും തൻെറ സൃഷ്ടിയും എന്നാൽ ഏററം നിർമ്മലയും ജന്മപാപരഹിതയുമായ കന്യകാ മറിയത്തേയും ദൈവത്തിന് ഏററം പ്രിയപ്പെട്ടവനായ വിശുദ്ധ യൗസേപ്പിനേയും അനുസരിക്കുന്നതിൽ അവിടു ത്തേയ്ക്കു കൗതുകമുണ്ടായിരുന്നു എന്ന് ഒരുപക്ഷെ നാം വാദി ച്ചേക്കാം. എന്നാൽ മറിയത്തേയും യൗസേപ്പിനേയും മാത്രമല്ല അവിടുന്നു സന്തോഷപൂർവ്വം അനുസരിച്ചത്. ശിഷ്ടരും ദുഷ്ടരും യോഗ്യരും അയോഗ്യരുമായ എല്ലാ വൈദികന്മാരേയും ഇന്നും ദിവ്യകാരുണ്യത്തിൽ അവിടുന്ന് അനുസരിക്കുന്നു.

പരമപരിശുദ്ധ ദിവ്യകാരുണ്യസന്നിധിയിൽവച്ചു നട ത്തുന്ന ഏതാനും മിനിററു സമയത്തെ ഹൃദയപൂർവ്വകമായ പ്രാർത്ഥന അനുസരണത്തിനെതിരായ എല്ലാ പരീക്ഷകളേയും ഉന്മൂലനം ചെയ്യേണ്ടതാണ്. അധികാരിയുടെ ദുർഗ്ഗുണങ്ങൾമൂലം അനുസരണം എപ്പോഴെങ്കിലും വിഷമതരമായിത്തീരുന്നെ

ങ്കിൽ നമുക്കു ദിവ്യകാരുണ്യസന്നിധിയിൽ പോകാം. അവിടെ ഈശോ, "എൻെറ കുഞ്ഞുങ്ങളേ, ആവലാതി പറയാതെയും അസ്വസ്ഥരാകാതെയും ഇരിക്കുവിൻ. പൂൎണ്ണമായ അനുസരണത്തിൻേറയും മൗനത്തിൻേറയും സ്വാൎത്ഥത്യാഗത്തിൻേറയും ജീവനായ എന്നിൽനിന്നു പഠിക്കുവിൻ. നിങ്ങളുടെ അധികാരിയുടെ സ്വഭാവവും പ്രവൃത്തികളും നിങ്ങളെ അതൃപ്തരാക്കുന്നുണ്ടോ? ദിവ്യകാരുണ്യത്തിൽ എന്നോടിടപെടുന്നവരെല്ലാം എനിക്കു് ഇഷ്ടപ്പെട്ടവരാണെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്? ഈ ദിവ്യകൂദാശയിൽ നല്ലവരായ വൈദികന്മാരെ മാത്രം ഞാൻ അനുസരിച്ചിരുന്നെങ്കിൽ ഇന്നു ലോകത്തിനു് എന്തു സംഭവിക്കുമായിരുന്നു? പൂൎണ്ണപരിശുദ്ധിയുള്ള ആത്മാക്കൾക്കുമാത്രം എന്നെ പ്രദാനം ചെയ്യുന്നതിനേ അവക്കു് അനുവാദമുണ്ടായിരുന്നുള്ളുവെങ്കിൽ എത്ര ചുരുക്കം ആത്മാക്കൾ മാത്രമേ എൻെറ സാന്നിദ്ധ്യസുഖം അനുഭവിക്കുമായിരുന്നുള്ളു. എൻെറ സ്നേഹിതന്മാരേ, എന്നെ അനുഗമിക്കാമെന്നു വാഗ്ദാനം ചെയ്തും എന്നെ സ്നേഹിക്കുന്നു എന്നു പല പ്രാവശ്യം പ്രഖ്യാപനം ചെയ്തും ചെയ്തിട്ടുള്ള നിങ്ങൾപോലും എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു് എത്ര വിമുഖരായിരിക്കുന്നു! നിങ്ങൾക്കുവേണ്ടിയും മററെല്ലാവക്കുംവേണ്ടിയും ദിവ്യകാരുണ്യത്തിൽ ഞാൻ ഇത്രയെല്ലാം ചെയ്യുമ്പോൾ എനിക്കുവേണ്ടി വല്ലതും ചെയ്യുവാൻ നിങ്ങൾ എത്ര വിമുഖരാണു്! ക്ഷീണഹൃദയനായ മനുഷ്യാ! എഴുന്നേല്ക്കുക. അനന്തമായ പ്രതിസമ്മാനം അൎഹിക്കുന്ന നിൻെറ കുരിശിനെ വലിച്ചിഴയ്ക്കാതിരിക്കുക. ദിവ്യകാരുണ്യജീവിതത്തിൽ ഞാൻ നിനക്കുവേണ്ടി ചെയ്യുന്നതു് എന്നോടുള്ള സ്നേഹത്തെപ്രതി നീയും ചെയ്യുക. ദിവ്യകാരുണ്യത്തിൽ ഞാൻ നിനക്കു തരുന്ന മാതൃകയ്ക്കനുസരണമായി, അനുസരിക്കുകയും സഹിക്കുകയും മൗനമായിരിക്കുകയും ചെയ്യുക" എന്നു നമ്മെ ഉപദേശിക്കും.

ദിവ്യസക്രാരിയിലാണു സന്യാസജീവിതത്തിൻെറ ഉത്തമാദൎശം നമുക്കു ലഭിക്കുന്നതു്. നമ്മുടെ ദിവ്യരക്ഷകൻെറ ദിവ്യ

കാരുണ്യജീവിതം പരിപൂണ്ണമായ അനുസരണത്തിൻേറയും, ഏകാന്തതയുടേയും, മൗനത്തിൻേറയും, ത്യാഗത്തിൻേറയും ഒരു ജീവിതമാണ്. ക്ഷമയുടെ പാഠം പഠിക്കുന്നതിനായി മിക്കപ്പോഴും വിശിഷ്യാ, അത്യാവശ്യഘട്ടങ്ങളിലും ഈ മഹാവിദ്യാലയത്തിൽ പ്രവേശിക്കുന്നവൻ അനുഗ്രഹീതൻതന്നെ. സ്ഥിരോത്സാഹത്തിൻേറയും ദൈവാനുഗ്രഹത്തിൻേറയും ഫലമായി അവൻെറ അനുസരണം ദിവ്യകാരുണ്യസ്ഥിതനായ നമ്മുടെ കത്താവിൻേറതിനു തുല്യമായിത്തീരും. അപ്പോൾ കഠിനമായ സന്യാസജീവിതാനുഷ്ഠാനങ്ങൾ സുകരമായി ഭവിക്കും. ശത്രുവിൻെറ കണികളിൽനിന്നു് അവൻ വിമുക്തനായിത്തീരുകയും, സാധാരണങ്ങളായ സന്യാസാനുഷ്ഠാനങ്ങൾവഴി സ്വർഗ്ഗത്തിൽ ഉന്നതമഹത്വം പ്രാപിക്കുകയും ചെയ്യും.

# അദ്ധ്യായം 14.

## ആറാമത്തേ നിർദ്ദേശം - പിശാചനെതിരായ മൂന്നാമത്തേ മുൻകരുതൽ.

## എളിമ.

"വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും സ്വയം എളിമപ്പെടുത്തുന്നതിനു നീ എപ്പോഴും ഹൃദയപൂർവ്വം ശ്രമിക്കണം. നിൻെറ സ്വന്തം നന്മയിൽ എന്നതിനെക്കാൾ അന്യരുടെ നന്മയിൽ സന്തോഷിക്കുകയും, എല്ലാ സംഗതികളിലും അവർ കാര്യമായി മതിക്കപ്പെടുന്നതിനു ഹൃദയപൂർവ്വം ആഗ്രഹിക്കുകയും ചെയ്യുക. ഇപ്രകാരം പ്രവത്തിക്കുന്നതുകൊണ്ടു നീ തിന്മയെ നന്മയായി പകത്തുകയും, പിശാചനെ നിന്നിൽ

നിന്നു ദൂരീകരിക്കുകയും, ഹൃദയസമാധാനം അനുഭവിക്കുകയും
ചെയ്യും. നിന്റെ ഹിതത്തിനു യോജിക്കാത്തവരോടു് ഇപ്ര
കാരം വർത്തിക്കുന്നതിനു ശ്രമിക്കുക. ഇതു നീ അഭ്യസിക്കുന്നി
ല്ലെങ്കിൽ യഥാർത്ഥമായ ഉപവി നീ സമ്പാദിക്കുകയോ അതിൽ
അഭിവൃദ്ധിപ്പെടുകയോ ചെയ്യുകയില്ലെന്നു് അറിഞ്ഞുകൊള്ളുക.
നിന്റെ സഹോദരങ്ങളിൽ ഏററം എളിയവനെപ്പോലും ഉപ
ദേശിക്കുന്നതിനെക്കാൾ എല്ലാവരിൽനിന്നും ഉപദേശം സ്വീക
രിക്കുന്നതിനു സദാ സന്നദ്ധനായിരിക്കുക" എന്നതാണു പിശാ
ചനെതിരായ മൂന്നാമത്തെ മുൻകരുതൽ.

ഈ മുൻകരുതലിന്റെ വിഷയം വ്യക്തമാണെന്നും,
അതിനു യാതൊരു വ്യാഖ്യാനവും ആവശ്യമില്ലെന്നും, പ്രഥമ
ദൃഷ്ടിയിൽ തോന്നിയേക്കാം. എല്ലാ സന്യാസികൾക്കും, മാത്ര
മല്ല, സന്യസ്തജീവിതസംബന്ധമായ വിഷയങ്ങളുടെ പ്രതി
പാദനങ്ങളുമായി പരിചയപ്പെടുന്നതിനു് ഇടയായിട്ടുള്ള
ഏവർക്കും സുജ്ഞാതമായ ഒരു പുണ്യമാണു് ഇതിന്റെ വിഷയം.
സർവ്വോപരി, എളിമയേയും അതിനെതിരായ ദുർഗ്ഗുണത്തേയും
സംബന്ധിച്ച വിപുലമായ തോതിൽ വളരെ നന്നായിട്ടു് എഴു
തിയിട്ടുള്ളതിനാൽ, ഇവയെപ്പററി നവീനമായി എന്തെങ്കിലും
പറയാമെന്നു കരുതിയാൽ അതു ഭോഷത്വമായേ പരിണമി
ക്കയുള്ളു. എങ്കിലും ഈ മുൻകരുതലിനെ വ്യാഖ്യാനിക്കാതെ
അതിനെ ഒന്നുകൂടി ഊന്നിപ്പറയുന്നതു് ഉത്തമമായിരിക്കും.
കാരണം, ഏററം നന്നായി അറിയപ്പെടുന്നതു് അല്പമായി
മാത്രം ഗ്രഹിക്കപ്പെടുകയും തദ്വാരാ വളരെ കുറച്ചുമാത്രം
ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നു.

ഇതാണു് എളിമയ്ക്കു നേരിട്ടിരിക്കുന്ന ദുരവസ്ഥ. ഭക്തി
സംവർദ്ധകങ്ങളായ പുസ്തകങ്ങളിൽ ഇതിനെക്കാൾ സർവ്വസാധാ
രണമായ വേറൊരു പദമില്ല. എന്നാൽ, ഈ വാക്കു് ഉച്ചരി
ക്കുന്നവരിൽ ഭൂരിപക്ഷത്തിനും ഇതുപോലെ മനസ്സിലാകാത്ത
വേറൊരു വാക്കും ഇല്ലെന്നു പറഞ്ഞാൽ അതു് അബദ്ധമല്ല.
നമുക്കു് അനുകൂലമായ എല്ലാ വിചാരങ്ങളേയും — അവ യഥാ

ൎത്ഥ്യത്തിൽനിന്നു് എത്ര അകന്നതായാലും – നിഗ്രഹിക്കുന്നതി നുള്ള നിരന്തരയത്നമാകുന്ന എളിമ എന്നാണു് പല ഭക്താത്മാക്കളുടേയും, അധ്യാപനത്തിൽ ഏൎപ്പെട്ടിരിക്കുന്ന പലരുടേയും ധാരണ. ഏതെങ്കിലും സംഗതി നാം നിൎവ്വഹിക്കുകയും, അതു് എത്രതന്നെ നന്നായി നിൎവ്വഹിക്കുകയും ചെയ്തിരുന്നാലും, നാം അതു വളരെ മോശമായി ചെയ്തു എന്നു വിചാരിക്കുകയും, പറയുകയും ചെയ്യണമെന്നു് അവർ വിശ്വസിക്കുന്നു. നമുക്കു് എന്തെങ്കിലും സൽഗ്ഗുണങ്ങളോ സ്വാഭാവികദാനങ്ങളോ ഉണ്ടായിരുന്നാൽ — ഒന്നും ഇല്ലാത്തവരായി ആരും ഇല്ല — അവ ഒന്നും നമുക്കില്ലെന്നു നാം വിചാരിക്കുകയും പറയുകയും ചെയ്യണമെന്നാണു നമ്മുടെ ധാരണ. ഇപ്രകാരം ഹൃദയപൂൎവ്വകമായ ഒരു ധാരണ നമുക്കുണ്ടാകുന്നതിനെക്കാൾ, തന്നെത്തന്നെ അപകൃഷ്ടനാക്കിക്കാണിക്കുന്നതു വളരെ എളുപ്പമാകയാൽ, എളിമ എന്ന വാക്കിൻെറ യഥാൎത്ഥമായ അൎത്ഥം വിസ്മരിച്ചുകൊണ്ടു് ആ വാക്കു് സദാ ഉപയോഗിക്കുന്ന പതിവു് നമുക്കു സ്വാഭാവികമായിത്തീൎന്നിട്ടുണ്ടു്. അതിനാൽ, നമ്മുടെ ദിവ്യരക്ഷകനു വളരെ ഹൃദ്യവും, സാക്ഷാൽ മഹാത്മാക്കൾ സ്വാഭാവികവുമായ ഒരു പുണ്യത്തെ വിവക്ഷിക്കുന്ന ആ വാക്കു് പലരെ സംബന്ധിച്ചും നിന്ദ്യവും ഉൽകൃഷ്ടാത്മാക്കൾ വെറുക്കുന്നതുമായ വെറും കപടഭക്തിയായി പരിണമിച്ചിരിക്കുന്നു.

എളിമ — തങ്ങളുടെ വിവക്ഷ അനുസരിച്ചുള്ള എളിമ — മററുള്ളവരുടെമേൽ ചുമത്തണമെന്നും അവർ വിശ്വസിക്കുന്നു. സാമാന്യനായ ഒരു ഗുരുഭൂതനെങ്കിലും, അധ്യാപനത്തിൽ വേണ്ടത്ര പരിചയം ഇല്ലാതിരുന്ന ഒരാൾ, തൻെറ അധീനരിൽ ഒരുവൻ രചിച്ചതും, പ്രശസ്തവുമായ ഒരു സാഹിത്യഗ്രന്ഥത്തെ നിഷ്ഠുരണം, അതിനിശിതമായി അപലപിച്ചു. തൻെറ ശിഷ്യനു ത്യാഗത്തിനുള്ള ഒരു നല്ല അവസരം പ്രദാനംചെയ്തിട്ടു് തൻെറ മനസ്സാക്ഷിക്കനുസരണമായി താൻ പ്രവൎത്തിച്ചു എന്ന കൃതാൎത്ഥതയോടെ അദ്ദേഹം പറഞ്ഞു: “എളിമയുടെ അരൂപി പരിരക്ഷിക്കപ്പെടേണ്ടതിനു ചെറുപ്പക്കാരോടു് ഇപ്ര

കാരം വർത്തിക്കണം." വിശുദ്ധന്മാരുടെ ജീവിതചരിത്രങ്ങളിൽ, അങ്ങിങ്ങായി ദൃശ്യമാകുന്ന ചില വാക്യശകലങ്ങളും, എളിമയെപ്പററിയുള്ള ശുഷ്ക്കവും, അബദ്ധജടിലവുമായ ഈ ധാരണയേയും, അതു് അഭ്യസിപ്പിക്കുവാൻ പ്രയോഗിക്കുന്ന നാശഹേതുകമായ ഈ മാർഗ്ഗത്തേയും അനുകൂലിക്കുന്നുണ്ടു്. എന്നാൽ യഥാർത്ഥഎളിമയ്ക്കു ഭീരുക്കളുടെ ഈ ആചാരാനുഷ്ഠാനങ്ങളോടു യാതൊരു ബന്ധവുമില്ല. വിശുദ്ധന്മാർ ഇതിനെ മനസ്സിലാക്കിയിരുന്നതും ഇപ്രകാരമല്ല. കർമ്മലസഭയുടെ ആ രണ്ടു മഹാശാസ്ത്രജ്ഞന്മാർ നിശ്ചയമായും, എളിമയെ മനസ്സിലാക്കിയിരുന്നതു് ഇങ്ങനെയായിരിക്കയില്ല.

നമ്മുടെ വിശുദ്ധ പിതാവിൻെറ അഭിപ്രായമനുസരിച്ചു്, സ്നേഹത്തിൻേറയും ആത്മീയപ്രകാശത്തിൻേറയും പ്രഥമ സന്താനമാണു് എളിമ. നമ്മുടെ പരിശുദ്ധ അമ്മയുടെ അഭിമതാനുസരണം ഇതു സത്യത്തിൻെറ പുത്രിയാണു്. മററു സംഗതികളിലെന്നപോലെ ഈ വിഷയത്തിലും ഇവർ ഇരുവരുടേയും പ്രബോധനം ഒന്നുതന്നെയാണു്. മഹാവിശുദ്ധരും പണ്ഡിതരുമായ ഇവർ രണ്ടുപേരും എളിമയുടെ ഉത്ഭവത്തേയും സ്വഭാവത്തേയും വിവരിക്കുന്ന രണ്ടു വാക്യശകലങ്ങൾ താഴെ ചേക്കുന്നു. ദൈവസ്നേഹത്തിൻെറ മൂന്നാം പദവിയിൽ എത്തിയിരിക്കുന്ന ഒരുവനെപ്പററി സംസാരിക്കുകയിൽ വിശുദ്ധൻ പറയുന്നു: "ഈ സ്ഥിതിയിൽ എത്തിയ ഒരാത്മാവു്, തന്നിൽ ജ്വലിക്കുന്ന സ്നേഹാഗ്നിയുടെ ഉഗ്രതയാൽ വലിയ കാര്യങ്ങളെ നിസ്സാരങ്ങളായും, അധികത്തെ കുറച്ചായും ദീർഘകാലസേവനത്തെ വളരെ ചുരുങ്ങിയതായും പരിഗണിക്കുന്നു; ഈ സ്ഥിതിയിൽ, ദൈവത്തോടുള്ള സ്നേഹാധിക്യത്താൽ തൻെറ ശുശ്രൂഷയുടെ അല്പത്വത്തെക്കുറിച്ചു് ആ ആത്മാവു വളരെ ദുഃഖിക്കുന്നു. ദൈവത്തിനുവേണ്ടി ഒരായിരം പ്രാവശ്യം മരിക്കാമായിരുന്നെങ്കിൽ അതു ന്യായമായും ആഗ്രഹിക്കപ്പെട്ടമായിരുന്നു. അതിനാൽ, തൻെറ എല്ലാ പ്രവൃത്തികളിലും, പ്രയോജനരഹിതയായി സ്വയം പരിഗണിക്കുന്നു. തൻെറ ജീവിതത്തെ അതി

നിസ്സാരമായി മതിക്കുന്നു. ദൈവത്തിനു ചെല്ലേണ്ടതു് എന്താണെന്നു ദൈവസ്നേഹം വ്യക്തമായി കാണിച്ചുകൊടുക്കുന്നതിനാൽ, മററെല്ലാവരെയുംകാൾ താൻ ഏററം നികൃഷ്ടയാണെന്നു യഥാൎത്ഥത്തിൽ ആ ആത്മാവു വിശ്വസിക്കുന്നു എന്നതാണു് എളിമയുടെ ആശ്ചൎയ്യകരമായ വേറൊരു ഫലം. താൻ ദൈവശുശ്രൂഷയ്ക്കായി വളരെ അധികം അദ്ധ്വാനിക്കുന്നുണ്ടെങ്കിലും തൻെറ പ്രവൃത്തികൾ തീൎത്തും അപൂൎണ്ണങ്ങളാണെന്നു ഗ്രഹിക്കുന്നതിനാൽ, അത്യുന്നതനായ ദൈവത്തിനു താൻ ചെയ്യുന്ന സേവനങ്ങൾ ഏററം നികൃഷ്ടങ്ങളാണെന്നു കണ്ടു് ആ ആത്മാവു ലജ്ജാഭരിതയും അസ്വസ്ഥയും ആയിത്തീരുന്നു. ഈ മൂന്നാം പദവിയിൽ, ആത്മാവു്, മിഥ്യാഭിമാനത്തിനും ആത്മപ്രശംസയ്ക്കും, ഒരിക്കലും അധീനമാകുന്നില്ല. മററുള്ളവരെ അതു് ഒരിക്കലും ദുർവിധി ചെയ്യുന്നുമില്ല. ഇവയും ഇതുപോലുള്ള മററനേകഫലങ്ങളും ദൈവസ്നേഹത്തിൻെറ ഈ മൂന്നാം പദവി ആത്മാവിൽ ഉളവാക്കുന്നു" (II Dark night XIX). വിശുദ്ധൻെറ ഈ വാക്കുകളിൽനിന്നു്, താഴെപ്പറയുന്ന രണ്ടു പ്രമാണങ്ങൾ നമുക്കു രൂപവൽക്കരിക്കാം.

1. ആത്മാവിനെ ഉജ്ജ്വലിപ്പിക്കുന്ന ദൈവസ്നേഹാഗ്നിയുടെ ആധിക്യത്താൽ തൻെറ എല്ലാ പ്രവൃത്തികളും നിഷ്പ്രയോജനങ്ങളായി അതു പരിഗണിക്കുന്നു.

2. ദൈവം ന്യായമായി അർഹിക്കുന്നതെന്താണെന്നു സ്നേഹം സദാ അതിനു വെളിപ്പെടുത്തുന്നതിനാൽ തൻെറ എല്ലാ പ്രവൃത്തികളും അത്യുന്നതനായ ദൈവസന്നിധിയിൽ തീരെ അയോഗ്യങ്ങളാണെന്നു് അതു ഗ്രഹിക്കുന്നു.

ദൈവസ്നേഹം ലഭിച്ചിട്ടുള്ള ഓരോ ആത്മാവും ദൈവത്തിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികളുടെ നിസ്സാരത അതിനു ബോധപ്പെടുന്നു. അതിനാൽ താൻ ദൈവത്തിനു കടക്കാരിയാണെന്നു് അതു വിശ്വസിക്കുകയും ചെയ്യുന്നു. പരിപൂൎണ്ണസ്നേഹത്തിൻെറ സ്വാഭാവികഫലം മാത്രമാണിതു്. കാരണം, തൻെറ സ്നേഹഭാജനത്തിനുവേണ്ടി സ്വജീവനെത്തന്നെ ബലി

കഴിക്കാതെ യഥാൎത്ഥ സ്നേഹമുള്ള ഏതൊരുവനാണു സംതൃപ്ത നായിട്ടുള്ളതു്? “തൻെറ സ്നേഹവിഷയത്തിനുവേണ്ടി ജീവൻ ബലികഴിക്കുന്നതു സ്നേഹിക്കുന്നവനു് ആനന്ദപ്രദവും സന്തോഷകാരണവുമാണെന്നു ഗ്രഹിക്കാൻ അപ്രാപ്തനായ ഒരുവനു്, സ്നേഹിക്കുവാനോ സ്നേഹം എന്താണെന്നു ഗ്രഹിക്കുവാനോ സാധിക്കയില്ല.” ഒരു ക്രൈസ്തവതത്വശാസ്ത്രിയുടെ അഭിമതമാണിതു്. ഉൽകൃഷ്ടഹൃദയവും ചിന്താശക്തിയുമുള്ള ഓരോ മനുഷ്യനും അതിൻെറ അൎത്ഥം ഗ്രഹിക്കുകയും ചെയ്യുന്നു. “സ്നേഹം ഒരിക്കലും ‘മതിയെന്നു’ പറയുന്നില്ല.” സാധാരണവും എന്നാൽ ഗഹനവും ആയ ഈ സൂക്തി സുജ്ഞാതമാണു്. സ്നേഹവിഷയം ദൈവമാകുമ്പോൾ — താൻ മാത്രം നമ്മുടെ സ്നേഹത്തിനു തക്ക വിഷയമാകയാൽ — ഈ അഭിപ്രായം കുറേക്കൂടി സ്വീകാൎയ്യമായിത്തീരുന്നു.

ഒരുവൻ ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുന്നതിനനുസൃതമായി ദൈവത്തെക്കുറിച്ചുള്ള അറിവു് അവനിൽ വൎദ്ധമാനമാകുന്നു; ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിൻെറതോതനുസരിച്ചു്, അനന്തവിശുദ്ധിയും, നിത്യശക്തിയും, അളവററ നന്മയും, അതിരില്ലാത്ത അനുഗ്രഹവുമായ അവിടുന്നു് സൃഷ്ടികളിൽനിന്നു് ആവശ്യപ്പെടുന്നതെന്താണെന്നു് അവൻ ഗ്രഹിക്കുന്നു. അപ്പോൾ അവൻ തൻെറ പ്രവൃത്തികളെ പരിശോധിക്കയിൽ, വളരെ നല്ലവയെന്നു മററുള്ളവൎക്കു കാണപ്പെടുന്നവയും സ്വതേ നല്ലവയുമായ തൻെറ എല്ലാ പ്രവൃത്തികളും തീരെ നിസ്സാരങ്ങളായി അവനു തോന്നുന്നു. അവയ്ക്കു സ്വതസിദ്ധമായ ഗുണങ്ങളെ പരിഗണിക്കാതെ, അവയെ ദൈവത്തോടു താരതമ്യപ്പെടുത്തുമ്പോൾ, അവ വളരെ അപൂൎണ്ണവും ഉന്നതനായ കൎത്താവിനു തീരെ അയോഗ്യങ്ങളുമായി കാണപ്പെടും. ഈ പരിപൂൎണ്ണ സ്നേഹത്തിൽനിന്നു്, ദൈവത്തെക്കുറിച്ചുള്ള പൂൎണ്ണജ്ഞാനത്തിൽനിന്നു്, ദൈവസന്നിധിയിൽ സ്വയം എളിമപ്പെടുത്തുന്ന വികാരങ്ങൾ ഉത്ഭൂതമാകുന്നു. ഇപ്രകാരമുള്ളവൻ, തന്നെയോ തൻെറ പ്രവൃത്തി

കളെയോ, തീരെ വിലമതിക്കുന്നില്ല. ദൈവസ്നേഹം തന്നിൽ നിന്നു് ആവശ്യപ്പെടുന്നവയെല്ലാം ചെയ്യുവാൻ കഴിയുകയില്ലല്ലോ എന്ന വിചാരം അവനിൽ അസംതൃപ്തി ഉളവാക്കും. ദൈവത്തോടു തനിക്കുള്ള കടപ്പാടും, അവിടുത്തെ അനന്തമഹിമയും പരിഗണിക്കുമ്പോൾ, തൻെറ പ്രവൃത്തികൾ എത്ര അസംഖ്യങ്ങളും എത്ര ശ്രേഷ്ഠങ്ങളും ആയാലും അവയിൽ അവൻ അസംതൃപ്തനായിത്തീരുകതന്നെ ചെയ്യും. യഥാൎത്ഥമായ എളിമയെ ഈ ഉൽകൃഷ്ടവിചാരങ്ങൾ ആത്മാവിൽ ഉൽഭൂതമാക്കുന്നു. ഇതു ശരിയായി ഗ്രഹിക്കുകയും, അനുഭവഗോചരമാകുകയും, ദൃഢബോദ്ധ്യമാകുകയും, ഇതിനനുസരണമായി ജീവിക്കുകയും ചെയ്യുക എന്നതു്, ഹൃദയത്തിലും മനസ്സിലും യഥാൎത്ഥമായ എളിമയുണ്ടായിരിക്കുകയെന്നതു തന്നെയാണു്. അതായതു് ഒരു എളിയ ജീവിതം കഴിക്കുന്നതാണു് എളിമ, എന്നു ഗ്രഹിക്കുന്നതത്രേ യഥാൎത്ഥമായ എളിമ. എളിമയെപ്പററി പ്രതിപാദിക്കുകയിൽ, ഇതിൽനിന്നും വിഭിന്നമായ ഒരാശയം രൂപവല്ക്കരിക്കുന്നതു്, അൎത്ഥമറിയാതെ ഒരു വാക്കു് ഉപയോഗിക്കുന്നതുപോലെയാണു്. മാത്രമല്ല, അങ്ങനെ ചെയ്യുന്നവൻ എളിമയെ അധിക്ഷേപിക്കുകയും, തന്നെത്തന്നെയും മററുള്ളവരെയും വഞ്ചിക്കുകയുമാണു ചെയ്യുന്നതു്.

നമ്മുടെ വിശുദ്ധ പിതാവിൻെറ അഭിമതമനുസരിച്ചു് എളിമ ദൈവസ്നേഹത്തിൻെറ—ഒരു നിശ്ചിതപരിധിയിൽ നിൎത്തുമ്പോൾ, ദൈവത്തിനുവേണ്ടി മനുഷ്യനു ചെയ്യുവാൻ കഴിയുന്ന അല്പസേവനത്തിൽ സംതൃപ്തമാകാത്ത ആ വിശുദ്ധസ്നേഹത്തിൻെറ — പുത്രിയാണു്. ദൈവം ആരാണെന്നും, നാം എന്താണെന്നും, നാം ദൈവത്തിനു് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു എന്നും, അവിടുത്തേയ്ക്കുവേണ്ടി എത്ര കുറച്ചുമാത്രമാണു നാം ചെയ്യുന്നതെന്നും, അല്പമായിട്ടെങ്കിലും നമ്മെ ഗ്രഹിപ്പിക്കുന്ന ദിവ്യപ്രകാശത്തിൻെറ ഒരു കിരണമാണിതു്.

നമ്മുടെ പരിശുദ്ധ അമ്മയായ വി. ത്രേസ്യായുടെ പ്രബോധനവും ഇതിൽനിന്നു വിഭിന്നമല്ല. ഈ വിഷയത്തിൽ

—എളിമ എന്ന വിഷയത്തിൽ—അവളുടെ ശിഷ്യനും ഗുരു നാഥനുമായ വി. യോഹന്നാൻക്രൂസിനോട് അവൾ പരിപൂർണ്ണമായി യോജിക്കുന്നു. അവളുടെ പഠനം, അദ്ദേഹത്തിൻേറതുപോലെ ഗഹനവും, ക്രമീകൃതവും അല്ലായിരിക്കാം. എങ്കിലും, അതിമനോജ്ഞവും, അലംകൃതവുമായ അവളുടെ സ്വന്തം രീതിയിലാണ് അവൾ അതിനെ വിശദീകരിക്കുന്നതു്. "എളിമയെന്ന പുണ്യം നമ്മുടെ കത്താവിനു് ഇത്ര ഹൃദ്യമാകുവാൻ കാരണമെന്താണെന്നു് ഒരിക്കൽ ഞാൻ ചിന്തിക്കയായിരുന്നു. പെട്ടെന്നാണു് ഈ വിചാരം എനിക്കുണ്ടായതു്. ദൈവം അത്യുന്നതമായ സത്യംതന്നെയാണല്ലോ. സത്യത്തിൽ വ്യാപരിക്കുക എന്നതാകുന്നു എളിമ. നാം സ്വതേ യാതൊരു നന്മയും ഇല്ലാത്ത വെറും നികൃഷ്ടതയും ശൂന്യതയും മാത്രമാണെന്നു് അറിയുന്നതു് ഒരു വലിയ സത്യമാണു്. ഇതു ഗ്രഹിക്കാത്തവർ അബദ്ധമാർഗ്ഗത്തിലൂടെ ചരിക്കുന്നു. ഇതു് ഏററം നന്നായി ഗ്രഹിക്കുന്നവർ, അനന്തസത്യത്തെ ഏററം കൂടുതൽ പ്രസാദിപ്പിക്കുന്നു; കാരണം, അവർ സത്യത്തിൽ ചരിക്കുന്നു" (Mansion X).

ഇതിനെ വിശദീകരിക്കുന്നതിനു്, ഇത്രയും പ്രഖ്യാതമല്ലെങ്കിലും, ഇതിനെക്കാൾ ഒട്ടും പിന്നോക്കമല്ലാത്ത വേറൊരു വാക്യംകൂടി എടുത്തു കാണിക്കാം. ആദ്യത്തെ ഉദ്ധരണിയിലെ ആശയങ്ങളെ ഇതു കൂടുതൽ വിശദമാക്കുന്നുണ്ടു്. പ്രാർത്ഥനയിൽ കുറെ പുരോഗമിച്ച ഒരാത്മാവിനെക്കുറിച്ചു പ്രതിപാദിക്കയിൽ വി. ത്രേസ്യാ പറയുന്നു: "ആ ആത്മാവു് ഏററം നികൃഷ്ടയായി സ്വയം പരിഗണിക്കുന്നു. കാരണം, സൂര്യപ്രകാശം ധാരാളം പ്രവേശിക്കുന്ന ഒരു മുറിയിൽ ഒരു എട്ടുകാലിവലപോലും മറഞ്ഞിരിക്കുക സാധ്യമല്ലല്ലോ. ആ ആത്മാവു തൻെറ നികൃഷ്ടത ഏററം പൂർണ്ണമായി ഗ്രഹിക്കുന്നു. ആത്മവഞ്ചന ഒരിക്കലും ബാധിക്കാൻ പാടില്ലാത്ത വിധത്തിൽ പ്രസ്തുത ആത്മാവു് അതിൽനിന്നു് അതിവിദൂരത്തിലാണു്. എന്തുകൊണ്ടെന്നാൽ, തനിക്കു് എത്ര കുറച്ചുമാത്രമാണു ചെയ്യുവാൻ കഴിയുന്നതെന്നു്

അതു് ഇപ്പോഠം മനസ്സിലാക്കുന്നു......നരകം താൻ ന്യായമായി അർഹിക്കുന്നു എന്നു് അതു കാണുന്നു. എന്നാൽ അതിനു ലഭിച്ചിരിക്കുന്ന ശിക്ഷ പരമാനന്ദമത്രേ.” തപസ്വിനിയായ വിശുദ്ധ ത്രേസ്യായിൽ ഭീരുത്വമോ കപടഭക്തിയോ ഇല്ലായിരുന്നു. എളിമയുടെ അടിസ്ഥാനം സത്യം ആയിരിക്കണമെന്നു മാത്രമാണു് അവഠം ആവശ്യപ്പെടുന്നതു്. ഈ മഹാവിശുദ്ധയുടെ അഭിപ്രായമനുസരിച്ചു് ആത്മാവു് യഥാൎത്ഥത്തിൽ എളിമയുള്ളതായിരിക്കണമെങ്കിൽ ധാരാളം ആത്മീയവെളിച്ചം അതിനുള്ളിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു. ഈ വെളിച്ചം എത്ര അധികമായിരിക്കുമോ അത്രയും നല്ലതാണു്; കാരണം, അപ്പോഠം നമ്മുടെ ആത്മാവിലുള്ള അത്യഗാധവും അത്ഭുതജനകവുമായ രഹസ്യസ്ഥാനങ്ങഠം സുവ്യക്തമായിത്തീരും; ഹൃദയത്തിൻെറ എല്ലാ ഭാഗങ്ങളും സുദൃശ്യങ്ങളാകും; അപ്പോഠം ദൈവത്തിൻെറയും നമ്മുടെതന്നെയും മുമ്പിൽ നമ്മെ വളരെ അധികം എളിമപ്പെടുത്തുന്നതിനു പല ന്യായങ്ങളും നാം കാണും. നാം അപൂൎണ്ണത നിറഞ്ഞവരാണു്. ഇതു നമുക്കറിയാം; നാം അതു സമ്മതിക്കുന്നുമുണ്ടു്; എന്നാൽ ഒരു തഴക്കമായിട്ടു മാത്രം നാം അങ്ങനെ പറയുന്നതുകൊണ്ടു നമ്മുടെ ആശയങ്ങഠം വളരെ സുവ്യക്തങ്ങളോ സുദൃഢങ്ങളോ അല്ല. അതിനാൽ ഈ ജ്ഞാനം നമ്മുടെ പ്രായോഗികമനസ്സാക്ഷിയെ രൂപവല്ക്കരിക്കുന്നതിനു സഹായകമായി ഭവിക്കുന്നില്ല. മാത്രമല്ല, നമ്മുടെ അനുദിന ജീവിതത്തിൽ ഇതിനുള്ള പ്രേരണാശക്തിയും അത്യല്പമത്രേ.

നമ്മുടെ ആത്മജ്ഞാനം കൂടുതൽ പൂൎണ്ണമാകുകയും, നമ്മുടെ ആത്മപരിശോധന ദൃഢവും സൂക്ഷ്മവും ആയിത്തീരുകയും ചെയ്യുന്ന തോതനുസരിച്ചു്, നമ്മിൽ നാം കാണുന്ന ന്യൂനതകഠം വിവിധവും ഗൗരവതരവുമായിത്തീരുമെന്നതു യഥാൎത്ഥമാണു്. നമുക്കു പല അപൂൎണ്ണതകളുമുണ്ടു്; അവയെ കണ്ടുപിടിക്കുന്നതിനു പ്രകാശം ഉഠംപ്രവേശിപ്പിച്ചു നിരീക്ഷണം ചെയ്താൽ മതി. എന്തുകൊണ്ടെന്നാൽ, വി. ത്രേസ്യായുടെ മനോജ്ഞമായ ഈ ഉദ്ധരണിക്കനുസരണമായി “സൂൎയ്യപ്രകാശം ധാരാളം

പ്രവേശിക്കുന്ന ഒരു മുറിയിൽ ഒരു എട്ടുകാലിവലപോലും അദൃശ്യമായിരിക്കയില്ല." നാം സ്വയം അറിയുന്ന തോതനുസരിച്ചു വിശ്വാസവും ദൈവപ്രസാദവരവും നമ്മിൽ വദ്ധിക്കുകയും, അവയാൽ നമ്മെത്തന്നെ കൂട്ടതൽ സഹായിക്കുന്നതിനു നാം പ്രാപ്തരായിത്തീരുകയും തദ്വാരാ നമ്മുടെ എളിമ കൂട്ടതൽ ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ അധിഷ്ഠിതമാകുകയും ചെയ്യും.

എന്നാൽ, നമ്മിലുള്ളവയെല്ലാം ചീത്തയല്ല. നാം നമ്മെത്തന്നെ സൂക്ഷ്മമായി പരിശോധിക്കുമ്പോരം, പ്രകൃതിദത്തവും ദൈവദത്തവുമായ സൽഗുണങ്ങരം നമ്മിൽ നാം കാണും. അവയെ അവഗണിക്കണമെന്നു് എളിമ ആവശ്യപ്പെടുന്നില്ല. ഈ വിഷയത്തെക്കുറിച്ചു് വി. ത്രേസ്യാമ്മയുടെ പഠനം അത്ഭുതജനകമാണു്. "ഞാൻ പറയുവാൻ ഉദ്ദേശിക്കുന്ന എളിമയുടെ ചില വകഭേദങ്ങളെക്കുറിച്ചു് അവർ ചിന്തിക്കട്ടേ. തങ്ങളുടെ മേൽ ദൈവം തൻെറ ദാനങ്ങളെ വഷിക്കുന്നില്ലെന്നു കരുതുന്നതു് എളിമയാണെന്നു ചിലർ വിചാരിക്കുന്നു. ദൈവം തൻെറ ദാനങ്ങരം നമുക്കു തരുന്നുണ്ടു് എന്നതു വാസ്തവമാണു്. എന്നാൽ അവിടുന്നു് അവ നമുക്കു പ്രദാനം ചെയ്യുന്നതു് നാം അർഹിക്കുന്നതുകൊണ്ടല്ല. ഈ ദാനങ്ങരംക്കായി നമുക്കു ദൈവത്തോടു് ഏററം കൃതജ്ഞരായിരിക്കാം. എന്തുകൊണ്ടെന്നാൽ, നമുക്കു ലഭിക്കുന്ന ദൈവദാനങ്ങളെ നാം മനസ്സിലാക്കുന്നില്ലെങ്കിൽ ദൈവത്തെ സ്നേഹിക്കുന്നതിനു നാം പ്രേരിതരാകയില്ല. നാം കൂട്ടതൽ പുണ്യസമ്പന്നരാകുന്നതു കാണുകയും അതേസമയംതന്നെ നമ്മുടെ ദാരിദ്ര്യത്തെ ഏററുപറയുകയും ചെയ്യുന്നതിനനുസരണമായി നാം പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുകയും നമ്മുടെ എളിമ സുദൃഢമായിത്തീരുകയും ചെയ്യുമെന്നതു് ഏററം പരമാത്ഥമായ ഒരു സത്യമത്രേ. ഒരുവൻ നമുക്കു ചെയ്തിരിക്കുന്ന നന്മയെ എത്ര വ്യക്തമായി നാം സ്മരിക്കുമോ അത്രയധികമായി അദ്ദേഹത്തോടു നമുക്കുള്ള സ്നേഹം വദ്ധമാനമായിത്തീരും എന്നതു് ഒരു യാഥാത്ഥ്യമത്രേ. നമുക്കു നല്ലപ്പെട്ടു എന്നു നാം അനുസ്മരിക്കുന്നതും, നമ്മുടെ പക്കലുള്ളതു

മായ ഒരു അനർഘരത്നം, അതിനെ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നു. എളിമയിൽ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്ന പ്രാർത്ഥനയുടെ ഫലമാണ് ഇതെല്ലാം........ദൈവത്തെ ശുശ്രൂഷിക്കുന്നതിനു നമ്മുടെ ശക്തിയെ നാം ഉജ്ജീവിപ്പിക്കണം; കൃതഘ്നരാകാതിരിക്കാൻ ഉദ്യമിക്കുകയും വേണം. കാരണം, ഈ വ്യവസ്ഥയിലാണു തൻെറ സമ്പത്തു കർത്താവു വിതരണം ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, ദൈവദാനങ്ങളേയും ദൈവം നമ്മെ ഉയർത്തുന്ന ഉന്നതസ്ഥാനത്തേയും നാം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ, അവിടുന്നു് അവയെ നമ്മിൽ നിന്നു് എടുത്തുകളയുകയും നാം മുമ്പിലത്തേക്കാറം ദരിദ്രരായിത്തീരുകയും ചെയ്യും. തങ്ങറംക്കും മററുള്ളവർക്കുംവേണ്ടി പ്രയോജനകരമാംവിധം അവയെ ചെലവഴിക്കാൻ സാധിക്കുന്നവർക്കു് ആ 'മുത്തുകറം' അവിടുന്നു നല്കുകയും ചെയ്യും."

ഈ പഠനമനുസരിച്ചു് യഥാർത്ഥമായ എളിമ, നമ്മിലുള്ള നന്മയേയൊ തിന്മയേയൊ നിഷേധിക്കുന്നില്ല. നാം എന്തായിരിക്കുന്നുവോ അതുപോലെ നമ്മെ നാം പരിഗണിക്കണം. നമ്മെത്തന്നെ അറിയുന്നതിനു വേണ്ട പ്രകാശവും തദനുസരണം നമ്മെ മതിക്കുന്നതിനു വേണ്ട പരമാർത്ഥതയും മാത്രമേ അവിടുന്നു് ആവശ്യപ്പെടുന്നുള്ളൂ. നാം നമ്മെ കൂടുതൽ കൂടുതൽ അറിയുന്നതിന്നനുസരണമായി നമ്മുടെ എളിമ സുസ്ഥിരവും അന്തർസ്ഥിതവുമായിത്തീരും. വളരെ നിർമ്മലമെന്നു തോന്നുന്ന ഒരു ഗ്ലാസ് വെള്ളത്തിലുള്ള അനവധി പരമാണുക്കളെ കണ്ടുപിടിക്കുവാൻ ഭൂതക്കണ്ണാടിയുടെ സഹായത്താൽ നമ്മുടെ നയനങ്ങറം ശക്തമായി ഭവിക്കുന്നു. സ്വച്ഛവും നക്ഷത്രശൂന്യവുമായി നമ്മുടെ നഗ്നനയനങ്ങറംക്കു ദൃശ്യമാകുന്ന ആകാശത്തിൻെറ ഒരു കോണിൽ വളരെ വലുതും പ്രകാശമാനവുമായ പരസഹസ്രം നക്ഷത്രങ്ങറം ഒരു ഭൂതക്കണ്ണാടിയിലൂടെ നമുക്കു കാണാം. ഇതുതന്നെയാണു നമ്മുടെ ഹൃദയത്തിലും മനസ്സിലും സംഭവിക്കുന്നതു്. ഗൗരവതരമായ പല ന്യൂനതകളും നമുക്കുണ്ടു്; എങ്കിലും നമുക്കു ചില സൽഗ്ഗുണങ്ങളും ഇല്ലാതില്ല.

നമ്മുടെ ന്യൂനതകളെ കണ്ടുപിടിച്ച് അവയെ പരിശോധി ക്കുന്നതിനു നമ്മെ നിബ്ബന്ധിക്കുന്ന എളിമ, നമ്മുടെ സൽഗുണ ങ്ങളെ, തിരിച്ചറിഞ്ഞു് അവയെ വേണ്ടവിധം മതിക്കുന്നതിനു നമ്മെ തടയുന്നില്ല. നമ്മുടെ സൽഗുണങ്ങൾ ശാരീരികമോ, മാനസികമോ, സ്വാഭാവികമോ, അതിസ്വാഭാവികമോ, ആയിരുന്നാലും അവയെ നാം അവഗണിക്കണമെന്നോ, അഥവാ വേണ്ടവിധം വിലമതിക്കരുതെന്നോ എളിമ നമ്മോട്ട് ആവശ്യപ്പെടുന്നില്ല. പ്രത്യുത, അവയെ ശരിയായി വിലമതി ക്കേണ്ടതിനും, അവയുടെ ദാതാവിനെ നാം തിരിച്ചറിയേണ്ട തിനും, അവ നമ്മുടെമേൽ വരുത്തിവയ്ക്കുന്ന കടമകളെ ശരി യായി മനസ്സിലാക്കുന്നതിനുംവേണ്ടി നമ്മുടെ സൽഗുണങ്ങളെ നാം വേണ്ടവണ്ണം ഗ്രഹിക്കണമെന്നാണ യഥാത്ഥമായ എളിമ ആവശ്യപ്പെടുന്നതു്. കൂടാതെ നാം എത്രതന്നെ പരിപൂണ്ണരാ യാലും, എന്തെല്ലാം സൽഗുണങ്ങൾ നമുക്കുണ്ടായിരുന്നാലും, അല്പമായ അശ്രദ്ധമൂലം ഉടഞ്ഞുപോകുന്ന മൺപാത്രങ്ങളി ലാണ് അവയെ നാം വഹിച്ചിരിക്കുന്നതെന്നു നാം സ്മരി ക്കണം. എപ്പോഴെങ്കിലും ശത്രുക്കളാൽ ആക്രമിക്കപ്പെട്ടാൽ കൈവശമുള്ള സമ്പത്തെല്ലാം അപഹരിക്കപ്പെടുവാനിടയുള്ള ആപല്ക്കരമായ മാർഗ്ഗത്തിലൂടെയാണ നാം യാത്രചെയ്യുന്ന തെന്നും ഓക്കണം. "സത്യത്തിൽ ചരിക്കുന്നതാണ് എളിമ" എന്ന വാക്യത്തിൽ — പ്രത്യക്ഷത്തിൽ ലളിതവും എന്നാൽ യഥാർത്ഥത്തിൽ ഗഹനവുമായ തൻെറ വാക്യത്തിൽ — ഇവ യെല്ലാം നമ്മുടെ വിശുദ്ധ മാതാവു പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്.

ആവിലായിലെ ഈ വിശുദ്ധ, എളിമയെ സത്യത്തിൻെറ ന്യായാനുസൃതപുത്രിയായിട്ടും, ഡ്യൂറളോയിലെ താപസൻ അതിനെ സ്നേഹത്തിൻെറ യഥാത്ഥപുത്രിയായിട്ടും പരിഗണി ക്കുന്നു. വാസ്തവത്തിൽ വിശുദ്ധ യോഹന്നാൻക്രൂസിൻെറയും അമ്മ ത്രേസ്യായുടേയും അഭിപ്രായം ഒന്നുതന്നെയാണ്. എന്തു കൊണ്ടെന്നാൽ, അഗാധമായ എളിമ പ്രഥമസന്താനമായുള്ള ആ സ്നേഹം, ദൈവസ്നേഹമാണ്. അതു പൂണ്ണമാകുമ്പോൾ,

ദൈവം എന്താണെന്നും, മനുഷ്യൻ എന്താണെന്നും, ദൈവം നമുക്കവേണ്ടി എന്തു ചെയ്തിട്ടുണ്ടെന്നും, അതിനുപകരം നാം അവിടുത്തോട് എന്തു കടപ്പെട്ടിരിക്കുന്നു എന്നും വ്യക്തമായി നമുക്കു മനസ്സിലാകുമാറ് അതു നമ്മുടെ മനസ്സിനെ പ്രകാശിപ്പിക്കുകയും, ഹൃദയത്തെ ശുദ്ധീകരിക്കുകയും ചെയ്യും. ദൈവത്തെപ്പററിയും മനുഷ്യനെപ്പററിയും, അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പരിപൂർണ്ണജ്ഞാനം മനുഷ്യഹൃദയത്തിലും മനസ്സിലും സ്വാഭാവികമായി ഉളവാകുന്ന ഒന്നാണ് എളിമ, എന്ന അഭിപ്രായത്തിൽ ഈ രണ്ടു വിശുദ്ധരും യോജിക്കുന്നു. ഈ സുകൃതത്തെ ദൈവത്തിനും മനുഷ്യർക്കും ഏററം ഹൃദ്യവും നല്ല മനുഷ്യർക്ക് ആസ്വാദ്യകരവുമാക്കിത്തീർക്കത്തക്കവിധം ഇത്ര വിപുലവും നിഷ്കൃഷ്ടവും, അതേസമയംതന്നെ ഇത്ര മനോജ്ഞവും സന്ദർഭോചിതവുമായി വിവരിക്കുന്നതിൽ ഈ വിശുദ്ധരെ ആരെങ്കിലും ജയിക്കുകയോ, അഥവാ അവരോടു കിടപിടിക്കുകയോ ചെയ്തതായി അറിവില്ല. "സത്യത്തിൽ നടക്കുന്നതാണ് എളിമ" എന്ന വാക്കുകൾ എളിമയെപ്പററി പറയാവുന്നതെല്ലാം ഉള്ളടക്കുന്നുണ്ട്. ശ്രേഷ്ഠമായ ഈ വിവരണം നല്ലവണ്ണം ഗ്രഹിച്ചാൽ അതു വേണ്ടുവോളം മതി.

എന്നാൽ, ഇതു് എത്രയും സൂക്ഷ്മമായി ഗ്രഹിക്കേണ്ടതു് ഏററം ആവശ്യകമാണ്. കാരണം, ഇത്ര പ്രാധാന്യമേറിയ ഈ വിഷയത്തിൽ തെററിദ്ധാരണ ഉണ്ടാകുന്നതു പല ആത്മാക്കൾക്കും നാശഹേതുകമായിത്തീരാം. ഉത്തമമായ ഒരു വിവരണത്തെ തെററിദ്ധരിക്കുന്നതുപോലെയോ ഒരു വലിയ സത്യത്തെ അപൂർണ്ണമായി ഗ്രഹിക്കുന്നതുപോലെയോ നാശഹേതുകമായി മറെറാന്നുമില്ല. സത്യത്തിൻെറ കണികപോലുമില്ലാത്ത ഒരു തെററുകൊണ്ടു് യാതൊരു അപകടവും ഉണ്ടാകയില്ല. എന്നാൽ, അപൂർണ്ണമായ സത്യം അതിൽ ഉള്ളപ്പോൾ അതു നാശകരമായി ഭവിക്കുന്നു. കലപ്പില്ലാത്ത വ്യാജം നിലനില്ക്കുകയില്ല. ഇതു സാദ്ധ്യവും അതിൻെറ തനിനിറത്തിൽ പ്രത്യക്ഷപ്പെടുക ശക്യവുമായിരുന്നെങ്കിൽ അതു യാതൊരു ഉപദ്രവ

ത്തിനും ഹേതുവാകയില്ലായിരുന്നു. കാരണം, എല്ലാവരും അതിനെ ഉടനടി പരിത്യജിക്കും. ഏതബദ്ധത്തിനും സത്യത്തിൻെറ ഒരു വേഷപ്പകിട്ടുണ്ടായിരിക്കും. അതിനാൽ അതു സത്യമാണെന്നു തെററിദ്ധരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. സാരൂപ്യം വഹിക്കുന്ന സത്യത്തിൻെറ പ്രാധാന്യം അനുസരിച്ച് അതു് ആപല്ക്കരവുമായിരിക്കും.

ഒരുവനു വല്ല സൽഗ്ഗുണങ്ങളുമുണ്ടെങ്കിൽ അവയെ നിഷേധിക്കണമെന്നോ അവയെ സമ്മതിച്ചു പറയാതിരിക്കണമെന്നോ അവൻെറ എളിമ ആവശ്യപ്പെടുന്നില്ല. ബുദ്ധിമാനും എളിമയുള്ളവനുമായ വി. തോമസ് അകവീനാസ്, തൻെറ ആശ്രമത്തിലെ പാചകനെക്കാൾ തത്വശാസ്ത്രസംബന്ധമായ ജ്ഞാനം തനിക്കു കുറവാണെന്നു് ഒരിക്കലും പറയുകയോ വിചാരിക്കുകപോലുമോ ഇല്ല. അനേക ദൈവദാനങ്ങൾ അവിടുന്നു നമുക്കു തന്നിരിക്കുന്നതായി ഏററുപറഞ്ഞുകൊണ്ടു് അവയെ ദൈവമഹത്വത്തിനും, അയല്ക്കാരുടെ നന്മയ്ക്കും ഉതകത്തക്കവണ്ണം ഉപയോഗിക്കണമെന്നു മാത്രമാണു ദൈവവും മനുഷ്യരും നമ്മോടാവശ്യപ്പെടുന്നതു്.

ശാരീരികമോ, മാനസികമോ, ബാഹ്യമോ, ആഭ്യന്തരമോ, സ്വാഭാവികമോ, അതിസ്വാഭാവികമോ ആയ ഏതു സൽഗ്ഗുണങ്ങൾതന്നെ നമുക്കുണ്ടായിരുന്നാലും, അവയെ നമ്മുടെ സ്വന്തമായിട്ടല്ല, പ്രത്യുത, ദൈവം നമ്മുടെ സൂക്ഷത്തിനേല്പിച്ചിരിക്കുന്ന അമൂല്യനിധികളായിട്ടത്രേ നാം പരിഗണിക്കേണ്ടതു്. ചെറുതും വലുതുമായ എല്ലാ ദാനങ്ങളെക്കുറിച്ചും അതിസൂക്ഷ്മമായ കണക്കു നമ്മുടെ ജീവിതാവസാനത്തിൽ ദൈവത്തെ നാം കേൾപ്പിക്കേണ്ടിയിരിക്കുന്നു. തൻെറ സൃഷ്ടികളിൽ അലസത അവിടുന്നു് ഇഷ്ടപ്പെടുന്നില്ലെന്നു നമുക്കറിയാം. മടിയനും ദുഷ്ടനുമായ ഭൃത്യനോടു് അവൻെറ യജമാനൻ വർത്തിച്ചവിധവും നമുക്കറിയാമല്ലോ. (Math. XXV – 26) ഓരോ ദിവ്യദാനത്തിനും അതിനോടനുബന്ധിച്ച ചുമതലകൾ ഉണ്ടു്. ബുദ്ധിയും വിവേകവും

ഉള്ളവർ തങ്ങളെ ഏല്പിച്ചിരിക്കുന്ന 'താലന്തു'കളെക്കുറിച്ചു തൃപ്തികരമായ കണക്കു കേറംപ്പിക്കുന്നതിനു് ഉത്സാഹിക്കുന്നു. എന്നാൽ, മടിയരും ബുദ്ധിഹീനരുമായവർ, സുവിശേഷത്തിലെ ഭൃത്യനെപ്പോലെ, തങ്ങറം സ്വീകരിച്ചിരിക്കുന്ന അല്പദാനങ്ങളെ ദുരുപയോഗിക്കുകയോ കുഴിച്ചിടുകയോ ചെയ്തുകൊണ്ടു് അവയെ നശിപ്പിച്ചുകളയുന്നു.

ബാഹ്യലോകത്തിൽ നാം കാണുന്ന ക്രമവും പരസ്പരാശ്രയത്വവും സാന്മാൎഗ്ഗികലോകത്തിലും കാണണമെന്നു ദൈവം ആവശ്യപ്പെടുന്നു. സാൎവ്വത്രികമായ ഈ ഐക്യത്തിൽ എല്ലാം ഉറംപ്പെടുന്നതുകൊണ്ടു് തൻെറ സൃഷ്ടികളിൽ ഒന്നിനേയും ദൈവം വെറുക്കുന്നില്ല. അതിനാൽ, ഏകപിതാവിൻെറ സന്താനങ്ങളെപ്പോലെ പരസ്പരം സ്നേഹിക്കണമെന്നും മററുള്ളവർ നമ്മോടു് എപ്രകാരം വൎത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അപ്രകാരം നമ്മളും മററുള്ളവരോടു വൎത്തിക്കണമെന്നും ദൈവം നമ്മോടു് ആജ്ഞാപിച്ചിരിക്കുന്നു. (Math. VII—12) നമ്മുടെ സഹോദരങ്ങളെ സഹായിക്കുവാൻ വേണ്ടിയാണു തൻെറ ദാനങ്ങളെ ദൈവം നമുക്കു പ്രദാനം ചെയ്തിരിക്കുന്നതു്. "ഇതിനാൽ ആരും വേറൊരുവനെക്കുറിച്ചു ദുരഭിമാനം കൊള്ളരുതു്. എന്തുകൊണ്ടെന്നാൽ, എല്ലാം നിങ്ങളുടേതാകുന്നു. പൗലോസാകട്ടെ, അപ്പൊലൊയാകട്ടെ, കേപ്പായാകട്ടെ, ലോകമാകട്ടെ, ജീവനാകട്ടെ, മരണമാകട്ടെ, ഇപ്പോറം ഉള്ളവയാകട്ടെ, വരുവാനിരിക്കുന്നവയാകട്ടെ, എല്ലാം നിങ്ങളുടേതാകുന്നു. നിങ്ങളോ മിശിഹായുടേതു്; മിശിഹാ ദൈവത്തിൻേറതും." (I Cor. III 21-23) വീണ്ടും, "നിങ്ങറംക്കു സൗജന്യമായി കിട്ടി; നിങ്ങറം സൗജന്യമായി കൊടുക്കുവിൻ" (Math. X-8) എന്നു ദിവ്യരക്ഷകനും അരുളിച്ചെയ്യുന്നു. "തിരഞ്ഞെടുക്കപ്പെട്ടവൎക്കുവേണ്ടി ഞാൻ എല്ലാം സഹിക്കുന്നു" എന്നു വിശുദ്ധ പൗലോസും പറയുന്നു.

അതിനാൽ, നാം സ്വീകരിച്ചിരിക്കുന്ന ഓരോ ദാനത്തിനും, അവ സ്വാഭാവികമോ, അതിസ്വാഭാവികമോ ഏതുതന്നെ

ആയാലും, തദനുസരണമായ കടമകൾ, ഉദ്ദേശ്യരഹിതമായി യാതൊന്നും പ്രവർത്തിക്കുകയോ നല്കുകയോ ചെയ്യാത്തവനായ ദൈവത്തിൻെറ സന്നിധിയിൽ നമുക്കുണ്ടു്. കൂടാതെ ദൈവത്തോടും നമ്മോടുതന്നെയും, നമ്മുടെ സഹോദരങ്ങളോടും വേറെയും ചില കടമകൾ നമുക്കുണ്ടു്. അതിനാൽ "ഇങ്ങനെ തന്നെ നിങ്ങളും, നിങ്ങളോടു കല്പിക്കപ്പെട്ടവയെല്ലാം ചെയ്ത ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ഭൃത്യന്മാരാകുന്നു; എന്തുകൊണ്ടെന്നാൽ, ഞങ്ങൾ ചെയ്യേണ്ടിയിരുന്നവ മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളു എന്നു പറയുവിൻ" (Luke XVII, 10) എന്നു് ഈശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. ഇതു നല്ല വണ്ണം മനസ്സിലാക്കുകയും, പരസ്യമായും രഹസ്യമായും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുക എന്നതു സത്യത്തിൽ ചരിക്കുക തന്നെയാണു്. ഇതാണു്—ഇതുമാത്രമാണു്—യഥാർത്ഥമായ എളിമ.

ഇപ്രകാരമാണു്, വി. അമ്മ ത്രേസ്യായുടെയും വിശുദ്ധ യോഹന്നാൻക്രൂസിൻെറയും ചൈതന്യത്തിനു് അനുസരണമായി എളിമയെ നാം മനസ്സിലാക്കേണ്ടതു്. ഭീരുതയോ, നിഗളമോ, നിഷിദ്ധമായ നാട്യമോ, നിന്ദാർഹമായ അഹംഭാവമോ, അവക്കു പ്രീതികരമല്ല. ധാരാളമായ ആത്മീയവെളിച്ചത്താൽ പ്രകാശിതമായ മനസ്സോടും, പരസ്നേഹാഗ്നി ജ്വലിക്കുന്ന ഹൃദയത്തോടുംകൂടി എല്ലായ്പ്പോഴും എല്ലായിടത്തും പരമാർത്ഥതയോടുകൂടി വർത്തിക്കുവാനാണു് അവർ സദാ അഭ്യസിച്ചിരുന്നതും, അവരുടെ മക്കളെ പഠിപ്പിച്ചതും. ഈ പ്രകാശവും, ചൂടുംമൂലം സാക്ഷാത്തായ എളിമ അതിൻെറ ഫലങ്ങളെ പുറപ്പെടുവിക്കണമെന്നായിരുന്നു അവരുടെ വാസ്തവികമായ ഉദ്ദേശ്യം.

അതിനാൽ, കർമ്മലസഭയുടെ ഈ മഹാദ്ധ്യാപകരുടെ ഉൽബോധനപ്രകാരം, നിഗളവും അഹങ്കാരവും നമ്മുടെ മനസ്സിലും ഹൃദയത്തിലുമുള്ള ഏതെങ്കിലും ന്യൂനതയെയാണു പ്രത്യക്ഷമാക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഹൃദയത്തിൽ ധാരാ

ളമായ ദൈവസ്നേഹവും പരസ്നേഹവും, മനസ്സിൽ സുലഭമായ ദൈവപ്രകാശവും, അരൂപിയിൽ പരമാത്മതയും ഉണ്ടെങ്കിൽ നമുക്കുള്ള അല്പനന്മകണ്ടു് ആത്മപ്രശംസ ചെയ്യാതെയും, മററുള്ളവരും അവയെ ആദരിക്കണമെന്നു് അഭിലഷിക്കാതെയും ദൈവമഹത്വത്തിനും അയല്ക്കാരുടെ നന്മയ്ക്കുംവേണ്ടി എന്തു ചെയ്യാമെന്നു കണ്ടുപിടിച്ചു് അതു നിർവ്വഹിക്കുന്നതിനും, നമ്മുടെ തെററുകളെ തിരുത്തുന്നതിനും, പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും നാം പരിശ്രമിക്കുമായിരുന്നു.

ഈ വിഷയം സംബന്ധിച്ചു വിശുദ്ധ അമ്മ ത്രേസ്യാ പറഞ്ഞിരിക്കുന്നതു നമ്മുടെ സർവ്വശ്രദ്ധയും സവിശേഷം അർഹിക്കുന്നുണ്ടു്. "ഈ സൗധത്തിൻെറ അടിസ്ഥാനം എളിമയാണു്. ആകയാൽ ഇതിൻെറ അഭാവത്തിൽ, നീ വീണു തകരാതിരിക്കുവാൻവേണ്ടി, നിൻെറ നന്മയെ ഉദ്ദേശിച്ചുപോലും, ദൈവം നിന്നെ ഉയർത്തുകയില്ല. അതിനാൽ, സഹോദരി! ബലമേറിയ ഒരു അടിസ്ഥാനം പണിചെയ്യുന്നതിനു്—എല്ലാവരേക്കാൾ എളിയവളും, എല്ലാവരുടേയും ദാസിയുമായിരിക്കുവാൻ—ശ്രമിക്കുക. അവരെ എപ്രകാരം സന്തോഷിപ്പിക്കാമെന്നും ശുശ്രൂഷിക്കാമെന്നും ആലോചിക്കുക. എന്തുകൊണ്ടെന്നാൽ, ഇപ്രകാരം നീ പ്രവർത്തിക്കുന്നതു മററുള്ളവരെക്കാൾ നിനക്കു കൂടുതൽ പ്രയോജനകരമാണു്. കാരണം, അപ്പോൾ, നിൻെറ ഭവനം നിലംപതിക്കാതിരിക്കേണ്ടതിനു് അതിൻെറ അടിസ്ഥാനത്തിൽ ബലമേറിയ കല്ലുകൾ പടുക്കുകയാണു നീ ചെയ്യുന്നതു്" (Mansion VII).

തങ്ങൾക്കു ലഭിക്കുന്ന ദാനങ്ങളെ കാത്തുസൂക്ഷിച്ചു് നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ പര്യാപ്തമായ എളിമയാകുന്ന ബലമേറിയ അടിസ്ഥാനം ഇല്ലാത്തവർക്കു് വളരെ അധികം ദാനങ്ങൾ കൊടുക്കാതിരിക്കുന്നതു ദൈവനന്മയുടെ ഒരു പ്രത്യേക അനുഗ്രഹമാണെന്നാണു വിശുദ്ധ അമ്മ ത്രേസ്യായുടെ പ്രബോധനം. നമ്മുടെ നിഗളവും അഹങ്കാരവുംമൂലം

വിവിധങ്ങളായ എത്രയെത്ര ദാനങ്ങളാണു ദൈവം നമുക്കു ചെയ്യാതിരിക്കുന്നതു്.

സന്യാസപരിപൂർണ്ണത മൂന്നു സംഗതികളിൽ അടങ്ങിയിരിക്കുന്നു എന്നു 'സുകൃതസരണി' എന്ന തൻെറ കൃതിയിൽ വി. അമ്മ ത്രേസ്യ പ്രസ്താവിച്ചിരിക്കുന്നു. "ഒന്നു്:- പരസ്പരസ്നേഹം, രണ്ടു്:- എല്ലാം സൃഷ്ടികളിൽനിന്നുമുള്ള അകൽച്ച, മൂന്നു്:- എളിമ. എളിമ അവസാനമാണു പറഞ്ഞതെങ്കിലും അതാണു മുഖ്യമായതു്. അതു് എല്ലാററിനെയും ഉള്ളടക്കുകയും ചെയ്യുന്നു." (Way of Perfection IV).

എളിമയുള്ള ഒരാത്മാവിൻെറ ചൈതന്യവും വികാരങ്ങളും, പൈശാചികാത്മപിക്കു വളരെ വിരുദ്ധമാണെന്നു നമ്മുടെ വിശുദ്ധ പിതാവു നമ്മെ ഉൽബോധിപ്പിക്കുന്നു. ഇതാണു് അടുത്ത അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം.

# അദ്ധ്യായം 15.

## എളിമയും നിഗളവും.

എളിമയെപ്പററി പ്രതിപാദിക്കുന്ന ഈ മുൻകരുതൽ, പിശാചനു തീരെ വിരുദ്ധമാണെന്നു നമ്മുടെ പുണ്യപിതാവു പറയുന്നു. അവസാനത്തേ രണ്ടു മുൻകരുതലുകളും ഇതുപോലെ തന്നെ പിശാചനു വിരുദ്ധമാണു്. എങ്കിലും എളിമയാണു കൂടുതൽ വിരുദ്ധമായിട്ടുള്ളതു്. അതിനു പല കാരണങ്ങളുമുണ്ടു്. കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചതുപോലെ, എളിമ സത്യത്തിൽനിന്നു് അഭേദ്യമത്രേ. ദിവ്യരക്ഷകൻ നമ്മെ ഉപദേശിക്കുന്നതുപോലെ "സത്യത്തിൻെറ പരമശത്രുവാണു പിശാചൻ; അവൻ സംസാരിക്കുമ്പോഴെല്ലാം കളവു പറയുന്നു;

അവൻ നുണയനും അതിൻെറ പിതാവുമാകുന്നു." (Jn. VIII-44) കൂടാതെ, ആത്മനിന്ദയും ദൈവസ്നേഹവും വർദ്ധിക്കുന്നതിനനുസരണമായി എളിമ അഭിവൃദ്ധി പ്രാപിക്കുന്നതുപോലെ, സത്യത്തിൽ, കുറെ ദൈവസ്നേഹവർദ്ധനവും സ്വസ്നേഹരാഹിത്യവും അന്തർലീനമായിരിക്കുന്നു. അതിനാൽ വിശുദ്ധൻതന്നെ തുടർന്നുപറയുന്നു: "എല്ലാ വസ്തുക്കളിൽനിന്നും ഹൃദയത്തെ വിമുക്തമാക്കുകയാണ് എളിമയുടെ അത്യുച്ചാവസ്ഥ. ഇതു പൂർണ്ണമായി സാധിക്കുമ്പോൾ ആത്മാവിനു ദൈവവുമായുള്ള ഐക്യം സാധിതമാകുന്നു".

ദുഷ്ടാരൂപികൾ ദൈവത്തെയോ വേറെ ആരെയെങ്കിലുമോ സ്നേഹിക്കുവാൻ സാധിക്കുകയില്ല. "അവർക്കു പരസ്പരസ്നേഹം പോലുമുണ്ടായിരിക്കുവാൻ പാടില്ല" എന്നു വി. തോമസ് പ്രസ്താവിക്കുന്നു. അവസാനമായി, എളിമയുള്ളവൻ സ്വയം വിസ്മരിച്ചുകൊണ്ട് ദൈവമഹത്വത്തിലും അയൽക്കാരുടെ നന്മയിലും സന്തോഷിക്കുകയും, പൊതുനന്മയും ദൈവമഹത്വവും വർദ്ധിപ്പിക്കുന്നതിനു സർവ്വാത്മനാ പരിശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ മാലാഖാസ്സുടത്ത വിശുദ്ധ മല്ലാൻ വിശദീകരിക്കുന്നതുപോലെ പിശാചൻെറ അരൂപി ഇതിനു കടകവിരുദ്ധമാണ്. നിഗളവും അസൂയയും കൂടാതെ അവർക്കു വേറെ പാപമൊന്നുമില്ല; ഉണ്ടാകുവാൻ പാടുമില്ല. ഇവ രണ്ടും, എളിമയുടെ ഫലമായി ആത്മാവിൽ ഉത്ഭൂതമാകുന്ന നിസ്വാർത്ഥതയ്ക്കും, ദൈവമഹത്വത്തിലും അയൽക്കാരുടെ നന്മയിലുമുള്ള സന്തോഷത്തിനും പ്രത്യക്ഷവിരുദ്ധമാണ്. അതുല്യമഹത്വത്തെ ആഗ്രഹിച്ചുകൊണ്ട് ദുഷ്ടാരൂപികൾ പിഴച്ചു. വേറെ ഏതെങ്കിലും മഹത്വം കാണുമ്പോൾ അതും അവർ അത്യാകാംക്ഷയോടെ തേടാതിരിക്കുകയില്ല. നിഗളംമൂലമുണ്ടായ പാപത്തിനുശേഷം ദൈവമഹത്വത്തെക്കുറിച്ചും മനുഷ്യരുടെ സൗഭാഗ്യത്തെക്കുറിച്ചും ദുഃഖം ഉളവാക്കുന്ന അസൂയയെന്ന പാപവും പിശാചങ്ങളിൽ മുളയെടുത്തു.

അതിനാൽ, എളിമയുടെ അടിസ്ഥാനതത്വത്തേയും അതു് ആത്മാവിൽ ഉളവാക്കുന്ന ഫലങ്ങളേയും സംബന്ധിച്ചിടത്തോളം എളിമ പിശാചിനു വിരുദ്ധമാണു്. നിഗളം എത്ര വെറുക്കത്തക്ക ഒരു ദുർഗ്ഗുണമാണെന്നു സുവിശേഷം ശക്തിയുക്തം പ്രബോധിപ്പിക്കുന്നതിൻെറയും എളിമയെ സുദൃഢം ശുപാർശചെയ്യുന്നതിൻെറയും കാരണം, നിശ്ചയമായും ഇതു തന്നെയത്രേ.

ദൈവത്തിനു് ഏററം ഇഷ്ടപ്പെട്ടവരായിട്ടാണു വിശുദ്ധ ഗ്രന്ഥം എളിമയുള്ളവരെ എല്ലായ്പ്പോഴും ചിത്രീകരിക്കുന്നതു്. "കർത്താവു് എല്ലാ ജാതികൾക്കും മേലാകുന്നു; തൻെറ മഹത്വം സ്വർഗ്ഗത്തിനു് ഉപരിയുമാകുന്നു. ഉന്നതങ്ങളിൽ വസിക്കുകയും, ആകാശത്തിലും ഭൂമിയിലുമുള്ള എളിയ വസ്തുക്കളെ തൃക്കൺപാർക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവായ ദൈവം ആരാകുന്നു?" (Ps. CXII-4, 6) "നിത്യത്വത്തെ അധിവസിച്ച അത്യുന്നതൻ, മഹത്വപൂർണ്ണൻ, മനസ്താപവും എളിമയും ഉള്ളവരൊന്നിച്ചു വസിക്കുന്നു" എന്നു പ്രവാചകനായ ഇസയാസും പറയുന്നു. അദ്ദേഹം തുടരുന്നു: "കർത്താവു് ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എൻെറ സിംഹാസനവും ഭൂമി എൻെറ പാദപീഠവുമാകുന്നു....നിസ്സാരനും, ദരിദ്രനും, ഹൃദയതാപമുള്ളവനും ആയവനെയല്ലാതെ മററാരെയാണു് ഞാൻ ആദരിക്കുക?" "മനസ്താപവും എളിമയുമുള്ള ഒരു ഹൃദയത്തെ ദൈവം ഒരിക്കലും ഉപേക്ഷിക്കയില്ല" എന്നു ദാവീദുദീർഘദർശി നമുക്കുറപ്പുതരുന്നു. (Ps. L, 19) തൻെറ ദാസനായ മോശയോടു താൻ ഹൃദയപൂർവ്വം സംഭാഷിച്ചു എന്നു ദൈവംതന്നെ അരുളിച്ചെയ്യുന്നു. "ഞാൻ അഭിമുഖമായും സ്പഷ്ടമായും അവനോടു സംസാരിക്കുന്നു. കടംകഥകളിലും നിഴലിലുമല്ല അവർ ദൈവത്തെ ദർശിക്കുന്നതു്." ഈ വാക്കുകൾക്കു് അല്പം മുമ്പു് "ഭൂമിയിൽ ജീവിക്കുന്ന എല്ലാവരെക്കാൾ വളരെയധികം ശാന്തതയുള്ളവനായിരുന്നു മോശ" എന്നു വി. ഗ്രന്ഥം സാക്ഷിക്കുന്നു.

സാരമായതും നിലനില്ക്കുന്നതുമായ എല്ലാ മഹത്വത്തി ൻെറയും അപരിത്യാജ്യമായ അടിസ്ഥാനം എളിമയാണെന്നു ദൈവം അരുളിച്ചെയ്യുന്നു. അതിനാൽ "നീ എത്ര വലിയവ നാണോ അത്രയധികം സ്വയം എളിമപ്പെടുത്തുക. എന്നാൽ ദൈവത്തിൻെറ മുൻപാകെ നീ അനുഗ്രഹം കണ്ടെത്തും; എന്തു കൊണ്ടെന്നാൽ, ദൈവത്തിൻെറ ശക്തി വലുതാകുന്നു; എളിമ യുള്ളവരാൽ അവിടുന്നു ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു" (Ec. III - 20-21). "ഒരുവൻ ഉയർത്തപ്പെടുന്നതിനു മുമ്പായി താഴ്ത്തപ്പെടുന്നു" (Prov. XVII—12). എളിയവർക്കു മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ, എളിമ മഹത്വത്തെ മുൻഗമിക്കേണ്ടതു് ആവശ്യമാണു്; "എളിമ മഹത്വത്തിനു മുമ്പേ പോകുന്നു" (Prov. XV - 33) സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാകുന്നു? എന്നു് അപ്പസ്തോ ലന്മാർ ദിവ്യരക്ഷകനോടു ചോദിച്ചപ്പോൾ, അവിടുന്നു് ഒരു ചെറുപൈതലിനെ വിളിച്ചു് അവരുടെ ഇടയിൽ നിറുത്തി യിട്ടു് "ഈ പൈതലിനെപ്പോലെ സ്വയം താഴ്ത്തുന്നവൻ ആരോ അവനായിരിക്കും സ്വർഗ്ഗരാജ്യത്തിൽ വലിയവൻ" എന്നു് അരുളിച്ചെയ്തു. വീണ്ടും "തന്നെത്താൽ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (Mark XVIII - 12).

ദിവ്യരക്ഷകൻെറ ഈ വാക്കുകൾ എത്ര പ്രാവശ്യം നാം കേട്ടിട്ടുണ്ടു്! എങ്കിലും അവയെ നമ്മുടെ ജീവിതാദർശമാക്കി ത്തീർക്കുന്നതിൽ എത്ര വിഷമമാണു നമുക്കു് അനുഭവപ്പെടുന്നതു്. എളിമയേയും ശാന്തതയേയും പ്രശംസിക്കുന്ന സുവിശേഷ വാക്യങ്ങൾ ശതക്കണക്കിനു് ഉദ്ധരിക്കുവാനുണ്ടെങ്കിലും സുന്ദ രവും സമാധാനസംദായകവുമായ ഒന്നുമാത്രം ഇവിടെ ഉദ്ധ രിക്കാം: "ഞാൻ ശാന്തശീലനും, ഹൃദയതാഴ്മയുള്ളവനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ. അപ്പോൾ നിങ്ങളുടെ ആത്മാവു കൾക്കു നിങ്ങൾ ആശ്വാസം കണ്ടെത്തും" (Math. XI - 29). ഹൃദയാവർജ്ജകമായ ഈ സുകൃതം അഭ്യസിക്കുക എത്ര ദുഷ്കര

മായിരിക്കുമെന്നു് അവിടുന്നു് അറിഞ്ഞിരുന്നു. അതിനാലത്രേ അവിടുന്നു് ഇതിനെ ശക്തിയുക്തം ആവർത്തിച്ചാവർത്തിച്ചു് ഉപദേശിക്കുന്നതു്. നമ്മുടെ സ്ഥാനത്തെയും ബഹുമാനത്തെയും കുറിച്ചു നാം വളരെയധികം അഭിമാനിക്കുന്നവരാണെന്നും, ഏററം നിസ്സാരമായ സംഗതിപോലും നമ്മെ അലട്ടുകയും അസ്വസ്ഥരാക്കുകയും ചെയ്യുമെന്നും, ഒരുത്തനും നമ്മെക്കാൾ ഒരടിപോലും മുമ്പോട്ടു വെയ്ക്കാതിരിക്കുവാൻ നോക്കേണ്ടതു നമ്മുടെ കടമായി നാം വിചാരിക്കുമെന്നും അവിടുന്നു് അറിഞ്ഞിരുന്നു. ഈ ചാപല്യത്തിൽനിന്നു നമ്മെ വിമുക്തരാക്കുന്നതിനുവേണ്ടി, എളിമയും ശാന്തതയുമുള്ള ദിവ്യഗുരു പഠിപ്പിക്കുന്നു: “ഗുരുവിനെക്കാൾ വലിയ ശിഷ്യനോ, യജമാനനെക്കാൾ വലിയ ഭൃത്യനോ, ഇല്ല.” (Math. X, 24) “നിങ്ങൾ എന്നെ റാബി, കർത്താവേ എന്നു വിളിക്കുന്നു. നിങ്ങൾ പറയുന്നതു ശരി. എന്തെന്നാൽ, ഞാൻ (അങ്ങനെ) ആകുന്നു.” (John XIII, 13) എൻെറ അനന്തജ്ഞാനവും, പിശാചങ്ങളെ കീഴ്പ്പെടുത്തുവാനും, മരിച്ചവരെ ഉയിപ്പിക്കുവാനും, പ്രകൃതിശക്തികളെ നിയന്ത്രിക്കുവാനും ഉള്ള ശക്തിയുമല്ല നിങ്ങൾ എന്നിൽനിന്നു പഠിക്കേണ്ടതു്. പ്രത്യുത, എൻെറ ഹൃദയ എളിമയും ശാന്തതയും കണ്ടു പഠിക്കുവിൻ. “ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു് ഈ ദൃഷ്ടാന്തം ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു” (John XIII, 15) “ഇവ നിങ്ങൾ അറിയുകയും പ്രവർത്തിക്കുകയും ചെയ്യുമെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാർ” (John XIII, 18).

ദിവ്യരക്ഷകൻ ഇവ തൻെറ ശിഷ്യന്മാരോടു് അരുളിച്ചെയ്തതു തൻെറ അവസാനത്തേ പ്രസംഗത്തിൽ, അതേ, അന്തിമോപദേശത്തിലായിരുന്നു. തൻെറ ഉപദേശം ആരംഭിച്ചതുപോലെ തന്നെ അവിടുന്നു് അവസാനിപ്പിക്കുകയും ചെയ്തു. സമാധാനപ്രിയരേയും, ആത്മശുദ്ധിയുള്ളവരേയും ശാന്തശീലരേയും ഭാഗ്യവാന്മാർ എന്നു വിളിച്ചുകൊണ്ടും വളരെ നവീനവും അതുല്യവും

ശ്രേഷ്ഠവുമായ ഒരു തത്വം പ്രബോധിപ്പിച്ചുകൊണ്ടുമാണ് മലമുകളിൽവച്ച് അവിടുന്നു തൻെറ പ്രബോധനം ആരംഭിച്ചതു്. തൻെറ ശാന്തതയും എളിമയും മനസ്സിലാക്കി അവ അഭ്യസിക്കുന്നവരെ ഭാഗ്യവാന്മാരെന്നു വിളിച്ചുകൊണ്ടാണ് അവിടുന്നു ലോകത്തോടു യാത്ര പറയുന്നതു്. ക്രിസ്തുവിൻെറ ഉപദേശം മുഴുവനും എളിമയുടേയും ശാന്തതയുടേയും ഒരു ആലാപമായിരുന്നു. അവിടുത്തെ ജീവിതം ഈ പുണ്യങ്ങളുടെ ഏററം പരിപൂർണ്ണമായ ദൃഷ്ടാന്തവുമായിരുന്നു. ലോകാരൂപിക്കു വളരെ വിരുദ്ധവും ഈശോയുടെ അരൂപിയോടു പ്രസക്തവുമായ എളിമയും ശാന്തതയും തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കൾ അനുകരിക്കേണ്ടതിനു് ഇതെല്ലാം ആവശ്യമായിരുന്നു.

അനുസരണം ദൈവത്തിനു് എത്ര ഇഷ്ടമാണോ അത്രയ്ക്കും അവിടുത്തേയ്ക്കു് അതൃപ്തികരമാണ് അതിനെതിരായ ദുർഗ്ഗുണം. വി. ഗ്രന്ഥം അനുസരണമില്ലായ്മയുടേയും, നിഗളത്തിൻേറയും പല ദൃഷ്ടാന്തങ്ങളും ഉദ്ധരിച്ചുകൊണ്ടു് അവയെ പിന്തുടന്ന അധഃപതനത്തോടും അപമാനത്തോടും അവയെ താരതമ്യപ്പെടുത്തുന്നു. നിഗളത്തിൻെറ ഉത്തമോദാഹരണമായ ആൻറിയോക്കസ് രാജാവിനെപ്പററി അതു് ഇപ്രകാരം സാക്ഷ്യം നല്കുന്നു: "മനുഷ്യരുടെ നിലയെ കവിഞ്ഞ നിഗളത്താൽ പ്രേരിതനായി, കടലിലേ തിരമാലകളോടുപോലും താൻ കല്പിക്കുന്നുവെന്നും, ഉന്നതപർവ്വതങ്ങളെ ഒരു ത്രാസ്സിൽ തൂക്കുന്നുവെന്നും, അഭിമാനിച്ചിരുന്ന അദ്ദേഹം ഇപ്പോൾ ഇതാ നിലംപതിച്ചിട്ടു്, ദൈവത്തിൻെറ അനന്തശക്തിക്കു സാക്ഷ്യംവഹിക്കുമാറു് ഒരു മഞ്ചലിൽ വഹിക്കപ്പെടുന്നു" (II Mach. XI – 8). നിഗളത്തിനു വേറൊരു ദൃഷ്ടാന്തമാണു സെനാക്കേറിബ്. "എൻെറ രഥസമൂഹത്തോടുകൂടെ പർവ്വതാഗ്രങ്ങളിലേയ്ക്കു്, – ലീബാൻെറ മുകളിലേയ്ക്കു ഞാൻ കയറി. അതിലേ പൊക്കമുള്ള കാരകിൽ വൃക്ഷങ്ങളേയും വിശേഷതരത്തിലുള്ള ദേവതാരവൃക്ഷങ്ങളേയും ഞാൻ മുറിച്ചുകളഞ്ഞു് അതിൻെറ അറുത്തികൾവരെയും

അതിൻെറ കമ്മൽവനംവരെയും ഞാൻ പ്രവേശിച്ചു" (1 Kings XIX. 23) എന്നു പറഞ്ഞുകൊണ്ടു ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളെ നശിപ്പിക്കുമെന്നു് അദ്ദേഹം ഭീഷണിപ്പെടുത്തി. എന്നാൽ താഴെ പറയുന്ന സന്ദേശം ഇസയാസ് ദീർഘദർശി വഴിയായി ദൈവം അദ്ദേഹത്തിനു നല്കി. "നീ എൻെറ കണ്ണുകൾക്കു ഭ്രാന്തനായിത്തീരുകയും, നിൻെറ നിഗളം എൻെറ ചെവിയിൽ എത്തുകയും ചെയ്തു. ആകയാൽ നിൻെറ നാസികയിൽ ഒരു വളയവും, നിൻെറ അധരങ്ങൾക്കിടയിൽ ഒരു കടിഞ്ഞാണുമിട്ടു നീ വന്ന വഴിയിലൂടെ നിന്നെ ഞാൻ തിരിച്ചയയ്ക്കും." (1 Kings XIX. 28) "പിന്നെ ഒരു രാത്രിയിൽ സംഭവിച്ചതെന്തെന്നാൽ: കർത്താവിൻെറ ഒരു മാലാഖാ വന്നു്, അസിറിയാക്കാരുടെ പാളയത്തിലേ ഒരുലക്ഷത്തി എൺപത്തയ്യായിരം ജനങ്ങളെ കൊന്നു" (I Kings XIX, 35) "നിൻെറ അഹങ്കാരവും നിൻെറ ഹൃദയത്തിലേ നിഗളവും നിന്നെ വഞ്ചിച്ചിരിക്കുന്നു. ഒരു കഴുകനെപ്പോലെ അത്ര ഉയരത്തിൽ നീ നിൻെറ കൂടു നിർമ്മിച്ചാലും അവിടെനിന്നു ഞാൻ നിന്നെ അധഃപതിപ്പിക്കും" എന്നു കർത്താവു് അരുളിച്ചെയ്യുന്നു. (Jir. XLIX. 16.)

നിഗളികളോടു ദയാപൂർവ്വം വർത്തിക്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല. അവിടുന്നു് അവരോടു് എതിർക്കുന്നു. നമുക്കു വെറുപ്പുണ്ടാക്കുന്ന വസ്തുക്കളിൽനിന്നു നാം എപ്രകാരം നമ്മുടെ കണ്ണുകളെ തിരിച്ചുകളയുന്നുവോ, അപ്രകാരം ദൈവം അവരെ തള്ളിക്കളയുന്നു. നിഗളം, ദൈവത്തിനു് ഇത്ര വെറുപ്പുള്ള ഒരു ദുർഗ്ഗുണമായിരിക്കുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല. അവിടുന്നു് അനന്തനീതിയും നന്മയുമാണു്. തൻെറ മാലാഖാമാർക്കും സന്മനസ്സുള്ള മനുഷ്യർക്കും തൻെറ ദാനങ്ങളെ നല്കുന്നതിൽ അവിടുന്നു സന്തോഷിക്കുകയും ചെയ്യുന്നു. എന്നാൽ തൻെറ മഹത്വം മററുള്ളവർക്കു കൊടുക്കുവാൻ അവിടുത്തേയ്ക്കു കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ, തൻെറ മഹത്വം തന്നിൽനിന്നു് എടുക്കപ്പെട്ടാൽ ദൈവം ദൈവമായിരിക്കയില്ല. "ഞാൻ

കർത്താവാകുന്നു; ഇതാണ് എൻെറ പേരു്; എൻെറ മഹത്വത്തെ മറെറാരുവനു ഞാൻ കൊടുക്കുകയില്ല." (Is. XLII. 18).

ദൈവത്തിനു മാത്രം ചെല്ലേണ്ട മഹത്വത്തെ അപഹരിക്കുന്നതിനുള്ള ആഗ്രഹമാണു നിഗളമെന്ന പാപം. നിഗളികളെ ദൈവം വെറുക്കുകയും എളിയവരിൽ താൻ സംപ്രീതനായിരിക്കുകയും ചെയ്യുന്നതിനുള്ള ഹേതു കണ്ടാലും! അതിനാൽ അഹംഭാവവും, ഹൃദയാഹങ്കാരവും, ഈ ജീവിതത്തിൽ വച്ചുതന്നെ കയ്പേറിയ ചതികളാലും, അപകർഷം വരുത്തുന്ന നിർഭാഗ്യങ്ങളാലും പിന്തുടരപ്പെടണമെന്നു ദൈവം നീതിപൂർവ്വമായും വിവേകത്തോടുകൂടിയും നിശ്ചയിച്ചിരിക്കുന്നു. പ്രത്യുത, യഥാർത്ഥ എളിമ, സാധാരണമായി ന്യായമായ മഹത്വത്താലും കപടമററ ബഹുമാനത്താലും അനുഗമിക്കപ്പെടുന്നു. "എവിടെ നിഗളമുണ്ടോ, അവിടെ അപമാനവുമുണ്ടു്" എന്നാണു ശ്ലേമ്മോൻെറ സാക്ഷ്യം; അതിനോടുകൂടെ, "ദുഷ്ടന്മാർ പ്രശംസിക്കപ്പെടുന്നതും, ലിബാനിലേ കാരകിൽവൃക്ഷംപോലെ ഉയന്നിരിക്കുന്നതും ഞാൻ കണ്ടു. ഞാൻ അതിലേ കടന്നുപോയപ്പോറം അവർ ഇല്ലായിരുന്നു. ഞാൻ അവരെ അന്വേഷിച്ചു. എന്നാൽ കണ്ടെത്തിയില്ല" എന്നു ദാവീദും എഴുതിയിരിക്കുന്നു.

തലപ്പെട്ട ദോഷങ്ങളിൽ ഒന്നാമത്തേതായ നിഗളം, മനുഷ്യസ്വഭാവത്തെ വളരെ ദുഷിപ്പിക്കുകയും ആത്മാക്കറംക്കു് ഏററം വലിയ നാശം വരുത്തുകയും ചെയ്തുവരുന്നു. സൂക്ഷ്മപരിശോധനയിൽ, നിഗളം മനുഷ്യാത്മാവിൻെറ പരമവും ഗുണകരവുമായ ഒരു വാഞ്ഛയുടെ തകിടംമറിച്ചിലാണെന്നു ഗ്രഹിക്കുവാൻ കഴിയും. മതിക്കപ്പെടണമെന്നും ബഹുമാനിക്കപ്പെടണമെന്നും ഓരോ മനുഷ്യനുമുള്ള സ്വാഭാവികമായ ആഗ്രഹത്തെ ഇതു നശിപ്പിക്കുന്നില്ല; പ്രത്യുത, അതിനെ നേർവഴിയിൽനിന്നു വ്യതിചലിപ്പിക്കുകയത്രേ ചെയ്യുന്നതു്. ഈ ആഗ്രഹം അതിൽ തന്നെ ചീത്തയല്ല. സൃഷ്ടിയുടെ രാജാവാകുന്നതിനല്ലേ ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്? "ലോക

മെങ്ങും വ്യാപിച്ച് അതിനെ കീഴടക്കി, കടലിലേ മത്സ്യങ്ങളുടെമേലും, ആകാശത്തിലേ പറവകളുടെമേലും ഭരണം നടത്തുക" എന്നു ദൈവംതന്നെ നമ്മുടെ ആദിമാതാപിതാക്കന്മാരോട് അരുളിച്ചെയ്തില്ലേ? ഈ സ്രഷ്ടാവുതന്നെയല്ലേ, ഉന്നതി പ്രാപിക്കണമെന്നുള്ള,— ഒരിക്കലും ശമനംവരാത്ത — വാഞ്ഛയും, കൂടുതൽ കൂടുതൽ പുരോഗമിക്കണമെന്നുള്ള — ഒരിക്കലും തൃപ്തിവരാത്ത — ആഗ്രഹവും നമ്മിൽ ഉല്പാദിപ്പിച്ചതു്?

സ്വന്തം മഹത്വത്തെ അമിതമായി ആഗ്രഹിക്കുന്ന സ്വസ്നേഹമാണു നിഗളം. എന്നാൽ അതിൻെറ ആരംഭത്തിലോ അന്ത്യത്തിലോ സ്വസ്നേഹം നിഷിദ്ധമല്ല. എന്തുകൊണ്ടെന്നാൽ, ദൈവംതന്നെയാണ് ഇതു മനുഷ്യഹൃദയങ്ങളിൽ ഉല്പാദിപ്പിച്ചിരിക്കുന്നതു്. കൂടാതെ, ദുഷ്കീർത്തിക്കായിട്ടല്ല, സൽക്കീർത്തിക്കായിട്ടത്രേ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതും. "ശരീരത്തിൽനിന്ന് അകന്നു നമ്മുടെ കർത്താവിൻെറ അടുക്കൽ ആയിരിക്കുവാൻ ഞങ്ങൾ പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു" എന്നു വി. പൗലോസ് പറഞ്ഞിരിക്കുന്നു. ഒടുവിലത്തേ അത്താഴസമയം തൻെറ പീഡാനുഭവത്തിനു പ്രതിസമ്മാനമായി നിത്യപിതാവിനോടു നമ്മുടെ കർത്താവു് ഇപ്രകാരം പ്രാർത്ഥിച്ചു. "പിതാവേ....ഞാൻ ഇരിക്കുന്നിടത്തു നീ എനിക്കു തന്നിട്ടുള്ളവരും എന്നോടുകൂടി ഇരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു". (John. XVII-24)

മനുഷ്യൻ തന്നെത്താൻ സ്നേഹിക്കുകയും, തൻെറ മഹത്വത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നു എന്നതല്ല സ്വസ്നേഹത്തിൻെറ ദൂഷ്യം. പ്രത്യുത, അവൻ സ്വയം സ്നേഹിക്കുന്ന വിധത്തിലും, ജീവിതത്തിൽ ഉന്നതസ്ഥാനം പ്രാപിക്കുന്നതിനു് അവൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലും അത്രേ അതു സ്ഥിതിചെയ്യുന്നതു്. താഴെപ്പറയുന്ന ഗഹനമായ വാക്യം വിശുദ്ധ തോമ്മസ് രേഖപ്പെടുത്തിയിരിക്കുന്നു. "തൻെറ സ്വഭാവത്തിനു് ഏതെങ്കിലും വിധത്തിൽ അനുയോജ്യമല്ലാത്ത ഒന്നിനോടും യാതൊരു മനുഷ്യനും പക്ഷമില്ല. ആത്മീയമായി നന്മ

യായിട്ടുള്ള കാൎയ്യങ്ങൾക്ക് ആരെങ്കിലും പ്രേരിപ്പിക്കപ്പെട്ടാൽ, അപ്രകാരം ചെയ്യുമ്പോൾ അധികാരിയുടെ കല്പനകൾ ലംഘിക്കപ്പെടുന്നില്ലെങ്കിൽ, അതിൽ യാതൊരു പാപവുമില്ല. അനുസരിക്കാൻ കടമുള്ളപ്പോൾ, കീഴ്വഴങ്ങാതിരിക്കുന്നതാണു നിഗളമെന്ന പാപം'' (I P. LXII. 1 & 2).

ദൈവത്തെപ്പോലെ ആകണമെന്ന് ആഗ്രഹിച്ചതിനാലല്ല, നമ്മുടെ ആദിമാതാപിതാക്കന്മാർ പിഴച്ചതു്. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ രൂപത്തിലും ഛായയിലുമാണ് അവർ സൃഷ്ടിക്കപ്പെട്ടിരുന്നതു്. പ്രത്യുത, സമയത്തിനുമുമ്പ് അൎദ്ധദൈവങ്ങളുടെ അവകാശം അനുഭവിക്കുന്നതിനു കാംക്ഷിക്കയാലത്രേ. ഇപ്രകാരം ദൈവം അവൎക്കു നല്കിയിരുന്ന കല്പന അവർ ലംഘിച്ചു. അതുപോലെതന്നെ നാം നമ്മുടെ മഹത്വത്തെ അന്വേഷിക്കുന്നതുകൊണ്ടല്ല, മറിച്ച്, അസ്ഥാനത്തും, അനുയോജ്യമല്ലാത്തതോ ദൈവം ആ അന്ത്യപ്രാപ്തിക്കു നിശ്ചയിച്ചിട്ടില്ലാത്തതോ ആയ മാൎഗ്ഗങ്ങൾ ഉപയോഗിച്ചും അതിനെ പ്രാപിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണു നാം നിഗളമെന്ന പാപത്തിനു് അധീനരായിത്തീരുന്നതു്. നമ്മുടെ മഹത്വം മുഴുവനും ദൈവത്തിലാണ്. “പ്രശംസിക്കുന്നവൻ കൎത്താവിൽ പ്രശംസിക്കട്ടെ" (I Cor. I—31) എന്നു വി. പൗലോസ് ശ്ലീഹാ പറയുന്നു. “അതിനാൽ ഒരുവനും വേറൊരുവനിൽ ദുരഭിമാനം കൊള്ളാതിരിക്കട്ടെ" എന്നദ്ദേഹം തുടൎന്നു പറയുന്നു. (I. Cor. III. 21) “ഉൽകൃഷ്ടമായ ഈ മഹത്വപ്രാപ്തിക്കുള്ള ഏകമാൎഗ്ഗം എളിമയോടും ശാന്തതയോടുംകൂടി നിയമങ്ങളെ വിശ്വസ്തതാപൂൎവ്വം അനുഷ്ഠിക്കുകയാണ്." എന്നാൽ ആയുസ്സിൽ പ്രവേശിക്കുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ പ്രമാണങ്ങൾ കാത്തുകൊള്ളുക.'' (Math. XIX. 17) “ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു: “നിങ്ങൾ വീണ്ടും ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല." (Math. XVIII. 3) ഇതു വഞ്ചിക്കുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യുവാൻ പാടില്ലാത്ത പരമസത്യത്തിന്റെ വ്യക്തവും ദൃഢ

വുമായ വാക്യമാണ്. ഇതിനെ മററവിധത്തിൽ വ്യാഖ്യാനിച്ചാൽ അതു നമ്മെത്തന്നെ വഞ്ചിക്കുകയായിരിക്കും.

ഇതുതന്നെയാണ് വിശുദ്ധ യോഹന്നാൻക്രൂസിൻെറയും ഉപദേശം. "ദൈവം ആത്മാവിനെ സ്നേഹിക്കുന്നതു് അതിൻെറ മഹിമയെ പരിഗണിച്ചിട്ടല്ല. അതിൻെറ ആത്മപരിത്യാഗത്തിൻെറയും എളിമയുടെയും തോതനുസരിച്ചത്രേ. (Max 326) അതിനാൽ ഒരുവൻ സ്വയം എത്രമാത്രം നിസ്സാരനാകുകയും ദൈവതിരുമുമ്പിൽ ഇല്ലായ്മയായി ഗണിക്കുകയും ചെയ്യുമോ ദൈവം അത്രയും അവനെ ഉയർത്തും." അതുപോലെതന്നെ ഒരുവൻ സ്വയം പ്രശംസിക്കുന്നതിന്നനുസരണമായി ദൈവം അവനെ താഴ്ത്തുകയും ചെയ്യും. അനീതിയായി സ്വയം ഉയർത്തുന്നവരെ എളിമപ്പെടുത്തുന്നതിൽ സർവ്വശക്തൻ സന്തോഷിക്കുന്നു. മനുഷ്യൻ സ്വയം ഉയർത്തുവാൻ എന്താണു ന്യായം? അവനിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ അതു ദൈവത്തിൽ നിന്നാണ്. "എന്തുകൊണ്ടെന്നാൽ, നിന്നെ ആരു ശ്രദ്ധിച്ചു നോക്കുന്നു? അല്ലെങ്കിൽ നീ സ്വീകരിച്ചിട്ടില്ലാത്തതായി നിനക്കു് എന്തുണ്ടു്? നീ സ്വീകരിച്ചുവെങ്കിൽ, സ്വീകരിക്കാത്തവനെപ്പോലെ പ്രശംസിക്കുന്നതെന്തിനു്? (I Cor. IV. 7) നമ്മുടെ പിതാവു് വി. യോഹന്നാൻക്രൂസ് പറയുന്നു: "പ്രശംസിക്കപ്പെടുന്നതിനും മൂഢനായി കാണപ്പെടാതിരിക്കുന്നതിനും നീ ആഗ്രഹിക്കുന്നുവെങ്കിൽ ന്യായമായി നിൻേറതല്ലാത്ത എല്ലാററിൽനിന്നും അകന്നുമാറുക. ബാക്കിയുള്ളതിൽ നിനക്കു് അഭിമാനിക്കാം. നിൻേറതല്ലാത്തവയെ മാററിവച്ചാൽ നീ ഇല്ലായ്മയായിരിക്കുമെന്നതു നിശ്ചയമത്രേ. അപ്പോൾ ഇല്ലായ്മയിൽ നിനക്കു അഭിമാനിക്കുകയോ അഹങ്കരിക്കുകയോ ചെയ്യാം. (Max. 326)

നിഗളം അതിൻെറകൂടെ അസൂയയേയും ആനയിക്കുന്നു. ഇതാണു നിഗളത്തിൻെറ ഏററം ദൂഷിച്ചതും വെറുക്കത്തക്കതുമായ ഒരു ലക്ഷണം. സ്വമഹത്വത്തെക്കുറിച്ചു സദാ ഉൽക്കണ്ഠയോടുകൂടി വർത്തിക്കുന്ന ഒരുവൻ, താൻ ആഗ്രഹിക്കുന്നതും

എന്നാൽ തനിക്കു് അപ്രാപ്യവുമായ നന്മകൾ മററുള്ളവർ അനുഭവിക്കുന്നതു കാണുമ്പോൾ ദുഃഖാധീനനാകുക എന്നതു സാധാരണമത്രേ. നിഗളം കഴിഞ്ഞാൽ മനുഷ്യരിലുള്ള എല്ലാ തിന്മകളിലുംവച്ചു് ഏററം വെറുക്കത്തക്കതു് അയൽക്കാരുടെ നന്മയിലും സന്തോഷത്തിലുമുള്ള അസൂയയാണു്. മനുഷ്യരുടെ വികാരങ്ങളിൽ ഏററം ശ്രേഷ്ഠവും ഉന്നതവുമായ സ്നേഹത്തിനു് — ഇതരന്മാരുടെ നന്മ കാണുമ്പോളുണ്ടാകുന്ന ഹൃദയസന്തുഷ്ടിക്കു് — വളരെ വിരുദ്ധമാണിതു്. അസൂയ ആത്മാവിനു വളരെ അധികം നാശം വരുത്തുന്നു; അതു് ആത്മാവിൻെറ ഉൽകൃഷ്ടവും മൃദുലവുമായ എല്ലാ വികാരങ്ങളേയും ഹനിക്കുന്നു; എല്ലാ സന്തോഷങ്ങളേയും — ഏററം വിശുദ്ധവും നിഷ്കളങ്കവുമായവയെപ്പോലും — ദുഃഖമായി പകത്തുന്നു; ചിലപ്പോൾ ദൈവമക്കളുടെ മാധുര്യമേറിയ സമാധാനവും സംതൃപ്തിയും ആസ്വദിക്കുവാൻ കഴിയുമായിരുന്ന ആളുകളുടെ ജീവിതത്തെ അസഹ്യമാക്കിത്തീക്കുകയും ചെയ്യുന്നു.

നിഗളത്തിൻെറ പുത്രിയും അസൂയയുടെ സഹജാതയുമായ അസഹിഷ്ണുത, "അഹം" മാത്രം മഹത്വീകൃതമാകുന്നതിനു് ആഗ്രഹിക്കുന്നു. ഇതു് അപ്രാപ്യമായിത്തീരുമ്പോൾ അതു് എല്ലാവരേയും വെറുക്കുകയും എല്ലാവരാലും വെറുക്കപ്പെടുകയും ചെയ്യുന്നു. അതു സ്വയം വെറുക്കുകയും വെറുക്കത്തക്കതായി ഭവിക്കുകയും ചെയ്യുന്നു. ബഹുമാനവും സന്തോഷവും എപ്പോഴും തനിക്കു കിട്ടണമെന്നു നിഗളം ആഗ്രഹിക്കുന്നു; എന്നാൽ മിക്കവാറും എല്ലായ്പോഴും അതിനു് അനുഭവപ്പെടുന്നതോ, അപമാനം മാത്രം. ഇക്കാരണത്താൽ തൻെറ സഹോദരൻെറ കീത്തിയെ മലിനപ്പെടുത്തുന്നതിലും അവൻ അനുഭവിക്കുന്ന സമാധാനവും സന്തോഷവും ഭഞ്ജിക്കുന്നതിലും, അതിനുള്ള സന്തോഷം ഒന്നു പ്രത്യേകമാണു്. നിഗളവും അസൂയയും, അവയുടെ ആദ്യജനയിതാവും, അവയെ പ്രോത്സാഹിപ്പിച്ചു സംരക്ഷിച്ചുകൊണ്ടുവരുന്നവനുമായ ദുഷ്ടാത്മപിയുടെ സ്വാഭാവികലക്ഷണങ്ങളാണു്.

പിശാചനു നഷ്ടപ്പെട്ട മഹത്വത്തിനു മനുഷ്യൻ അവകാശികളാകയാലാണ് അവൻ അവരോട് അസൂയാലുവായിരിക്കുന്നതു്. ഈ സൗഭാഗ്യലബ്ധിയിൽനിന്നു് ആരെയെങ്കിലും തടയാൻ സാധിക്കുമ്പോൾ അവൻ അത്യധികം സന്തോഷിക്കുന്നു. അവനു സ്നേഹിക്കുവാൻ സാധ്യമല്ലാത്തതിനാൽ സ്നേഹിക്കുന്നതിൽനിന്നു മററുള്ളവരെ വ്യതിചലിപ്പിക്കുന്നതിൽ അവൻ പ്രത്യേകം സന്തോഷിക്കുന്നു. പാമ്പിനെ സമീപിക്കുന്നവരിൽ അതു് അതിൻെറ വിഷം കലർത്തുന്നതുപോലെ, പിശാചൻ അവൻെറ അസൂയയെ മനുഷ്യരിൽ ഉൾപ്രവേശിപ്പിക്കുന്നു. “അസ്ഥികളുടെ വിലയമാണ് അസൂയ” എന്നു പരിശുദ്ധാത്മാവു് അരുളിച്ചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിലയം—ചീച്ചിൽ — ശരീരത്തിൻെറ ജീവാധാരമായ ഇന്ദ്രിയത്തെ ക്രമേണ നശിപ്പിക്കുകയും രോഗിയെ കഠിനമായി പീഡിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അസൂയ, അതിനു് അധീനമായ ഹൃദയത്തേയും മനസ്സിനേയും പീഡിപ്പിക്കുകയും ചെയ്യുന്നു. ഏററം നികൃഷ്ടമായ ഈ ദുർഗ്ഗുണം എല്ലാത്തരക്കാരുടെയിടയിലും കാണപ്പെടുന്നുണ്ടു്. ഒരുത്തനും — പരിപൂർണ്ണനാകുവാൻ ശ്രമിക്കുന്നവൻപോലും — ഇതിൽനിന്നും പൂർണ്ണവിമുക്തനല്ല. ഏററംനന്നായി ഭക്തിനടിക്കുന്ന ആളുകളിൽ ഇതു കൂടുതലായി നുഴഞ്ഞുകയറുന്നു. ഏററം മനോജ്ഞമായ പൂവാടികളിൽകൂടി പാമ്പു് ഇഴഞ്ഞുകയറുന്നതുപോലെ, നിഷ്കളങ്കരായ ശിശുക്കളുടെ ഹൃദയങ്ങളിലും അസൂയ സ്ഥാനം പിടിക്കുന്നു. ബഹുമാനത്തിൻെറയും പുണ്യത്തിൻെറയും വഴിയിലൂടെ ചരിക്കുവാൻ ആഗ്രഹിക്കുന്നവരേയും, യഥാർത്ഥത്തിൽ ആ വഴിയിലൂടെ ചരിക്കുന്നവരെപ്പോലും, സമാധാനമായി ജീവിക്കുവാൻ അതു് അനുവദിക്കുന്നില്ല.

അടുത്ത അദ്ധ്യായത്തിൽനിന്നു് ഇതു കൂടുതൽ വ്യക്തമായി മനസ്സിലാകുന്നതാണു്.

# അദ്ധ്യായം 16.

## നിഗളവും മായാസ്തുതിയും.

നിഗളം ആത്മാവിൽ വരുത്തിക്കൂട്ടുന്ന ശൃംഖലങ്ങൾ നിരവധിയും വിലപനീയങ്ങളുമത്രേ. ദീർഘദർശികളിൽ ഒരുവൻ വഴിയായി, വി. ഗ്രന്ഥം അവയെ വിവരിക്കുന്നതിനെക്കാൾ ശക്തിമത്തായോ വിശദമായോ അവയെ വർണ്ണിക്കുക സാധ്യമല്ല. "വീഞ്ഞുകുടിക്കുന്നവനെ അതു വഞ്ചിക്കുന്നതുപോലെ ആയിരിക്കും നിഗളിയായ മനുഷ്യൻെറ കാര്യവും"(Heb. ii. 5). ജ്ഞാനി പറയുന്നതുപോലെ, അല്പം വീഞ്ഞുകുടിക്കുന്നതു് ഉപദ്രവകരമല്ല. "മനുഷ്യരെ സന്തോഷചിത്തരാക്കുന്നതിനുവേണ്ടിയാണു് ആദിയിൽത്തന്നെ വീഞ്ഞു സൃഷ്ടിക്കപ്പെട്ടതു്; അല്ലാതെ അവരെ ഉന്മത്തരാക്കിത്തീർക്കുന്നതിനല്ല. മിതമായി ഉപയോഗിക്കപ്പെടുന്ന വീഞ്ഞു് ആത്മാവിനും, ഹൃദയത്തിനും, സന്തോഷദായകമത്രേ." ഇതു് ആരോഗ്യപ്രദമാണു്; കാരണം, ഇതു ഞരമ്പുകളെ ബലപ്പെടുത്തുകയും, ഭാവനാശക്തിയെ ത്വരിപ്പിക്കുകയും, ജീവദായകമായ എല്ലാ ശക്തികളേയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ആവശ്യത്തിലധികമായാൽ, അമിതമായില്ലെങ്കിൽതന്നെയും അതു് ഒരുവനെ അമിതസന്തോഷത്തിനു് അധീനനും, ഔചിത്യമില്ലാത്തവനും ആക്കിത്തീക്കുന്നു. ഈ മിതമില്ലായ്മ ദൃശ്യമാണെങ്കിൽ അതു മനസ്സിനെ ഉടൻ മന്ദീഭവിപ്പിക്കുകയോ, അന്ധകാരമയമാക്കിത്തീക്കുകയോ ചെയ്യും. അപ്പോൾ അതിൻെറ വിവിധഘട്ടങ്ങളിലും വെറുക്കത്തക്ക ഒരു ഉന്മാദം ദൃശ്യമാകാതിരിക്കുകയില്ല. ഇതുതന്നെയാണു നിഗളത്തിൻേറയും അനുഭവം. നിഗളം സ്വസ്നേഹത്തിൻെറ ഒരു വകഭേദം മാത്രമാണു്. എന്തുകൊണ്ടെന്നാൽ, അതു സ്വസ്നേഹത്തിൻെറ ആധിക്യവും, സ്വമഹത്വത്തിൽ മനു
29 ഷ്യൻ പ്രദർശിപ്പിക്കുന്ന അതിരുകടന്ന സന്തുഷ്ടിയുമാണു്.

സ്വസ്നേഹം അതിൽത്തന്നെ നിഷിദ്ധമല്ല. സ്വയം വെറുക്കുന്നതിനല്ല ദൈവം ഒരുവനെ സൃഷ്ടിച്ചിരിക്കുന്നതു്. സ്വസംരക്ഷണത്തിനും സ്വസ്നേഹത്തിനുമുള്ള വാസന മനുഷ്യനു ദൈവദത്തമാണു്. നല്ലവണ്ണം മനസ്സിലാക്കുകയും വേണ്ട വിധം നിയന്ത്രിക്കുകയും ചെയ്യപ്പെടുന്ന സ്വസ്നേഹം പുണ്യസമ്പാദനത്തിനും, രഹസ്യവും പരസ്യവുമായ സദാചാരനിഷ്ഠയ്ക്കും വലിയ സഹായകമാകുന്നു. മഹത്വത്തിനും ഉൽക്കർഷത്തിനുമുള്ള തീക്ഷ്ണമായ ആഗ്രഹമില്ലെങ്കിൽ, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ മനുഷ്യരും മന്ദന്മാരായി ഭവിക്കും. അതായതു് ജഡികമായ സന്തോഷങ്ങൾ മാത്രമേ അവൻ ആഗ്രഹിക്കുകയുള്ളൂ. പ്രതീക്ഷ, ബഹുമാനം, മഹത്വം മുതലായ വാക്കുകൾ അവനു് അർത്ഥശൂന്യങ്ങളായി ഭവിക്കും. ബഹുമാനത്തിന്റെയും ആത്മാഭിമാനത്തിന്റെയും വികാരങ്ങളുടെ അഭാവത്തിൽ യാതൊരു പ്രവൃത്തിയും നിന്ദ്യവും, യാതൊരു ദുർഗ്ഗുണവും അവമാനകരവുമായി നമുക്കു തോന്നുകയില്ല. കൂടാതെ പുണ്യത്തിന്റെ സംരക്ഷകയായി ദൈവം തന്നെ നമ്മുടെ ആത്മാവിൽ ഉത്ഭൂതമാക്കിയിരിക്കുന്ന ഏററം മൃദുലമായ സങ്കോചംതന്നെ ആക്ഷേപാർഹമായി പരിഗണിക്കപ്പെടും. മനുഷ്യൻ തന്നെത്താൻ നിന്ദിക്കപ്പെടുന്നതിനും, നിന്ദാർഹനാക്കിത്തീർക്കുന്നതിനുമല്ല ദൈവം അവനെ സൃഷ്ടിച്ചിരിക്കുന്നതു്. അവിടുന്നുതന്നെ പറയുന്നു: "നിങ്ങൾ ദേവന്മാരും അത്യുന്നതന്റെ പുത്രന്മാരും ആകുന്നു" (Ps. LXXXI. 6).

നാം ദൈവപുത്രരാണെങ്കിൽ, തദനുസരണം വർത്തിക്കുകയും സ്വയം മതിക്കുകയും ചെയ്യണം. മനുഷ്യന്റെ മഹത്വത്തെക്കുറിച്ചു്, വിശുദ്ധന്മാരെക്കാൾ കൂടുതൽ മതിപ്പു് മററാർക്കും ഉണ്ടായിട്ടില്ല; എന്നാൽ "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ!" (Math. VI. 9) എന്ന വാക്കുകൾ ശരിയായി ഗ്രഹിച്ചിരുന്നതിനാൽ, അവരെക്കാൾ കൂടുതൽ എളിമയുള്ളവരും ആരും ഇല്ലായിരുന്നു. നമ്മുടെ പിതാവിന്റെ ഭവനം ഇനിയും വളരെ വിദൂരത്തിലാണു്. ദൈവത്തിന്റെ സഹായ

ത്തോടുകൂടി, സ്വപ്രയത്നത്താൽ, ആ സ്ഥലത്തേയ്ക്കു നാം യാത്ര ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ, വളരെ ഹീനമായും നിന്ദ്യമായുമാണു നമ്മെത്തന്നെ നാം വീക്ഷിക്കുന്നതെങ്കിൽ, നിത്യമായ ദൈവഭവനത്തിൽ ദൈവദർശനമനുഭവിക്കാമെന്ന പ്രതീക്ഷ നമുക്കുണ്ടാകുകയില്ല. നമ്മുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു നാം യാതൊരു പ്രയത്നവും ചെയ്യുകയുമില്ല.

വിശുദ്ധന്മാർ എളിമപ്പെടുത്തലിനെ വളരെ കാര്യമായി സ്പർശിച്ചു ചെയ്യുമ്പോൾ, മഹത്വത്തിനും ഉന്നതിക്കുമായുള്ള എല്ലാ അഭിലാഷങ്ങളേയും തീരെ നിഗ്രഹിക്കണമെന്നല്ല അവരുടെ വിവക്ഷ. എന്തുകൊണ്ടെന്നാൽ, അതു് ആദ്ധ്യാത്മികാധഃപതനത്തിനു കാരണമായി ഭവിക്കും. യഥാർത്ഥവും ഹൃദയപൂർവ്വകവുമായ എളിമയാണു് ഇഹത്തിലും പരത്തിലും സാക്ഷാത്തായ മഹത്വവും ബഹുമാനവും സമ്പാദിക്കുവാനുള്ള മാർഗ്ഗമെന്നു വിശുദ്ധന്മാർ നല്ലവണ്ണം അറിഞ്ഞിരുന്നു. അതിനാൽ താഴെപ്പറയുന്ന ആദർശങ്ങളെ വി. യോഹന്നാൻക്രൂസ് സ്വീകരിച്ചു — ത്യാഗവും സന്തോഷവും, എളിമയും മഹത്വവും. ഇവയിൽ ഓരോന്നിനെക്കുറിച്ചും ദീർഘമായ വിവരണങ്ങൾ എഴുതാവുന്നതാണു്.

"ഞാൻ ഒന്നും ആഗ്രഹിക്കാതിരുന്നപ്പോൾ, ചോദിക്കാതെതന്നെ എനിക്കു് എല്ലാം നല്കപ്പെട്ടിരുന്നു. ഞാൻ ഇല്ലായ്മയായിത്തീർന്നശേഷം എനിക്കു യാതൊരു പോരായ്മയും ഉണ്ടായിട്ടില്ല. എന്തെങ്കിലും ആയിരിക്കുന്നതിനു നീ എത്ര കുറച്ചു് ആഗ്രഹിക്കുമോ, തദനുസരണം നീ എന്തെങ്കിലുമായിത്തീരും." അതിനാൽ സ്വസ്നേഹം പൂർണ്ണമായി നശിപ്പിക്കപ്പെടരുതു്. പ്രത്യുത, സൂക്ഷ്മമായി നിയന്ത്രിക്കപ്പെടുകയത്രേ ചെയ്യേണ്ടതു്. ഇവിടെയാണു വിഷമം. സ്വസ്നേഹത്തെ പൂർണ്ണമായി നിഗ്രഹിക്കുന്നതിനുദ്യമിക്കുന്നതു പ്രകൃതിവിരുദ്ധമാകയാൽ അതു് ആത്മവഞ്ചനയാണു്. ഇതിന്നനുസരണമായി ഹൃദയത്തെ കരുപ്പിടിക്കുവാൻ ശ്രമിക്കുന്നവർ സ്വസ്നേഹത്തെ നശിപ്പിക്കുന്നു. പുണ്യത്തെ കൃത്രിമമാക്കി അസത്യംപോലെ കുത്സിതമാക്കുന്നു.

പ്രകൃതിവിരുദ്ധമായ മററെല്ലാ സംഗതികളിലും എന്നപോലെ അതിനെ അപ്രായോഗികമാക്കിത്തീക്കുകയും ചെയ്യുന്നു. ഈ വസ്തുത മനസ്സിലാക്കി, ജീവിതത്തിലേ എല്ലാ സാഹചര്യങ്ങളിലും തദനുസരണം പ്രവർത്തിക്കുവാൻ, സ്വതസിദ്ധമായ സാമത്ഥ്യവും സ്വഭാവദാർഢ്യവുമെങ്കിലും അത്യാവശ്യമാണു്. അതിനാൽ അല്പമാത്രമായ ബുദ്ധിസാമത്ഥ്യമുള്ളവരേയും, ചില ഗുണങ്ങളെല്ലാമുണ്ടെങ്കിലും അവയെ വേണ്ടവിധം വികസിപ്പിക്കാത്തവരേയും സംബന്ധിച്ചു് ഈശോയുടെ വി. ത്രേസ്യായ്ക്കു് വളരെ ശങ്കയുണ്ടായിരുന്നു. വിശുദ്ധ പറയുന്നതുപോലെ അജ്ഞരും അല്പബുദ്ധികളുമാണു് അവൾക്കു കൂടുതൽ സഹനത്തിനു കാരണക്കാരായതു്. സ്വസ്നേഹത്തെ വേണ്ടവിധം മനസ്സിലാക്കി, അതു വളരെ കൗശലപൂർവ്വം മറഞ്ഞിരിക്കുന്ന സ്വന്തഹൃദയത്തിലും ആത്മാവിൻെറ ഉള്ളറകളിലും അതിനെ അനുധാവനം ചെയ്യുന്നതിനു് അപ്രാപ്തനായ ഒരുവൻ മററുള്ളവരെ ഭരിക്കുന്നതിനും നയിക്കുന്നതിനും ഒരിക്കലും പ്രാപ്തനാകുകയില്ല. സ്വസ്നേഹത്തിൻെറ നിയന്ത്രണം കൈവിട്ടുപോകുന്ന ഒരുവൻ താമസംവിനാ പരിതാപകരമായ ക്രമക്കേടുകൾക്കു് അധീനനാകും.

പ്രഥമത, അവൻ അഹങ്കാരി ആയിരിക്കും. അമിതമായില്ലെങ്കിലും ആവശ്യത്തിലധികം ലഹരിസാധനം ഉപയോഗിച്ച ഒരുവൻേറതുപോലെയാണു് അഹങ്കാരിയുടെ അവസ്ഥ. എന്തുകൊണ്ടെന്നാൽ, സ്വസ്നേഹത്തിൻെറ അല്പമാത്രമായ ഒരു രൂപഭേദമാണു മായാസ്തുതി. ഇവ തമ്മിൽ വളരെ സാമ്യമുണ്ടു്. അഹങ്കാരിയും പകുതി ലഹരിപിടിച്ച മനുഷ്യനും സാധാരണമായി സന്തോഷചിത്തരാണു്. അവർ മററുള്ളവക്കു വെറുപ്പിനു കാരണമാകുന്നുമില്ല. അവർ നല്ലവരാണെന്നു് ആരും പറഞ്ഞുപോകും. കാരണം, ആവശ്യംപോലെ ഉപകാരങ്ങൾ ചെയ്യുവാൻ അവർ സന്നദ്ധരായി കാണപ്പെടുന്നു. അവർ ഒരുത്തരേയും നിന്ദിക്കുന്നില്ല. ഒരുത്തരോടും അവക്കു വിരോധവുമില്ല. അവർ അവരിൽത്തന്നെ തൃപ്തരാണു്. അവരുടെ പ്രവൃത്തിക

ളെക്കറിച്ച പറയുമ്പോഠം കുട്ടികളെപ്പോലെ അവർ ഹൃദ്യമായ സംതൃപ്തിയും സന്തോഷവും അനുഭവിക്കുന്നു. മാത്രമല്ല, അവരുടെ മഹത്തായ ഗുണങ്ങളെ മററുള്ളവർ അംഗീകരിക്കുകയും തദ്വാരാ അവരുടെ സന്തോഷം വദ്ധിക്കുകയും ചെയ്യുമെങ്കിൽ, മററുള്ളവരും സന്തോഷം അനുഭവിക്കുന്നതിൽ അവക്കും തൃപ്തിയാണുള്ളതു്. ഇക്കാരണത്താൽ അഹങ്കാരികഠം നമ്മിൽ കോപവും വെറുപ്പുമല്ല, പ്രത്യുത, സഹതാപവും ആർദ്രതയുമാണു് ഉളവാക്കുന്നതു്. കഷ്ടം! എത്രപേരാണു വിലപനീയമായ ഈ അഹങ്കാരത്താൽ തങ്ങളുടെ സൽഗുണങ്ങളെ വിരൂപമാക്കുന്നതു്! അല്ല, ബാലിശവും മനുഷ്യസഹജവുമായ ഈ ബലഹീനതകളിൽനിന്നു താൻ പരിപൂണ്ണവിമുക്തനാണെന്നു് ആക്കു വിശ്വസിക്കുവാൻ കഴിയും? സമയത്തും അസമയത്തും മററുള്ളവർ നമ്മെപ്പററി ജാഗരൂകരായിരിക്കണമെന്നുള്ള ആഗ്രഹത്തെ എപ്പോഴും നിയന്ത്രിക്കുന്നതിനും, അവർ നമ്മിൽ ഉത്സുകരാകയില്ലെന്നുള്ള ഭയത്തെ ജയിക്കുന്നതിനും നമുക്കു കഴിഞ്ഞിരുന്നെങ്കിൽ അതു് എത്രയോ ശ്രേഷ്ഠമാകുമായിരുന്നു! പ്രശംസിക്കപ്പെടണമെന്നുള്ള അതിയായ ആഗ്രഹവും, അനീതിയായി വിമശിക്കപ്പെട്ടേക്കുമെന്ന ഭയവും, മായാസ്തുതിയുടേയും നിഗളത്തിൻേറയും സന്താനങ്ങളാണു്.

എങ്കിലും, മായാസ്തുതി, സ്വസ്നേഹത്തിൻെറ ഏററം വലിയ വിഭ്രാന്തിയല്ല. ആവശ്യത്തിലധികം മദ്യപാനം ചെയ്യുന്നവൻ എളുപ്പത്തിൽ ഒരു വലിയ കുടിയനായിത്തീരുന്നതുപോലെ, മായാസ്തുതിയെ നിഗ്രഹിക്കാത്തവൻ വളരെവേഗം നിഗളമെന്ന ദുർഗ്ഗുണത്തിനു് അധീനനായിത്തീരും. സ്വസ്നേഹത്തിൻെറ പൂണ്ണരൂപമാകുന്ന നിഗളത്തിൻെറ മാതാവും ധാത്രിയുമാണു മായാസ്തുതി. വളരെ വിവേകത്തോടും സൂക്ഷ്മതയോടുംകൂടെ മായാസ്തുതിയെ നിയന്ത്രിക്കുന്നില്ലെങ്കിൽ അതു നിഗളമായി രൂപാന്തരപ്പെടുമെന്നുള്ളതു നിസ്തക്കമത്രേ. എതുവാദവും സൂത്രവാദവുംകൊണ്ടു മായാസ്തുതിയെ നിഗ്രഹിക്കാം. എന്നാൽ അതിൻെറ പ്രസരണകേന്ദ്രമായ ഹൃദയത്തേയും മനസ്സിനേയും

സുഖമാക്കുന്നില്ലെങ്കിൽ, മായാസ്തുതിയുടെ അവശിഷ്ടങ്ങളിൽ നിന്നു നിഗളം മുളച്ചുയൎന്നുവരും. ഇപ്രകാരം, ഒരുവൻെറ ജീവിതത്തിൻെറ ഈ രണ്ടാമത്തേ ഘട്ടം ആദ്യത്തേതിനെക്കാൾ ദുഷ്ടതരമായി ഭവിക്കും. നിഗളിയായ മനുഷ്യൻ സ്വന്തം കാൎയ്യത്തിൽ വളരെ ജാഗ്രുകനാണു്; അവൻ അവനെപ്പററിമാത്രമേ ചിന്തിക്കുന്നുള്ളൂ; എല്ലാ ആളുകളും വസ്തുക്കളും തൻെറ ഉദ്ദേശ്യസാദ്ധ്യത്തിനു് ഉപകരിക്കണമെന്നു് അവൻ ആഗ്രഹിക്കുന്നു; മററെല്ലാം അവൻ വെറുക്കുകയും ചെയ്യുന്നു. അവയിൽ അവൻ ഉത്സുകനായി കാണപ്പെടുന്നെങ്കിൽ, അതു് അവനെ തൃപ്തിപ്പെടുത്തുന്നതിനു് അവ പൎയ്യാപ്തമാകുന്ന തോതനുസരിച്ചു മാത്രമായിരിക്കും. "നീ മുട്ടിന്മേൽ വീണു് എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം ഞാൻ നിനക്കു തരാം" (Math. IV. 9). എന്നു പറഞ്ഞുകൊണ്ടു്, പിശാചൻ ലോകത്തിലേ രാജ്യങ്ങളെല്ലാം ദൈവപുത്രനു വാഗ്ദാനം ചെയ്തപ്പോഴാണു നിഗളത്തിൻെറ ലഹരി ഏററം നന്നായി പ്രത്യക്ഷപ്പെട്ടതു്. നിഗളം എത്ര അഗാധമായി വേരൂന്നി നമ്മിൽ വ്യാപിക്കുമോ, അത്രത്തോളം വിപരീതങ്ങളും അതു നേരിടേണ്ടിവരും. പിശാചനു് അനുതപിക്കാൻ പാടില്ലാത്തതിനാൽ ലജ്ജാവഹമായ അവൻെറ നഷ്ടങ്ങൾ അവൻെറ നിഗളത്തെ വൎദ്ധിപ്പിക്കുകയും, പീഡകൾ അവനെ മുട്ടലനാക്കുന്നതിനെക്കാൾ കഠിനഹൃദയനാക്കിത്തീൎക്കുകയുമത്രേ ചെയ്യുന്നതെന്നു് നിഗളത്തിൻെറ ആദ്യകാരണമായ പിശാചനെപ്പററി വിശുദ്ധ തോമ്മാ മല്പാൻ പ്രസ്താവിച്ചിരിക്കുന്നു.

ഏകദേശം ഇതിനോടു് തുല്യമാണു മനുഷ്യനു സംഭവിക്കുന്നതും ക്രമരഹിതമായ സ്വസ്നേഹത്തിൻെറ ബാഹ്യപ്രകടനങ്ങളിൽ ഒന്നാമത്തേതും, നന്നാ കുറച്ചുമാത്രം ഹാനികരവുമായ ഒന്നാണു മായാസ്തുതി. എതിർവാദങ്ങൾകൊണ്ടു് ഇതു് ഒരിക്കലും സുഖമാകയില്ല. മനസ്സാക്ഷിയിൽനിന്നു പുറപ്പെടാത്തതും, സത്യത്തിൻെറയും ബലഹീനതയെ സ്വയം സമ്മതിക്കുന്നതിൻെറയും ഫലമല്ലാത്തതുമായ വിനീതത്വം നന്നല്ല.

ബാഹ്യമാത്രമായ എളിമ മായാസ്തുതിയെ സുഖപ്പെടുത്തുന്നതിനെക്കാൾ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. അഹങ്കാരികളെ എളിമപ്പെടുത്തുന്നതും, സ്വബലഹീനതകളെക്കുറിച്ചു ചിന്തിക്കുന്നതിനു ധൈര്യവിഹീനരെ നിർബന്ധിക്കുന്നതും, ചിലപ്പോൾ പ്രയോജനകരമാണെന്നു മാത്രമല്ല, ആവശ്യകവുമാണു്. എന്നാൽ സാധാരണമായി ഇതു നാശഫലങ്ങളെ ഉളവാക്കിയേക്കാം. സ്വസ്നേഹം സ്ഥലം പിടിച്ചിരിക്കുന്നതു് ആത്മാവിലത്രേ. അതിനാൽ അതിനെ തിരുത്തുന്നതിനോ നിയന്ത്രിക്കുന്നതിനോ നാം ആഗ്രഹിക്കുന്നെങ്കിൽ അതിനായി സ്വീകരിക്കുന്ന പ്രതിവിധിയും ആന്തരികമായിരിക്കണം. "പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറംകൂടി ശുദ്ധമാകുവാൻവേണ്ടി ആദ്യമേതന്നെ അവയുടെ അകം ശുദ്ധമാക്കുവിൻ" എന്നു് നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. (Math. XXIII. 26.)

പ്രതിഷേധങ്ങളും അപകർഷങ്ങളും നമ്മുടെ ഉള്ളിലേയ്ക്കു നമ്മെ ആനയിക്കുന്നില്ലെങ്കിൽ അവ നന്മയെക്കാൾ തിന്മയ്ക്കു കാരണമായിത്തീരുന്നു. മായാസ്തുതിക്കു് അധീനനായ മനുഷ്യൻ, അതിനു് അടിമയായിരിക്കുന്നിടത്തോളംകാലം, വഷളായ ഒരു കുട്ടിക്കു തുല്യനാണു്. അവൻ പരമാർത്ഥിയും എന്നാൽ കഥയില്ലാത്തവനുമാണെന്നുതന്നെ നമുക്കു പറയാം. കാരണം, അവനിൽ വളരെ പുണ്യമോ വളരെ ദുർഗ്ഗുണമോ ഇല്ല. അവൻെറ ഹൃദയം അവൻ കയ്യിലാണു വഹിച്ചിരിക്കുന്നതു്. വലിയ ത്യാഗങ്ങൾക്കു് ഇടയാകാതിരിക്കുകയും, അതേസമയംതന്നെ മററുള്ളവർ അതു കണ്ടു സ്തുതിക്കുകയും അതിനെ ആശ്ലേഷിക്കുകയും ചെയ്യണമെന്നാണു് ഇപ്രകാരം വർത്തിക്കുന്നതിൽ അവൻെറ ഉദ്ദേശ്യം. വളരെ നാളത്തേയ്ക്കു് ഇതു സാധിക്കുക അസാദ്ധ്യമാകയാൽ മായാസ്തുതിക്കു് അധീനരായവർ സാധാരണമായി മററുള്ളവരുടെ സഹതാപത്തിനെന്നതിനെക്കാൾ നിന്ദയ്ക്കും, സ്തുതിക്കുന്നതിനെക്കാൾ ദോഷാരോപണത്തിനും, സ്നേഹബഹുമാനങ്ങളിൽനിന്നു സംപ്രാപ്യമാകുമെന്നു് അവൻ ആശിച്ച

സംതൃപ്തിക്കു പകരം അവൻെറ മൃദുലസ്വഭാവത്തെ മുറിപ്പെടു ത്തുന്ന ശാസനകൾക്കും മാത്രമേ പാത്രമാകയുള്ളു. അപ്പോൾ തൻെറ വികാരങ്ങളേയും ഇച്ഛകളേയും കൂടുതൽ നന്നായി നിയ ന്ത്രിക്കേണ്ടതിനു്, അവൻ തൻെറ ഉള്ളിലേയ്ക്കു കടന്നു ഹൃദയ ത്തേയും മനസ്സിനേയും മനസ്സാക്ഷിയാകുന്ന ന്യായാസനത്തി ങ്കൽ ഹാജരാക്കണം; അല്ലെങ്കിൽ, തൻെറ വികാരങ്ങളെ മുറി പ്പെടുത്തിയവരോടു് അവനു വിരോധം ഉണ്ടാകുകയും, മായാ സ്മൃതിയിൽനിന്നു നിഗളത്തിലേയ്ക്കു് അവൻ കടക്കുകയുംചെയ്യും. മായാസ്മൃതിക്കു് അധീനനായിരുന്നപ്പോൾ, സ്നേഹബഹുമാന ങ്ങൾക്കായുള്ള തൻെറ തൃഷ്ണയെ തൃപ്തിപ്പെടുത്തുവാൻ അവനു കഴിഞ്ഞിില്ലെങ്കിൽ, മായാസ്മൃതിയുടെ സ്ഥാനത്തു നിഗളം അവൻെറ ഹൃദയത്തിലും മനസ്സിലും സ്ഥലംപിടിച്ചുകഴിയു മ്പോൾ ആ ആഗ്രഹസാദ്ധ്യത്തിൽ അവൻ കൂടുതൽ പരാജയമട യുകയേയുള്ളു. പ്രതിഷേധങ്ങൾ എത്രയധികമാണോ അത്രയു മധികം അവൻെറ വികാരങ്ങൾ ക്ഷതപ്പെടുത്തപ്പെടുകയും, തദ്വാരാ അതിനു കാരണമായവരോടു് അവനുള്ള അനിഷ്ടവും വെറുപ്പും വൎദ്ധിക്കുകയും ചെയ്യും. അവരും അവനോടു കൂടുതൽ അനിഷ്ടം പ്രദൎശിപ്പിക്കും. ആകയാൽ സ്വസ്നേഹം ക്രമേണ അമിതമായിത്തീൎന്നു് മായാസ്മൃതിയായി പരിണമിക്കുകയും, പിന്നീടു് ഏററം വെറുക്കത്തക്ക നിഗളത്തിലേക്കു് അതു വഴി തെളിക്കുകയും ചെയ്യാതിരിക്കാനായി ആരംഭത്തിൽത്തന്നെ സ്വസ്നേഹത്തെ വേണ്ടവിധം നിയന്ത്രിക്കുവാൻ നമുക്കു പഠിക്കാം.

നമ്മുടെ അഭിപ്രായത്തെ വിശുദ്ധ ഗ്രന്ഥം പിൻതാങ്ങു ന്നുണ്ടു്. "നിന്നെ വെറുക്കുന്നവരുടെ നിഗളം നിരന്തരം മേലോട്ടുയരുന്നു." ലഹരിസാധനങ്ങൾ ഉപയോഗിച്ചു മത്തു പിടിച്ചവരെപ്പോലെയാണു നിഗളികൾ. എത്ര കൂടുതൽ കുടി ക്കുമോ തദനുസരണം അവരുടെ ദാഹം വൎദ്ധിക്കുകയും അവർ കൂടുതൽ ബുദ്ധിഹീനരും നിന്ദിതരുമായിത്തീരുകയും ചെയ്യും. സുബോധം നഷ്ടപ്പെട്ട ഒരു മദ്യപാനിയോടു നിഗളിയെ

താരതമ്യപ്പെടുത്തിക്കൊണ്ടു് ഹാബുക് ദീർഘദർശി പറയുന്നു: "അതുപോലെ ആയിരിക്കും നിഗളിയായ മനുഷ്യൻെറ അവസ്ഥയും; അവൻ ബഹുമാനിക്കപ്പെടുകയില്ല. അവൻെറ ആശകളെ അവൻ നരകംപോലെ വിസ്തൃതമാക്കി; അവൻ മരണത്തെപ്പോലെതന്നെ ആയിരിക്കുന്നു. അവൻ ഒരിക്കലും തൃപ്തനാകുന്നില്ല". (Hab. 11 - 5)

നിഗളത്തെക്കുറിച്ചുള്ള ഭയാനകമായ വിവരണംതന്നെ നിഗളത്തെ വെറുക്കുന്നതിനും, എളിമയെ സ്നേഹിക്കുന്നതിനും മതിയായിരിക്കുന്നു. എന്നാൽ, വെറുക്കത്തക്ക ഒന്നാണു് നിഗളമെങ്കിലും, ലോകത്തിൽ ഏററം സർവ്വസാധാരണമായ ഒരു ദുർഗ്ഗുണമാണിതു്. വേറൊരു ദുർഗ്ഗുണവും ഇത്ര ആഴമായി നമ്മിൽ വേരൂന്നിയിട്ടില്ല. അതിനാൽ, ശ്ലേമ്മോനോടുകൂടി "എൻെറ ഹൃദയം ശുദ്ധമാണു്; ഞാൻ പാപത്തിൽനിന്നു വിമുക്തനാണു് എന്നു് ആർക്കു പറയുവാൻ കഴിയും?" എന്നു നമുക്കും ഉൽഘോഷിക്കാം. നിഗളം എല്ലാവരിലും ഒരേരൂപത്തിലല്ല പ്രത്യക്ഷപ്പെടുന്നതു്. എല്ലാവരിലും ഒരുപോലെ അതു ശക്തിപ്പെടുന്നുമില്ല. നിഗളത്തിൻെറ രൂപങ്ങളെക്കാൾ വിവിധതയുള്ളതായി സന്മാർഗ്ഗനിയമത്തിൽ വേറൊന്നുമില്ല. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ ഏററം ശ്രേഷ്ഠമായ പ്രവൃത്തികളിൽക്കൂടെയും നിഗളം നുഴഞ്ഞു കയറുന്നു. ഇതിൻെറ പ്രഥമവും അവ്യക്തവുമായ ചലനമാണു സ്വാത്മസ്നേഹം. ആത്മസംതൃപ്തി തുടങ്ങി മററുള്ളവരോടുള്ള പ്രത്യക്ഷമായ വിരോധം, തിന്മയിലുള്ള ശാഠ്യപൂർവ്വകമായ നില എന്നിങ്ങനെ നിഗളത്തിൻെറ പരമകാഷ്ഠവരെ ഇതിനു് അസംഖ്യം പദവികളുണ്ടു്. അതിനാൽ, അതിൻെറ ബാഹ്യരൂപങ്ങൾ വിവിധങ്ങളും നിരവധിയുമത്രേ. പുണ്യവിവേകങ്ങളോടു നിഗളത്തിനുള്ള പ്രതിലോമപ്രകൃതിയെ അവഗണിച്ചു് അവയെത്തന്നെ അതിൻെറ ഉത്തമസഹായികളാക്കുവാനാണു് നിഗളം ശ്രമിക്കുന്നതു്.

സുപ്രശസ്തമായ ബുദ്ധിവിവേകവും, നീതിനിഷ്ഠയും ഉള്ളവരിൽപ്പോലും ഈ ദുർഗ്ഗുണം കാണപ്പെടുന്നുണ്ടു്. പലപ്പോഴും

അതു് ആഴമായി വേരൂന്നിയിരിക്കുന്നതായും കാണാം. ലോകത്തിലോ, സന്യാസഭവനങ്ങളിലോ എവിടെയായിരുന്നാലും സാമുദായികജീവിതത്തിൽ ഇതു സാധാരണമാണു്. സ്വസ്നേഹപരമല്ലാത്ത എല്ലാ സംഗതികളും സൂക്ഷ്മമായി കാണുകയും നന്നായി വിചാരിക്കുകയും ചെയ്യുന്നവരിലും ഇതു കണ്ടുവരുന്നുണ്ടു്. സ്വസ്നേഹം സ്പർശിക്കപ്പെട്ടുമ്പോൾ വളരെ ഹാസ്യമായിട്ടു് അവർ ചിന്തിക്കുന്നതിനാൽ ആ വിഷയങ്ങളെക്കുറിച്ചു് അവരോടു വാദിക്കുന്നതു നിഷ്പ്രയോജനമാണു്. കാരണം, അപ്പോൾ സുബോധത്തിലല്ല, പ്രത്യുത സ്വസ്നേഹത്തിൻെറ രക്തംചൊരിയുന്ന മുറിവുകൾ ഉത്ഭൂതമാക്കുന്ന വികാരങ്ങളാലത്രേ അവർ നയിക്കപ്പെടുന്നതു്. ഈ വികാരങ്ങളാൽ പ്രേരിതരായി, തങ്ങളുടെ അഭിപ്രായത്തോടു യോജിക്കാത്തവരെ അവർ ശക്തിയായി എതിർക്കുകയും, അജ്ഞരെന്നും സംഗതികൾ വേണ്ടവിധം ഗ്രഹിക്കുവാൻ അപ്രാപ്തരെന്നും പരിഗണിച്ചു്, ചിലപ്പോൾ അവരെ നിന്ദിക്കുകയും ചെയ്യാറുണ്ടു്.

ഇക്കൂട്ടർ ഇല്ലാത്ത സ്ഥലമില്ല. ഈ സ്ഥിതിയിൽ എത്തിയവരെ ശാഠരെന്നും ചപലരെന്നുമാണു് സാമാന്യജനങ്ങൾ വിചാരിക്കുന്നതു്. അതിനാൽ, ഇപ്രകാരമുള്ള ഒരുവനെ കാണുമ്പോൾ "അവൻെറ ഇഷ്ടംപോലെ ചെയ്യട്ടെ. അതവൻെറ സ്വഭാവമാണു്" എന്നു നാം പറയുന്നു. "അവൻെറ ഭാഗത്തു നീതിയും സത്യവും ഉണ്ടായിട്ടല്ല, പ്രത്യുത, അവൻ സ്വസ്നേഹി ആകയാലും, ഇപ്രകാരം വർത്തിക്കുന്നതു് അവൻെറ സ്വഭാവമാകയാലും നാം കീഴടങ്ങേണ്ടതു് ആവശ്യമാകുന്നു" എന്നാണു് ഇതിൻെറ സാരം. അവനോടു് ഇപ്രകാരം വർത്തിക്കുമ്പോൾ അവനു സന്തോഷം തോന്നിയേക്കാം. തൻെറ അഭിപ്രായത്തിൽ ശാഠ്യപൂർവ്വം നില്ക്കുന്നതിൽ അവൻ ചിലപ്പോൾ സന്തോഷിക്കുന്നുമുണ്ടാവാം. തൻെറ അഭിപ്രായം ശരിയാണെന്നു് അവൻ വിശ്വസിക്കുന്നതല്ല, അതിനു കാരണം. പ്രത്യുത എന്തൊക്കെ ആയാലും താൻ പിന്മാറുകയില്ലെന്നു മററുള്ളവർ അറിയുവാനാണു് അവനിപ്രകാരം വർത്തിക്കുന്നതു്. തൻെറ സ്വഭാവം

ഇതാണെന്നു മററുള്ളവർ നല്ലവണ്ണം അറിയട്ടെ എന്നാണ് അവൻെറ വിചാരം. ഇതിനെക്കാൾ മോശമായിട്ടോ നിന്ദ്യമായിട്ടോ എന്തെങ്കിലും ഉണ്ടാകാൻ സാദ്ധ്യമാണോ? വാസ്തവത്തിൽ മൂഢന്മാരുടേയും കുടിയന്മാരുടേയും അനുഭവവും ഇതു തന്നെയാണ്. അതിനാലാണ് അശ്രുപിയുടെ ഉന്മാദമെന്നു നിഗളത്തെ ന്യായമായി വിളിക്കുന്നതു്. "മദ്യപാനി വീഞ്ഞിനാൽ എന്നപോലെ മനുഷ്യൻ നിഗളത്താൽ വഞ്ചിക്കപ്പെടുന്നു" എന്നു പരിശുദ്ധാശ്രുപിയോടുകൂടെ നമുക്കും ആവർത്തിച്ചു പറയാം.

ഈ ദുർഗ്ഗുണത്തിനു് അധീനനായവൻ സാധാരണമായി ആ വസ്തുത അറിയുന്നില്ലെന്നുള്ളതു് ഇതിനെ ഏററം അപകടകരമാക്കിത്തീർക്കുന്നു. രോഗിയൊഴിച്ചു് മറെറല്ലാവർക്കും സുവിദിതമായ "രാജയക്ഷ്മാവു്"പോലെയാണിതു്. തങ്ങളുടെ ആത്മാവിൽ ഒളിഞ്ഞിരിക്കുന്ന രഹസ്യമായ നിഗളത്താൽ പ്രേരിതങ്ങളാണു തങ്ങളുടെ മിക്ക പ്രവൃത്തികളും എന്നു ബോധ്യപ്പെടുവാൻ സാധിച്ചിരുന്നെങ്കിൽ പലരും ഭയാധീനരായിത്തീരുമായിരുന്നു. യാതൊരു സ്ഥാനവും സാഹചര്യവും ഇതിൻെറ ആക്രമണത്തിൽനിന്നു് ആരെയും വിമുക്തമാക്കുന്നില്ല. അതിസ്വാഭാവികദാനങ്ങളാൽ അനുഗ്രഹീതരായ ആളുകൾപോലും എളുപ്പത്തിൽ നിഗളത്തിനു് അധീനരായിത്തീരുമെന്നു വിശുദ്ധ യോഹന്നാൻക്രൂസു് പറയുന്നു. "എപ്പോഴാണ് ഒരുവൻ ഇതിനു് അധീനനായിത്തീരുന്നതെന്നു് അറിയുന്നതിന്നു് ഏററം ബുദ്ധിപൂർവ്വകമായ നിയമങ്ങൾ അദ്ദേഹം നിർദ്ദേശിച്ചിട്ടുമുണ്ടു്. തങ്ങളുടെ സ്വഭാവത്തോടു യോജിക്കാത്തവരിൽനിന്നും തങ്ങളുടെ അഭിപ്രായങ്ങളെ വിലമതിക്കാത്തവരിൽനിന്നും അനുഭവപ്പെടുന്ന അതൃപ്തിയേയും വെറുപ്പിനേയും കുറിച്ചും തങ്ങളുടേതുപോലെയോ, അഥവാ അവയെക്കാൾ ശ്രേഷ്ഠങ്ങളോ ആയ ദാനങ്ങൾ മററുള്ളവർക്കും ഉണ്ടെന്നു പറഞ്ഞുകേൾക്കുമ്പോൾ ഉണ്ടാകുന്ന അവിശ്വാസത്തെക്കുറിച്ചും അവഗാഢം ചിന്തിച്ചിരുന്നെങ്കിൽ, അവർക്കു് ഇതു് എളുപ്പത്തിൽ മനസ്സിലാകുമായി

രുന്നു. ഇതെല്ലാം ഗൂഢമായ ആത്മപ്രശംസയുടേയും നിഗളത്തിന്റേയും ഫലങ്ങളാണ്. എന്നാൽ, അവർ ആപാദചൂഡം അതിൽ നിമഗ്നരാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുക സാദ്ധ്യമല്ല. തങ്ങളുടെ നികൃഷ്ടതയെക്കുറിച്ചുള്ള ഏകദേശജ്ഞാനം മതിയെന്നാണ് അവരുടെ ധാരണ. എന്നാൽ, അതേസമയം തന്നെ രഹസ്യമായ ആത്മപ്രശംസയും ആത്മസംതൃപ്തിയും കൊണ്ട് അവർ പൂരിതരാണ്. ഇതരന്മാരുടേതിനെക്കാൾ, തങ്ങളുടെ അരൂപിയിലും ഗുണങ്ങളിലും അവർ കൂടുതലായി സന്തോഷിക്കുകയും ചെയ്യുന്നു. താൻ മററ മനുഷ്യരെപ്പോലെ അല്ലാത്തതിനാൽ ദൈവത്തിനു നന്ദിപറഞ്ഞ ഫരിസേയനെപ്പോലെയാണിവർ. ഫരിസേയനെപ്പോലെ ധാരാളം വാക്കുകളിൽ അതു പ്രകടിപ്പിക്കുന്നില്ലെങ്കിലും അവർ സ്വാഭാവികമായി അപ്രകാരം വിചാരിക്കുന്നുണ്ട്. പിശാചുങ്ങളെക്കാൾ വഷളരാകത്തക്കവണ്ണം അവരിൽ ചിലർ അത്ര നിഗളികളായിത്തീരുകയും ചെയ്യുന്നു." (III Ascent. Ch. VIII) നാശഹേതുകവും, ദൈവതൃക്കണ്ണുകൾക്കു വിരൂപവുമായ ഈ തിന്മയെ അകററവാനുതകുന്ന രണ്ടു പരിചിന്തനങ്ങൾ ഉണ്ടെന്ന് ഈ വിശുദ്ധൻതന്നെ പറയുന്നു.

(1) ദൈവത്തെക്കുറിച്ചുള്ള സങ്കല്പത്തിലോ, ഐന്ദ്രികാനുഭവങ്ങളിലോ ഇതുപോലുള്ള ഏതെങ്കിലും ബാഹ്യജ്ഞാനത്തിലോ അല്ല പുണ്യം സ്ഥിതിചെയ്യുന്നത്. പ്രത്യുത, ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കാത്തവയിൽ — ആത്മാവിൽ രൂഢമൂലമായിരിക്കുന്ന എളിമയിൽ — നമ്മെയും നമ്മെ സംബന്ധിക്കുന്ന എല്ലാററിനേയുംകുറിച്ചുള്ള അവഗണനയിൽ — അത്രേ അത് അടങ്ങിയിരിക്കുന്നത്.

(2) സ്വയം അന്വേഷിക്കുകയോ വിലമതിക്കുകയോ ചെയ്യാത്തതും, തന്നെപ്പററിയല്ലാതെ മററാരെപ്പററിയും ദോഷപരമായി വിചാരിക്കാത്തതും എന്നാൽ എല്ലാവരേയുംകുറിച്ചു നന്മയായി വിചാരിക്കുന്നതുമായ ഉപവിയുടെ സൽഫലങ്ങളെ സംവഹിക്കുന്നതുമായ എളിമയുടെ അതുല്പമായ പ്രവൃത്തിക

ളോടു തുല്യതയുള്ളതല്ല ദർശനങ്ങളും വെളിപാടുകളും സ്വൎഗ്ഗീയ വികാരങ്ങളും. (Ascent. Ch VIII. 3—4.)

അതിനാൽ, നിഗളവും മായാസ്തുതിയും അസൂയയും, തെററിദ്ധരിക്കപ്പെടുകയും തെററായി നയിക്കപ്പെടുകയും ചെയ്യുന്ന സ്വസ്നേഹത്തിൻെറ വിവിധവശങ്ങറം അഥവാ ബാഹ്യരൂപങ്ങളല്ലാതെ മറെറാന്നുമല്ല. മിക്കവാറം എല്ലാ ആത്മാക്കളും ഈ ബലഹീനതകറംക്കു് ഏറെക്കുറെ അധീനരാണു്. ബാഹ്യമായ പ്രതിരോധനമല്ല അവയെ പ്രശമിപ്പിക്കുന്നതിനുള്ള മാൎഗ്ഗം. എളിമയോടുകൂടിയ നിരന്തര പ്രാൎത്ഥനയിലും, നമ്മുടെ മനസ്സാക്ഷിയെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യേണ്ട ആന്തരികപ്രകാശത്തിലും നിന്നു സംലബ്ദമാകുന്ന ദൈവവരത്താൽ സഹായിക്കപ്പെടുന്ന ഹൃദയത്തിൽനിന്നും പുറപ്പെടുന്നതായിരിക്കണം ആ നിരോധനം. ഇപ്രകാരം പഠിപ്പിക്കപ്പെടുകയും സജീവമാക്കപ്പെടുകയും ചെയ്യുന്ന ഒരു മനസ്സാക്ഷിയിലത്രേ മനുഷ്യൻെറ യഥാൎത്ഥ സ്വഭാവം അടങ്ങിയിരിക്കുന്നതു്. സത്യത്തെ നാം നല്ലവണ്ണം ഗ്രഹിക്കുകയും അതിനെപ്പററി ധ്യാനിക്കുകയും ചെയ്താൽ, നാം എന്താണെന്നും ദൈവം ആരാണെന്നും, നമുക്കു മനസ്സിലാകും; നമ്മുടെ നികൃഷ്ടത എത്ര അധികവും ദൈവദൃഷ്ടിയിൽ നമ്മുടെ അന്ത്യം എത്ര ഉൽകൃഷ്ടവും ആണെന്നു വിശദമാകും. എളിമ എപ്രകാരം ആത്മാവിനെ മഹത്വപ്പെടുത്തുന്നുവെന്നും ദൈവത്തിൻേറയും മനുഷ്യരുടേയും ദൃഷ്ടിയിൽ അതിനെ എത്ര സ്നേഹയോഗ്യമാക്കിത്തീർക്കുന്നുവെന്നും അപ്പോറം നാം ഗ്രഹിക്കും. നിഗളത്തിനു് അധീനയായിരിക്കുന്ന ഒരാത്മാവിനെ അതു് എമ്മാത്രം പീഡിപ്പിക്കുന്നു എന്നും അതിനെ എത്ര വിരൂപമാക്കിത്തീൎക്കുന്നുവെന്നും അതുവഴി നമുക്കും കാണാൻ കഴിയും. എതന്മൂലം അതു് ദൈവത്തിനു് എത്രയധികം വെറുപ്പുള്ളതും വൈരാഗ്യമുളവാക്കുന്നതും, ഇതരന്മാൎക്കു് അവജ്ഞാഹേതുകവുമായിത്തീരുന്നുവെന്നും നമുക്കു മനസ്സിലാകും.

മനോജ്ഞമായ എളിമയെ സമ്പാദിക്കുന്നതിനും, നിഷിദ്ധമായ നിഗളത്തെ നമ്മിൽനിന്നു് ഉന്മൂലനം ചെയ്യുന്നതിനും ദൈവസഹായവും, നമ്മുടെ സ്വന്തം പ്രയത്നവും വേണ്ടിയിരിക്കുന്നു. മായാസ്തുതിയുടെയോ നിഗളത്തിൻെറയോ ചലനങ്ങളെ വളരെ സമാധാനത്തോടും എന്നാൽ ശക്തിയോടും കൂടെ എതിക്കുകയും, അവയ്ക്കെതിരായ എളിമ അഭ്യസിക്കുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ പ്രയത്നത്തിൻെറ ഉദ്ദേശ്യം. ഒരു പ്രവൃത്തിയുടെ ആവർത്തനത്താൽ അതു സ്വഭാവമായിത്തീരുന്നു. ഈ സ്വഭാവത്തിലാണു് സന്മാർഗ്ഗപുണ്യം അടങ്ങിയിരിക്കുന്നതു്. പിശാചന്നെതിരായ മൂന്നാമത്തെ മുൻകരുതലിൽ ഈ അഭ്യാസമാണു് വി. യോഹന്നാൻക്രൂസു് നമുക്കു് ഉപദേശിക്കുന്നതു്. അദ്ദേഹം പറയുന്നു: “വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും എല്ലായ്പോഴും സ്വയം എളിമപ്പെടുത്തുന്നതിനു് ശ്രമിക്കുക. നിൻേറതിനെക്കാൾ അന്യൻെറ നന്മയിൽ കൂടുതൽ സന്തോഷിക്കുകയും അവർ നിന്നെക്കാൾ കൂടുതൽ മതിക്കപ്പെടുന്നതിനു ഹൃദയപൂർവ്വം ആഗ്രഹിക്കുകയും ചെയ്യുക”. വളരെ വലിയ ഒരു ത്യാഗമാണു് അദ്ദേഹം ഇവിടെ നമ്മോടാവശ്യപ്പെടുന്നതു്. നമ്മുടെ മായാസ്തുതിയും ആത്മപ്രശംസയും പോഷിപ്പിക്കപ്പെടാതിരിക്കാനത്രേ സ്വസ്നേഹത്തെ മനസ്സാ വാചാ കർമ്മണാ സ്തുതിക്കുവാൻ നാം അനുവദിക്കപ്പെടാത്തതു്.

എളിമയോടുകൂടെ ഉപവിയേയും സംയോജിപ്പിക്കണമെന്നു് അദ്ദേഹം ആജ്ഞാപിക്കുന്നു. അതിനാലത്രേ നമ്മുടേതിനെക്കാൾ നമ്മുടെ അയൽക്കാരുടെ നന്മയിൽ കൂടുതൽ സന്തോഷിക്കണമെന്നു് വിശുദ്ധൻ നമ്മെ ഉപദേശിക്കുന്നതു്. ഇതാണു് സുവിശേഷ പ്രബോധനത്തിനനുസൃതവും യഥാർത്ഥവുമായ ഉപവി. എന്നാൽ, ഇതുകൊണ്ടും വിശുദ്ധൻ തൃപ്തനാകുന്നില്ല. എല്ലാററിലും നമ്മെക്കാൾ നമ്മുടെ അയല്ക്കാരൻ കൂടുതലായി മതിക്കപ്പെടുവാൻ ആഗ്രഹിക്കണമെന്നുകൂടി അദ്ദേഹം ആവശ്യപ്പെടുന്നു. എല്ലാവരേയും സ്നേഹിക്കുക, യാതൊരുവനും തിന്മ

ഭവിക്കണമെന്നു് ആഗ്രഹിക്കാതിരിക്കുക, നമ്മുടെ സന്തോഷം മററുള്ളവരും അനുഭവിക്കുവാൻ അഭിലഷിക്കുക, ഇവയെല്ലാം വളരെ ഉൽകൃഷ്ടമാണു്. ഇതു വളരെ സ്വാഭാവികവും സാമാന്യേന സുകരവുമായിരിക്കാം. എന്നാൽ, ഇതു പോരാ; അവർ നമ്മെക്കാൾ കാര്യമായി എല്ലാററിലും മതിക്കപ്പെട്ടുവാൻ ആഗ്രഹിക്കണമെന്നാണു് വിശുദ്ധൻ നമ്മോടാവശ്യപ്പെടുന്നതു്. "നിനക്കു് ഇഷ്ടമില്ലാത്തവരോടു് ഇപ്രകാരം വർത്തിക്കുവാൻ ശ്രമിക്കുക" എന്നു് അദ്ദേഹം തുടൎന്നുപറയുന്നു.

പരമാൎത്ഥത്തിൽ ഇതു ബലഹീനമായ മനുഷ്യസ്വഭാവത്തിനു് അതീതമാണു്. എന്നാൽ, സന്യാസികളോടു് ഇപ്രകാരം പറയുവാൻ അദ്ദേഹത്തിനു് അവകാശമുണ്ടായിരുന്നു എന്നതു നിസ്തൎക്കമത്രേ. സന്യാസജീവിതം എന്താണെന്നും എളിമ ഈ ജീവിതാന്തസ്സിനു് എത്ര അനുപേക്ഷണീയമാണെന്നും, നമുക്കു നല്ലവണ്ണം അറിയാമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, തൻെറ ദൃഷ്ടാന്തത്താലും തൻെറ കൃതികൾ വഴിയായും അദ്ദേഹം ഇവ നമ്മെ ഉൽബോധിപ്പിച്ചിരുന്നു. "നിയമം അറിയാവുന്നവരോടു ഞാൻ സംസാരിക്കുന്നു". (Rom. VII, 1.) – സുവിശേഷനിയമവും നാം ആശ്ലേഷിച്ചിരിക്കുന്ന സന്യാസസഭയുടെ നിയമവും – എന്നു് വി. പൗലോസിനോടുകൂടി അദ്ദേഹത്തിനും ന്യായമായി പറയാവുന്നതാണു്. ദൈവാരാധനയും നമ്മുടെ വിശുദ്ധീകരണവുമാണു നമ്മുടെ ജീവിതത്തിൻെറ പരമോദ്ദേശ്യം എന്നു നടിക്കുന്ന നമുക്കായിട്ടാണു് ഈ മുൻകരുതലുകൾ അദ്ദേഹം നിൎദ്ദേശിക്കുന്നതു്. ദൈവത്തെ ആരാധിക്കുന്നവൻ അരൂപിയിലും സത്യത്തിലും തന്നെ ആരാധിക്കണമെന്നുള്ളതു നമുക്കു് അജ്ഞാതവുമല്ല. ഇപ്രകാരമല്ലെങ്കിൽ നമ്മുടെ വാഗ്ദാനവും ജീവിതവും അപമാനഹേതുകമായ ഒരു നാടകം മാത്രമായിരിക്കും. എന്തുകൊണ്ടെന്നാൽ, വിനയസംയുക്തമല്ലാത്ത അരൂപിയും പ്രവൃത്തികളും ദൈവത്തിനു സ്വീകാര്യമല്ല; കാരണം, അഹങ്കാരികളെ ദൈവം വെറുക്കുന്നു. യഥാൎത്ഥമായ എളിമ സന്യാസജീവിതത്തിൻെറ അവശ്യാടിസ്ഥാനമാണു്.

അതിനാൽ "ഓരോരുത്തനും തനിക്കു് എന്തുമാത്രം എളിമയു ണ്ടെന്നു പരിശോധിച്ചറിയട്ടേ. അപ്പോഠം അവർ പുണ്യത്തിൽ എന്തുമാത്രം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു് അവക്കു മനസ്സിലാകും" എന്നു വി. അമ്മ ത്രേസ്യാ തൻെറ മക്കളോടു പറഞ്ഞിരുന്നു.

ഈ അഭ്യസനങ്ങഠം നമുക്കു നിർദ്ദേശിക്കുകയിൽ, അവ നമ്മുടെ ഹൃദയത്തിൽ നിന്നു് — മുഴുഹൃദയത്തിൽ നിന്നു് — പുറപ്പെടുന്നവയായിരിക്കണമെന്നു രണ്ടു പ്രാവശ്യം — ആരം ഭത്തിലും അവസാനത്തിലും — വിശുദ്ധൻ നമ്മെ ഉപദേശി ക്കുന്നു. ബാഹ്യപ്രവൃത്തികഠംകൊണ്ടുമാത്രം പ്രോല്ലസിക്കുന്ന വെറും, ആചാരാനുഷ്ഠാനങ്ങഠംക്കും ആത്മനിഗ്രഹരീതികഠംക്കും യാതൊരു വിലയുമില്ലെന്നു് ഇതിനാൽ നമ്മെ മനസ്സിലാക്കണ മെന്നു വിശുദ്ധൻ ആഗ്രഹിച്ചു. നമ്മുടെ ഹൃദയത്തിൽനിന്നു് — നമ്മുടെ മുഴുഹൃദയത്തിൽനിന്നു് — എന്ന വാക്കുകളാൽ അദ്ദേഹം വിവക്ഷിക്കുന്ന പൂർണ്ണവും യഥാർത്ഥവുമായ 'മുദ്ര' നമ്മുടെ എല്ലാ പ്രവൃത്തികഠംക്കും ഉണ്ടായിരിക്കണമെന്നു് അദ്ദേഹം അഭിലഷിക്കുന്നു.

വി. യോഹന്നാൻക്രൂസ്സിൻേറയും അമ്മ ത്രേസ്യായുടേയും പഠനങ്ങളിൽ പരമാത്ഥതയുടേയും സത്യത്തിൻേറയും ചൈ തന്യം എപ്പോഴും പ്രകടമാണു്. തഴക്കത്തെതാലോ കപടഭക്തി യാലോ ഒന്നുംതന്നെ പ്രവത്തിക്കുന്നതിനു് അവർ നമ്മെ അനു വദിക്കുന്നില്ല. എന്താണു നാം ചെയ്യുന്നതെന്നുള്ള പൂർണ്ണബോധ ത്തോടുകൂടി മാത്രമേ നാം പ്രവത്തിക്കാവൂ. അതായതു്, എല്ലാം നമ്മുടെ ഹൃദയത്തിൽനിന്നു പുറപ്പെടണം. ഈ തത്വങ്ങഠം നാം വിശ്വസ്തതയോടുകൂടി അനുസരിക്കുമെങ്കിൽ, തിന്മയെ നന്മയാൽ ജയിക്കാമെന്നു നമ്മുടെ പുണ്യതാതൻ നമുക്കുറപ്പു തരുന്നു. തിന്മയാൽ ഒരിക്കലും ജയിക്കപ്പെടാതിരിക്കുന്നതിനും, പ്രത്യുത, തിന്മയെ സുകൃതബാഹുല്യത്താൽ ജയിക്കുന്നതിനുമുള്ള അവകാശം എളിയ ആത്മാക്കളുടേതാണു്. ഉയരവും ഉറപ്പുമുള്ള പാറ, സമുദ്രത്തിലേ തിരമാലകഠംക്കു് ശക്തിയേറിയ ഒരു പ്രതിബന്ധമാണു്. എങ്കിലും അനേക നൂററാണ്ടുകാലത്തെ

ശക്തവും നിരന്തരവുമായ ആക്രമണങ്ങളാൽ അവ നിലംപതിക്കുന്നുണ്ടല്ലോ. എന്നാൽ സമുദ്രതീരത്തിലേ നേരിയ മണൽപ്പരപ്പ് തിരമാലകളുടെ ഉഗ്രതയെ തടുക്കുന്നില്ല. പ്രത്യുത, മൃദുലവും നിർമ്മലവുമായ മണലിൽ, ഗർജ്ജിക്കുന്ന തിരമാലകൾ ശാന്തമാക്കപ്പെടുകയും തല്ലിത്തകർക്കപ്പെടുകയും ചെയ്യുന്നു. ഇതുതന്നെയാണു വിനീതരായ ആത്മാക്കളുടേയും അവസ്ഥ. അവരുടെ സുകൃതബാഹുല്യത്താൽ തിന്മയെ അവർ ജയിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. അഹങ്കാരപൂർണ്ണമായ രണ്ടു ഹൃദയങ്ങൾ തമ്മിൽ ഇടയുമ്പോൾ അവ പരസ്പരം ക്ഷതപ്പെടുത്തുന്നു. അപരനിൽ ഉള്ള തിന്മയാൽ അഥവാ നന്മയുടെ അഭാവത്താൽ രണ്ടുപേരും തോല്പിക്കപ്പെടുന്നു. എളിമയിൽ ശരിയായി അഭ്യസിപ്പിക്കപ്പെടാത്ത ആളുകൾ തമ്മിലുള്ള കലഹങ്ങളിൽ അമിതമായി സന്തോഷിക്കുന്ന പിശാചനു മാത്രമാണ് ഇവിടെ ആദായം ലഭിക്കുന്നതു്.

പരീക്ഷിക്കപ്പെടുന്ന ആത്മാവു് ഹൃദയപൂർവ്വം ചെയ്യുന്ന ഒരു 'എളിമപ്രകരണം'പോലെ പിശാചനെ വിഭ്രമിപ്പിക്കുന്ന മറെറാന്നുമില്ല. ദൈവത്തിനുവേണ്ടി ചെയ്യുവാൻ നമുക്കു കഴിയുന്ന പ്രവൃത്തികളിൽ ഏററം പുണ്യാത്മകമായതു് 'എളിമപ്രകരണ'മാണെന്നു നമ്മുടെ വിശുദ്ധ പിതാവു് നമ്മെ പഠിപ്പിക്കുന്നില്ലേ? ഒരു 'എളിമപ്രകരണം' വലിയ അത്ഭുതപ്രവൃത്തികളെക്കാൾ ശ്ലാഘാർഹത ഉള്ളതാണു്. കാരണം, അത്ഭുതം ദൈവശക്തിയെ ആശ്രയിച്ചിരിക്കുന്നു. പ്രത്യുത, എളിമപ്രകരണം ചെയ്യുമ്പോൾ നമ്മുടെ ശക്തികൊണ്ടാണു നാം പ്രവത്തിക്കുന്നതു്. ദൈവത്തിനുവേണ്ടി ചെയ്യുന്ന ഓരോ എളിമപ്രകരണവും നമ്മുടെ സ്വർഗ്ഗീയമഹത്വത്തെ വർദ്ധിപ്പിക്കുകയും, ദൈവത്തിനു് ഏററം പ്രസാദകരമായ ഹൃദയാരാധനയാൽ ദൈവത്തെ നാം മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവമഹത്വവും, ആത്മാക്കളുടെ രക്ഷയും പിശാചനു് ഏററം

31 അനിഷ്ടഹേതുവാകയാൽ ദുഷ്ടാരൂപിയുടെ പ്രേരണകൾ ഉണ്ടാ

കുമ്പോൾ യഥാർത്ഥമായ എളിമപ്രകരണങ്ങൾ ചെയ്യണം. ശത്രുവിനോടുള്ള ഭാവിസമരത്തിനുവേണ്ട ദിവ്യാനുഗ്രഹത്താൽ ദൈവം അവയെ പ്രതിസമ്മാനിക്കുന്നതുകൊണ്ടു് ഏതാദൃശരായ ആത്മാക്കളെ പിശാചൻ സ്വതന്ത്രരായി ഉപേക്ഷിക്കുന്നു.

ആകയാൽ, എളിമപ്രകരണങ്ങളുടെ അഭ്യാസത്താൽ പിശാചനെ ദൂരെ ഓടിക്കുകയും ഹൃദയസന്തോഷം അനുഭവിക്കുകയും ചെയ്യാം എന്നു വി. യോഹന്നാൻക്രൂസു് ഉപദേശിക്കുന്നു. പിശാചനിൽനിന്നു വിദൂരത്തിലായിരിക്കുകയും പ്രത്യേക ദൈവവരങ്ങളാൽ അനുഗൃഹീതരായിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആത്മാവു് വലിയ സമാധാനം അനുഭവിക്കാതിരിക്കയില്ല. ഒരാൾ ദൈവത്തോടു് എത്ര അടുത്തിരിക്കുന്നു എന്നു് ഈ ഹൃദയസമാധാനം അവനെ ഗ്രഹിപ്പിക്കുന്നു. "ഇതു നീ അഭ്യസിക്കുന്നില്ലെങ്കിൽ നിനക്കു യഥാർത്ഥമായ ഉപവി – പരസ്നേഹം – ഉണ്ടാകയോ അതിൽ നീ പുരോഗമിക്കയോ ചെയ്യുകയില്ല" എന്നു വിശുദ്ധൻ ഉപസംഹരിക്കുന്നു. മേൽ പ്രസ്താവിച്ചതിന്റെ എല്ലാം അർത്ഥം ഇതാണു്; എന്തുകൊണ്ടെന്നാൽ, ഉപവി കൂടാതെ എളിമ പരിപൂർണ്ണമാകുകയോ സത്യവത്തായിരിക്കുകയോ ചെയ്യുന്നില്ല. അതുപോലെതന്നെ യഥാർത്ഥമായ എളിമയെന്ന അടിസ്ഥാനത്തിന്മേൽ പടുത്തിട്ടില്ലാത്ത ഉപവി നിലനില്ക്കുകയുമില്ല.

St. Antony's Monastery
Alwaye, Travancore,
S. India.

# അദ്ധ്യായം 17.

## ഏഴാമത്തേ നിർദ്ദേശം.

### ശരീരത്തെ ജയിക്കേണ്ടതിനുള്ള – ഒന്നാമത്തേ മുൻകരുതൽ.

### നമ്മുടെ വിശുദ്ധീകരണത്തിനു് നമ്മുടെ അയല്ക്കാരൻ ഒരുപകരണമാകുന്നു.

"സന്യാസികളുടെ സ്വഭാവത്തിൽനിന്നോ സംഭാഷണത്തിൽനിന്നോ ഉത്ഭൂതമാകുന്ന അപൂർണ്ണതകളിൽനിന്നും, അസ്വസ്ഥതകളിൽനിന്നും വിമുക്തനാകുന്നതിനു നീ ആഗ്രഹിക്കുന്നില്ലേ? ഏതു സംഭവമുണ്ടു് നിനക്കു പ്രയോജനപ്പെടണമെന്നു നീ ഇച്ഛിക്കാത്തതായി? അങ്ങനെയെങ്കിൽ നീ ആശ്രമത്തിൽ വന്നതു സ്വേച്ഛയെ നിഗ്രഹിക്കുന്നതിനും പരിശോധിക്കപ്പെടുന്നതിനും ആണെന്നും, ആശ്രമത്തിൽ അധികാരസ്ഥാനം വഹിക്കുന്നവരെല്ലാം ഈ ഉദ്ദേശ്യനിർവ്വഹണത്തിനാണു്– യഥാർത്ഥവും അതുതന്നെയാണു് – അവിടെ നിയമിതരായിരിക്കുന്നതെന്നും സദാ ചിന്തിച്ചുകൊള്ളുക. ചിലർ തങ്ങളുടെ വചനങ്ങളാലും, മററുചിലർ അവരുടെ പ്രവൃത്തികളാലും, ഇതരന്മാർ നിന്നെപ്പററിയുള്ള അവരുടെ വിചാരങ്ങളാലും നിന്നെ പീഡിപ്പിച്ചെന്നു വരാം. ഒരു പ്രതിമ, അതിനെ കൊത്തി മിനുസമാക്കുന്നവനും, ചായമിടുന്നവനും, തങ്കവേലകൾ നിർവ്വഹിക്കുന്നവനും, എപ്രകാരം സ്വയം വിധേയമാക്കുന്നുവോ, അതുപോലെ നീയും അപ്പോൾ ചെയ്യണം. ഇതു നീ അഭ്യസിക്കുന്നില്ലെങ്കിൽ, നിൻെറ ജഡികാശകളേയും വികാരങ്ങളേയും അമർത്തുവാനും സന്യാസസഹോദരങ്ങളൊരുമിച്ചു് ആശ്രമത്തിൽ ജീവിക്കേണ്ടതുപോലെ ജീവിക്കുവാനും നീ പഠിക്കുകയോ വിശുദ്ധസമാധാനം പ്രാപിക്കുകയോ പലേ തടസ്സങ്ങളിൽനിന്നും തിന്മകളിൽനിന്നും വിമുക്തിപ്രാപിക്കുകയോ ഇല്ല."

പുണ്യാഭ്യസനത്തിനുള്ള പ്രതിബന്ധങ്ങൾ ഓരോരുത്തനിലും ഉള്ളതിനാൽ മനുഷ്യൻെറ മൂന്നാമത്തേ ശത്രു അവൻ തന്നെയാണു്. ഈ ഉപരോധങ്ങൾ ചിലപ്പോൾ, അത്ര ഉൽകൃഷ്ടമല്ലാത്ത അവൻെറ ജഡികാശകളിൽനിന്നും, മററുചിലപ്പോൾ അവൻെറ ഹൃദയത്തിലും മനസ്സിലുംനിന്നു പുറപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ഇവ മൂന്നും – ഹൃദയവും, മനസ്സും, ശരീരവും – നിത്യരക്ഷ പ്രാപിക്കുവാൻ ആവശ്യകമായ സുകൃതാഭ്യസനത്തിനു വലിയ തടസ്സം ചെയ്യുന്നു. ശരീരമെന്ന പദംകൊണ്ടു്, സുകൃതാഭ്യസനത്തിനു തടസ്സം ചെയ്യുന്ന നമ്മുടെ സ്വഭാവത്തെയാണു വിശുദ്ധ യോഹന്നാൻക്രൂസു് വിവക്ഷിക്കുന്നതു്.

മനുഷ്യൻെറ ആശാപാശങ്ങൾക്കെതിരായി അവൻ അഭിമുഖീകരിക്കേണ്ട വിഷമതകളേയും പ്രതിരോധങ്ങളേയുംകുറിച്ചു വളരെയെല്ലാം എഴുതപ്പെട്ടിട്ടുണ്ടു്. അതിനാൽ അവയെ ഇവിടെ ആവത്തിക്കേണ്ട ആവശ്യമില്ല. ഈ മുൻകരുതലുകളുടെ പരമോദ്ദേശ്യം മാത്രമാണു് ഇവിടത്തെ പ്രതിപാദ്യവിഷയം. അതിനാൽ സ്വാഭാവികവെറുപ്പിനെ ജയിച്ചു നിയന്ത്രിക്കേണ്ട വിധത്തെപ്പററി മാത്രമേ ഇപ്പോൾ ചിന്തിക്കേണ്ടതുള്ളു. പ്രഥമവും പ്രധാനവുമായി നാം ഇടപെടേണ്ടിവരുന്ന ആളുകൾക്കു് എതിരായുള്ളവയെപ്പററി നമുക്കു ചിന്തിക്കാം.

സാമൂഹ്യജീവിയായിട്ടാണു ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്. സഖിത്വം എല്ലാവക്കും സ്വാഭാവികമാണു്. മനുഷ്യർ പരസ്പരം അറിഞ്ഞു സ്നേഹിക്കേണ്ടതിനു ദൈവം അവക്കു വിവേചനാശക്തിയും ഭാഷാസൗകര്യവും പ്രദാനം ചെയ്തു. ഇവയുടെ അഭാവത്തിൽ, ലോകത്തിൽ മനുഷ്യൻ ഏററം ഏകാന്തമായ ഒരു ജീവിതം നയിക്കേണ്ടിവരുമായിരുന്നു. ലോകാരംഭത്തിൽ അവനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ട ഭൗമ്യപറുദീസായിൽ ദൈവം അവനെ വസിപ്പിച്ചപ്പോൾ അവൻ സന്തോഷമനുഭവിച്ചിരുന്നില്ല. ഭൂമിയിലേ എല്ലാ മൃഗങ്ങളേയും ആകാശത്തിലേ എല്ലാ പക്ഷികളേയും സൃഷ്ടിച്ചതിനു

ശേഷം ആദം അവയെപ്പററി ചിന്തിച്ച് അവയ്ക്ക് അനുയോജ്യമായ പേരുകൾ നല്കേണ്ടതിനുവേണ്ടി ദൈവം അവയെ എല്ലാം അവൻെറ സന്നിധിയിൽ ആനയിച്ചു എന്നു വിശുദ്ധ ഗ്രന്ഥം സാക്ഷ്യംവഹിക്കുന്നു. ഇതു് ആദത്തെ സംബന്ധിച്ചിടത്തോളം മററാരാലും ഒരിക്കലും നിർവ്വഹിക്കപ്പെടുവാൻ സാധിക്കാത്തവണ്ണം രാജപ്രതാപവും പ്രഭാവവും സമ്മേളിച്ച ഒരു പ്രവൃത്തിയായിരുന്നു. എന്നാൽ, ഇതുകൊണ്ടും മനുഷ്യവംശത്തിൻെറ ആദിപിതാവു് സന്തോഷചിത്തനായില്ല. സംഖ്യാതീതമായ താരഗണങ്ങളാൽ ഭാസുരമാക്കപ്പെട്ട നഭോമണ്ഡലവും, മനോഹരമായ വർണ്ണഭേദങ്ങളോടും ശ്രുതിമധുരമായ നവഗീതങ്ങളോടുംകൂടി ആനന്ദിച്ചുല്ലസിച്ചിരുന്ന ആകാശപ്പറവകളും, അദ്ദേഹത്തെ സന്തോഷചിത്തനാക്കിയില്ല. അയാൾക്കു വിധേയരായിരുന്ന മൃഗജാലങ്ങളോ, മധുരതരഫലങ്ങളാലും, മോഹനപുഷ്പങ്ങളാലും നമ്രശിരസ്കരായി പറുദീസായിൽ നിന്നിരുന്ന വൃക്ഷജാലങ്ങളോ ഏകനായ ആദത്തെ സംതൃപ്തനാക്കുന്നതിനു പര്യാപ്തമായില്ല. അതേ, സൃഷ്ടിയുടെ ആരംഭദശയിലെ ആകർഷകമായ ആ കാഴ്ചകൾക്കു മദ്ധ്യേ ഏകാന്തതയാണു് അനുഭവപ്പെട്ടതു്. സൃഷ്ടികളെല്ലാം, ഒരു രാജാവെന്ന നിലയിൽ അദ്ദേഹത്തെ ആദരിച്ചു. എന്നാൽ അവ ഒന്നും അദ്ദേഹത്തിനു പററിയ ഒരു സഖി ആയിരുന്നില്ല. പരസ്പരം മനസ്സിലാക്കുകയും തദ്വാരാ, സ്നേഹിക്കുകയും ചെയ്യുന്ന വേറൊരു സൃഷ്ടി അദ്ദേഹത്തിനു് ആവശ്യകമായിത്തീർന്നു. പരസ്പരം ആത്മാർത്ഥമായി ആശയവിനിമയം ചെയ്യുന്നില്ലെങ്കിൽ, ശാരീരികമായി അവർ എത്ര അടുത്തിരുന്നാലും അവർക്കു് ഏകാന്തത മാത്രമേ അനുഭവപ്പെടുകയുള്ളു. എന്തുകൊണ്ടെന്നാൽ, ഓരോ മനുഷ്യനും തൻെറ സഹജീവിയുടെ സഖിത്വം ആവശ്യമാണു്.

മനുഷ്യനെ ഒരു സാമൂദായികജീവിയായിട്ടാണു ദൈവം സൃഷ്ടിച്ചതെങ്കിലും, നമ്മുടെ നിരവധി ന്യൂനതകൾ നിമിത്തം, ഈ മാനുഷികസഖിത്വം, വളരെ വിഷമമേറിയ ഒരു പ്രശ്നമാ

യിത്തീൎന്നിരിക്കുന്നു. എന്നാൽ പരസ്പരം ഇടപെടേണ്ടതു് അവശ്യാവശ്യവും, അതിനെ അസാദ്ധ്യമാക്കിത്തീൎക്കുന്ന ന്യൂനതകൾ നിരവധിയും എളുപ്പത്തിൽ പരിഹരിക്കപ്പെടുവാൻ വഹിയാത്തവയും ആകയാൽ മനുഷ്യന്യൂനതകളെ അവഗണിച്ചു് ഈ പരസ്പരസംസൎഗ്ഗം സുസാധവും സന്തോഷപ്രദവുമാക്കിത്തീൎക്കുന്നതിനു് ഒരു സുകൃതജീവിതവ്യവസ്ഥിതി – നിയമം – ആവശ്യകമാണു്.

സുകൃതത്തിൻെറ ഈ പ്രമാണം സാമുദായികശിക്ഷണം എന്നു വിളിക്കപ്പെടുന്നു. സാമാന്യേന വിശ്വസിക്കപ്പെടുന്നതുപോലെ, ശിക്ഷണം ഒരു വ്യക്തിയിലുള്ള ഏതെങ്കിലും ദുൎഗ്ഗുണത്തെ ഉന്മൂലനം ചെയ്യുകയോ എതെങ്കിലും സദ്ഗുണത്തെ അപ്രമാദമാക്കുകയോ ചെയ്യുന്നില്ല. എന്നാൽ, മററുള്ളവൎക്കു് അസഹ്യകാരണമാകാത്ത വിധത്തിൽ തന്നിലുള്ള ന്യൂനതകളെ ഗോപനംചെയ്യുന്നതിനും, അന്യരിൽനിന്നു പൂൎണ്ണമായി മറയ്ക്കാൻ സാധിക്കാത്ത ന്യൂനത ക്ഷമിക്കുന്നതിനും ഉള്ള കടമയെ അതു് എല്ലാവരുടെമേലും ചുമത്തുന്നുണ്ടു്. അതിനാലാണു ഗുരുതരമായ മനുഷ്യബലഹീനതകളേയും ഏററം വെറുക്കത്തക്ക നികൃഷ്ടതയേയും ആച്ഛാദനം ചെയ്യുന്നതിനുള്ള ഭംഗിയേറിയ വസ്ത്രമാണു ശരിയായ ശിക്ഷണമെന്നു പറയപ്പെടുന്നതു്. ഇക്കാരണത്താൽത്തന്നെയാണു് ഏററം ബലഹീനൎക്കും, ഏററം വലിയ നികൃഷ്ടതയെ മറയ്ക്കേണ്ടവൎക്കും നല്ല ശിക്ഷണം കൂടുതൽ ആവശ്യകമായിരിക്കുന്നതു്. പരസ്പരസംസൎഗ്ഗത്തെ സുകരമാക്കിത്തീൎക്കുന്നതിനു മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള മാൎഗ്ഗങ്ങളും രീതികളും പുണ്യത്തിനുവേണ്ടി തിരസ്കരിച്ചുകളയണമെന്നു് ഇതിൽനിന്നു മനസ്സിലാക്കേണ്ടതില്ല. പ്രത്യുത, ഉത്തമമായ ഒരു ശിക്ഷണം പുലൎത്തുന്ന രീതികൾ സുകൃതത്തിനു സ്വീകരിക്കാം. സ്വീകരിക്കതന്നെ ചെയ്യണം. എന്തുകൊണ്ടെന്നാൽ, പരസ്പരം ന്യൂനതകൾ സഹിക്കുവാനും, പരസ്പരവിശ്വാസവും ബഹുമാനവും വളൎത്തുവാനും നമ്മെ സഹായിക്കുന്നതിനു് ഇവയെല്ലാം ആവശ്യകമാണു്.

നാമെല്ലാവരും ഹൃദയത്തിലും മനസ്സിലും നല്ലവരും പരിപൂർണ്ണരുമായിരുന്നെങ്കിൽ, നമ്മെ ഇതരന്മാക്ക സ്വീകാര്യമാക്കിത്തീക്കുന്നതിനു് ഒരു നിർദ്ദിഷ്ടപദ്ധതിയുടെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. പരിപൂർണ്ണമായ പരമാത്ഥത മാത്രമായിരിക്കും അപ്പോൾ സാമുദായികസംസർഗ്ഗത്തിലുള്ള ഏകരീതി. അപ്പോൾ പ്രകാശപൂർണ്ണതയിൽ വിരാജിക്കുകയും അവയുടെ സൗരഭ്യധോരണിയാൽ സകലരേയും തങ്ങളിലേയ്ക്കു് ആകർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പുഷ്പങ്ങൾ കണക്കെ, നമ്മുടെ ഹൃദയങ്ങൾ യാതൊരുത്തനേയും തൃപ്തിപ്പെടുത്തുകതന്നെചെയ്യും. എന്നാൽ നിർഭാഗ്യവശാൽ ആദർശയോഗ്യമായ ഈ പരിപൂർണ്ണത നമുക്കു് ഇനിയും കരഗതമായിട്ടില്ല. അതിനാൽ നമ്മുടെ ന്യൂനതകളെ നാം സൂക്ഷിച്ചു പരിഹരിക്കുകയും, മററുള്ളവരുടെ ന്യൂനതകളെ ക്ഷമിക്കുകയും ചെയ്യുമ്പോൾ തന്നെ, മനുഷ്യസംസർഗ്ഗത്തെ കൂടുതൽ ഹൃദ്യമാക്കിത്തീക്കുന്ന നല്ല സാമുദായികാചാരങ്ങളെ നാം സ്വീകരിക്കുകയും വേണം.

ലോകം മനസ്സിലാക്കുന്നതരത്തിൽപ്പോലും നല്ല ശിക്ഷണം സുകൃതത്തിൻെറ ഉത്തമസ്നേഹിതനാണു്. എന്തുകൊണ്ടെന്നാൽ, അവ പരസ്പരം സഹായിക്കുന്നു. ഈ തത്വം വിസ്മരിച്ചുകൊണ്ടുള്ള പ്രവൃത്തി പലപ്പോഴും സുകൃതത്തിൻെറ മനോഹരതയെ നശിപ്പിക്കുകയും, അതിൻെറ പ്രേരണാശക്തിയെ കെടുത്തുകയും ഇതരന്മാരുടെ ഇടയിലുള്ള അതിൻെറ പ്രയത്നങ്ങളെ നിഷ്ഫലമാക്കിത്തീക്കുകയും ചെയ്യുന്നു. ദുഷ്ടന്മാരുടെ സാന്മാർഗ്ഗിക നികൃഷ്ടതയെ മറയ്ക്കുന്നതിനും, സംസ്കൃതമായ അവരുടെ പ്രവർത്തനരീതി വളരെ എളുപ്പമുള്ളതാക്കിത്തീർത്തുകൊണ്ടു് അവരുടെ തിന്മകളെ കൂടുതൽ ആപല്കരമാക്കിത്തീക്കുന്നതിനും ഒരേ ശിക്ഷണം കാരണമായിത്തീരുന്നുണ്ടു്. അതിനാൽ തങ്ങളുടെ സുകൃതങ്ങളെ കൂടുതൽ പ്രകാശമാനമാക്കിത്തീർക്കേണ്ടതു നല്ലവരെ സംബന്ധിച്ചിടത്തോളം ഏററം ആവശ്യകമായിത്തീരുന്നു.

ഒരു പ്രത്യേക സമൂഹത്തിൽപ്പെട്ട ആളുകളെപ്പററി സംസാരിക്കയിൽ, വന്ദ്യനായ ഒരു മെത്രാൻ താഴെപ്പറയുംപ്രകാരം

പ്രസ്താവിക്കയുണ്ടായി: "സാമാന്യേന അവർ നല്ലവരാണ്. എന്തുകൊണ്ടെന്നാൽ, അവക്കു സുകൃതങ്ങളും സൽഗ്ഗുണങ്ങളും ഉണ്ട്; അതേസമയംതന്നെ വലിയ ദുർഗ്ഗുണങ്ങളൊന്നും ഇല്ല താനും. എന്നാൽ ശിക്ഷണത്തിൻെറ അഭാവം പലപ്പോഴും അവരിൽ നമുക്കു കാണുവാൻ കഴിയും. നേരെമറിച്ചു ലൗകിക മനുഷ്യക്കാകട്ടെ, ശ്രേഷ്ഠമായ സൽഗ്ഗുണങ്ങളൊന്നും ഇല്ലെങ്കിലും, മോശമായ പലേ ദുർഗ്ഗുണങ്ങൾക്കും അവർ അധീനരാണെങ്കിലും ഉത്തമമായ ഒരു ശിക്ഷണം അവക്കു ലഭിച്ചിട്ടുള്ളതിനാൽ, അവരുടെ സംഭാഷണം വളരെ ഹൃദ്യമാണ്. പ്രത്യുത, ആദ്യത്തെ കൂട്ടക്കു് പലേ സൽഗ്ഗുണങ്ങളുമുണ്ടെങ്കിലും അവരുടെ സഹവാസം ആകർഷകമായിരിക്കുന്നില്ല. ശ്രേഷ്ഠമായ ഗ്ഗുണങ്ങളും ഉത്തമമായ സാമുദായികശിക്ഷണവും ഒത്തുചേരുമ്പോൾ അതു മനുഷ്യനെ മനുഷ്യസംസൎഗ്ഗത്തിൻെറ ഉത്തമ മാതൃകയാക്കിത്തീക്കുന്നു."

നമ്മുടെ അയല്ക്കാരുടെ ന്യൂനതകളെ സംബന്ധിച്ചിടത്തോളം ക്രിസ്തീയസ്നേഹം, വെറും സാമുദായിക ശിക്ഷണത്തെക്കാൾ വളരെയധികം നമ്മിൽനിന്നും ആവശ്യപ്പെടുന്നു. നമ്മുടെ അയല്ക്കാരുടെ ന്യൂനതകളെ നാം ക്ഷമിക്കണമെന്നു മാത്രമല്ല, കഴിയുന്നിടത്തോളം അവയെ നാം അവഗണിക്കണമെന്നും ഇതു് ആവശ്യപ്പെടുന്നു. അതിനാലത്രേ വി. പൗലോസ്ശ്ലീഹാ "ഉപവി തിന്മ വിചാരിക്കുന്നില്ല" എന്നു പറഞ്ഞിരിക്കുന്നതു്. തിന്മയെ അവഗണിക്കുന്നതിനു നമുക്കു സാദ്ധ്യമല്ലെങ്കിൽ മനസ്ഥൈര്യത്തോടുകൂടി അവയെ സഹിക്കുകയെങ്കിലും ചെയ്യണം. എന്തുകൊണ്ടെന്നാൽ, സ്നേഹം, സഹിഷ്ണുതയുള്ളതും ദയയുള്ളതുമാകുന്നു. "സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല, അഹങ്കരിക്കുന്നില്ല. അതു ലജ്ജാവഹമായതു പ്രവൎത്തിക്കുന്നില്ല, തൻകാര്യം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, തിന്മയായിട്ടുള്ളതു വിചാരിക്കുന്നില്ല, അതു് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും

പ്രതീക്ഷിക്കുന്നു, സകലതും അനുഭവിക്കുന്നു" എന്നു വി. ശ്ലീഹാ തന്നെ തുടൎന്നു പറയുന്നു. ഉപവിയാൽ പൂരിതമായ ഹൃദയത്തോടുകൂടിയ ഒരു മനുഷ്യൻ, ഏററം ഉൽകൃഷ്ടമായ സാമുദായികാചാരങ്ങളോടുകൂടിയവനല്ലെങ്കിലും മനോഹരമായ ഈ ഉപവിയില്ലാത്ത അപരനെക്കാൾ വളരെയധികം നല്ലവനാണ്. എന്തുകൊണ്ടെന്നാൽ, ഉൽകൃഷ്ടാശയങ്ങളോടുകൂടിയ ഒരുവൻ ഇതരന്മാരോടുള്ള തൻെറ സംസൎഗ്ഗം അവൎക്കു ഹൃദ്യമാക്കിത്തീൎക്കാതിരിക്കയില്ല.

വി. യോഹന്നാൻക്രൂസ് തനിക്കായി സ്വീകരിക്കുന്ന നിദൎശനം ഇതിനെക്കാൾ വളരെ ശ്രേഷ്ഠമാണ്. നമ്മുടെ സഹോദരങ്ങളുടെ ന്യൂനതകളും ഭിന്നസ്വഭാവങ്ങളും ക്ഷമാപൂൎവ്വം സഹിക്കണമെന്ന് അദ്ദേഹം നമ്മോടാവശ്യപ്പെടുന്നു. എന്നാൽ ഇതിൽക്കൂടുതലും അദ്ദേഹം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. നമ്മുടെ വിശുദ്ധീകരണത്തിനു് അവയെ പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം നമ്മോടാവശ്യപ്പെടുന്നു. അതിനാൽ ശ്രേഷ്ഠമായ പുണ്യം പ്രാപിക്കുന്നതിനുള്ള മാൎഗ്ഗമെന്നോണം അവയെ സ്വീകരിക്കുകയും ആഗ്രഹിക്കുകയുംകൂടി ചെയ്യണമെന്നാണ് അദ്ദേഹത്തിൻെറ അഭിലാഷം. ശരീരത്തിൻെറ അഥവാ സ്വഭാവത്തിൻെറ ക്രമരഹിതമായ അഭിവാഞ്ഛകൾക്കെതിരായ 'മുൻകരുതലുകളിൽ' അദ്ദേഹം നമ്മെ ഉപദേശിക്കുന്നു: "നീ ആശ്രമത്തിൽ പ്രവേശിച്ചിരിക്കുന്നതു് എല്ലാവരാലും പരീക്ഷിക്കപ്പെടുന്നതിനും അഭ്യസിപ്പിക്കപ്പെടുന്നതിനുമാണെന്നു മനസ്സിലാക്കുന്നതായിരിക്കട്ടെ ഒന്നാമത്തെ മുൻകരുതൽ." വിശുദ്ധൻെറ അഭിപ്രായപ്രകാരം നാം ഇടപെടേണ്ടിവരുന്ന എല്ലാ ആളുകളും നമ്മെ നിഗളത്തിൽനിന്നും ആത്മസ്തുതിയിൽനിന്നും വിമുക്തരാക്കി സ്വൎഗ്ഗത്തിനു് അൎഹരാക്കിത്തീൎക്കുവാൻവേണ്ടി ദൈവം നിശ്ചയിച്ചിട്ടുള്ള ഉപകരണങ്ങളല്ലാതെ മറെറാന്നുമല്ല. ഈ അഭിപ്രായം സാമുദായികശിക്ഷണത്തിൽ അന്തൎലീനമായിരിക്കുന്ന ആശയത്തെക്കാൾ വളരെയധികം വിസ്തൃതവും മനോജ്ഞവുമാണ്. 'സന്യാസി

കൾക്കുള്ള നാലു നിർദ്ദേശങ്ങൾ' എന്നതിലേ രണ്ടാമത്തേതിൽ ഈ ആശയംതന്നെ വിശുദ്ധൻ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. അവ ഹൃദയത്തിൽ ആഴമായി പതിക്കുന്നതു് അവനു നല്ലതാകുന്നു; അവൻ ആശ്രമത്തിൽ വന്നിരിക്കുന്നതു് പുണ്യത്തിൽ അഭ്യസിപ്പിക്കപ്പെടുന്നതിനും, ആശാനിഗ്രഹം ചെയ്യുന്നതിനും മററുള്ളവരാൽ പരിശോധിക്കപ്പെടുന്നതിനും അല്ലാതെ മററൊന്നിനുമല്ല. ഭിത്തിയിൽ വയ്ക്കുന്നതിനുമുമ്പ് ചെത്തി മിനുസമാക്കപ്പെടുന്ന കല്ലുപോലെയാണ് അവൻ. പരിത്യാഗത്തിനുള്ള ഓരോ അവസരം പ്രദാനം ചെയ്തുകൊണ്ടു് അവനെ പരിശോധിക്കുന്നതിനും അഭ്യസിപ്പിക്കുന്നതിനുമായി ദൈവത്താൽ നിയുക്തമായ ഉപകരണങ്ങളാണ് ആശ്രമത്തിലുള്ളവരെല്ലാവരും; അവനു കേൾക്കാൻ ഇഷ്ടമില്ലാത്ത വാക്കുകൾ പറഞ്ഞുകൊണ്ടു ചിലർ അവനെ ത്യാഗം അഭ്യസിപ്പിക്കും; അവനു സഹിക്കുവാൻ ഇഷ്ടമില്ലാത്തവ പ്രവർത്തിച്ചുകൊണ്ടു മററുചിലർ അവനെ സഹനം പഠിപ്പിക്കുന്നു. ഇനിയും വേറെ ചിലർ അനിഷ്ടഹേതുകവും നിർജ്ജീവവുമായ സംഭാഷണത്താലും പ്രവൃത്തികളാലും അവനു് ഉപദ്രവകാരികളായിത്തീരും. നാലാമതൊരു കൂട്ടർ തങ്ങളുടെ വിചാരങ്ങളാൽ അവൻെറ മുട്ടലസ്വഭാവത്തെ മുറിപ്പെടുത്തിക്കൊണ്ടു് അവക്കു് അവനോടു് ഇഷ്ടമില്ലെന്നുള്ള ധാരണയ്ക്കു് അവനെ അധീനനാക്കിത്തീക്കുന്നു. ഈ വലിയ ത്യാഗങ്ങളും വിഷമങ്ങളുമെല്ലാം ആന്തരികസമാധാനത്തോടുകൂടി സഹിക്കുകയും ദൈവസ്നേഹത്തെപ്രതി മൗനമായിരിക്കുകയും ചെയ്യണം. താൻ ആശ്രമത്തിൽ വന്നിരിക്കുന്നതു ത്യാഗങ്ങളിൽ അഭ്യസിപ്പിക്കപ്പെട്ടു് സ്വർഗ്ഗത്തിനു യോഗ്യനായിത്തീരുവാൻ വേണ്ടിയാണെന്ന ധാരണയോടെ വേണം ഇവയെല്ലാം സ്വീകരിക്കുവാൻ.

വാസ്തവത്തിൽ ഇതു് അത്യുൽകൃഷ്ടമായ ഒരു പരിശീലനവും, മനുഷ്യരേയും അവരുടെ പോരായ്മകളേയും പഠിക്കുന്നതിനു് ഉത്തമമായ ഒരു മാർഗ്ഗവുമാണ്. ഇതു മനുഷ്യരുടെ, വിശിഷ്യ, നല്ല ആളുകളുടെ ഒരായിരം ഭിന്നരീതികളേയും,

തന്റെ വിശ്വസ്തദാസന്മാരുടെ ഇടയിൽ നിരവധിയായ ഈ വിഷമതകൾ അനുവദിക്കുന്ന ദൈവപരിപാലനയുടെ ഉദ്ദേശ്യങ്ങളേയും വിശദമാക്കുന്നു. അവർ ദൈവനിർദ്ദേശങ്ങളെ സാധിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. ശരിയായ ഈ പ്രമാണംവച്ചു് അളക്കുന്നില്ലെങ്കിൽ മനുഷ്യജീവിതത്തിലേ അല്ലാല്ലങ്ങളായ നിരവധി സംഭവങ്ങൾ മനസ്സിലാക്കാൻ നമുക്കു് ഒരിക്കലും സാധിക്കുകയില്ല. നമുക്കു് അഗ്രാഹ്യങ്ങളായിരിക്കുകയാൽ അവ നമ്മെ അസഹ്യപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യും. എന്നാൽ നമുക്കു് അവയെ ഒരുന്നതതലത്തിൽനിന്നും വീക്ഷിക്കാം. അപ്പോൾ ചിലക്കു വളരെ വെറുപ്പുള്ളതും അതൃപ്തിജനകവുമായ ഒരു സംഗതി മററുചിലക്കു സഹ്യവും അഭികാമ്യവുമായിത്തീരുന്നതു് എങ്ങനെയെന്നു നമുക്കു മനസ്സിലാകും. പുണ്യവാന്മാരുടെ മനഃശാസ്ത്രവും ചിത്തവൃത്തിയും ഇതിൽനിന്നു വിശദമാകും. മിനുസമില്ലാത്ത ആ കല്ലിനു്, മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നെങ്കിൽ അതിനെ കൂടുതൽ മിനുസമാക്കുന്നതിനുവേണ്ടിമാത്രം നിർദ്ദയമായി അതിനെ ചെത്തി മിനുക്കുന്ന ശില്പിയുടെ കൈകളെ അതു് അനുഗ്രഹിക്കാതിരിക്കയില്ല.

ഇപ്രകാരം സംഗതികളെ വീക്ഷിക്കുകയും വിലമതിക്കുകയും ചെയ്യുന്ന സ്വഭാവം മനുഷ്യഹൃദയങ്ങളിൽ ദൃഢമൂലമായിരുന്നെങ്കിൽ വ്യക്തികളിൽ മാത്രമല്ല, സന്യാസസമൂഹങ്ങളിലും കുടുംബങ്ങളിലും, ചുരുക്കിപ്പറഞ്ഞാൽ എല്ലാത്തരക്കാരുടെ ഇടയിലുംനിന്നു് അതൃപ്തിയുടെയും കലഹങ്ങളുടെയും ഹേതുക്കൾ വളരെ വേഗത്തിൽ അപ്രത്യക്ഷമാകുമായിരുന്നു.

ഈ ഉപദേശം നവീനമാണെന്നോ അഥവാ ഇതു കർമ്മലമലയിലെ വിശുദ്ധ മല്ലാനു പ്രത്യേകമുള്ളതാണെന്നോ പറഞ്ഞുകൂടാ. ദൈവപരിപാലനയെ സംബന്ധിച്ചുള്ള സുവിശേഷപ്രബോധനങ്ങളുടെയും കത്തോലിക്കാ മതപഠനത്തിന്റെയും പരിണതഫലമാണിതു്. ലോകത്തിലെവിടെയെല്ലാം തിരഞ്ഞാലും ദൈവത്തിനു് അജ്ഞാതമായ ഒരു പരമാണുവോ

ഏതെങ്കിലും മനുഷ്യപ്രകൃതിയോ ഇല്ലെന്നു നമുക്കു നല്ലവണ്ണം അറിയാം. ദൈവം തന്റെ എല്ലാ സൃഷ്ടികളേയും പൊതുവായും പ്രത്യേകമായും എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. ഇവയെല്ലാററിനും പ്രത്യേകമായും പൊതുവായും ദൈവത്തിനു സ്വന്തമായ രീതിയിൽ ഒരു പ്രത്യേക അന്ത്യം കല്പിച്ചിട്ടുണ്ട്. ഇതു വിശ്വാസത്തിന്റെ നിശ്ചിതക്രമങ്ങൾക്ക് അനുയോജ്യവുമാണ്. ഈ പ്രത്യേക ഉദ്ദേശ്യങ്ങൾ ദൈവമഹത്വത്തിനും തിരഞ്ഞെടുക്കപ്പെട്ടവരുടെ അഭിവൃദ്ധിക്കും വിശുദ്ധീകരണത്തിനും വളരെ സഹായിക്കുന്നു.

ദിവ്യരക്ഷകൻ തന്റെ ശിഷ്യന്മാരുടെ ശ്രദ്ധയെ ഏതാനും ചെറുപക്ഷികളിലേയ്ക്കു് ആകർഷിച്ചുകൊണ്ടു് "ഒരു കാശിനു് രണ്ടു കുരികിലുകൾ വില്ക്കപ്പെടുന്നില്ലയോ? എങ്കിലും അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവിന്റെ അറിവുകൂടാതെ നിലത്തു വീഴുന്നില്ല. നിങ്ങളുടെ തലയിലെ മുടികൾകൂടെയും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ ഭയപ്പെടേണ്ട. വളരെ കുരികിലുകളെക്കാൾ നിങ്ങൾ ശ്രേഷ്ഠതയുള്ളവരാണല്ലോ" (Math. X 29, 30, 31) എന്നു് അവരോടു പറഞ്ഞതിന്റെ കാരണവും ഇതല്ലയോ? കൂടാതെ വിശുദ്ധ ശ്ലീഹാ പറയുന്നു: "നിങ്ങളുടെ വിശുദ്ധീകരണമാകുന്നു ദൈവത്തിന്റെ ഇഷ്ടം." വീണ്ടും അദ്ദേഹം റോമാക്കാക്കു് എഴുതുന്നു: "ദൈവത്തെ സ്നേഹിക്കുന്നവക്കു് – വിളിക്കപ്പെട്ടവരാകുവാൻ അവൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളവക്കുതന്നെ – സകലത്തിലും അവൻ നന്മയ്ക്കായി സഹായം ചെയ്യുന്നു" എന്നു നാം അറിയുന്നുവല്ലോ. നാം എല്ലാവരും, വിശിഷ്യ, നമ്മിൽ സന്യാസവാഗ്ദാനങ്ങൾ മൂലം ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവർ വിശുദ്ധി പ്രാപിക്കുന്നതിനായി വിളിക്കപ്പെട്ടിട്ടുള്ളവരാണ്.

ഇതു നമുക്കെല്ലാവക്കും നല്ലവണ്ണം അറിയാം. ഇഹത്തിൽ സംഭവിക്കുന്നവയെല്ലാം തന്റെ വിശുദ്ധീകരണം സുകരമാക്കുവാനായി ദൈവപരിപാലന കല്പിച്ചനുവദിക്കുന്നവയാണെന്നു് അറഞ്ഞുകൂടാത്തവരായി ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരിൽ

ആരുംതന്നെയില്ല. സദാ നമ്മുടെ ഹൃദയങ്ങളിലും പലപ്പോഴും നമ്മുടെ അധരങ്ങളിലും സ്ഥിതിചെയ്യുന്ന ഒരു സത്യമാണിതു്. എന്നാൽ നമ്മുടെ വികാരങ്ങളേയും പ്രവൃത്തികളേയും ജീവിതത്തിൻെറ എല്ലാ സാഹചര്യങ്ങളിലും നിയന്ത്രിക്കുവാൻ തക്കവണ്ണം ഇതിനെ നമ്മുടെ ഹൃദയത്തിൽ ആഴമായി പതിക്കുന്നുണ്ടോ?

ദാവീദുരാജാവു് ഈ സത്യത്തെ തൻെറ ഹൃദയത്തിൽ ആഴമായി പതിച്ചിരുന്നു എന്നതു നിസ്തർക്കമത്രേ. തൻെറ പുത്രനായ അബ്ശാലോമിൽനിന്നു് ഓടിഒളിക്കയിൽ, 'ബലിയേലിൻെറ മനുഷ്യാ' എന്നു വിളിച്ചുകൊണ്ടു തന്നെ കഠിനമായി അധിക്ഷേപിച്ച ശേമേയിയോടു് അദ്ദേഹം ക്ഷമിച്ചു. അതിനാൽ മത്സരബുദ്ധിയായ ആ പ്രജയുടെ കോപം വളരെ വർദ്ധിക്കുകയും അവൻ രാജാവിൻെറമേൽ കല്ലെറിയുകയും ചെയ്തു. ധിക്കാരിയായ ആ മനുഷ്യനെ ശിക്ഷിക്കുന്നതിനു രാജാവിൻെറ അനുവാദം ചോദിച്ചവരോടു് അദ്ദേഹം ശാന്തനായി പ്രതിവചിച്ചു:- "അവനെ വിട്ടേയ്ക്കുക. അവൻ ശപിച്ചുകൊള്ളട്ടെ. എന്തുകൊണ്ടെന്നാൽ, ദാവീദിനെ ശപിക്കുന്നതിനു കർത്താവു് അവനോടു് ആജ്ഞാപിച്ചിരിക്കുകയാണു്. അവിടുന്നു് എന്തിനാണു് അപ്രകാരം ചെയ്തതു് എന്നു ചോദിക്കാൻ ആരു തുനിയും!! പക്ഷെ കർത്താവു് എൻെറ ഞെരുക്കത്തെ കണ്ടു്, ഇന്നത്തെ ഈ ശാപത്തിനു പകരം എനിക്കു നന്മ ചെയ്യും" (2 Kings XVI, 10, 12).

ശേമേയിയുടെ ദോഷാരോപണങ്ങളിൽ ദൈവപരിപാലനയുടെ പൂർത്തീകരണമാണു ദാവീദു ദർശിച്ചതു്. ദൈവം നേരിട്ടല്ല അതു പ്രവർത്തിച്ചതെങ്കിലും മററുള്ളവർമൂലം ധീരോചിതമായ പുണ്യം അഭ്യസിക്കുന്നതിനുള്ള അവസരം വിശുദ്ധനായ ആ രാജാവിനു നല്കുന്നതിനു് അവിടുന്നു് അനുവദിച്ചു. നമുക്കിഷ്ടമില്ലാത്തവരിൽ ദൈവപരിപാലനയുടെ പ്രവൃത്തികളെ എപ്പോഴും ദർശിക്കുക വളരെ വിഷമമാണു്. എങ്കിലും മനുഷ്യഹൃദയത്തിൻെറ എല്ലാ ചലനങ്ങളേയും മുൻകൂട്ടിക്കണ്ടു്

അനുവദിക്കുന്നതും, മനുഷ്യരുടെ ഒരായിരം ഭിന്നസ്വഭാവങ്ങളെ നിയന്ത്രിക്കുന്നതും ദൈവകരമല്ലാതെ മററൊന്നുമല്ല. ദൈവത്തിൽനിന്നു യാതൊന്നും മറച്ചുവയ്ക്കുക സാധ്യമല്ല. മനുഷ്യരുടെ ആഭ്യന്തരവും ബാഹ്യവുമായ എല്ലാ പ്രവൃത്തികളും അവരുടെ ഹൃദയത്തിൻെറ രഹസ്യചലനങ്ങളുംപോലും അവിടുത്തേയ്ക്കു് ദൃശ്യങ്ങളാണു്. ആദത്തിൻെറ സന്താനങ്ങളുടെ തലമുടിപോലും ദൈവം എണ്ണിയിരിക്കുന്നുവെന്നു നമ്മുടെ കർത്താവു് ഈശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. എങ്കിൽ തൻെറ മക്കളുടെ ഭിന്നസ്വഭാവങ്ങൾ അവിടുത്തെ ദൃഷ്ടിയിൽ പെടാതിരിക്കയില്ലെന്നു് എത്രയോ ന്യായപൂർവ്വം നമുക്കു വിശ്വസിക്കാം. മനുഷ്യഹൃദയങ്ങളുടെ അന്തരാളങ്ങളെ ശോധന ചെയ്യുന്നതിനു ദൈവത്തിനു മാത്രമേ കഴിയൂ. പരസ്പരം കണ്ടുമുട്ടുമ്പോൾ ചില ആളുകൾക്കുണ്ടാകുന്ന വികാരങ്ങളെ തിരിച്ചറിയുന്നതും അവിടുന്നു മാത്രമാണു്. എങ്കിലും സ്വാഭാവികമായി അവർ പരസ്പരം അസഹ്യകാരണമാണെങ്കിലും, അവർ ഒരുമിച്ചു ജീവിക്കുന്നതിനു് അവിടുന്നു് അനുവദിക്കുന്നു; അല്ല കല്പിക്കുകകൂടി ചെയ്യുന്നു.

അതേ, തങ്ങളുടെ സഹിഷ്ണുതയാലും പരസ്പരസ്നേഹത്താലും വലിയ പുണ്യയോഗ്യതയും ഉന്നതമായ വിശുദ്ധിയും പ്രാപിക്കുന്നതിനുവേണ്ടിയാണു പരസ്പരവിരോധമുള്ള ആളുകൾ ഒരുമിച്ചു ജീവിക്കുന്നതിനു ദൈവം അനുവദിക്കുന്നതു്. അതിനാൽ, നാം വളരെയധികം ഇടപെടേണ്ടിവരുന്ന ആളുകൾ നമുക്കു് അനുയോജ്യമായ സ്വഭാവത്തോടുകൂടിയവരല്ലെന്നുള്ള വസ്തുത ദൈവത്തിനു നല്ലവണ്ണം അറിയാമെന്നു നാം വിശ്വസിക്കണം. ആദർശത്തെ സംബന്ധിച്ചിടത്തോളം നാം അഭിപ്രായയോജ്യതയുള്ളവരാണു്. എന്തുകൊണ്ടെന്നാൽ, ദൈവസേവനമാണു് ഇരുകക്ഷികളുടേയും ലക്ഷ്യം. എന്നാൽ അപ്രധാനമായ സംഗതികളിൽ നാം യോജിക്കുന്നില്ല; അവരുടെ പ്രമാണം നമ്മുടേതിനു വിരുദ്ധമാണു്; അവരുടെ സ്വഭാവം നമ്മുടേതിനോടു യോജിക്കുന്നില്ല; അവരുടെ വികാരങ്ങൾ നമ്മുടേ

തിനെ പ്രകോപിപ്പിക്കുന്നു; ഇവയെല്ലാം ദൈവപരിപാലനയ്ക്കു സുജ്ഞാതങ്ങളാണ്. എങ്കിലും അന്യോന്യം സഹനത്തിനു കാരണമായിക്കൊണ്ടു യോഗ്യത സമ്പാദിക്കേണ്ടതിനു നാം ഒരുമിച്ചു ജീവിക്കുവാൻ അവിടുന്ന് അനുവദിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ഭിന്നസ്വഭാവത്തോടും പ്രകൃതിയോടുംകൂടിയ ആളുകൾ ഒരേ ഭവനത്തിൽ വസിച്ചുകൊണ്ടു് ഒരേ ജോലി നിർവ്വഹിക്കണമെന്നുള്ളതു് ഒരു യാദൃശ്ചികസംഭവമോ, മനുഷ്യനിശ്ചയമോ അല്ല. അതിന്ന് ഇടവരുത്തുകയോ, അപ്രകാരം ചെയ്യണമെന്നു കല്പിക്കുകയോ ചെയ്തിരിക്കുന്നതു് ദൈവപരിപാലനയാണ്. ഈ സംഗതിയിൽ വിശിഷ്യ, സന്മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം, അതിലും പ്രത്യേകിച്ചു സന്യാസികളുടെ കാര്യത്തിൽ "ഭാഗ്യ"ത്തിനു യാതൊരു സ്ഥാനവുമില്ല.

അതിനാൽ, ഒരുപക്ഷെ അറിയാതെയും, നമ്മെ വിഷമിപ്പിക്കണമെന്ന ഉദ്ദേശ്യമില്ലാതെയും, നമ്മെ വളരെയധികം ഉപദ്രവിക്കുന്ന ആളുകൾ, നമ്മുടെ വിശുദ്ധീകരണത്തെ സഹായിക്കുവാൻ ദൈവപരിപാലനയാൽ നിയുക്തങ്ങളായ ഉപകരണങ്ങളാണെന്നു നാം പൂർണ്ണമായി വിശ്വസിക്കണം. വിദ്യുച്ഛക്തിപ്രവാഹം കണക്കെ നമ്മുടെ സിരകളെ ഇളക്കുന്നതും നമ്മുടെ വികാരങ്ങൾക്കു കടകവിരുദ്ധവുമായ അവരുടെ ചര്യകൾ, ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളോടു ശക്തിയായി ശുപാർശചെയ്യുകയും അവരിൽനിന്നു ന്യായമായി പ്രതീക്ഷിക്കുകയും ചെയ്യുന്ന പരിപൂർണ്ണമായ ആത്മനിയന്ത്രണത്തിൽനിന്നു നാം എത്രയോ വിദൂരത്തിലാണെന്നു സ്പഷ്ടമായി നമുക്കു കാണിച്ചുതരുന്നു. ആന്തരികമായിട്ടെങ്കിലും നമ്മെ മുറിപ്പെടുത്തുകയും അസഹ്യപ്പെടുത്തുകയും ചെയ്യുന്നതും, നിന്ദയായി നാം പരിഗണിക്കുന്നതുമായ അവരുടെ നിഷ്പക്ഷത യാകട്ടെ, രക്ഷകന്റെ അതിശയനീയമായ ശാന്തതയിൽനിന്നു നാം എത്രയോ പിന്നിലാണെന്നു സ്പഷ്ടമാക്കുന്നു; ദുരുദ്ദേശത്തോടുകൂടി പറയപ്പെടാത്തവയും അല്പം അവിവേകപരം മാത്ര

വുമായ വാക്കുകൾ, നമ്മുടെ ദൃഷ്ടിയിൽ നിന്ദാകരമായി ചമഞ്ഞു് നമ്മുടെ മൃദുലസ്വഭാവത്തെ ആഴമായി മുറിപ്പെടുത്തുകയും നമ്മുടെ ആത്മസമാധാനത്തെ ഭഞ്ജിച്ചു് അതിനെ നമ്മിൽ നിന്നു് അപഹരിക്കുകയും ചെയ്യുന്നു. പലകൊല്ലത്തെ സന്യാസജീവിതത്തിനുശേഷവും നമ്മുടെ ആത്മാവിൻെറ അടിത്തട്ടിൽ വളരെയധികം നിഗളവും, മനഃക്ഷോഭവും ഒളിഞ്ഞുകിടപ്പുണ്ടെന്നാണു് ഇവ ഓരോന്നും തെളിയിക്കുന്നതു്. നമ്മോടു സഹതാപമില്ലാത്തവർ ഈ വിധത്തിൽ നമ്മുടെ യഥാൎത്ഥാവസ്ഥ നമുക്കു മനസ്സിലാക്കിത്തരുന്നു. ഗ്രഹിക്കുന്നതിനു് ഏററം വിഷമമേറിയതു്– ആത്മജ്ഞാനം – നമ്മെ പഠിപ്പിക്കുന്നതിനും കാണിച്ചുതരുന്നതിനുമായിട്ടായിരിക്കാം ദൈവപരിപാലന അവരെ നമ്മോടൊരുമിച്ചു വസിപ്പിച്ചതു്.

ഒരപരാധത്തെ അതിൻെറ യാഥാൎത്ഥ്യത്തെക്കാൾ വളരെ നികൃഷ്ടമായി കരുതുന്നതിനു ക്ഷതമേററ സ്വസ്നേഹം ബുദ്ധിയെ പ്രേരിപ്പിക്കുന്നു. ഇതു നമ്മുടെ ഹൃദയത്തെ ദുഃഖിപ്പിക്കുകയും, അപരാധി നമ്മോടു പ്രവൎത്തിച്ചു എന്നു നമുക്കു തോന്നുന്നതുപോലെ അവനോടു പ്രവൎത്തിക്കുവാൻ നമ്മെ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവനോടു യാതൊരുവിധത്തിലും ഇടപെടാതിരിക്കുകയും മൗനമായി നിന്ദാപൂൎവ്വം വൎത്തിക്കുകയുമാണു്, പകരം വീട്ടുചെയ്യാനുള്ള ഏകവിധമെന്നു പൈശാചികമായ നിൎബ്ബന്ധത്തോടെ അതു തീരുമാനിക്കുന്നു. കുറേക്കൂടി മിതമായ മനുഷ്യവിവേകം, കഴിയുന്നിടത്തോളം അങ്ങനെയുള്ള ആളുകളിൽനിന്നു് അകന്നുമാറുവാനും, അനുഭാവം പ്രദൎശിപ്പിക്കുവാൻ നമുക്കു സാധിക്കാത്ത ഇക്കൂട്ടരൊന്നിച്ചു ജീവിക്കുന്നതിൽനിന്നു് ഒഴിവുതരണമെന്നു് അധികാരിയോടു് ആവശ്യപ്പെടുവാനും നമ്മെ പ്രേരിപ്പിക്കും. ഈ മുൻകരുതലിൽ നമ്മുടെ വിശുദ്ധ പിതാവു് നമ്മേ ഉപദേശിക്കുന്നതുതന്നെയാണു്, ക്രിസ്തീയ ഉപവി നമ്മോടാവശ്യപ്പെടുന്നതു്. "ഇതാ ഇവിടെ ഒരു വലിയ നിധി; അതു നഷ്ടപ്പെടുത്തരുതു്. മനഃപൂൎവ്വമല്ലാതെ നിന്നെ ഉപദ്രവിക്കുന്നവർ ജ്ഞാനസമ്പത്തു

ശേഖരിക്കുവാൻ സഹായിക്കുകയാണു ചെയ്യുന്നതു്. നിൻെറ ഹൃദയത്തേയും മനസ്സിനേയും ക്ഷോഭിപ്പിച്ചുകൊണ്ടു്, നിന്നെത്തന്നെ കൂടുതൽ നന്നായി അറിയുന്നതിനു് അവർ നിന്നെ സഹായിക്കുന്നു. എല്ലാ ദിവസവും എല്ലാ മണിക്കൂറിലും നിരവധിയായ നിസ്സാര ത്യാഗങ്ങൾ ദൈവത്തിനു സമർപ്പിക്കുവാനുള്ള സുവർണ്ണാവസരങ്ങൾ അവർ നിനക്കു പ്രദാനം ചെയ്യുന്നു.”

വിശുദ്ധ യോഹന്നാൻക്രൂസിൽനിന്നു നാം പഠിക്കുന്നതുപോലെ, മൗനമായി സഹിക്കാൻ അറിയുന്നതും മററുള്ളവരുടെ ജീവിതത്തിലെ വാക്കുകളും പ്രവൃത്തികളും പരിഗണിക്കാതിരിക്കുന്നതും വലിയ ജ്ഞാനമാണു്. ദൈവസ്നേഹത്തെപ്രതി ചെയ്യുന്ന ഓരോ പരിത്യാഗവും സഹനവും അത്ഭുതപ്രവൃത്തികളെക്കാൾ കൂടുതൽ യോഗ്യതയുള്ളതാണു്. അതിനാൽ, ഭിന്നസ്വഭാവക്കാരായ ആളുകളോടുകൂടി വസിക്കുന്നതു് നമ്മുടെ സ്വഭാവത്തോടു് അനുരൂപ്യമുള്ളവരോടുകൂടി വസിക്കുന്നതിനെക്കാൾ പുണ്യവർദ്ധനവിനു കൂടുതൽ സഹായിക്കുന്നു.

ഇത്തരക്കാരോടു് ഇടപെടേണ്ടിവരുമ്പോൾ നമ്മുടെ ഹൃദയത്തിനു കയ്പും, മനസ്സിനു് അസ്വസ്ഥതയും ഉണ്ടാക്കുന്ന ചില അസുഖങ്ങൾ നമുക്കു പലപ്പോഴും അനുഭവപ്പെടും. എന്തുകൊണ്ടെന്നാൽ, അവർ നമ്മിലുള്ള നീചമായ വികാരങ്ങളെപ്പോലും ഇളക്കിവിടുന്നു. അവയെ ശരിയായി വിനിയോഗിക്കുവാൻ നമുക്കറിയാമെങ്കിൽ — അതായതു്, നമ്മേ എളിമപ്പെടുത്തുവാനും, പ്രാർത്ഥിക്കുവാനും, യോഗ്യത സമ്പാദിക്കുവാനും നമുക്കറിയാമെങ്കിൽ — നമ്മുടെ ജീവിതത്തിലെ ഏററം സുവർണ്ണാവസരങ്ങളെ അവ നമുക്കു പ്രദാനം ചെയ്യും. നമ്മുടെ മനസ്സിനെ വിഷയമാക്കി, ഹൃദയത്തിൽ കയ്പുനിറച്ചു നമ്മെത്തന്നെ ആപത്തിലാക്കുന്ന സ്നേഹശൂന്യമായ വികാരങ്ങൾക്കു് ഇടം കൊടുക്കാതെ, ക്രൂശിതരൂപത്തിൻമുമ്പാകെ മുട്ടുകുത്തി ഹൃദയസമാധാനം വീണ്ടും പ്രാപിക്കുന്നതുവരെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഹൃദയത്തിൻെറയും മനസ്സിൻെറയും വലിയ കലക്ക
33 ങ്ങൾക്കിടയിൽ മനസ്സമാധാനം പാലിക്കുന്നതിനുള്ള എളുപ്പ

വഴിയാണിതു്. ഒരു ശുദ്ധമനസ്സാക്ഷിയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വീക്ഷിക്കുകയും, ഒരു നിസ്സാര സംഗതിമൂലം വളരെയധികം ക്ഷോഭിക്കുന്ന നമ്മുടെ ഹൃദയത്തെ നാം സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്യുമെങ്കിൽ സ്വാത്ഥ്യം കേവലം അണുമാത്രമായിട്ടേ പ്രത്യക്ഷപ്പെടുകയുള്ളു. ഇങ്ങനെയല്ലെങ്കിൽ നമ്മുടെ എളിമപ്രകരണങ്ങഠം നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നാണോ നിർഗ്ഗമിക്കുന്നതു്!, പ്രാത്ഥനയ്ക്കായി ചെലവഴിക്കുന്ന അല്പനിമിഷങ്ങഠംകൊണ്ടു് എത്രമാത്രം ആത്മജ്ഞാനവും യോഗ്യതയുമാണു നാം സമ്പാദിക്കുന്നതു്. അപ്പോഠം നമുക്കു മനസ്സമാധാനം വേഗത്തിൽ ലബ്ധമാകുകയും നവജീവനോടു കൂടി പ്രവത്തിക്കുന്നതിനു ശക്തി ലഭിക്കുകയും ചെയ്യുന്നു. ഈ വിധത്തിലുള്ള ഏതാനും നിമിഷങ്ങഠം, ജ്ഞാനവായനയിലും തപസ്സിലും ചെലവഴിക്കുന്ന അനേക മാസങ്ങളെക്കാഠം കൂടുതൽ പ്രയോജനകരവുമാണു്.

നമ്മോടനുഭാവമില്ലാത്ത ആളുകളോടാണു് ഈ മഹാ അനുഗ്രഹത്തിനായി നാം കടപ്പെട്ടിരിക്കുന്നതു് എന്നുള്ള വസ്തുത നാം ഒരിക്കലും വിസ്മരിക്കരുതു്. നമ്മെ സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യുന്നവരുടെ സഹവാസം ഒരിക്കലും ഇത്രയും പ്രയോജനകരമായിരിക്കുകയില്ല. നമ്മെ സന്തോഷിപ്പിക്കുന്നതിനും, തൃപ്തിപ്പെടുത്തുന്നതിനും ശ്രമിച്ചവരോടെന്നതിനെക്കാഠം, നമുക്കു സഹനത്തിനു കാരണമായിരുന്നവരോടാണു് നാം കൂടുതൽ കടപ്പെട്ടിരിക്കുന്നതെന്നു് അവസാന വിധിദിവസത്തിൽ നമുക്കു മനസ്സിലാകും.

എന്നാൽ മററുള്ളവരെ പുണ്യപ്പെടുത്തുവാൻ വേണ്ടി അവക്കു് സഹനത്തിനുള്ള ഉപകരണമായിത്തീരാൻ ആരും ആഗ്രഹിക്കരുതു്. യാതൊരുകാരണവശാലും മററുള്ളവരുടെ പീഡകഠം ഒരുവനു് സന്തോഷകാരണമാകാതിരിക്കട്ടേ. വിശിഷ്യ അവയ്ക്കു ഹേതുഭൂതനാകുന്നതിനു് അവൻ ആഗ്രഹിക്കയുമരുതു്. അത്യഗാധമായ അപകൃഷ്ടതയും അത്യുന്നതമായ നാഗരികത്വവും സംയോജിച്ച പുരാതന റോമിൽ, ഉന്നതസ്ഥാ

നികളായ മഹതീമഹാന്മാരും, പൗരപ്രധാനികളും, മനുഷ്യരെ പീഡിപ്പിക്കുന്നതു കാണുന്നതിൽ ആത്മാൎത്ഥമായ സന്തോഷം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഗിരിപ്രഭാഷണം മുതൽ ആരംഭിച്ച സ്നേഹത്തിൻെറ പ്രമാണം ലോകത്തിനു നല്കപ്പെട്ടതിനു ശേഷവും, ക്രിസ്തുവിൻെറ കാലടികളെ അനവധി വിശുദ്ധാത്മാക്കൾ പിൻചെന്നുകൊണ്ടിരുന്നിട്ടും അവിശ്വാസികൾപോലും ഉപവിയേയും ശാന്തതയേയുംപററിയുള്ള സുവിശേഷപാഠങ്ങളാൽ ആകർഷിക്കപ്പെട്ടുന്ന ഇക്കാലത്തു്, മനുഷ്യർ അഥവാ മൃഗങ്ങൾപോലും പീഡകൾ സഹിക്കുന്നതു കാണുന്നതിൽ എപ്രകാരം സന്തോഷിക്കാൻ ഒരു ക്രൈസ്തവനു കഴിയുമെന്നതു് അഗ്രാഹ്യമത്രേ.

എന്നാൽ, കുരിശിൻെറ തണലിൽ ജീവിക്കുന്നവരുടെ ഇടയിൽപ്പോലും, പീഡകളെ, വിശിഷ്യ, ആദ്ധ്യാത്മികപീഡകളെ കാണുന്നതിലും അവയ്ക്കു ഹേതുഭൂതരായിത്തീരുന്നതിലും രഹസ്യമായ ഒരു സന്തോഷം അനുഭവപ്പെടുന്ന ചില ആളുകൾ ഉണ്ടെന്നുള്ളതു് ഒരു യാഥാൎത്ഥ്യം മാത്രമാണു്. നല്ലവരെന്നു ഗണിക്കപ്പെട്ടിരിക്കുന്നവരുടെ അധരങ്ങളിൽനിന്നുപോലും 'അവനെ ആക്ഷേപിക്കുന്നതിൽ ഞാൻ ഇഷ്ടപ്പെടുന്നു' എന്ന വാക്കുകൾ പലപ്പോഴും പുറപ്പെടാറുണ്ടു്. ഇപ്രകാരമുള്ളവൻ തൻെറ ഹൃദയത്തിലോ മനസ്സിലോ അഥവാ രണ്ടിലുമോ, രോഗബാധിതനാണു്. പീഡകൾ സഹിക്കുന്നവർ ആരുതന്നെ ആയാലും, അവരുടെ പീഡയിൽ സന്തോഷിക്കുന്ന ഒരുവൻെറ ഹൃദയം സുവിശേഷനിയമാനുസരണം രൂപവൽകൃതമല്ല. എന്തുകൊണ്ടെന്നാൽ, "ഓ! എൻെറ ദൈവമേ, എൻെറ സഹോദരങ്ങളെ പീഡിപ്പിക്കുന്നതിൽ ഇന്നു ഞാൻ അനുഭവിച്ച സന്തോഷം അങ്ങേയ്ക്കു സമൎപ്പിക്കുന്നു" എന്നു പറയത്തക്കവണ്ണം അത്ര പുണ്യപരമായി അതിനെ ആരും പരിഗണിക്കുന്നില്ല.

സംഗതികൾ ഇപ്രകാരമാകയാൽ പരസ്പരമുളവാകുന്ന ഉപദ്രവങ്ങൾ നാം ക്ഷമാപൂൎവ്വം സഹിക്കണമെന്നാണു് ദൈവപരിപാലനയുടെ നിശ്ചയം. എന്തുകൊണ്ടെന്നാൽ, ഘാതക

ന്മാർ ഇല്ലാതെ രക്തസാക്ഷികൾ ഉണ്ടാകുക സാദ്ധ്യമല്ല. ഈ അത്ഥത്തിൽ സ്വൎഗ്ഗത്തിൽ അനുഭവിക്കുന്ന അനന്തമഹിമയ്ക്കായി രക്തസാക്ഷികൾ തങ്ങളുടെ ഘാതകന്മാരോടാണു് കടപ്പെട്ടിരിക്കുന്നതു്. ആത്മാവിന്റെ രക്തസാക്ഷിത്വത്തിൽ ദൈവത്തിനുള്ള പ്രീതി, ശാരീരികരക്തസാക്ഷിത്വത്തെക്കാൾ ഒട്ടും കുറവല്ല. അതിനാൽ, ആത്മാവിനേയും, മനസ്സിനേയും പീഡിപ്പിക്കുന്നതിനു് ആരെങ്കിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. ഇതരന്മാക്കു് എത്ര പ്രയോജനകരമായിരുന്നാലും അവരുടെ ഹൃദയത്തിന്റേയും മനസ്സിന്റേയും ഘാതകന്മാരാകുന്നതിനു യാതൊരുത്തനും നിശ്ചയമായും ആഗ്രഹിക്കുന്നില്ല. മററുള്ളവക്കു യോഗ്യതാസമ്പാദനത്തിനുള്ള അവസരങ്ങൾ നാം അറിയാതെതന്നെ പലപ്പോഴും കൊടുത്തിട്ടുണ്ടായിരിക്കാമെങ്കിലും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ദുഃഖങ്ങളാൽ വിശുദ്ധീകരിക്കുന്നതിനു നമ്മെ ഉപകരണങ്ങളായി ഉപയോഗിക്കരുതെന്നു ദൈവത്തോടു നമുക്കു യാചിക്കാം. ആത്മാക്കളെ സ്നേഹത്താൽ ദൈവത്തിങ്കലേയ്ക്കു് അടുപ്പിക്കുന്ന 'നല്ല മാലാഖായുടെ' ഉദ്യോഗം എത്രയോ കൂടുതൽ സഹതാപജന്യമാണു്! ഒരു സഹോദരന്റെ പീഡകൻ എന്ന ഉദ്യോഗം നാം ഒരിക്കലും നിവ്വഹിക്കരുതെങ്കിലും, നമ്മെ വിശുദ്ധീകരിച്ചു സ്വൎഗ്ഗത്തിനു് അർഹരാക്കിത്തീക്കുവാൻവേണ്ടി നമ്മോടുകൂടി വസിക്കുന്നതിനു് ദൈവത്താൽ നിയുക്തരായ വിവിധ സ്വഭാവക്കാരോടു് നാം സ്നേഹപൂവ്വം സഹകരിക്കുക മാത്രമല്ല അവരോടു നാം കൃതജ്ഞരായിരിക്കുകകൂടി വേണം. സന്യാസികളുടെ ഇടയിൽ എപ്പോഴും സംഭവിക്കുന്നതുപോലെ പീഡിപ്പിക്കുന്നവർ അതു് അറിയാതെ ചെയ്യുമ്പോൾ മുൻപ്രസ്താവിച്ചതുപോലെ പ്രവൎത്തിക്കുവാൻ നാം കൂടുതൽ താല്പര്യപ്പെടണം. ഇപ്രകാരം ചെയ്യുമ്പോൾ വലിയ ധീരതയോടും ഉന്നതാദൎശങ്ങളോടുംകൂടി പീഡകൾ സഹിക്കുന്നവരോടൊപ്പം യോഗ്യത അവയ്ക്കു ഹേതുഭൂതരാകുന്നവക്കും ലഭ്യമാകുന്നു.

സ്തുതിയും പ്രശംസയും വെറുക്കുകയും എന്നാൽ തങ്ങളെ

ഏററം കൂടുതൽ പീഡിപ്പിച്ചവരോട്ട് വളരെ കൃതജ്ഞരായിരിക്കുകയും ചെയ്ത വിശുദ്ധാത്മാക്കളുടെ, അസാധാരണവും ലോകത്തിന്ന് അഗ്രാഹ്യവുമായ മനോഭാവത്തിൻെറ കാരണം ഇതാണ്. അതിനാൽ 'ഏഴു മന്ദിരങ്ങൾ' എന്ന തൻെറ ഗ്രന്ഥത്തിൽ വി. അമ്മത്രേസ്യാ പ്രസ്താവിച്ചിരിക്കുന്ന, താഴെപ്പറയുന്ന സംഗതികളെക്കുറിച്ച്, നാം അത്ഭുതപ്പെടേണ്ട ആവശ്യമില്ല. "പീഡിപ്പിക്കപ്പെടുമ്പോൾ ഇക്കൂട്ടർ ഉപരിയായ ആന്തരീകാനന്ദം അനുഭവിക്കുന്നു. ഈ സാഹചര്യങ്ങളിൽ മുമ്പിലത്തെക്കാൾ കൂടുതലായ സമാധാനത്താൽ അവർ പൂരിതരാകുകയും ചെയ്യുന്നു. തങ്ങളുടെ പീഡകരോട്ട് അവൎക്ക് യാതൊരു വിരോധവും ഇല്ല. അവൎക്കു തിന്മവരണമെന്ന് ആഗ്രഹിക്കുന്നുമില്ല. പ്രത്യുത അവൎക്കു തങ്ങളുടെ ഉപദ്രവകാരികളോടു വലിയ സ്നേഹമാണ്. താദൃശമായ അനൎത്ഥങ്ങൾ നേരിടുന്നതിൽ അവർ ഹൃദയപൂൎവ്വം ദുഃഖിക്കുന്നു. അവൎക്കുവേണ്ടി ദൈവത്തോടു ഹൃദയപൂൎവ്വം മാദ്ധ്യസ്ഥം അപേക്ഷിക്കുകയും തങ്ങൾക്കു കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കുകയും ചെയ്യുന്നു. ദൈവത്തെ ഉപദ്രവിക്കുന്നതിൽനിന്ന് അവരെ തടയുവാൻവേണ്ടി തങ്ങൾക്കു ലഭിച്ചിരിക്കുന്ന ആ വിശേഷ ദൈവവരങ്ങളെ തങ്ങളുടെ പീഡകൎക്കായി കൊടുത്തുകളയുന്നതിനും ഇക്കൂട്ടൎക്ക് സന്തോഷമാണുള്ളതു്. (Mansion. 7. Ch. III)

വി. യോഹന്നാൻക്രൂസ് ആശ്രമജീവിതത്തെ ദൎശിക്കുന്ന അത്യുന്നതമായ വീക്ഷണകോണമാണിതു്. അതിനാൽ, സന്യാസജീവിതത്തെ അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു. "ഇതിനുവേണ്ടിയല്ലായിരുന്നെങ്കിൽ ആശ്രമത്തിൽ പ്രവേശിക്കുവാൻ വേറെ കാരണം ഒന്നും ഇല്ലായിരുന്നു. യഥാൎത്ഥത്തിൽ ലോകത്തിൽ ജീവിച്ച് അതിൻെറ ആശ്വാസങ്ങളും ബഹുമാനവും കീൎത്തിയും തേടിക്കൊണ്ട് പൂൎണ്ണസ്വാതന്ത്ര്യത്തിൽ ജീവിക്കുകയായിരുന്നു ഉത്തമം.

ഈ വിധത്തിൽ വിചിന്തനം ചെയ്യുമ്പോൾ സന്യാസജീവിതവും മനുഷ്യരും അവരുടെ പോരായ്മകളുമെല്ലാം വിശ

ദീകരിക്കപ്പെടുകയും ചെയ്യും. അപ്പോ൦ അനുദിനജീവിതം, അഗണ്യമായ അതിൻെറ നിസ്സാരസംഗതികഠംക്കുടെയും, അനന്തയോഗ്യതകളുടെ ഒരു ഖനിയായി പരിണമിക്കും. മററുള്ളവരിൽ കണ്ടിരുന്നതും അസഹ്യമെന്നു തോന്നിയിരുന്നതുമായ ന്യൂനതകഠം ധീരമായ പുണ്യം അഭ്യസിക്കുന്നതിനുള്ള സുവൎണ്ണാവസരങ്ങളായി പരിണമിച്ചുകൊള്ളും. വിനീതവും സാധാരണവുമായ ജീവിതപരിധിയിൽപ്പോലും നമ്മുടെ വി. പിതാവു പറയുന്നതുപോലെ, “ഓരോ സംഗതികളും ഒരുവനു് ആദായകരമായി ഭവിക്കാതിരിക്കയില്ല.” തൻെറ പാവനാത്മാവു് സ്വൎഗ്ഗീയകിരീടം വേഗത്തിൽ പ്രാപിക്കുന്നതിനായി തന്നെ കൊല്ലുന്നതിനു രക്തസാക്ഷിയായ വി. ഇഗ്നേഷ്യസ് വന്യമൃഗങ്ങളെ പ്രേരിപ്പിച്ചു. തങ്ങളുടെ ആത്മനാഥനായ ക്രിസ്തുവിൽനിന്നു തങ്ങളുടെ സുന്ദരാത്മാക്കളെ തടഞ്ഞുനിറുത്തിയിരുന്ന ബന്ധനത്തെ ഛേദിക്കുവാൻ നിയുക്തനായിരുന്ന ഘാതകൻെറ കരങ്ങളെ അബലകളായ ക്രിസ്തീയ വനിതകഠം സ്വാഗതം ചെയ്തു. അവരുടെ മാതൃകയനുസരിച്ചു്, നമ്മോടൊന്നിച്ചു ജീവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഭിന്നപ്രകൃതികഠം യോഗ്യതാസമ്പാദനത്തിനുള്ള നിരവധി അവസരങ്ങഠം നമുക്കു പ്രദാനം ചെയ്യുന്നു എന്നും അനുസ്മരിച്ചുകൊണ്ടു ദൈവചിത്തത്തിനു കീഴ്വഴങ്ങി, സന്തോഷത്തോടുകൂടി അവയെ നമുക്കു സഹിക്കാം.

മനഃപൂൎവ്വമോ അല്ലാതെയോ തന്നെ പീഡിപ്പിക്കുന്നവരുടെകൂടെ തൻെറ ഹൃദയത്തെ സംതൃപ്തവും, സ്നേഹപൂരിതവും, ക്ഷമാപൂൎണ്ണവുമായി വളരെ വൎഷത്തേയ്ക്കു പരിരക്ഷിക്കുന്ന ഒരുവനു ദൈവസന്നിധിയിലുള്ള യോഗ്യത, ഘാതകനു തൻെറ കഴുത്തു കുനിച്ചുകൊടുക്കുന്ന, ഒരു രക്തസാക്ഷിക്കുള്ളതിനെക്കാഠം ഒട്ടും കുറവല്ല. ആദ്യത്തേതു ഹൃദയത്തിൻേറയും മനസ്സിൻേറയും ദീൎഘമായ ഒരു രക്തസാക്ഷിത്വമാണു്. സന്യാസവാഗ്ദാനങ്ങഠംമൂലം ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരെല്ലാം ഈ വിധത്തിലുള്ള രക്തസാക്ഷിത്വത്തിനു തയ്യാറായിരിക്കണം. ഇക്കാരണത്താൽ ദീൎഘമായ ഒരു രക്തസാക്ഷിത്വമായിട്ടാണു്

സന്യാസജീവിതത്തെ പരിഗണിക്കേണ്ടതു്. പലപ്പോഴും നമ്മുടെ ലക്ഷ്യംതന്നെ ഉള്ള ആളുകളാണു നമ്മെ കൂടുതലായി പീഡിപ്പിക്കുന്നതു്. ഇതാണു നമ്മുടെ പിതാവു വി. യോഹന്നാൻ ക്രൂസിന്റെ യഥാർത്ഥാരൂപി. ആരെങ്കിലും ഇതിനെപ്പററി സംശയിക്കുന്നു എങ്കിൽ അവർ വീണ്ടും വിശുദ്ധന്റെ മുൻകുറുതലുകൾ വായിച്ചു് അവയെപ്പററി ധ്യാനിക്കട്ടെ. ഈ അരൂപി മനസ്സിലാക്കി അതു് അഭ്യസിക്കാത്തവർ സന്യാസജീവിതത്തെ മനസ്സിലാക്കുന്നേയില്ല. പുണ്യം സമ്പാദിക്കുവാനും ഹൃദയത്തിന്റേയും മനസ്സിന്റേയും സമാധാനം പാലിക്കുവാനും ഉപവിക്കു വിരുദ്ധമായ പലേ തെററുകളേയും വിട്ടകലുവാനും അവനു സാധിക്കയുമില്ല. “ഇതു നീ അനുസരിക്കുന്നില്ലെങ്കിൽ നിന്റെ ജഡികേച്ഛകളേയും വികാരങ്ങളേയും ജയിക്കുവാനും ആശ്രമത്തിൽ ഇതരസന്യാസികളൊന്നിച്ചു് വേണ്ടവിധത്തിൽ ജീവിക്കുവാനും മനഃസമാധാനം പ്രാപിക്കുവാനും പലേ വിഘ്നങ്ങളിൽനിന്നും, തിന്മകളിൽനിന്നും പിന്മാറുവാനും നിനക്കു സാധിക്കയില്ല.” നമ്മുടെ വിശുദ്ധ പിതാവിന്റെ ഈ വാക്കുകളെക്കുറിച്ചു ഗാഢമായി നമുക്കു ചിന്തിക്കാം. അവയെ പ്രായോഗികമാക്കുവാൻ നമുക്കു നിരന്തരം പരിശ്രമിക്കുകയും ചെയ്യാം. എന്നാൽ പിശാചോ ജഡികേച്ഛകളോ നമ്മുടെ ഹൃദയത്തിന്റെ മധുരമായ സമാധാനത്തെ ഒരിക്കലും ഭഞ്ജിക്കുകയില്ല.

# അദ്ധ്യായം 18.

## എട്ടാമത്തേ നിർദ്ദേശം.

### ശരീരത്തിനെതിരായ രണ്ടാമത്തേ മുൻകരുതൽ.

"ദൈവശുശ്രൂഷയെ സംബന്ധിക്കുന്ന യാതൊരു പ്രവൃത്തിയിലും ഐന്ദ്രികമായ സന്തോഷം കണ്ടെത്തായ്കയാൽ അതുപേക്ഷിച്ചുകളയരുതു്. അതുപോലെതന്നെ പ്രവൃത്തികളിൽ നിന്നുളവാകുന്ന സന്തോഷത്തെപ്രതി അവ ചെയ്യുകയുമരുതു്. ഇതനുസരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ നിൻെറ ബലഹീനതയെ ജയിക്കുന്നതിനും സ്ഥിരത പ്രാപിക്കുന്നതിനും നിനക്കു ഒരിക്കലും സാധിക്കയില്ല" എന്നാണു് ശരീരത്തിനെതിരായ രണ്ടാമത്തേ മുൻകരുതലിൽ വി. യോഹന്നാൻക്രൂസ് ഉപദേശിക്കുന്നതു്.

മനുഷ്യൻെറ ഒരു സ്വതന്ത്രപ്രവൃത്തിയുടെ മാററുകൂട്ടുന്നതും അതിനെ സമ്മാനാർഹമോ, ശിക്ഷാർഹമോ ആക്കിത്തീർക്കുന്നതും അതിൻെറ ഉദ്ദേശ്യം അഥവാ ലക്ഷ്യമാണു്. ഈ ഉദ്ദേശ്യങ്ങളെ സന്തോഷവും കടമയും എന്നു രണ്ടായി തരംതിരിക്കാം. ഒന്നുകിൽ പ്രവൃത്തിയിൽനിന്നു് ഉളവാകുന്ന സന്തോഷത്തെപ്രതിയോ അഥവാ മനസ്സാക്ഷിയുടെ കടമ നിർവ്വഹിക്കുന്നതിനു വേണ്ടിയോ അല്ലാതെ പൂർണ്ണഅറിവോടുകൂടി ഒരു പ്രവൃത്തിയും നാം ചെയ്യുന്നില്ല. സന്തോഷം അധമലക്ഷ്യവും, കടമ ഉത്തമലക്ഷ്യവുമാണു്. സന്തോഷം പ്രകൃത്യാ മോശമല്ല. ആത്മീയവും ശാരീരികവുമായ എല്ലാ പ്രവൃത്തികൾക്കും വിശിഷ്യാ, മനുഷ്യസമുദായത്തിനോ, വ്യക്തിഗതമായ ജീവിതത്തിനോ, കൂടുതൽ ആവശ്യമായിരിക്കുന്ന പ്രവൃത്തികൾക്കും ഒരു പ്രേരകമായി ദൈവംതന്നെ ഇതു മനുഷ്യഹൃദയങ്ങളിൽ അങ്കുരിപ്പിച്ചിരിക്കുന്നു. തൻെറ കടമ നിർവ്വഹിക്കുന്നതിൽ മനുഷ്യൻ വിമുഖത പ്രദർശിപ്പിക്കാതിരിക്കാൻ

വേണ്ടിയാണ് അനന്തജ്ഞാനമായ ദൈവപരിപാലന ഈ സന്തോഷം മനുഷ്യനു പ്രദാനം ചെയ്തിരിക്കുന്നതു്.

എന്നാൽ ദൈവനിർദ്ദേശമനുസരിച്ചു സന്തോഷം നമ്മുടെ ലക്ഷ്യമല്ല; പ്രത്യുത, ഒരു മാർഗ്ഗവും ഒരു പ്രേരണാശക്തിയുമാണ്. അതിനാൽ ഒരു പ്രവൃത്തിയിൽ നിന്നുളവാകുന്ന സന്തോഷംമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവൻ ഏറെക്കുറെ ക്രമരഹിതമായി പ്രവർത്തിക്കുന്നു. ക്രമരാഹിത്യം ഉടനടിയോ, താമസിച്ചോ, പ്രവർത്തകൻെറ നാശത്തിനു കാരണമായിത്തീരുന്നതിനാൽ സന്തോഷത്തെ തങ്ങളുടെ പ്രവൃത്തികളുടെ മുഖ്യോദ്ദേശ്യമായി കരുതുന്നവർക്കു സാധാരണമായി അതു് ഉപദ്രവകരമായേ പരിണമിക്കൂ.

സന്തോഷപ്രദമായതുകൊണ്ടുമാത്രം എന്തെങ്കിലും പ്രവർത്തിക്കുക എന്നതു തീരെ മോശമായ ഒരു പ്രവർത്തനരീതിയാണ്. ബുദ്ധിശക്തിയില്ലാത്ത മൃഗങ്ങൾക്കു് അവയുടെ പ്രവൃത്തികളിൽ ജന്മവാസനയും, സന്തോഷവുമല്ലാതെ വേറെ യാതൊരു ലക്ഷ്യവുമില്ല. കൂടാതെ, ഇപ്രകാരമുള്ള വർത്തനരീതി അപകടകരവുമാണ്. എന്തുകൊണ്ടെന്നാൽ, ഇപ്രകാരം അതൃപ്തി വരുത്തുന്ന സന്തോഷം മനുഷ്യമനസ്സിനെ ബലഹീനമാക്കുകയും, മനുഷ്യബുദ്ധിയെ മന്ദീഭവിപ്പിക്കുകയും അവനെ അധഃപതിപ്പിച്ചു് അടിമയാക്കുകയും ചെയ്യുന്ന സ്വഭാവദൌർബ്ബല്യത്തെ ഉൽഭൂതമാക്കുന്നു. സോളമൻെറ ജീവിതംതന്നെ ഇതിനു് ഉത്തമോദാഹരണമാണ്. തൻെറ ഹൃദയം ആഗ്രഹിച്ചതോ, തൻെറ കണ്ണുകൾ അത്യാശാപൂർവ്വം അഭിലഷിച്ചതോ ആയ, ഒന്നും തനിക്കു നല്കരുതെന്നു് അദ്ദേഹം ദൈവത്തോടു മുട്ടിപ്പായി യാചിച്ചു. ദൈവം അദ്ദേഹത്തിൻെറ പ്രാർത്ഥന കേൾക്കുകയും, അദ്ദേഹത്തിൻെറ ഹൃദയത്തെ ധാരാളമായ ജ്ഞാനത്താലും, വിവേകത്താലും പൂരിപ്പിക്കുകയും, സുലഭമായ സമ്പത്തും മഹത്വവും അദ്ദേഹത്തിനു പ്രദാനം ചെയ്യുകയും ചെയ്തു. എന്നാൽ അയാളുടെ കണ്ണുകൾ അഭിലഷിച്ചതും
34 ഹൃദയം ആഗ്രഹിച്ചതുമായവയെ പരിത്യജിക്കുവാൻ അദ്ദേഹം

ശക്തനായില്ല. അതിനാൽ അതുല്യമായ ജ്ഞാനവും, വലിയ വിവേകവും ഉണ്ടായിരുന്നെങ്കിലും താമസംവിനാ, അദ്ദേഹം ഏററം നികൃഷ്ടമായ പാപത്തിൽ നിപതിക്കുവാനിടയായി. ഇസ്രായേൽക്കാരുടെ ദൈവത്തിനു് ഏററം ശ്രേഷ്ഠമായ ഒരു ബ്രഹ്മാണ്ഡദൈവാലയം പണികഴിപ്പിച്ച അദ്ദേഹം, അജ്ഞാനദേവന്മാക്കു ക്ഷേത്രങ്ങറം പണിയിക്കുകയും അവരെ ആരാധിക്കുകയും ചെയ്തു.

തങ്ങളുടെ ഹിതാനുസരണം പ്രവത്തിക്കുവാൻ അനുവദിക്കുക എന്നതാണു് മനുഷ്യനും മനുഷ്യസമുദായത്തിനും ദൈവം അയക്കുന്ന ഏററം കഠിന ശിക്ഷ. ഇപ്രകാരമാണു പ്രാചീനകാലത്തെ അവിശ്വാസത്തെ ദൈവം ശിക്ഷിച്ചതു്. വി. പൗലോസു പറയുന്നു: "അതിനാൽ അവർ തങ്ങളുടെ ശരീരങ്ങളിൽ തങ്ങളെത്തന്നെ അവമാനിക്കേണ്ടതിനു് അവരുടെ ഹൃദയത്തിൻെറ അശുദ്ധങ്ങളായ ആശകറംക്കു ദൈവം അവരെ കൈവിട്ടു". ഇപ്രകാരംതന്നെയാണു് ദൈവം തൻെറ തെരഞ്ഞെടുക്കപ്പെട്ടവരേയും ശിക്ഷിച്ചതു്. "എൻെറ ജനങ്ങറം എൻെറ സ്വരത്തെ ശ്രവിച്ചില്ല. ഇസ്രായേൽ എന്നെ ചെവിക്കൊണ്ടുമില്ല. അതുകൊണ്ടു് അവരുടെ ഹൃദയാഭിലാഷങ്ങറംക്കു ഞാൻ അവരെ ഉപേക്ഷിച്ചുകളഞ്ഞു. അവരുടെ ഇഷ്ടാനുസരണം അവർ വ്യാപരിക്കും" (Ps. LXXX 12, 13). പ്രവൃത്തികളിലുള്ള സന്തോഷം വലിയ തിന്മയ്ക്കു ഹേതുവാകയാൽ, നമ്മുടെ പ്രവൃത്തികളിൽ നാം എങ്ങനെ വ്യാപരിക്കണം എന്നറിയേണ്ടതു സവ്വപ്രധാനമാണു്. ഇമ്പകരമായവയോടു നമുക്കുള്ള സ്വാഭാവികപക്ഷത്തെ ക്രമീകരിക്കുന്നതിനാണു വിശുദ്ധൻ ഈ നിദ്ദേശം നമുക്കു നല്കുന്നതു്. നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെ തീരെ പരിഗണിക്കേണ്ട; ഒരു പ്രവൃത്തി നമുക്കു് എത്ര അനിഷ്ടകരമായിരുന്നാലും അതു ദൈവശുശ്രൂഷാപരമാണെങ്കിൽ ഒരിക്കലും അതിനെ ഉപേക്ഷിക്കരുതു്. അതുപോലെ തന്നെ ഒരു പ്രവൃത്തിയിലുള്ള സന്തോഷത്തെപ്രതിമാത്രം ഒന്നും പ്രവത്തിക്കയുമരുതു്. സന്തോഷത്തെപ്രതിമാത്രം പ്രവത്തിക്കു

ന്നതു് മനഃസാക്ഷിയുടെ നിർദ്ദേശങ്ങളാൽ നയിക്കപ്പെടേണ്ട മനുഷ്യനു യോജിച്ചതല്ല. സ്വാഭാവികവാസനയും സന്തോഷവുമല്ലാതെ മൃഗങ്ങൾക്കു വേറെ പ്രവർത്തനലക്ഷ്യമൊന്നുമില്ലാത്തതിനാൽ, സന്തോഷത്തെമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മനുഷ്യനെ മൃഗത്തോടു സകാരണം ഉപമിച്ചിരിക്കുന്നു. അതിനാൽ, "തങ്ങൾക്കു് അജ്ഞാതമായിരിക്കുന്നവയെ എല്ലാം ദൂഷിക്കുകയും തങ്ങൾക്കു സ്വാഭാവികമായി അറിയാവുന്നവയെ മൃഗങ്ങളെപ്പോലെ പ്രവർത്തിക്കുകയും, തദ്വാരാ, വഷളന്മാരായിരിക്കുകയും" ചെയ്യുന്ന ആളുകളിൽനിന്നു സൂക്ഷിച്ചു് ഒഴിഞ്ഞുകൊള്ളുവാൻ പരിശുദ്ധാരൂപി നമ്മെ ഗുണദോഷിക്കുന്നു. വി. പൗലോസും ഇതുതന്നെ പഠിപ്പിക്കുന്നുണ്ടു്. "മൃഗീയമനുഷ്യൻ ആത്മീയമായവ കൈക്കൊള്ളുന്നില്ല. അവ അവനു ഭോഷത്വമാകുന്നു" (I Cor. 11, 14)

തങ്ങളുടെ പ്രവൃത്തികളുടെ മുഖ്യലാക്കു് സന്തോഷമാക്കുന്നവർ വേഗത്തിൽ നിന്ദ്യമായ ഈ ആത്മമൗഢ്യത്തിൽ നിപതിക്കും. ഈ തത്വത്തെ വി. യോഹന്നാൻക്രൂസ് പരിപൂർണ്ണമായി വിശദീകരിച്ചിട്ടുണ്ടു്. നമ്മുടെ പ്രവൃത്തികളുടെ നിർവ്വഹണത്തിലോ സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ പൊതുവെയോ ഉള്ള സ്വാഭാവിക സന്തോഷത്തെ നന്നായി നിയന്ത്രിക്കേണ്ടതെങ്ങിനെയെന്നു നമ്മെ പഠിപ്പിക്കുവാൻ ഈ മുൻകുരുതലുകൾക്കു പുറമെ, തൻെറ ഒന്നാമത്തേതും ഏററം വിപുലവുമായ ഗ്രന്ഥവും ഇദ്ദേഹം രചിച്ചു. "കർമ്മലശൈലാരോഹണം" എന്ന പുസ്തകത്തിൻെറ മൂന്നു ഭാഗങ്ങളിലും ഈ തത്വത്തെ അത്ഭുതജനകമാംവിധം അദ്ദേഹം വിശദീകരിച്ചിട്ടുണ്ടു്. അഭിരുചി അഥവാ വിശുദ്ധൻെറ വാക്കുകളിൽ, ഇന്ദ്രിയങ്ങളുടേയും, ഹൃദയത്തിൻേറയും, മനസ്സിൻേറയും, ബോധത്തിൻേറയും അഭിലാഷം; മനുഷ്യൻെറ ഓരോവിധ ശക്തികൾക്കനുസരണമായി അവനു സന്തോഷം ജനിപ്പിക്കുന്ന വസ്തുക്കൾ; ഇവയുടെ ക്രമരഹിതമായ ഉപയോഗത്തിൽനിന്നുളവാകുന്ന നിരവധി തിന്മകൾ; ഇവയുടെ പരിപൂർണ്ണമായ

നിയന്ത്രണത്തിൽ നിന്നുൽഭൂതമാകുന്ന വലിയ നന്മ; ഇവ യാണു ശ്രേഷ്ഠമായ ഈ കൃതിയിലെ പ്രതിപാദ്യവിഷയങ്ങൾ.

"കർമ്മല ശൈലാരോഹണത്തിൽ" വർണ്ണിച്ചിരിക്കുന്നതു നോക്കുമ്പോൾ മനുഷ്യാത്മാവിനെക്കുറിച്ച് അദ്ദേഹത്തിനുള്ള ജ്ഞാനം അത്ഭുതജനകമാണ്. മനുഷ്യനെ ദൈവത്തിങ്കലേയ്ക്കു് ഉയർത്തുന്നതിനായി അതിൻെറ ഓരോ ചലനവും ഉദ്ദേശ്യവും അദ്ദേഹം പഠിക്കുന്നു. ഹൃദയത്തിൻെറയോ മനസ്സിൻെറയോ തീരെ അഗണ്യമായ ഒരു അംശംപോലും സൂക്ഷ്മദൃക്കായ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പെടാതെയിരിക്കുന്നില്ല. മനശ്ശാസ്ത്രപണ്ഡിതന്മാരിൽ പ്രഥമഗണനീയൻ എന്നു് അദ്ദേഹത്തെ വിളിക്കുന്നതു് ഏററം ന്യായപൂർവ്വകമത്രേ. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പററി ഇത്ര അവഗാഢവും സൂക്ഷ്മവുമായ ഒരു വിശദീകരണം ആരും നല്കിയിട്ടില്ല. അദ്ദേഹത്തിൻെറ ഭാഷ മനുഷ്യൻേറതുപോലെ തോന്നുന്നില്ല. മതിപ്രകർഷഫലമായ ഗ്രന്ഥങ്ങളിൽനിന്നു യാതൊന്നും അദ്ദേഹം ഉദ്ധരിച്ചുകാണുന്നില്ല. പ്രത്യുത, വേദപുസ്തകത്തിലെ ഉദ്ധരണികൾ സർവ്വസാധാരണമാണ്. വിശുദ്ധ പുസ്തകത്തിലെ ദൈവികഭാഷ മാത്രമേ ഈ വി. മല്പാനു മനസ്സിലാകുകയുള്ളു എന്നു തോന്നിപ്പോകുന്നു. അദ്ദേഹത്തിൻെറ സ്വർഗ്ഗീയമായ ജീവിതത്തേയും തൻെറ ഗ്രന്ഥങ്ങൾമുഖേന അദ്ദേഹം നമുക്കു പ്രദാനം ചെയ്യുന്ന ദിവ്യോപദേശങ്ങളേയുംപററി ചിന്തിക്കുമ്പോൾ ഇതിൽ വിസ്മയത്തിനു് അവകാശമില്ല. ദൈവത്തിൽ മാത്രം നമ്മുടെ സ്നേഹം നിക്ഷേപിക്കണമെന്നു് അദ്ദേഹം നമ്മോടു പറയുന്നു: "എന്തുകൊണ്ടെന്നാൽ, സൃഷ്ടിയെ സ്നേഹിക്കുന്നവൻ സൃഷ്ടിയെപ്പോലെ നീചനായിത്തീരുന്നു. ഒരർത്ഥത്തിൽ സൃഷ്ടിയെക്കാൾ കൂടുതൽ നീചനായി ഭവിക്കുന്നു. കാരണം, സ്നേഹം തുല്യത വരുത്തുകമാത്രമല്ല, സ്നേഹിക്കുന്നവനെ സ്നേഹവിഷയത്തിനു് അടിമപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ദൈവത്തെയല്ലാതെ മററന്തിനെയെങ്കിലും

സ്നേഹിക്കുന്നവൻ തൻെറ ആത്മാവിനെ ദിവ്യൈകൃത്തിനും ദൈവത്തിലുള്ള രൂപാന്തരീകരണത്തിനും അപ്രാപ്തമാക്കിത്തീക്കുന്നു."

സൃഷ്ടികളിൽ സന്തോഷം തേടുക എന്നതു നമ്മുടെ യഥാൎത്ഥ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുകയാണെന്നും അദ്ദേഹം ഉപദേശിക്കുന്നു. "തൻെറ ആഗ്രഹങ്ങളുടെ പൂൎത്തീകരണത്തെ സ്നേഹിക്കുന്നവൻ സ്വതന്ത്രനായ ഒരു പുത്രനെപ്പോലെയല്ല, പ്രത്യുത, നികൃഷ്ടനായ ഒരുവനെപ്പോലെ—ആശാപാശങ്ങളുടെ അടിമയെപ്പോലെ—യാണ് ദൈവസന്നിധിയിൽ നില്ക്കുന്നതു്. ഇപ്രകാരമുള്ള ഒരുവൻ ദിവ്യൈകൃത്തിൽമാത്രം പ്രാപ്യമായ ഹൃദയത്തിൻെറ യഥാൎത്ഥ സ്വാതന്ത്ര്യം ഒരിക്കലും പ്രാപിക്കയില്ല. കാരണം, അടിമത്തത്തിനു സ്വാതന്ത്ര്യവുമായി യാതൊരു സഖിത്വവുമില്ല. ആഗ്രഹങ്ങൾക്കു വിധേയമായ ഒരു ഹൃദയം അടിമത്തത്തിലാകയാൽ സ്വാതന്ത്ര്യം അതിൽ അധിവസിക്കുന്നില്ല. പ്രത്യുത, സ്വതന്ത്രമായ ഒരു ഹൃദയത്തിൽ—ഒരു പുത്രൻെറ ഹൃദയത്തിൽ—അത്രേ അതു കുടികൊള്ളുന്നതു്."

തൻെറ ക്രമരഹിതമായ അഭിലാഷങ്ങൾ സൃഷ്ടികളിൽ നിക്ഷേപിക്കുന്നവൻ ഒരിക്കലും സംതൃപ്തി അടയുന്നില്ലെന്നു് അദ്ദേഹം തുടൎന്നു വിശദീകരിക്കുന്നു. "എന്തുകൊണ്ടെന്നാൽ, സുവിശേഷ വാക്യാനുസരണം എല്ലാ സൃഷ്ടികളും ദൈവത്തിൻെറ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ മാത്രമാണു്. അതിനാൽ, സൃഷ്ടികളെക്കൊണ്ടു് ഉപജീവിക്കുന്നവൻ ന്യായമായി പട്ടി എന്നു വിളിക്കപ്പെടുന്നു. പട്ടിയെപ്പോലെ അവനു് എല്ലായ്പ്പോഴും വിശക്കുന്നു. അതു സകാരണവുമാണു്; എന്തുകൊണ്ടെന്നാൽ, ഉച്ഛിഷ്ടങ്ങൾ വിശപ്പിനെ അടക്കുകയല്ല, പ്രത്യുത, അതിനെ വൎദ്ധിപ്പിക്കുകയത്രേ ചെയ്യുന്നതു്. തങ്ങളുടെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നവർ കോപിഷ്ഠരായ ആളുകളെപ്പോലെ എല്ലായ്പ്പോഴും അതൃപ്തരും സന്തോഷരഹിതരുമായിരിക്കും."

ജഡികാനന്ദം ആത്മാവിലുളവാക്കുന്ന അഞ്ചു ഫലങ്ങാം ഏവയെന്നു് അദ്ദേഹം വീണ്ടും നമ്മെ പഠിപ്പിക്കുന്നു. അതു് ആത്മാവിനെ വിഷമിപ്പിക്കുകയും, പീഡിപ്പിക്കുകയും, അന്ധമാക്കുകയും, വിരൂപമാക്കുകയും, ബലഹീനമാക്കുകയും ചെയ്യുന്നു. ഈ വിഷയത്തെ സംബന്ധിച്ചവയെല്ലാം അടങ്ങിയിരിക്കുന്ന സുദീർഘമായ ഒരു ഉദ്ധരണി വിശുദ്ധൻെറ കൃതികളിൽനിന്നു് ഇവിടെ സ്വീകരിക്കുന്നതിൽ വായനക്കാർ മുഷിയുകയില്ലെന്നു വിശ്വസിക്കുന്നു. "ആഗ്രഹങ്ങാം ആത്മാവിനെ ക്ഷീണിപ്പിക്കുന്നു എന്നതു സുവിദിതമത്രേ. എന്തുകൊണ്ടെന്നാൽ, അസ്വസ്ഥരും, അതൃപ്തരുമായി തങ്ങളുടെ മാതാക്കളോടു് എപ്പോഴും അതുമിതും ചോദിച്ചുകൊണ്ടിരിക്കുന്ന കൊച്ചുകുട്ടികളെപ്പോലെയാണു് അവ. അവ ഒരിക്കലും തൃപ്തമാകുന്നില്ല. ധനതൃഷ്ണയുള്ള ഒരുവൻ സ്വർണ്ണം കുഴിച്ചെടുക്കുവാനുള്ള ഉദ്യമത്തിൽ സ്വയം ക്ഷീണിതനായി ബ്ഭവിക്കുന്നതുപോലെ ആഗ്രഹവിഷയങ്ങളെ പിഞ്ചെല്ലുന്നതിൽ ആത്മാവും ക്ഷീണിതമായി ഭവിക്കുന്നു. ആഗ്രഹവിഷയം പ്രാപ്യമാണെങ്കിലും അവസാനം അസ്വസ്ഥതയാണു് അതിനു് അനുഭവപ്പെടുന്നതു്. കാരണം, അവ ഒരിക്കലും തൃപ്തമാകുന്നില്ല. അതിൻെറ ദാഹശമനം വരുത്തുന്നതിനു പര്യാപ്തമായ ജലം സൂക്ഷിക്കുവാൻ സാധിക്കാത്ത പൊട്ടക്കുടങ്ങാം മാത്രമാണവ. അതിനാൽ ഇസയാസ് പ്രവാചകൻ പറയുന്നു: "ദാഹിച്ചിരിക്കുന്നവൻ പാനം ചെയ്തു എന്നു സ്വപ്നം കണ്ടിട്ടുണരുമ്പോാം പിന്നെയും ക്ഷീണിച്ചു വെറും വയറനായിരിക്കും."

സ്വേച്ഛകാംക്കു കീഴ്പെടുന്ന ഒരാത്മാവു പൊള്ളുന്ന പനി ബാധിച്ചിരിക്കുന്നവനെപ്പോലെയാണു്. അവൻെറ ദാഹം വദ്ധിച്ചുകൊണ്ടിരിക്കുന്നു. അവനു് എന്നും ബലഹീനതയും അസ്വസ്ഥതയുമാണനുഭവം. എന്തുകൊണ്ടെന്നാൽ, ജോബിൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ "അവൻ സംപൂർണ്ണനാക്കപ്പെടുമ്പോാം കഷ്ടാവസ്ഥയിൽ ആകുകയും, ദഹിക്കുകയും എല്ലാ ദുഃഖവും അവൻെറമേൽ നിപതി

ക്കുകയും ചെയ്യും. ആഗ്രഹങ്ങളാൽ പീഡിപ്പിക്കപ്പെട്ടുകയും അശക്തമാക്കപ്പെട്ടുകയും ചെയ്യുന്ന ഒരാത്മാവിൻെറ സ്ഥിതിയും ഇതുതന്നെയാണു്. അഭിലാഷങ്ങരം അതിനെ മുറിപ്പെട്ടുത്തുകയും, കാററു്, വെള്ളത്തെ എന്നപോലെ അതിനെ ഇളക്കുകയും, അലട്ടുകയും, ചെയ്യുന്നതിനാൽ അതിനു് ഒരു സ്ഥലത്തും ഒന്നിലും ഒരിക്കലും വിശ്രമിക്കാൻ സാധിക്കയില്ല.

ഇപ്രകാരമുള്ള ആത്മാക്കളെക്കുറിച്ചാകുന്നു, 'സ്വസ്ഥമായിരിക്കാൻ സാധിക്കാതെ, അലറുന്ന കടലിനു തുല്യരായ ദുഷ്ടന്മാർ' എന്നു് എഴുതപ്പെട്ടിരിക്കുന്നതു്. ദുഷ്ടൻെറ ഹൃദയം അലറുന്ന കടലിനു സമമാണു്. തൻെറ ആഗ്രഹങ്ങളെ നിയന്ത്രിക്കാത്തവൻ ദുഷ്ടനുമാണു്. സ്വേച്ഛാപൂർത്തിക്കായി ശ്രമിക്കുന്ന ഒരാത്മാവു് സ്വയം പീഡിപ്പിക്കുകയും അസ്വസ്ഥമാക്കപ്പെട്ടുകയും ചെയ്യുന്നു. കഠിനമായ വിശപ്പാൽ പീഡിതനായി കാററുകൊണ്ടു് ഉദരപൂരണം വരുത്തുവാൻ വായു് തുറക്കുകയും എന്നാൽ (കാററു് അവനു ഭക്ഷണപാനീയങ്ങളല്ലാത്തതിനാൽ) അതുകൊണ്ടു വിശപ്പടങ്ങാതെ അതു് ഒന്നുകൂടി വദ്ധമാനമാകുകയും ചെയ്യുന്ന ഒരുവനെപ്പോലെയാണു് ആ ആത്മാവു്. അതിനാൽ ജറമിയാസ് കണ്ടതുപോലെ, ഇപ്രകാരമുള്ള ആത്മാക്കരം "ഹൃദയാഭിലാഷങ്ങളാൽ പ്രേരിതരായി അവർ സ്നേഹത്തിൻെറ കാററിനെ ഉള്ളിലേക്കു വലിച്ചെട്ടുത്തു." ഉൽക്കണ്ഠാതുരവായ ഒരുവൻ തൻെറ മനോരാജ്യങ്ങരം ദുഷ്പ്രാപമായി കാണുമ്പോരം പീഡിതനാകുന്നതുപോലെയാണു് ആഗ്രഹപൂർത്തിവരുത്തുവാനിച്ഛിക്കുന്ന ഒരാത്മാവിൻെറ അവസ്ഥയും. എന്തുകൊണ്ടെന്നാൽ, ഈ ഇച്ഛ അതിനെ മുമ്പിലത്തെക്കാരം കൂട്ടുതൽ ശൂന്യവും ക്ഷുത്പീഡിതവുമാക്കിത്തീക്കുന്നു.

സാധാരണരീതിയിൽ പറഞ്ഞാൽ വിറകു ധാരാളം ഇട്ടുമ്പോരം കത്തിയെരിയുകയും അതു് എരിഞ്ഞുതീരുമ്പോരം ഉടനെ കെട്ടുപോവുകയും ചെയ്യുന്ന അഗ്നിക്കു സമമാണു് ലൗകികാഗ്രഹങ്ങരം. വാസ്തവത്തിൽ ആഗ്രഹങ്ങളുടെ അവസ്ഥ ഇതിലും മോശമാണു്. വിറകില്ലാതാകുമ്പോരം അഗ്നി ശമി

ക്കുന്നു; എന്നാൽ തീക്ഷ്ണമായ ആഗ്രഹവിഷയം പ്രാപിച്ചു കഴിഞ്ഞാലും ഇച്ഛ ശമിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, വിറകുതീരുമ്പോൾ ശാന്തമാകുന്ന അഗ്നിയെപ്പോലെയല്ലാതെ ആഗ്രഹങ്ങൾ മ്ലാനീഭവിക്കുകമാത്രം ചെയ്യുന്നു. അപ്പോൾ വിശപ്പു വദ്ധിക്കുകയും ഭക്ഷണം ദുർല്ലഭമായിത്തീരുകയും ചെയ്യുന്നു എന്നതാണ് ഇതിൻെറ കാരണം.

ആഗ്രഹങ്ങളെ കീഴടക്കുവാൻ അറിഞ്ഞുകൂടാത്തവനു് അവ ഒരു പീഡാകാരണമാണെന്നു മാത്രമല്ല, അവ അവനൊരു വലിയ ആപന്മൂലവുംകൂടിയാണു്. എന്തുകൊണ്ടെന്നാൽ, അവൻ ഒന്നിനൊന്നിനു വഷളായിത്തീരുന്നു. ആരംഭത്തിൽ നിർദ്ദോഷവും നിസ്സാരവുമായി കാണപ്പെടുന്ന ഒരാഗ്രഹം—പാപമല്ലാത്ത കാര്യങ്ങളിലുള്ള ഒരു സംപ്രീതി—ഒരു നിർവൃതി—അഗണ്യമായി തള്ളുകയോ പരിപോഷിപ്പിക്കുകയോ ചെയ്താൽ മുൻ ഉദ്ധരിച്ച വാക്യത്തിൽ വി. യോഹന്നാൻ ക്രൂസ് വിവരിക്കുന്ന നാശങ്ങൾ അതു് ആത്മാവിൽ വരുത്തിക്കൂട്ടും. പരിപൂർണ്ണതാപഥത്തിലൂടെ പുരോഗമിക്കുവാൻ സഹായിക്കുന്നതിനു പകരം അതു പ്രതിബന്ധമായിത്തീരും. വിശുദ്ധൻ തുടന്നു പറയുന്നു: മററു വിഷയങ്ങളിൽ തങ്ങളുടെ ആഗ്രഹങ്ങളെ നിഗ്രഹിക്കാതെ സ്വമനസ്സാലേ അനുഷ്ഠിക്കുന്ന വിവേകശൂന്യമായ തപസ്സും അവിവേകമായ മററു ഭക്ത്യാനുഷ്ഠാനങ്ങളുംകൊണ്ടു ദൈവബോധജ്ഞാനത്തോടു് ഐക്യം പ്രാപിക്കാമെന്നു കരുതുന്ന ചിലരുടെ അജ്ഞത എത്രയോ വിലപനീയം! ശ്രദ്ധാപൂർവ്വം ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നില്ലെങ്കിൽ അവ നിഷ്പ്രയോജനങ്ങളത്രേ. തങ്ങളുടെ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിനു് അവർ ഇതിൽ പകുതി യത്നം ചെയ്താൽ ഇപ്പോഴത്തെ അവരുടെ ജീവിതചര്യയനുസരിച്ചു പല വഷ്ങ്ങൾകൊണ്ടു മാത്രം പ്രാപിക്കാവുന്ന പുണ്യവദ്ധനവു് ഒരു മാസംകൊണ്ടു് അവക്കു പ്രാപിക്കാം. എന്തുകൊണ്ടെന്നാൽ, ഫലം പുറപ്പെടുവിക്കേണ്ടതിനും നിലം നല്ലതുപോലെ ഉഴവാൻ ആവശ്യമായിരിക്കുന്നു. അല്ലെങ്കിൽ കളകളല്ലാതെ

മററൊന്നും അതു പുറപ്പെടുവിക്കയില്ല. പരിപൂർണ്ണതയിൽ നാം അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ നമ്മുടെ ആഗ്രഹങ്ങളെ നിഗ്രഹിക്കേണ്ടതും ആവശ്യകമാണ്. ആശാനിഗ്രഹം കൂടാതെ നാം എത്രതന്നെ പരിശ്രമിച്ചാലും പരിപൂർണ്ണതയിലോ, ദൈവത്തേയും നമ്മേയും സംബന്ധിച്ച അറിവിലോ (ഒരുക്കാത്ത നിലത്തു വിതയ്ക്കുന്ന വിത്തു നല്കുന്ന ഫലത്തെക്കാറം മെച്ചമായി) യാതൊരഭിവൃദ്ധിയും നമുക്കുണ്ടാകയില്ലെന്നു ഞാൻ ഖണ്ഡിതമായി പറയുന്നു.

സുലഭമായ ബുദ്ധിശക്തിയിലോ ദൈവത്തിൽനിന്നു സ്വീകരിച്ചിട്ടുള്ള ഇതരദാനങ്ങളിലോ ആശ്രയിച്ചുകൊണ്ടു്, നാം താലോലിക്കുന്ന ആഗ്രഹങ്ങളോ പക്ഷങ്ങളോ നമ്മെ അന്ധരാക്കുകയോ, ക്രമേണ നമ്മെ കൂടുതൽ മോശമായ ഒരവസ്ഥയിലേക്കു് അധഃപതിപ്പിക്കുകയോ ഇല്ലെന്നു വിചാരിക്കരുതു്. പരിപൂർണ്ണജ്ഞാനത്തോടുകൂടിയ ഒരുവൻ—സ്ലോമോനെപ്പോലെ ദൈവദാനങ്ങളാൽ പൂരിതനായ ഒരുവൻ—അനവധി വിഗ്രഹങ്ങറംക്കു് ആലയങ്ങറം പണിയിക്കുകയും അവയെ ആരാധിക്കുകയും ചെയ്യത്തക്ക ആദ്ധ്യാത്മികാന്ധ്യത്തിലും ഹൃദയമാന്ദ്യത്തിലും ഉറംപ്പെട്ടുപോകുമെന്നു് ആരു വിചാരിച്ചിരുന്നു! (Ascent. VIII)

ഈ തിന്മകളെല്ലാം നിരോധിക്കുന്നതിനുള്ള ഏകമാർഗ്ഗം വി. യോഹന്നാൻക്രൂസിൻെറ ഉപദേശത്തെ പൂർണ്ണമായി അനുസരിക്കുക മാത്രമാണ്. നമ്മുടെ പ്രവൃത്തികളിൽ നമുക്കു തോന്നിയേക്കാവുന്ന ഇഷ്ടാനിഷ്ടങ്ങളെ അവഗണിച്ചു പ്രവർത്തിക്കുവാൻ നാം അഭ്യസിക്കണം. നാം ഇഷ്ടപ്പെടുന്നതുകൊണ്ടു മാത്രം അവയെ നാം ചെയ്യരുതു്. ഇഷ്ടപ്പെടാത്തതുകൊണ്ടു മാത്രം ഉപേക്ഷിച്ചു കളയുകയുമരുതു്. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരുടെ പ്രവൃത്തികളിൽ അഭിലാഷങ്ങറം ഉത്തേജകങ്ങളായിരിക്കരുതു്. ഒരു സ്ഥലത്തേക്കു പോകുന്നതിനിഷ്ടമാണോ എന്നു് ഒരധികാരി ഒരു സന്യാസിയോടു

 ചോദിക്കുകയുണ്ടായി. ആ ഉത്തമസന്യാസി ഇപ്രകാരം

മറുപടി പറഞ്ഞു: ഞാൻ ഇഷ്ടപ്പെടുന്നതെന്താണെന്നു് എന്നോടു ചോദിക്കരുതെന്നു ഞാനങ്ങയോടപേക്ഷിക്കുന്നു. എന്നാൽ ഞാൻ ചെയ്യേണ്ടതെന്തെന്നു് എന്നോടു പറയുക. ഇതാണു് ഒരു വിശുദ്ധനു് അനുയോജ്യമായ പ്രത്യുത്തരം.

നമ്മുടെ അധികാരികളുടെ കല്പനകളോ, നിയമങ്ങളോ, ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതെ, നമ്മുടെ കടമയായതു കൊണ്ടുമാത്രം അവയെ നിവ്വഹിക്കുവാൻ വലിയ പുണ്യവും സ്വഭാവദാർഢ്യവും ആവശ്യമാണു്. കീത്തിയും ബഹുമാനവും പ്രദാനം ചെയ്യാത്തതും, എളിയതും സാധാരണവുമായ പ്രവൃത്തികളുടെ കാര്യത്തിൽ ഇതു കൂടുതൽ പരമാത്ഥമാണു്. ഒരുവനെ ബഹുമാനാർഹനാക്കിത്തീക്കുകയും അവനു കീത്തിയും മഹത്വവും സമ്പാദിച്ചുകൊടുക്കുകയും ചെയ്യുന്ന പ്രവൃത്തികൾ നിവ്വഹിക്കുവാൻ ബഹുമാനാകാംക്ഷയുള്ള മനുഷ്യർ പ്രേരിതരാകുക സാധാരണമത്രേ. എന്നാൽ അങ്ങനെയുള്ള പ്രവൃത്തികൾ ദുർല്ലഭമാണു്. അവയെ നിവ്വഹിക്കുവാനുള്ള അവസരങ്ങൾ അപൂവ്വവും. പ്രത്യുത, മനുഷ്യരുടെ ജീവിതത്തിൽ സിംഹഭാഗവും എളിയതും സാധാരണവുമായ പ്രവൃത്തികളാൽ നിബിഡമാണു്. അവയുടെ നിവ്വഹണത്തിനു നമ്മെ പ്രേരിപ്പിക്കത്തക്കവിധം ആകഷകമായി അവയിൽ ഒന്നുമില്ല. അതിനാൽ പരിപൂണ്ണമായും സംതൃപ്തിയോടും കത്തവ്യത്തെ പ്രതി അവയെ സത്വരം നിവ്വഹിക്കുവാൻ മനസ്സാക്ഷിയുടെ പ്രചോദനങ്ങളോടുള്ള വലിയ വിശ്വസ്തത ആവശ്യകമായിരിക്കുന്നു. തീക്ഷ്ണമായ ആഗ്രഹങ്ങളെ ജയിക്കുന്നതിനുള്ള ധീരതരമായ പോരാട്ടവും ആവശ്യകമാണു്. സ്വഭാവദാർഢ്യമുള്ള മഹാത്മാക്കൾക്കോ അഥവാ പരിപൂണ്ണതയിൽ വളരെ പുരോഗമിച്ചിട്ടുള്ളവക്കോ മാത്രമേ ഇതു ശക്യമാകുകയുള്ളു.

അനുദിനജീവിതത്തിലെ കടമകളും മനുഷ്യന്റെ ദുർബ്ബല സ്വഭാവത്തിനു് അതൃപ്തികരങ്ങളും ആയ നിസ്സാര പ്രവൃത്തികൾ നിരന്തരം അഭ്യസിക്കുകയും അതേസമയംതന്നെ ഒരിക്കലും ക്ഷീണിക്കുകയോ അധൈര്യപ്പെടുകയോ ചെയ്യാത്ത

ഹൃദയവീര്യം എപ്പോഴും സംരക്ഷിക്കുകയും ചെയ്യുക എന്നതു നിസ്സാര കാര്യമല്ല. ഇത്ര നിസ്സാര പ്രവൃത്തികൾ നിർവ്വഹിച്ചു കൊണ്ടു് ഏററം രഹസ്യമായി കഴിഞ്ഞുകൂടുന്നവരിലാണു മഹാന്മാരേയും വിശ്രുതരായ വിശുദ്ധന്മാരേയും നാം കാണു ന്നതു്. ലോകബഹളങ്ങൾക്കിടയിലും ലോകകാര്യവ്യഗ്രത യിൽപ്പെട്ടും ആരും പരിപൂർണ്ണരായിട്ടില്ല. എളിമയുടേയും സ്വാർത്ഥത്യാഗത്തിൻേറയും സുദീർഘമായ അഭ്യസനത്താ ലാണു മഹാത്മാക്കൾ രൂപവല്ക്കരിക്കപ്പെട്ടിട്ടുള്ളതു്. ലോക ത്താൽ അഭിനന്ദിക്കപ്പെടുന്നതിനുമുമ്പായി അവർ ഓരോരു ത്തരും ഈ പാതയിലൂടെ യാത്രചെയ്തു. നസ്രത്തിലെ ഏകാന്ത തയിലും ഒരു പാവപ്പെട്ട ആശാരിയുടെ പണിപ്പുരയിലും, നിരവധി ഗൃഹജോലികളിൽ വ്യാപൃതയായിരുന്ന തൻേറ വിശുദ്ധ മാതാവിനോടുകൂടിയും, പ്രവൃത്തിനിരതനായി പതി നെട്ടു വർഷക്കാലം ദൈവസുതൻ ഈ വഴിയിലൂടെ ചരിച്ചു തായി നാം കാണുന്നു. തങ്ങളുടെ എല്ലാ പ്രവൃത്തികളിലും കൃത്യനിർവ്വഹണത്തെ സർവ്വപ്രധാനമായി കരുതുന്നവർ ഈശോ യേയും മറിയത്തേയും അനുകരിക്കുന്നു. ധീരതരമായ പുണ്യമുള്ള ആത്മാക്കളിൽ നാം അഭിനന്ദിക്കുന്ന ഹൃദയസമാധാനത്തി ൻേറയും ദൃഢനിശ്ചയത്തിൻേറയും രഹസ്യം ഇതാണു്.

പ്രവൃത്തികളിൽ തങ്ങളുടെ ആഗ്രഹങ്ങളുടെ പൂർത്തീകര ണവും മായാസ്തുതിയും അന്വേഷിക്കുന്നവരും തങ്ങളുടെ അഭി രുചിക്കു യോജിച്ചവയെ ചെയ്യുകയും ഇന്ദ്രിയങ്ങൾക്കു് അനിഷ്ട കരമായവയെ കഴിയുന്നിടത്തോളം വിട്ടകലുകയും ചെയ്യുന്ന വരും കൊച്ചുകുട്ടികളെപ്പോലെ വർത്തിക്കുന്നു. എന്തുകൊണ്ടെ ന്നാൽ, ബുദ്ധിയുടെ പരിപൂർണ്ണമായ ഉപയോഗം അവർ ആസ്വാ ദിക്കുന്നില്ല. മനസ്സാക്ഷിയെപ്രതി എപ്പോഴും പ്രവർത്തിക്കുന്ന തിനും അവക്കു സാധിക്കയുമില്ല. തങ്ങളുടെ പ്രവൃത്തികളിൽ അനുഭവപ്പെടുന്ന സന്തോഷത്താൽ മാത്രമാണു് അവർ നയി ക്കപ്പെടുന്നതു്. സന്തോഷത്തെപ്രതി പ്രവർത്തിക്കുന്ന പതിവു

സ്വാത്ഥത്തെ പോഷിപ്പിക്കുകയും, നിഗളത്തെ വദ്ധിപ്പിച്ച്, മനുഷ്യനെ കഠിനഹൃദയനാക്കിത്തീക്കുകയും ചെയ്യുന്നു.

നൈസഗ്ഗികമായ അഹങ്കാരത്തെ അമത്തി, ആത്മസംതൃപ്തിയെ അവഗണിച്ചു പ്രവത്തിക്കാത്തവർ ഏററം നിർഭാഗ്യരാണ്. അവക്കു സ്വഭാവമില്ല; അവരുടെ പ്രവൃത്തികളുടെ മുഖ്യോദ്ദേശ്യം – തങ്ങളുടെ ആഗ്രഹനിവൃത്തി – തുടന്നനുഭവിപ്പാൻ അവക്കു സാധിക്കയുമില്ല. ഇപ്പോഠം തൃപ്തികരമായതു പെട്ടെന്ന് അരുചികരമായി ഭവിക്കുന്നു. ഇന്നു സ്തുത്യർഹമായി തോന്നുന്നതു നാളെ നിന്ദാർഹം മാത്രമല്ല, അപമാനകരമായും ഭവിക്കുന്നു. ഇക്കാരണത്താൽ സ്വാർത്ഥത്തെ പിഞ്ചെല്ലുന്ന യാതൊരുവനും സ്ഥിരതയോ മനോദാർഢ്യമോ ഇല്ല; അവൻെറ സ്വഭാവവും അതുപോലെതന്നെ മാററങ്ങഠംക്കധീനമായിത്തീരുന്നു.

നമുക്കാശ്രയിക്കാൻ പര്യാപ്തമല്ലാത്ത ഒരുപദേഷ്ടാവാണ് സന്തോഷം. അതിനാൽ വി. യോഹന്നാൻക്രൂസ് ഉപദേശിക്കുന്നു: "നിൻെറ കാവൽദൂതൻ നിൻെറ ബോധത്തെ എപ്പോഴും പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും പ്രവത്തിക്കുവാൻ നിൻെറ മനസ്സിനെ എപ്പോഴും പ്രേരിപ്പിക്കുന്നില്ലെന്നു സദാ ഓർത്തുകൊള്ളുക. അതിനാൽ നിൻെറ പ്രവൃത്തികളിൽ എപ്പോഴും ഐന്ദ്രികമായ മാധുരി അനുഭവപ്പെടുമെന്നു പ്രതീക്ഷിക്കേണ്ട."

ആകയാൽ നമ്മുടെ എല്ലാ പ്രവൃത്തികളുടേയും പ്രേരകശക്തി ബുദ്ധിയും മനസ്സാക്ഷിയുമായിരിക്കട്ടേ. തങ്ങളുടെ സ്വാഭാവിക ചാച്ചിലുകഠംക്ക് അനുസരണമായി പ്രവത്തിക്കുന്നവരും വളരെ അധികം സഹിക്കേണ്ടിവരുന്നതിനാൽ മേൽ പറഞ്ഞതനുസരിച്ചു പ്രവത്തിക്കുന്നതു് ഏററം ന്യായപൂവ്വകമാണ്. എന്തുകൊണ്ടെന്നാൽ, വി. യോഹന്നാൻക്രൂസ് നമ്മെ ഉപദേശിക്കുന്നതുപോലെ, ആഗ്രഹങ്ങഠം ഒരിക്കലും തൃപ്തിയാക്കപ്പെടുന്നില്ല. അവയെ എത്രമാത്രം താല്പയ്യത്തോടുകൂടി നാം പരിപോഷിപ്പിക്കുമോ അത്രയധികം അവ നമ്മെ പീഡിപ്പിക്കും; അപ്പോഠം മനുഷ്യൻ തൻെറ ആഗ്രഹങ്ങളേയും

സന്തോഷങ്ങളേയും നിയന്ത്രിക്കുന്നില്ല; പ്രത്യുത, അവൻ അവയാൽ ഭരിക്കപ്പെടുകയും അധീനനാക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ വേറൊരിടത്തു വിശുദ്ധൻ ഇപ്രകാരം പറയുന്നു: "നിൻെറ അഭിരുചിയേയും സന്തോഷങ്ങളേയും വിസ്മരിക്കാതെ, സ്ഥിരത പ്രാപിക്കുവാനും നിൻെറ ബലഹീനതയെ കീഴടക്കുവാനും സാദ്ധ്യമല്ല." വീണ്ടും, "നിൻെറ മനസ്സിനെ നീ തൃപ്തിപ്പെടുത്തുമ്പോഴെല്ലാം രണ്ടിരട്ടി ദുഃഖം നിനക്കനുഭവപ്പെടും. അതിനാൽ യാതൊന്നിലും അതിനെ തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കരുതു്."

നേരേമറിച്ചു് സ്വപ്രവൃത്തികളിൽ സംതൃപ്തി അന്വേഷിക്കുന്നവന്റെ ദൈവതിരുമുമ്പിൽ അവയുടെ യോഗ്യത നഷ്ടപ്പെടുന്നു. ആഗ്രഹങ്ങളുടെ പൂർത്തീകരണമാണല്ലോ അവൻെറ ഏകവാഞ്ഛിതം. അവൻ ദൈവതിരുസ്സന്നിധിയിൽ ഹാജരാകുമ്പോൾ കർത്താവു് അവനോടിപ്രകാരം പറയും: "നിനക്കു നിൻെറ പ്രതിഫലം ലഭിച്ചിരിക്കുന്നു; വാസ്തവത്തിൽ നീ ചില നന്മപ്രവൃത്തികളെല്ലാം ചെയ്തിട്ടുണ്ടു്. എന്നാൽ എനിക്കുവേണ്ടിയല്ല നീ അവയെ മുഖ്യമായി നിർവ്വഹിച്ചതു്. 'ദൈവസ്തുതിക്കായിട്ടു്,' എന്നു നിൻെറ അധരങ്ങൾ പറഞ്ഞെങ്കിലും ഹൃദയത്തിൽ ആ വിചാരം ഇല്ലായിരുന്നു. നീ ചില പരസ്നേഹപ്രവൃത്തികളെല്ലാം ചെയ്തു. എന്നാൽ അവയ്ക്കു പകരം കൃതജ്ഞത നീ ആഗ്രഹിച്ചു. എന്നെപ്പററി നീ നന്നായി സംസാരിച്ചു; എന്നാൽ അതിലും നിൻെറ മഹത്വമാണു നീ ആരാഞ്ഞതു്. നിൻെറ മതാനുഷ്ഠാനങ്ങളിലും ഭക്തകൃത്യങ്ങളിൽപ്പോലും എൻെറ മനസ്സു നിറവേററണമെന്നതിനെക്കാൾ ഐന്ദ്രികേച്ഛയെ തൃപ്തിപ്പെടുത്തുന്നതിനാണു നീ ശ്രമിച്ചതു്."

നമ്മുടെ പ്രവൃത്തികളിൽ വ്യർത്ഥസംതൃപ്തി ഉണ്ടാകുമ്പോൾ നാം അവയുടെ യോഗ്യത നഷ്ടപ്പെടുത്തുക മാത്രമല്ല, അതൃപ്തിയാലും ദുഃഖത്താലും നമ്മെ ശിക്ഷിക്കുവാൻ ദൈവത്തെ പ്രേരിപ്പിക്കുകകൂടി ചെയ്യുന്നു. ആകയാൽ വി. യോഹന്നാൻക്രൂസ് പറയുന്നു: "മായാസ്തുതിയിൽ നാം സന്തോഷിക്കുമ്പോൾ,

ദൈവം നമ്മെ വീക്ഷിച്ചുകൊണ്ടു നാം അർഹിക്കുന്ന കയ്പ്പു നിറഞ്ഞ പാനപാത്രം നമുക്കായി തയ്യാറാക്കുകയല്ലേ എന്നു ന്യായമായി ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ സന്തോഷത്തിനുള്ള ശിക്ഷ, അതിൽനിന്നുൽഭൂതമാകുന്ന ആനന്ദത്തെക്കാറം കൂടുതലാണ്."

ഏററം ഉത്തമമെന്നു നമുക്കു തോന്നുന്ന പ്രവൃത്തികളുടെ നിവ്വഹണത്തിൽപ്പോലും നമ്മുടെ സമയം പാഴാക്കാതിരിക്കുവാൻവേണ്ടി ഈ മുൻകരുതലിനെ നമുക്കു സൂക്ഷ്മമായി അനുസരിക്കാം. നമ്മുടെ എല്ലാ പ്രവൃത്തികളുടേയും മുഖ്യോദ്ദേശ്യം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, വേറൊരിടത്തു വിശുദ്ധൻ പറയുന്നതുപോലെ "ലൗകികകാര്യങ്ങളിൽ സന്തോഷം അനുഭവപ്പെട്ടു തുടങ്ങുന്നതിനെക്കുറിച്ച് ആത്മീയമനുഷ്യൻ വളരെ കരുതലുള്ളവനായിരിക്കണം. അല്ലെങ്കിൽ അതു ക്രമേണ വളൎന്നുകൊണ്ടിരിക്കും. അതിനാൽ ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നതിലും അവിടുത്തെ മഹത്വം വദ്ധിപ്പിക്കുന്നതിലും, മായാസ്തുതിയും സ്വന്ത സുഖസൗകര്യങ്ങളും അന്വേഷിക്കാതെ, എല്ലാം ഈ കാര്യസാദ്ധ്യത്തിനായി നിവ്വഹിക്കുന്നതിലുമല്ലാതെ, മറെറാന്നിലും ഒരു മനുഷ്യൻ അഭിമാനിക്കേണ്ടതല്ലെന്ന വിചാരത്താൽ ഈ സന്തോഷത്തിൻെറ ആദ്യചലനത്തെത്തന്നെ ഒരു ആദ്ധ്യാത്മികമനുഷ്യൻ നിരോധിക്കേണ്ടിയിരിക്കുന്നു." ഇതിനൊരുത്തമദൃഷ്ടാന്തം സുവിശേഷത്തിൽനിന്നു നമുക്കു ലഭിക്കുന്നുണ്ട്. താൻ പോകുവാനിരിക്കുന്ന എല്ലാനഗരങ്ങളിലും പ്രസംഗിക്കുന്നതിനായി ദിവ്യരക്ഷകൻ തൻെറ എഴുപത്തിരണ്ടു ശിഷ്യന്മാരെ അയച്ചുകൊണ്ടരുളിച്ചെയ്തു. "പോകുവിൻ! ഇതാ, ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ നിങ്ങളെ ഞാനയയ്ക്കുന്നു" (Luke X 3). തങ്ങളോടു കല്പിച്ചിരുന്നതുപോലെ ചെയ്തശേഷം അവർ സന്തോഷത്തോടുകൂടെ തിരിച്ചുവന്ന്, 'ഞങ്ങളുടെ ഗുരോ, പിശാചങ്ങറംകൂടെയും നിൻെറ നാമത്തിൽ ഞങ്ങറംക്കു കീഴടങ്ങുന്നു' എന്നു ദിവ്യരക്ഷകനോടു

പറഞ്ഞു. തങ്ങളുടെ പ്രേഷിതവേലയുടെ ആദ്യഫലങ്ങാം കൊണ്ടു് അവർ സംതൃപ്തരായിരുന്നു. എന്നാൽ ആ നല്ല മനുഷ്യരുടെ സന്തോഷത്തെ ക്രമീകരിക്കുന്നതിനും അതിനെ ഉൽകൃഷ്ടമാക്കിത്തീക്കുന്നതിനും അവിടുന്നാഗ്രഹിച്ചു. അതിനാൽ അവിടുന്നു സൗമ്യമായി അവരോടരുളിച്ചെയ്തു. "സാത്താൻ ഇടിമിന്നൽപോലെ ആകാശത്തുനിന്നു വീണതു ഞാൻ കാണുകയുണ്ടായി. ഇതാ പാമ്പുകളേയും തേളുകളേയും ശത്രുവിൻെറ സകല ശക്തികളേയും ചവിട്ടുവാൻ ഞാൻ നിങ്ങാംക്കു് അധികാരം തരുന്നു. യാതൊന്നും നിങ്ങാംക്കു ദോഷം വരുത്തുകയുമില്ല. എങ്കിലും പിശാചങ്ങാം നിങ്ങാംക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങാം സന്തോഷിക്കേണ്ട. പ്രത്യുത നിങ്ങളുടെ പേരുകാം സ്വഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ടു നിങ്ങാം സന്തോഷിക്കുവിൻ (Luke X 17, 20). തൻെറ നാമത്തിൽ അവർ പ്രവത്തിച്ച അത്ഭുതങ്ങളിൽപ്പോലും തൻെറ പ്രിയശിഷ്യന്മാർ ആത്മനിർവൃതിയടയുവാൻ ദിവ്യരക്ഷകൻ ആഗ്രഹിച്ചില്ല. അവരുടെ പേരുകാം സ്വഗ്ഗത്തിലെഴുതപ്പെട്ടിരിക്കുന്നതുകൊണ്ടുമാത്രം സന്തോഷിക്കുവാൻ അവിടുന്നവരെ ഉപദേശിച്ചു. ഇതിലും ദൈവമഹത്വത്തിലും, ആത്മാക്കളുടെ രക്ഷയിലുമാണു നാം അഭിമാനിക്കേണ്ടതു്.

ഈ ഉപദേശം നാം വിശ്വസ്തതാപൂർവ്വം അനുസരിക്കുമെങ്കിൽ, നമ്മുടെ സ്വാഭാവികാഭിലാഷങ്ങളുടെമേൽ നമുക്കു പൂണ്ണകർതൃത്വം ലഭിക്കും; അഗാധമായ ആത്മസമാധാനം നമുക്കനുഭവപ്പെടും. നമ്മുടെ ഏററം നിസ്സാരമായ പ്രവൃത്തികാംപോലും ദൈവമഹത്വത്തെ വളരെയധികം വദ്ധിപ്പിക്കും; നമുക്കു വലിയ യോഗ്യത കൈവരുകയും പലക്കും അതു് ഉപകാരപ്രദമായിത്തീരുകയും ചെയ്യും. അതിനാൽ നമ്മുടെ വിശുദ്ധ പിതാവു പറയുന്നു: "ഏററം മനോഹരമായ പുഷ്പമാണു വളരെ എളുപ്പം വാടുന്നതു്. അതിവേഗം അതിൻെറ സൗരഭ്യം നഷ്ടീഭവിക്കുകയും ചെയ്യുന്നു. അതിനാൽ, ആത്മീയാനന്ദമാഗ്ഗത്തിലൂടെ ചരിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊ

ള്ളക. അല്ലാത്തപക്ഷം നീ ഒരിക്കലും ദൃഢചിത്തനായിരിക്കുക യില്ല. യാതൊന്നിനോടും അനുരക്തമല്ലാത്ത—സ്വാതന്ത്ര്യമായ— അരൂപി നീ തിരഞ്ഞെടുക്കുക. അപ്പോൾ നിനക്കു മാധുര്യവും സുലഭമായ സമാധാനവും അനുഭവപ്പെടും. മാധുര്യമുള്ളതും ദീർഘനാൾ ചീയാതിരിക്കുന്നതുമായ ഫലങ്ങൾ ഉണങ്ങിയതും തണുപ്പുള്ളതുമായ മണ്ണിൽ മാത്രമേ ഉണ്ടാകയുള്ളൂ.

എല്ലാ ഇഷ്ടങ്ങളിൽനിന്നും ആഗ്രഹങ്ങളിൽനിന്നും— അനുവദനീയമല്ലാത്തവയിൽ നിന്നു മാത്രമല്ല, സച്ചരിതക്കു നിവേദിക്കപ്പെട്ടിരിക്കുന്നവയിൽ നിന്നുകൂടെയും — ആത്മാക്കളെ സ്വാതന്ത്ര്യരാക്കുന്നതിനാണ് ഈ ആദ്ധ്യാത്മികനേതാവു പരിശ്രമിക്കുന്നതു്. അവരുടെ പ്രാപ്തിയെ, സാമർത്ഥ്യവിശേഷങ്ങളെ എല്ലാം നിർമ്മൂലമാക്കുന്നതിനല്ല. വി. യോഹന്നാൻക്രൂസിനെപ്പററി അപ്രകാരം വിചാരിക്കുന്നതു് അദ്ദേഹത്തോടു ചെയ്യുന്ന ഒരു അപരാധമായിരിക്കും. ഇങ്ങനെ വിചാരിക്കുന്നവർ പരമാർത്ഥബുദ്ധികൾക്കും സച്ചരിതക്കും അസ്വീകാര്യരും ഗർഹണീയരും ആയിത്തീരുന്നു. മനുഷ്യസ്വഭാവത്തിനു ഭംഗം വരുത്തുന്നു എന്ന അപരാധം അദ്ദേഹത്തിൽ ആരോപിക്കുകയായിരിക്കും ഇതിനാൽ അവർ ചെയ്യുന്നതു്. എന്നാൽ വിശുദ്ധന്മാർ ഇത്തരക്കാരല്ല; ദൈവംതന്നെയാണിതിനു സാക്ഷി. ഈ വിധത്തിലുള്ളവ ഒന്നും അവർ ഭാവിക്കുകയോ, അഭ്യസിക്കുകയോ, അഭ്യസിപ്പിക്കുകയോ ചെയ്തിട്ടില്ല. മൃദുലവും മനോജ്ഞവുമായ വികാരങ്ങളാൽ പ്രത്യേകവിധം സമ്പന്നനാക്കപ്പെട്ടിരിക്കുന്ന വി. യോഹന്നാൻക്രൂസിനെ സംബന്ധിച്ചിടത്തോളം ഇതെത്രയോ അസംഭവ്യമാണ്.

തോട്ടക്കാരൻ വൃക്ഷങ്ങളെ നിർദ്ദയം കത്രിച്ചു് അവയെ പരിതാപകരമായ ഒരവസ്ഥയിലുപേക്ഷിക്കുന്നു. യഥാർത്ഥത്തിൽ അവയുടെ ജീവശ്ശക്തിയെ നശിപ്പിക്കുന്നതിനല്ല ഇതു്; പ്രത്യുത, ശരിയായി നിയന്ത്രിക്കപ്പെട്ടിട്ടു് സമൃദ്ധമായി ഫലം പുറപ്പെടുവിക്കുന്നതിലേക്കാണ്. ഇതു തന്നെയാണു മനുഷ്യസ്വഭാവത്തെ നിയന്ത്രിക്കുന്നതിൽ ഈ മഹാഗുരുഭൂതനുള്ള

ഉദ്ദേശ്യവും. ഇദ്ദേഹത്തിൻെറ ഒരു വിശിഷ്ടകൃതി, അല്ല, അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ എല്ലാംതന്നെ, നമ്മുടെ ഓരോ ശക്തിയേയും, ഇന്ദ്രിയങ്ങളേയും അവയ്ക്കേററം ഗുണകരമെന്നു തോന്നുന്നവയിൽനിന്നുപോലും വിമുക്തമാക്കേണ്ടതെങ്ങനെയെന്നു് നമ്മെ പഠിപ്പിക്കുന്നതിനായി വിരചിതങ്ങളാണു്. നമ്മുടെ ശക്തികളേയും ഇന്ദ്രിയങ്ങളേയും നിഗ്രഹിക്കേണ്ടതിൻെറ ആവശ്യകത ശക്തിയുക്തം നമ്മെ മനസ്സിലാക്കേണ്ടതിനു് കർമ്മൽ പർവ്വതാരോഹണം, ഇന്ദ്രിയങ്ങളുടെ അന്ധകാരരാത്രി, ആത്മാവിൻെറ അന്ധകാരരാത്രി എന്നീ അമൂല്യകൃതികളിൽ ആത്മാവിൻെറ എല്ലാ വ്യാപാരങ്ങളേയും ഏററം പരിപൂർണ്ണമായും ബുദ്ധിപൂർവ്വകമായും വിശുദ്ധൻ വിവരിച്ചിട്ടുണ്ടു്.

വി. യോഹന്നാൻക്രൂസിൻെറ മനഃസ്ഥിതി അനുവാചകർ നല്ലവണ്ണം മനസ്സിലാക്കുന്നില്ലെങ്കിൽ, അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ ഓരോ വശത്തും നിറഞ്ഞു തുളുമ്പുന്ന പ്രതിപാദനരീതിയുടെ ഭംഗിയോ, അവിടവിടെ തെളിഞ്ഞുകാണുന്നതും, ഈ അഗാധചിന്തകൻെറ ഗഹനങ്ങളും മനോജ്ഞങ്ങളുമായ ആശയങ്ങളോ അവഗണിക്കുന്നതിനും, അവയിൽ വിരക്തിയും, ഭീരുത്വവും അനുഭവപ്പെടുന്നതിനും ഇടയാകാതിരിക്കുകയില്ല. ന്യായമായ നമ്മുടെ യാതൊരു പ്രവണതകളേയും തടയണമെന്നോ, നശിപ്പിക്കണമെന്നോ വിശുദ്ധനുദ്ദേശ്യമില്ല. വായനക്കാർ ഇതു നല്ലവണ്ണം മനസ്സിലാക്കണം. പ്രത്യുത, ലോകത്തിൽ നമ്മൾ സമ്പാദിച്ചിട്ടുള്ള പരസഹസ്രം അപൂർണ്ണതകളിൽനിന്നു നമ്മെ മോചിപ്പിക്കുന്നതിനും, ഇഹത്തിൽവച്ചു തന്നെ ദൈവാനുഗ്രഹത്താൽ പ്രത്യക്ഷമാകുവാൻ ദൈവം മനുഷ്യനെ പ്രാപ്തനാക്കിയിട്ടുള്ള സാമ്പത്തികവും മാനസികവുമായ എല്ലാ ദാനങ്ങളും സംശുദ്ധമായി പ്രകടിപ്പിക്കുമാറു് നമ്മെത്തന്നെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമാണു് അദ്ദേഹത്തിൻെറ ശ്രമം.

സ്വപരിത്യാഗത്തെക്കുറിച്ചു വിശുദ്ധൻ പ്രതിപാദിച്ചിരിക്കുന്ന ഒരു ഖണ്ഡികകളുടെ ഇവിടെ ഉദ്ധരിച്ചുകൊണ്ടു സുദീർഘ

മായ ഈ അദ്ധ്യായം ഉപസംഹരിക്കാം. "ദൃശ്യവസ്തുക്കളിൽ സന്തോഷിക്കാതിരിക്കുന്നതുകൊണ്ടുള്ള രണ്ടാമത്തേ ആത്മീയ പ്രയോജനവും വളരെ വലുതാണ്; ജഡികമായതു് ആത്മീയവും, മൃഗീയമായതു് വിശേഷബുദ്ധിയുള്ളതുമായി പകരുന്നു; മനുഷ്യൻ മാലാഖാസ്സ്ദൃത്ത ഒരു ജീവിതം നയിക്കുന്നു; ഭൗമികവും മാനുഷികവുമായതു സ്വർഗ്ഗീയവും ദൈവികവുമായി പകരുന്നു എന്നതു സത്യമാണ്. ജഡികമായവയിൽ സന്തോഷം തേടുകയും അവയിൽ തൻെറ ആനന്ദം മുഴുവൻ കണ്ടെത്തുകയും ചെയ്യുന്ന ഒരുവൻ മൃഗതുല്യനും ജഡികമനുഷ്യനുമെന്ന പേരുകളാൽ വിളിക്കപ്പെടുന്നു. ഇതര നാമങ്ങൾ അവൻ അർഹിക്കുന്നുമില്ല. അതിനാൽ ഇവയിൽ തൻെറ സന്തോഷം തേടാത്ത ഒരുവൻ അലൗകികനും സ്വർഗ്ഗീയനുമെന്ന പേരുകൾ അർഹിക്കുന്നു. ഇതാണു ധാരാളമായ ആത്മപരിത്യാഗത്തിൻെറ പരിണാമം. വിശുദ്ധീകൃതമായ ഓരോ ശക്തിയും ഓരോ ഇന്ദ്രിയവും, അവയുടെ ആഗ്രഹവിഷയങ്ങൾ ഇഹത്തിൽവച്ചുതന്നെ അത്ഭുതജനകമായ വിധത്തിൽ എപ്രകാരം ആസ്വദിച്ചു തുടങ്ങുന്നുവെന്നു വിശുദ്ധൻ നമുക്കു കാണിച്ചുതരുന്നുണ്ടു്. എന്നാൽ പരിപൂർണ്ണമായ ഈ സ്വപരിത്യാഗത്തിൻെറ മൂന്നാമത്തേ ഫലം, ഈ ജീവിതത്തിൽവച്ചുതന്നെയുള്ള ആത്മീയസന്തോഷത്തിൻേറയും ആനന്ദത്തിൻേറയും ധാരാളമായ വദ്ധനമാണ്."
ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കുന്നതുപോലെ, "അവക്കു നൂറിരട്ടി നല്കപ്പെടും" (Mathew, XIX – 29). നീ ഒരു സന്തോഷം സംത്യജിക്കുകയാണെങ്കിൽ അതിനു പകരം ഇഹത്തിൽത്തന്നെ ആത്മീയമായും ഭൗമികമായും നൂറിരട്ടി ദിവ്യരക്ഷകൻ നിന്നെ പ്രതിസമ്മാനിക്കും. ദൃശ്യവസ്തുക്കളിൽ അനുഭവിച്ച ഒരു സന്തോഷത്തിനു പകരം ഒരു നൂറു ദുഃഖങ്ങളും പീഡകളും നിനക്കനുഭവപ്പെടുകയും ചെയ്യും. വീക്ഷണംവഴി ഉളവാകുന്ന എല്ലാ സന്തോഷത്തിൽനിന്നും വിമുക്തമായ നയനേന്ദ്രിയം ദൈവികമോ മാനുഷികമോ ആയ എല്ലാററിലും നിന്നു ദൈവികമായ സന്തോഷം മാത്രം അനുഭവിക്കുന്നു. അതു

പോലെതന്നെ ശ്രുതിയിൽ നിന്നുൽഭൂതമാകുന്ന എല്ലാ സന്തോഷങ്ങളും സംത്യജിച്ച ശ്രവണേന്ദ്രിയം ദൈവികവും മാനുഷികവുമായ എല്ലാററിലുംനിന്നു്, ന്യൂറ മടങ്ങു പരിശുദ്ധമായ ആദ്ധ്യാത്മികാനന്ദം അനുഭവിക്കുന്നു. ഇതുതന്നെയാണു മററിന്ദ്രിയങ്ങളുടേയും അവസ്ഥ. നമ്മുടെ ആദിമാതാപിതാക്കന്മാരുടെ ജഡികസ്വഭാവം ബുദ്ധിക്കധീനവും ബുദ്ധിയാൽ നിയന്ത്രിതവുമായിരുന്നതിനാൽ അവരുടെ നിഷ്കളങ്കസ്ഥിതിയിൽ പറുദീസായിൽവച്ചു് അവർ പ്രവർത്തിച്ചതും പറഞ്ഞതുമെല്ലാം അവക്കു മധുരതരമായ ദൈവികചിന്തകഠംക്കുപകരിച്ചു. ഇതുപോലെതന്നെ, ഇന്ദ്രിയങ്ങളെ അരൂപിക്കധീനമാക്കി, ആദ്യചലനങ്ങളെ സംബന്ധിച്ചിടത്തോളം അവയെ ദൃശ്യവസ്തുക്കളിൽനിന്നു വിമുക്തമാക്കുന്ന മനുഷ്യനും മാധുര്യമുള്ള ദൈവജ്ഞാനത്തിൻെറയും ദൈവചിന്തയുടേയും ആനന്ദം അനുഭവിക്കും.

അതിനാൽ ഉൽക്കഷ്ടാപകഷ്ങ്ങഠം എല്ലാം – ഉന്നതവും അഗാധവുമായവ എല്ലാം – വിശുദ്ധാത്മാക്കഠംക്കു് ഉപകാരപ്രദമാണു്. അവ അവരെ കൂടുതൽ വിശുദ്ധരാക്കുവാൻ സഹായിക്കുന്നു. എന്നാൽ ഇവ രണ്ടും ഹൃദയശുദ്ധിയില്ലാത്തവക്കു തിന്മയ്ക്കു കാരണമായിത്തീരും. തൻെറ ഇന്ദ്രിയേഛകളെ അമത്താത്തവൻ, ദൈവത്തിൻെറ സൃഷ്ടികളും അവിടുത്തെ പ്രവൃത്തികളും മൂലം ദൈവത്തിൽ ആനന്ദിക്കുക എന്ന സാമാന്യസമാധാനം പോലും ഒരിക്കലും ആസ്വദിക്കുകയില്ല. പ്രത്യുത, ഹൃദയശുദ്ധിയുള്ളവൻ ഉൽകൃഷ്ടവും മധുരവും നിമ്മലവും വിശുദ്ധവും ആന്തരികവും സന്തോഷസംദായകവും സ്നേഹസമന്വിതവുമായ ദിവ്യജ്ഞാനം എല്ലാററിലും, കണ്ടെത്തുന്നു.

അത്യൂൽകൃഷ്ടമായ ഈ ഉപദേശത്തിൻെറ ഒരു പ്രായോഗികവിശദീകരണമായിരുന്നു നമ്മുടെ വിശുദ്ധപിതാവിൻെറ ജീവിതം മുഴുവനും. സുകൃതാനുഷ്ഠാനങ്ങളിൽ ഇദ്ദേഹം മററാരെയുംകാഠം കക്ക്ശനായിരുന്നെങ്കിലും അരൂപിയുടെ മാധുരിയിലും സ്വഭാവത്തിൻെറ സൗമ്യതയിലും അദ്ദേഹത്തോടു കിട

പിടിക്കുവാൻ ആൎക്കും സാധിച്ചിട്ടില്ല. തൻെറ ഇന്ദ്രിയങ്ങളേയും ശക്തികളേയും നിഗ്രഹിക്കുന്നതിനു മാത്രമേ അദ്ദേഹം ശ്രമിച്ചിരുന്നുള്ളു. എന്നാൽ വിശുദ്ധൻെറ വാക്കുകളിലും പ്രവൃത്തികളിലും പ്രകാശിച്ചിരുന്നതുപോലുള്ള സാക്ഷാത്തായ ദൈവികാനന്ദത്താൽ പൂരിതരായ ആത്മാക്കൾ തുലോം വിരളമത്രേ. വിശുദ്ധൻെറ ആത്മാവിൽ ദൈവികാനന്ദം സദാ നിറഞ്ഞുകവിഞ്ഞിരുന്നതിനാൽ സ്പാനിഷ് ഭാഷയിലോ മററതെങ്കിലും ഭാഷയിലോ ആരും ഇതുവരെ അദ്ദേഹത്തെ ജയിക്കാത്ത വിധത്തിൽ ഗഹനങ്ങളായ ആശയങ്ങളെ അത്ര ഹൃദയാവജ്ജകമായ രീതിയിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. "ക്രിസ്തുവിനോടുകൂടി ഞാൻ ക്രൂശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ എൻെറ പീഡകളുടെ നടുവിൽ ഞാൻ സമാധാനത്താലും ഉന്നതമായ സന്തോഷത്താലും പൂരിതനാണ്. എന്തുകൊണ്ടെന്നാൽ, ജീവിക്കുന്നതു് എനിക്കു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു" എന്നു വി. അപ്പസ്തോലനോടുകൂടി അദ്ദേഹത്തിനു ന്യായമായി പറയാം.

വിശുദ്ധൻെറ മനോജ്ഞങ്ങളായ വാക്യങ്ങൾ ഉദ്ധരിക്കുകയാണെങ്കിൽ അതൊരിക്കലും അവസാനിക്കുകയില്ല. അദ്ദേഹത്തിൻെറ അവസാനത്തേ മുൻകരുതലിനെ ഇപ്പോൾ നമുക്കു പരാവൎത്തനം ചെയ്യാം. എന്തുകൊണ്ടെന്നാൽ, അതിനു വിശദീകരണങ്ങളൊന്നും ആവശ്യമില്ല.

# അദ്ധ്യായം 19.

## ഒമ്പതാമത്തെ നിർദ്ദേശം.

### ശരീരത്തിനെതിരായ മൂന്നാമത്തെ മുൻകരുതൽ.

പുണ്യാഭ്യാസങ്ങളിൽ നിന്നുളവാകുന്ന മാധുര്യത്തിൽ മാത്രം ദത്തശ്രദ്ധനാകുകയോ അതിൽ അമിതമായ പ്രതിപത്തി കാണിക്കുകയോ ചെയ്യാതെ വിഷമപൂർണ്ണവും ദുഷ്കരവുമായവയേയും സസന്തോഷം അംഗീകരിക്കുക. പുണ്യാഭ്യാസങ്ങളിൽ നിന്നുളവാകുന്ന സന്തോഷത്തെ നീ കാംക്ഷിക്കുന്നെങ്കിൽ സ്വസ്നേഹത്തെ നീ ഒരിക്കലും നിഗ്രഹിക്കുകയോ ദൈവസ്നേഹം ആർജ്ജിക്കുകയോ ചെയ്യുകയില്ല. ഇതാണ് ശരീരത്തിനെതിരായി വിശുദ്ധൻ ഉപദേശിക്കുന്ന മൂന്നാമത്തെ മുൻകരുതൽ. കഴിഞ്ഞ അദ്ധ്യായത്തിലെ ഉപദേശംകൊണ്ട് — അതായതു് ആദ്ധ്യാത്മികാഭ്യാസങ്ങളുടെ നിർവ്വഹണത്തിൽ നിന്നുളവാകുന്ന സന്തോഷത്തെപ്രതി ഒന്നും പ്രവർത്തിക്കരുതെന്ന നിർദ്ദേശം കൊണ്ട് — കർമ്മലയിലെ താപസൻ തൃപ്തനാകുന്നില്ല. ഇതിലാകട്ടേ, സന്തോഷപ്രദവും സുകരവുമായവയെ അപേക്ഷിച്ച് ദുഃഖകരവും ദുഷ്കരവുമായവ തിരഞ്ഞെടുക്കണമെന്ന് അദ്ദേഹം നമ്മെ ഉപദേശിക്കുന്നു. ദൈവതിരുമനസ്സിനോടുള്ള കീഴ്വഴക്കത്തെപ്രതി അവയെ സ്വീകരിക്കണമെന്നു മാത്രമല്ല, നാം സ്നേഹിക്കുകയും മതിക്കുകയും ചെയ്യുന്ന ഒരു വസ്തുവിനെപ്പോലെ അവയെ പ്രണയിക്കുകയും അന്വേഷിക്കുകയും ചെയ്യണമെന്നും വിശുദ്ധൻ ശുപാർശചെയ്യുന്നു. തൻെറ പഠനങ്ങളെ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അദ്ദേഹം നല്കുന്ന പ്രഥമ പാഠങ്ങളാണിവ. ദൈവത്തിൻെറ മഹത്വത്തിനും ബഹുമാനത്തിനും വേണ്ടിയല്ലാത്തതും ഇന്ദ്രിയങ്ങൾക്കു നാം പ്രദാനം ചെയ്യുന്നതുമായ സംതൃപ്തിയെ, സ്വഭക്ഷണപാനീയങ്ങൾ തൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നതാണെന്ന്

അരുളിച്ചെയ്യുകയും വേറെ യാതൊരു സന്തോഷവും സംതൃപ്തിയും അന്വേഷിക്കാതിരിക്കുകയും ചെയ്ത ഈശോയോടുള്ള സ്നേഹത്തെപ്രതി നാം ത്യജിക്കണം. ഉദാഹരണമായി, ദൈവമഹത്വത്തിന്ന് ഉപകരിക്കാത്ത ഏതെങ്കിലും ശ്രവിക്കുവാൻ നമുക്കാഗ്രഹമുണ്ടാകുന്നെങ്കിൽ ആ സന്തോഷം നാം കാംക്ഷിക്കരുത്; പറയുന്നതു ശ്രവിക്കയുമരുത്. ദൈവത്തോടു കൂടുതല ടുക്കുവാൻ ഉപയുക്തമല്ലാത്തതും, സ്വതേ ഇമ്പകരവുമായ കാഴ്ചകൾ കാണുവാനവസരമുണ്ടായാൽ, ആ സന്തോഷവും നാം തേടരുത്; അതു കാണുകയുമരുത്. സംസാരത്തിലും മറ്റെല്ലാ സമ്പർക്കങ്ങളിലും ഇപ്രകാരംതന്നെ പ്രവർത്തിക്കുക. മററിന്ദ്രിയങ്ങളെ സംബന്ധിച്ചും ഈവിധമുള്ള ആശാനിഗ്രഹം തന്നെ കഴിവുപോലെ അഭ്യസിക്കുക.

ഈ പ്രസ്താവന ബാഹ്യേന്ദ്രിയങ്ങളെ സംബന്ധിച്ചാണ്. ആത്മാവിൻെറ വികാരങ്ങളെ സംബന്ധിച്ചും ഇതേവിധം തന്നെ വർത്തിക്കണമെന്നാണ വിശുദ്ധൻെറ ആഗ്രഹം. ഇക്കാര്യസാദ്ധ്യാർത്ഥം താഴെപ്പറയുന്ന സുപ്രസിദ്ധതത്വങ്ങൾ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു.

1) ഏററം സുഗമമായവയല്ല ഏററം ദുഷ്കരമായവ എപ്പോഴും അന്വേഷിക്കുക.

2) ഏററം ആനന്ദപ്രദമായവയല്ല ഏററം അരോചകമായവ ആരായുക.

3) സന്തോഷസന്ദായകമായവയല്ല, യാതൊരു സന്തോഷവുമില്ലാത്തവയെ പിഞ്ചെല്ലുക.

4) ആശ്വാസപ്രദങ്ങളായവയ്ക്കുപകരം ദുഃഖകാരണങ്ങളെ തിരഞ്ഞുകൊള്ളുക.

5) വിശ്രമം നല്കുന്നവയല്ല, അദ്ധ്വാനം ആവശ്യപ്പെടുന്നവയെ അന്വേഷിക്കുക.

6) മഹാകാര്യങ്ങളല്ല, അഗണ്യങ്ങളായവയെ കണ്ടെത്തുവാൻ ശ്രമിക്കുക.

7) ഉന്നതവും അനർഘവുമായവയല്ല, ഹീനവും നിന്ദ്യവുമായവയെ പ്രാപിക്കുവാൻ യത്നിക്കുക.

8) യാതൊന്നും ആഗ്രഹിക്കാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുക.

9) ഉത്തമമായവ പരിത്യജിച്ചു മോശമായവ അഭിലഷിക്കുക.

10) യാതൊന്നിനോടും പ്രേമമില്ലാതെ മിശിഹായെ പ്രതി ദരിദ്രനും ശൂന്യനും ആയിരിക്കുവാനാഗ്രഹിക്കുക.

പൂർണ്ണ ഹൃദയത്തോടുകൂടെ ഇപ്രകാരമുള്ള ഒരവസ്ഥയെ നാം ആശ്ലേഷിക്കുകയും മനസ്സ് അതിനെ അംഗീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈവിധമുള്ള പരിശ്രമങ്ങളിൽ നമ്മുടെ ഹൃദയം സദാ വ്യാപൃതമായിരിക്കുകയാണെങ്കിൽ നമ്മുടെ ജോലികൾ ക്രമമായും വിവേകപൂർവ്വവും നിർവ്വഹിച്ചുകൊണ്ട്, അല്പകാലത്തിനുള്ളിൽ വലിയ സന്തോഷവും സമാധാനവും അതിൽ നാം കണ്ടെത്തും.

പ്രസ്താവിതതത്വങ്ങളുടെ സംഗ്രഹമാണ് ഈ അവസാനത്തേ മുൻകരുതൽ. ഇതനുസരിച്ചു നാം എല്ലായ്പ്പോഴും എല്ലായിടത്തും സുഗമങ്ങളായവയ്ക്കു പകരം വിഷമങ്ങളായവയും; ആനന്ദപ്രദവും ആയാസരഹിതവും ആശ്വാസകരവുമായവയ്ക്കു പകരം അനിഷ്ടകരവും അധ്വാനപൂർണ്ണവും ഉപദ്രവജനകവുമായവയും, നമ്മെ ഉയർത്തുകയും ബഹുമാനാർഹരാക്കിത്തീർക്കുകയും ചെയ്യുന്നവയ്ക്കു പകരം നമ്മെ താഴ്ത്തുകയും എളിമപ്പെടുത്തുകയും ചെയ്യുന്നവയും ആശ്ലേഷിക്കേണ്ടിയിരിക്കുന്നു. തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കുള്ളപ്പോൾ ബഹുമാനാർഹരാക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നവയെ മററുള്ളവർക്ക് വിട്ടുകൊടുത്തുകൊണ്ട്, എളിമപ്പെടുന്നതിനും പരിത്യാഗം അഭ്യസിക്കുന്നതിനും പര്യാപ്തമായവയെ നമുക്കായി സ്വീകരിക്കണമെന്നു വിശുദ്ധൻ നമ്മോടാവശ്യപ്പെടുന്നു.

ശാരീരികമോ മാനസികമോ, ആത്മികമോ ആയി നമുക്കനുഭവപ്പെടുന്ന കഷ്ടതകളെ സന്തോഷപൂർവ്വം സ്വീകരി

ക്കുന്നതിനുള്ള ഒരുത്തമ പോംവഴിയാണ് ഈ ഉപദേശം. അനിവാര്യമായ കഷ്ടതകളെ വീരോചിതമായ ക്ഷമയോടും സഹനത്തോടുംകൂടെ ആശ്ലേഷിക്കുന്നതും, നമുക്കും നമ്മുടെ കടമകൾക്കും മദ്ധ്യേ ഒരു പ്രതിബന്ധമായി പരിണമിക്കുന്ന കഷ്ടതകളെ സുധീരം അഭിമുഖീകരിക്കുന്നതും പുണ്യസമ്പാദനത്തിനു മതിയായ മാർഗ്ഗങ്ങളാണ്. ഉടനടിയും സന്തോഷത്തോടുകൂടെയും ജീവിതത്തിലെ സാധാരണ കൃത്യങ്ങൾ നിർവ്വഹിക്കത്തക്കവണ്ണം പീഡികളുടെമേൽ ആധിപത്യം പ്രാപിച്ചിരിക്കുന്നവനും, വിഷമങ്ങളോ പ്രതിബന്ധങ്ങളോ തൻെറ കൃത്യനിർവ്വഹണത്തിനു നിഘ്നമാകാത്തവനുമായ മനുഷ്യൻ സാക്ഷാൽ മഹാനും സാമാന്യമായി വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമാണ്. തങ്ങളുടെ അനുദിന കൃത്യനിർവ്വഹണത്തിനു പീഡകൾ സാധാരണക്കാരെ അശക്തരാക്കിത്തീർക്കുന്നു. അതിനാൽ കഷ്ടതകൾ ആരുടെ സമാധാനത്തേയും സന്തോഷത്തേയും മനശ്ശക്തിയേയും ഹനിക്കാതിരിക്കുന്നുവോ അവനാണു യഥാർത്ഥത്തിൽ ഏററം ഉത്തമൻ. ദൈവത്തെപ്രതി എല്ലാ കഷ്ടതകളേയും വിഷമങ്ങളേയും ജയിക്കത്തക്ക ഒരു മനഃസ്ഥിതി നമ്മിൽ ഉളവാക്കുന്നതിൽ കൂടുതലായി ഒന്നും തന്നെ ആവശ്യമില്ല പുണ്യസമ്പാദനത്തിന്, എന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

എന്നാൽ ഇതുകൊണ്ടും വി. യോഹന്നാൻക്രൂസ് തൃപ്തനാകുന്നില്ല. പീഡകളിൽ നമുക്കൊരഭിരുചി ഉണ്ടായിരിക്കണമെന്നും നാം അത്യധികം ആഗ്രഹിക്കുന്ന ഒരു വസ്തുവെന്നോണം അതിനെ നാം അന്വേഷിക്കുകയും ആശ്ലേഷിക്കുകയും ചെയ്യണമെന്നും വിശുദ്ധൻ നമ്മോടാവശ്യപ്പെടുന്നു. പീഡകളേയും വേദനകളേയും സ്നേഹിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുക എന്നതു സ്വഭാവത്തിനു വിരുദ്ധമായി നമുക്കു തോന്നിയേക്കാം. നന്മയെന്നു പരിഗണിക്കപ്പെടുന്ന ഏതെങ്കിലും ഒന്നിൻെറ അഥവാ, സഹിക്കുന്നയാൾ തനിക്കുപയുക്തമെന്നു കരുതി മതിക്കുന്ന ഒരു വസ്തുവിൻെറ, അഭാവമാണു വേദന. അതിനാൽ

പീഡ അനുഭവസ്ഥനു് ഒരു തിന്മയാണെന്നു് വിശുദ്ധ തോമ്മാസ് അകചിനാസ് പറയുന്നു.

എന്നാൽ ആ വിശുദ്ധ് മല്ലാൻതന്നെ പ്രസ്താവിക്കുന്നതു പോലെ പീഡ അതിൻെറ ഉപഭോക്താവിനു് ഒരു തിന്മ യാണെങ്കിലും ധാരാളം നന്മകൾക്കു കാരണമായിത്തീരു ന്നുണ്ടു്. ഈ അർത്ഥത്തിൽ പീഡകളുടെ ഉദ്ദേശ്യം ഗ്രഹിക്കുന്ന വർ അതിനെ സ്നേഹിക്കുകയും മതിക്കുകയും ചെയ്യും. നഷ്ട പ്പെട്ട ആരോഗ്യം പുനഃപ്രാപിക്കുവാൻ ഒരു രോഗി കയ്പു ള്ളതും അരുചികരവുമായ മരുന്നു സേവിക്കുവാനാഗ്രഹിക്കുന്നു. അതുപോലെതന്നെ സ്വജീവനെ രക്ഷിക്കുവാൻ തൻെറ അവയ വങ്ങളിലൊന്നു ഛേദിച്ചുകളയേണ്ടതു് ആവശ്യകമാണെന്നറി ഞ്ഞാൽ കേടു ഭവിച്ച ആ അവയവം വിഛേദിക്കുവാൻ പോകുന്ന ഡോക്ടരോടു രോഗിക്കു നീരസം തോന്നുമോ? പീഡകളെ സംബന്ധിച്ചും ഇപ്രകാരം തന്നെയാണു സംഭവി ക്കുന്നതു്. ശാരീരികവും മാനസികവുമായ യാതൊരു കഷ്ട തയും പ്രകൃത്യാ അഭികാമ്യമായ ഒരു നന്മയായി യാതൊരു വിശുദ്ധനും പ്രഖ്യാപനം ചെയ്തിട്ടില്ല. പീഡകൾ താഴെപ്പറ യുന്ന ചതുർവ്വിധനന്മകൾക്കു നിദാനമാകയാൽ അവർ അവയെ സ്നേഹിക്കുകയും നമുക്കുപദേശിക്കുകയും ചെയ്തിരിക്കുന്നു.

ഒന്നാമതായി, പീഡകൾ പാപങ്ങളെ പരിഹരിക്കുകയോ നമ്മെ വിശുദ്ധീകരിക്കുകയോ ചെയ്യുന്നു. നമ്മുടെ ഏതെങ്കിലും വാസനയെയോ ആഗ്രഹങ്ങളെയോ തൃപ്തിപ്പെടുത്തുവാൻ നിയമവിരുദ്ധമായി പ്രവർത്തിക്കുമ്പോഴെല്ലാം നാം നീതിക്കു കടക്കാരായിത്തീരുന്നു. ന്യായരഹിതമായ ആ സന്തോഷം എത്ര വലുതായിരിക്കുമോ തദനുസരണം നമ്മുടെ കടവും വലുതായിരിക്കും. അതിനാൽ, "അവൾ എത്രമാത്രം സ്വയം മഹത്വപ്പെടുത്തുകയും സുഖഭോഗങ്ങളനുഭവിക്കാൻ ഇഷ്ടപ്പെടു കയും ചെയ്തുവോ അത്രത്തോളം പീഡകളും ദുഃഖങ്ങളും അവൾക്കു നിങ്ങൾ വരുത്തുവിൻ" എന്നു വെളിപാടിൽ നാം

 വായിക്കുന്നു. ഗൗരവമായ ക്രമക്കേടുകളെ സംബന്ധിച്ചു മാത്ര

മല്ല, നമ്മുടെ അനുദിനജീവിതത്തിൽ അഗണ്യമായി കരുതപ്പെടുന്ന ധാരാളമായ അപൂർണ്ണതകളെ സംബന്ധിച്ചും ഇതു പരമാർത്ഥമാണ്. അല്പസന്തോഷത്തിനോ ചില വിഷമതകളിൽ നിന്നൊഴിയുന്നതിനോവേണ്ടി പ്രധാനങ്ങളായ കടമകളെ നാം പലപ്പോഴും അവഗണിക്കാറുണ്ട്. ഈ ഓരോ ക്രമക്കേടുകളും എത്ര നിസ്സാരമായിരുന്നാലും അവയ്ക്കനുസരണമായ പീഡകളുടെയോ കഷ്ടതകളുടെയോ കടം നാം നമ്മുടെ മേൽ വരുത്തിവെയ്ക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, "കളിയായിട്ടു പറയപ്പെടുന്ന ഒരു വാക്കിൽനിന്നു നാം അനുഭവിക്കുന്ന സന്തോഷത്തിനുപോലും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരും" എന്നു ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കുന്നു.

ഒരു മനുഷ്യൻെറ ജീവിതം എത്ര ക്രമീകൃതമെന്നു തോന്നിയാലും അതു് ഇപ്രകാരമുള്ള നിസ്സാരകുറവുകളാൽ നിബിഡമാണ്. അതിനാലത്രേ "അസംഖ്യം തിന്മകൾ എന്നെ ചുററിയിരിക്കുന്നു; എൻെറ പാപങ്ങൾ എന്നെ പിടികൂടി. എനിക്കു കാണാൻ സാധിച്ചുമില്ല" (Ps. 40-12) എന്നു ദാവീദു പറഞ്ഞിരിക്കുന്നതു്. ഇവയിൽ ഒന്നുപോലും ദൈവനീതിയാൽ ശിക്ഷിക്കപ്പെടാതിരിക്കയില്ല. "നമ്മിൽ ഓരോരുത്തനും നമ്മെക്കുറിച്ചുതന്നെ ദൈവത്തിനു കണക്കു കൊടുക്കേണ്ടിവരും" (Rom. XIV - 12). ഓരോരുത്തൻെറയും പ്രവൃത്തിയെ അഗ്നി പരിശോധിക്കും (I Cor. IV - 13) എന്ന വി. പൗലോസിൻെറ വാക്കുകൾ ഇതിനെ സ്ഥിരീകരിക്കുന്നു.

ക്രമരഹിതമായ ഏതു സ്നേഹത്തിനും—അവ എത്ര നിസ്സാരമായിരുന്നാലും — പരിഹാരമായി ഇഹത്തിൽവെച്ചു പ്രശാന്തമായ സ്നേഹാഗ്നിയിൽക്കൂടെയോ, പരത്തിൽ ദഹിക്കുന്ന അഗ്നിയിൽക്കൂടെയോ നാം കടന്നുപോകേണ്ടിയിരിക്കുന്നു. സ്വയമേവ തിരഞ്ഞെടുക്കുന്ന തപഃക്രിയകൾകൊണ്ടോ ക്രമരഹിതമായ ഈ സന്തോഷങ്ങൾക്കനുസരണമായ പീഡകളെ സന്തോഷപൂർവ്വം സഹിച്ചുകൊണ്ടോ ഈ ജീവിതത്തിൽ

വച്ചുതന്നെ നാം ശുദ്ധീകരിക്കപ്പെടാതിരുന്നാൽ നിഷ്കൃഷ്ടമായ നീതിക്കനുസരണമായി പരത്തിൽ നാം ശുദ്ധീകരിക്കപ്പെടും. "തപസ്സുചെയ്യുന്നില്ലെങ്കിൽ നാം കത്താവിൻെറ കൈകളിലകപ്പെടും" (Ecclesiastics) പരത്തിൽ നമ്മെ ശുദ്ധീകരിക്കുന്നതിനെക്കാൾ വളരെ എളുപ്പമാണ് ഇഹത്തിൽ വച്ചുതന്നെ അതു നിവ്വഹിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഇഹത്തിൽവച്ചു നാം ചെയ്യുന്ന തപസ്സ് സ്വതന്ത്രവും, സ്വയമേവ തിരഞ്ഞെടുക്കുന്നതുമാണ്. മാത്രമല്ല, അനന്തനന്മയായിരിക്കുന്ന കത്താവു്, നാം ഹൃദയപൂവ്വം ചെയ്യുന്ന നിസ്സാര തപഃക്രിയകളാൽ സംപ്രീതനായി നമ്മുടെ പാപങ്ങളെല്ലാം വിസ്മരിച്ചുകൊള്ളും. അതിനാൽ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു, "നിൻെറ ശത്രു ന്യായാധിപസന്നിധിയിലേക്കു നിന്നെ വലിച്ചുകൊണ്ടുപോകുകയും ന്യായാധിപൻ സേവകനെ ഏല്പിക്കുകയും സേവകൻ നിന്നെ കാരാഗൃഹത്തിലടയ്ക്കുകയും ചെയ്യാതിരിക്കേണ്ടതിന്ന് അവനോടുകൂടെ നീ അധികാരിയുടെ അടുക്കലേക്കു പോകുമ്പോൾ—വഴിയിലായിരിക്കുമ്പോൾത്തന്നെ—കണക്കുതീൎത്തു് അവനിൽ നിന്നു മോചനം പ്രാപിക്കുവാൻ ശ്രമിക്കുക. അല്ലാതിരുന്നാൽ ഒടുവിലത്തെ കാശുപോലും കൊടുത്തു വീട്ടുന്നതുവരെ നീ അവിടെ നിന്നു പുറത്തു വരികയില്ലെന്നു ഞാൻ നിന്നോടു പറയുന്നു. (Luke. XII, 58, 59).

ലോകപാപത്തിന്നായി ദിവ്യരക്ഷകൻ പരിഹാരം ചെയ്തുവെന്നതു വാസ്തവംതന്നെ. എങ്കിലും വി. പൗലോസ് കൊലോസോസ്കാരോട് "നിങ്ങൾക്കുവേണ്ടിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുകയും മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ എൻെറ ശരീരത്തിൽ ഞാൻ പരിഹരിക്കുകയും ചെയ്യുന്നു" (Colo. 1-9) എന്നു പറഞ്ഞിരിക്കുന്നതും പരമാത്ഥമാണ്. നമ്മുടെ കത്താവിൻെറ പീഡകൾ നമുക്കു ഫലപ്രദമായിത്തീരേണ്ടതിനു നമ്മുടെ സഹകരണം മാത്രമേ ആവശ്യമുള്ളൂ. സ്നേഹത്തോടുകൂടി സഹിക്കുന്ന പീഡകൾക്കു വളരെ പരിഹാരശക്തിയുള്ളതിനാൽ പീഡകൾ സ്പൃഹ

ണീയങ്ങളത്രേ. ഇക്കാരണത്താലാണ് പീഡകളുടെ യഥാൎത്ഥ വില അറിഞ്ഞിട്ടുള്ളവർ തങ്ങളുടെ പാപങ്ങളാൽ പ്രകമ്പിതമായ ദൈവനീതിയെ ശാന്തമാക്കുന്നതിനു് എല്ലാവിധ കഷ്ടതകളേയും ജാഗ്രതയോടെ അന്വേഷിക്കുകയും സ്നേഹത്തോടുകൂടെ ആശ്ലേഷിക്കുകയും ചെയ്യുന്നതു്.

രണ്ടാമതായി, ഏററെക്കുറെ പാപകരമായ എല്ലാ സന്തോഷങ്ങളും ആത്മാവിനെ ദൈവനീതിയുടെ കടക്കാരനാക്കുക മാത്രമല്ല, അവ ആത്മാവിനെ വിരൂപവും ബലഹീനവുമാക്കുകകൂടി ചെയ്യുന്നു. ആദം അനുഭവിച്ച ന്യായരഹിതമായ പ്രഥമ സന്തോഷത്തിന്റെ ഫലം മനുഷ്യസ്വഭാവത്തെ വളരെയധികം അലങ്കോലപ്പെടുത്തി. ആ ദുഷ്ഫലം ഇന്നും മനുഷ്യസ്വഭാവത്തിന്റെ അംശമായിരിക്കുകയും ചെയ്യുന്നു. നിൎഭാഗ്യവശാൽ ഇപ്രകാരം വന്നുഭവിച്ച നമ്മുടെ ആന്തരികവൈരൂപ്യം സ്വകീയമായ ക്രമക്കേടുകളാൽ നാം വൎദ്ധമാനമാക്കുന്നു.

ഉദാഹരണമായി നവയൌവ്വനവും സൌന്ദൎയ്യവും ബുദ്ധിശക്തിയും സൽഗ്ഗുണങ്ങളും ഒത്തിണങ്ങിയ ഒരു മനുഷ്യനെ സങ്കല്പവേദിയിൽ നിറുത്തുക. അവന്റെ ഈ സ്വാഭാവിക സൌകുമാൎയ്യത്തെ വിശ്വാസവും നന്മയും വൎദ്ധിപ്പിക്കുന്നു. ഇവന്റെ സംഭാഷണം ആത്മാവിനെ ആനന്ദിപ്പിക്കുകയും ഉന്നതങ്ങളിലേക്കുയൎത്തുകയും ചെയ്യുന്നു. ഭാഗ്യശാലിയായ ഈ വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ നിരീക്ഷണം തുടരാം. ഏതെങ്കിലും തരത്തിലുള്ള പീഡകൾ അവന്റെ സഹായത്തിനു വരുന്നില്ലെങ്കിൽ ഈ ഉന്നതനിലയിൽതന്നെ സ്ഥിതിചെയ്യുവാൻ അവനു സാധിക്കുകയില്ല. ആകർഷകങ്ങളായ പല ഗുണങ്ങളും അവനുണ്ടെങ്കിലും ഇത്ര വലിയ സൌഭാഗ്യം അനുഭവിക്കുകയിൽ സ്നേഹത്തോടുകൂടെ സഹിക്കുവാനൊന്നും ഇല്ലാതിരുന്നാൽ അവൻ അധഃപതിക്കുമെന്നതു നിസ്തൎക്കമത്രേ. കുറേക്കാലം കഴിഞ്ഞു് അവനെ സൂക്ഷിക്കുക. അപ്പോൾ അവൻ മററുള്ളവരെ ആകൎഷിക്കുകയോ തൃപ്തിപ്പെടുത്തുകയോ ചെയ്യുകയില്ല. കാരണം, ഈ സൽഗ്ഗുണങ്ങൾക്കു് ഉപരിയായി അതൃപ്തി

ജനകമായ എന്തോ പ്രത്യക്ഷപ്പെട്ടും. അവനിൽ പല നന്മകളു മുണ്ടെങ്കിലും അവൻെറ സ്വഭാവം സൂക്ഷ്മമായി പഠിക്കുമ്പോൾ അവനെ ഏററം വെറുക്കത്തക്ക കാരണങ്ങൾ അവനിൽ നാം കാണുവാൻ തുടങ്ങും. അവൻ ഒരേസമയത്തുതന്നെ അന്യരെ ആകർഷിക്കുകയും ബഹിഷ്ക്കരിക്കുകയും ചെയ്യുന്നു. ഇതിനു കാരണം ഇഹത്തിൽ യഥായോഗ്യം സഹിക്കുന്ന പീഡകളാൽ ബലപ്പെടുത്തപ്പെടാത്ത സന്തോഷം സ്വാർത്ഥ ത്തേയും നിഗളത്തേയും ഉത്ഭൂതമാക്കി വളർത്തുന്നു എന്നതുത്രേ. ദീർഘനാളത്തേക്കു് ഒററയായി സ്ഥിതിചെയ്യാത്ത ഈ ദുർഗ്ഗുണ ങ്ങൾ സ്വാഭാവികമായിത്തന്നെ മനുഷ്യനെ ബലഹീനനും അത്യധികം വിരൂപനുമാക്കിത്തീക്കും.

പ്രത്യുത, ഒരിക്കലും അധൈര്യത്തിനധീനരാകാതെ പീഡകളാൽ ശോധനചെയ്യപ്പെട്ടിട്ടുള്ള ആളുകളിലേക്കു നമ്മു ടെ ദൃഷ്ടികളെ തിരിക്കാം. അവരിൽ ചിലർ വളരെ മഹാ മനസ്കരാണു്. അതിനാൽ ഇഹത്തിൽവച്ചു് അരിഷ്ടതക ളാൽ അവരെത്രമാത്രം പീഡിപ്പിക്കപ്പെടുന്നുവോ അത്രയധി കം സ്നേഹത്തോടുകൂടെ അവർ തങ്ങളുടെ ദൃഷ്ടികൾ സ്വർഗ്ഗ ത്തിലേക്കു തിരിക്കുന്നു. തങ്ങളുടെ സ്നേഹവും ക്ഷമയും തീക് ഷ്ണതരമാക്കുവാൻ പീഡകൾ അവരെ സഹായിക്കുന്നു. അവ രുടെ സ്വാഭാവികഗുണങ്ങൾ ദീർഘനാളത്തേക്കു പരിരക്ഷി ക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, അവ കൂടുതൽ മനോഹ രങ്ങളും പൂർണ്ണങ്ങളുമായ ഇതര സുകൃതങ്ങളായി അവർ രൂപാന്ത രപ്പെടുത്തുന്നു. നഭോമണ്ഡലത്തിൽ നിന്നു സൂര്യൻ തിരോഭവി ക്കുമ്പോൾ ആകാശത്തെയും പവ്വതാഗ്രങ്ങളെയും പ്രകാശിപ്പി ക്കുവാൻ ഒരു മങ്ങിയ വെളിച്ചത്തെ അതു് അവശേഷിപ്പി ക്കുന്നു. ഈ ചേതോഹരമായ കാഴ്ച സംസ്കൃതമാനസരായ വിശുദ്ധാത്മാക്കളിൽ അഗാധവും മനോജ്ഞവുമായ വികാര ങ്ങളെ ഉണത്തുന്നു. പീഡകളുടെ അത്ഥം മനസ്സിലാക്കി സ്നേഹപൂവ്വം അവയെ സഹിക്കുന്ന ഒരാത്മാവിനു കഷ്ടത കൾ നേരിടുമ്പോൾ പല സന്തോഷങ്ങളും നഷ്ടമാകാമെ

ങ്കിലും തദ്ദ്വപരി ശ്രേഷ്ഠങ്ങളായ പല സന്തോഷങ്ങളും അവ പ്രദാനം ചെയ്യാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, പീഡകരം ആത്മാവിനെ സ്വാതന്ത്ര്യവിമുക്തമാക്കി, ന്യായരഹിതമായ എല്ലാ ആഗ്രഹങ്ങളുടെയും ശൃംഖലങ്ങളിൽനിന്നു് അതിനെ വിശുദ്ധീകരിക്കുന്നു: അഗാധമായ വിശുദ്ധിയോടും, ബഹുമാനത്തോടും ഹൃദയസ്വാതന്ത്ര്യത്തോടും പരിപൂർണ്ണമായും മറവുള്ളവരെ സ്നേഹിക്കുവാനും തദ്വാരാ സ്വർഗ്ഗത്തിലെ വിശുദ്ധാത്മാക്കളെ ഒരുവിധത്തിൽ അനുകരിക്കുവാനും പീഡകരം ആത്മാവിനെ പ്രാപ്തമാക്കുന്നു.

ധാരധാരയായി കണ്ണുനീർ ചിന്താതെയും വളരെയധികം സഹിക്കാതെയും ഈ ഉന്നതസ്ഥാനത്തെത്തുക ആക്കും സാദ്ധ്യമല്ല. ഈ ജീവിതത്തിൽ ആത്മാവിനെ ഉയർത്തുന്ന രണ്ടു ചിറകുകളാണു പീഡകളും സ്നേഹവും. പീഡകരം കൂടാതുള്ള ആനന്ദം ആത്മാവിൻെറ വളർച്ചയെ തടയുന്നു; സ്നേഹം കൂടാതുള്ള സഹനം അതിനെ കയ്പുനിറഞ്ഞതും നിന്ദ്യവുമാക്കിത്തീർക്കുന്നു. സ്നേഹത്താൽ മാധുര്യപൂർണ്ണമാക്കി പരിരക്ഷിക്കപ്പെടുന്ന പീഡകളാണു് ആത്മാക്കളെ വിശുദ്ധീകരിക്കുവാനും അലങ്കരിക്കുവാനും ആവശ്യം. ഇങ്ങനെ ഇഹത്തിൽ വച്ചു് അവർ വിശുദ്ധീകൃതരാകുന്നില്ലെങ്കിൽ പരത്തിൽ അവർ ശുദ്ധീകരിക്കപ്പെടേണ്ടിവരും. അതിനാൽ 'സ്നേഹാഗ്നിയുടെ അന്ധകാരരാത്രി' എന്നു വിശുദ്ധൻ പറയുന്ന പീഡകരം വഴിയായി ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ടവർ ഇഹത്തിൽതന്നെ ശുദ്ധീകരിക്കപ്പെടണമെന്നാണു് വി. യോഹന്നാൻക്രൂസും ആഗ്രഹിക്കുന്നതു്.

പാപഫലമായ കറകളിൽനിന്നു് ആത്മാക്കളെ ശുദ്ധീകരിക്കുക എന്നതാണു് ശുദ്ധീകരണസ്ഥലത്തിൻെറ അന്ത്യം. പാപക്കറകളിൽ നിന്നൊരിക്കൽ വിമുക്തരായാൽ ശുദ്ധീകരാഗ്നിക്കു് ആത്മാക്കളുടെമേൽ യാതൊരു ശക്തിയുമില്ല. ദഹിപ്പിക്കുന്ന ഈ അഗ്നിയുടെ മദ്ധ്യേ ആത്മാക്കരം സ്ഥിതി ചെയ്താലും അവരെ അല്പംപോലും ഉപദ്രവം ഏല്പിക്കുവാൻ ഈ

അഗ്നിക്കു് ശക്തിയുണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, "പരിഹരിക്കേണ്ട പാപക്കറകൾ ഒന്നും അവരിലില്ലാതിരിക്കയും സ്വർഗ്ഗത്തിൽ ദൈവമഹത്വത്തോടു് ഏകീഭവിക്കുവാൻ അവർ യോഗ്യരായിത്തീരുകയും ചെയ്യുന്നുവെങ്കിൽ ശുദ്ധീകരാഗ്നിക്കു് ആത്മാക്കളുടെമേൽ യാതൊരു ശക്തിയുമില്ല." കാരണം, പാപങ്ങളത്രേ ഈ അഗ്നിയുടെ വിറകു്. വിറകു കത്തിദഹിച്ചശേഷം ദഹിപ്പിക്കുവാൻ യാതൊന്നും അവശേഷിക്കുന്നുമില്ല. ഇതുതന്നെയാണു് ഇവിടെയും സംഭവിക്കുന്നതു്. "എല്ലാ അപൂർണ്ണതകളും പരിഹരിക്കപ്പെട്ടശേഷം ആത്മാക്കളുടെ പീഡകൾ അവസാനിക്കുകയും ഏതൽസ്ഥാനത്തു് ഇഹത്തിൽ അനുഭവിക്കാവുന്നിടത്തോളം ആനന്ദം അനുഭവപ്പെടുകയും ചെയ്യുന്നു."

തന്നിമിത്തം ഇഹത്തിൽവച്ചുതന്നെ തന്റെ ശുദ്ധീകരണം അനുഭവിക്കുവാൻ ധൈര്യമുള്ള ആത്മാവിനു പീഡകൾ ഒരു പ്രത്യേക ദൈവദാനമാണു്. ഈ സ്നേഹാഗ്നി വഴിയായി ആത്മാവു തന്റെ ശുദ്ധീകരണകാലാവധി കുറയ്ക്കുകയും ഇഹത്തിൽവച്ചുതന്നെ വിശുദ്ധിയിൽ വളരെ പുരോഗമിക്കുകയും ചെയ്യുന്നതിനാൽ ശുദ്ധീകരാഗ്നിക്കു് അതിന്റെമേൽ യാതൊരു കർത്തവ്യവുമില്ല. നമുക്കിനിയും നമ്മുടെ വി. പിതാവിനെ ശ്രവിക്കാം. "അന്ധകാരമയമായ സാക്ഷാൽ അഗ്നി പരത്തിൽ ആത്മാക്കളെ എപ്രകാരം വിശുദ്ധീകരിക്കുമോ, അതേവിധം തന്നെ അന്ധകാരമയമെങ്കിലും സ്നേഹയോഗ്യവും ആത്മീയവുമായ അഗ്നി – പീഡകൾ – തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കളെ ഇഹത്തിൽവച്ചു ശുദ്ധീകരിക്കുന്നു. പരത്തിൽ അഗ്നിയാലാണു വിശുദ്ധീകൃതരാകുന്നതെങ്കിൽ ഇഹത്തിൽ സ്നേഹത്താലാണു വിശുദ്ധീകരിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്നതു് എന്ന വ്യത്യാസമേയുള്ളൂ. പീഡകളെപ്പററി ഇത്ര ഉൽകൃഷ്ടമായ അഭിപ്രായമുണ്ടായിരുന്ന വിശുദ്ധന്മാർ സഹിക്കുവാൻ തീവ്രമായി ആഗ്രഹിച്ചിരുന്നുവെന്നതു് ഒരത്ഭുതമല്ല.

മൂന്നാമതായി, പീഡകളുടെ ആജ്ഞാപകമായ പ്രചോദകശക്തിയാണു് അതിനെ അഭികാമ്യമാക്കിത്തീർക്കുന്നതു്. ബാഷ്പകണങ്ങളെപ്പോലെ ശക്തിയുള്ളതായി യാതൊന്നുമില്ലെന്നു സന്മാർഗ്ഗശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതു് എത്രയും വാസ്തവമാണു്. സ്നേഹിക്കുകയും സഹിക്കുകയും ചെയ്യുന്ന ഒരാത്മാവിൻെറ ഭാഷയാണു കാപട്യരഹിതമായ കണ്ണുനീർതുള്ളികൾ. എന്തുകൊണ്ടെന്നാൽ, സ്നേഹംകൂടാത്ത സഹിക്കുന്നവൻ സാധാരണയായി കരയുകയല്ല, ദൈവദൂഷണം പറയുകയത്രേ ചെയ്യുന്നതു്. കണ്ണുനീരിൻെറ ഈ ഭാഷ – അതു നിഷ്ഫലപ്രായമായിരിക്കുമ്പോൾ – വളരെ പ്രേരകശക്തിയുള്ളതാണു്. അതിനാൽ അതിനെ പ്രതിരോധിക്കുവാൻ സാധിക്കുന്ന ആളുകൾ മിക്കവാറും ഇല്ലതന്നെ. പ്രാർത്ഥനാപരവും ക്ഷമാപൂർവ്വകവും വിശിഷ്യാ സ്നേഹസമന്വിതവുമായ പീഡകളുടെ മുമ്പിൽ ഹൃദയം ആർദ്രമായിത്തീരണമെന്നാണു് ദൈവചിത്തം. ഒരു പുഞ്ചിരികൊണ്ടു കഴിയാത്തതു കണ്ണുനീർകൊണ്ടു സാധിക്കുന്നു. മന്ദസ്മിതം തൂകിക്കൊണ്ടു ചോദിക്കുന്ന ഒരുവനു നല്കപ്പെടാത്തതു കണ്ണുനീരോടുകൂടി ചോദിക്കുന്നവനു ലഭിക്കുന്നു.

ദൈവത്തെ സംബന്ധിച്ചും ഇതു വാസ്തവമാണു്. മനുഷ്യഹൃദയങ്ങളിൽ കാണപ്പെടുന്ന ഈ ഗുണവിശേഷത്തിൽനിന്നു ദൈവത്തിൻെറ കാരുണ്യം നാം ഗ്രഹിക്കണമെന്നത്രേ അവിടുന്നാഗ്രഹിക്കുന്നതു്. പീഡകൾ സഹിക്കുന്നവനോടുകൂടി ആയിരിക്കുന്നതിൽ അവിടുന്നു സന്തോഷിക്കുന്നു എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. പീഡിതർ തന്നെ സമീപിക്കുമ്പോൾ ദൈവം അവനെ ഉപേക്ഷിക്കുകയില്ല. "നിൻെറ ഹൃദയം ആർദ്രമാകുകയും എൻെറ മുൻപാകെ കരയുകയും ചെയ്കയാൽ ഞാൻ നിന്നെ ശ്രവിച്ചിരിക്കുന്നു" എന്നു കർത്താവു് അരുളിച്ചെയ്തു. ശ്ലോമ്മോൻ പറയുന്നു: "മനുഷ്യദൃഷ്ടിയിൽ അവർ ഉഗ്രപീഡകൾ സഹിച്ചിരുന്നുവെങ്കിലും അമരത്വത്തിൽ (Immortality) അവർ വളരെ ശരണപ്പെട്ടിരുന്നു. (Wisd. III-4)

വി. പൗലോസും സന്തോഷസമേതം ഇപ്രകാരം ഉൽഘോഷി ക്കുന്നു. ഇക്കാരണത്താൽ ഞാൻ ഇവ സഹിക്കുന്നു. ഞാൻ ലജ്ജി ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഞാൻ ആരെയാണു വിശ്വ സിക്കുന്നതെന്നു് എനിക്കറിയാം." (2 Tim. 1—12) അരൂപി യിൽ ദരിദ്രരും കരയുന്നവരും, നീതിയെപ്രതി വിശപ്പും ദാഹവും സഹിക്കുന്നവരും, നിന്ദയും പീഢകളുമനുഭവിക്കുന്ന വരും, ചുരുക്കത്തിൽ പീഢകഠം സഹിക്കുന്നവരെല്ലാം ഭാഗ്യ വാന്മാരാകുന്നുവെന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്തിരിക്കുന്നു. ദൈവതിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ടു സഹിച്ച ഓരോ പീഢയ്ക്കും, മഹത്തായ സമ്മാനം അവിടുന്നു വാഗ്ദാനം ചെയ്തി ട്ടുണ്ടു്. പീഢിതരോടു് അനുകമ്പാപൂർവ്വം വർത്തിക്കുന്നവർക്കു് പ്രത്യേകദാനങ്ങഠം അവിടുന്നു വാഗ്ദാനംചെയ്യുന്നു. "അഹങ്കാരി കളുടെ കൈകളാൽ പീഢിപ്പിക്കപ്പെടുന്നവരെ വിമോചി ക്കുക. എന്നാൽ നീ അത്യുന്നതന്റെ പുത്രനെന്നു പരിഗണിക്ക പ്പെടുകയും ഒരു മാതാവു കാണിക്കുന്നതിനെക്കാഠം കൂടുതൽ അനുഗ്രഹം അവിടുന്നു നിന്നോടു കാണിക്കുകയും ചെയ്യും" (Eccl. IV - 9, 10)

പീഢിതരോടുള്ള സഹതാപംകൊണ്ടാണു സുവിശേഷ ത്തിൽ വിവരിച്ചിട്ടുള്ള എല്ലാ അത്ഭുതങ്ങളുംതന്നെ കർത്താവു പ്രവർത്തിച്ചിട്ടുള്ളതു്. ദുഃഖിതയായി തന്റെ ഏകസുതന്റെ ശവമഞ്ചത്തെ അനുഗമിച്ച ഒരു മാതാവും, മരണം പ്രാപിച്ച സ്വപുത്രിയെപ്പററി വിലപിച്ചിരുന്ന ഒരു പിതാവും, തങ്ങ ളുടെ സഹോദരന്റെ കുഴിമാടത്തുങ്കൽ ആശ്വാസരഹിത രായി കരഞ്ഞിരുന്ന ഇരുസഹോദരികളും, അവിടുത്തെ കരു ണയ്ക്കു പാത്രീഭവിച്ചു. ഈ മൂന്നു മഹാസങ്കടങ്ങഠം ദിവ്യ രക്ഷകന്റെ ആർദ്രഹൃദയത്തെ സ്പർശിക്കനിമിത്തം മരിച്ചവരെ ഉയിർപ്പിക്കുകയെന്ന മൂന്നു മഹാത്ഭുതങ്ങഠം പ്രവർത്തിക്കുവാൻ അവിടുന്നു പ്രേരിതനായി. എന്തുകൊണ്ടെന്നാൽ, വിശ്വാസവും സ്നേഹവും വിശുദ്ധിയുമുള്ള ഹൃദയങ്ങളുടെ നെടുവീർപ്പുകഠം

 ദൈവം ഒരിക്കലും അവഗണിക്കുകയില്ല. ദൈവം സർവ്വ

ശക്തനാണെങ്കിലും പീഡിതനായ പാവപ്പെട്ട മനുഷ്യനാൽ പരാജിതനാക്കപ്പെടുന്നു. അതിനാൽ തന്റെ ദീർഘദർശിവഴിയായി ദൈവം അരുളിച്ചെയ്യുന്നു: "പർവ്വതങ്ങൾ മാററപ്പെടുകയും കുന്നുകൾ ഇളകുകയും ചെയ്യും; എങ്കിലും കൊടുങ്കാററിലകപ്പെട്ട് യാതൊരാശ്വാസവുമില്ലാതെ വലയുന്ന സാധുമനുഷ്യാ, എന്റെ കരുണ നിന്നിൽനിന്നു മാററപ്പെടുകയില്ല" (ഇസയ്യാസ് IV - 10). ദൈവത്തെ സ്വാധീനപ്പെടുത്തുവാൻ സ്നേഹത്തോടുകൂടി സഹിക്കുന്ന പീഡകൾപോലെ ശക്തിയുള്ളതു മറെറാന്നുമില്ല.

പീഡകൾ നമ്മെ ഈശോമിശിഹായോടനുരൂപപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, വി. പൗലോസിന്റെ അഭിമതമനുസരിച്ച്, തന്റെ പുത്രനോടനുരൂപ്യമുള്ളവരെയത്രേ ദൈവം തന്റെ മഹത്വത്തിൽ ഭാഗഭാക്കുകളാക്കുന്നത്. പീഡകളിലായിരിക്കണം ഈ ആനുരൂപ്യം. കാരണം, "എന്റെ പിന്നാലെ വരുവാൻ മനസ്സുള്ളവൻ തന്നെത്തന്നെ പരിത്യജിച്ച് എല്ലാ ദിവസവും തന്റെ കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ" (ലൂക്കാ. IX - 23) എന്ന് എല്ലാവരോടുമായി അരുളിച്ചെയ്തിരിക്കുന്നതു ക്രിസ്തുതന്നെയാണ്. "തന്റെ കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്ത ഒരുവനും എനിക്കു യോഗ്യനല്ല" (മത്തായി X - 38). മിശിഹായ്ക്കുവേണ്ടി വല്ലതും സഹിക്കുവാൻ സാധിക്കുന്നതു വലിയ അനുഗ്രഹമായി വിശുദ്ധന്മാർ കരുതിയതെന്തുകൊണ്ടാണെന്നു കണ്ടാലും! വിശുദ്ധ പൗലോസ് പിലിപ്പായക്കാരോട് ഉപദേശിക്കുന്നതുപോലെ "മിശിഹായിൽ നിസ്സംശയം വിശ്വസിക്കുവാൻ മാത്രമല്ല, പിന്നെയോ അവനെപ്രതി പീഡയനുഭവിക്കുവാനും ദൈവത്തിലാകുന്നു നിങ്ങൾക്കു വരം നല്കപ്പെട്ടിരിക്കുന്നത്" (Phil. 1 - 29). ദൈവത്തെപ്രതി സഹിപ്പാൻ അവസരം ലഭിക്കുന്നതിനനുസരണമായി മാത്രം വലിയ വിശ്വാസതീക്ഷ്ണതയുള്ള ആളുകൾ ജീവിതത്തെ വിലമതിക്കുന്നു. ദൈവത്തിനുവേണ്ടി സഹിക്കുകയെന്നതു സ്വർഗ്ഗവാസികൾക്കു നല്കപ്പെ

ടാത്ത ഒരു വലിയ അനുഗ്രഹമാണ്. ഈ ആശയംതന്നെ വി. യോഹന്നാൻക്രൂസ് മനോഹരമാംവിധം പ്രകാശിപ്പിക്കുന്നുണ്ട്. "നമുക്കുവേണ്ടി താഴ്ത്തപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്ത ഉന്നതനായ ദൈവത്തോടു കുറെയെങ്കിലും അനുരൂപപ്പെടുവാൻ ആഗ്രഹിക്കുക. എന്തുകൊണ്ടെന്നാൽ, തന്നെ നാം അനുകരിക്കുന്നില്ലെങ്കിൽ നമ്മുടെ ഐഹികജീവിതം ഭദ്രമല്ല. ക്രിസ്തുവിനുവേണ്ടി സഹിക്കാനറിയാത്തവനെന്തറിയാം. ഉഗ്രവും വേദനകരവുമായ പീഡകൾ ധാരാളം സഹിക്കുവാൻ അവസരം ലഭിക്കുന്നവൻെറ ഭാഗ്യം വളരെ വലുതാണ്. (Max. 85-86)

മനുഷ്യർക്ക് ഒരിക്കലും ഗ്രഹിക്കാൻ കഴിയാത്തവിധം അത്ര വലുതായ സ്നേഹത്താലും കയ്പുനിറഞ്ഞ പീഡാനുഭവങ്ങളാലും ലോകത്തെ രക്ഷിക്കുവാനായി നമ്മുടെ കർത്താവീശോമിശിഹാ കുരിശിന്മേൽ ഉയർത്തപ്പെട്ടു. അന്നുമുതൽ കുരിശ് സ്നേഹത്തിൻെറയും പീഡകളുടെയും അടയാളമായിത്തീർന്നു. ഇതാണു വിശുദ്ധന്മാർക്കു കുരിശിനോട് അപ്രതിഹതമായ ഒരാകർഷണം ഉണ്ടാകുവാൻ കാരണം. മിശിഹായുടെ കുരിശിനെ ദ്വേഷിക്കുന്നവർ ഇനിയും ഉണ്ടെന്നുള്ള വിചാരത്താൽ വി. പൗലോസ് വിലപിക്കുന്നു: "എന്തുകൊണ്ടെന്നാൽ, മററുവിധത്തിൽ നടക്കുന്ന പലരുണ്ട്. അവരെപ്പററി നിങ്ങളോടു പല പ്രാവശ്യം ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഞാൻ കരഞ്ഞുകൊണ്ടു പറയുന്നു. അവർ മിശിഹായുടെ കുരിശിൻെറ ശത്രുക്കളാകുന്നു." (Phil. III - 18) കുരിശിൽ മാത്രമേ അദ്ദേഹം സന്തോഷവും മഹത്വവും കണ്ടെത്തിയിരുന്നുള്ളു. "നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ മററൊന്നിലും അഭിമാനം കൊള്ളുവാൻ എനിക്കിടയാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, അവനിൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (Gal. VI – 14)

കുരിശുകൂടാതെ ജീവിക്കുന്നതെങ്ങനെയെന്നു വിശുദ്ധ യോഹന്നാൻക്രൂസിനു് അജ്ഞാതമായിരുന്നു. അതിനാൽ

തന്റെ ഒരാത്മീയപുത്രിക്ക് അദ്ദേഹം ഇപ്രകാരം എഴുതി: സ്നേഹത്തിന്റെ മരണം നാം മരിക്കുന്നതുവരെ നമ്മുടെ ആത്മനാഥനെപ്പോലെതന്നെ കുരിശുകളും നമ്മെ ഒരിക്കലും വിട്ടകലുന്നില്ലെന്നുള്ളതു വളരെ സമുചിതമായിരിക്കുന്നു. വലിയ ത്യാഗങ്ങൾ നാം തനിക്കു സമർപ്പിക്കുകയും കൂടുതൽ സഹിക്കുവാൻ നാം യോഗ്യരായിത്തീരുകയും ചെയ്യേണ്ടതിനു്, നാം വളരെ കാര്യമായി മതിക്കേണ്ട കുരിശുകളോടു നമുക്കുള്ള സ്നേഹത്തിന്റെ തോതനുസരിച്ചു ദൈവം നമ്മുടെ അഭിലാഷങ്ങളെയും പീഡകളെയും ക്രമീകരിക്കുന്നു. ജീവിതപാതയിലൂടെയുള്ള നമ്മുടെ പ്രയാണം സുകരമാക്കിത്തീക്കുവാനാവശ്യകമായ 'തീത്ഥകടമ്പു'' എന്നാണു് വി. യോഹന്നാൻക്രൂസ് കുരിശിനെ സംബോധനം ചെയ്യുന്നതു്. നമ്മുടെ ശത്രുക്കളോടെതിത്തു് അവരെ ജയിക്കുവാനുള്ള ആയുധമെന്നും, ജീവതരുവിന്റെ തടമെന്നും — അതിന്റെ ചുവട്ടിൽവച്ചു് ഈശോ മനുഷ്യസ്വഭാവം കൈവരിക്കുകയും തന്നെ സ്നേഹിക്കുന്ന ആത്മാക്കളെ അവിടുന്നു് ഇപ്പോൾ ആശ്ലേഷിക്കുകയും ചെയ്യുന്ന ജീവവൃക്ഷത്തിന്റെ തടമെന്നും — വിശുദ്ധൻ കുരിശിനെ വിളിക്കുന്നു.

ഇവയെ എല്ലാം സ്ഥിരീകരിക്കുമാറു നമ്മുടെ കത്താവു തന്നെ, തന്റെ പ്രിയപുത്രിയും നമ്മുടെ അമ്മയുമായ ഈശോയുടെ വി. ത്രേസ്യാമ്മു നല്കിയ ഏററം ഹൃദ്യമായ ആ ഉപദേശം നമുക്കിവിടെ ഉദ്ധരിക്കാം: "മകളേ, ആനന്ദിക്കുന്നതിലാണു യോഗ്യത അടങ്ങിയിരിക്കുന്നതെന്നു നീ വിചാരിക്കുന്നോ? അല്ല, പ്രവത്തിക്കുന്നതിലും സഹിക്കുന്നതിലും സ്നേഹിക്കുന്നതിലുമത്രേ. വി. പൗലോസ് പലപ്പോഴും പീഡകൾക്കധീനനായിട്ടുണ്ടെങ്കിലും, ഒന്നിലധികം പ്രാവശ്യം സ്വർഗ്ഗീയ സന്തോഷം അനുഭവിച്ചതായി നീ ഒരിക്കലും കേട്ടിട്ടില്ല. എന്റെ ജീവിതം മുഴുവനും എപ്രകാരം പീഡാസംപൂർണ്ണമായിരുന്നുവെന്നു നീ അറിയുന്നു. താബോർ മലമുകളിൽവച്ചു മാത്രമേ ഞാൻ മഹത്വീകൃതനായി നീ കേട്ടിട്ടുള്ളു. എന്റെ അമ്മ

എന്നെ കൈകളിൽ വഹിച്ചിരിക്കുന്നതു നീ കാണുമ്പോൾ കഠിനദുഃഖം കലരാത്ത സന്തോഷം അവളനുഭവിച്ചിരുന്നുവെന്നു വിചാരിക്കേണ്ട. വി. ശെമയോൻെറ പ്രവചനം ശ്രവിച്ചതു മുതൽ ഞാൻ സഹിക്കുവാനിരുന്ന പീഡകളെപ്പററി പരിപൂർണ്ണ ജ്ഞാനം എൻെറ പിതാവു് അവൾക്കു നല്കിയിരുന്നു. മരുഭൂമികളിൽ വസിച്ചിരുന്ന മഹാവിശുദ്ധന്മാർ, ദൈവപ്രേരണയാൽ മഹാ തപങ്ങൾ അനുഷ്ഠിച്ചിരുന്നു. മാത്രമല്ല, ദുഷ്ടാരൂപികളോടും തങ്ങളോടുതന്നെയും അവർ ഭയങ്കര സമരവും നടത്തി. യാതൊരാത്മീയാശ്വാസവും കൂടാതെ, പല ദിവസങ്ങൾ അവർ കഴിച്ചുകൂട്ടി. എൻെറ മകളേ! എന്നിൽ വിശ്വസിക്കുക!! എനിക്കായി ഞാൻ ആഗ്രഹിച്ചതു നിനക്കായും ആഗ്രഹിച്ചുകൊണ്ടല്ലാതെ മറേറതുവിധത്തിലാണു നിന്നോടു കൂടുതൽ സ്നേഹം കാണിക്കുവാൻ എനിക്കു സാധിക്കുക! എൻെറ മുറിവുകൾ കണ്ടാലും!! നിൻെറ പീഡകൾ ഒരിക്കലും ഇത്ര കഠിനതരങ്ങളായിരിക്കുകയില്ല. ഇതാണു സത്യത്തിൻെറ വഴി; മനുഷ്യരുടെ നാശത്തിൽ വിലപിക്കുന്നതിൽ ഇപ്രകാരം നിനക്കെന്നെ സഹായിക്കാം. അവരുടെ ചിന്തകളും ആഗ്രഹങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം ഇതിനെത്രയോ വിരുദ്ധമാണു്. ഇതാ! പീഡകളുടെ സമ്മാനം! നിൻെറ അനാരോഗ്യം നിനക്കെന്നോടു സംസാരിക്കുവാൻ തടസ്സമാകയാൽ ഞാനിതാ നിന്നോടു സംസാരിച്ചു നിന്നെ ആശ്വസിപ്പിക്കുന്നു."

ഇപ്രകാരം ദൈവത്താൽ പഠിപ്പിക്കപ്പെട്ട വി. അമ്മ ത്രേസ്യായ്ക്കു പീഡകൾ കൂടാതെ ജീവിക്കുക അസാദ്ധ്യമായിരുന്നെങ്കിൽ അതൊരത്ഭുതമല്ല. 'സഹിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യം സ്വീകരിക്കുവാൻ അവളെ പ്രേരിപ്പിച്ചതു് ഇതാണു്. പീഡകളെക്കുറിച്ചു് ഇത്ര വിശിഷ്ടമായ അഭിപ്രായം നമുക്കുണ്ടെങ്കിൽ വിശുദ്ധന്മാർക്കു പീഡകളിലുണ്ടായിരുന്ന തീക്ഷ്ണമായ ആഗ്രഹം മനസ്സിലാക്കുവാൻ നിഷ്പ്രയാസം സാധിക്കും. അവർ വിശുദ്ധന്മാരായിരുന്നുവെന്ന കാരണത്താൽ അവർ അത്യധികം സ്നേഹിച്ചിരുന്ന സമസൃഷ്ടങ്ങളെ സംബ

ന്ധിച്ചിടത്തോളം, തങ്ങളെ സംബന്ധിച്ചെന്നതിനെക്കാരം ദൈവനീതിയെ അവർ വളരെ ഭയപ്പെട്ടിരുന്നു. പീഡകരം വഴിയായി ദൈവനീതിയെ ശാന്തമാക്കി പരിഹാരം ചെയ്യുവാൻ നിഷ്പ്രയാസം സാധിക്കുമെന്നു് അവർ അറിഞ്ഞിരുന്നു. പാപം ആത്മാവിൽ വരുത്തിക്കൂട്ടുന്ന വൈരൂപ്യത്തെ ഓർത്തു് അവർ ഹൃദയപൂർവ്വം വിലപിച്ചു. അതേസമയംതന്നെ ആത്മാവിനെ കഴുകി ശുദ്ധമാക്കി ധാരാളമായി ദൈവാനുഗ്രഹം അതിന്മേൽ വർഷിപ്പിക്കുവാൻ പീഡകരംക്കുള്ള അസാധാരണ ശക്തിയും അവർ വേണ്ടപോലെ ഗ്രഹിച്ചിരുന്നു. ദുഃഖങ്ങളുടെ മനുഷ്യനായ മിശിഹായെ പൂർണ്ണമായി അനുകരിക്കുന്നതിലത്രേ – ഇഹത്തിലാരംഭിച്ചു വർദ്ധമാനമാക്കിയില്ലെങ്കിൽ പരത്തിൽ അപ്രാപ്യമായ ഈ ആനുരൂപ്യം, പ്രാപിക്കുന്നതിലത്രേ – മനുഷ്യൻെറ ഏററം വലിയ മഹത്വം അടങ്ങിയിരിക്കുന്നതെന്ന വസ്തുതയും അവക്കു സുജ്ഞാതമായിരുന്നു.

ഇക്കാരണങ്ങളാലത്രേ ലോകത്തിൻെറ ചിന്താഗതിക്കും ആഗ്രഹങ്ങരംക്കും വിശുദ്ധന്മാർ പ്രതികൂലികളായിരുന്നതു്. അവർ പീഡകളെ സഗാഢം സ്നേഹിക്കുകയും, വെറുപ്പോടെ അകന്നുമാറുവാൻ ലോകം അതിൻെറ സകല കഴിവുകളും വിനിയോഗിക്കുന്നവയെ, അവർ അതിതാല്പര്യത്തോടെ അന്വേഷിക്കുകയും ചെയ്തു. മനുഷ്യർ ഭോഷത്വവും നിന്ദ്യവും സങ്കടകരവുമായി കരുതുന്നവയെ വിശുദ്ധന്മാർ ബുദ്ധിപൂർവ്വകവും ബഹുമാനയോഗ്യവും സന്തോഷപ്രദായകവുമായി കരുതി. വിശുദ്ധന്മാരും വിശ്വാസതീക്ഷ്ണതയുള്ളവരും പ്രവർത്തിച്ചവയെല്ലാം – അവരുടെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും – എത്ര യുക്തിയുക്തവും സമുചിതവുമായിരുന്നുവെന്നു പീഡകളോടുള്ള ഈ വലിയ മതിപ്പു വിശദമാക്കുന്നു. അതേസമയംതന്നെ വിശുദ്ധന്മാരുടേതിൽനിന്നു തീർത്തും വിഭിന്നമായ അഭിപ്രായഗതികളോടുകൂടിയ ലോകായതികന്മാരുടെ വിചാരങ്ങളും പ്രവൃത്തികളുംകൂടി ഇതു സുവ്യക്തമാക്കിത്തീക്കുന്നു,

ദൈവത്തിനായി ആത്മാപ്പണം ചെയ്യുവാനും രക്ഷകൻെറ പദാന്തികേ പലപ്പോഴും അണയുവാനും ഭാഗ്യം ലഭിച്ചിരിക്കുന്ന നമുക്കു്, പീഡകളുടെ രഹസ്യത്തെക്കുറിച്ചും, അവയുടെ മറവിൽ ദൈവം നിഗൂഹനം ചെയ്തിരിക്കുന്ന വിശിഷ്ട ദിവ്യദാനങ്ങളെക്കുറിച്ചും അജ്ഞരാണെന്നു് ഒഴിവുകഴിവു പറയുവാൻ നിവൃത്തിയില്ല. നാം സന്യാസം സ്വീകരിക്കുകയിൽ ക്ഷമാപൂവ്വം സഹിക്കുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നവയെ—ബലഹീനമായ മനുഷ്യപ്രകൃതിക്കു് അസഹ്യമായ പീഡകളെ—കൈവരിക്കുവാൻ വിമുഖത പ്രദശിപ്പിക്കുവാനും നമുക്കു നിവൃത്തിയില്ല. വികാരത്താൽപോലും പിന്തിരിയുന്നതു ഭീരുത്വവും, പീഡകളുടെ വഴിയെ നമുക്കു മുന്നോടിയായി നടന്ന ദിവ്യരക്ഷകനോടു ചെയ്യുന്ന ഒരു ദ്രോഹവുമായിരിക്കും. മാത്രമല്ല, നമ്മുടെ നിത്യസമ്മാനം നമുക്കു നഷ്ടപ്പെടുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, 'കലപ്പയ്ക്കു കൈവച്ച ശേഷം പിന്തിരിഞ്ഞുനോക്കുന്നവൻ സ്വഗ്ഗരാജ്യത്തിനു യോഗ്യനല്ല' എന്നു ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്തിരിക്കുന്നു. അവിടുന്നു വീണ്ടും പറയുന്നു: "സ്വഗ്ഗരാജ്യം ബലപ്രയോഗത്തിനു വശംവദമാണു്; ബലവാന്മാർ അതിനെ ബലത്താൽ പിടിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു" (Math. IX - 12). സ്വഗ്ഗത്തിലേക്കുള്ള മാഗ്ഗം ഇടുങ്ങിയതും നിരപ്പില്ലാത്തതുമാകുന്നു. അതിൽക്കൂടെയുള്ള പ്രയാണത്തിൽ നമ്മുടെ കാൽ വഴുതിപ്പോകുകയോ അധൈര്യംമൂലം നാം ക്ഷീണിതരായിത്തീരുകയോ ചെയ്യുവാൻ നാം ആഗ്രഹിക്കുന്നില്ലെങ്കിൽ 'പീഡകളും ആശാനിഗ്രഹങ്ങളു'മാകുന്ന ഊന്നുവടിയെ നാം ആശ്രയിക്കേണ്ടതു് അവശ്യാവശ്യകമത്രേ.

കയ്പുനിറഞ്ഞതും അരുചികരവും, ഒരു പക്ഷെ നമ്മുടെ കടമകഠം ശരിയായി നിവ്വഹിക്കുവാൻ പ്രതിബന്ധമായേക്കാവുന്നവയുമായവയെ ക്ഷമാപൂവ്വം സഹിച്ചാൽ മാത്രം പോരാ, പ്രത്യുത, അനിഷ്ടകരവും വ്യസനഹേതുകവുമായവയെ, ആരായുകയും ജഡികേച്ഛകളെ കീഴടക്കുവാനുള്ള ഉപ

കരണമായി അവയെ ആശ്ലേഷിക്കുകയും ചെയ്യണമെന്നു നമ്മുടെ വി. പിതാവു് ഉപദേശിക്കുന്നതിൻെറ കാരണം ഇപ്പോഠം നമുക്കു പൂൎണ്ണമായി ഗ്രഹിക്കുവാൻ കഴിയും. അപ്ര കാരം നാം പ്രവൎത്തിക്കാതിരുന്നാൽ സ്വസ്നേഹത്തെ കീഴ ടക്കുകയോ ദൈവസ്നേഹം ആൎജ്ജിക്കുകയോ ചെയ്യുകയില്ല. സാമാന്യശ്രദ്ധയോടും വലിയ വിശ്വസ്തതയോടുംകൂടി ഈ മുൻകരുതൽ നാം അനുസരിക്കുന്നെങ്കിൽ അതിവേഗം പരി പൂൎണ്ണതയിൽ ഗണ്യമായ അഭിവൃദ്ധി നാം പ്രാപിക്കും. ഈ അദ്ധ്യായത്തിൽ വിവരിച്ചവയെ കൂടുതൽ സുഗ്രഹമാക്കുവാൻ അവയെ സംക്ഷേപിച്ചു പറയാം.

സാധാരണ നമുക്കനുഭവപ്പെടുന്ന വിഷമങ്ങളും ക്ലേശ ങ്ങളും മൂന്നിനത്തിൽപ്പെടുന്നു. (1) നമ്മുടെ ജീവിതാന്തസ്സു നേരിട്ടു നമ്മുടെമേൽ ചുമത്തുന്നവ. (2) ഓരോരുത്തരുടേയും വ്യക്തിപരമായ സാഹചര്യങ്ങളിൽനിന്നു് ഉളവാകുന്നവ. (3) നമ്മുടെ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കുന്നവ. നിയ മങ്ങഠം കൃത്യമായി അനുസരിക്കുന്നതിൽനിന്നും അധികാരി കളെ അനുസരിക്കുന്നതിൽനിന്നും ഉളവാകുന്ന എല്ലാ വിഷമ ങ്ങളും ഒന്നാമത്തേ ഇനത്തിൽപ്പെടുന്നു. ഉപവാസം, പ്രായ ശ്ചിത്തം, ഏകാന്തം, സ്വേച്ഛാനിഗ്രഹം, ദീൎഘപ്രാൎത്ഥന തുടങ്ങി സന്യാസജീവിതത്തെ സംബന്ധിക്കുന്നവയെല്ലാം ഇതി ലടങ്ങും. ഓരോരുത്തരും ഇതു നല്ലവണ്ണം ഗ്രഹിച്ചിരിക്കണം. അതിനാൽ വ്രതാനുഷ്ഠാനംവഴി ഏതെങ്കിലും ഒരു സന്യാസ ജീവിതമുറയോടു സ്വയം ബദ്ധനാകുന്നതിനുമുമ്പു താൻ ഏറെ ടുക്കുവാൻപോകുന്ന കടമയെപ്പററി ഓരോരുത്തരും പലപ്പോഴും നന്നായി ധ്യാനിച്ചു ഗ്രഹിക്കണം. ചില പ്രത്യേകാവസരങ്ങ ളിലൊഴികെ, അധികാരിയിൽനിന്നുള്ള ന്യായ്യമായ അനുമതി കൂടാതെ, വ്രതംമൂലം സ്വയം സ്വീകരിക്കുന്ന കടമകളുടെ നിൎവ്വഹണത്തിൽനിന്നു വിമുക്തരാകുവാൻ ആരും ശ്രമിക്കരുതു്. എന്തുകൊണ്ടെന്നാൽ, ഈ കടമകഠം എത്ര പ്രയാസമുള്ളതാ യിരുന്നാലും ഒരുവൻെറ ജീവിതാന്തസ്സിൽ അവ അന്തൎലീന

മായിരിക്കുന്നു. അതിനാൽ ഈ വിഷമങ്ങളിൽനിന്നു പിൻവാങ്ങു വാൻ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ സ്വജീവിതാന്തസ്സിൽ അവനുള്ള അസ്ഥിരത അവൻ വെളിപ്പെടുത്തുകയത്രേ ചെയ്യുന്നതു്.

അവ ആരംഭം മുതൽ അവനു് അനിഷ്ടകരമായിരുന്നെങ്കിൽ അവയെ അനുസരിക്കുവാൻ വ്രതംമൂലം അവൻ സ്വയം കടപ്പെടുത്തിയതെന്തിനു്? ആദ്യം അവ വളരെ ശ്രേഷ്ഠമായി തോന്നിയെങ്കിൽ ഇപ്പോഠം അല്പം അസൗകര്യത്തെ ഭയന്നു കൃത്യനിർവ്വഹണത്തിൽനിന്നു പിന്മാറത്തക്കവണ്ണം അവയെ അവൻ നിസ്സാരമായിക്കരുതുന്നതെന്തുകൊണ്ടു്? വിശുദ്ധ പൗലോസ് ഗാലാത്തിയക്കു് എഴുതിയ ലേഖനത്തിൽ "നിങ്ങഠം ആത്മാവിലാരംഭിച്ചിട്ടു് ഇപ്പോഠം ജഡത്തിൽ അവസാനിപ്പിക്കത്തക്കവണ്ണം ഇത്ര ഭോഷന്മാരാകുന്നുവോ?" (Gal. III - 3) എന്ന ചോദ്യം ഇവരോടും ചോദിക്കാവുന്നതാണു്. അതിനാൽ നിയമങ്ങഠം കൃത്യമായി അനുസരിക്കുന്നതിൽനിന്നു് ഉളവാകുന്ന എല്ലാ വിഷമങ്ങളും ആശ്ലേഷിക്കുന്നതിലത്രേ ആശാനിഗ്രഹത്തിൻെറ ഒന്നാമത്തേ പദവി അടങ്ങിയിരിക്കുന്നതു്. ക്രമാനുസരണത്തിൽ അശ്രദ്ധനും നിസ്സാരകാരണങ്ങളെപ്രതി പൊതു പ്രാൎത്ഥന മുതലായ കൂട്ടക്രമങ്ങളിൽ നിന്നൊഴിയുവാൻ ശ്രമിക്കുന്നവനും നമ്മുടെ യഥാൎത്ഥമായ സഹതാപത്തെ അർഹിക്കുന്നു. സന്യാസപൂൎണ്ണതയാകുന്ന ഉന്നതപൎവ്വതത്തിലേയ്ക്കുള്ള ചവിട്ടുപടികളിലൊന്നുപോലും അവൻ ഇനിയും കയറിയിട്ടില്ല. ഈ മുൻകുറുതലുകളൊന്നും അവനെ സംബന്ധിക്കുന്നതുമല്ല. കാരണം സന്യാസപരിപൂൎണ്ണതയുടെ ദുൎഗ്ഗമപഥം തരണം ചെയ്യുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന സന്യാസികളോടാണു വി. യോഹന്നാൻക്രൂസ് ഉപദേശിക്കുന്നതു്. നിയമങ്ങഠം ബാഹ്യമായി അനുസരിക്കുവാൻ ശ്രമിക്കാത്തവൻ കൎമ്മലസഭാചൈതന്യം പ്രാപിക്കുവാൻ ഇനിയും യത്നം ആരംഭിച്ചിട്ടില്ലെന്നുള്ളതു സുവിദിതമത്രേ. വ്രതവാഗ്ദാനത്താൽ സ്വയം ഏറെറടുക്കുന്ന കടമകഠം നിർവ്വഹിക്കുവാനല്ല നീ സന്യാസത്തിൽ

പ്രവേശിച്ചതെങ്കിൽ, സഭയിൽ പ്രവേശിക്കുവാൻ നിനക്കൊരു കാരണവും ഇല്ലായിരുന്നു; ലോകസന്തോഷങ്ങളും ബഹുമാനവും കീർത്തിയും സ്വാതന്ത്ര്യപൂർവ്വം അന്വേഷിച്ചുകൊണ്ടു ലോകത്തിൽ ജീവിക്കുകയായിരുന്നു ഉത്തമം എന്ന ഭയങ്കരവാക്കുകൾ അവർ കേൾക്കേണ്ടിവരും.

രണ്ടാമത്തേ തരം ക്ലേശങ്ങൾ നമ്മുടെ മനസ്സിനെയോ സഭാനിയമങ്ങളെ നേരിട്ടോ സംബന്ധിക്കുന്നില്ല; പ്രത്യുത, നമ്മുടെ സാഹചര്യങ്ങളത്രേ അവയ്ക്കു കാരണം. രോഗം, സ്ഥലസംബന്ധമായ അസൗകര്യങ്ങൾ, ജോലികൾ മുതലായവ ഇതിനുദാഹരണങ്ങളാണ്. വിവിധങ്ങളായ ഈ സാഹചര്യങ്ങൾ വളരെ പ്രയോജനകരമായ ഒരുതരം തപസ്സിനുള്ള അവസരം നമുക്കു പ്രദാനം ചെയ്യുന്നു. നിയമങ്ങളെ അനുപദം ലംഘിക്കുന്നു എന്നു തോന്നാതിരുന്നാലും ചില നിയമങ്ങളിൽനിന്നു്, വിശിഷ്യാ അധികാരികളുടെ അനുമതി ആവശ്യമുള്ള ചിലതിൽനിന്നു് ആന്തരാത്മത്തിൽ ഒഴിഞ്ഞുമാറുവാൻ നാം ശ്രമിച്ചുവെന്നു വന്നേക്കാം. അനിഷ്ടകരമായ ഒരു ജോലിക്കു പകരം നമ്മുടെ സ്വഭാവത്തിനനുയോജ്യമായ ഒന്നു തിരഞ്ഞെടുക്കുക, നാം ഇഷ്ടപ്പെടുന്ന സ്ഥലത്തേക്കു മാറുവാൻ ശ്രമിക്കുക മുതലായവ ഇതിനുദാഹരണമാണ്.

ഈ വിധമുള്ള രോഗങ്ങൾക്കെല്ലാം ഒരൊന്നാംതരം പ്രത്യൗഷധമാണു വി. യോഹന്നാൻക്രൂസിൻെറ അവസാനത്തേ മുൻകരുതൽ. നമുക്കു നേരിടുന്ന വിഷമങ്ങളൊന്നും പരിത്യജിക്കാതിരിക്കുന്നതു് ഉത്തമമാണ്. മഹാമനസ്കതയോടെ അവയെ നാം സ്വീകരിക്കണം. മദ്ധ്യേമാർഗ്ഗം നേരിട്ടേക്കാവുന്ന എല്ലാ വിഷമതകളേയും എതിരിടുവാൻ സന്നദ്ധമായ ഒരാത്മാവു് സ്വാർത്ഥപരമായ എല്ലാ അഭിലാഷങ്ങളേയും പരിത്യജിക്കുകയും പ്രതിബന്ധങ്ങളോടെതിർത്തു ജയിക്കുകയും ചെയ്യുന്നെങ്കിൽ പരിപൂർണ്ണതാശൃംഗത്തിൻെറ അത്യുച്ചിയിൽ അതിവേഗം ചെന്നെത്തുകതന്നെ ചെയ്യും.

പീഡകളെപ്പററിയുള്ള ഭയം നീങ്ങി, അവയുടെ അനന്ത

യോഗ്യത ശരിയായി ഗ്രഹിച്ച് അവയെ, വിശിഷ്യാ, ആത്മീയവും സാന്മാർഗ്ഗികവുമായവയെ സ്നേഹിക്കുകയും ആരായുകയും ചെയ്യുന്നവൻ ഏററം ഭാഗ്യവാനാണ്. നഷ്ടധൈര്യരാകുന്നില്ലെങ്കിൽ നിഗളത്തിനും സ്വാതന്ത്ര്യത്തിനും എതിരായ ക്ഷതങ്ങൾ എത്ര കഠിനമോ അത്രയും നല്ലതും അത്യുത്തമവുമായ തപഃക്രിയയത്രേ അവ. എല്ലാ സംഗതിയിലും, വിശിഷ്യാ, ആത്മീയവും സാന്മാർഗ്ഗികവുമായവയിൽ നമുക്കനിഷ്ടകരമായവയെ അന്വേഷിക്കണമെന്നു വി. യോഹന്നാൻക്രൂസ് ഉപദേശിക്കുന്നതും ഇതിനാലാണ്. ശാരീരികതപഃക്രിയകൾ, പ്രത്യേകിച്ചു നിയമം കല്പിക്കുന്നവ, വളരെ നല്ലതുതന്നെ. സ്വമേധയാ മററു തപഃക്രിയകൾ അന്വേഷിക്കുന്നതു് അല്പം അപകടകരമാണ്. സ്വസ്നേഹത്തിനു ലഭിക്കുന്ന പ്രഹരങ്ങൾ ഇപ്രകാരം അപകടകരങ്ങളല്ല. പ്രത്യുത, അവ ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനപ്രദങ്ങളാണ്. അധൈര്യവും വെറുപ്പും കൂടാതെ അവയെ സഹിക്കുന്ന മനുഷ്യൻ സാക്ഷാൽ അഭിനന്ദനീയൻതന്നെ. എന്നാൽ അവയെ ആഗ്രഹിച്ചന്വേഷിക്കത്തക്കവണ്ണം പുണ്യത്തിൽ പുരോഗമിച്ചിട്ടുള്ളവർ പുണ്യവാന്മാരുടെ ഗണത്തിൽപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ആഗ്രഹിക്കുകയും ധൈര്യപൂർവ്വം സഹിക്കുകയും ചെയ്യുന്ന പീഡകൾക്കു്, പുണ്യത്തിൽ പുരോഗമിപ്പിക്കുവാൻ അത്ഭുതജനകമായ ശക്തിയുണ്ടു്.

ഇപ്രകാരമുള്ളവർക്കു പീഡകൾ മാധുര്യപൂർണ്ണവും ഉപകാരപ്രദവുമാണ്. കാരണം, കഠിനതരമായ പീഡകൾ സൂക്ഷ്മജ്ഞാനത്തെ ഉളവാക്കുകയും ദൈവികജ്ഞാനത്തിൻെറ ഉള്ളറകളിലേക്കു കടക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. ആത്മാവു് ആഗ്രഹിക്കുകയും തൻെറ ആശ്വാസം നിക്ഷേപിക്കുകയും ചെയ്യുന്ന ആഭ്യന്തരവും ബാഹ്യവുമായ പീഡകളുടെ മദ്ധ്യേ-കുരിശാകുന്ന വാതലിലൂടെ-കടന്നുപോകാതെ, ദൈവത്തിൻെറ അനന്തനിക്ഷേപങ്ങളുടെ ജ്ഞാനം നമുക്കൊരിക്കലും പ്രാപ്യമല്ലെന്നു നാം ഗ്രഹിച്ചിരുന്നെങ്കിൽ! ഈ ജ്ഞാനനിക്ഷേ

പങ്ങളുടെ മാധുര്യം പലരും ആഗ്രഹിക്കുന്നുണ്ടെങ്കിലും അതിൽ പ്രവേശിക്കുവാൻ ചുരുക്കംപേർ മാത്രം സന്നദ്ധരാകുന്നതിൻെറ കാരണം ഇതാണു്.

കുരിശിൻെറ മഹാസ്നേഹിതനായ ഈ ആദ്ധ്യാത്മിക ഗുരുവിൻെറ ഉപദേശസംഗ്രഹം ഉള്ളടക്കുന്ന ഒരുദ്ധരണികൂടെ ഇവിടെ ചേർത്തുകൊണ്ടു് ഈ നിരൂപണം ഉപസംഗ്രഹിക്കാം. "യാതൊരുത്തൻ എന്നെ അനുഗമിപ്പാനാഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ചു് അവൻെറ കുരിശെടുത്തുകൊണ്ടു് എൻെറ പിന്നാലേ വരട്ടെ. എന്തുകൊണ്ടെന്നാൽ, തൻെറ ജീവനെ രക്ഷിപ്പാനാഗ്രഹിക്കുന്നവൻ അതിനെ നശിപ്പിക്കും. എന്നാൽ എന്നെയും എൻെറ സുവിശേഷത്തെയുംകുറിച്ചു തൻെറ ജീവനെ നശിപ്പിക്കുന്നവൻ അതിനെ രക്ഷിക്കും" (Mark 8-34, 35) എന്ന സുവിശേഷവാക്യം വ്യാഖ്യാനിച്ചുകൊണ്ടു വി. യോഹന്നാൻക്രൂസ് പറയുന്നു: "പലരും ശരിയെന്നു വിചാരിക്കുന്ന വ്യാപാരത്തിൽനിന്നു്, ഈ മാർഗ്ഗത്തിലൂടെയുള്ള തങ്ങളുടെ വർത്തനാരീതി എത്ര വ്യത്യസ്തമായിരിക്കുന്നുവെന്നു് ആത്മീയമനുഷ്യൻ ഗ്രഹിക്കേണ്ടതിനു് ആത്മപരിത്യാഗത്തെക്കുറിച്ചു നമ്മുടെ ദിവ്യരക്ഷകൻതന്നെ നല്കിയിരിക്കുന്ന ഈ പ്രബോധനം നല്ലവണ്ണം ഗ്രഹിക്കുകയും അഭ്യസിക്കുകയും ചെയ്യുവാൻ ആരെങ്കിലും നമ്മെ പഠിപ്പിച്ചിരുന്നെങ്കിൽ!! ലോകത്തിൽ നിന്നേതെങ്കിലും വിധത്തിലുള്ള അകൽച്ചയോ അമിതമായവയുടെ നിയന്ത്രണമോ മതിയെന്നു ചിലർ വിചാരിക്കുന്നു. പുണ്യത്തിൽ കുറെ അഭിവൃദ്ധിപ്പെട്ടതുകൊണ്ടും പ്രാർത്ഥനയിലും പരിത്യാഗത്തിലും സ്ഥിരതയോടെ വർത്തിക്കുന്നതുകൊണ്ടും മററുചിലർ തൃപ്തരാകുന്നു. എന്നാൽ അവർ ഈ ഹൃദയസ്വാതന്ത്ര്യത്തിലേയ്ക്കോ, സ്വാർത്ഥത്യാഗത്തിലേയ്ക്കോ, ആന്തരികവിശുദ്ധിയിലേയ്ക്കോ ഉയരുന്നില്ല............ സ്വാർത്ഥത്തെ നിർമ്മൂലമാക്കാതെ ആത്മീയകാര്യങ്ങളിലുള്ള സ്വകാര്യാന്വേഷണത്തെ വെടിയാതെ, ലൗകികമായവ മാത്രം ത്യജിക്കുന്നതു മതിയെന്നു് അവർ വിചാരിക്കുന്നു. അതിനാൽ

യഥാൎത്ഥമായ ഈ സുകൃതാഭ്യസനങ്ങളിലേതെങ്കിലും അവരെ അഭിമുഖീകരിക്കുമ്പോഠം അതായതു്, ആത്മീയമാധുൎയ്യം നഷ്ടപ്പെടുക, ആത്മീയാന്ധകാരം അനുഭവപ്പെടുക, അരോചകത്വം ഉണ്ടാകുക, അനൎത്ഥങ്ങഠം നേരിടുക, ഇത്യാദി യഥാൎത്ഥമായ ആന്തരികക്ലേശങ്ങളും, ക്രിസ്തുവിൻെറ ദാരിദ്ര്യത്തിൻെറ നഗ്നരൂപവും അനുഭവപ്പെടുമ്പോഠം, മരണത്തിൽ നിന്നെന്നപോലെ അവയിൽനിന്നു് അവർ ഓടിയൊളിക്കുന്നു. ആത്മീയമായി അവർ ക്രിസ്തുവിൻെറ കുരിശിൻെറ ശത്രുക്കളായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, യഥാൎത്ഥമായ നിസ്വാൎത്ഥത മാധുൎയ്യത്തെക്കാഠം കഷ്ടം ആശ്വാസത്തെക്കാഠം അധ്വാനവും സമൃദ്ധിയെക്കാഠം ദാരിദ്ര്യവുമാണു് അന്വേഷിക്കുന്നതു്; ദൈവത്തെ സ്നേഹിക്കുകയെന്നതു് ഇതത്രെ" (II. Ascent VI).

തൻെറ സ്നേഹിതന്മാരെന്നു നടിക്കുന്നവരാൽപോലും നമ്മുടെ കൎത്താവീശോമിശിഹാ യഥാൎത്ഥത്തിൽ അത്യല്പമായിട്ടു മാത്രമേ അറിയപ്പെടുന്നുള്ളു. പീഡകളുടെ പ്രണേതാവായ വി. യോഹന്നാൻെറ ഗ്രന്ഥം, നമ്മുടെ ദിവ്യരക്ഷകനേയും അവിടുത്തെ കുരിശിനേയും കുറിച്ചുള്ള സ്നേഹം നമ്മുടെ ആത്മാവുകളിൽ ജ്വലിപ്പിക്കുവാൻ ദൈവം സഹായിക്കട്ടേ! നമുക്കു് അവ പലപ്പോഴും വായിക്കുകയും, അവയെപ്പററി നല്ലവണ്ണം ധ്യാനിക്കുകയും ചെയ്യാം. പീഡകഠം ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്യത്തക്ക പരിപൂൎണ്ണത നമുക്കില്ലെങ്കിലും അനിവാൎയ്യമായ പീഡകഠം യോഗ്യതാസമ്പാദനത്തിനുള്ള മാൎഗ്ഗമായിത്തീരുവാൻവേണ്ടി ദൈവതിരുചിത്തത്തിനു വിധേയരായി അവയെ സ്വീകരിക്കുവാനുള്ള ശക്തിയെങ്കിലും ഇതു നമുക്കു തരാതിരിക്കയില്ല.

# അദ്ധ്യായം 20.

## വി. യോഹന്നാൻക്രൂസിൻെറ മുൻകരുതലുകളും കർമ്മലാരൂപിയും.

വി. യോഹന്നാൻക്രൂസ് ഒരു സന്യാസസഭ സ്ഥാപിച്ചില്ല. എന്നാൽ ഈശോയുടെ വി. ത്രേസ്യായുടെ പ്രോത്സാഹനത്താലും ആ മഹാവിശുദ്ധയുടെ നിയന്ത്രണത്താലും കർമ്മല സഭയുടെ നവീകരണം ആരംഭിച്ച അദ്ദേഹം, അതിപുരാതനമായ ആ സഭയുടെ ഒരംഗമായി വ്രതവാഗ്ദാനം ചെയ്തിട്ടുള്ളവനായിരുന്നു. ദീഘദശിയാൽ സംസ്ഥാപിതമായ ആ പ്രാചീന സഭയുടെ അരൂപിക്കനുസരണമായിട്ടാണ് അദ്ദേഹം രൂപവല്ക്കരിക്കപ്പെട്ടിരുന്നതു്. ഏതോ വലിയ കൃത്യം നിവ്വഹിക്കുവാൻ ദൈവത്താൽ നിയുക്തരായ മഹാത്മാക്കളെപ്പോലെ തന്നെ, നമ്മുടെ വിശുദ്ധനും ഒരു വിശിഷ്ടമായ ദൈവവിളിക്കു സ്വയം അനുരൂപപ്പെടുത്തുകയും അതിൻെറ വിജയത്തിനായി സ്വയം സമപ്പിക്കുകയും ചെയ്തു. അദ്ദേഹം ആ സന്യാസജീവിതത്തിൽ നവീനാചാരങ്ങൾ നടപ്പിലാക്കുകയല്ല, പ്രത്യുത, പരിശുദ്ധ കന്യകയുടെ സഭയിലെ അരൂപിയെ അതിൻെറ പൂവ്വികമായ തീക്ഷ്ണതയിലേക്കുയത്തുക മാത്രമാണു ചെയ്തതു്.

൦

അതിനാൽ കർമ്മലസഭയിലെ പഴയ അംഗങ്ങളുടെ തീക്ഷ്ണത ഉജ്ജീവിപ്പിക്കുവാൻ അദ്ദേഹം തൻെറ ആദ്യശിഷ്യന്മാക്കു നല്കിയ ഉപദേശങ്ങളിൽ, ദൈവപരിപാലനയാൽ അദ്ദേഹം അംഗമായിരുന്ന ആ സഭയുടെ അരൂപി പ്രകടമായി കാണപ്പെടുന്നു. ഇതിന്നായിട്ടാണു വിശുദ്ധൻ തൻെറ സവ്വശക്തികളും വിനിയോഗിച്ചതു്. 'മെഡിനാഡെൽകാമ്പോ'യിൽ വച്ച് അദ്ദേഹം വി. അമ്മ ത്രേസ്യായെ കണ്ടുമുട്ടിയപ്പോൾ

മുതൽ ജീവപര്യന്തമുള്ള അദ്ദേഹത്തിൻെറ പ്രവത്തനങ്ങരം അവധാനപൂവ്വം പരിശോധിച്ചാൽ നമുക്കിതു് എളുപ്പത്തിൽ മനസ്സിലാക്കാം. പുതിയ സന്യാസഭവനങ്ങരം സ്ഥാപിക്കുകയും, അവയിൽ നിവസിച്ചിരുന്നവരെ തൻെറ രേഖാമൂലമായ ഉപദേശങ്ങളാലും നിദ്ദേശങ്ങളാലും നയിക്കുകയുമായിരുന്നു ഈ മഹാത്മാവിൻെറ ജോലി.

കമ്മലസഭാചൈതന്യത്തിൽ ജീവിക്കുവാനാഗ്രഹിക്കുന്നവക്കു സ്വീകാര്യമെന്നു് ഈ പുണ്യപിതാവു നിർദ്ദേശിക്കുന്ന പൊതുവായതെങ്കിലും സവ്വപ്രധാനമായ തത്വം നാം വിമശ്നം ചെയ്തുകഴിഞ്ഞ 'മുൻകരുതലുകരം' എന്ന അദ്ദേഹത്തിൻെറ സുപ്രസിദ്ധ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ടു്. വിശുദ്ധൻെറ (Mystic works) 'മിസ്റ്റിക് കൃതികരം' സുവിശേഷോപദേശങ്ങരംക്കു് അനുസരണമായി സന്യാസഭവനങ്ങളിൽ ജീവിച്ചു പരിപൂണ്ണതയുടെ ഉന്നതപദവിക്കായി പരിശ്രമിക്കുന്ന അനുഗ്രഹീതരായ ആത്മാക്കരംക്കു സമപ്പിതമാണു്. ആ ഉന്നത സ്ഥാനത്തു വളരെ ചുരുക്കംപേർ മാത്രമേ എത്തിച്ചേരുന്നുള്ളു എന്നതു സുവിദിതമത്രേ. ഇദ്ദേഹത്തിൻെറ കൃതികളിൽ ഒന്നാമത്തേതായ 'കമ്മലമലാരോഹണ'ത്തിൽ മിക്കവാറും പൊതുവായ സംഗതികളെപ്പററിയാണു പ്രതിപാദിച്ചിരിക്കുന്നതു്. സ്വഭാവാതീതമായ ധ്യാനനിഷ്ഠയിൽ എത്തിച്ചേരുകയോ, എത്തിച്ചേരുമെന്നാശിക്കുകയോ ചെയ്യുവാൻ പാടില്ലെങ്കിലും സന്യാസപരിപൂണ്ണതയ്ക്കായി യത്നിക്കുന്നവക്കെല്ലാം ഈ ഗ്രന്ഥം വളരെ സഹായകമാണു്. എങ്കിലും വിശുദ്ധൻതന്നെ അതിൻെറ മുഖവുരയിൽ പറഞ്ഞിരിക്കുന്നതുപോലെ സന്യാസജീവിതപരിധിക്കുള്ളിൽ ഏററം അനുഗ്രഹീതരായ ആത്മാക്കരംക്കായി ഈ പുസ്തകം അദ്ദേഹം നിദ്ദേശിക്കുന്നു. അദ്ദേഹം പറയുന്നു: "എല്ലാവരേയും അഭിസംബോധനം ചെയ്യണമെന്നതല്ല എൻെറ മുഖ്യോദ്ദേശ്യം. പഴയ ആചാരങ്ങളെ അനുഷ്ഠിക്കുന്നവരും, ഈ മലമുകളിലേക്കുള്ള മാഗ്ഗത്തിലൂടെ ചരിക്കുന്നവരുമായ സന്യാസികളും സന്യാസിനികളും ഉരംപ്പെട്ട

വിശുദ്ധ കർമ്മലസഭയിലെ ഏതാനും ആളുകളോടുമാത്രം സംസാരിക്കണമെന്നാണ് എൻെറ ഉദ്ദേശ്യം. അവരുടെ അപേക്ഷാനുസരണമാണ് എൻെറ ഉദ്യമത്തിനു ഞാനൊരുമ്പെട്ടതു്. യഥാർത്ഥത്തിൽ ലൗകികജീവിതത്തിനടുത്തവയെ പരിത്യജിച്ചു ജീവിക്കുന്നവരായ അവർക്കു പരിത്യാഗാരൂപിയുടെ തത്വം കൂടുതൽ നന്നായി മനസ്സിലാകും."

പ്രത്യുത, എല്ലാ സന്യാസാന്തസ്സുകാർക്കും ഉത്തമം എന്നല്ല, അപരിത്യാജ്യവും അത്യുന്നതവുമായ പരിപൂർണ്ണതയെ സംബന്ധിക്കുന്ന പൊതുതത്വങ്ങളാണ് 'മുൻകരുതലുകളി'ൽ അടങ്ങിയിരിക്കുന്നതു്. ഇവ ആരെ ഉദ്ദേശിച്ചു് എഴുതപ്പെട്ടിരിക്കുന്നുവോ അവർ പ്രാർത്ഥനയുടെയോ ധ്യാനത്തിൻെറയോ ഉന്നതപദവി പ്രാപിച്ചവരാണെന്നു സങ്കല്പിക്കപ്പെട്ടിട്ടില്ല. മറിച്ചു്, സന്യാസപരിപൂർണ്ണതയോ, സുവിശേഷപരിപൂർണ്ണതയോ പ്രാപിക്കുവാൻ സന്മനസ്സുള്ളവർക്കായിട്ടാണ് അവ എഴുതപ്പെട്ടിരിക്കുന്നതു്. അതിൻെറ മുഖവുരയിൽ വിശുദ്ധൻ ഇപ്രകാരം പറയുന്നു: "മററു സുകൃതാഭ്യസനമോ, പ്രയത്നമോ കൂടാതെ, തൻെറ അന്തസ്സിനടുത്ത കടമകളെ വളരെ സൂക്ഷ്മത്തോടുകൂടി നിറവേററുന്ന ഒരുവൻ സാമാന്യമായ ശ്രദ്ധയോടെ ഇവ അനുസരിക്കുമെങ്കിൽ അവൻ പരിപൂർണ്ണതയിൽ ശീഘ്രം പുരോഗമിക്കുകയും എല്ലാ സുകൃതങ്ങളും സമ്പാദിക്കുകയും പരിശുദ്ധമായ സമാധാനം പ്രാപിക്കുകയും ചെയ്യും." പിന്നീടു്, സന്യാസപരിപൂർണ്ണത പ്രാപിക്കുവാൻ ഒരു സന്യാസി അറിയുകയും അഭ്യസിക്കുകയും ചെയ്യേണ്ടവയെല്ലാം വളരെ കുറച്ചു പങ്ക്തികളിൽ അദ്ദേഹം സംഗ്രഹിച്ചിരിക്കുന്നു. "ഇതിൽ നിർദ്ദേശിച്ചിരിക്കുന്നവ മാത്രം അനുഷ്ഠിച്ചുകൊണ്ടാൽ മററു യാതൊരു സുകൃതാഭ്യസനവും പ്രയത്നവും കൂടാതെ അവനു് എല്ലാ സുകൃതങ്ങളും സമ്പാദിക്കാം."

ഒരുവനു യഥേഷ്ടം സ്വീകരിക്കുകയോ, പരിത്യജിക്കുകയോ ചെയ്യാവുന്ന തത്വങ്ങളായിട്ടല്ല, വി. യോഹന്നാൻ ക്രൂസ് ഈ മുൻകരുതലുകളെ പരിഗണിച്ചിരിക്കുന്നതു്. പ്രത്യുത,

അപരിത്യാജ്യങ്ങളായ സന്മാർഗ്ഗതത്വങ്ങളായിട്ടാണ്. എന്തു കൊണ്ടെന്നാൽ, ഈ മുൻകരുതലുകളെപ്പററി പ്രതിപാദിക്കു മ്പോഠം "ഇവയെ അനുസരിക്കുന്നില്ലെങ്കിൽ നീ ഒരിക്കലും ഒരു നല്ല സന്യാസി ആകുകയില്ല. മനുഷ്യരോടുള്ള സഹ വാസത്തിൻെറ ഫലമായി നിൻെറ ആത്മാവിനു നേരിടുന്ന അപൂർണ്ണതകളിൽനിന്നും തിന്മകളിൽനിന്നും രക്ഷപെടുവാൻ വേറെ മാർഗ്ഗമൊന്നും ഇല്ല. ഇവയെ വിസ്മരിക്കുകമൂലം പരി പൂർണ്ണതയ്ക്കായി പ്രയത്നിച്ചിരുന്ന പല സന്യാസികളേയും പിശാചൻ നശിപ്പിച്ചിട്ടുണ്ട്" എന്നു വിശുദ്ധൻ പലപ്പോഴും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്.

ഇവയിൽനിന്ന് സുവിശേഷപരിപൂർണ്ണത ആഗ്രഹിക്കു ന്നവരെല്ലാം അവശ്യം അനുഷ്ഠിക്കേണ്ടവയുടെ ഒരു സംഗ്രഹ മായിട്ടാണ് ഈ മുൻകരുതലുകളെ വിശുദ്ധൻ പരിഗണിച്ച തെന്നു നമുക്കു മനസ്സിലാക്കാം. യഥാർത്ഥ സന്യാസാരൂപി യുടെ രത്നച്ചുരുക്കമാണവ. ഈ വ്യാഖ്യാനത്തിൻെറ ഏക കാര ണവും ഇതത്രേ.

ഈ മുൻകരുതലുകളുടെ അരൂപിയും യഥാൎത്ഥ സന്യാസാ രൂപിയും തമ്മിലുള്ള സാധമ്മ്യം ഗ്രഹിക്കുവാൻ യഥാർത്ഥ സന്യാസാരൂപിയുടെ ലക്ഷണങ്ങളെപ്പററി വിചിന്തനം ചെ യ്താൽ മതി. സന്യാസാരൂപിയുടെ ആധാരവും പരിപൂർണ്ണ മാതൃ കയും നമ്മുടെ കത്താവീശോമിശിഹാ തന്നെയാണ്. എല്ലാ സന്യാസസ്ഥാപനങ്ങളുടേയും സർവ്വപ്രധാനമായ നിയമമത്രേ വിശുദ്ധ സുവിശേഷം. എന്നാൽ, സന്യാസപരിപൂർണ്ണതയുടെ പ്രഥമലേഖ ഏലിയാസ് ദീർഘദർശി തന്നിലും തൻെറ ശിഷ്യ ന്മാരിലും ഉല്ലേഖനംചെയ്തു നമുക്കു കാണിച്ചുതന്നിരിക്കകൊണ്ട് അദ്ദേഹമാണു സന്യാസജീവിതത്തിൻെറ പിതാവും സ്ഥാപ കനുമായി പരിഗണിക്കപ്പെടുന്നതു്. അതിനാൽ അദ്ദേഹത്തെ സ്വപിതാവും സ്ഥാപകനുമായി അംഗീകരിച്ചു വണങ്ങുന്ന അതിപുരാതനമായ കർമ്മലസഭയിൽ യഥാൎത്ഥ സന്യാസാരൂപി

40 യുടെ സ്പഷ്ടമായ ലക്ഷണങ്ങഠം കാണേണ്ടിയിരിക്കുന്നു. കർമ്മല

സഭയുടെ ആദ്യപിതാവായ ഏലിയാസ് ദീർഘദർശിയുടെ അരൂപി ഏററം കക്ക്ശവും എന്നാൽ അവാച്യമാംവിധം ആശ്വാസപ്രദവും നിരന്തരമായ ഏകാന്തതയോടുകൂടിയതും എന്നാൽ മഹാകാര്യങ്ങൾക്കായി ഉദ്യമിക്കുന്നതുമാകുന്നു. പരുപരുത്ത തുകലായിരുന്നു അദ്ദേഹത്തിൻെറ വസ്ത്രം; ഭവനം മരുഭൂമിയും. മലങ്കാക്ക കൊണ്ടുചെന്നുകൊടുത്ത അപ്പക്കഷണമായിരുന്നു അദ്ദേഹത്തിൻെറ ഭക്ഷണം. ആ വിശാലമായ ഏകാന്തഭൂവിലിരുന്നു മനോഹരമായ ഒരു സൂചകചിഹ്നത്തിൽ മനസ്സുറപ്പിച്ച് അമലോത്ഭവമറിയത്തിൻെറ മഹത്വത്തെക്കുറിച്ച് അദ്ദേഹം ധ്യാനിച്ചിരുന്നു. മററാരെക്കാളും മുമ്പുതന്നെ പരിശുദ്ധ സ്നേഹത്തിൻെറയും മധുരശരണത്തിൻെറയും അമ്മയായ ഏററം പരിശുദ്ധ മറിയത്തെ അദ്ദേഹം വണങ്ങുകയും മററുള്ളവർ വണങ്ങുവാനിടയാക്കുകയും ചെയ്തു. യൂദായിലെ മലമുകളിൽ ഒരു ജൂണിപ്പർ മരച്ചുവട്ടിൽ മാലാഖാ അദ്ദേഹത്തിനു നല്കിയ ഭക്ഷ്യപാനീയങ്ങളിൽ സ്നേഹത്തിൻെറ കൂദാശയുടെ ഒരു പരിപൂർണ്ണമാതൃക അദ്ദേഹം ആത്മനാ ദർശിച്ചു. ഏകാന്തതയിലും ദൈവികസംഭാഷണത്തിലും അദ്ദേഹത്തിനു് അതിതീക്ഷ്ണമായ ആസക്തിയുണ്ടായിരുന്നു. എങ്കിലും കർത്തവ്യനിരതനായ ഈ ദൈവികമനുഷ്യൻ ദൈവദ്രോഹകരെ ശാസിക്കുന്നതിനും രാജാക്കന്മാരേയും സ്വേഛാധിപന്മാരേയും കുററപ്പെടുത്തുന്നതിനും കർത്തവ്യങ്ങളെക്കുറിച്ചു ജനങ്ങളെ അനുസ്മരിപ്പിക്കുന്നതിനുമായി മണലാരണ്യത്തിൽനിന്നു പുറത്തുവരുവാൻ ചിലപ്പോഴൊക്കെ നിർബദ്ധനായിട്ടുണ്ടു്. സൃഷ്ടികർമ്മം നിർവ്വഹിക്കുവാനാവശ്യമായ കൂട്ടങ്ങളെല്ലാം ദൈവം ഇദ്ദേഹത്തിൻെറ കൈകളിലേല്പിച്ചുവോ എന്നു തോന്നിപ്പോകുന്നു. മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള ശക്തി ഇദ്ദേഹത്തിനു മുമ്പു ദൈവം ആക്കും കൊടുത്തിട്ടില്ല. തൻെറ ഉദ്ദ്യോഗത്തിൻെറ സാധുതയെ തെളിയിക്കുവാൻ ആവശ്യപ്പെട്ടപ്പോഴെല്ലാം ആകാശത്തുനിന്നും ഇദ്ദേഹം അഗ്നിയിറക്കിയിരുന്നു. മൂന്നര വഷത്തേയ്ക്കു് ഒരുതുള്ളി വെള്ളംപോലും ഇസ്രായേലിൽ വഷിക്കരുതെന്നു് ഇദ്ദേഹം

മേഘങ്ങളോടാജ്ഞാപിച്ചു. പിന്നീട് ഫലപുഷ്ടിക്കു സഹായകമായ മഴ വർഷിക്കുവാൻ അവയോടാജ്ഞാപിക്കുകയും അവ ഇദ്ദേഹത്തെ അനുസരിക്കുകയും ചെയ്തു.

കർമ്മലസഭാരൂപിയും ഇതുതന്നെയാണ്. ഏതു സഭയിൽപ്പെട്ടവരായിരുന്നാലും, മഹാത്മാക്കളായ എല്ലാ സന്യാസികളുടേയും ലക്ഷണങ്ങളും ഇതുതന്നെയാണ്. "വിശുദ്ധന്മാരുടെ സ്വഭാവവും സന്യാസികളുടെ മഹാത്മകത്വവും" എന്ന വിഷയത്തെക്കുറിച്ചെഴുതാൻ പ്രാപ്തിയും ആഗ്രഹവുമുള്ള ഒരു Ernest Hello യെപ്പോലെയുള്ള ഒരു ചരിത്രനിരൂപകനു സാധിക്കും സന്യാസസഭയിലെ വീരസന്താനങ്ങളുടെ ഏററം മനോജ്ഞമായ ഒരു നിവഹത്തെ വായനക്കാരുടെ മുമ്പിൽ അണിനിരത്തുവാൻ; അവരിലെല്ലാം ഏലിയായുടെ അരൂപി കാണപ്പെടുകയും ചെയ്യും.

സന്യാസജീവിതത്തെ ഇപ്രകാരം വളരെ മഹത്വപ്പെടുത്തിയിട്ടുള്ള മഹാന്മാരിൽ ചുരുക്കം ചിലരെ ഇവിടെ അവതരിപ്പിക്കാം. തന്നെക്കുറിച്ച് ആരും അറിയാതിരിക്കുവാൻവേണ്ടി ലോകത്തിൽനിന്നു് ഓടി അകന്ന വി. ബനദിക്തോസ്, മണലാരണ്യത്തിൽ അഭയം പ്രാപിച്ചു. എങ്കിലും അദ്ദേഹവും തൻെറ കീഴിലുണ്ടായിരുന്ന സന്യാസികളുമാണ യൂറോപ്പിലെ ക്രിസ്തീയ സംസ്കാരത്തെ നാശത്തിൽനിന്നും രക്ഷിച്ചതു്. അഗാധമായ എളിമയിലും ഏകാന്തതയിലും കഠിനമായ തപശ്ചര്യകളും അനുഷ്ഠിച്ചിരുന്ന മധുവചസ്സായ വിശുദ്ധ ബർണ്ണാർദാണ് വേറൊരു തേജോരൂപം. അദ്ദേഹത്തെക്കുറിച്ച് പറയുന്നതു് ആ നൂററാണ്ടിലെ സകല ഭാരവും അദ്ദേഹംതന്നെ വഹിച്ചിരുന്നു എന്നാണ്. പക്ഷിമൃഗാദികളുടെ സ്നേഹിതനും അസീസ്സിയിലെ വിനീതസഹോദരനുമായ വി. ഫ്രാൻസീസാണ് അപരൻ. ഇദ്ദേഹം തൻെറ സ്വഭാവദാർഢ്യത്താലും കർമ്മകുശലതയാലും മദ്ധ്യശതകങ്ങളിലെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവും സാമുദായികവുമായ പുനരുദ്ധാരണകർമ്മത്തിൽ നട്ടനായകത്വം വഹിച്ചു. ഇദ്ദേഹത്തിൻെറ സ്വാധീനശക്തി പല നൂററാണ്ടു

കറംക്കശേഷം ഇന്നും ലോകത്തിൽ എത്രയും ഫലപ്രദമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

വളരെ വിനീതനും ഏകാന്തവാസപ്രേമിയുമായ ഒരു വി. ആൻഡ്രൂകൊർസിനോയും ഈ ഗണത്തിൽപ്പെടുന്നു. ഇദ്ദേഹമാകട്ടെ, മെത്രാൻപദത്താൽ ബഹുമാനിക്കപ്പെട്ടുമെന്ന ഘട്ടമായപ്പോറം ഭയാധീനനായ ഒരു ശിശുവിനെപ്പോലെ ഓടി ഒളിച്ചുകളഞ്ഞു. എങ്കിലും അദ്ദേഹം പിന്നീട് മദ്ധ്യശതകങ്ങളിലെ മഹാരഥന്മാരായ വൈദികമേലദ്ധ്യക്ഷന്മാരിൽ ഒരുവനായും അഞ്ചാമത്തേ ഊർബൻപാപ്പായുടെ വലംകയ്യായും ക്ഷുഭിതമായ ഇററാലിയൻ നഗരങ്ങളെ തമ്മിൽ രഞ്ജിപ്പിച്ച ഒരു സമാധാനസംസ്ഥാപകനായും തീൻു.

കഠിനതപോനിഷ്ഠനും വിനീതനും, ഏകാന്തതാസ്നേഹിയുമെന്ന നിലയിൽ അജ്ഞാതവാസം കഴിച്ച കോൻഡനിലേ ഒരു സന്യാസിയായ പീററർ തോമസും ഒട്ടും അപ്രധാനനല്ല. സപ്തഗ്ഗരാജ്ഞിയുമായി സദാ നമ്മാലാപം ചെയ്തിരുന്നവനാണിദ്ദേഹം. പിന്നീട്, കുരിശുയുദ്ധക്കാരുടെ വിവേകമതിയായ ഒരുപദേഷ്ടാവും, കോൺസ്റ്റാൻറിനോപ്പിളിലേ പാത്രിയക്കീസും പൗരസ്ത്യദേശങ്ങളിലേ തീക്ഷ്ണതയേറിയ ഒരപ്പസ്തോലനുമായിത്തീൻു. ദിവ്യരക്ഷകൻ നാല്പതു ദിവസത്തെ തൻെറ ഉപവാസത്താൽ പരിപൂതമാക്കിത്തീത്ത ആ അരണ്യത്തിൽത്തന്നെ, തപസ്സിൻെറ ദപ്പണമായ വി. ആൻജെലോ, ആരാലും അറിയപ്പെടാതെ അഞ്ചു വർഷം കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ വസ്ത്രാഞ്ചലസ്പശ്നമാത്രത്താൽ, മരിച്ച അനേകർ പുനർജ്ജീവിച്ചു. അനേകം പാപികളെ അദ്ദേഹം മാനസാന്തരപ്പെടുത്തി. അങ്ങനെ അവഹേളിക്കപ്പെട്ട സുകൃതത്തിനു് അദ്ദേഹം സാക്ഷ്യം വഹിക്കുകയും ചെയ്തു. പരസ്യകുററങ്ങളെ പലപ്പോഴും ശകതിയുക്തം ചൂണ്ടിക്കാണിച്ചിട്ടുള്ള ആ പ്രസംഗപീഠത്തിൽവച്ചുതന്നെ സത്യത്തിനുവേണ്ടി രക്തസാക്ഷിയാകുന്നതിനുള്ള അതുല്യഭാഗ്യം ഒടുവിൽ അദ്ദേഹത്തിനു

കരഗതമായി. ഉഗ്രപ്രായശ്ചിത്തങ്ങറം ചെയ്തും സ്വര്ഗ്ഗീയാനന്ദ പൂർണ്ണമായ ആത്മാവോടുകൂടി ദിവ്യശിശുവുമായി സദാ സുഹൃൽ സംഭാഷണത്തിലേർപ്പെട്ടും ജീവിച്ചിരുന്ന, സിസിലിയിലേ യഥാർത്ഥ ശ്ലീഹായായിരുന്ന വി. ആൽബർട്ടും ഈ ഗണത്തിൽ പ്പെടുന്നു. ബ്രിട്ടനിലേ വനാന്തരങ്ങളിൽ സകലരാലും പരി പൂർണ്ണമായി വിസ്മരിക്കപ്പെട്ട്, ഇരുപതു വത്സരം ജീവിച്ച വി. സൈമൺസ്റ്റോക്ക്, പൗരാണിക ഓക്സ്ഫോർസ് സർവ്വ കലാശാലയിലേ കുശാഗ്രബുദ്ധികളിലൊരുവനായിരുന്നു. സുവി ശേഷം പ്രസംഗിച്ചുകൊണ്ടും പള്ളികളും ദൈവാലയങ്ങളും സ്ഥാപിച്ചുകൊണ്ടും അദ്ദേഹം രാജ്യങ്ങറംതോറും പട്ടണങ്ങറം തോറും സഞ്ചരിച്ചു. ദൈവമാതാവിൽനിന്നു മനുഷ്യർ ലഭി ച്ചിട്ടുള്ളതിൽ ഏററം സ്നേഹദ്യോതകവും ആശ്വാസകരവുമായ സംരക്ഷണത്തിനു്, സ്വർഗ്ഗരാജ്ഞിയായ അമലോത്ഭവകന്യക യിൽനിന്നു ലഭിച്ച ഉത്തരീയം വഴിയായി അദ്ദേഹം പാത്ര വാനാകുകയും ചെയ്തു.

കർമ്മലസഭയുടെ സ്വർഗ്ഗീയ നവീകരണക്കാരായ രണ്ടു പേരിലും നാം ദർശിക്കുന്ന അരൂപിയും ഇതുതന്നെയാണ്. ഏലിയാനിവ്യായുടെ അരൂപി അതിൻെറ തീക്ഷ്ണതയിലും പൂർണ്ണതയിലും ഈശോയുടെ വി. ത്രേസ്യായിലും വി. യോഹ ന്നാൻക്രൂസിലും പുനരുജ്ജീവിപ്പിക്കപ്പെട്ടു. അവർ രണ്ടുപേരു ടേയും അരൂപിയും ഒന്നുതന്നെയാണ്. എന്നാൽ പ്രഥമവീക്ഷ ണത്തിൽ അതിൻെറ ഘടകങ്ങറം അവയുടെ പൂർവ്വികമായ തീക്ഷ്ണതയോടും ഐക്യത്തോടുംകൂടി നമ്മുടെ വി. പിതാ വിലും അനുഗ്രഹീതയായ നമ്മുടെ മാതാവിലും പ്രത്യക്ഷപ്പെ ട്ടില്ലെന്നു തോന്നാം.

വി. അമ്മത്രേസ്യായുടെ കഠിന തപോവൃത്തികളേയും ദൈവത്തോടുള്ള സാധാരണവും ഹൃദയംഗമവുമായ ഐക്യ ജീവിതത്തേയും ആച്ഛാദനം ചെയ്തതു് ഒരു വനിതയ്ക്കും, ഒരു വിശുദ്ധയ്ക്കും സ്വതസിദ്ധമായ അവളുടെ ആകർഷകത്വവും അതിശയനീയമായ കർമ്മകുശലതയുമത്രേ. വി. യോഹന്നാൻ

ക്രൂസിൻെറ ക്രമീകൃതവും താത്വികവും യുക്തിപൂർവ്വകവുമായ ഉപദേശരീതിയും തപോജീവിതവും ഏകാന്തത്തോടുള്ള സ്നേഹവും, അദ്ദേഹത്തിൻെറ അരൂപിയുടെ അക്ഷയചൈതന്യത്തേയും ആത്മാവിൽ നിറഞ്ഞിരുന്ന ആർദ്രതയുടേയും സ്നേഹത്തിൻേറയും അനന്തനിക്ഷേപങ്ങളേയും ഗോപനം ചെയ്യുന്നു.

ഒരു വനിത, ഒരെഴുത്തുകാരി, ഒരു സാമുദായിക വ്യക്തി, ഒരു കർമ്മകുശല എന്നീ നിലകളിൽ വി. അമ്മത്രേസ്യായുടെ സഹജമായ ആകർഷകത്വം, അവളുടെ കർക്കശമായ പഠനങ്ങളേയും, വർത്തനാരീതിയേയും അത്ഭുതജനകമായ പ്രാർത്ഥനാജീവിതത്തേയും ഏവർക്കും അദൃശ്യമാക്കിത്തീർക്കുന്നു. എങ്കിലും ഇവയിൽ സംതൃപ്തരായ ജനങ്ങൾ അവളുടെ വിശുദ്ധിയും മഹത്വവും എളുപ്പത്തിൽ സമ്മതിച്ചുകൊടുക്കുന്നു. എന്നാൽ, 'മുൻകരുതലുകൾ' 'ആത്മാവിൻെറ അന്ധകാര രാത്രി' ഇവയുടെ കർത്താവായ 'ഡുറേലോ'യിലെ ഏകാന്തസ്നേഹി, അനിതരസാധാരണമായ ചൈതന്യമുള്ളവനും സ്നേഹാർദ്രതാപൂർണ്ണമായ ഒരു ഹൃദയത്തോടുകൂടിയവനുമാണെന്നു വിശ്വസിക്കുക അവർക്കു സാദ്ധ്യമല്ല. എങ്കിലും ഇവർ രണ്ടുപേരുടേയും അരൂപി ഒന്നുതന്നെയാണ്. രണ്ടും ഒരേ അച്ചിൽത്തന്നെ വാർത്തെടുക്കപ്പെട്ടതാണ്. വി. അമ്മത്രേസ്യായുടെ 'പരിപൂർണ്ണതയുടെ മാർഗ്ഗം', 'ഹർമ്മ്യം' അഥവാ 'ആന്തരികദുർഗ്ഗം' മുതലായ കൃതികൾ വി. യോഹന്നാൻക്രൂസിൻെറ കർമ്മലമലാരോഹണം, അന്ധകാരരാത്രി, ആത്മഗീത എന്ന ഗ്രന്ഥങ്ങളോടു തുലനം ചെയ്യാവുന്നവയാണ്. സ്ത്രീകൾക്കും പുണ്യവതികൾക്കുമടുത്ത സ്വഭാവവൈശിഷ്ട്യം, അതികർക്കശമായ സന്യാസജീവിതചര്യയോടു ഹൃദയാവർജ്ജകമാംവിധം ഒന്നിൽ സമ്മേളിച്ചിരിക്കുന്നു. മറേറതിലാകട്ടേ, ഏകാന്തസ്നേഹിയായ ആ തപസ്വിയുടെ കഠിനജീവിതം ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്താൽ പ്രോജ്വലിച്ചിരുന്ന ഒരാത്മാവിൻെറ തീക്ഷ്ണമായ വ്യാപാരങ്ങളെ പ്രസ്പഷ്ടമാക്കിയിരിക്കുന്നു.

വി. അമ്മത്രേസ്യാ സുകൃതത്തെ, അഭികാമ്യവും, അഭിഗമ്യവും, അഭിരമ്യവുമായ ഒന്നായി പ്രദർശിപ്പിച്ചിരുന്നു. എന്നാൽ, അവളുടെ ഉപദേശങ്ങളുടെയെല്ലാം സാരസർവ്വസ്വം പീഡകളോടുള്ള തീക്ഷ്ണമായ സ്നേഹവും അവളുടെ ജീവിതം മുഴുവനും അത്ഭുതകരമായ പ്രായശ്ചിത്തത്തിൻെറയും തപസ്സിൻെറയും ഒരു ദർപ്പണവുമായിരുന്നു. ദൈവത്തോടും അയൽക്കാരോടുമുള്ള സ്നേഹത്തെപ്രതി സഹിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുവാൻ സാധിക്കുമെന്നതുകൊണ്ടു മാത്രമേ, ലോകജീവിതം അവൾക്ക് ആകർഷകമായിരുന്നുള്ളു. താഴെ ഉദ്ധരിക്കുന്ന വാക്കുകളിൽ അവൾ തൻെറ തനിച്ഛായ പ്രത്യക്ഷമാക്കുന്നുണ്ട്. "ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവർ നന്മയായിട്ടുള്ളവയെയെല്ലാം സ്നേഹിക്കുന്നു; നന്മയായിട്ടുള്ളവയെയെല്ലാം അനുകൂലിക്കുന്നു; നന്മയായിട്ടുള്ളവയെ എല്ലാം പ്രശംസിക്കുന്നു; നന്മയായിട്ടുള്ളവയോട് എല്ലായ്പോഴും സഹവസിക്കുന്നു; സത്യത്തേയും സ്നേഹയോഗ്യമായവയേയും മാത്രമേ അവർ സ്നേഹിക്കുന്നുള്ളു. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവർക്ക് അതിനെ മറക്കുക അസാദ്ധ്യമാണ്."

നേരെമറിച്ച് മനുഷ്യരിൽനിന്ന് ഓടിഒളിക്കുന്നവനായിട്ടാണ് വി. യോഹന്നാൻക്രൂസിനെ നാം ദർശിക്കുന്നതു്. സഹിക്കുന്നതിലായിരുന്നു അദ്ദേഹത്തിൻെറ പ്രവണത. അതേസമയംതന്നെ ഈ വിശുദ്ധതാപസൻ സദാ പ്രവൃത്തിനിരതനുമായിരുന്നു. പല സന്യാസഭവനങ്ങളും സ്ഥാപിച്ച് അവയെ ഭരിച്ചിരുന്ന ഈ വിശുദ്ധൻ തൻെറ ശിഷ്യരിൽ പ്രേഷിതാരൂപി പരിപുഷ്ടമാക്കി. ദൈവത്തോടു ഗാഢമായി ഒന്നിക്കുവാൻ, ഇന്നു പല ആത്മാക്കളേയും നയിക്കുന്ന അനവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിക്കുകയും ചെയ്തു.

വിശുദ്ധൻ തൻെറ ആത്മഗീതയിൽ പറയുന്നു: "തീക്ഷ്ണതയുള്ള ആത്മാക്കൾ യുവചൈതന്യത്തോടെ ഓടുന്നു. അവർ പല മാർഗ്ഗങ്ങളിലൂടെ നാനാദിക്കുകളിലേയ്ക്കും ഓടുന്നു. ഓരോരുത്തനും, ദൈവം തനിക്കു പ്രദാനംചെയ്ത ചൈതന്യത്തിനും

ജീവിതാന്തസ്സിനും അനുസരണമായി, വിവിധങ്ങളായ ആദ്ധ്യാത്മികശുശ്രൂഷകളാൽ സുവിശേഷപരിപൂർണ്ണതയാകുന്ന നിത്യജീവിതപന്ഥാവിലൂടെ ത്വരിതഗമനം ചെയ്യുന്നു." വിശുദ്ധൻെറ ഈ വാക്കുകൾ തൻെറ യഥാർത്ഥചിത്രത്തെയാണു നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്. ഇവർ ദൈവത്തെ ശുശ്രൂഷിക്കുന്നവർക്കുവേണ്ടി തങ്ങളുടെ ഹൃദയരക്തം ചിന്തുകയും അവരെ തങ്ങളുടെ കഴിവുപോലെ സഹായിക്കുകയും ചെയ്തു. ദൈവത്തിൽ തൻെറ ശരണം മുഴുവൻ വെച്ചിരുന്ന വി. യോഹന്നാൻക്രൂസിൻെറ ശുഷ്ക്കാന്തി വളരെ വലുതായിരുന്നു. അദ്ദേഹം ഒരിക്കലും നഷ്ടധൈര്യനായിട്ടില്ല. "സ്വർഗ്ഗീയമായ ശരണം പ്രതീക്ഷിക്കുന്നതു മുഴുവൻ പ്രാപിക്കുന്നു" എന്നതായിരുന്നു അദ്ദേഹത്തിൻെറ മനോജ്ഞമായ ചിന്താസങ്കല്പം.

വിശുദ്ധൻെറ ചൈതന്യം ഒരേസമയത്തുതന്നെ ഊർജ്ജസ്വലവും സ്നേഹയോഗ്യവുമായിരുന്നു. വിദൂരവീക്ഷണത്തിൽ വിശുദ്ധൻെറ സ്വഭാവം എല്ലാവരേയും നേടുന്നതിനുവേണ്ടി എല്ലാവർക്കും എല്ലാമായിരിക്കുവാൻ ശ്രമിക്കുന്ന ഒരു അപ്പോസ്തലൻേറതിനെക്കാൾ, മനുഷ്യരിൽനിന്നു് ഓടിഒളിക്കുന്ന ഒരു വനവാസിയുടേതാണെന്നു നമുക്കു തോന്നുമെന്നതു വാസ്തവംതന്നെ. പരിപൂർണ്ണതാഗ്രത്തിൽ എത്തിച്ചേരുവാനായി അദ്ദേഹത്തിൻെറ (Symbolic mountain) സങ്കല്പപർവ്വതത്തിലൂടെ വെട്ടിത്തുറന്നിരിക്കുന്ന ഇല്ലായ്മയിലേയ്ക്കുള്ള പാതയെ നേരാംവണ്ണം മനസ്സിലാക്കാതിരുന്നാൽ ഭയവും അധൈര്യവും ഉളവാകുമെന്നതു തീർച്ചയാണു്. എന്നാൽ, അതേസമയംതന്നെ, ദിവ്യാജപാലകൻ തൻെറ ജീവിതകാലമത്രയും നിരപ്പല്ലാത്ത, ഈ പർവ്വതോപരിഭാഗത്തുള്ള വഴികളിലൂടെ തൻെറ ഇടയപ്പെണ്ണിനെ അന്വേഷിച്ചുനടക്കുകയും ദിവ്യകുദാശയിൽ അവിടുന്നു വസിക്കുന്നിടത്തോളംകാലം ആ യാത്ര തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നു് അദ്ദേഹം നമ്മെ അറിയിക്കുന്നു. "ഇടയപ്പെണ്ണു്" എന്ന വാക്കാൽ മനുഷ്യവർഗ്ഗം

മുഴുവനേയുമാണു് നമ്മുടെ കവീന്ദ്രൻ വിവക്ഷിക്കുന്നതു്. അതിനാൽ യാതൊരുത്തനാലും ഒരിക്കലും അധികരിക്കപ്പെടാത്ത കാരുണ്യത്തോടുകൂടി അദ്ദേഹം ആലപിക്കുന്നു:

## വാഴക്കുലയുടെ മട്ടു്.

### I

ഉഴലുന്നിതാനന്ദഹീനനാ,യേകനാ-
യഴലിൽമുഴുകിയൊരാട്ടിടയൻ.
ഇടവിടാതയാൾക്കു ചിന്തയാരോമലാ-
മിടയക്കുമാരിയെപ്പററിമാത്രം.
പ്രണയാധിരേകത്താലായുവഹൃത്തിതാ-
വ്രണിതമാണിന്നു ഹാ നിഷ്ഠുരണം.

### II

കരയുകയാണവ,നെങ്കിലും പ്രേമത്തിൻ-
മുറിവിനാലല്ലതു തെല്ലുപോലും;
ക്ഷതമാർന്നതാണാ ഹൃദയമെന്നാലുമ-
വ്യഥയേതും നോവിപ്പതില്ലവനെ.
കരുതുന്നു വിസ്മൃതനാണുതാ,നെന്നവൻ;
കരയുന്നതായതുകൊണ്ടുമാത്രം.

### III

അവനൊരുചിന്ത-യഴകിൻനിലയമാ-
മിടയിയവനെ മറന്നുപോലും!
പരിചിതമല്ലാത്ത നാട്ടിലയാളെയീ-
യൊരുചിന്ത നിത്യമലട്ടിടുന്നു.
പ്രണയാതിരേകത്താലായുവഹൃത്തിതാ,
വ്രണിതമാണിന്നു ഹാ നിഷ്ഠുരണം!

### IV

വിലപിക്കയാണവൻ, "ഹാ! ഹതഭാഗ്യനാ-
യലയുംസന്ത്യക്തൻ നിരാകൃതൻഞാൻ.
മമസന്നിധാനമരോചകമാണെന്റെ,
മധുരാംഗി, കഷ്ടമകന്നിടുന്നു.
പ്രണയാതിരേകത്താൽ മാമകഹൃത്തിതാ,
വ്രണിതമാണിന്നു ഹാ നിഷ്ക്കരുണം."

### V

ഒടുവിലൊരുനാളുയർത്തപ്പെടുകയും-
യൊരുപാദപത്തിലാപ്രേമമൂർത്തി.
സുരുചിരപാണിപത്മങ്ങൾ വിരിച്ചഹോ,
മരണമടഞ്ഞയാളാദ്രുമത്തിൽ,
പ്രണയാതിരേകത്താലെത്രയും രൂക്ഷമായ്,
വ്രണിതമാം ഹൃത്തോടസ്സ്നേഹരൂപൻ.

ഇപ്രകാരം ചിന്തിക്കുകയും പറയുകയും ചെയ്യുവാൻ സാധിക്കുന്ന ഒരുവൻ വളരെ കഠിനമായ ഒരു തത്വം പ്രബോധിപ്പിക്കുന്നെങ്കിൽ അതിനെന്തു്? ലോകരക്ഷകന്റെ വ്യക്തിമാഹാത്മ്യത്തെയും മനുഷ്യവർഗ്ഗം മുഴുവനേയും ഇത്ര ഭംഗിയായും യോഗ്യമായും ചിത്രിക്കുവാൻ ആർക്കു കഴിയും? അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിന്റെയും മനുഷ്യന്റെയും നേരെയുള്ള നിസ്സീമസ്നേഹംകൊണ്ടു പൂരിതവും, ദൈവത്തിനും മനുഷ്യർക്കും വേണ്ടി പ്രവർത്തിക്കുവാനുള്ള ജാഗ്രതകൊണ്ടു് അനുഗ്രഹീതവുമായിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ, വി. പൗലോസു് പറയുന്നതുപോലെ 'പരിപൂർണ്ണസ്നേഹം ശക്തിയേറിയ ഒരു പ്രേരണയാകുന്നു. ക്രിസ്തുവിന്റെ ഉപവി ഞങ്ങളെ നിർബന്ധിക്കുന്നു' (2 Cor. 5 – 14). കർമ്മലയിലെ ഭക്തിപരവശനായ മല്പാൻ തന്നോടുതന്നെ വളരെ കർക്കശനായി വർത്തിച്ചിരുന്നു.

എന്നാൽ മററുള്ള എല്ലാവരോടും അദ്ദേഹം പെരുമാറിയിരുന്നതു്, വളരെ ദയയോടും സൗമ്യതയോടുംകൂടിയാണു്. യഥാത്ഥത്തിൽ ക്രിസ്തുവിൻെറ അതികഠിനങ്ങളായ, പ്രബോധനങ്ങളെ ലഘൂകരിച്ചില്ല. എന്നാൽ സ്നേഹലിപ്തമായ തൻെറ ഹൃദയത്തിൻെറ ആർദ്രതയാൽ അദ്ദേഹം അതിനെ ആചരാദനം ചെയ്തു മാറ്റവപ്പെടുത്തി. വിജയം കൈവരിക്കുവാനുള്ള ശക്തി സ്വർഗ്ഗത്തിൽനിന്നു പ്രാപിക്കണമെന്നു് അറിഞ്ഞിരുന്നതിനാൽ സദാ ദൈവികസംഭാഷണത്തിലേപ്പെട്ടിരിക്കുവാൻ അദ്ദേഹം ശ്രദ്ധാപൂവ്വം അഭ്യസിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രാത്ഥനാഫലം തൻെറ കഴിവിൽപ്പെട്ടവ സമസ്തവും ചെയ്യുന്നതിൽ ദൃശ്യമായി. ഇങ്ങനെ ദൈവത്തിൻെറ മഹത്വത്തിനും അയൽക്കാരൻെറ നന്മയ്ക്കുംവേണ്ടി വളരെയധികം ചെയ്യുവാൻ അദ്ദേഹം പ്രാപ്തനായി.

അതുപോലെതന്നെ, കമ്മലസഭയെ നവീകരിക്കുവാൻ വി. അമ്മത്രേസ്യായെ പ്രേരിപ്പിച്ചതും ഈ ഉദ്ദേശ്യംതന്നെയാണു്. വിശുദ്ധയുടെ വാക്കുകരംതന്നെ ഇവിടെ ഉദ്ധരിക്കാം: "ഞാൻ എപ്പോഴും എൻെറ വിനീത പ്രാർത്ഥനവഴിയായി ദൈവത്തിലാശ്രയിച്ചു. പ്രാർത്ഥനമൂലം സദാ ദൈവത്തെ സേവിക്കുവാനും തിരുസ്സഭയുടെ വദ്ധനവിനേയും ആത്മാക്കളുടെ നന്മയേയുംകുറിച്ചു ശുഷ്കാന്തിയുള്ളവരായിരിക്കുവാനും എൻെറ സഹോദരികളേയും ഞാൻ ഉപദേശിച്ചു. അവരോടു സംസാരിച്ച ഏവരേയും അവർ ശുഷ്കാന്തിയുള്ളവരാക്കിത്തീത്തു. അതിനാൽ എൻെറ അഭിലാഷങ്ങരം സാധിതങ്ങളായി." നമ്മുടെ പ്രാത്ഥനകളുടേയും തപഃക്രിയകളുടേയും പ്രേരകം എല്ലാവക്കും നന്മചെയ്യണമെന്നുള്ള ആഗ്രഹമായിരിക്കണമെന്നായിരുന്നു വിശുദ്ധയുടെ തീക്ഷ്ണമായ അഭിലാഷം. പുണ്യവതി തുടന്നു പറയുന്നു: "നാലു വഷം കഴിഞ്ഞു" — അല്പംകൂടി കഴിഞ്ഞതാണെന്നു തോന്നുന്നു — ആത്മാക്കളുടെ നന്മയെക്കുറിച്ചു് എനിക്കുണ്ടായിരുന്നതുപോലുള്ള ആഗ്രഹങ്ങളോടുകൂടിയ ഫാദർ മാഠംഡൊനാഡോ എന്ന ഒരു ഫ്രാൻസിസ്കൻസഭാംഗം

എന്നെ സന്ദർശിക്കുവാൻ വന്നു. തൻെറ ആഗ്രഹങ്ങൾ പ്രായോഗികമാക്കുവാൻ അദ്ദേഹം പ്രാപ്തനായിരുന്നതിനാൽ അദ്ദേഹത്തോടു വേണ്ടുവോളം അസൂയ എനിക്കുണ്ടായി. ഇൻഡീസ് ദ്വീപസമൂഹങ്ങളിൽനിന്നു് അദ്ദേഹം അപ്പോൾ വന്നതേയുള്ളു. മതിയായ മതോപദേശം ലഭിക്കായ്കയാൽ നശിച്ചുപോകുന്ന അനേകലക്ഷം ആത്മാക്കളെക്കുറിച്ചു പ്രസ്താവിച്ചുകൊണ്ടാണു് അദ്ദേഹം സംഭാഷണം ആരംഭിച്ചതു്. പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുവാൻ ഞങ്ങളെ ധൈര്യപ്പെടുത്തുമാറു് ഒരുപദേശം ചെയ്തശേഷം അദ്ദേഹം തിരിച്ചുപോകുകയും ചെയ്തു. ഇത്രയധികം ആത്മാക്കൾ നശിക്കുന്നുവല്ലോ എന്ന വിചാരത്താൽ എനിക്കു് അടക്കുവാൻ വഹിയാത്ത മനോവ്യഥ ഉളവായി. ഉടനെ ഞാൻ കരഞ്ഞുകൊണ്ടു് ഒരു കുടിലിൽ പ്രവേശിച്ചു. പിശാചങ്ങൾ ഇത്രയധികം ആത്മാക്കളെ നാശത്തിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടു പോകുമ്പോൾ, ദൈവശുശ്രൂഷയ്ക്കായി ഒരാത്മാവിനെയെങ്കിലും സമ്പാദിക്കുവാൻ ഞാൻ എന്തുചെയ്യണമെന്നു് എന്നെ അറിയിക്കണമേ എന്നും, പ്രാർത്ഥിക്കുകയല്ലാതെ വേറൊന്നും ചെയ്യുവാൻ എനിക്കു സാദ്ധ്യമല്ലാത്തതിനാൽ പ്രാർത്ഥനയാൽ ഞാൻ എങ്ങനെയാണു സഹായിക്കേണ്ടതെന്നു് എന്നെ മനസ്സിലാക്കിത്തരണമേ എന്നും ഞാൻ കർത്താവിനോടപേക്ഷിച്ചു. ആയിരം വിഷമങ്ങൾ അവരനുഭവിക്കുന്നുണ്ടെങ്കിലും, ദൈവസ്നേഹത്തെപ്രതി ആത്മരക്ഷാർത്ഥം പരിശ്രമിക്കുവാൻ സാധിക്കുന്നവരോടു് എനിക്കു വളരെയധികം അസൂയ തോന്നാതിരുന്നില്ല. അതിനാൽ രക്തസാക്ഷികൾ അനുഭവിച്ച മർദ്ദനങ്ങളുടെ വേദനയെപ്പററി വായിക്കുമ്പോഴത്തെക്കാൾ കൂടുതൽ ഭക്തിയും ആർദ്രതയും, അസൂയയും ഇവർ ആത്മാക്കളെ മാനസാന്തരപ്പെടുത്തിയ വിധങ്ങളെപ്പററി വായിക്കുമ്പോൾ എനിക്കുണ്ടാകുന്നു. നമ്മുടെ കർത്താവുതന്നെ എനിക്കു തന്നിരിക്കുന്ന ആസക്തിയാണിതു്. ദൈവകാരുണ്യത്താൽ നമ്മുടെ പ്രാർത്ഥനയും പ്രയത്നവും വഴിയായി ദൈവത്തിനുവേണ്ടി ഒരാത്മാവിനെ നാം

സമ്പാദിക്കുന്നെങ്കിൽ അവിടുത്തേയ്ക്കുവേണ്ടി നമുക്കു ചെയ്യാവുന്ന മററെല്ലാ സേവനങ്ങളെക്കാറം കൂടുതലായി അവിടുന്നു് ഇതിനെ മതിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

കണ്ടാലും! ഇതാണു് ഊജ്ജസ്വലമായ കമ്മലാത്രപി. ഇതു് ഉഗ്രതപസ്സിൻേറയും അവാച്യമായ മാധുര്യത്തിൻേറയും ഒരു സങ്കരമത്രേ. ഏലിയാദീഘ്ദശിയിൽ ആരംഭിച്ചു്, കമ്മലസഭയിലെ ഇതരവിദശ്ധന്മാർ വഴിയായി അഭിവൃദ്ധിപ്പെട്ടു്, വി. അമ്മത്രേസ്യായിലും വി. യോഹന്നാൻക്രൂസിലും പരിപൂണ്ണമാക്കപ്പെട്ട ഒരത്രപിയാണിതു്. ഈ കർമ്മലാത്രപി ഏലിയാദീഘ്ദശിയുടെ കാലം തുടങ്ങി ലോകാവസാനംവരെ നിലനില്ക്കേണ്ടതുമാകുന്നു. ഇതു് എല്ലാക്കാലങ്ങളേയും വിപരീത സാഹചര്യങ്ങളേയും അതിജീവിക്കണം; വലിയ താപസന്മാക്കും ഉജ്ജ്വലകളായ കന്യകമാക്കും ഇതു സ്വീകാര്യമായിരിക്കണം. അതിനാൽ ഇതിൻെറ കാതലും സാരാംശവുമായി സുനിശ്ചിതമായ ഏതോ ഒന്നു് ഇതിൽ അന്തർലീനമായിരിക്കണം. എന്നാൽ അതേസമയംതന്നെ, കാതൽ വ്യത്യാസപ്പെടുത്താതെയും നശിപ്പിക്കാതെയും വിവിധതരക്കാരായ ആളുകറക്കും കാലദേശഭേദമെന്യേ എല്ലാ രാജ്യക്കാക്കും സ്വീകാര്യമാകത്തക്കവിധം ചില ഭേദഗതികറ ചെയ്യപ്പെടാവുന്നതുമായിരിക്കണം.

നാം എന്തായിരിക്കുന്നുവോ മേലിൽ അതു നാം ആയിരിക്കുകയില്ല, എന്ന ശിക്ഷയിൻകീഴ് ഭേദപ്പെടുത്തുവാനും രൂപാന്തരപ്പെടുത്തുവാനും പാടില്ലാത്തതായിരിക്കണം ഈ അരൂപിയുടെ പ്രഥമവും പ്രധാനവുമായ ഭാഗം. ശാരീരികവും സാന്മാഗ്ഗികവുമായ കാര്യങ്ങളിൽ ഒരു സംഗതി എപ്രകാരമായിരിക്കുന്നുവോ അതു് അപ്രകാരംതന്നെ ആയിരിക്കുവാൻ ഹേതുഭൂതമായിരിക്കുന്ന ചില പ്രമുഖോപാധികറ ഉണ്ടു്. ഇവയുടെ അഭാവത്താൽ അവയുടെ സ്വഭാവം നഷ്ടപ്പെടുന്നു. എന്നാൽ അത്യാവശ്യമല്ലാത്തതു് – സ്വീകാര്യം മാത്രമായവ - പ്രത്യേക കാലങ്ങളിലും സാഹചയ്യങ്ങളിലും ആവശ്യകമായവ, ന്യായ്യ

മായ അധികാരിയുടെ അനുമതിയോടുകൂടി സ്ഥലകാലാദി കൾക്കു് അനുസൃതമായി രൂപാന്തരപ്പെടുത്താവുന്നതാണു്. ഈ ആശയങ്ങൾ ശരിയായി മനസ്സിലാക്കാത്ത സന്യാസസഭക ളിൽ നാശഹേതുകമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കയില്ല. ഭേദഗതി ചെയ്യുവാൻ പാടില്ലാത്തവയെ മാററങ്ങൾക്കധീന മായവയായും മാററാൻ പാടുള്ളവയെ ഭേദഗതികൾക്കതീതമാ യവയായും തെററിദ്ധരിച്ചാൽ ഒരു സമൂഹത്തിൻെറ കഴിവു കൾ താറുമാറാകുന്നതിനും സുദൃഢമായ ചില സാഹചര്യങ്ങ ളൊഴിച്ചാൽ അവയുടെ നിലനില്പുതന്നെ അസാദ്ധ്യമാകുന്ന തിനും ഇടയാകുന്നതാണു്. തെററായതും ഇടുങ്ങിയതുമായ ഒരു പ്രമാണം ഒരു സ്ഥാപനത്തെ ഫലശൂന്യമാക്കുവാൻ കാരണ മായിത്തീരുന്നു. സാഹചര്യങ്ങൾക്കനുസരണമായി പ്രവൎത്തി ക്കുവാൻ അതിലെ ഉത്തമ അംഗങ്ങൾ ചെയ്യുന്ന ഏററം വലിയ പ്രയത്നങ്ങൾപോലും നിഷ്ഫലമായി ഭവിക്കുകയേ ഉള്ളൂ. സ്ഥാപ നത്തിൻെറ ആരംഭവും അവസാനവും ദൈവത്തിൽനിന്നാണെ ങ്കിലും അതിൻെറ പ്രവൎത്തനങ്ങൾക്കാലംബം മനുഷ്യനായിരി ക്കുന്നതാണു് ഇതിൻെറ കാരണം.

വി. യോഹന്നാൻക്രൂസിൻെറ 'മുൻകരുതലുകൾ' എന്ന ലഘുകൃതിയിൽ സന്യാസാരൂപിയുടെ സാരാംശം മാത്രമാണു് അടങ്ങിയിരിക്കുന്നതു്. ദൈവത്തിനു സ്വയം പ്രതിഷ്ഠിച്ചിരി ക്കുന്ന ആത്മാക്കൾ പ്രാപിക്കുവാൻ കടപ്പെട്ടിരിക്കുന്ന യഥാൎത്ഥ പുണ്യവും സുവിശേഷപരിപൂൎണ്ണതയും സമ്പാദിക്കുന്നതിനു് അത്യാവശ്യകമല്ലാത്തതായി അവയിൽ ഒന്നുപോലുമില്ലെന്നു വിശുദ്ധൻെറ ഈ ഉപദേശങ്ങളെപ്പററി യഥായഥം, പതി വായി ധ്യാനിക്കുന്ന ഒരുവനു മനസ്സിലാക്കാവുന്നതാണു്. സ്ഥലകാലഭേദം കൂടാതെ ഇവയിൽ ഓരോന്നും പരിപൂൎണ്ണ മായി അനുഷ്ഠിക്കുവാൻ സാധിക്കാത്ത യാതൊരു സന്യാസിയു മില്ല. തലവന്മാൎക്കും രോഗികൾക്കും അരോഗികൾക്കും എല്ലാ വൎക്കും ഈ വിശുദ്ധ പിതാവിൻെറ ഉപദേശങ്ങൾ അനുസരി ക്കാവുന്നവയാണു്.

സന്യാസജീവിതത്തിലെ എല്ലാ ആചാരാനുഷ്ഠാനങ്ങൾക്കും ആകാരം നൽകുന്ന കർമ്മലാരൂപിയുടെ ശക്തിയേറിയതും ഉത്തേജകവുമായ ഒരു ഘടകംപോലെയാണു് ഈ മുൻകരുതലുകൾ എന്നുകൂടി പറയാം. സന്യാസികൾക്കും സന്യാസിനികൾക്കും എല്ലാത്തരത്തിലുമുള്ള ഭക്തഗണങ്ങൾക്കും പരിപൂർണ്ണതയെ സ്നേഹിക്കുന്ന അൽമായക്കും ഈ മുൻകരുതലുകളിലെ സുദൃഢമായ അരൂപിയെ സ്വീകരിക്കാവുന്നതാണു്. അവയെ കൃത്യമായി ആചരിക്കുന്നവൻ തന്റെ മററു പ്രത്യേകകടമകൾ കൂടുതൽ നന്നായി ചെയ്യുവാൻ ശക്തനായിത്തീരുമെന്നതു തീർച്ചയാണു്. എന്തുകൊണ്ടെന്നാൽ, വി. യോഹന്നാൻക്രൂസ് പറയുന്നതുപോലെ "ഈ ഉപദേശങ്ങൾ വിശ്വസ്തതയോടെ അനുസരിക്കുന്നവൻ, സൃഷ്ടികൾ തന്റെ വഴിയിൽ അണിനിരത്തുന്ന തടസ്സങ്ങളിൽനിന്നു രക്ഷിക്കപ്പെടുകയും പിശാചന്റെ കണികളിൽനിന്നും വഞ്ചനകളിൽനിന്നും മോചിക്കപ്പെടുകയും ചെയ്യുന്നു."

എന്നാൽ അവയിൽ ചിലതുമാത്രം അനുഷ്ഠിക്കുകയും മററുള്ളവ ഉപേക്ഷിക്കുകയും ചെയ്യുന്നതു് ആശാസ്യമല്ല. എന്തുകൊണ്ടെന്നാൽ, ഏതെല്ലാം ശത്രുക്കൾക്കെതിരായി അവ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവരെ ഓരോന്നായി ജയിക്കുക സാദ്ധ്യമല്ല. "അതിനാൽ മൂന്നിനേയും നാം കീഴടക്കുന്നില്ലെങ്കിൽ അവയിൽ ഒന്നിനെയും പരിപൂർണ്ണമായി കീഴടക്കുവാൻ നമുക്കു സാദ്ധ്യമല്ല; അവയിൽ ഒന്നിനെ നാം കീഴടക്കുന്ന തോതനുസരിച്ചു് മററുള്ളവയേയും കീഴടക്കുവാൻ നമുക്കു കഴിയും" എന്നു വിശുദ്ധൻ പറയുന്നു. ഈ ഉപദേശങ്ങൾ ശരിയായി ഗ്രഹിക്കുന്നവർ അവരുടെ ഇതരകൃത്യങ്ങളും ശരിയായി നിർവ്വഹിക്കും. എന്തുകൊണ്ടെന്നാൽ, ഈ ഉപദേശങ്ങൾ ഇതരകൃത്യനിർവ്വഹണത്തിനു് ഒരു പ്രതിബന്ധമല്ല; പ്രത്യുത, ഒരു പ്രേരണയാണു്. ഒരേസമയത്തു് ഇവയിൽ ചിലതോ അഥവാ പലതോ അഭ്യസിക്കുവാൻ സാധിക്കാത്തവണ്ണം യാതൊരു സാഹചര്യവും നമ്മുടെ ജീവിതത്തിലില്ല.

അവയെ 'നന്നായി ഏദിസ്ഥമാക്കുന്നവൻ' അനുഗ്രഹീതനാകുന്നു. കാരണം, ഇതര സുകൃതാനുഷ്ഠാനങ്ങളോ ഭക്ത്യഭ്യാസങ്ങളോ കൂടാതെതന്നെ അവൻ വേഗത്തിൽ പരിപൂർണ്ണമായ ആത്മസമാധാനം കൈവരിക്കും. അഥവാ വി. യോഹന്നാൻ ക്രൂസിൻെറ വാക്കുകളിൽ 'അവൻ പരിശുദ്ധാത്മപിയുടെ സമാധാനപൂർണ്ണമായ നവചൈതന്യം ആസ്വദിക്കും.'

ഈ വിശുദ്ധപിതാവിൻെറ പ്രബോധനങ്ങളെ സ്നേഹിക്കുകയും അവയെ അനുസരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു കർമ്മലീത്താ സന്യാസിനി ഏതു സ്ഥലത്തിനും ജോലിക്കും സ്വഭാവത്തിനും സ്വയം അനുരൂപപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, അവൾക്കു നേരിടുന്ന പ്രതിബന്ധങ്ങൾ ഈ മഹാവിശുദ്ധൻെറ പുത്രിയായ അവൾ നന്നായി ഏദിസ്ഥമാക്കിയിട്ടുള്ളവയെ അഭ്യസിക്കുവാനുള്ള സുവർണ്ണാവസരങ്ങൾ മാത്രമായിരിക്കും. അതുപോലെതന്നെ ഈ മുൻകരുതലുകളിലോരോന്നും നന്നായി ഏദിസ്ഥമാക്കിയിട്ടുള്ള കർമ്മലീത്താവൈദികന്മാരും സഹോദരന്മാരും, തങ്ങളുടെ കടമ ആവശ്യപ്പെടുന്ന വിവിധ സാഹചര്യങ്ങളോടു തങ്ങളെത്തന്നെ നിഷ്പ്രയാസം അനുരൂപപ്പെടുത്തും. അപ്പോൾ ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കത്തോടും സന്തോഷത്തോടുംകൂടി എല്ലാം സഹിക്കുവാൻ നമുക്കു കഴിയും. മാത്രമല്ല, സാഹചര്യങ്ങൾ എത്ര പ്രതികൂലമായിരുന്നാലും ഈ മുൻകരുതലുകൾ പ്രായോഗികമാക്കുവാനുള്ള സുവർണ്ണാവസരം എപ്പോഴും എല്ലായിടത്തും നമുക്കു സുലഭമായിരിക്കും. നമ്മുടെ കടമകളുടെ നിർവ്വഹണം സംബന്ധിച്ചോ, സാമൂഹ്യജീവിതസംബന്ധമായോ, നമ്മുടെ സഹോദരങ്ങളോട് ഇടപെടേണ്ടിവരുമ്പോൾ ഈ മുൻകരുതലുകളുടെ സ്മരണ നമ്മിലുള്ള മാനുഷിക ദൗർബല്യത്തെ കുറയ്ക്കുകയും അപ്പോസ്തലോചിതമായ ഗുണങ്ങൾ നമ്മിൽ വർദ്ധിപ്പിക്കുകയും ചെയ്യും. അപ്പോൾ ധനവാന്മാരുടെ നിരർത്ഥകമായ സ്തുതിവാക്കുകളോ, ദരിദ്രരോടുള്ള അസുഖകരമായ സംസർഗ്ഗമോ നമ്മുടെ കൃത്യനിർവ്വഹണത്തിൽനിന്നു നമ്മെ വിരമിപ്പിക്കുവാൻ പര്യാപ്തമാകയില്ല.

അപ്പോറം നമ്മുടെ വിജയത്തിൽ നിഗളമോ, ഇതരന്മാരുടെ വിജയത്തിൽ അസൂയയോ നമ്മുടെ അധഃപതനത്തിലും പ്രതിബന്ധങ്ങളിലും നൈരാശ്യമോ നമുക്കുണ്ടാകയില്ല.

ധ്യാനത്തിൻെറ ഉന്നതപദവിയിൽ എത്തിച്ചേർന്നവരും അതിന്നായി ആഗ്രഹിക്കുന്നവരും സങ്കല്പകമായ ആദർശങ്ങളിൽ ആണ്ടുപോകാതിരിക്കുവാൻ ഈ മൂൻകരുതലുകറം ഒരു എതിർശക്തിയായി വത്തിക്കുന്നു. നിയമനിഷ്ഠവും അജ്ഞാതവുമായ ഒരു ജീവിതത്തിൻെറ ലാളിത്യത്തിൽനിന്നും ഐകരീത്യത്തിൽനിന്നും ഒരിക്കലും പിന്മാറാത്തവർ ക്ഷീണിതരും നിരുത്സാഹിതരും ആകാതിരിക്കുവാൻ ഈ മൂൻകരുതലുകറം ഏററം ആവശ്യകമത്രേ. എന്നാൽ ബാഹ്യജോലികളിലേപ്പെട്ടിരിക്കുന്നവക്കാണ് ഇവ അത്യന്താപേക്ഷിതമായിരിക്കുന്നതു്. കൃത്യനിവ്വഹണത്തിനു മറവുള്ളവരെ അവർ അനുസ്മരിപ്പിക്കുകയും നിബ്ബന്ധിക്കുകയും ചെയ്യുമ്പോറം, വിശുദ്ധ പൗലോസ് പറയുന്നതുപോലെ അവർ സ്വയം മുഴങ്ങുന്ന ചേങ്ങലയും ചിലമ്പുന്ന കൈത്താളവും മാത്രം ആകാതിരിക്കുവാൻ – തങ്ങളുടെ ഹൃദയമാകുന്ന ശ്രീകോവിലിനുള്ളിൽ ജീവിക്കുവാൻ – അവരെ നിബ്ബന്ധിക്കുന്ന ശക്തിയേറിയ ഒരു പ്രേരണയായിരിക്കും ഈ മൂൻകരുതലുകറം. നഭോമണ്ഡലത്തിലുള്ള നക്ഷത്രജാലങ്ങറം ത്വരിതമായും സൈ്വരമായും അന്യോന്യം പ്രതിബന്ധമുണ്ടാക്കാതെയും ചംക്രമണം ചെയ്യുവാൻ അവയുടെ കേന്ദ്രാകർഷണശക്തിയും കേന്ദ്രാപഗമനശക്തിയും ഏററം യോജിപ്പോടുകൂടി ഇരിക്കേണ്ടതു് ആവശ്യകമാണ്. മനുഷ്യാത്മാവാകുന്ന നഭോമണ്ഡലത്തിലും ശക്തികളുടെ ഈ പരസ്പരാനുരൂപ്യം അനുപേക്ഷണീയമത്രേ. മനുഷ്യരെ ആത്മീയരഹസ്യങ്ങളുടെ മണ്ഡപത്തിലേയ്ക്കു് എപ്പോഴും ക്ഷണിക്കുന്ന ഈ മൂൻകരുതലുകറം തന്നെ മനുഷ്യൻെറ പ്രവൃത്തികളിലുള്ള പരിപൂണ്ണ യോജിപ്പ് ഉളവാകുന്നു.

ഈ മൂൻകരുതലുകറം ഹൃദയത്തിൽ അഗാധമായി പതിക്കുകയും അവയാൽ നിദ്ദിഷ്ടമായിരിക്കുന്ന പാതയിൽനിന്നു് ഒട്ടും

വ്യതിചലിക്കാതിരിക്കുകയും ചെയ്യുന്നവൻ ഏതു സാഹചര്യങ്ങളിലും യാതൊരാപത്തും കൂടാതെ തനിക്കും ഇതരന്മാക്കും ഉപകാരപ്രദമാകത്തക്കവണ്ണം ആത്മശക്തികളെയെല്ലാം പ്രയോഗിക്കും. അവൻ വിശ്വസ്തതയോടും ശുദ്ധനിയോഗത്തോടും ദൈവത്തിനുവേണ്ടി മാത്രവും ജോലി ചെയ്യും. അതിനാൽ "ദൈവത്തിനുവേണ്ടി മാത്രം" ശുദ്ധ നിയോഗത്തോടുകൂടി ഒരു ശുദ്ധമായ ഹൃദയത്താൽ ചെയ്യപ്പെടുന്ന ജോലി ദിവ്യയജമാനനുവേണ്ടി പൂർണ്ണമായ ഒരു രാജ്യം സജ്ജീകരിക്കുന്നു എന്ന വി. യോഹന്നാൻക്രൂസിൻെറ വാക്യാനുസരണം അവൻ എല്ലായ്പോഴും തൻെറ ഹൃദയത്തിൽ അവിഭാജ്യമായ ഒരു രാജ്യം സംവഹിക്കും.

ഈ മുൻകരുതലുകൾ ഹൃദിസ്ഥമാക്കുവാൻ നാം കുറെ ശ്രമിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, സ്ഥൂലമായ പുണ്യത്തിന്മേലാണ് അവ അധിഷ്ഠിതമായിരിക്കുന്നതു്. പരിപൂർണ്ണതാഗ്രത്തിലേയ്ക്കു പറന്നെത്തുവാനുള്ള ചിറകുകളായിട്ടു നാം അവയെ ഉപയോഗിച്ചില്ലെങ്കിലും സന്യാസജീവിതത്തിലുണ്ടാകുന്ന ആപൽസന്ധികളിലും കോളിളക്കങ്ങളിലും നാം ആശ്രയിക്കുവാനുള്ള ആലംബമായി അവയെ നാം പ്രയോജനപ്പെടുത്തണം. കർമ്മലസഭാരൂപിക്കു് അനുസരണമായി ജീവിക്കുവാനാഗ്രഹിക്കുന്ന നാം അവയെ നമ്മുടെ അന്തക്കരണത്തിലെങ്കിലും സ്ഥിരപ്രതിഷ്ഠിതമാകേണ്ടതു് അത്യന്താപേക്ഷിതമാണു്.

ഈ മുൻകരുതലുകളിൽ ഏതെങ്കിലും ഒന്നു് ഉപയുക്തമാകാത്ത യാതൊരു പരീക്ഷയും, അതു് എത്രതന്നെ ഗുരുതരമായാലും ഉണ്ടായിരിക്കുകയില്ല. നാം ഇവയിൽ ഓരോന്നും ഉപയോഗപ്പെടുത്തേണ്ടതു് ആവശ്യമാണെന്നു നമുക്കറിയാം. കാരണം, നമ്മുടെ ശത്രുക്കളിലൊന്നിനെ മാത്രം പ്രതിരോധിക്കുകയും യഥേഷ്ടം നമ്മെ ആക്രമിക്കുവാൻ മററുള്ളവയെ അനുവദിക്കുകയും ചെയ്യുക ആശാസ്യമല്ല. വി. യോഹന്നാൻക്രൂസ് അത്യധികം മതിക്കുന്ന ഈ മുൻകരുതലുകൾ അനുഷ്ഠിക്കാതെ ആത്മസമാധാനം പ്രാപിക്കുക സാദ്ധ്യമല്ലെന്നു് അദ്ദേഹം പറ

യുന്നു. ഇവ നമ്മുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞിട്ടുണ്ടെങ്കിൽ, പരീക്ഷണഘട്ടങ്ങളിൽ നാം ആവലാതിപ്പെടുമ്പോൾ താഴെ പറയുന്നതുപോലെ നമ്മുടെ വി. പിതാവു നമ്മെ ഉപദേശിക്കുന്നതായി സങ്കല്പിക്കുവാൻ വിഷമമില്ല. "എന്റെ മകനേ! (മകളേ!) നീ എന്തുകൊണ്ടു് ആവലാതിപ്പെടുന്നു? ഈ ജോലി എന്തുകൊണ്ടാണു് നിന്നെ ഇത്ര ആകുലപ്പെടുത്തുന്നതു്? നിന്റെ ഈ സഹവത്തിയോടു നിനക്കിത്ര അനിഷ്ടം തോന്നുവാൻ കാരണമെന്തു്? നിന്റെ സ്വാത്മസ്നേഹത്തിനു് ഇടിവു തട്ടിയതുകൊണ്ടും അതു മുറിപ്പെട്ടതുകൊണ്ടുമാണോ ഇപ്രകാരം സംഭവിക്കുന്നതു്? നിന്റെ ഭക്ത്യഭ്യാസങ്ങളോടും ജോലികളോടും നിനക്കഭിരുചിയില്ലാത്തതെന്തുകൊണ്ടാണു്? ഈ വിഷമങ്ങളെല്ലാം സഹിക്കുവാൻവേണ്ടിയാണു്, നിന്റെ കുരിശുമെടുത്തുകൊണ്ടു വ്യാകുലം നിറഞ്ഞ വഴിയിലൂടെ ഈശോയെ പിഞ്ചെല്ലാമെന്നു നീ വാഗ്ദാനം ചെയ്തതു്. ഈ പ്രതിജ്ഞയെ പരിപൂർണ്ണമായി നിറവേററുവാൻവേണ്ടിയത്രേ ഈ ദൈവഭവനത്തിൽ നീ വന്നതും. ഈ ഉദ്ദേശ്യത്തെപ്രതി അല്ലായിരുന്നുവെങ്കിൽ സന്യാസം സ്വീകരിക്കുവാൻ നിനക്കു യാതൊരു കാരണവുമില്ലായിരുന്നു; ലോകത്തിലെ ആശ്വാസവും ബഹുമാനവും കീർത്തിയും സ്വാതന്ത്ര്യവും അന്വേഷിച്ചുകൊണ്ടു നിനക്കു ലോകത്തിൽ ജീവിക്കാമായിരുന്നു." ദൈവവിളിയുടെ അരൂപി സംരക്ഷിച്ചിട്ടുള്ള എല്ലാവക്കും തങ്ങളുടെ ബലഹീനതകളോടും ആശാഭംഗങ്ങളോടുമുള്ള പോരാട്ടം തുടൎന്നുകൊണ്ടു പോകുവാൻ പിതാവിന്റെ കക്ശമായ ഈ വാക്കുകൾ ശക്തിയേറിയ പ്രേരണയായിരിക്കുമെന്നതു നിസ്തക്മത്രേ.

ഈ മുൻകരുതലുകളിൽ അടങ്ങിയിരിക്കുന്ന സ്ഥൂലവും ഊർജ്ജസ്വലവുമായ ആത്മികതത്വം ഹൃദയാന്തർഭാഗത്തേയ്ക്കു നമ്മെ ആനയിക്കുന്ന നിരന്തരമായ ഒരാകഷ്കശക്തിയാണു്. അതേസമയംതന്നെ ദൈവമഹത്വത്തിനും ആത്മാക്കളുടെ നന്മയ്ക്കും ഉപകരിക്കുന്ന എല്ലാററിനെയും അത്ഭുതജനകമാംവിധം ആശ്ലേഷിക്കുന്ന ഈ തത്വം ബാഹ്യമായ തപശ്ചയ്യക

ളേയും ആന്തരികമായ മധുരിമയേയും ഉള്ളടക്കുന്നു. വി. യോഹന്നാൻക്രൂസും വി. അമ്മത്രേസ്യായും പഠിപ്പിച്ചതും തങ്ങളുടെ ആത്മീയമക്കൾക്കു നല്കിയതുമായ അരൂപി ഇതാണു്. അവരുടെ വിജയം വിസ്മയാവഹമായിരുന്നു. കാരണം, കർമ്മലസഭയുടെ നവീകരണത്തിനുശേഷം ആദ്യത്തെ ശതാബ്ദത്തിൽ നടപ്പിലായ നവീകരണം അത്ഭുതാവഹംതന്നെയായിരുന്നു. ഈ രണ്ടു മഹാവിശുദ്ധരുടെ യഥാർത്ഥ മക്കളാണു തങ്ങളെന്നു നിഷ്പാദുക സന്യാസിനികൾ തെളിയിച്ചു. തൻെറ മക്കൾ സ്ത്രീസഹജമായ ചാപല്യങ്ങൾ ഉള്ളവരായിരിക്കരുതെന്നു വി. അമ്മത്രേസ്യാ പറയുക പതിവായിരുന്നു. പുരുഷോചിതമായ ധൈര്യത്തോടുകൂടി അവർ സ്പെയിൻ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ആസ്ഥാനമുറപ്പിച്ചു എന്നു മാത്രമല്ല, ആ രാജ്യാതിർത്തികളും വൻകടൽകളുടെയും തരണംചെയ്തുകൊണ്ടു്, അസ്ഥിരഹൃദയരായ ആളുകളുടെ അഭിപ്രായങ്ങളെ സ്ഥിരീകരിക്കുകയും, ഇന്നും അവർ ലോകത്തിനു കാണിച്ചുകൊടുക്കുന്നതുപോലെ, തൻെറ ഒന്നാമത്തേ സ്ഥാപനമായ ആവിലായിലേ സെൻറ് ജോസഫ്സ് ആശ്രമാരാമത്തിൽ ഈ മഹാവിശുദ്ധ ബീജാവാപം ചെയ്ത അതിമൃദുലതരുക്കൾ ഏതു രാജ്യത്തും എക്കാലത്തും സമൃദ്ധമായി നട്ടുവളർത്തുവാൻ വി. യോഹന്നാൻക്രൂസിൻെറയും വി. അമ്മത്രേസ്യായുടേയും പുത്രിമാർ പ്രാപ്തരാണെന്നു് അവർക്കു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

ഏതെങ്കിലും രാജ്യത്തു്, കർമ്മലീത്താ നിഷ്പാദുകസന്യാസിനികളുടെ ഒരാശ്രമം സന്ദർശിക്കുന്ന ഒരു നിരീക്ഷകനു നമ്മുടെ വിശുദ്ധ പിതാവിൻെറ ചൈതന്യം അവിടെ ദർശിക്കുവാൻ അവസരം ഉണ്ടാകാതിരിക്കുകയില്ല. പ്രത്യേക ദൈവാനുഗ്രഹങ്ങൾക്കു പാത്രീഭൂതരായ ചില സന്യാസിനികളെങ്കിലും ഇല്ലാത്ത ഒരാശ്രമമെങ്കിലും ഉണ്ടായിരിക്കുകയില്ല; ലോകത്തിനിതറിയാം. അതിനാൽ അതു് അവരെ വിലമതിക്കുന്നു.

നമ്മുടെ കാലത്തുതന്നെ കർമ്മലാരാമത്തിലേ ഒരു മനോജ്ഞകുസുമത്തെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കു

വാൻ ദൈവപരിപാലന തിരുമനസ്സായി. അധഃപതിച്ച ഇന്നത്തെ ലോകം, സത്യത്തിൽ നിന്നും വ്യതിചലിച്ചുപോയെങ്കിലും യഥാൎത്ഥമായ ആദ്ധ്യാത്മികത്വത്തെ തീക്ഷ്ണമായി ആഗ്രഹിക്കുന്നു. 'ചെറുപുഷ്പത്തെ' — അഥവാ ലോകത്തിലെ എല്ലാ ഭാഷകളിലും അവളുടെ ജീവിചരിത്രകൎത്താക്കരം അവളെ അഭിസംബോധനം ചെയ്യുന്നതുപോലെ 'ഈശോയുടെ ചെറുപുഷ്പത്തെ' — മഹത്വീകരിക്കുന്നതിൽ ലോകം ഒരിക്കലും പരിക്ലാന്തമാകുന്നില്ല. കൎമ്മലാരാമത്തിൽ അനേകശതം കുസുമങ്ങരം — ലിസ്യൂവിലെ ചെറുപുഷ്പത്തെപ്പോലെ തന്നെ സുമനോഹരങ്ങളായ ചെറുപുഷ്പങ്ങരം — ഉണ്ടെന്നു പറയുമ്പോരം അതിൽ അതിശയോക്തിസ്ഫുരണമില്ല. ദൈവപരിപാലന അവയെ ലോകദൃഷ്ടിയിൽനിന്നു മറയ്ക്കുന്നു എന്നതുകൊണ്ടു് അവയുടെ മനോഹാരിത ഒട്ടും കുറയുന്നുമില്ല. ചെറുപുഷ്പത്തെക്കുറിച്ചു പറഞ്ഞാൽ അവളിൽ അസാധാരണത്വം ഒന്നും കാണുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അവരം വി. ത്രേസ്യായുടേയും വി. യോഹന്നാൻക്രൂസിന്റേയും ഒരു ഉത്തമപുത്രി മാത്രമാണു്.

വിസ്മയഭാജനമായ ഈ മഹാത്മാവിന്റെ ആന്തരികജീവിതമോ യഥാൎത്ഥ ചരിത്രമോ എഴുതപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ ഖണ്ഡിക്കപ്പെട്ടുമെന്ന ഭയം കൂടാതെ ഒരഭിപ്രായം പുറപ്പെടുവിക്കുവാൻ ഞങ്ങരം ധൈൎയ്യപ്പെടുന്നു. അവളുടെ ജാതിക്കു സ്വതസിദ്ധമായ സ്വഭാവ വിശേഷങ്ങളിൽ നിന്നുത്ഭൂതമാകുന്ന സ്വഭാവരൂപവല്ക്കരണവും വിദ്യാഭ്യാസവും സുകൃതസംബന്ധമല്ലാത്ത മററു കാൎയ്യങ്ങളും തല്ക്കാലം നമുക്കൊന്നു മാററിവയ്ക്കാം. അതുപോലെതന്നെ, സ്വഭാവത്തിന്റേയും സാഹചൎയ്യങ്ങളുടേയും ഫലമായ പ്രത്യേക ഗുണങ്ങളും ഈ ചെറുപുണ്യവതിയുടെ ആരാധകരായ പലൎക്കും വളരെ ആകർഷകമായിരിക്കുന്നതും അവളുടെ ജീവിതനൗക യാനം ചെയ്തിരുന്നതുമായ അനുകൂലസാഹചൎയ്യങ്ങളും അല്പസമയത്തേക്കു നമുക്കു മാററിവയ്ക്കാം. അനന്തരം

ഈ ആത്മാവിൻെറ ആന്തരികാവസ്ഥയെപ്പററിമാത്രം നമുക്കു വിചിന്തനം ചെയ്യാം. അവളുടെ മനസ്സാക്ഷിയുടേയും സന്മാ ൎഗ്ഗചര്യയുടേയും യഥാൎത്ഥ ബഹിർസ്ഫുരണമായ അവളുടെ മുഖ്യവിചാരഗതികളെ നമുക്ക് ആരായാം. അവ നല്ലവണ്ണം മനസ്സിലാക്കി പ്രായോഗികമാക്കിയിട്ടുള്ള വി. യോഹന്നാൻ ക്രൂസിൻെറ തത്വങ്ങളല്ലാതെ മററൊന്നുമല്ല അവയെന്ന് അപ്പോ നമുക്കു മനസ്സിലാകും. വി. യോഹന്നാൻക്രൂസിൻെറ തത്വങ്ങളിൽനിന്ന് അവ വളരെ ജ്ഞാനപ്രകാശം സ്വീക രിച്ചിട്ടുണ്ടെന്നും കുറെ നാളത്തേയ്ക്കു് അവളുടെ ആദ്ധ്യാത്മിക ഭക്ഷണം വിശുദ്ധൻെറ ഗ്രന്ഥങ്ങ മാത്രമായിരുന്നെന്നും വിശുദ്ധതന്നെ പറയുന്നു. നമ്മെ സംബന്ധിച്ചിടത്തോളം അവളുടെ സ്വയംകൃത ചരിത്രത്തിൻേറയും അവളുടെ എഴുത്തു കളുടേയും പദ്യങ്ങളുടേയും സാരാംശം വി. യോഹന്നാൻ ക്രൂസിൻെറ ഗ്രന്ഥങ്ങളിലേതുതന്നെ. കർമ്മലമലാരോഹണത്തി ലേയും മുൻകരുതലുകളിലേയും തത്വങ്ങളെ നന്നായി ഹൃദി സ്ഥമാക്കുകയും പരിപൂൎണ്ണമായി അഭ്യസിക്കുകയും ചെയ്ത ഒരു വിദ്യാസമ്പന്നയായ ഈ ഫ്രഞ്ചുയുവതി അവളുടെ ഭാഷയിൽ ഈ തത്വങ്ങ ഭംഗിയായി വിരചിക്കുക മാത്രമാണു ചെയ്തി ട്ടുള്ളതു് ഈ സ്വയംകൃതചരിത്രത്തിലും പദ്യങ്ങളിലും ലേഖന ങ്ങളിലും.

. ആദ്യത്തെ കർമ്മലീത്താ വൈദികന്മാരും, സഹോദര ന്മാരും ഒരിക്കലും അവരുടെ സഹോദരിമാരുടെ പിന്നിലാ യിരുന്നില്ല. അവർ തങ്ങളുടെ വി. പിതാവിൻേറയും ധന്യ യായ മാതാവിൻേറയും അരൂപി സാകല്യേന സ്വായത്തമാ ക്കിയിരുന്നു. പ്രാൎത്ഥനാനിരതരും പ്രവൃത്തിതല്പരരുമായിരുന്ന അവർ മരുഭൂമിക അനുതാപികളെക്കൊണ്ടും ഗ്രന്ഥശാലക പുസ്തകങ്ങളെക്കൊണ്ടും നിറയ്ക്കുകയും തങ്ങളുടെ ഐഹിക തീക്ഷ്ണതയും വേദപ്രചാരാരൂപിയും ലോകത്തിലെങ്ങും പ്രച രിപ്പിക്കുകയും ചെയ്തു. ജെറോം, ഗ്രേഷ്യൻ, തോമസ് ഓഫ് ജീസസ്, പീററർ ഓഫ് ദ് മദർ ഓഫ് ഗോഡ്, ജോൺ

ഓഫ് ജീസസ്, ഡോമിനിക ഓഫ് ജീസസ് മേരി, ആദി യായ അഭിവന്ദ്യ വൈദികരത്നങ്ങൾ നമ്മുടെ വി. മാതാവി ൻേറയും വി. പിതാവിൻേറയും ഉത്തമ സന്താനങ്ങളായിരുന്നു. അവരുടെ താപസാരൂപിയും, ആന്തരികമായ ഏകാന്തതയും, അത്ഭുതകരമായ പ്രവൃത്തികൾക്കു നിദാനമായ വലിയ തീക്ഷ്ണ തയ്ക്കു തികച്ചും അനുയോജ്യമായിരുന്നു. അക്കാലത്തെ അനാ ശാസ്യമായ അഭിരുചികളിൽനിന്നു വിമുക്തവും സനിഷ്കൃഷ്ടം എഴുതപ്പെട്ടിട്ടുള്ളതുമായിരുന്നു ഈ മഹാത്മാക്കളുടെ ജീവ ചരിത്രം. നമ്മെ ധൈര്യപ്പെടുത്തുവാനും ഉത്തേജിപ്പിക്കുവാനും ഇതു വളരെ സഹായകമായിരിക്കുന്നുമുണ്ട്.

കഴിഞ്ഞ നൂററാണ്ടുകളിൽ കർമ്മലസഭാ നവീകരണം പല മാററങ്ങൾക്കും അധീനമായിട്ടുണ്ട്. അക്കാലങ്ങളിലെ രാഷ്ട്രീയ വിപ്ലവങ്ങൾ മററു സഭകളെ അപേക്ഷിച്ച് കർമ്മല സഭയ്ക്കു കൂടുതൽ നാശം വരുത്തിവച്ചു. അതിനു കാരണം അതിൻെറ അരൂപിയുടെ സ്വഭാവമാണ്. പരസ്പരവിരുദ്ധ മെന്നു പ്രത്യക്ഷത്തിൽ തോന്നാവുന്ന തത്വങ്ങളാൽ രൂപവൽ കൃതമായ ഈ സഭയുടെ അരൂപിയെ തെററിദ്ധരിക്കുവാൻ വളരെ എളുപ്പമുണ്ട്. ഇപ്രകാരം ആശയങ്ങളിൽ കടന്നുകൂടുന്ന അബദ്ധധാരണകൾ എപ്പോഴും നാശഹേതുകമാണ്. എന്നാൽ കാലത്തിൻെറ പ്രാതികൂല്യങ്ങൾ ഇപ്രകാരം ഉണ്ടായിരുന്നിട്ടും, വി. അമ്മത്രേസ്യായുടേയും വി. യോഹന്നാൻക്രൂസിൻേറയും ഗ്രന്ഥങ്ങൾ ജനതാമദ്ധ്യത്തിൽ ഇനിയും മൃതപ്രായമായിട്ടില്ല. നവചൈതന്യത്തോടും ശക്തിയോടുംകൂടി അവ ഇന്നും അതി ജീവിക്കുന്നു. അമേരിക്കയിലും ഏഷ്യയിലുമുള്ള നമ്മുടെ പ്രേഷിതജോലി എന്നത്തേയുംപോലെ ഇന്നും തഴച്ചുവളരുന്നു. വി. അമ്മത്രേസ്യായുടേയും വി. യോഹന്നാൻക്രൂസിൻേറയും സന്താനങ്ങൾ കഴിഞ്ഞ നൂററാണ്ടിലെ അവസാനത്തെ ഇരുപ ത്തഞ്ചു വർഷങ്ങളിലായി ദൈവത്തിൻേറയും കർമ്മലയിലെ ഏററം അനുഗൃഹീതയായ അമ്മയുടേയും നാമത്തിൽ അനവധി ദൈവാലയങ്ങൾ പണികഴിപ്പിച്ചു.

കർമ്മലസഭയ്ക്കു സ്വതസിദ്ധമായ ധാരാളം കഠിന തപശ്ചര്യകളുണ്ടെങ്കിലും അതിലേക്കുള്ള ദൈവവിളി ഒട്ടും കുറവല്ല. ധീരമായ മനസ്സും തീക്ഷ്ണമായ ആഗ്രഹവുമുള്ള പരശ്ശതം യുവതീയുവാക്കന്മാർ കർമ്മലസഭയിലെ ഈ രണ്ടു മഹാത്മാക്കളെയും അനുകരിക്കുവാനാഗ്രഹിക്കുന്നു. പരിശുദ്ധമായ ഹൃദയത്തോടും തങ്ങളുടെ മാതൃകയും അടയാളവുമായ കുരിശു വഹിച്ചുകൊണ്ടും, ആരംഭിച്ചതിനെ തുടർന്നുകൊണ്ടുപോകുവാനും നവമായ പ്രവർത്തനരംഗങ്ങൾ തുറക്കുവാനും സാധിക്കുമെന്നു് അവർ പ്രതീക്ഷിക്കുന്നു. ഈ 'മുൻകരുതലുകളി'ലെ ഉപദേശങ്ങൾ അവർ നല്ലവണ്ണം ഹൃദിസ്ഥമാക്കി തദനുസരണം പ്രവർത്തിക്കുമെങ്കിൽ നിശ്ചയമായും അവർ അതു പ്രാപിക്കുകയും ചെയ്യും. കർമ്മലസഭാചൈതന്യം ബീജത്തിലെന്നവണ്ണം ഇതിൽ നാം കാണുന്നു. 'മുൻകരുതലു'കളിൽ അടങ്ങിയിരിക്കുന്നവയെല്ലാം നമുക്കു സ്വായത്തമാക്കാം. ഇപ്രകാരം നാം ചെയ്യുമെങ്കിൽ വി. യോഹന്നാൻക്രൂസിൻെറ സന്താനങ്ങളുടെ അരൂപിയിൽ സമാഹൃതമായിരിക്കുന്ന ശുഷ്കാന്തിയും പ്രാഭവവും സുസ്പഷ്ടം ബഹിർഗമിക്കും. പരിപൂർണ്ണമായ ഐക്യത്തിൽ, ദൈവമഹത്വത്തേയും സ്വന്തം പരിപൂർണ്ണതയേയും സംബന്ധിച്ചിടത്തോളം സുനിശ്ചിതഫലം അതു പ്രദാനം ചെയ്യാതിരിക്കയുമില്ല.

കർമ്മലനാഥയുടെ സഭക്കാരായ നിഷ്പാദുകസന്യാസികളും സന്യാസിനികളും മാത്രമല്ല, വി. യോഹന്നാൻക്രൂസിൻെറ മക്കൾ. നാം അദ്ദേഹത്തിൻെറ പ്രഥമ സന്താനങ്ങളാണു്. എന്നാൽ നാം മാത്രമല്ല അദ്ദേഹത്തിൻെറ മക്കൾ. കർമ്മലീത്താസഭയോടു് ഐക്യപ്പെട്ടിരിക്കുന്ന എല്ലാ സന്യാസസഭകളിലുമുള്ള മൂന്നാംസഭകളിലുൾപ്പെട്ടവരും കർമ്മലീത്താസഭാരൂപിക്കു് അനുസരണമായി ജീവിക്കുവാനാഗ്രഹിക്കുന്നവരുമായ നിരവധി ആളുകളും വിശുദ്ധൻെറ മക്കളുടെ ഗണത്തിലുൾപ്പെടുന്നു. അവരുടെ ജീവിതാവസ്ഥ ഏതുതന്നെ ആയാലും വിശിഷ്ടമായ ഈ മുൻകരുതലുകളിൽ അടങ്ങിയിരിക്കുന്ന പരിപൂർണ്ണത

ഇവക്കെല്ലാം ഒരുപോലെ സ്വീകാര്യമാണ്. ഏതു സാഹചര്യങ്ങളിൽ ജീവിക്കുന്നവരായാലും എല്ലാ സന്യാസികൾക്കും ഏററം സുകരവും പ്രായോഗികവുമാകുവാൻ പാടില്ലാത്ത ഒരു ഉപദേശംപോലും അതിലില്ല. ചുരുക്കത്തിൽ ഈ വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നവയെല്ലാം ഏതു സഭയിലും സമൂഹത്തിലും ഉൾപ്പെട്ടവരായാലും എല്ലാം സന്യാസികൾക്കും പററിയവയാണ്.

കൂടാതെ, സ്വന്തം ഭവനങ്ങളിൽ താമസിക്കുന്ന പലരും ഭക്തസംഘത്തിലെ – അഥവാ മൂന്നാം സഭയിലെ – അംഗങ്ങളെന്ന നിലയിലും കർമ്മലസഭയോടു് ഐക്യപ്പെട്ടിരിക്കുന്നു. സഭാരജിസ്റ്ററിൽ തങ്ങളുടെ പേർ രേഖപ്പെടുത്തിയതുകൊണ്ടു മാത്രം അവർ സംതൃപ്തരാകയില്ലെന്നതു വ്യക്തമാണ്. അവരും കർമ്മലസഭാചൈതന്യത്തിനൊത്തവണ്ണം ജീവിക്കുവാനാഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, പേരെഴുതിക്കുന്നതിലല്ല, പ്രത്യുത, അരൂപിക്കനുസരണം ജീവിക്കുന്നതിലത്രേ സാക്ഷാത്തായ ഐക്യം അടങ്ങിയിരിക്കുന്നതു്. അരൂപിക്കൊത്തവണ്ണം ജീവിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം, വി. യോഹന്നാൻക്രൂസിൻെറ വിവേകപൂർണ്ണമായ ഈ തത്വങ്ങൾക്കനുസൃതമായ ഒരു ജീവിതചര്യ രൂപവല്ക്കരിക്കുകയാണ്. സാമൂഹികജീവിതം നയിക്കുന്ന സന്യാസികൾക്കെന്നപോലെ അൽമായർക്കും അവ പററിയതാണ്. വളരെ ഉപകാരപ്രദങ്ങളായ പുസ്തകങ്ങളെപ്പോലെ തന്നെ നമ്മുടെ വി. പിതാവിൻെറ ഈ ചെറുകൃതിയും സാർവ്വത്രികമായി ഉപയോഗിക്കപ്പെടുന്നു.

നീതിയാലോ ഉപവിയാലോ നിർബന്ധിതരാകുമ്പോഴല്ലാതെ മററുള്ളവരുടെ കാര്യത്തിൽ ഇടപെടാതിരിക്കുക; അമിതമായ ധനമോഹത്തിൽനിന്നു നിവർത്തിക്കുക; ദുരുപയോഗത്താൽ നശിപ്പിക്കപ്പെടാതെ, ഹൃദയത്തിൻെറ തീക്ഷ്ണതയും ശക്തിയും പരിരക്ഷിക്കപ്പെടുവാൻവേണ്ടി നിശിതനിയമങ്ങളുടെ പരിധിക്കുള്ളിൽ ഹൃദയത്തെ നിബന്ധിക്കുക മുതലായവ, ഏതു സ്ഥിതിയിലും ഏതു സാഹചര്യങ്ങളിലും ഉള്ളവർക്കും

ഏററം പററിയതാണു്. തൻെറ ആദ്യത്തെ മുൻകരുതലുക ളിൽ വി. യോഹന്നാൻക്രൂസ് നമ്മെ ഉപദേശിക്കുന്നതും ഇതു തന്നെയാണു്.

അധികാരികളുടെ വ്യക്തിപരമായ ഗുണങ്ങളെ പരിഗ ണിക്കാതെ അനുസരണത്തെപ്രതി മാത്രം അവരുടെ കല്പന കഠംക്കു് കീഴ്വഴങ്ങുന്നതിനുള്ള സന്മനസ്ഥിതി, സന്യാസസഭ കളിൽ മാത്രമല്ല, ഭവനങ്ങളിലും മനുഷ്യസമുദായങ്ങളിൽ പൊതുവേയും സമാധാനവും പരിപൂർണ്ണ യോജിപ്പും പാലി ക്കുവാൻ അവശ്യാവശ്യകമായ ഒരു ഘടകമാണു്. കീഴ്വഴക്ക ത്തിൻെറ അരൂപിയിലല്ലാതെ യാതൊരു സ്ഥലത്തും, അവി ടെയുള്ള ആളുകളുടെ സാമുദായികനില ഏതുതന്നെയായാലും സമാധാനം പാലിക്കുക യാതൊരുവനും സാദ്ധ്യമല്ല. പരിപൂർണ്ണ കീഴ്വഴക്കം ഒരുവനേയും നികൃഷ്ടനാക്കിത്തീക്കുന്നില്ല; പ്രത്യുത, അവനെ മഹത്വപ്പെടുത്തുകയാണു ചെയ്യുന്നതു്. കാരണം, അപ്പോഠം അവൻ മററൊരുവൻെറ ചാപലൃങ്ങഠംക്കല്ല വിധേ യനാകുന്നതു്. മറിച്ചു്, ന്യായമായ അധികാരം വഹിക്കുന്ന വരെ അനുസരിക്കുവാൻ ആജ്ഞാപിക്കുന്ന അവൻെറ മനസ്സാ ക്ഷിക്കാണു് അവൻ വിധേയനാകുന്നതു്. എന്നാൽ ശരിയായി ഗ്രഹിക്കുകയും യഥാൎത്ഥമായി അഭ്യസിക്കുകയും ചെയ്തിട്ടുള്ള എളിമ കൂടാതെ, ഈ അനുസരണം സാദ്ധ്യമല്ല. ഇതാണു പിശാ ചനെതിരായ മുൻകരുതലുകളിൽ അടങ്ങിയിരിക്കുന്ന തത്വം.

കുടുംബജീവിതത്തേയും പരസ്പരസംസർഗ്ഗത്തേയും ദുഷ്കര മാക്കിത്തീക്കുന്നതു മനുഷ്യരുടെ സ്വഭാവവൈപരീത്യമാണു്. സമാധാനവിധ്വംസകനായ ഈ ശത്രുവിനെ ദുർബലനാക്കു വാൻ, അല്ല, നിശ്ശേഷം നശിപ്പിക്കുവാൻ നാം എന്തുചെയ്യണ മെന്നു വി. യോഹന്നാൻക്രൂസ് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ അപൂർണ്ണതകളിൽനിന്നു നമ്മെ മോചിക്കുവാൻവേണ്ടി സ്നേഹ പൂർണ്ണമായ ദൈവപരിപാലന നമുക്കു തന്നിരിക്കുന്ന അത്യു ത്തമമാൎഗ്ഗങ്ങളായി, അസ്വസ്ഥതാകാരണങ്ങളായ ഈ സ്വഭാവ

വ്യത്യാസങ്ങളെ പരിഗണിക്കണമെന്നു വിശുദ്ധൻ നമ്മോടാവശ്യപ്പെടുന്നു. ഈ മുൻകരുതലുകൾ കൃത്യമായി ആചരിക്കുന്ന ഭവനം നിശ്ചയമായും ഒരു സമാധാനനികേതനമായിരിക്കും. അതേ, ആ ഭവനം ഒരു ചെറിയ സ്വർഗ്ഗംതന്നെയായിരിക്കും. ഇപ്രകാരമുള്ള ചുരുക്കം ചില ഭവനങ്ങളുണ്ട്. ആത്മപരിത്യാഗത്താലും നിരന്തരസമർപ്പണത്താലും വിശുദ്ധീകരിക്കപ്പെട്ട സഭാംഗങ്ങൾ ധാരാളം ഉണ്ടായിരുന്നെങ്കിൽ! അപ്പോൾ സാമുദായികസമാധാനം സുസാധ്യവും താരതമ്യേന സുകരവുമായിത്തീരുമായിരുന്നു.

സന്തോഷത്തെ അവഗണിക്കുവാനും പീഡകളെ ഉല്ലംഘിച്ചുയരുവാനും അവസാനത്തെ മുൻകരുതൽ നമ്മെ ഉപദേശിക്കുന്നു. നമ്മുടെ വിശുദ്ധീകരണത്തെ സഹായിക്കുന്ന ഒരു വലിയ ശക്തി ദൈവപരിപാലന പീഡകൾക്കു പ്രദാനം ചെയ്തിരിക്കുന്നു. ഈ വസ്തുത പരിഗണിച്ചു പീഡകളെ നാം ആഗ്രഹിക്കണമെന്നുപോലും ഈ മുൻകരുതൽ അനുശാസിക്കുന്നു.

ഈ മുൻകരുതലുകൾ സന്യാസസഭകളിൽ ജീവിക്കുന്നവർക്കുമാത്രമല്ല, ഉൽക്കടവും അന്യൂനവുമായ സന്മാർഗ്ഗത്തെ സ്നേഹിക്കുന്ന ഏവനും പററിയതാണെന്നു് ഇവയെപ്പററി അല്പം ചിന്തിക്കുന്ന ഏവനും നിഷ്പ്രയാസം മനസ്സിലാകും. ചുരുക്കത്തിൽ ക്രിസ്തീയ പുണ്യങ്ങളുടെ ഹൃദയാവർജ്ജകമായ മനോഹാരിതം ആസ്വദിക്കുവാനറിയാവുന്ന ഏവർക്കും തികച്ചും അനുയോജ്യമാണു് ഈ മുൻകരുതലുകൾ.

# അദ്ധ്യായം 21.

## പുണ്യപൂർണ്ണതകൾ പ്രാപിക്കുവാൻ ഒരു സന്യാസിക്ക് ഉപയുക്തമായ നാല് ഉപാധികൾ.

i ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം.
ii ആശാനിഗ്രഹം.
iii സുകൃതാഭ്യാസം.
iv ബാഹ്യവും ആഭ്യന്തരവുമായ ഏകാന്തം.

ഒന്നാമത്തേ ഉപാധി:- വേറാരും ആശ്രമത്തിൽ ഇല്ലാതിരുന്നാലെന്നപോലെ വേണം ഒരു സന്യാസി അവിടെ ജീവിക്കുവാൻ. അതിനാൽ അവൻ സമൂഹത്തിലോ വ്യക്തികളെ സംബന്ധിച്ചോ ഉണ്ടാകുന്ന സംഭവങ്ങളിൽ ഇടപെടാതിരിക്കുകയും ഇതരന്മാരുടെ നന്മയോ തിന്മയോ ആയ സംഗതികളറിയുവാൻ ആഗ്രഹിക്കാതിരിക്കുകയും അവരുടെ ബാഹ്യ നടപടികളെ നിരീക്ഷിക്കാതിരിക്കുകയും വേണം. ഭൂമി പാതാളത്തിലാണ്ടുപോയാലും തന്റെ ആത്മസമാധാനം പാലിക്കുവാൻ വേണ്ടി അവൻ അവയെപ്പററി ആരായുകയോ അവയിൽ ഇടപെടുകയോ അരുത്. നാശത്തിലകപ്പെട്ടവരുടെ പരിതാപകരസ്ഥിതി കാണുവാൻ പിന്തിരിഞ്ഞുനോക്കുകയാൽ ഉപ്പുതൂണായിത്തീൎന്ന ലോത്തിന്റെ ഭാൎയ്യയുടെ അനുഭവം സദാ അവന്റെ സ്മൃതിപഥത്തിൽ ഉണ്ടായിരിക്കട്ടേ. വളരെ പാപങ്ങളിൽനിന്നും അപൂർണ്ണതകളിൽനിന്നും ഒരുവനെ വിമുക്തനാക്കുകയും പരിപൂർണ്ണമായ ആത്മസമാധാനം അവനു കൈവരുത്തുകയും ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പിൽ നന്മയിൽ വൎദ്ധിക്കുവാൻ കാരണമാകുകയും ചെയ്യുന്ന ഈ തത്വത്തെ ശുഷ്കാന്തിപൂർവ്വം അവൻ അനുസരിക്കേണ്ടതാകുന്നു. ഇതു നന്നായി മനസ്സിലാക്കുക; എന്തുകൊണ്ടെന്നാൽ, ഇത് അതിപ്രധാനമായ ഒന്നാണ്. ഇതിനനുസരണമായി ജീവി

ക്കാത്ത പല സന്യാസികളും അനേക സ്കൃതകൃത്യങ്ങൾ അനു ഷ്ഠിച്ചെങ്കിലും അവർ പരിപൂൎണ്ണതയിൽ എത്തിച്ചേൎന്നില്ലെന്നു മാത്രമല്ല, സുകൃതമാൎഗ്ഗത്തിൽനിന്നു് അധഃപതിച്ചു ക്രമേണ ഒന്നിനൊന്നു മോശമായിത്തീരുകയും ചെയ്തിട്ടുണ്ടു്.

ii ആശാനിഗ്രഹം:- ഈ ഉപാധിയെ ഫലപ്രദമാക്കു വാൻ ആഗ്രഹിക്കുന്നവൻ, ആശ്രമത്തിൽ വന്നതു സംസ്കരിക്ക പ്പെടുവാനും സുകൃതങ്ങളിൽ അഭ്യസിപ്പിക്കപ്പെടുവാനുമാ ണെന്നും കെട്ടിടംപണിക്കു് ഉപയോഗിക്കുന്നതിനുമുൻപു് ചെത്തി മിനുസമാക്കപ്പെടുന്ന ഒരു കല്ലുപോലെയാണു താനെ ന്നും ഉള്ള സത്യം നല്ലപോലെ മനസ്സിലാക്കുന്നതു പ്രയോജന കരമാണു്. അതിനാൽ ആശ്രമത്തിലുള്ളവരെല്ലാവരും അവനെ മിനുസപ്പെടുത്തുവാനും ആശാനിഗ്രഹം അഭ്യസിപ്പിക്കുവാനും ദൈവത്താൽ നിയുക്തരായ ഉദ്യോഗസ്ഥന്മാരാണെന്നു് അവൻ അറിഞ്ഞിരിക്കണം. ചിലർ അവനു കേൾക്കുവാനിഷ്ട മില്ലാത്തവ സംസാരിച്ചുകൊണ്ടും, മറ്റു ചിലർ അവനു് അനിഷ്ടഹേതുകമായവ പ്രവൎത്തിച്ചുകൊണ്ടും, വേറെ ചിലർ വേണ്ടത്ര സംസ്കാരവും സൗമ്യതയും ഇല്ലാത്ത പ്രവൎത്തനരീതി കൊണ്ടും, ഇനിയുമൊരുക്കൂട്ടർ, അവനെ സ്നേഹിക്കുകയും മതിക്കുകയും ചെയ്യുന്നില്ലെന്നു വിചാരിക്കുവാൻ ഇടകൊടുത്തു കൊണ്ടും, അവനു് ആശാനിഗ്രഹത്തിനു ഹേതുക്കളായിത്തീ രുന്നു. ഈ നിഗ്രഹങ്ങളും പ്രയാസങ്ങളുമെല്ലാം, താൻ മിനുസ മാക്കപ്പെട്ടു് സ്വൎഗ്ഗത്തിനു യോഗ്യനായിത്തീരുവാൻ വേണ്ടി യാണെന്നു വിചാരിച്ചുകൊണ്ടു് ആന്തരികസമാധാനത്തോടും ദൈവസ്നേഹത്തെപ്രതി മൗനമായും സഹിക്കണം. ഇതിനു വേണ്ടിയല്ലാതെ, ആശ്രമപ്രവേശനത്തിനു വേറെ കാൎയ്യ മൊന്നും ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ ജഡികസന്തോഷ ങ്ങളും ബഹുമാനവും സ്വാതന്ത്ര്യവും അന്വേഷിച്ചുകൊണ്ടു ലോകത്തിൽ ജീവിക്കുകയായിരുന്നു അവനു കൂടുതൽ നല്ലതു്.

തന്റെ കടമകൾ നിൎവ്വഹിക്കുവാനും, യഥാൎത്ഥമായ എളിമ അഭ്യസിക്കുവാനും ആന്തരികസമാധാനം പ്രാപിച്ചു് പരിശുദ്ധാത്മാവിന്റെ ആശ്വാസത്തിനർഹനാകുവാനും ഒരു സന്യാസി ആഗ്രഹിക്കുന്നുവെങ്കിൽ, ഈ രണ്ടാമത്തെ ഉപാധി അപരിത്യാജ്യമാണു്. ഈ തത്വം അവൻ അനുസരിക്കുന്നില്ലെ ങ്കിൽ ഒരു സന്യാസി ആയിരിക്കുന്നതെങ്ങനെയെന്നും,

ആശ്രമത്തിൽ വന്നതെന്തിനെന്നും അവൻ അറിയുകയില്ല. തന്നെത്തന്നെ ആരായുന്നതിനല്ലാതെ ക്രിസ്തുവിനെ അന്വേഷി ക്കുവാൻ അവൻ അപ്രാപ്തനായിരിക്കും. അവന്ന് ആത്മസമാ ധാനം ഉണ്ടാകയില്ല. ഹൃദയത്തെ അസ്വസ്ഥമാക്കുന്ന നിര വധി പാപങ്ങളിൽനിന്ന് അവൻ ഒഴിയുകയുമില്ല. ആശാനി ഗ്രഹത്തിനുള്ള അവസരങ്ങൾ ആശ്രമത്തിൽ അപൂർവ്വമല്ല; സ്വർണ്ണം ഉലയിലെന്നപോലെ പരിശോധിക്കപ്പെടുവാനും ശുദ്ധീകരിക്കപ്പെടുവാനുമായി ദൈവം ആത്മാക്കളെ ആശ്രമ ത്തിൽ കൊണ്ടുവരുന്നതിനാൽ ഈദൃശാവസരങ്ങൾ ഉണ്ടാകാ തിരിക്കുവാൻ അവിടുന്ന് അനുവദിക്കുന്നില്ല. അതിനാൽ മനുഷ്യരിൽനിന്നും പിശാചങ്ങളിൽനിന്നും, പീഡകളിൽ നിന്നും, വേദനകളിൽനിന്നും, വിഷമങ്ങളും പരീക്ഷണങ്ങളും ഉണ്ടാകുന്നതു നമുക്കു നല്ലതാകുന്നു.

ക്രിസ്തുവിൻെറ കുരിശിനെ ക്ഷമാപൂർവ്വം വഹിക്കായ്ക നിമിത്തം ദൈവകോപത്തിനു പാത്രമാകാതെ അവിടുത്തെ അംഗീകാരവും അനുഗ്രഹവും ലഭിക്കത്തക്കവണ്ണം ഈവിധ കുരിശുകൾ ക്ഷമയോടെ ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി ക്കൊണ്ടു വഹിക്കുവാൻ ഒരു സന്യാസി ശ്രമിക്കണം. തങ്ങൾ ആശ്രമത്തിൽ വന്നിരിക്കുന്നത് ഇതിനുവേണ്ടിയാണെന്നറിയാ യ്കയാൽ പല സന്യാസികളും തങ്ങൾക്കു നേരിടുന്ന ബുദ്ധി മുട്ടുകളെ നല്ലമനസ്സോടെ സഹിക്കുന്നില്ല. എന്നാൽ കണ ക്കുകളെല്ലാം പരിശോധിക്കുന്ന അന്ത്യദിവസത്തിൽ ഈ കൂട്ടർ ഏററം ലജ്ജിതരായിത്തീരും.

iii സുകൃതാഭ്യസനം:– ലോകത്തിനുവേണ്ടിയല്ല, ദൈവ ത്തിനുവേണ്ടിമാത്രം ഒരുവൻെറ ജീവിതാന്തസ്സിൻെറ കടമ കളും കീഴ്‌വഴക്കത്തെപ്രതിയുള്ള പ്രവൃത്തികളും സ്ഥിരത യോടെ അവൻ നിറവേററണം. അവയുടെ നിർവ്വഹണത്തിൽ വഞ്ചിതനാകാതെ, സന്തുഷ്ടിയോ അസന്തുഷ്ടിയോ പരിഗണി ക്കാതെ ദൈവത്തെപ്രതിമാത്രം അവയെ അവൻ നിറവേ ററണം. ഇപ്രകാരം ദൈവസേവനം എന്ന ഏക ലാക്കോടു കൂടിയേ തൻെറ സകല പ്രവൃത്തികളും അവൻ ചെയ്യാവൂ.

ഇവ്വിധം സ്ഥിരതയോടും ധൈര്യത്തോടുംകൂടി പ്രവ ർത്തിച്ച്, പുണ്യം സമ്പാദിക്കുവാൻ എളുപ്പമുള്ളവയെക്കാൾ

പ്രയാസമേറിയവയും, ലഘുവായവയെ അപേക്ഷിച്ച കഠിനമായവയും, സന്തോഷപ്രദവും ആനന്ദകരവുമായവയെക്കാാം ക്ലേശകരവും അപകടപൂണ്ണവുമായവയും ആശ്ലേഷിക്കുവാൻ അവൻ എപ്പോഴും താല്പര്യമുള്ളവനായിരിക്കണം. ഭാരം കുറവായതുകൊണ്ട നിസ്സാരമായ കുരിശുകളെ തിരഞ്ഞെടുക്കുകയുമരുതു്. ദൈവത്തെപ്രതി വഹിക്കുകയാണെങ്കിൽ കുരിശെത്ര ഭാരമുള്ളതായിരിക്കുമോ അത്രയും ലഘുവായി അതു നമുക്കനുഭവപ്പെടും. തൻകാര്യം നോക്കാതെ തൻെറ സഹോദരങ്ങൾ എളുപ്പമുള്ള ജോലികളിൽ നിയമിതരാകുവാനും അവൻ പരിശ്രമിക്കട്ടെ. അവൻ എപ്പോഴും ഏററം താഴ്ന്ന പദവിയിൽ സ്വയം പ്രതിഷ്ഠിക്കണം. ഇതു പൂണ്ണമനസ്സോടുകൂടെ ചെയ്യുകയും വേണം. എന്തുകൊണ്ടെന്നാൽ, 'തന്നെത്താൻ താഴ്ത്തുന്നവൻ ഉയത്തപ്പെടും' എന്നു ദിവ്യരക്ഷകൻ തൻെറ സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നതുപോലെ ആത്മീയമായി വലിയവനാകുവാനുള്ള വഴി ഇതാണു്.

### iv ബാഹ്യവും ആഭ്യന്തരവുമായ ഏകാന്തം:-


ലോകവസ്തുക്കൾ ഇല്ലാതിരുന്നാലെന്നപോലെ മാത്രം അവയെപ്പററി പരിചിന്തിക്കുന്നതു് ഏകാന്തം പാലിക്കുവാൻ നല്ലതാണു്. എപ്പോഴെങ്കിലും അവയുമായി ഇടപെടേണ്ടതു് അനപേക്ഷണീയമായിത്തീരുന്നെങ്കിൽ നിഷ്പക്ഷത പാലിക്കുവാൻ ശ്രമിക്കുക.

ലൗകികവസ്തുക്കളിൽനിന്നു ദൈവം അവനെ വിമുക്തനാക്കിയിരിക്കുന്നതിനാൽ ലോകത്തിലുള്ള ബാഹ്യവസ്തുക്കളുമായി അവനു യാതൊരിടപാടും ഉണ്ടാകരുതു്. മൂന്നാമതൊരാൾവഴി നിവ്വഹിക്കുവാൻ പാടുള്ളവയൊന്നും അവൻ താനേ ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ, മററുള്ളവരെ കാണുവാനും അവരാൽ കാണപ്പെടുവാനും ആഗ്രഹിക്കാതിരിക്കുന്നതു് അവനു് ഏററം നല്ലതാണു്. വൃഥാ പറഞ്ഞ ഒരു വാക്കിനുപോലും അവസാനവിധിദിവസം ഒരു സാധാരണ ക്രിസ്ത്യാനിയോടു ദൈവം സൂക്ഷ്മമായ കണക്കു ചോദിക്കുമെങ്കിൽ തൻെറ ജീവിതവും പ്രവൃത്തികളും ദൈവത്തിനു പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു സന്യാസിയോടു് അതിലും എത്ര നിഷ്കൃഷ്ടമായ കണക്കാവശ്യപ്പെടുമെന്നു് അവൻ സദാ ചിന്തിക്കണം.

ഉദ്യോഗസംബന്ധമായ കടമകളും അധികാരിയാൽ നിർദ്ദിഷ്ടമായ ഇതരജോലികളും അവഗണിക്കണമെന്നു് ഇതിൽ നിന്നും മനസ്സിലാക്കേണ്ടതില്ല. പ്രത്യുത, ഏററം ശുഷ്കാന്തി യോടും സൂക്ഷ്മതയോടുംകൂടി അവയെ അവൻ നിറവേററട്ടെ. എന്നാൽ അവയുടെ നിർവ്വഹണത്തിൽ യാതൊരു തെററിനും അധീനനാകാതിരിക്കത്തക്കവണ്ണം അവ ചെയ്യണമെന്നത്രെ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. ഇതാണു ദൈവവും അധി കാരിയും അവനിൽനിന്നാവശ്യപ്പെടുന്നതു്. ഇതു സാധിക്കു വാൻ ബാഹ്യജോലികൾക്കിടയിലും സദാ പ്രാർത്ഥനാനിരത നായിരിക്കണം. അവൻ ഭക്ഷിക്കുകയോ കുടിക്കുകയോ സംസാ രിക്കുകയോ ലൗകികരുമായി ഇടപെടുകയോ മറെറന്തെങ്കി പ്രവർത്തിക്കുകയോ ചെയ്യുമ്പോഴും തൻെറ ഹൃദയത്തെ ഏ ത്തിൽ വിശ്രമിപ്പിച്ചുകൊണ്ടു ദൈവത്തെ എപ്പോഴും ആ ഹിക്കട്ടെ. ദൈവത്തെയോ ദൈവത്തെ സംബന്ധിക്കുന്ന യെയോ മാത്രം കുറിച്ചു ചിന്തിക്കുവാനും ഈ നിർഭാഗ്യജ തത്തെ സംബന്ധിക്കുന്നവയും അതിൽ സംഭവിക്കുന്നവ വിസ്മരിക്കുവാനും ആവശ്യപ്പെടുന്ന ആന്തരിക ഏകാന്തത ഇതെത്രയും ആവശ്യകമാണു്. കൂടുതൽ നന്നായി ദൈവത്തെ ശുശ്രൂഷിക്കുവാനും സഭാനിയമങ്ങൾ കൂടുതൽ വിശ്വസ്ത യോടെ അനുഷ്ഠിക്കുവാനും അല്ലാതെ മററു യാതൊന്നും അറി യുവാൻ അവൻ ആഗ്രഹിക്കാതിരിക്കട്ടെ.

വിശ്വസ്തതാപൂർവ്വം ഈ ഉപാധികൾ ഉപയോഗപ്പെടുത്തു മെങ്കിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ നീ പരിപൂർണ്ണനാകും. ഈ ഉപാധികൾ പരസ്പരബന്ധമുള്ളവയാണു്. ഇവയിൽ ഏതെങ്കിലും ഒന്നിനെ അവഗണിച്ചിട്ടു മററുള്ളവ മൂന്നും സൂക്ഷ്മ മായി പാലിച്ചാലും നീ സമ്പാദിച്ചവയെല്ലാം നിനക്കു നിശ്ശേഷം നഷ്ടമാകും.

15623


ആശ്രമപുഷ്പം